

മാർ ഗ്രിഗോറിയോസിന്റെ മതവും മാർക്സിസവും





പി ഗോവിന്ദപ്പിള്ള

PG
261.5

M. J. Rayamma

മാർ ഗ്രിഗോറിയോസിന്റെ മതവും മാർക്സിസവും

mar grigoriosinte mathavum marxisavum • p govinda pillai • first edition november 2006 • published by chintha publishers, thiruvananthapuram • distributed by deshabhimani book house • type setting by ragam graphics, pothencode • printed at akshara offset, thiruvananthapuram.

cover : vasudeva bhattathiri *price : rupees hundred and thirty only*

വിതരണം : **ദേശാഭിമാനി ബുക്ക് ഹൗസ്**
H O തിരുവനന്തപുരം-695 001
ബ്രാഞ്ചുകൾ : തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം
എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ

CO-970/1674

മാർ ഗ്രിഗോറിയോസിന്റെ മതവും മാർക്സിസവും

7600

പി ഗോവിന്ദപ്പിള്ള



ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം-695 001
വില : 130.00 രൂപ

261.5

ഗ്രന്ഥകർത്താവിനെപ്പറ്റി

വെരുമ്പാവൂരിനടുത്തുള്ള പുല്ലുവഴിയിൽ 1926 മാർച്ച് 25 ന് ജനിച്ചു. വിദ്യാർഥി പ്രസ്ഥാനത്തിലും കേരള കർഷകസംഘത്തിലും പ്രവർത്തിച്ചു. 1951ൽ തിരു-കൊച്ചി നിയമസഭയിലും പിന്നീട് കേരള നിയമസഭയിലും അംഗമായിരുന്നു. ക്വിറ്റ് ഇന്ത്യാ സമരത്തിലും മറ്റും പങ്കെടുത്ത് പലതവണ ജയിൽവാസം അനുഭവിച്ചു.

1964 മുതൽ 1982 വരെ *ദേശാഭിമാനി*യുടെ മുഖ്യപത്രാധിപർ.

പ്രസിദ്ധീകരിക്കപ്പെട്ട കൃതികൾ: *ഇസങ്ങൾക്കിപ്പുറം, വിപ്ലവ പ്രതിഭ, കേരളം ഇന്ത്യയിലെ അധഃകൃത സംസ്ഥാനം, സാഹിത്യവും രാഷ്ട്രീയവും, മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം: ഉദ്ഭവവും വളർച്ചയും, വിപ്ലവങ്ങളുടെ ചരിത്രം, സാഹിത്യം: അധോഗതിയും പുരോഗതിയും, പുന്താനം മുതൽ സൈമൺ വരെ, ചരിത്രശാസ്ത്രം പുതിയ മാനങ്ങൾ, ഭഗവദ്ഗീത-ബൈബിൾ-മാർക്സിസം, മഹാഭാരതം മുതൽ മാർക്സിസം വരെ, കേരള നവോത്ഥാനം: ഒരു മാർക്സിസ്റ്റ് വീക്ഷണം, സ്വാതന്ത്ര്യത്തിന്റെ സാർവദേശീയത, ആഗോളവൽക്കരണം സംസ്കാരം മാധ്യമം, കേരള നവോത്ഥാനം: മതാചാര്യർ മതനിഷേധികൾ, ഫ്രെഡറിക് എംഗൽസ്: സ്നിഗ്ധനായ സഹകാരി വരിഷ്ഠനായ വിപ്ലവകാരി, ഇ എം എസും മലയാള സാഹിത്യവും. കാട്ടുകടന്നൽ* (തർജുമ), *ഭൂതകാലവും മുൻവിധികളും* (തർജുമ), *ഇന്ത്യാചരിത്ര വ്യാഖ്യാനം മാർക്സിസ്റ്റ് വീക്ഷണത്തിൽ* (തർജുമ), *ആര്യ ദ്രാവിഡ വിവാദവും മതനിരപേക്ഷതയും* (തർജുമ).

ഭാര്യ: എം ജെ രാജമ്മ

മക്കൾ: എം ജി രാധാകൃഷ്ണൻ, ആർ പാർവതി ദേവി

മേൽവിലാസം : മുളയ്ക്കൽ, 9-സുഭാഷ്നഗർ,
തിരുവനന്തപുരം-695 008.

സമർപ്പണം

ആലപ്പുഴയ്ക്കടുത്ത് പുന്നപ്രയിൽ
"ജനജാഗ്രതി" എന്ന സ്ഥാപനത്തിന്റെ
നായകനും *ഓറ* മാസികയുടെ പത്രാധിപരും
കറുത്ത കുർബാന തുടങ്ങിയ ഹൃദയസ്പൃക്കും
ചിന്തോദ്ദീപകവുമായ പല കൃതികളുടെ കർത്താവും
മാർ ഗ്രിഗോറിയോസ് തെളിച്ച വഴിയിലൂടെ നടന്നുനീങ്ങുന്ന
കർമ്മകുശലനായ യുവ പുരോഹിതനുമായ
എന്റെ സുഹൃത്ത്

റവറന്റ് ഫാദർ
അലോഷ്യസ് ഫെർണാന്റസിന്

സ്നേഹപൂർവം

ആമുഖം

അത്യുന്നതാത്മീയാചാര്യന് ഒരവിശ്വാസിയുടെ പ്രണാമം

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ദേശീയതലം മറികടന്ന് സാർവദേശീയ തലത്തിൽ പ്രശസ്തിയാർജിച്ച കൈവിരലിലെണ്ണാവുന്ന മലയാളികളിൽ സർദാർ കെ എം പണിക്കർ, വി കെ കൃഷ്ണമേനോൻ സ്വാമി രംഗനാഥാനന്ദ, ഇ എം എസ് നമ്പൂതിരിപ്പാട്, കൃഷ്ണ ചൈതന്യ എന്നിവർ പെടുന്നു. ഈ പട്ടികയിൽ സധൈര്യം ചേർക്കാവുന്ന പേരാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ദില്ലി മെത്രാപ്പോലിത്തയായിരുന്ന ഡോ. പൗലോസ് മാർ ഗ്രിഗോറിയോസിന്റേത് (1922–96). ഈ പട്ടികയിൽ ചേർക്കാവുന്നതാണ് മാർഗ്രിഗോറിയോസിന്റേത് എന്നുമാത്രം പറഞ്ഞു നിറുത്തിയാൽ അതൊരു ന്യൂനോക്തിയായിപ്പോകും. സാമൂഹ്യ പ്രതിബദ്ധതയും പാണ്ഡിത്യഗരിമയും ദേശസ്നേഹവും മാനവികതയും ഉൾപ്പെടെ പല കാര്യങ്ങളിലും അവരുടെ നിലപാടുതറ ഗ്രിഗോറിയോസ് പങ്കിട്ടപ്പോൾതന്നെ പല കാര്യങ്ങളിലും വ്യത്യസ്തനും ആയിരുന്നു.

ഇവരിൽ ആരൊക്കെ ചില കാര്യങ്ങളിൽ മേലെ, ചില കാര്യങ്ങളിൽ കീഴെ ഏതൊക്കെ കാര്യങ്ങളിൽ സമന്മാർ എങ്കിൽ വ്യത്യസ്തർ എന്നീ വക പ്രശ്നങ്ങൾ പരിശോധിക്കുക വിജ്ഞാനപ്രദമായ ഒരു ബൗദ്ധികാഭ്യാസമാണെങ്കിലും അതിനിവിടെ മുതിരുന്നില്ല. All comparisions are odious (എല്ലാ താരതമ്യങ്ങളും അസുഖകരമാണ്) എന്ന പഴമൊഴിയും നമ്മെ ആ ശ്രമത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നു. മാർ ഗ്രിഗോറിയോസിന്റെ സാഹസികമായ ജീവിതപഥങ്ങളും അനുപമമായ ബൗദ്ധിക പരിണാമങ്ങളും മാനവികാദർശത്തിൽ അധിഷ്ഠിതമായ മതചിന്തയും അതുല്യമായി ഇഴചേർന്ന് വർത്തിക്കുന്ന സ്വാതന്ത്ര്യബോധവും അധഃസ്ഥിത പ്രതിബദ്ധതയും വിമർശനാത്മകമായി വിവരിക്കാൻ ശ്രമിക്കുന്ന ഈ എളിയ പുസ്തകം വായനക്കാരെ ആ ശ്രമത്തിൽ സഹായിക്കും എന്നാണ് പ്രതീക്ഷ.

പക്ഷെ അങ്ങനെയൊരു പ്രതീക്ഷ പുലർത്തുമ്പോഴും ഈ പുസ്തകത്തിന്റെ ഗുരുതരമായ പരിമിതികളെ സംബന്ധിച്ച് ഞാൻ ബോധവാനാണ്, അസ്വസ്ഥനുമാണ്. രണ്ടുവർഷത്തെ കാരാഗൃഹവാസം കഴിഞ്ഞ് 1967 ൽ എറണാകുളത്ത് *ദേശാഭിമാനി*യുടെ മുഖ്യപത്രാധിപക്കസേരയിൽ വീണ്ടും ഉപവിഷ്ഠനായി കർത്തവ്യങ്ങൾ നിർവഹിച്ചുതുടങ്ങിയ ഘട്ടത്തിലാണ് കിഴക്ക് സൂര്യന്റെ സ്വർണപ്രഭ മാഞ്ഞുതുടങ്ങിയ ഒരു സുപ്രഭാതത്തിൽ പിൽക്കാലത്ത് ദില്ലി ഭദ്രാസന തലവനായ റവറന്റ് ഫാദർ പോൾ വറുഗീസ് പടിഞ്ഞാറു നിന്നൊരു സൂര്യോദയം പോലെ തെളിഞ്ഞ പുഞ്ചിരിയുമായി ചുറുചുറുക്കോടെ നടന്ന് അൽപ്പം അമ്പരന്നിരുന്ന എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത്. കൊച്ചി വെല്ലിംഗ്ടൺ ദ്വീപിലെ മലബാർ ഹോ

ട്ടലിൽ വച്ച് അദ്ദേഹം നടത്തുന്ന വിപുലമായ ഒരു ആശയവിനിമയ-സംവാദ സമ്മേളനത്തിലേക്ക് എന്നെ ക്ഷണിക്കാനാണ് ഫാദർ വറുഗീസ് എത്തിയത്. എങ്കിലും അതേക്കുറിച്ചുള്ള സംഭാഷണം രണ്ടുമണിക്കൂറോളം നീണ്ടു. എന്തെല്ലാം വിഷയങ്ങൾ, എന്തെല്ലാം ഉൾക്കാഴ്ചകൾ എന്തെല്ലാം പുസ്തകങ്ങൾ ഈ രണ്ടു മണിക്കൂറിനകത്ത് ഉയർന്നും താണും പ്രവഹിച്ചു എന്നു വിവരിക്കാൻ തുടങ്ങിയാൽ അത് ഈ യുവ പുരോഹിതനെക്കുറിച്ചുള്ള ഒരു പ്രബന്ധമായി വളരും.

1996 നവംബർ 24 ന് ദിവംഗതനായ തിരുമേനിക്ക് പിറ്റേന്ന് കോട്ടയം ചുങ്കത്തുള്ള പഴയ സെമിനാരിയിൽ അന്ത്യപ്രണാമമർപ്പിക്കുന്നതുവരെയുള്ള മൂന്നു പതിറ്റാണ്ടുകൾക്കിടയിൽ ഞങ്ങൾ തമ്മിൽ എത്രയെത്ര സന്ദർശനങ്ങൾ, വിവാദങ്ങൾ, കൂടിതാമസങ്ങൾ, സഹയാത്രകൾ! ലോകത്തിലെ അത്യുന്നത വിദ്യാപീഠങ്ങളിലും വിശ്വപ്രശസ്ത ചിന്തകനും രാഷ്ട്രീയ നേതാക്കളും മതാധ്യക്ഷന്മാരുമായി ഇടപഴകിവന്ന ആ മഹാപുരുഷൻ എളിയവനായ എന്നോടു പ്രകടിപ്പിച്ച വാത്സല്യപ്രകർഷവും സമഭാവനയും എന്നെ വിസ്മയിപ്പിച്ചിട്ടുണ്ട്. എന്റെ വീട്ടിൽ പലതവണ വരികയും ഒരു തത്വശാസ്ത്രാധ്യാപികയായ എന്റെ പത്നി രാജമ്മയുമായി സംവാദം നടത്തുകയും ചെയ്യാറുണ്ട്. അവരുടെ ക്ഷണപ്രകാരം വിദ്യാർഥികൾക്കുവേണ്ടി യൂണിവേഴ്സിറ്റി കോളേജിൽ പ്രാചീന ഭാരതീയ ദർശനങ്ങളെയും ആധുനിക പാശ്ചാത്യ ദർശനങ്ങളെയും താരതമ്യപ്പെടുത്തി പ്രഭാഷണപരമ്പര നടത്താനും ഈ വിശ്വമാനവൻ കരുണ കാട്ടി. ഹാർവാർഡിലും ഓക്സ്ഫോർഡിലും പാരീസിലും ഫ്രാങ്ക്ഫുർട്ടിലും മോസ്കോയിലും അധ്യാപകാധ്യേതാക്കൾ ആദരപൂർവം കേട്ടിരിക്കുന്ന പ്രഭാഷണങ്ങളുടെ വെളിച്ചവും തെളിച്ചവും രുചി യൂണിവേഴ്സിറ്റി കോളേജിലെ ചെറിയ വിദ്യാർഥി സമൂഹത്തിനും അഭിഗമ്യമായി. അത് അ മഹാവ്യക്തിത്വത്തിന്റെ മറ്റൊരു വശം.

മാർ ഗ്രിഗോറിയോസിന്റെ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള മിക്ക പുസ്തകങ്ങളും വായിച്ചുപഠിക്കാനും അതിലൂടെ ഉയർന്നുവന്ന സംശയങ്ങൾക്ക് ഗുരുമുഖത്തുനിന്നുതന്നെ നിവാരണം തേടാനും എനിക്കു കഴിഞ്ഞിട്ടുണ്ടെങ്കിലും *രഘുവംശത്തിൽ* മഹാകവി കാളിദാസൻ പറയുന്നതുപോലെ ആ വിജ്ഞാനസാഗരത്തെ ഒരു കൊതുമ്പുവള്ളം കൊണ്ട് തുഴഞ്ഞുകടക്കാമെന്ന എന്റെ അഹന്ത അസ്ഥാനത്തായി എന്ന് ഈ പുസ്തകം പൂർത്തിയായപ്പോൾ ബോധ്യമായി. എനിക്കറിയാവുന്നവ തന്നെ മുഴുവൻ ഇതിൽ ചേർക്കാൻ കഴിഞ്ഞില്ല. അറിയാനുള്ളവയാകട്ടെ അതിലെത്രയോ അധികം! ഈ പുസ്തകം വായനക്കാർ സ്വാഗതം ചെയ്യുകയാണെങ്കിൽ മറ്റു വിഷയങ്ങൾ അടുത്ത കൃതികളിലോ ഇതിന്റെ തന്നെ മറ്റു പതിപ്പുകളിലോ പ്രതിപാദിക്കാമെന്ന് ആശിക്കുക മാത്രമേ ചെയ്യാനുള്ളൂ. ഗ്രിഗോറിയോസ് തിരുമേനി ദിവംഗതനായതിന്റെ ദശവാർഷിക വേളയിൽ അദ്ദേഹത്തിൽനിന്ന് വളരെയേറെ പഠിക്കാൻ കഴിഞ്ഞിട്ടുള്ള അവിശ്വാസിയായ ഒരു ശിഷ്യന്റെ പ്രണാമമായി മാത്രം ഈ കൃതിയെ കരുതിയാൽ മതി. തെറ്റുകളും കുറ്റങ്ങളും ചൂണ്ടിക്കാട്ടിത്തരുന്ന വായനക്കാർക്ക് മുൻകൂറായി കൃതജ്ഞത രേഖപ്പെടുത്തുന്നു.

എ കെ ജി പഠന ഗവേഷണ കേന്ദ്രം — **പി ഗോവിന്ദപ്പിള്ള**
2006 നവംബർ 24

ഉള്ളടക്കം

ഭാഗം ഒന്ന്
ട്രേഡ് യൂണിയനിസത്തിൽ നിന്ന് പൗരോഹിത്യത്തിലേക്ക്

അധ്യായം 1
യാതനകൾക്കിടയിലും ആദർശസൗരഭം 13

അധ്യായം 2
എത്യോപ്യൻ ജാലകം അകത്തേക്കും പുറത്തേക്കും 22

അധ്യായം 3
വീണ്ടും എത്യോപ്യ: പഠനവും പൗരോഹിത്യവും 30

അധ്യായം 4
നിരണംപടയും പരുമല വികാരിയും 38

അധ്യായം 5
നിരണം വികാരി വിശ്വവിശാലതയിലേക്ക് 42

അധ്യായം 6
ദില്ലി മെത്രാപ്പോലീത്തയും അടിയന്തരാവസ്ഥയും 51

അധ്യായം 7
ചുവപ്പ് മെത്രാൻ 59

ഭാഗം രണ്ട്
പീഡിതരുടെ മതവും പീഡകരുടെ മതവും

അധ്യായം 8
കേരളത്തിലെ ഗ്രിഗോറിയോസും നിസ്സയിലെ ഗ്രിഗറിയും 75

അധ്യായം 9
പിതൃവിജ്ഞാനീയവും നിസ്സയിലെ ഗ്രിഗറിയും 78

അധ്യായം 10
ജ്ഞാനവാദവും അരിയൻ കലാപവും 82

അധ്യായം 11
വിശുദ്ധ ദമാസൂസിന്റെ അവിശുദ്ധദൗത്യം 87

അധ്യായം 12
മതപരിവർത്തനം കോൺസ്റ്റന്റൈനോ ക്രിസ്തീയ സഭക്കോ? 91

അധ്യായം 13
പരിവർത്തനം കൂടുതൽ ക്രിസ്തുസഭയ്ക്കുതന്നെ 96

അധ്യായം 14
ദമാസൂസ് പ്രഭൃതികളുടെ ക്രിസ്തുമതം 102

അധ്യായം 15
ആദിമക്രിസ്തുമതത്തിന് അന്ത്യം കുറിച്ച ത്രിമൂർത്തികൾ 110

അധ്യായം 16
വിശുദ്ധ അഗസ്റ്റിന്റെ അവിശുദ്ധ യുദ്ധങ്ങൾ 115

അധ്യായം 17
അഗസ്റ്റിനെതിരെ പെലാഗിയുസ് മുതൽ ജാൻസൺവരെ 120

ഭാഗം മൂന്ന്
ഗ്രിഗോറിയൻ മതവിജ്ഞാനീയം

അധ്യായം 18
ഒരു ഭാരതീയ ക്രിസ്ത്യൻ ദൈവശാസ്ത്രത്തിലേക്ക് 125
അധ്യായം 19
അഗസ്റ്റീനിയൻ പടഞ്ഞാറും ഗ്രിഗോറിയൻ കിഴക്കും 129
അധ്യായം 20
ഗ്രിഗറിയുടെ കരുത്തും പരിമിതിയും ഗ്രിഗോറിയോസിലും 139
അധ്യായം 21
ബ്രഹ്മസങ്കൽപ്പവും ദൈവസങ്കൽപ്പവും 143
അധ്യായം 22
ദൈവം മനുഷ്യനാകുമോ? 150


ഭാഗം നാല്
ശാസ്ത്രം മാർക്സിസം

അധ്യായം 23
ശാസ്ത്രദർശനത്തിലെ പ്രതിസന്ധി 161
അധ്യായം 24
മാർക്സിസ്റ്റ് സിദ്ധാന്തം 171
അധ്യായം 25
മാർക്സിസ്റ്റ് പ്രയോഗം 184

ഭാഗം അഞ്ച്
മതനിരപേക്ഷത സംവാദം

അധ്യായം 26
'വിശ്വനാഗരികതയാണ് അഭികാമ്യം' മാർ ഗ്രിഗോറിയോസിന്റെ
വിവാദപ്രബന്ധം 195
അധ്യായം 27
വിയോജിപ്പിന്റെ മേഖലകൾ-പി ഗോവിന്ദപ്പിള്ള 207
അധ്യായം 28
മാർക്സിസം മതനിരപേക്ഷത മതം ചില പുതു
പരാമർശങ്ങൾ-*മാർ ഗ്രിഗോറിയോസിന്റെ മറുപടി* 228
അധ്യായം 29
മതം യുക്തിവാദം മാർക്സിസം-*ഇ എം എസ് നമ്പൂതിരിപ്പാട്* 243
അധ്യായം 30
അഭികാമ്യം വിശ്വനാഗരികത തന്നെ: *മാർ ഗ്രിഗോറിയോസ്* 248


അനുബന്ധം
1 കാലാനുക്രമണിക 252
2 പുസ്തകങ്ങൾ 254



ഭാഗം 1

ട്രേഡ്‌യൂണിയനിസത്തിൽ നിന്ന് പൗരോഹിത്യത്തിലേക്ക്

പൗലോസ് മാർ ഗ്രിഗോറിയോസിന്റെ മാതാപിതാക്കളേയും ബാല്യ കൗമാര ദശകങ്ങളേയും വിവരിച്ച ശേഷം വിദ്യാഭ്യാസം പൗരോഹിത്യപട്ടം എത്യോപ്യൻ സന്ദർശനം മുതലായവ ചർച്ച ചെയ്യുന്നു. ദില്ലി മെത്രാപ്പോലിത്തയായി ദിവംഗതനാകുന്നത് വരെയുള്ള ജീവചരിത്ര പഠനം.



അധ്യായം 1

യാതനകൾക്കിടയിലും ആദർശസൗരഭം

പഴയ കൊച്ചി സംസ്ഥാനത്ത് നാടുവാഴിത്തം മുറ്റിനിന്നിരുന്ന തൃപ്പൂണിത്തുറയിലെ ഒരെളിയ പ്രൈമറി സ്കൂൾ അധ്യാപകന്റെ മകനായി 1922 ആഗസ്റ്റ് 9 ന് ജനിച്ച പോൾ വർഗീസ് ഇന്ത്യയുടെ തലസ്ഥാനമായ ന്യൂ ദില്ലിയിലെ മലങ്കര ഓർത്തഡോക്സ് സഭയുടെ ഭദ്രാസനാധിപനായ മെത്രാപ്പോലീത്ത എന്ന ഉന്നതസ്ഥാനം വഹിച്ചു വരവെ 1996 നവംബർ 24 ഞായറാഴ്ച വെളുപ്പിന് അന്തരിച്ചു. മെത്രാപ്പോലീത്ത എന്ന നിലയിൽ പൗലോസ് മാർ ഗ്രിഗോറിയോസ് എന്ന ഔപചാരിക നാമധേയമാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. പൗലോസ് മാർ ഗ്രിഗോറിയോസിന്റെ നിര്യാണത്തോടെ സ്വതന്ത്ര്യാനന്തര ഭാരതത്തിലെ വിശ്വപ്രശസ്ത ധിഷണാശാലികളിൽ ഒരാളും മൗലിക മതചിന്തകനും പുരോഹിതശ്രേഷ്ഠനും ആയ ഒരു സാമൂഹ്യവിപ്ലവ കാരിയാണ് മൺമറഞ്ഞത്.

ലോകത്തിലെ ക്രൈസ്തവസഭകളെയാകെ എണ്ണംകൊണ്ടും വണ്ണംകൊണ്ടും പരിഗണിക്കുമ്പോൾ അതിപ്രാചീനം എങ്കിലും താരതമ്യേന വലിപ്പം കുറഞ്ഞ ഒരു സഭയുടെ മെത്രാപ്പോലീത്ത മാത്രമായിരുന്നു അദ്ദേഹം. എങ്കിലും ലോകമെങ്ങുമുള്ള ക്രൈസ്തവ സഭകളുടെ സംയുക്ത നേതൃത്വത്തിൽ എത്തിച്ചേരാനും ക്രൈസ്തവ സഭകളുടെ എന്നല്ല ഇതര മതവിഭാഗങ്ങളുടെയും മതേതര വിഭാഗ ങ്ങളുടെയും ഗുരുവും വഴികാട്ടിയും ആയി ഉയരാനും ആ ധിഷണാ ശാലിക്കു കഴിഞ്ഞു. മതവിജ്ഞാനീയം മാത്രമല്ല ചരിത്രം, സമൂഹ്യ ശാസ്ത്രം, ദർശനം, പ്രകൃതിശാസ്ത്രം തുടങ്ങി വിജ്ഞാനത്തിന്റെ

വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഈ തൃപ്പൂണിത്തുറക്കാരന്റെ വിശ്വവിജയത്തിന്റെ സാഹസികകഥ ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസത്തിലെ തിളങ്ങുന്ന ഒരു അധ്യായമാണ്. അത് പൂർണമായിട്ടല്ലെങ്കിലും ഒരു വിഹഗവീക്ഷണം പോലെ വിമർശനാത്മകമായി വിവരിക്കാനാണ് ഈ ലഘുപുസ്തകത്തിൽ ശ്രമിക്കുന്നത്.

ബാല്യവും കൗമാരവും

തൃപ്പൂണിത്തുറയിലെ താഴ്ന്ന ഇടത്തരം കുടുംബമായ തടിക്കൽ വീട്ടിൽ ടി പി പൈലിയുടെയും ഏലിയുടെയും അഞ്ചു മക്കളിൽ മൂന്നാമനായിട്ടായിരുന്നു പോൾ വർഗീസിന്റെ ജനനം. തൃപ്പൂണിത്തുറ സർക്കാർ ഹൈസ്കൂളിൽനിന്ന് സ്കൂൾ ഫൈനൽ പരീക്ഷ പാസാകുന്നതുവരെ പഠിക്കാനേ കുടുംബസാഹചര്യങ്ങൾ അനുവദിച്ചുള്ളു. ബാല്യകാല സ്മരണകൾ മെത്രാപ്പോലീത്ത ആത്മകഥയിൽ ഇപ്രകാരം വിവരിക്കുന്നു:

> എന്റെ മനസിൽ നിറഞ്ഞുനിൽക്കുന്ന ബാല്യകാല സ്മരണകൾ കുറവാണ്. സാഹസകൃത്യങ്ങളൊന്നുംതന്നെയില്ല. ജീവിതചക്രവാളം വളരെ പരിമിതമായിരുന്നു. എന്റെ ഇളയ രണ്ടു സഹോദരന്മാരുടെ ജനനം പോലും എനിക്ക് ഓർമ്മ വരുന്നില്ല. സ്കൂളിൽപ്പോക്ക്, ഞായറാഴ്ചകളിൽ പള്ളിയിൽപ്പോക്ക്, ആറു മൈലിനുള്ളിൽ പാർക്കുന്ന ചില അമ്മാച്ചന്മാരേയും ബന്ധുക്കളേയും ഇടക്കിടക്ക് സന്ദർശിക്കൽ – ഇതിലൊക്കെ ഒതുങ്ങി നിന്നു എന്റെ അനുഭവങ്ങൾ. ചിലപ്പോൾ എന്റെ പിതാവ്, ചില അമ്പലങ്ങളിലെ ഉത്സവങ്ങൾക്ക് എന്നെ കൂടെ കൊണ്ടുപോകും. സായാഹ്നങ്ങളിൽ അത്താഴം കഴിഞ്ഞാണ് പുറപ്പെടുന്നത്. കഥകളി കാണുകയാണ് മുഖ്യ ലക്ഷ്യം. തുറന്ന മൈതാനത്ത് രാത്രികാലങ്ങളിലാണ് അരങ്ങേറ്റം. ഏതാണ്ട് 9 മണിയോടെ ആരംഭിക്കുന്ന കഥകളി വെളുപ്പാൻകാലം വരെ നീണ്ടുപോകും. ചിലപ്പോൾ ഉത്സവത്തോടനുബന്ധിച്ചുള്ള വെടിക്കെട്ട് കാണാനും പോകാറുണ്ട്. എന്റെ ജന്മനാടായ തൃപ്പൂണിത്തുറയിൽ നിശബ്ദ ചലച്ചിത്രങ്ങൾ വന്നെങ്കിലും ഞങ്ങൾ സിനിമ കാണാൻ പോയിരുന്നില്ല.
>
> ജീവിതം പ്രശാന്തമോഹനമായിരുന്നുവെന്നൊന്നും ഞാൻ പറയുന്നില്ല. ഞങ്ങളുടെ കുടുംബം ദരിദ്രമെങ്കിലും മാന്യവും ആദരണീയവുമായ ശൈലി പുലർത്തിപ്പോന്ന ഒന്നായിരുന്നു. എന്റെ പിതാമഹൻ ഒരു കാലത്ത് ഒരുവിധം സമ്പന്നൻ ആയിരുന്നുവെന്ന് കേട്ടിട്ടുണ്ട്. നിലവും പുരയിടങ്ങളും പാടങ്ങളും സ്വന്തമായുള്ള അദ്ദേഹം ധനത്തിൽ അധിക പങ്കും ധൂർത്ത

ടിച്ച് നശിപ്പിച്ചുവത്രേ. നിലം ഈടു നൽകി അയൽപക്കക്കാരിൽ നിന്ന് അദ്ദേഹം പണം കടമെടുത്തിരിക്കണം. ഞങ്ങളുടെ അയൽപക്കത്തുള്ള നിലം പുരയിടങ്ങളിൽ അധിക പങ്കും ഒരു കാലത്ത് എന്റെ പിതാമഹനായ തടിക്കൽ കുഞ്ഞിപ്പൈല്യിയുടെ സ്വന്തമായിരുന്നുവെന്ന് ബാല്യത്തിൽ ഞാൻ കേട്ടിട്ടുണ്ട്. എന്റെ ജനനനത്തിനു മുമ്പ് അദ്ദേഹം മരിച്ചു. അദ്ദേഹത്തെപ്പറ്റി എന്റെ പിതാവും മറ്റുള്ളവരും പറഞ്ഞിട്ടുള്ള കാര്യങ്ങൾ മാത്രമാണ് എന്റെ അറിവിന് ആധാരം. അദ്ദേഹം ഒരു ധാരാളിയും കുറച്ചൊരു സുഖിമാനുമായിരുന്നുവെന്ന് തോന്നുന്നു. ഇതൊക്കെയാണെങ്കിലും അദ്ദേഹം സമൂഹത്തിലെ ഒരു നേതാവ് തന്നെയായിരുന്നു.

എന്റെ പിതൃമാതാവും എന്റെ ജനനത്തിനു മുമ്പ് മരിച്ചു. അവരെപ്പറ്റിയൊന്നും അഭിപ്രായം പറയാൻ എനിക്കൊരു മാർഗവുമില്ല. എന്റെ അമ്മയുടെ അപ്പൻ മുളന്തുരുത്തി പോണോടത്ത് ചെറിയാനെയും എനിക്കറിഞ്ഞു കൂടാ. എന്റെ അമ്മയുടെ അമ്മയെ മരണക്കിടക്കയിൽ കണ്ടതിന്റെ നേരിയ ഓർമ്മ മാത്രമുണ്ട്. ശവസംസ്കാരത്തിന് എന്റെ അമ്മ കുരുന്ന ബാലനായ എന്നെ കൂടെ കൊണ്ടുപോയിരുന്നു.

ഏതായാലും സാർത്രേക്ക് അനുഭവപ്പെട്ടതുപോലെ പിതാമഹന്മാരുടെയോ പിതാമഹിമാരുടെയോ ലാളന മൂലം വഷളാകാൻ എനിക്കിടയായിട്ടില്ല. ഞാൻ രംഗത്തുവരുന്നതിനു മുമ്പോ അതിനു തൊട്ടു ശേഷമോ അവർ നിഷ്ക്രമിച്ചിരുന്നു. (പുറം 42-43, *സ്നേഹത്തിന്റെ സ്വാതന്ത്ര്യം*, കോട്ടയം, 1999)

ബുദ്ധിമാനും പരിശ്രമശാലിയും ആയിരുന്ന പോൾ വർഗീസ് സ്വാഭാവികമായും പഠനത്തിലും മറ്റു പ്രവർത്തനങ്ങളിലും ശോഭിച്ച് അധ്യാപകരുടെ പ്രശംസയും സഹപാഠികളുടെ ആദരവിനോടൊപ്പം അൽപ്പം അസൂയയും നേടി. എന്നാൽ ഈ തിളക്കങ്ങളുടെ പുറകിൽ ഇല്ലായ്മകളുടെ വല്ലായ്മ അയാളെ അലട്ടിയിരുന്നത് അധികമാരും അറിഞ്ഞുമില്ല. ചില ദിവസങ്ങളിൽ ആഹാരം പോലും കഴിക്കാതെയാണ് വിദ്യാലയത്തിൽ എത്തുക. അമ്മ അതിനകം മാനസികവും ശാരീരികവുമായി രോഗിണി ആയിത്തീർന്നതിനാൽ വീട്ടിൽ ആഹാരം പാകം ചെയ്യാൻ ആരും ഇല്ലായിരുന്നു. വീട്ടിൽ വേലക്ക് ആരെയെങ്കിലും നിർത്താനുള്ള കഴിവ് ഉണ്ടായിരുന്നില്ല. അധികം താമസിയാതെ അമ്മ നിര്യാതയുമായപ്പോൾ താൻ അനാഥനായി എന്ന തോന്നലായിരുന്നു പോൾ വർഗീസിന്. അപ്പനോടുള്ളതിനേക്കാൾ അടുപ്പം അമ്മയോടുണ്ടായിരുന്നതിനാലാണ് ഈ അനാഥത്വം വർഗീസിനെ അല

ട്ടിയത്. ഈ സാഹചര്യത്തിലും വിദ്യാലയത്തിലെ പഠനവും പ്രകടനങ്ങളും മോശമാകാതിരിക്കാൻ അയാൾക്ക് കഴിഞ്ഞു. വിദ്യാലയ ജീവിതത്തെ പിൽക്കാലത്ത് അദ്ദേഹം ഇങ്ങനെ അനുസ്മരിക്കുന്നു:

> എന്റെ ക്ലാസ്സിൽ ഏറ്റവും നന്നായി പഠിക്കുന്ന കുട്ടികളിൽ ഒരാളായിരുന്നു ഞാനെങ്കിലും, എന്റെ ഹൈന്ദവാധ്യാപകരിൽ പലരും എന്നെ പരിഹസിക്കുന്നതിലും ശകാരിക്കുന്നതിലും ആഹ്ലാദം കണ്ടെത്തി. അന്നത്തെ രീതി അതായിരുന്നു. എന്റെ മലയാളം അധ്യാപകൻ ശ്രീ. ശങ്കരമേനോൻ പ്രത്യേകിച്ച് പരുഷഭാഷയിൽ ഭർത്സിക്കുമായിരുന്നു. അദ്ദേഹം പലപ്പോഴും ക്ലാസ്സിൽ പറഞ്ഞു: മലയാളം പോലൊരു സാഹിത്യഭാഷ പഠിക്കാൻ നിങ്ങളേപ്പോലെ ചെമ്മീൻ കഴിക്കുന്ന ക്രിസ്ത്യാനികൾക്ക് എങ്ങനെ കഴിയാനാണ്? ഇതെല്ലാം പരുക്കൻ സ്നേഹത്തിൽ നിന്നും - വർഗീയ വിദ്വേഷത്തിൽ നിന്നല്ല - ഉത്ഭവിക്കുന്നതാണ്. പക്ഷേ ക്രിസ്തീയ വിശ്വാസത്തോടുള്ള വിധേയത്വത്തെപ്പറ്റി ലജ്ജിക്കാൻ വിസമ്മതിക്കുന്ന വികാരവാനായ ഒരു ബാലകന് ഇതെല്ലാം ദുസ്സഹമായിരുന്നു. ആ പ്രദേശത്തെ ജനങ്ങളിൽ മൂന്നിലൊരു ഭാഗം ക്രിസ്ത്യാനികളാണ്. എന്റെ കുടുംബം പുരാതന മാർത്തോമാ ക്രിസ്ത്യാനികളുടെ സമൂഹത്തിൽപ്പെട്ടതുമാണ്. ലോകത്തിൽ ക്രിസ്തുമതം ആരംഭിച്ച കാലംതൊട്ട് ഞങ്ങളുടെ പൂർവ്വികന്മാർ ക്രിസ്ത്യാനികളായി ഇവിടെ കഴിയുന്നു. യേശുക്രിസ്തുവിന്റെ 12 അപ്പോസ്തലന്മാരിൽ ഒരാളായ തോമസ് ഇവിടെ സഭ സ്ഥാപിച്ചുവെന്നാണ് പാരമ്പര്യ വിശ്വാസം.
>
> പക്ഷേ, അധ്യാപകരുടെ ശകാരപരിഹാസങ്ങൾ, അന്നത്തെ സമൂഹത്തിൽ സ്കൂൾ വിദ്യാഭ്യാസമാകുന്ന കളിയുടെ ഭാഗമായിരുന്നു. അതെല്ലാം സഹിച്ചേ പറ്റൂ. എന്റെ സഹപാഠികളെ അപേക്ഷിച്ച് നന്നേ ചെറിയ കുട്ടിയായിരുന്നു ഞാൻ. അൽപ്പം വിളറിയ ശരീരപ്രകൃതി. അന്നെനിക്ക് കിട്ടിയ പരിഹാസപ്പേരാണ് മഞ്ഞത്തവള. അതും സാരമാക്കാതെ ജീവിക്കേണ്ടിവന്നു. കൊട്ടോടിത്തലയൻ എന്നതായിരുന്നു മറ്റൊരു പേര്. ഒരേ സമയം പ്രശംസയും പരിഹാസവും ദ്യോതിപ്പിക്കുന്ന ആ പേരിൽ ഹാസ്യരസം കലർന്ന അസൂയ കണ്ടേക്കാം. നീണ്ട തലയേക്കാൾ എന്റെ ചെറിയ കോലത്തിനാണത് കൂടുതൽ ചേരുന്നതെന്ന് തോന്നുന്നു. എന്റെ ശിരസ്സിനു ചേരുന്ന തൊപ്പി വാങ്ങിക്കുവാൻ ഇന്നും ഞാൻ വിഷമിക്കാറുണ്ട്. ഏഴര സൈസ് ശരിക്കും പാകമല്ല. എന്റെ ശിരസ്സിന്റെ വലുപ്പത്തിന്

അതിലെ ഉള്ളടക്കത്തോട് എന്തെങ്കിലും ബന്ധമുള്ളതായി എനിക്ക് തോന്നിയിട്ടില്ല. ചില സന്ദർഭങ്ങളിൽ ശിരസ്സ് അൽപ്പം വീങ്ങിയതായി തോന്നുമായിരിക്കും!

നാടകീയമായ ചില നേട്ടങ്ങൾ എനിക്ക് കൈവന്നു. സ്പോർട്സിലോ കലകളിലോ ആയിരുന്നില്ല. അധികപങ്കും പ്രസംഗ മത്സരങ്ങൾക്കും ഉപന്യാസമത്സരങ്ങൾക്കുമാണ് സമ്മാനം കിട്ടിയത്. ഒമ്പതാം ക്ലാസ്സുകാരൻ നടത്തിയ ഒരു പ്രസംഗം തികച്ചും ഒരുഗ്രൻ പ്രകടനമായി പരിഗണിക്കപ്പെട്ടു. ശബ്ദ ഘോഷം നിറഞ്ഞ പദാവലികൾ കൊരുത്ത ഒരു ഉപന്യാസ ഭാഗം ഒരു ഇന്ത്യൻ നർമ്മ മാസികയിൽ കണ്ടത് ഞാൻ ഹൃദിസ്ഥമാക്കി. അത് ഒരു പ്രസംഗമത്സരത്തിൽ ഉദ്ധരിച്ചു. ഞാനത് എഴുതിയിരിക്കാൻ ഇടയില്ലെന്ന് എല്ലാവർക്കും അറിയാമായിരുന്നു. അങ്ങനെ ഞാൻ അവകാശപ്പെട്ടുമില്ല. വാസ്തവത്തിൽ ഞാൻ അന്നു പറഞ്ഞ ഭാഗത്തിൽ പകുതി വാക്കുകളുടെ പോലും അർഥം എനിക്ക് അറിയില്ല. പക്ഷേ, വളരെ ഭംഗിയായി ഞാനത് അവതരിപ്പിച്ചു. എന്റെ വലുപ്പവും ഞാനുപയോഗിച്ച പദങ്ങളുടെയും വാക്യങ്ങളുടെയും വലുപ്പവും തമ്മിലുള്ള ഹാസ്യാത്മകമായ പൊരുത്തക്കുറവായിരിക്കണം ജഡ്ജിമാരേയും ശ്രോതാക്കളേയും ആകർഷിച്ചത്. (പുറം 46-47 ടി പുസ്തകം)

ഈ പരിശ്രമശീലത്തിന്റെയും പഠനസാമർഥ്യത്തിന്റെയും ഫലം 1937-ൽ സ്കൂൾ ഫൈനൽ പരീക്ഷയിൽ തെളിഞ്ഞുകണ്ടു. കൊച്ചി സംസ്ഥാനത്തിലെ ഉന്നതവിജയികളിൽ ആറാം സ്ഥാനം നേടിയപോൾ വർഗീസിന് ഗണിതശാസ്ത്രത്തിൽ സുവർണമുദ്രയും ലഭിച്ചു. ഈ യോഗ്യതകളുടെ അടിസ്ഥാനത്തിൽ ഉപരി വിദ്യാഭ്യാസത്തിന് പോകാനുള്ള സ്കോളർഷിപ്പ് കിട്ടിയെങ്കിലും 10 കിലോമീറ്ററോളം ദൂരമുള്ള എറണാകുളം മഹാരാജാസ് കോളേജിൽ എത്തിച്ചേരാനുള്ള യാത്രാക്കൂലിക്ക് വഴിയില്ലാതിരുന്നതിനാൽ പഠനം തുടരാൻ കഴിഞ്ഞില്ല. മകന്റെ പഠനത്തിൽ സാമ്പത്തിക ക്ലേശം കൊണ്ടും മറ്റും അപ്പൻ താൽപ്പര്യം പ്രകടിപ്പിച്ചുമില്ല. 'പഠിച്ചതു മതി ഇനിയെന്തെങ്കിലും ജോലി ചെയ്ത് ഉപജീവനമാർഗം തേടൂ' എന്ന അപ്പന്റെ നിർദ്ദേശം നടപ്പാക്കാനും മാർഗം ഇല്ലായിരുന്നു. 18 വയസ്സ് തികയാതെ ആരും പണി കൊടുക്കാൻ തയ്യാറാവില്ലല്ലോ. അപ്രകാരം പ്രായപൂർത്തി വ്യവസ്ഥ ഒന്നും ഇല്ലാതിരുന്ന പത്രപ്രവർത്തനത്തിലേക്ക് തിരിഞ്ഞു. അക്കാലത്ത് കൊച്ചിയിൽ പ്രചാരത്തിലുണ്ടായിരുന്ന *ഗോമതി*യിലും *മലബാർ മെയിലി*ലും സ്വന്തം ലേഖകനായി റിപ്പോർട്ടുകൾ അയയ്ക്കുകയും ദേശീയവും സാർവ്വദേശീയവുമായ വിഷയങ്ങളെക്കുറിച്ച്

ലേഖനങ്ങൾ എഴുതുകയും ചെയ്തുകിട്ടുന്ന നിസ്സാരപ്രതിഫലം കൊണ്ട് കഷ്ടിച്ച് കഴിഞ്ഞു കൂടി. പ്രതിഫലം നിസ്സാരം ആയിരുന്നുവെങ്കിലും പൊതുക്കാര്യങ്ങൾ പഠിക്കാനും എഴുതാനും പലരുമായി ബന്ധപ്പെടാനും കഴിഞ്ഞത് ലേഖനവൃത്തിയിലുള്ള തന്റെ ആദ്യകളരിയായിരുന്നുവെന്ന് മെത്രാപ്പോലീത്ത ഓർക്കുന്നു.

ഈ കാലത്തു തന്നെ പൊതുരംഗത്തിലെ പ്രവർത്തനത്തിന് ചില അനുഭവങ്ങൾ നേടാൻ പോൾ വർഗീസിന് കഴിഞ്ഞു. തൃപ്പൂണിത്തുറയിലെ പ്രസിദ്ധമായ മഹാത്മാ ഗ്രന്ഥശാലയുടെ സെക്രട്ടറിയായി ഈ 17 വയസുകാരൻ തെരഞ്ഞെടുക്കപ്പെട്ടു. ഈ ചുമതല 1942 വരെ തുടർന്നു. മഹാത്മാ ഗ്രന്ഥശാല അക്കാലത്ത് നിരന്തരമായ സാഹിത്യസമ്മേളനങ്ങളും വിവാദങ്ങളും കൊണ്ട് പ്രസിദ്ധി നേടിയിരുന്നു. അവയിലൊക്കെ പങ്കെടുക്കാനും അവയിൽ നിന്ന് പലതും പഠിക്കാനും പോൾ വർഗീസിന് കഴിഞ്ഞു. 1940-ൽ 18 വയസു തികഞ്ഞതോടെ മട്ടാഞ്ചേരിയിലുള്ള ഒരു സ്വകാര്യ ട്രാൻസ്പോർട്ടു കമ്പനിയിൽ ഗുമസ്തനായി ജോലി കിട്ടിയതോടെ വരുമാനം അൽപ്പം വർധിച്ചു.

കമ്പിത്തപാൽ യൂണിയൻ

1942-ൽ കമ്പിത്തപാൽ വകുപ്പിലെ ഒരു പരീക്ഷയിൽ ജയിച്ചതിനെത്തുടർന്ന് ആ ജോലി സ്വീകരിക്കുകയും പ്രാഥമിക പരിശീലനത്തിനായി വകുപ്പ് നിയോഗിച്ച പ്രകാരം ചെന്നൈ നഗരത്തിലേക്കു പോകുകയും ചെയ്തു. ചെന്നൈയിൽ പോൾ വർഗീസ് പരിശീലനത്തിനായി ചെല്ലുമ്പോൾ ബ്രിട്ടീഷ് സർക്കാരിനെതിരായ കിറ്റ് ഇന്ത്യാ സമരത്തിന്റെ കോളിളക്കത്തിൽ ഇന്ത്യ ആടിയുലയുകയായിരുന്നു. ആ സമരവും രാഷ്ട്രീയ അന്തരീക്ഷവും പോൾ വർഗീസിനെ ആഴത്തിൽ സ്വാധീനിച്ചു. അതേക്കുറിച്ച് അദ്ദേഹം ഇപ്രകാരം ഓർമ്മിക്കുന്നു:

> കിറ്റ് ഇന്ത്യാ പ്രസ്ഥാനം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഞാൻ മദ്രാസിലാണ്. എന്റെ രാജ്യാഭിമാനം ജ്വലിച്ചു. യൂണിവേഴ്സിറ്റി വിദ്യാർഥികളോടൊപ്പം ഞാനും തൊണ്ട തുറന്ന് പ്രതിഷേധസ്വരം മുഴക്കി. ജോൺ ബുൾ, ഇന്ത്യ വിട്ടു പോകൂ. ഇങ്കിലാബ് സിന്ദാബാദ് (വിപ്ലവം നീണാൾ വാഴട്ടെ എന്നതിന്റെ ഉറുദു രൂപം). യാത്ര മുടക്കാൻ ലോക്കൽ ട്രെയിനുകളിൽ അലാറം ചെയിൻ പിടിച്ചു വലിക്കുന്ന കോളേജ് വിദ്യാർഥികളുടെ കൂട്ടത്തിൽ ഞാനും ചേർന്നു. ഞാൻ ചെയിൻ വലിച്ചില്ലെങ്കിലും ആ ഗണത്തിൽച്ചേരുക ആ ഉദ്യമത്തോട് താദാത്മ്യം പ്രാപിക്കുകയാണല്ലോ. ആഹ്ളാദപ്രദമെങ്കിലും അപകടകരമായിരുന്നു ആ ഉദ്യമം. ഞങ്ങൾ ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഏറ്റവും 'അനുസരണയുള്ള ഭൃത്യന്മാരാ

ണെന്നും' പരിഗണിക്കപ്പെട്ടിരുന്നു. (പുറം 80-81, ടി പുസ്തകം)

ചെന്നൈയിലെ പരിശീലനം കഴിഞ്ഞ് കൊച്ചിയിലെത്തി ജോലി തുടങ്ങിയപ്പോഴേക്കും കിറ്റ് ഇന്ത്യാ സമരം ആദ്യത്തെ പൊട്ടിത്തെറികൾക്ക് ശേഷം മന്ദീഭവിക്കുകയായിരുന്നു. കൊച്ചിയിലും തിരുവിതാംകൂറിലും അതിന്റെ അലകൾ തീരെ ദുർബലവും ആയിരുന്നു. തടവിലായിരുന്ന മഹാത്മാ ഗാന്ധി സമരപരിപാടികൾക്ക് പ്രോത്സാഹനം ഒന്നും നൽകാതെ ബ്രിട്ടീഷ് വൈസ്രോയിയുമായി കൂടിയാലോചന നടത്താനുള്ള എഴുത്തുകുത്തുകൾ ആരംഭിച്ചിരുന്നു. പിന്നീട് വീണ്ടും ഇന്ത്യൻ രാഷ്ട്രീയരംഗം സ്വാതന്ത്ര്യസമരം കൊണ്ട് മുഖരിതമാവാൻ തുടങ്ങിയത് 1945 ലോകമഹായുദ്ധം അവസാനിച്ചതോടുകൂടിയാണ്. ഈ പുതിയ സമരവേലിയേറ്റങ്ങളിൽ നാട്ടുരാജ്യങ്ങളിലെ ഉത്തരവാദിത്വഭരണത്തിനു വേണ്ടിയുള്ള പ്രക്ഷോഭങ്ങളും (തിരുവിതാംകൂറിലെ പുന്നപ്ര-വയലാർ, മലബാറിലെ കരിവെള്ളൂർ തുടങ്ങിയവ, കൊച്ചിയിലെ പ്രജാമണ്ഡല പ്രക്ഷോഭം, ഹൈദരാബാദിലെ തെലുങ്കാന സമരം) മുംബൈയിലെ നാവിക പടയാളികളുടെ കലാപം, സുഭാഷ് ചന്ദ്രബോസിന്റെ ഇന്ത്യൻ ദേശീയസേന പടയാളികളെ മോചിപ്പിക്കാനുള്ള പ്രക്ഷോഭം മുതലായവയോടൊപ്പം അഖിലേന്ത്യാ കമ്പിത്തപാൽ പണിമുടക്കം ഒരു പ്രധാന സമരരംഗമായിരുന്നു.

അഖിലേന്ത്യാ തലത്തിൽ നിലവിലിരുന്ന നിലവാരത്തിൽപ്പോലും കമ്പിത്തപാൽ ജീവനക്കാരുടെ സംഘടന കേരളത്തിന്റെ മൂന്നു ഭാഗങ്ങളിലും നിലവിലില്ലായിരുന്നു. പുതിയ ഉണർവിന്റെ സാഹചര്യത്തിൽ അവരുടെ ഒരു സംഘടന രൂപീകരിക്കാൻ സെയ്ത് മുഹമ്മദ്, ടി വി ജോസഫ് തുടങ്ങിയവരോടൊപ്പം പോൾ വർഗീസും മുൻനിരയിൽ ആയിരുന്നു. യൂണിയൻ ഓഫ് ദി പി ആന്റ് ടി വർക്കേഴ്സ് എന്നായിരുന്നു സംഘടനയുടെ പേര്. കൊച്ചി-തിരുവിതാകൂർ മേഖലകളിലെ സംയുക്ത കമ്പിത്തപാൽ യൂണിയന്റെ അസോസിയേറ്റ് സെക്രട്ടറിമാരിലൊരാളായി പോൾ വർഗീസ് തെരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ പോൾ വർഗീസ് കേരളത്തിലെ ട്രേഡ് യൂണിയന്റെയും കമ്പിത്തപാൽ ജീവനക്കാരുടെ സംഘടനയുടെയും സ്ഥാപകനേതാക്കളിൽ ഒരാളായിത്തീർന്നു.

കമ്പിത്തപാൽ യൂണിയൻ ജീവനക്കാരുടെ 1946-ലെ പണിമുടക്ക് വിജയിപ്പിക്കുന്നതിനു വേണ്ടി പരിശ്രമിച്ച നേതാക്കളിൽ പ്രമുഖനായിരുന്നു പോൾ വർഗീസ്. സമരത്തിനെതിരെ കടുത്ത മർദ്ദന നടപടികളാണ് ബ്രിട്ടീഷ് സർക്കാർ ആദ്യം കൈക്കൊണ്ടതെങ്കിലും പിന്നീട് തൊഴിലാളികളുടെ ഏതാനും ആവശ്യങ്ങൾ അനുവദിച്ചുകൊടുത്തുകൊണ്ട് സമരം ഒത്തുതീർപ്പിലെത്തിച്ചു. ഈ നിലയിൽ ലഭിച്ച അനുഭവ സമ്പത്തും വിശദമായ പഠനങ്ങൾ നൽകിയ അറിവും

സമന്വയിച്ച് അക്കാലത്തെ പ്രശസ്ത ഇംഗ്ലീഷ് വാരികയായിരുന്ന *ഇല്ലസ്ട്രേറ്റഡ് വീക്കിലി ഓഫ് ഇന്ത്യ*യുടെ 1947 നവംബർ 16-ന്റെ ലക്കത്തിൽ തൊഴിലാളി പ്രശ്നങ്ങളോടുള്ള മാനുഷിക സമീപനം എന്ന ഒരു ലേഖനം എഴുതിയിരുന്നത് ഒരു പക്ഷേ പോൾ വർഗീസിന്റെ ആദ്യത്തെ പ്രസിദ്ധീകരിക്കപ്പെട്ട ഇംഗ്ലീഷ് ലേഖനമായിരുന്നു. ഇതിനു മുമ്പ് ആത്മകഥാംശം കലർന്ന ഒരു കഥയും അദ്ദേഹം എഴുതിയിരുന്നു. അമ്മയ്ക്കു നേരിട്ട ചിത്തഭ്രമത്തിന്റെ വേദനിപ്പിക്കുന്ന ഓർമ്മകളാണ് ആ കഥയിൽ തുളുമ്പി നിന്നിരുന്നത്.

അധഃസ്ഥിത ജീവിതത്തിന്റെയും ഇടതുപക്ഷ രാഷ്ട്രീയത്തിന്റെയും, നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിന്റെയും ബാലപാഠങ്ങൾ നൽകിയ ഈ നാലഞ്ചു വർഷം ലോകത്തിലെ അത്യുന്നത സർവകലാശാലകളിലെ പണ്ഡിതമഹാസദസ്സുകളിൽനിന്നുപോലും തനിക്കു കിട്ടിയിട്ടില്ലെന്ന് പലപ്പോഴും ഗ്രിഗോറിയോസ് സുഹൃത്തുക്കളോട് പറയാറുണ്ടായിരുന്നു. അതുകൊണ്ട് ഒരു പാവപ്പെട്ട കുടുംബത്തിലെ ജനനവും അധ്വാനിച്ചും പോരാടിയും കഴിയേണ്ടിവന്ന യൗവനാരംഭവും തനിക്കു ദൈവംതമ്പുരാൻ തന്ന അപൂർവമായ അനുഗ്രഹമാണ് എന്ന് തിരുമേനി ഉറച്ചു വിശ്വസിച്ചിരുന്നു. അങ്ങനെ പ്രൈമറി സ്കൂൾ അധ്യാപകനായിരുന്ന അപ്പനിൽ നിന്നും ഉപജീവനം തേടിയെത്തിയ നിസാര തൊഴിൽ രംഗത്തെ അനുഭവങ്ങളിൽ നിന്നും നേടിയ വിജ്ഞാന തൃഷ്ണയും ജനസേവനത്വരയും ഈ മഹാപുരോഹിതന്റെ വ്യക്തിവികാസത്തിൽ വഹിച്ചപങ്ക് ആത്മപരിശോധനാവേളകളിൽ ഗ്രിഗോറിയോസ് ഓർത്തിരുന്നു.

വീരനായകർ

ഈ കാലയളവിലെ പോൾ വർഗീസിന്റെ ആശയങ്ങളുടെയും ആദർശങ്ങളുടെയും ഒരു സാമാന്യരൂപം കിട്ടാൻ അദ്ദേഹത്തെ ആകർഷിച്ച രണ്ടു വീരപുരുഷന്മാരുടെ വിവരണം ഉപകരിക്കും. അവരെപ്പറ്റി അദ്ദേഹം എഴുതുന്നു:

> കൗമാരത്തിൽ എനിക്ക് രണ്ടു ലോകനേതാക്കളോട് വലിയ ആദരഭാവം തോന്നിയിരുന്നു. ഉദ്ധതമായ അധികാരത്തെ ദൃഢമനസ്കരായി ചെറുത്തുനിന്നുവെന്നതാണ് ആ രണ്ടു പേരിലും പൊതുവായി കാണാവുന്ന സവിശേഷത. അവരുടെ എതിർപ്പിനു വിധേയമായ ഫാസിസ്റ്റ് അധികാരം മൂർത്തീകരിച്ചവരാണ് ബെനിറ്റോ മുസ്സോളിനിയും അഡോൾഫ് ഹിറ്റ്ലറും. അവരെ ചെറുത്തുനിന്ന ധീരപുരുഷരാണ് എത്യോപ്യയിലെ ഹെയ്ലി സെലാസി ചക്രവർത്തിയും ജർമനിയിലെ പാസ്റ്റർ മാർട്ടിൻ നീമുള്ളറും. പത്രപ്രവർത്തകനായിരിക്കു

മ്പോൾ ഞാൻ രണ്ടുപേരെക്കുറിച്ചും ലേഖനങ്ങൾ എഴുതിയിരുന്നു. വിചിത്രമായ നിയോഗമായിരിക്കാം, പിൽക്കാലത്ത് അവരിരുവരെയും അടുത്തറിയുന്നതിന് എനിക്കിടയായി.

വിൻസ്റ്റൻ ചർച്ചിലും ഹിറ്റ്ലറെ ചെറുത്തുനിന്ന നേതാവാണ്. പക്ഷേ അദ്ദേഹം എന്റെ ആദരവിനെ അത്രകണ്ടു പിടിച്ചുപറ്റിയില്ല. ബ്രിട്ടീഷ് പ്രധാനമന്ത്രി, ചെറുപ്പക്കാരനായ എന്റെ ദൃഷ്ടിയിൽ, പൗരുഷവും തന്റേടവുമുള്ള വ്യക്തിയായിരുന്നു. അത് അധികവും ജാടയും പ്രഭാഷണക്കസർത്തുമായി എനിക്കു തോന്നി. നീതിക്കും സമത്വത്തിനും വേണ്ടിയുള്ള ഉൽക്കണ്ഠ കുറവായിരുന്നു. സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ലിക്വിഡേഷനു് അധ്യക്ഷത വഹിക്കാനല്ല ഞാൻ ബ്രിട്ടീഷ് പ്രധാനമന്ത്രിയായതെന്ന് അദ്ദേഹം ഒരിക്കൽ പ്രഖ്യാപനം ചെയ്യുകയുണ്ടായല്ലോ. എന്റെ ജനങ്ങൾ സാമ്രാജ്യത്വത്തിന്റെ നുകത്തിൽനിന്നും മോചനം പ്രാപിക്കത്തക്കവിധം ആ സാമ്രാജ്യം ലിക്വിഡേറ്റ് ചെയ്തുകാണാൻ തീവ്രമായി ആഗ്രഹിച്ച ലക്ഷങ്ങളിൽ ഒരുവനായിരുന്നു ഞാൻ. (പുറം 75, ടി പുസ്തകം)

ഇതുവരെ പറഞ്ഞ കാര്യങ്ങളിൽനിന്ന് പോൾ വർഗീസിന്റെ താൽപ്പര്യങ്ങളും വാസനകളും രാഷ്ട്രീയരംഗത്ത് ഒതുങ്ങിനിന്നതായി കരുതരുത്. ഈ രണ്ടു വീരനായകരിൽത്തന്നെ രാഷ്ട്രീയമായ ധീരതയോടും ചെറുത്തുനിൽപ്പിനോടും ഒപ്പം ആത്മീയമായപ്രേരണകളും പ്രതിബദ്ധതകളും ഉണ്ടെന്നത് അർഥവത്തായ സംഗതിയാണ്. പോൾ വർഗീസിന്റെ ഭാവി മാനസികവികാസത്തിലേക്ക് ഈ പ്രവണതകൾ വിരൽ ചൂണ്ടുന്നു. പിൽക്കാലത്ത് വിമോചനദൈവശാസ്ത്രമെന്ന വിപ്ലവകരമായ ചിന്ത രൂപപ്പെടുന്നതിന് വളരെ മുമ്പുതന്നെ ആ വഴിക്കു ചിന്തിച്ച പുരോഹിതനും പണ്ഡിതനും ആയിരുന്നു ജർമൻകാരനായിരുന്ന പാസ്റ്റർ നീമുള്ളർ. നാസി തടവറയിൽകിടന്നു നരകിക്കുകയും രക്തസാക്ഷി ആവുകയും ചെയ്ത പുരോഹിത ചിന്തകൻ ബോൺ ഹോയ്ഫർ ആയിരുന്നു പാസ്റ്റർ നീമുള്ളർ ഉൾപ്പെടെയുള്ളവരുടെ ആദർശമാതൃക. പോൾ വർഗീസും ഈ മാതൃകയെ മുന്നിൽ കണ്ടുകൊണ്ടാണ് കൗമാരം കടന്ന് യൗവനത്തിലേക്കും തുടർന്ന് രാഷ്ട്രീയത്തിലേക്കും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിലേക്കും ആകൃഷ്ടനായത്. മാതാവിന്റെ വേദനാജനകമായ ദുരന്തവും നാട്ടിലുടനീളം കണ്ട അനീതികളും പോൾ വർഗീസിന്റെ രാഷ്ട്രീയ താൽപ്പര്യങ്ങളെ എന്ന പോലെ ആത്മീയവാസനകളെയും തട്ടിയുണർത്തി.

അധ്യായം 2

എത്യോപ്യൻ ജാലകം അകത്തേക്കും പുറത്തേക്കും

അങ്ങനെയിരിക്കെയാണ് ചില ആകസ്മിക ബന്ധങ്ങളും പരിചയങ്ങളും അദ്ദേഹത്തെ ആഫ്രിക്കയിലെ പ്രാചീന ക്രിസ്തീയ രാഷ്ട്രമായ എത്യോപ്യയിൽ എത്തിച്ചത്. എത്യോപ്യയിലെ ക്രിസ്ത്യൻ ചക്രവർത്തി ഹെയ്‌ലി സെലാനി (1892-1975) പിൽക്കാലത്ത് യാഥാസ്ഥിതികത്വവും മർദ്ദനവാഴ്ചയും മൂലം കുപ്രസിദ്ധി നേടി ഒരു വിപ്ലവത്തിൽ അധികാര ഭ്രഷ്ടനായെങ്കിലും 1930 കളിലും നാൽപ്പതുകളിലും അദ്ദേഹം സ്വാതന്ത്ര്യ പ്രേമികളുടെ ആരാധനാപാത്രമായിരുന്നു. 1936-ൽ ഇറ്റാലിയൻ ഫാസിസ്റ്റ് സർവ്വാധിപതി ബെനിറ്റോ മുസ്സോളിനി (1883-1945)യുടെ ഭീഷണികളെയും പ്രലോഭനങ്ങളെയും ചെറുത്ത് തലയുയർത്തിപ്പിടിച്ചുനിന്നതാണ് ഹെയ്‌ലി സെലാസി ചക്രവർത്തിയുടെ പ്രശസ്തിക്കാധാരം. ഒടുവിൽ മുസ്സോളിനിയുടെ കടുത്ത ആയുധശക്തിക്കു മുമ്പിൽ അന്ന് അബിസീനിയ എന്നറിയപ്പെട്ടിരുന്ന എത്യോപ്യ കീഴ്പെട്ടപ്പോഴും ഹെയ്‌ലി സെലാസി കീഴടങ്ങാൻ കൂട്ടാക്കാതെ ലണ്ടനിലേയ്ക്കു പറന്നു. അവിടെ ഉറ്റ സഹചാരികളോടുകൂടി സ്വതന്ത്ര അബിസീനിയൻ ഗവൺമെന്റ് രൂപീകരിച്ച് ഫാസിസ്റ്റ് ശക്തികളെ തോൽപ്പിക്കാനും അബിസീനിയയെ മോചിപ്പിക്കാനുമുള്ള പോരാട്ടം തുടർന്നു. 1944-ൽ മുസ്സോളിനി അട്ടിമറിക്കപ്പെടുകയും

ഗറില്ലാപടയാളികൾ അയാളെ തല്ലിക്കൊന്ന് തെരുവിൽ തൂക്കുകയും ചെയ്തതോടെ അബിസീനിയ മോചിപ്പിക്കപ്പെട്ടു. സെലാസി വീരപുരുഷനായി തിരിച്ചെത്തി. ഈ പരിവേഷമാണ് സെലാസിയെ സ്വാതന്ത്ര്യ പ്രേമികളുടെ പൊതുവേയും മൂന്നാം ലോക ജനതയുടെ പ്രത്യേകിച്ചും ആരാധനാപാത്രമാക്കിയത്. ഈ പരിവേഷം എത്യോപ്യയിലേയ്ക്ക് ഒരു അധ്യാപകനായി പോകാൻ ഒരു സന്ദർഭം ലഭിച്ചപ്പോൾ പോൾ വർഗീസിന്റെ (സ്കൂളിൽ ചേർത്തിരുന്ന ടിപി പൗലോസ് എന്ന പേര് പോൾ വർഗീസ് എന്നാക്കി മാറ്റിയത് വിദേശയാത്രയുടെ സൗകര്യത്തിനുവേണ്ടിയാണ്.) ഉത്സാഹം വർദ്ധിപ്പിച്ചു.

എത്യോപ്യയുടെയും സെലാസിയുടെയും ഈ ഫാസിസ്റ്റ് വിരുദ്ധ പരിവേഷത്തിനു പുറമേ മറ്റൊരു ഘടകവും പോൾ വർഗീസിനെ ആകർഷിച്ചു. അത് എത്യോപ്യയിലെ സവിശേഷമായ ക്രിസ്തുമത മായിരുന്നു. 'കോപ്ടിക്' എന്ന വിശേഷണ പദത്തോടുകൂടി വ്യവഹരിക്കപ്പെടുന്ന എത്യോപ്യൻ ക്രിസ്തീയ സഭ കേരളത്തിലെ സുറിയാനി ക്രിസ്തീയ സഭയെപ്പോലെ (മാർത്തോമ ക്രിസ്ത്യാനികളെന്നു പാഠഭേദം) ക്രിസ്തു ശിഷ്യൻമാരുടെ കാലംതൊട്ടുള്ള ഒരു സ്വതന്ത്ര സഭയാണെന്ന് കരുതപ്പെടുന്നു. എന്നു മത്രമല്ല, അത് നിലവിലുള്ള യൂറോപ്യൻ സഭകളിൽ നിന്ന് സ്വതന്ത്രവും വ്യത്യസ്തവുമാണ്. പഴയ നിയമത്തിലെ സോളമൻ രാജാവിന്റെ കാലത്തെ ഇതിഹാസതുല്യയും വിലാസവതിയും കാമിനിയുമായിരുന്ന ശേബാ രാജ്ഞിയുടെ നാടുമാണത്. റോമൻ കത്തോലിക്കാ സഭയോടോ 16-ാം നൂറ്റാണ്ടിൽ മാർട്ടിൻ ലൂഥറെ തുടർന്ന് രൂപംകൊണ്ട പ്രൊട്ടസ്റ്റെന്റ് സഭകളോടോ വിധേയത്വമില്ലാത്ത പശ്ചിമേഷ്യൻ സുറിയാനി സഭകളോടാണ് എത്യോപ്യക്കാർക്ക് ആത്മീയമായ അടുപ്പം. മലങ്കര സുറിയാനി സഭകളുടെ ഈ വ്യത്യസ്ത വ്യക്തിത്വത്തിന് പിൽക്കാലത്ത് ദാർശനികവും ഐതിഹാസികവുമായ യുക്തി നൽകിയ മാർഗ്രിഗോറിയോസിന് എത്യോപ്യൻ കോപ്ടിക് സഭയോട് ഹൃദ്യവേഴ്ച തോന്നിയത് ആകസ്മികമല്ല. ഈ വസ്തുതയും ഈ യുവ ധിഷ്ണാശാലിയെ എത്യോപ്യയിലേക്ക് ആകർഷിച്ചിരിക്കണം.

യുദ്ധാനന്തരം ഏത്യോപ്യയിൽ ആധുനിക വിദ്യാഭ്യാസ സംഘാടനത്തിനായി കേരളത്തിൽ നിന്നും ക്രിസ്ത്യൻ അധ്യാപകരെ തേടുകയായിരുന്നു ഹെയ്ലി സെലാസി ചക്രവർത്തി. എത്യോപ്യയിലെ പ്രാചീന കോപ്ടിക് ക്രിസ്തീയസഭയും കേരളത്തിലെ പരമ്പരാഗത മാർത്തോമാ ക്രിസ്ത്യാനികളും ഒരേപോലെ ഉത്ഭവത്തിലും വികാസത്തിലും സ്വഭാവത്തിലും പടിഞ്ഞാറൻ സഭകളിൽ നിന്നും വ്യത്യസ്തമായിരുന്നതാകാം സെലാസിയുടെ അധ്യാപക അന്വേഷണം

കേരളത്തിൽ എത്തിച്ചത്.

ഇന്നത്തെ എത്യോപ്യ എന്ന അന്നത്തെ അബിസീനിയയെ ഫാസിസ്റ്റ് സ്വേച്ഛാധിപതി മുസ്സോളിനി ആക്രമിച്ചു കീഴ്പ്പെടുത്തിയപ്പോൾ (1935-36) അതിനെതിരെ ഉയർന്ന ഉജ്ജ്വല പ്രതിഷേധങ്ങളിൽ അന്നൊരു സ്വാതന്ത്ര്യ സമരസേനാനി മാത്രമായിരുന്ന ജവഹർലാൽ നെഹ്റുവിന്റേയും മറ്റും ശബ്ദം മുഴങ്ങിക്കേട്ടതും സെലാസിയെ ഇന്ത്യയിലേക്ക് ആകർഷിച്ചു. അക്കാലത്ത് രോഗിണിയായിരുന്ന ഭാര്യ കമലയെ ശുശ്രൂഷിക്കാനും ഇന്ത്യൻ സ്വാതന്ത്ര്യ സമരപ്രചാരണത്തിനുമായി യൂറോപ്പിലെത്തിയ നെഹ്റുവിനെ മുസ്സോളിനി ഒരു സന്ദർശനത്തിനായി ക്ഷണിച്ചത് അദ്ദേഹം നിരസിച്ചു. ബ്രിട്ടീഷ് സാമ്രാജ്യമേധാവികളുടേയും പോലീസിന്റേയും വേട്ടയ്ക്കിരയായി ഒരഭയാർത്ഥിയെപ്പോലെ പ്രവാസിയായി അലഞ്ഞു നടന്നിരുന്ന നെഹ്റു പരാക്രമിയും ശക്തനുമായ ഒരു രാഷ്ട്രത്തലവന്റെ ക്ഷണം നിരസിച്ചത് ആദർശശുദ്ധിയുടേയും ധീരതയുടേയും തെളിവായി അന്ന് പ്രകീർത്തിക്കപ്പെട്ടു. അധികാരത്തിന്റെ ഉത്തുംഗ സോപാനത്തിൽ വിഹരിച്ചിരുന്ന മുസ്സോളിനിയെ സന്ദർശിക്കാൻ വിസമ്മതിച്ച നെഹ്റു ലണ്ടനിൽ ആതിഥേയരുടെ ഔദാര്യത്തിൽ ഉപജീവനം കഴിച്ച് പ്രവാസിയായിക്കഴിഞ്ഞിരുന്ന സെലാസിയെ സന്ദർശിക്കുകകൂടി ചെയ്തു. പിൽക്കാലത്ത് ഫാസിസ്റ്റുകളുടെ സഹായത്തോടെ ഇന്ത്യയെ മോചിപ്പിക്കാമെന്ന് വ്യാമോഹിച്ച മഹാനായ ദേശസ്നേഹി നേതാജി സുഭാഷ് ബോസിന്റേതിൽ നിന്ന് വ്യത്യസ്തമായ ഉൾക്കാഴ്ചയാണ് ഇക്കാര്യത്തിൽ നെഹ്റു പ്രകടിപ്പിച്ചത്. ഇതെല്ലാം സെലാസി ചക്രവർത്തിയെ എന്ന പോലെ ഇന്ത്യയിലെ യുവതലമുറയേയും അതിലുൾപ്പെട്ട പ്രതിഭാശാലിയായ പോൾ വർഗീസിനേയും സ്വാധീനിച്ചു.

വിചാരസമസ്യ

പറങ്കികളേയും മറ്റ് യൂറോപ്യൻമാരേയുംകാൾ നേരത്തേ ക്രിസ്ത്യാനികളായ മലയാളികളുടെ ചരിത്രം 1498 ൽ കോഴിക്കോടിന് വടക്ക് കാപ്പാട്ട് വന്നു കപ്പലിറങ്ങിയ പറങ്കി നാവികൻ വാസ്കോഡ ഗാമയേയും കൂട്ടരേയും അത്ഭുതപ്പെടുത്തി. അതുപോലെ എത്യോപ്യൻ കോപ്ടിക് സഭയും യൂറോപ്യൻമാർക്ക് ഒരു പ്രഹേളികയും സമസ്യയുമായിരുന്നു. തന്റെ പതിമൂന്നാം വയസ്സിൽ പക്ഷാഘാതം മൂലം നിത്യരോഗിണിയായി തീർന്ന തന്റെ അമ്മയിൽ നിന്ന് ലഭിച്ച പഴയ വേദപുസ്തകവും തന്റെ ഇടവകയിലെ നടമേൽപള്ളി വികാരി പി കെ സ്ലീബാ അച്ചനും വർഗീസ് ഹസ്താവലംബമായി. തനി കേരളീയസഭയിൽ ആകൃഷ്ടനായ പോൾ വർഗീസിന് കോപ്ടിക് സഭയോട് ഒരു സവിശേഷ സാഹോദര്യം തോന്നിയതിൽ അത്ഭുതമില്ല.

വിശ്വവിശാലവും അധികാര വിജൃംഭിതവുമായ ലോക ക്രിസ്ത്രീയ സഭകളുടെ ഉന്നത മേഖലകളിലും മറ്റുലോക മതങ്ങളുടെ ഹൃദയ വീഥികളിലും വ്യാപരിക്കുമ്പോഴും ഇന്ത്യൻ ജനസംഖ്യയുടെ ഒരു ശതമാനത്തിൽ കുറവ് മാത്രമുള്ള തന്റെ കൊച്ചുസഭയോടും അതിന്റെ പൈതൃകത്തോടുമുള്ള ഗ്രിഗോറിയോസിന്റെ ആജീവനാന്ത ഭക്തിക്ക് ഊനം തട്ടിയിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ പ്രവർത്തനമേഖലയും സംവാദലോകവും മാത്രമല്ല വിചാര പ്രപഞ്ചവും തന്റെ അതി പ്രാചീന കുലഗുരുവായിരുന്ന നിസ്സയിലെ ഗ്രിഗറിയുടേത് (ക്രി.പി. 335–394) പോലെ അംഗീകൃത സഭാസീമകൾക്കതീതവും സെക്കുലറും അതേ അവസരം പ്രക്ഷുബ്ധവുമായിരുന്നു. എന്നിട്ടും മാതൃസഭയോടുള്ള മമത തന്റെ എളിയവളായ മാതാവിനോടെന്നപോലെ ഗ്രിഗോറിയോസ് തുടർന്നതാണ് അദ്ദേഹത്തിന്റെ വിചാരലോകത്തിലെ സമസ്യ.

ഗ്രിഗോറിയോസിന് ഗ്രിഗറിയോട് പേരിലെന്നപോലെ ചിന്തയിലുമുണ്ടായിരുന്നു സമാനതയും കടപ്പാടും. അത് പിന്നാലെ വിവരിച്ചുകൊള്ളാം. എത്യോപ്യൻ ജാലകത്തിലൂടെ ലഭിച്ച ഉൾക്കാഴ്ചയും പുറംകാഴ്ചയും ഗ്രിഗോറിയോസിന്റെ ചിന്തയേയും ജീവിതചര്യയേയും നിർണ്ണായകമായി സ്വാധീനിച്ചിരുന്നു എന്ന് പറഞ്ഞ് വെക്കുകയേ ഇപ്പോൾ ചെയ്യുന്നുള്ളൂ.

സ്വപ്നം ചിലർക്ക് ചിലകാലം

അങ്ങനെ സഹജവാസനകളും പരമ്പരാഗതവിശ്വാസങ്ങളും സ്വന്തം അന്വേഷണപഠനങ്ങളും പോൾ വർഗീസിന്റെ എത്യോപ്യൻ പ്രവാസത്തിന് വഴിയൊരിക്കിയിരിക്കാമെങ്കിലും അവസാനം അത് സംഭവിച്ചത് ആകസ്മികമായിട്ടാണ്. ഇക്കാലത്ത് ആഫ്രിക്കയിലേക്കും പശ്ചിമേഷ്യൻ ഗൾഫ് രാജ്യങ്ങളിലേക്കും മാത്രമല്ല അമേരിക്കയും ജർമ്മനിയും ഉൾപ്പെടെ വികസിത പാശ്ചാത്യ രാഷ്ട്രങ്ങളിലേക്കും പോവുക എന്നത് മഹത്വാകാംക്ഷയുള്ള യുവതീയുവാക്കളുടെ സാധാരണരീതിയാണ്. അതിനുള്ള സാധ്യതകൾ അന്നത്തേക്കാൾ എത്രയോ കൂടുതലാണിന്ന്. 1940 കളിൽ അതായിരുന്നില്ല സ്ഥിതി. ഉപജീവനത്തിനുള്ള അധ്വാനത്തിലും സഹോദരങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിൽ പോസ്റ്റൽ തൊഴിലാളി യൂണിയൻ പ്രവർത്തനത്തിലും മുഴുകിയിരുന്ന പോൾ വർഗീസിന് വിദേശയാത്രസ്വപ്നം കാണാനല്ലാതെ അതിനാവശ്യമായ യാത്രാചെലവിന് വകയോ കൈപിടിച്ച് കരകയറ്റാൻ സഹായികളോ ഉണ്ടായിരുന്നില്ല.

മാത്രമല്ല മറ്റു ചിലപ്രേരണകൾ അദ്ദേഹത്തെ നാട്ടിൽ നിൽക്കാനും പ്രേരിപ്പിച്ചുപോന്നു. ജോർജ് ചടയംമുറി, പി ഗംഗാധരൻ, കെ കെ

വാര്യർ, മത്തായി മാഞ്ഞൂരാൻ തുടങ്ങി കൊച്ചി സംസ്ഥാനത്തെ ആദ്യ കാല കമ്മ്യൂണിസ്റ്റ്-ട്രേഡ് യൂണിയൻ നേതാക്കൾ വർഗസമരങ്ങളി ലൂടെ ഒരു മഹാപ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നതിന്റെ ഇരമ്പ ലുകൾ കണ്ണും കാതും തുറന്ന് നടന്നിരുന്ന ആ യുവാവ് കണ്ടും കേട്ടും ആവേശം കൊണ്ടിരുന്നു. അവരുമായി എന്തെങ്കിലും ഉറച്ച ബന്ധം സ്ഥാപിക്കാനൊന്നും പോൾ വർഗീസിന് കഴിഞ്ഞിരുന്നില്ലെങ്കിലും ചിലപ്പോൾ അവരെകാണാനും അവരുടെ പ്രസംഗങ്ങൾ കേൾക്കാനും കഴിഞ്ഞിരുന്നതായി അദ്ദേഹം സ്മരിച്ചിരുന്നു. അങ്ങനെ ഒരു ഭാഗത്ത് ദൈവവിളിയും മറുഭാഗത്ത് പടയണിയുടെ ഇരമ്പവും കേട്ട് എങ്ങോട്ടു തിരിയേണ്ടൂ എന്നറിയാതെ അസ്വസ്ഥനായി. സ്ലീബാഅച്ചനും അമ്മയും പഠിപ്പിച്ച പ്രാർഥനയായിരുന്നു അസ്വസ്ഥതകളിൽ നിന്നുള്ള അഭയം.

അങ്ങനെ ഒരുരാത്രി മുട്ടിപ്പായി പ്രാർഥിച്ച് തനിക്കൊരു വഴി കാട്ടേണമേ എന്ന് ദൈവത്തോടിരന്നതിന്റെ പിറ്റേദിവസം ആകസ്മിക മായി ഡോ. ആർ എൻ തോംസൻ എന്നൊരു സായിപ്പിനെ കണ്ടുമുട്ടി യതോടെ പോൾ വർഗീസിന്റെ മുമ്പിൽ ഒരു രാജപാത തുറന്നുകിട്ടി. അത് തന്റെ മുട്ടിപ്പായ പ്രാർഥന ദൈവംതമ്പുരാൻ കേട്ടതിന്റെ ഫല മാണെന്ന് അത്തരം കഥകൾ വിശ്വസിക്കാനിടയില്ലാത്തയാളെന്ന് അറി ഞ്ഞുകൊണ്ടുതന്നെ അദ്ദേഹം ഈ ലേഖകനോട് പറഞ്ഞിട്ടുണ്ട്. 'സ്വ പ്നം ചിലർക്ക് ചിലകാലമൊത്തിടും' എന്ന ആപ്തവാക്യം ഉദ്ധരിച്ച് പ്രതികരിച്ചപ്പോൾ തിരുമേനിയുടെ സുന്ദരവും വശ്യവുമായ മുഖ ത്തിൽ നിന്നൊരു പൊട്ടിച്ചിരി!

ഡോ.തോംസൺ എത്യോപ്യൻ വിദ്യാഭ്യാസ വകുപ്പിൽ പ്രവർ ത്തിച്ചുവന്ന ഒരു കനഡക്കാരനായിരുന്നു. എത്യോപ്യയിലേക്ക് കുറെ അധ്യാപകരെ ക്ഷണിച്ചുകൊണ്ടുപോകാൻ വന്ന അദ്ദേഹത്തെ തികച്ചും അപ്രതീക്ഷിതമായി തൃപ്പൂണിത്തുറയിലെ തന്റെ ഒരു സുഹൃത്തിന്റെ കടയിൽ വെച്ചാണ് പോൾ വർഗീസ് പരിചയപ്പെട്ടത്. കോട്ടയത്ത് ബിഷപ്പ് ജേക്കബിനെ കാണാൻ യാത്രചെയ്യുമ്പോൾ സ്നേഹിതനോടൊപ്പം തോംസൺ കാറിൽ കയറി. കുറെ ദൂരം യാത്രചെയ്തപ്പോൾ വർഗീസുമായുള്ള സംഭാഷണം സായിപ്പിന് വളരെ ബോധിച്ചു. താൻ എത്യോപ്യയിൽ ജോലി നോക്കാൻ തയ്യാ റുള്ള ചെറുപ്പക്കാരായ അധ്യാപകരെ അന്വേഷിച്ചാണ് വന്നതെന്നും അതിനുപറ്റിയവർ പരിചയക്കാർക്കിടയിൽ ഉണ്ടെങ്കിൽ ശുപാർശ ചെയ്യണമെന്നും സായിപ്പ് നിർദ്ദേശിച്ചപ്പോൾ പോൾ വർഗീസ് അൽപം ചിന്താധീനനായി മൗനം പൂണ്ടു. എന്താണ് ഒന്നും പറയാത്തത് എന്ന് വീണ്ടും തിരക്കിയപ്പോൾ ഞെട്ടിയുണർന്നതുപോലെ പ്രതിവചിച്ചു: "എന്റെ പരിചയക്കാരിൽ അതിനുപറ്റിയവർ ആരെങ്കിലും ഉണ്ടോ

എന്ന് നിശ്ചയമില്ല തിരക്കി നോക്കാം. ഒരാൾ ഞാൻ മതിയെങ്കിൽ വരികയും ചെയ്യാം".

സായിപ്പ് അൽപ്പമൊന്ന് അന്ധാളിച്ചു. ഉന്മേഷപ്രകൃതിയും ബുദ്ധിമാനുമായ യുവാവുണ്ടോ മിക്കവാറും മരുപ്രദേശമായ ആ പിന്നോക്ക നാട്ടിലേക്കു വരുന്നു? നേരിട്ടങ്ങനെ ചോദിക്കാൻ മടിയായതുകൊണ്ടാണ് കൂട്ടുകാർ ആരെങ്കിലും ഇത്തരം ജോലിക്ക് ആവശ്യക്കാരായുണ്ടോ എന്ന് വളഞ്ഞ വഴിയിലൂടെ തിരക്കിയത്. ഇപ്പോഴിതാ തേടിയവള്ളി കാലിൽ ചുറ്റുന്നു. സസന്തോഷം സായിപ്പ് യുവാവിന്റെ നിർദ്ദേശം സ്വീകരിച്ചു.

അപ്പോഴിതാ മറ്റൊരു ദുർഘടം. ബി എ ബിരുദമെങ്കിലും ഉള്ളവരെ മാത്രമേ എത്യോപ്യയിൽ അപ്പോൾ ആവശ്യമുള്ളൂ. പരീക്ഷായോഗ്യത തിരക്കിയപ്പോൾ പോൾ വർഗീസ് വെറും എസ്എസ്എൽസിക്കാരനാണെന്ന് കണ്ട് സായിപ്പ് വിഷണ്ണനായി. എത്യോപ്യ ഉൾപ്പെടെയുള്ള ലോകകാര്യങ്ങളെപ്പറ്റി ഇത്രയേറെ അറിവും മതകാര്യങ്ങളിൽ ഉറച്ച വിശ്വാസത്തോടൊപ്പം അവഗാഹവും സർവ്വോപരി ഇംഗ്ലീഷ് ഭംഗിയായി സംസാരിക്കാനുള്ള കഴിവും അൽപ്പനേരത്തെ സംഭാഷണം കൊണ്ടു തന്നെ തെളിയിച്ച ഈ സുമുഖനായ ചെറുപ്പക്കാരൻ വെറുമൊരു എസ്എസ്എൽസി ക്കാരൻ മാത്രമോ? ഒടുവിൽ പോൾ വർഗീസിന്റെ "ദൈവംതമ്പുരാൻ തന്നെ തുണയ്ക്കെത്തി" സായിപ്പിന്റെ മനംമാറ്റി. തനിക്കിപ്പോൾ ഈ സ്കൂൾ ഫൈനൽക്കാരൻ മാത്രം മതി എന്നദ്ദേഹം നിശ്ചയിച്ചു. ക്ഷണപത്രവും യാത്രാരേഖകളും ഏതാനും ആഴ്ചകൾക്കകം പൂർത്തിയായി. അങ്ങനെ 1947 ആഗസ്റ്റ് 15ലെ ഇന്ത്യൻ സ്വാതന്ത്ര്യ പ്രാപ്തിയെ തുടർന്ന് ഒരു സ്വതന്ത്രരാഷ്ട്രത്തിലെ പൗരനെന്ന അഭിമാനബോധത്തോടെ പോൾ വർഗീസ് നവംബറിൽ എത്യോപ്യയിലേക്ക് യാത്ര പുറപ്പെട്ടു. അങ്ങനെ സ്വപ്നം ഫലിച്ചു.

പ്രവാസകാലം ആദ്യഘട്ടം

അങ്ങനെ പ്രാഥമിക ബിരുദം എന്ന ചുരുങ്ങിയ യോഗ്യതപോലും കൂടാതെ അഞ്ചു വർഷക്കാലത്തെ ഗുമസ്തപ്പണിയും ട്രേഡ് യൂണിയൻ പ്രവർത്തനവും മാത്രം കൈമുതലായിട്ടാണ് പോൾ വർഗീസ് കേട്ടുകേൾവി മാത്രമുള്ള വിദൂരദേശത്ത് ചെന്നുപെട്ടതെങ്കിലും അദ്ദേഹത്തിന്റെ അവിടെത്തെ ഉയർച്ച അതിവേഗതയിൽ ആയിരുന്നു. അതിവേഗം അവിടത്തെ സംസ്കാരവും ഭാഷയും (അംഹാരിക്) സ്വായത്തമാക്കിയ പോൾ വർഗീസ് സമർഥനും ഊർജ്ജസ്വലനുമായ അധ്യാപകനാകാൻ കാലമേറെ വേണ്ടിവന്നില്ല. ഡോ. തോംസന്

ആത്മസംതൃപ്തി. അധികം താമസിയാതെ പോൾ വർഗീസ് ചക്രവർത്തിയുടെ ശ്രദ്ധയിൽപ്പെട്ടു. ചക്രവർത്തിയുടെ ആപ്തന്മാരിൽ ഒരാളായി. അതോടൊപ്പം വിദ്യാഭ്യാസവകുപ്പിലും അതിവേഗം ഉയർന്ന് ചക്രവർത്തിയുടെ പ്രത്യേകവാത്സല്യ പാത്രമായി സെലാസി ഹയർസെക്കന്ററി സ്കൂളിൽ എത്യോപ്യൻ ഭാഷാവിഭാഗത്തിന്റെ തലവനുമായി ഈ മലയാളി നിയമിക്കപ്പെട്ടു.

ചക്രവർത്തിയുടെ വിശ്വാസവാത്സല്യങ്ങൾ പോൾ വർഗീസിന്റെ നേരെ കൂടുതൽ കൂടുതൽ വർഷിക്കാൻ തുടങ്ങിയപ്പോൾ ഒരു നിർദ്ദേശവും വന്നു. പോൾ വർഗീസ് എത്യോപ്യൻ പൗരത്വം സ്വീകരിക്കണമെന്നും ചക്രവർത്തിയുടെ പേഴ്സണൽ സ്റ്റാഫിലും ഉപദേശക സമിതിയിലും അംഗമാകണമെന്നുമായിരുന്നു ആ നിർദ്ദേശം. പല കാരണങ്ങൾ കൊണ്ട് വളരെയേറെ ഉയർച്ചയ്ക്ക് വഴിവെക്കുന്ന ഈ നിർദ്ദേശങ്ങൾ പോൾ വർഗീസിന് കൃതജ്ഞതാപൂർവ്വം നിരസിക്കേണ്ടിവന്നു. എത്ര പ്രലോഭനങ്ങൾ ഉണ്ടായാലും ഇന്ത്യൻ പൗരത്വം ഉപേക്ഷിക്കുന്ന പ്രശ്നം ആ യുവാവിന്റെ മനസ്സിൽ ഒരിക്കൽ പോലും നിഴലാടിയിട്ടുകൂടിയില്ല. അത് അദ്ദേഹത്തിന് ഒരു ദേശാഭിമാനത്തിന്റെ പ്രശ്നം മാത്രമായിരുന്നില്ല. യൗവനാരംഭത്തിൽ തന്നെ തന്നിൽ വേരുപിടിച്ച ചില സൈദ്ധാന്തിക ധാരണകളുടേയും മതപരമായ കാഴ്ചപ്പാടിന്റേയും പ്രത്യയശാസ്ത്ര പ്രതിബദ്ധതയുടേയും ഒരു പ്രശ്നമായിരുന്നു അത്. എത്യോപ്യയിൽ അദ്ദേഹത്തെ ആകർഷിച്ച ഘടകങ്ങൾ തന്നെ ജന്മനാടിന്റെ പൗരത്വം ഉപേക്ഷിക്കുന്നതിന് പ്രതിബന്ധമായി വർത്തിച്ചു.

അന്വേഷണവും പഠനവും പ്രേഷിതവൃത്തിയും സംബന്ധിച്ച തന്റെ ഭാവനകൾ എത്യോപ്യയുടെ പരിധിയിലോ ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ പരിധിയിലോ പോലും ഒതുങ്ങുന്നതായിരുന്നില്ല. അതുകൊണ്ട് വിശാലമായ വിശ്വത്തിലേക്ക് വാതിൽ തുറന്നു തന്ന എത്യോപ്യയോടും ചക്രവർത്തിയോടും തികഞ്ഞ കൃതജ്ഞത പുലർത്തിക്കൊണ്ടു തന്നെ തന്റെ ദൗത്യനിർവ്വഹണങ്ങൾക്ക് അവിടത്തെ സ്വർണപഞ്ജരം വിട്ടുപോകാതെ കഴിയില്ലെന്നു പോൾ വർഗീസ് നിശ്ചയിച്ചു. യുക്തിസഹമായ ഒരു ഉപജീവനമാർഗവും തന്റെ മുമ്പിൽ ഇല്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് പോൾ വർഗീസ് ആ തീരുമാനത്തിൽ എത്തിയത്. മൂന്ന് വർഷത്തെ സേവനത്തിനു ശേഷം 1950 ൽ അദ്ദേഹം എത്യോപ്യയിലെ പ്രവാസം മതിയാക്കി മറ്റു ചില ലക്ഷ്യങ്ങളെ മുൻനിർത്തി യാത്രയായി. അടുത്തതായി അദ്ദേഹം ചെന്നെത്തിയ താവളം അമേരിക്കൻ ഐക്യനാട്ടിലെ ഇന്ത്യാനാ സംസ്ഥാനമായിരുന്നു. അവിടെ ബിരുദ പഠനത്തിനായി ഒരു കോളേജിൽ ചേർന്നു.

എത്യോപ്യൻ സേവനകാലത്തെ ശമ്പളമിച്ചവും സ്കോളർഷിപ്പുകളും കൊണ്ട് നാലുവർഷം കൊണ്ട് പൂർത്തിയാക്കേണ്ട ബിരുദപഠനം രണ്ടു വർഷം കൊണ്ട് പൂർത്തിയാക്കി ഒന്നാമനായി ജയിച്ചു. ആ സർവ്വകലാശാലയിൽ അങ്ങനെ കോഴ്സുകൾ "ടെലസ്കോപ്പ് ചെയ്യാൻ" (കഴിവു തെളിയിക്കുന്നവർക്ക് കാലയളവു കുറച്ച് അവസാന പരീക്ഷയ്ക്കിരിക്കാനുള്ള സൗകര്യം) വ്യവസ്ഥയുണ്ട്.

ഇന്ത്യാനയിലെ പഠനത്തിനുശേഷം ഓക്കലഹോമ, ന്യൂയോർക്ക്, പ്രിൻസ്റ്റൺ തുടങ്ങിയ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട സെമിനാരികളിലും വേദശാസ്ത്രപീഠങ്ങളിലും പഠിക്കാൻ പോൾ വർഗീസിന് സന്ദർഭവും ക്ഷണവും ലഭിച്ചത് ഉപയോഗപ്പെടുത്തി 1954 ആകുമ്പോഴേക്കും ബിരുദാനന്തര ബിരുദവും സകലബിരുദങ്ങളേയും പിന്തള്ളുന്ന വമ്പിച്ച വിജ്ഞാന ഭാരവും നേടി അദ്ദേഹം വിജയശ്രീലാളിതനായി വീണ്ടും എളിയ തൃപ്പൂണിത്തുറയിൽ എത്തി. ●

അധ്യായം 3

വീണ്ടും എത്യോപ്യ: പഠനവും പൗരോഹിത്യവും

ആയിരത്തി തൊള്ളായിരത്തി അമ്പത്തിനാലിൽ കേരളത്തിൽ തിരിച്ചെത്തിയപ്പോൾ പോൾ വർഗീസ് ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ ഓണററി അടിസ്ഥാനത്തിൽ ലക്ചററായി. അതോടൊപ്പം സാമൂഹ്യസേവന തൃഷ്ണയുള്ള അധ്യാപകരും വിദ്യാർഥികളും മറ്റും ചേർന്ന് നടത്തി വന്ന ആലുവാ സെറ്റിൽമെന്റിലും ആലുവാ ഫെലോഷിപ്പ് ഹൗസിലും പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്തു. കേരളാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഓർത്തഡോക്സ് വിദ്യാർഥി പ്രസ്ഥാനവും ലോകവ്യാപകമായി പ്രവർത്തിക്കുന്ന സ്റ്റുഡന്റ്സ് ക്രിസ്ത്യൻ മൂവ്മെന്റും (എസ് സി എം) പോൾ വർഗീസിന് തന്റെ പഠനത്തിന്റെ മാറ്റുരച്ചുനോക്കാനും അതേസമയം സാമൂഹ്യ പ്രവർത്തനങ്ങളിലേർപ്പെടാനും അവസരം നൽകി. ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജും ആലുവാ സെറ്റിൽമെന്റുമെല്ലാം ഈ മാതിരി പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായിരുന്നു.

ആലുവാ യു സി കോളേജ് 1940 കൾ തൊട്ടുതന്നെ ഇടതുപക്ഷ ചിന്തകളുടെയും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും കമ്യൂണിസ്റ്റുകാർക്ക് നേതൃത്വമുള്ള വിദ്യാർഥി ഫെഡറേഷന്റെയും വളക്കൂറുള്ള വിളനിലമായിരുന്നു. പിൽക്കാലത്ത് രാഷ്ട്രീയത്തിലും സാഹിത്യ

ത്തിലും നീതിന്യായരംഗത്തും മറ്റും ഉയർന്ന തലങ്ങളിലെത്തിയ പലരും ആലുവാ യു സി കോളേജിന്റെ സന്തതികളായിരുന്നു. പി കെ വാസുദേവൻ നായർ (മുൻ മുഖ്യമന്ത്രി), എം എം അബ്ദുൾ ഖാദർ (അഡ്വക്കേറ്റ് ജനറൽ), എം എം ചെറിയാൻ (മുൻ കെഎസ് ആർടിസി ചെയർമാൻ), കെ സി മാത്യു (എഐടിയുസിയുടെയും ലോക ട്രേഡ് യൂണിയൻ ഫെഡറേഷന്റെയും നേതാവ്), മലയാറ്റൂർ രാമകൃഷ്ണൻ (പ്രശസ്ത സാഹിത്യകാരനും ഐ എ എസുകാരനും), കെ ഗോപാലകൃഷ്ണൻ (മോസ്കോയിലെ പുസ്തകപ്രസാധന സ്ഥാപനത്തിലെ മലയാള വിഭാഗം ചുമതലക്കാരൻ), പന്തളം രവിവർമ (പിൽക്കാലത്ത് പന്തളം കൊട്ടാരത്തിലെ വലിയ തമ്പുരാൻ), ഇ ആർ നീലകണ്ഠൻ നായർ (കമ്യൂണിസ്റ്റ് നേതാവ്), ഡോ. കെ വാസുദേവൻ നായർ (ഡോക്ടർ) കെ ടി തമ്പി (ബഹുരാഷ്ട്ര കമ്പനികളിലെ ചീഫ് എൻജിനിയർ) ജെ ചിത്തരഞ്ജൻ (എം പി) തുടങ്ങി എത്രയെത്ര ഇടതുപക്ഷപ്രവർത്തകരാണ് യു സി കോളേജിൽനിന്ന് രാഷ്ട്രീയത്തിന്റെ ബാലപാഠങ്ങൾ പഠിച്ചത്. മലയാള സാംസ്കാരിക നായകരിൽ പ്രമുഖനും ഇടതുപക്ഷ യുക്തിവാദിയുമായിരുന്ന കുറ്റിപ്പുഴ കൃഷ്ണപിള്ള സംഗീതവിദ്വാനും സാമ്പത്തിക ശാസ്ത്രാധ്യാപകനുമായിരുന്ന പ്രൊഫ. രാമാനുജം തുടങ്ങിയ വമ്പിച്ച വിദ്യാർഥി പ്രീതി നേടിയ പ്രഗൽഭാധ്യാപകർ ഇടതുപക്ഷ വിദ്യാർഥികൾക്ക് ബൗദ്ധികോർജ സ്രോതസുകളായിരുന്നു. ഈ ലേഖകനും അക്കാലത്ത് അവിടെ വിദ്യാർഥിയായിരുന്നു.

യൂത്ത് ക്രിസ്ത്യൻ കൗൺസിൽ ഓഫ് ആക്ഷൻ (യുവ ക്രിസ്ത്യൻ കർമ്മ സമിതി) എസ് സി എം എന്നീ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന എം എം തോമസ് (പിൻക്കാലത്ത് ഡോക്ടർ), എ കെ തമ്പി (കുറെക്കാലം കമ്യൂണിസ്റ്റായിരുന്നു) തുടങ്ങിയവരും സി ജെ തോമസ് (പിൽക്കാലത്ത് പ്രസിദ്ധ സാഹിത്യകാരനും കമ്യൂണിസ്റ്റ് വിരോധിയും) എൻ കെ മാധവൻ, പി കൃഷ്ണപിള്ള, മൊയ്യാരത്ത് ശങ്കരൻ തുടങ്ങിയവരും അവിടെ കൂടെക്കൂടെ വന്നെത്തി വിദ്യാർഥികളുമായി ബന്ധപ്പെട്ടിരുന്നു.

ശോണദശകം

കുറ്റിപ്പുഴയുടെയും രാമാനുജത്തിന്റെയും ഇടതുപക്ഷത്തിന്റെ വിമർശകനായിരുന്ന തത്വശാസ്ത്ര പ്രൊഫസർ സി പി മാത്യുവിന്റെയും (പിൽക്കാലത്ത് കോട്ടയം മണ്ഡലത്തിൽ നിന്ന് കോൺഗ്രസ് എം പി) മറ്റും പരസ്യമായ ഉജ്വല വാദപ്രതിവാദങ്ങൾക്ക് കോളേജ് വിദ്യാർഥിവേദികൾ സന്ദർഭമുണ്ടാക്കി. ഭൂരിപക്ഷം വിദ്യാർഥികൾ കോൺഗ്രസ് ആശയക്കാരും അരാഷ്ട്രീയ ക്രിസ്തുമത വിശ്വാസി

കളും ആയിരുന്നുവെങ്കിലും പ്രഭാഷണ ചാതുരിയും സേവനവ്യഗ്രതയും വായനാശീലവുമുള്ളവർ പ്രായേണ ഇടതുപക്ഷക്കാരായിരുന്നതിനാൽ യു സി കോളേജിന് "കമ്യൂണിസ്റ്റ് കോട്ട" എന്നൊരു വിശേഷണവും വാർന്നു വീണിരുന്നു.

ഇടതുപക്ഷ വിദ്യാർഥികൾക്കിടയിൽ രണ്ടു വിഭാഗങ്ങളുമുണ്ടായിരുന്നു. എം എം തോമസിന്റെയും മറ്റും സ്വാധീനത്തിൽപ്പെട്ട ക്രിസ്ത്യൻ സോഷ്യലിസ്റ്റുകളാണ് ഒരു വിഭാഗം. ഇന്നത്തെ വിമോചന ദൈവശാസ്ത്രമൊന്നും അന്ന് മൂർത്തരൂപം കൊണ്ടിരുന്നില്ല. മാർപ്പാപ്പ ജോൺ 23-മാന്റെ (1958-63) രണ്ടാംവത്തിക്കാൻ കൗൺസിലും 1960കളിലെ വിയത്നാം വിമോചനയുദ്ധവും 1968-69ലെ യൂറോപ്യൻ വിദ്യാർഥി കലാപവും മറ്റും ചേർന്ന ഒരു സവിശേഷ ലോകസാഹചര്യത്തിൽ ജന്മം കൊണ്ട വിമോചനദൈവശാസ്ത്രം 1960കളുടെ സൃഷ്ടിയാണ്. എങ്കിലും അതിനുമുമ്പുതന്നെ ആർനോൾഡ് നൈബുർ, ജോൺ മാക്മുറെ, കാന്റർബറിയിലെ ഡീൻ ഡോ.ഹ്യൂലറ്റ് ജോൺസൺ തുടങ്ങിയ ചില ക്രിസ്തീയ ചിന്തകരുടെ സ്വാധീനം അക്കാലത്ത് കേരളത്തിലും വ്യാപിച്ചുതുടങ്ങിയിരുന്നു. ആലുവാ അത്തരം വിവാദങ്ങളുടെ കേന്ദ്രമായിരുന്നു. രണ്ടാമത്തെ ചിന്താഗതി മാർക്സിസ്റ്റ് സോഷ്യലിസം തന്നെ. കുറ്റിപ്പുഴയെപ്പോലുള്ള അധ്യാപകരും കെ സി മാത്യൂ, എം എം ചെറിയാൻ തുടങ്ങിയ വിദ്യാർഥി നേതാക്കളും ഈ ചിന്തയുടെ വക്താക്കളായിരുന്നു.

1947-ലെ സ്വാതന്ത്ര്യപ്രാപ്തിയും 1948-50 കാലത്തെ കമ്യൂണിസ്റ്റ് വിരുദ്ധ വേട്ടയും ഇടപ്പള്ളി പൊലീസ് സ്റ്റേഷൻ ആക്രമണവും പാർട്ടിയുടെ നിരോധനവും പ്രസ്ഥാനത്തെ അൽപ്പകാലത്തേക്ക് തകിടം മറിച്ചു. 1951ൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ആലുവ ഉൾപ്പെടെയുള്ള ഉത്തരതിരുവിതാംകൂർ മേഖലയാകെ കോൺഗ്രസിനെ നിർമ്മാർജനം ചെയ്ത് കമ്യൂണിസ്റ്റുകാരെയും സഹയാത്രികരെയും വിജയിപ്പിച്ചതും ഇന്ത്യയൊട്ടാകെ ഉണ്ടായ പുത്തനുണർവ്വും പഴയ ഇടതുപക്ഷാന്തരീക്ഷത്തിന് പിന്നെയും ഉന്മേഷം നൽകി. കേരളത്തിന്റെ "ശോണ ദശകം" എന്ന 1950കളുടെ ഊർജസ്വലത രാഷ്ട്രീയത്തിലും സാഹിത്യത്തിലും നാടകം തുടങ്ങിയ കലകളിലും എല്ലാം കാട്ടുതീപോലെ പടർന്നുകയറുകയായിരുന്നു. 1946-47ലെയും 1948-50ലെയും അതിഭീകരമായ കമ്യൂണിസ്റ്റ്വിരുദ്ധ ഫാസിസ്റ്റ് വേട്ടയിൽനിന്നും തീയിൽ ചുട്ട പൊന്നുപോലെ പൂർവാധികം തിളക്കത്തോടെ കമ്യൂണിസ്റ്റ് പ്രസ്ഥാനം ഉയർത്തെഴുന്നേൽക്കുകയായിരുന്നു. അക്കാലത്ത് നാട്ടിലുടനീളം പുതുതായി പ്രത്യക്ഷപ്പെട്ട ഒരുതരം 'അപ്പ'ക്ക് നാട്ടുകാർ ഒരു പേരു നൽകി—കമ്യൂണിസ്റ്റ് പച്ച. എത്ര വെട്ടി അരിഞ്ഞുതള്ളി

യാലും പിന്നെയും തളിർത്തു പച്ചപിടിക്കുന്ന ചെടി എന്നതിനാലാണ് ഈ പേർ വന്നുചേർന്നത്.

അപ്പോഴെക്കും ആലുവായിലെ കമ്യൂണിസം കോളേജിലെ അധ്യാപക വിദ്യാർഥിവരേണ്യ വൃത്തങ്ങളിൽനിന്നും പുറത്തേക്ക് വലിയതോതിൽ വ്യാപിച്ചിരുന്നു. എൻ കെ മാധവൻ, ജെ ടി കായനാട്ട്, ഇ ബാലാനന്ദൻ, അബ്ദുൾ ഖാദർ, ചെറിയാൻ കട്ടക്കയം തുടങ്ങിയവരുടെ നേതൃത്വത്തിൽ ആലുവാ-കളമശ്ശേരി-വാഴക്കുളം മേഖല കരുത്തുറ്റ ഒരു ട്രേഡ് യൂണിയൻ കേന്ദ്രമായിക്കഴിഞ്ഞിരുന്നു.

പുതിയ കർമപഥം

ഈ പുതിയ സാഹചര്യത്തിലാണ്, പൂർവ്വാധികം അടിയുറച്ച രാഷ്ട്രീയ വിശ്വാസങ്ങളോടെ പോൾ വർഗീസ് ആലുവായിലെത്തുന്നത്. എത്യോപ്യയിലെ ജീവിതത്തിനോ അമേരിക്കയിലെ കണ്ണഞ്ചിപ്പിക്കുന്ന സമൃദ്ധിക്കിടയിലെ വേദപഠനങ്ങൾക്കോ ഈ യുവാവിന്റെ 1942-47 കാലത്തെ ട്രേഡ് യൂണിയൻ അനുഭവപാഠങ്ങളെ തേച്ചുമാച്ചുകളയാൻ കഴിഞ്ഞില്ല. പ്രസിഡന്റ് ഐസൻ ഹോവറുടെയും (1890-1969) സ്റ്റേറ്റ് സെക്രട്ടറി ജോൺ ഫോസ്റ്റർ ഡള്ളസിന്റെയും (1888-1959) സർവോപരി കുപ്രസിദ്ധ സെനറ്റർ ജോസഫ് മക്കാർത്തി (1908-1957) യുടെയും കമ്യൂണിസ്റ്റ് വിരുദ്ധ ഭ്രാന്തുകൾ അമേരിക്കൻ വിദ്യാകേന്ദ്രങ്ങളിൽ നിഴൽപരത്തുന്ന കാലത്താണ് പോൾ വർഗീസ് അവിടെ പഠിച്ചിരുന്നത്. പക്ഷെ അതൊന്നും ആ യുവ ഹൃദയത്തിലെ ആദർശശുദ്ധിയെ കീഴടക്കിയില്ല. അധ:സ്ഥിതരോട് ആദിമ ക്രിസ്തുമതത്തിനുണ്ടായിരുന്ന മമത വീണ്ടെടുക്കാനും ക്രിസ്തുമതത്തെ പടിഞ്ഞാറൻ സാമ്രാജ്യവാദികളിൽ നിന്നും വെള്ളമേധാവികളിൽനിന്നും വിമോചിപ്പിക്കാനുമുള്ള അഭിലാഷം അമേരിക്കൻ പ്രവാസകാലത്ത് പോൾ വർഗീസിൽ കൂടുതൽ ശക്തിയാർജ്ജിക്കുകയാണു ചെയ്തത്.

അങ്ങനെ പുത്തൻ അറിവുകളോടെ പുതിയ സാഹചര്യത്തിൽ പുതിയ ചില പ്രവർത്തനപദ്ധതികൾ പോൾ വർഗീസ് ആരംഭിക്കുമ്പോഴേക്കും കടലിനക്കരെനിന്നുള്ള ആഹ്വാനം അദ്ദേഹത്തെ വിണ്ടും ആകർഷിച്ചു. ഇന്ത്യയിലേയും കേരളത്തിലേയും പുതിയ സാഹചര്യങ്ങൾ പോൾ വർഗീസിനെ ഹരം പിടിപ്പിച്ചെങ്കിലും ഇനിയും ചിലത് പഠിക്കാനുണ്ട്, ചില സമസ്യകൾ പൂരിപ്പിക്കേണ്ടതുണ്ട്, തന്നെ കരളുന്ന ചില വികൽപ്പങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട് എന്ന വിചാരം വീണ്ടുമൊരു വിദേശയാത്രക്ക് അദ്ദേഹത്തെ പ്രേരിപ്പിച്ചു. 1956ൽ എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസി ഇന്ത്യയിൽ നടത്തിയ ഔദ്യോഗിക സന്ദർശനവും കേരളത്തിൽ നടത്തിയ വിശദമായ പര്യടനങ്ങളുമാണ് ഈ പുതിയ യാത്രക്ക് കളമൊരുക്കിയത്. ഹെയ്‌ലി

സെലാസി കേരളത്തിലെ പല ക്രിസ്ത്യൻ കേന്ദ്രങ്ങളും ചരിത്രപ്രസിദ്ധമായ പള്ളികളും സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കൂടെ ദ്വിഭാഷിയായി യാത്ര ചെയ്യാൻ നിയോഗിക്കപ്പെട്ടത് എത്യോപ്യയിൽ താമസിച്ച് അവിടത്തെ ഭാഷ പഠിച്ച് ചക്രവർത്തിയുടെ ശ്രദ്ധയിൽപെട്ടിരുന്ന പോൾ വർഗീസിനെയായിരുന്നു.

സെലാസിയുടെ ക്ഷണം

നേരത്തെത്തന്നെ എത്യോപ്യയിൽവെച്ച് തന്റെ ശ്രദ്ധയിൽപ്പെട്ടിരുന്ന പോൾ വർഗീസിനെ തന്റെ യാത്രാസംഘത്തിലെ ബുദ്ധിമാനും കർമകുശലനുമായ ദ്വിഭാഷി എന്ന നിലയിൽ ചക്രവർത്തിക്ക് വളരെ പിടിച്ചു. തന്റെ പേഴ്സണൽ സ്റ്റാഫിൽ അംഗമാകാനും ഉപദേഷ്ടാവായി പ്രവർത്തിക്കാനും അതിനായി തന്റെ കൂടെ എത്യോപ്യക്ക് വരുവാനും ചക്രവർത്തി പോൾ വർഗീസിനെ ക്ഷണിച്ചു.

നേരത്തെ പറഞ്ഞ ഉപരിപഠനപ്രതീക്ഷകളും മറ്റും ചക്രവർത്തിയുടെ ക്ഷണം സ്വീകരിക്കാൻ പോൾ വർഗീസിനെ പ്രേരിപ്പിച്ചുവെങ്കിലും പെട്ടെന്നൊരു തീരുമാനത്തിലെത്താൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഇങ്ങനെയുള്ള സന്ദർഭങ്ങളിലെല്ലാം പോൾ വർഗീസ് മാർഗനിർദ്ദേശത്തിനായി സമീപിക്കുക തന്റെ ദൈവത്തെയാണ്. പലതവണ പ്രാർഥിക്കുകയും ആത്മപരിശോധന നടത്തുകയും ചെയ്തു. തന്റെ സേവനം ആവശ്യമുള്ള രംഗത്തുനിന്നും കൂടുതൽ ജീവിതസൗകര്യങ്ങൾ തേടി താൻ ഒളിച്ചോടുകയാണോ എന്ന ചിന്ത അദ്ദേഹത്തെ അലട്ടി.

ഏകാന്തതയിലുള്ള പ്രാർഥനകൾക്ക് പുറമെ തന്റെ അടുത്ത ചില സുഹൃത്തുക്കളോട് അദ്ദേഹം ഉപദേശം തേടി. അങ്ങനെ ഉപദേശം തേടിയവരിൽ ബഹുഭൂരിപക്ഷവും തന്നെപ്പോലെ വിശ്വാസികളായിരുന്നു, എങ്കിലും ആയിടെ അദ്ദേഹം കണ്ടുമുട്ടിയ (അതോ അന്വേഷിച്ചു കണ്ടെത്തിയതോ എന്നറിയില്ല) പരിചയപ്പെട്ട രണ്ടു അവിശ്വാസികളോടും പോൾ വർഗീസ് പ്രശ്നം ചർച്ച ചെയ്തു. അവർ പ്രൊഫസർ കുറ്റിപ്പുഴയും അക്കാലത്ത് ഉപജീവനത്തിനായി ഒരു പ്രസും ചെറിയ ബിസിനസ്സുകളും നടത്തിക്കൊണ്ട് കമ്യൂണിസ്റ്റ് ട്രേഡ് യൂണിയൻ പ്രവർത്തനം നടത്തിവന്ന ജെ ടി കായനാട്ടുമായിരുന്നു. 1969-ാമാണ്ടിടക്ക് എറണാകുളത്ത് *ദേശാഭിമാനി*യിൽ ഒരു സെമിനാറിലേക്ക് എന്നെ ക്ഷണിക്കാൻ അന്വേഷിച്ചുവന്നു പരിചയപ്പെട്ട ശേഷം ഫാദർ പോൾ വർഗീസിനെക്കുറിച്ച് പറഞ്ഞപ്പോഴാണ് സന്ദർഭവശാൽ അദ്ദേഹവുമായുള്ള ഹ്രസ്വകാല പരിചയത്തെയും ചർച്ചകളെയും കുറിച്ച് കുറ്റിപ്പുഴയും കായനാട്ടും ഈ ലേഖകനോടു പറഞ്ഞത്. ഇന്ത്യൻ പൗരത്വം ഉപേക്ഷിക്കരുത് എന്ന് ഇരുവരും അദ്ദേഹത്തോട്

ഉപദേശിച്ചു. മതവിശ്വാസങ്ങളുടെ കടുത്ത നിഷേധിയായിരുന്നു കുറ്റിപ്പുഴയെങ്കിലും ശ്രീനാരായണഗുരുവിന്റെ ശിഷ്യത്വവും നെയ്ബുറി നേയും ഹ്യൂലറ്റ് ജോൺസണെയും പോലുള്ളവരുടെ കൃതികളുമായുള്ള പരിചയവും പോൾ വർഗീസിന്റെ സംരംഭത്തോട് ഒരു ക്രിയാത്മകമായ സമീപനം കൈക്കൊള്ളാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. പക്ഷേ കായനാട്ടിന് ഇത്തരം മതാത്മക സോഷ്യലിസമൊന്നും ശരിയായി തോന്നിയില്ല. ഉദ്യോഗത്തിനാണെങ്കിൽ കൊള്ളാം, അല്ലാതെ മറ്റു കാര്യങ്ങളൊന്നും എത്യോപ്യയിൽ നേടാനില്ല എന്നോ മറ്റോ ആയിരുന്നുവത്രെ കായനാട്ടിന്റെ പ്രതികരണം. എന്തായിരുന്നു അവരുടെ പ്രതികരണമെന്നൊന്നും വ്യക്തമാക്കാതെ ഇരുവരുമായി കണ്ടുമുട്ടി സംസാരിക്കാറുണ്ടായിരുന്നു എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. കായനാട്ടിന്റെ മരണവിവരം വളരെനാൾ കഴിഞ്ഞ് ഞാനൊരിക്കലറിയിച്ചപ്പോൾ അദ്ദേഹത്തിന്റെ കുടുംബകാര്യങ്ങൾ തിരക്കുകയും കായനാട്ടിന്റെ പ്രസിദ്ധമായ സൽക്കാരപ്രിയത അനുഭവിച്ചിട്ടുള്ള താൻ നേരത്തെ വിവരം അറിഞ്ഞ് ദു:ഖമന്വേഷിച്ചവിടെ പോയില്ലല്ലോ എന്ന് പശ്ചാത്തപിക്കുകയും ചെയ്തു.

വീണ്ടും കടലിനക്കരെ

ഏതായാലും ആലുവായിലും ചുറ്റുപാടും തുടങ്ങിവെച്ചതെല്ലാം ഉപേക്ഷിച്ച് പോൾ വർഗീസ് വീണ്ടും 1956-ൽ എത്യോപ്യക്ക് തിരിച്ചു. കഴിഞ്ഞ തവണത്തെക്കാൾ ഉയർന്ന ഉദ്യോഗവും ഉയർന്ന ശമ്പളവും ലഭിച്ചു. സെലാസിയുടെ ഉപദേഷ്ടാവ് എന്ന നിലയിൽത്തന്ന പ്രവർത്തിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ചക്രവർത്തി സ്ഥാപിച്ചിരുന്ന ഹെയ്ലി സെലാസി ട്രസ്റ്റിന്റെ ചുമതലക്കാരിൽ പ്രമുഖനായും കുറെക്കാലം പോൾ വർഗീസ് പ്രവർത്തിച്ചു.

1958ൽ പോൾ വർഗീസ് തിരിച്ചു നാട്ടിലെത്തുമ്പോഴും ചക്രവർത്തിയുടെ സർവ്വീസിൽ നിന്ന് പിരിഞ്ഞിരുന്നില്ല. എങ്കിലും നേരത്തെ വിവരിച്ച വിധത്തിൽ ഉപരിപഠനവും ഗവേഷണവും അദ്ദേഹത്തെ പേരുകേട്ട ചില പടിഞ്ഞാറൻ സർവകലാശാലകളിലേക്ക് ക്ഷണിക്കുകയായിരുന്നു. അതിനായി ചില എഴുത്തുകുത്തുകൾ നടത്തുകയും ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യാൻ എത്യോപ്യൻ പ്രവാസം അദ്ദേഹത്തിന് ഉതകി. അതിന്റെ ചെലവിലേക്ക് അൽപം പണം സ്വരൂപിക്കാനും. എന്നാൽ കേരളത്തിലെത്തിയപ്പോൾ മറ്റൊരു പ്രശ്നമാണ് അദ്ദേഹത്തെ കൂടുതൽ അലട്ടിയത്. മലങ്കരസഭയിലെ ബാവാ കക്ഷി-മെത്രാൻ കക്ഷി തർക്കം. മലങ്കരസഭയെ സ്വതന്ത്രവും സ്വാശ്രയത്വമുള്ളതുമായി നിലനിർത്താൻ കഴിയുന്ന മെത്രാൻ കക്ഷിയോടായിരുന്നു പോൾ വർഗീസിന് കൂടുതൽ ആഭിമുഖ്യം. ബാവാ കക്ഷിക്കാർ ആവശ്യത്തിലേറെ അന്ത്യോക്യയിലെ പാത്രിയാർക്കീസിനെ ആശ്രയിക്കു

ന്നത് മലങ്കരസഭയുടെ സ്വതന്ത്രപാരമ്പര്യവുമായി ഇണങ്ങുന്നതല്ല എന്നായിരുന്നു പോൾ വർഗീസിന്റെ അന്ത്യം വരെയുള്ള ധാരണ. എന്നാൽ ഇതിനെച്ചൊല്ലി കലഹിക്കുന്നതും ലഹള കൂട്ടുന്നതും ബാലിശവും അനാവശ്യവുമാണെന്ന് കരുതിയ പോൾ വർഗീസ് ആദ്യം മുതലേ ഇത് ഇരുഭാഗവും വിട്ടുവീഴ്ച ചെയ്ത് പരിഹരിക്കണം എന്ന പക്ഷക്കാരനായിരുന്നു. അടിസ്ഥാനപരമായ ക്രിസ്തീയ ദൗത്യത്തിന്റെ നിർവഹണത്തിന് ഇത്തരം കലഹങ്ങൾ വിഘാതമാകുമെന്നും ഈ കക്ഷിവഴക്കുകളുടെ അടിസ്ഥാനപ്രേരണ വിശ്വാസങ്ങളേക്കാൾ കൂടുതൽ താൻപ്രമാണിത്തവും കുറെയൊക്കെ രാഷ്ട്രീയവും ആണെന്നും അദ്ദേഹം വിശ്വസിച്ചു. 1958ൽ കേരളത്തിലെത്തിയ പോൾ വർഗീസ് ഈ കലഹം തീർക്കാൻ തന്റെ യുക്തിസാമർഥ്യവും അനുനയവൈദഗ്ധ്യവും ഉപയോഗപ്പെടുത്തിയെങ്കിലും വളരെയൊന്നും വിജയിച്ചില്ല.

ഡീക്കൻ വർഗീസ്

പുരോഹിതവൃത്തിയാണ് തനിക്ക് ദൈവം കൽപ്പിച്ചിരുക്കുന്നത് എന്ന് കുറെക്കാലമായി പോൾ വർഗീസിന് ബോധ്യപ്പെട്ടുവരികയായിരുന്നു എങ്കിലും സഭാതർക്കങ്ങളിലുള്ള ഇടപെടൽ അദ്ദേഹത്തെ പൗരോഹിത്യത്തിലേക്ക് കൂടുതൽ അടുപ്പിച്ചു. എത്ര അറിവും യുക്തിസാമർഥ്യവുമുണ്ടെങ്കിലും വിശ്വാസികൾക്കിടയിലും സഭയിലും കാര്യമായ സ്വാധീനം ചെലുത്തി ക്രിസ്ത്യാനികളെ അവരുടെ ലൗകികവും പാരത്രികവുമായ ദൗത്യനിർവ്വഹണത്തിലേക്ക് ആനയിക്കാൻ പൗരോഹിത്യപട്ടം അനിവാര്യമാണെന്ന നിഗമനത്തിൽ പോൾ വർഗീസ് എത്തി. പോൾ വർഗീസിന്റെ പ്രതിഭയും പാണ്ഡിത്യവും ആദർശശുദ്ധിയും സഭക്ക് വലിയ മുതൽകൂട്ടാകുമെന്ന് വിശ്വസിക്കുകയും പൗരോഹിത്യശ്രേണിയിൽ അദ്ദേഹത്തിന് വലിയൊരു ഭാവിയുണ്ടെന്ന് മുൻകൂട്ടി കാണുകയും ചെയ്ത മേൽപ്പട്ടക്കാർ പോൾ വർഗീസിന്റെ തീരുമാനത്തെ ഹൃദയംഗമമായി സ്വാഗതം ചെയ്തു.

അങ്ങനെ 1959ൽ പൗരോഹിത്യശ്രേണിയുടെ ആദ്യപടിയായ ശെമ്മാശപട്ടം അദ്ദേഹം കൈക്കൊണ്ടു. പരിശുദ്ധ ബാവ ഗീവർഗീസ് ദ്വിതീയനിൽ നിന്നാണ് അദ്ദേഹം പട്ടമേറ്റത്.

പൂർണപൗരോഹിത്യം നേടാൻ വീണ്ടും രണ്ടു രണ്ടര വർഷം കൂടി വേണ്ടിവന്നു. ശെമ്മാശനായ ശേഷം പഴയ ലാവണത്തിലേക്കു തന്നെ പോയെങ്കിലും അധികം താമസിയാതെ അമേരിക്കൻ ഐക്യനാട്ടിലെ മുതിർന്ന സർവകലാശാലകളിലൊന്നായ യേലിൽ ഡീക്കൻ പോൾ വർഗീസ് ചെന്നെത്തി. അവിടെനിന്നും വേദശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടിയശേഷം ഗവേഷണബിരുദത്തിനായി പോൾ വർഗീസ് ബ്രിട്ടനിലെ സാക്ഷാൽ ഓക്സ്ഫോർഡ് സർവക

ലാശാലയിൽ തന്നെ എത്തി.

ഓക്സ്ഫോർഡും കപ്പഡോക്യയും

ഓക്സ്ഫോർഡ് സർവകലാശാലയിലെ പോൾ വർഗീസിന്റെ പഠനവും ഗവേഷണവും അദ്ദേഹത്തിന്റെ ജീവീതവീക്ഷണത്തിലും ദൈവശാസ്ത്രചിന്തയിലും മാർക്സിസ്റ്റ് ചായ്വിലും നിർണ്ണായകമായ പങ്കാണ് വഹിച്ചത്. ക്രിസ്തുവിനുശേഷം നാലാം നൂറ്റാണ്ടിൽ മധ്യധരണ്യാഴിക്കടുത്തെ കപ്പഡോക്യ എന്ന ക്രൈസ്തവകേന്ദ്രത്തിലെ (റോമൻ സാമ്രാജ്യത്തിന്റെ കിഴക്കു ഭാഗം- ഏഷ്യൻ ആഫ്രിക്കൻ മേഖല) ദൈവശാസ്ത്ര ചിന്തകരും മേൽപ്പട്ടക്കാരും നൽകിയ സംഭാവനകളാണ് പോൾ വർഗീസിന്റെ ഗവേഷണപഠനങ്ങൾക്ക് വിധേയമായത്. കപ്പഡോക്യയിലെ പാത്രിയാർക്കീസ് ബേസിൽ, അദ്ദേഹത്തിന്റെ സഹോദരനും നിസ്സയിലെ മെത്രാനുമായിരുന്ന ഗ്രിഗറി, അവരിരുവരുടെയും അടുത്ത സഹകാരിയും സുഹൃത്തുമായിരുന്ന ഗ്രിഗറി നസിയാൻസെൻ എന്നിവരാണ് ഈ കപ്പഡോക്യൻ പ്രതിഭകളിൽ ത്രിമൂർത്തികൾ. ഇവരിൽ നിസ്സയിലെ ഗ്രിഗറിയാണ് നേരത്തെ പരാമർശിച്ചപോലെ പോൾ വർഗീസിനെ ഏറ്റവുമധികം സ്വാധീനിച്ചത്. തന്റെ തനതായ പൗരസ്ത്യ പരിവേഷം നൽകിയ ക്രിസ്തീയ വേദശാസ്ത്രത്തിൽ മാർക്സിസത്തിനും ഭൗതിക ശാസ്ത്രങ്ങൾക്കും സാമൂഹ്യവിപ്ലവത്തിനും ഒരിടം കണ്ടെത്താൻ പൗരസ്ത്യനായ പൂർവികപിതാവ് എങ്ങനെ എത്രമാത്രം സഹായിച്ചു എന്നത് പിന്നീടു വിവരിക്കുന്നതാണ്.

ഓക്സ്ഫോർഡിലെ പഠന-ഗവേഷണങ്ങൾ പൂർത്തിയാക്കുന്നതിനുമുമ്പു തന്നെ കേരളത്തിലെത്തി പൂർണപുരോഹിതപട്ടം നേടിഡീക്കൻ പോൾ വർഗീസ് ഫാദർ പോൾ വർഗീസായി. 1961 നവംബർ 2-നായിരുന്നു ആ സുപ്രധാനമായ ചടങ്ങു നടന്നത്. മലങ്കര സഭാചരിത്രത്തിൽ അവിസ്മരണീയനായ വിശുദ്ധ പരുമല തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പരുമല ഇടവകയിലാണ് ഫാദർ പോൾ വർഗീസ് ആദ്യമായി വികാരിയായി ചുമതലയേറ്റത്. പമ്പയാറിന്റെ കരയിൽ നിരണത്തിനും മാന്നാറിനും മധ്യേയുള്ള പരുമലപള്ളിയും അതിന്റെ പാരമ്പര്യവും കപ്പഡോക്യൻ പിതാക്കളെപ്പോലെ തന്നെ പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ചിന്തകളിലും മായാത്ത മുദ്രകൾ പതിപ്പിച്ചിരുന്നു. അതോടൊപ്പം മാന്നാർ, തിരുവല്ല, നിരണം, കുട്ടനാട് മേഖലയിലെ രൂക്ഷമായ കർഷകത്തൊഴിലാളി വർഗസമരങ്ങളും അവക്കെതിരെ വൻജന്മിമാരോടും ധനിക കൃഷിക്കാരോടും ചേർന്ന് പള്ളിയധികൃതർ നടത്തിവന്ന ഉപജാപങ്ങളും ഈ യുവവൈദികനെ ഇരുത്തിചിന്തിപ്പിച്ചു. ●

അധ്യായം 4

നിരണം പടയും പരുമല വികാരിയും

ആയിരത്തിതൊള്ളായിരത്തി അറുപത്തിയൊന്ന് നവംബർ രണ്ടിന് ഡീക്കൻ പോൾ വർഗീസ് ഫാദർ പോൾ വർഗീസായി വിശുദ്ധ പരുമല തിരുമേനിയുടെ സ്മരണകൾ ഇരമ്പുന്ന പരുമല പള്ളിയിൽ വികാരിയായി ചുമതലയേൽക്കുമ്പോൾ കേരളം ഒരു പുതിയ വഴിത്തിരിവിലേക്ക് പ്രവേശിക്കുകയായിരുന്നു. 1961 നവംബറിൽ പൗരോഹിത്യ പട്ടം ഏൽക്കുമ്പോഴേക്കും കുപ്രസിദ്ധമായ "വിമോചന സമര"ത്തിന്റെ പെരുമഴ പെയ്തു ഒഴിഞ്ഞിരുന്നു. മരം പെയ്യലും മന്ദഗതിയിലായി. പട്ടം താണുപിള്ളയുടെ പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയും കോൺഗ്രസും മുസ്ലീംലീഗും ചേർന്നുള്ള മുക്കൂട്ടുമുന്നണി വാഴ്ച തുടങ്ങിയിരുന്നു. മുസ്ലീംലീഗിന് മന്ത്രിസ്ഥാനം നൽകുന്നതിനെ ജവാഹർലാൽ നെഹ്റു എതിർത്തിരുന്നതിനാൽ സ്പീക്കർ പദവി കൊണ്ട് അവർ തൃപ്തിപ്പെട്ടുവെങ്കിലും മുക്കൂട്ടുമുന്നണിയിലെ മുന്നാം കക്ഷി അവർ തന്നെയായിരുന്നു. "വിമോചന ലഹള"യുടെ ഏറ്റവും വികൃതവും ബീഭൽസവുമായ മുഖം കാണപ്പെട്ടത് പരുമല ഇടവക ഉൾപ്പെടുന്ന നിരണം, മാന്നാർ, പുളിങ്കുന്ന്, പൊടിയാടി, കുറ്റൂർ തുടങ്ങിയ ധനിക കർഷകമേഖലയിലായിരുന്നു. ഇലഞ്ഞിക്കൽ ബേബി എന്ന ധനിക കോൺഗ്രസ് പ്രമാണിയുടെ നേതൃത്വത്തിൽ കർഷക പ്രമാണിമാരെ തൊപ്പിപ്പാള ഇടുവിച്ച് അണിനിരത്തി ലഹളയ്ക്ക് ആക്കം നൽകിയതും ആ മേഖലയിൽ തന്നെ. "നിരണം പട"യെന്ന്

അറിയപ്പെട്ടിരുന്ന ഈ കാപാലികസംഘം കൊലയും കയ്യേറ്റവും നടത്തിയത് കറുത്ത കർഷകത്തൊഴിലാളി ജനസാമാന്യത്തോടായിരുന്നു. "വിമോചന ലഹള"ക്കുശേഷം നടന്ന തെരഞ്ഞെടുപ്പിൽ പോളിംഗ് ബൂത്തിൽ വോട്ടുചെയ്യാൻ അണിനിരന്ന കോട്ടൂർ കുഞ്ഞുകുഞ്ഞ് എന്ന കർഷകത്തൊഴിലാളിയെ ഇക്കൂട്ടർ കൊലപ്പെടുത്തിയ സംഭവം അക്കാലത്ത് വലിയ കോളിളക്കം സൃഷ്ടിച്ചതാണ്. നിരണം പടയുടെ മുദ്രാവാക്യങ്ങളിൽ ചിലത് ഇന്നു കേൾക്കുമ്പോൾ കോൺഗ്രസുകാർക്ക് ലജ്ജാകരവും അവിശ്വസനീയവുമായി തോന്നാം. കർഷകത്തൊഴിലാളികളെ ചൂണ്ടി മുക്കൂട്ടു പ്രകടനങ്ങളിൽ അവർ ആക്രോശിച്ചു: "പാളേൽ കഞ്ഞി കുടിപ്പിക്കും, തമ്പ്രാനെന്നു വിളിപ്പിക്കും" തുടങ്ങിയ അച്ചടിക്കാൻ പ്രയാസമുള്ള വാക്കുകൾവരെ നീണ്ടുപോയി ഇത്തരം മുദ്രാവാക്യഘോഷങ്ങൾ.

പരുമലയിൽ പുതുതായി പട്ടഭേറ്റുവന്ന വികാരിക്ക് ഉൾക്കൊള്ളാൻ കഴിയുന്നതായിരുന്നില്ല ഇപ്രകാരമുള്ള കോപ്രായങ്ങൾ. പക്ഷേ അവയ്ക്കെതിരെ ചെറുവിരൽ അനക്കാൻപോലും കഴിയുന്നതായിരുന്നില്ല അവിടത്തെ അന്തരീക്ഷം. അപ്പോഴൊന്നും വർഗസമരത്തെയും മാർക്സിസത്തെയും കുറിച്ച് പിൽക്കാലത്ത് ലഭിച്ച കാഴ്ചപ്പാടുകളിൽ എത്തിച്ചേർന്നതുമില്ല. ആത്മസംഘർഷവും മുട്ടിപ്പായ പ്രാർഥനകളും വിപുലമായ പഠനങ്ങളും അദ്ദേഹത്തിന്റെ പരുമല ജീവിതത്തിന്റെ മുദ്രകളായി. വീണ്ടും വിദ്യാഭ്യാസത്തിനും അന്വേഷണത്തിനുമായി പരുമല വിട്ട് വിദേശത്തേക്ക് തിരിച്ച പോൾ വർഗീസിനെ കാത്തിരുന്നത് വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് (കത്തോലിക്കേതര സഭകളുടെ ലോക സഭാസമിതി) ആയിരുന്നു. കേരളത്തിൽ നിന്ന് ഡോക്ടർ എം എം തോമസിനെയും എ കെ തമ്പിയെയും പോലുള്ളവർ അതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുപോന്നിരുന്നു. അന്താരാഷ്ട്ര സഭാസമിതിയുടെ അസോസിയേറ്റ് ജനറൽ സെക്രട്ടറി എന്ന പദവിയാണ് അദ്ദേഹം ഏറ്റത്. സ്റ്റുഡന്റ് സ് ക്രിസ്ത്യൻ മൂവ്മെന്റ് എന്ന എസ് സി എം ഉം സഭാസമിതിയുമെല്ലാം സാമ്രാജ്യവിരുദ്ധ കാഴ്ചപ്പാടിലേക്ക് തിരിയാൻ ഉതകിയ ലോകസാഹചര്യമാണ് പോൾ വർഗീസിനെയും തോമസിനെയും അതുപോലെ മറ്റു പല മൂന്നാംലോക ക്രിസ്തീയ സഭാ പ്രവർത്തകരേയും അതിലേക്ക് ആകർഷിച്ചത്.

തോമസും വർഗീസും ലോകരംഗത്ത്

എം എം തോമസും പോൾ വർഗീസും ഈ ലോകസംഘടനകളുടെ നേതൃസ്ഥാനത്ത് എത്തുന്ന 1960കൾ ലോകമാകെ സാമ്രാജ്യത്വ

വിരുദ്ധസമരം ശക്തിയാർജിച്ചുവന്ന കാലമായിരുന്നു. ആഫ്രിക്കയിലെ കെനിയയിലും തെക്കൻ റൊഡേഷ്യയിലും (ഇന്നത്തെ സാമ്പിയ) വടക്കൻ റൊഡേഷ്യയിലും (ഇന്നത്തെ സിംബാബ്വെ) മൊസാമ്പിക്കിലും ബെൽജിയം കോങ്കോയിലും (ഇന്നത്തെ സയർ) മറ്റും സ്വാതന്ത്ര്യസമരം അതിന്റെ ഉച്ചകോടിയിലേക്ക് നീങ്ങുകയായിരുന്നു. ലാറ്റിൻ അമേരിക്കയിൽ ക്യൂബ വിമോചിപ്പിക്കപ്പെട്ട് (1959) ഫിദൽ കാസ്ട്രോ (1926-) യുടെ നേതൃത്വത്തിൽ മുന്നേറുകയും അമേരിക്കയുടെ രോഷത്തിനും ഭീഷണിക്കും ഇരയായി തലയുയർത്തിപ്പിടിച്ചു നിൽക്കുകയുമായിരുന്നു. ഈ ലോകവ്യാപകമായ സമരങ്ങൾക്ക് നെടുനായകമായി വർത്തിച്ചത് വിയത്നാം പോരാട്ടമായിരുന്നു. ഇതോടൊപ്പം അണ്വായുധ നശീകരണത്തിനും ലോകസമാധാനത്തിനും വേണ്ടിയുള്ള ആഗോള പ്രക്ഷോഭങ്ങളും വ്യാപിച്ചു.

ഈ ആഗോളവ്യാപകമായ മുന്നേറ്റത്തിന് ഉത്തേജകമായി ക്രിസ്തീയ സഭകളിൽ ഒരു സംഭവം നടന്നു. അത് മാർപ്പാപ്പ ജോൺ പോൾ 23-ാമന്റെ നേതൃത്വത്തിൽ നടന്ന രണ്ടാം വർത്തിക്കാൻ സൂനഹദോസ് ആണ്. ഇക്കാലമത്രയും ലോകത്തിലെ പിന്തിരിപ്പൻ കോട്ടയായിരുന്ന കത്തോലിക്കാ സഭയെ പുരോഗതിയുടെയും പരിവർത്തനത്തിന്റെയും വഴിയിലേക്ക് പൂർണമായി തിരിച്ചുവിടാനൊന്നും വെറും അഞ്ചു കൊല്ലം നീണ്ട മാർപ്പാപ്പ പദവിക്കാലത്ത് (1958-63) ജോണിന് കഴിഞ്ഞില്ലെങ്കിലും ആ പിന്തിരിപ്പൻ കരിങ്കോട്ടയിൽ ചില വിള്ളലുകൾ സൃഷ്ടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആ വിള്ളലുകളിൽ കൂടിയാണ് ഇരുളടഞ്ഞ ആ കരിങ്കോട്ടയിലേക്ക് വിമോചന ദൈവശാസ്ത്രത്തിന്റെ പ്രകാശരശ്മികൾ പ്രവേശിച്ചത്.

ലോകപുരോഗമന പ്രസ്ഥാനത്തിനും വിമോചനത്തിനും സോഷ്യലിസത്തിനും അനുകൂലമായ ഈ മാറ്റത്തോടൊപ്പം അവയ്ക്ക് പ്രതികൂലമായ ഒരു കാറ്റാണ് ബെയിജിങ്ങിൽ നിന്നും മോസ്കോയിൽ നിന്നും അടിച്ചത്. ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പിളർപ്പിൽ കലാശിച്ച സോവിയറ്റ്-ചൈന ഭിന്നതയുടെ രൂക്ഷത കുറേയെങ്കിലും കുറച്ചത് മഹാനായ ഹോ ചി മിന്നിന്റെ (1890-1969) നേതൃത്വത്തിൽ നടന്ന ധീരോദാത്തമായ വിയത്നാം സ്വാതന്ത്ര്യസമരമാണ്. ചൈനയുടെയും സോവിയറ്റ് യൂണിയന്റെയും സഹായത്തോടുകൂടി വിയത്നാം നടത്തിയ പോരാട്ടം ലോകത്തിലെ ഏറ്റവും വലിയ സൈനികശക്തിയായ അമേരിക്കൻ ഐക്യനാടിനെ 1975 ആകുമ്പോഴേക്കും തോറ്റ് തൊപ്പയിടിയിച്ചു. ഇതിനിടയിൽ 1968ൽ ഫ്രാൻസിൽ നടന്ന വിദ്യാർഥി കലാപത്തിന്റെ അലകൾ യൂറോപ്പിന്റെ പരിധി വിട്ട് അമേരിക്കയിലേക്കും ഏഷ്യയിൽ ശ്രീലങ്കയിലേക്കും പടർന്നു.

ആഫ്രിക്കൻ രാഷ്ട്രങ്ങൾ ഒന്നൊന്നായി സ്വാതന്ത്ര്യത്തിലേക്ക് നീങ്ങുമ്പോൾ വർണവെറിയന്മാർ ഒറ്റപ്പെടുകയായിരുന്നു.

യുവക്രിസ്ത്യൻ നേതൃത്വം ഇടതുചേരിയിൽ

ഈ കാലയളവിൽ എസ് സി എമ്മും അന്താരാഷ്ട്ര സഭാസമിതിയും ലാറ്റിൻ അമേരിക്കയിലെ വിമോചന ദൈവശാസ്ത്രക്കാരും പടപൊരുതുന്ന മൂന്നാം ലോകരാഷ്ട്രങ്ങളുടെ ചേരിയിലേക്ക് പടിപടിയായി നടന്നടുക്കുമ്പോൾ അവയുടെ സൂത്രധാരസ്ഥാനത്ത് എം എം തോമസും പോൾ വർഗീസും ഉണ്ടായിരുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിലും ഇവർ ചുറ്റിസഞ്ചരിച്ച് സമരങ്ങൾക്ക് ആവേശം നൽകി. അവരോടൊപ്പം ബെൽജിയത്തിലെ ലൂവെയിൽ സർവകലാശാലയിലെ ദൈവശാസ്ത്രാധ്യാപകനായ ഫാദർ ഹുട്ടാർടിനെ പോലുള്ള പല വിമോചന ദൈവശാസ്ത്രജ്ഞന്മാരും ഉണ്ടായിരുന്നു.

എം എം തോമസിന്റെയും പോൾ വർഗീസിന്റെയും സാന്നിധ്യം മുതലാളിത്ത രാജ്യങ്ങളിലോ മൂന്നാം ലോക രാജ്യങ്ങളിലോ ഒതുങ്ങിനിന്നിരുന്നില്ല. സോവിയറ്റ് യൂണിയനും ചൈന ഉൾപ്പെടെയുള്ള സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും അവർക്ക് കൂടെക്കൂടെ ആതിഥ്യം നൽകി.

സ്വന്തമായ പഠനങ്ങളും ഈ സമരങ്ങളുമായുള്ള സമ്പർക്കങ്ങളും പോൾ വർഗീസിനെ പിൽക്കാലത്ത് തനിക്ക് വിശ്വപ്രസിദ്ധി നൽകിയ നിലപാടുകളിലേക്ക് നയിച്ചു.

1967-ൽ കേരളത്തിലെത്തി കോട്ടയത്തെ ഓർത്തഡോക്സ് വൈദികസെമിനാരിയുടെ അധ്യാപകാധ്യക്ഷനായി ചുമതലയേറ്റ ഫാദർ പോൾ വർഗീസ് 1975 ഫെബ്രുവരി 16-ന് മെത്രാപൊലീത്ത പൗലോസ് മാർ ഗ്രിഗോറിയോസ് ആയി സ്ഥാനമേറ്റു. ആ സുപ്രധാന കർമ്മത്തിന് അദ്ദേഹം തെരഞ്ഞെടുത്ത പള്ളി പരുമലയിൽ നിന്നും വളരെയകലെയല്ലാത്ത നിരണം വലിയ പള്ളിയായിരുന്നു. അധികം താമസിയാതെ ഇന്ത്യയുടെ തലസ്ഥാന നഗരിയിലെ വളരെ പ്രാധാന്യമർഹിക്കുന്ന ഭദ്രാസന മെത്രാപൊലീത്തയായി നിയോഗിക്കപ്പെടുകയും ചെയ്തു. പോൾ വർഗീസ് എന്നതിന്റെ പടിഞ്ഞാറൻ പാഠഭേദമാണ് പൗലോസ് മാർ ഗ്രിഗോറിയോസ് എന്നത്.

അധ്യായം 5

നിരണം വികാരി വിശ്വവിശാലതയിലേക്ക്

എത്യോപ്യയിലെ രണ്ടാമൂഴവും കഴിഞ്ഞ് 1959 ൽ കേരളത്തിൽ തിരിച്ചെത്തിയ ടി. പോൾ വർഗീസ് ആദ്യം ശെമ്മാശൻ പട്ടവും തുടർന്ന് 1961 നവംബർ 5 ന് പൂർണ പൗരോഹിത്യപട്ടവും സ്വീകരിച്ച് ഫാദർ ടി പോൾ വർഗീസായി നിരണത്ത് പള്ളി വികാരിയായി നിയമിക്കപ്പെട്ടതുവരെയാണല്ലോ കഴിഞ്ഞ അധ്യായത്തിൽ പ്രതിപാദിച്ചത്. ഇക്കാലയളവിൽ ആഫ്രിക്കയ്ക്കുപുറമേ രണ്ടു തവണയായി അമേരിക്കൻ ഭൂഖണ്ഡവും അദ്ദേഹം സന്ദർശിക്കുകയുണ്ടായി. ആദ്യം ഇന്ത്യാനാ സർവകലാശാലയിൽ പ്രാഥമിക ബിരുദം നേടുന്നതിനും പിന്നീട്, പ്രിൻസ്റ്റൺ, ഒക്കലാഹോമ തുടങ്ങിയ സർവകലാശാലകളിൽ ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടുകയുമായിരുന്നു ഈ സന്ദർശനകാലത്തെ അദ്ദേഹത്തിന്റെ പ്രധാന ലക്ഷ്യം. ആ ലക്ഷ്യം നിറവേറ്റി നാട്ടിൽ തിരിച്ചെത്തി വികാരിപദം ഏറ്റെടുത്തശേഷം അദ്ദേഹത്തിനു വീണ്ടും വിദേശത്തേക്കു പോകേണ്ടതായി വന്നു.

പ്രിൻസ്റ്റൻ സർവകലാശാലയിലെ ബിരുദാനന്തര ബിരുദത്തിനുശേഷം ഗവേഷണബിരുദം കൂടി എടുക്കണമെന്ന ആഗ്രഹമാണ് അദ്ദേഹത്തെ വിദേശത്തേക്ക് ആകർഷിച്ചത്. അതിനായി ആദ്യം അമേരിക്കയിലെ യേൽ സർവകലാശാലയിലാണ് ഗവേഷണം ആരംഭിച്ചതെങ്കിലും അവിടത്തെ ബൗദ്ധിക അന്തരീക്ഷം വേണ്ടത്ര സഹായകമോ നിലവാരമുള്ളതോ ആയി തോന്നാത്തതിനാൽ

അദ്ദേഹം ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡ് സർവകലാശാലയിൽ ഗവേഷണബിരുദത്തിന് പഠനം തുടങ്ങി. ഓക്സ്ഫോർഡിലെ കെബിൾ കോളേജിലാണ് രജിസ്റ്റർ ചെയ്തത്. കൂടുതൽ പരിചയപ്പെട്ടപ്പോൾ പോൾ വർഗീസിന് ഓക്സ്ഫോർഡും തൃപ്തികരമായി തോന്നിയില്ല. പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തോടുള്ള അവരുടെ അവഗണനയും പടിഞ്ഞാറൻ പ്രൊട്ടസ്റ്റന്റ് മതത്തോടുള്ള അതിർകവിഞ്ഞ ആരാധനയും മാത്രമല്ല അവിടെ പ്രകടമായ ആഡംബര ജീവിതത്തിന്റെ ധൂർത്തും ദൈവവിജ്ഞാനീയ സംസ്കാരവുമായി പൊരുത്തപ്പെടുന്നതല്ലെന്നു തോന്നി. എങ്കിലും ഗിൽബർട്ട് റൈൽ, ഹെൻറി ചാട്വിക്, അയാൻ റാംസെ, ആർ സി സെനർ തുടങ്ങിയ വിശ്വപ്രശസ്തരായ പണ്ഡിതാധ്യാപകരുടെ സാന്നിധ്യവും സംഭാഷണവും പോൾ വർഗീസിനെ അവിടെത്തന്നെ പിടിച്ചുനിർത്തി. നേരത്തേ പരാമർശിച്ചതുപോലെ നിസ്സയിലെ ഗ്രിഗറുടെ ജീവിതവും സിദ്ധാന്തങ്ങളും ആയിരുന്നു പോൾ വർഗീസ് ഗവേഷണത്തിന് തിരഞ്ഞെടുത്ത വിഷയം.

ഇങ്ങനെ ഗവേഷണ പഠനങ്ങൾ പുരോഗമിക്കുന്നതിനിടയിലാണ് അഖിലലോകസഭാസമിതിയുടെ ജനീവയിലെ ആസ്ഥാനത്ത് പ്രവർത്തിക്കാൻ പോൾ വർഗീസിന് അതിന്റെ ജനറൽ സെക്രട്ടറി ഡോ. വിസർട്ട് ഹുഫ്റ്റിൽനിന്ന് ഒരു ക്ഷണം ലഭിച്ചത്. ക്ഷണം നിരസിക്കുകയാണുണ്ടായത്. അതിനു രണ്ടു കാരണങ്ങളുണ്ട്. ഓക്സ്ഫോർഡിലെ ഗവേഷണ പഠനം പൂർത്തിയാക്കണം എന്നതായിരുന്നു ഒരു കാരണം. രണ്ടാമത്തെ കാരണം അഖിലലോകസഭാസമിതിയുടെ അതിർകടന്ന പ്രൊട്ടസ്റ്റന്റ് പക്ഷപാതവും പടിഞ്ഞാറൻ രാഷ്ട്രീയാഭിമുഖ്യവുമായി തനിക്ക് പൊരുത്തപ്പെടാൻ കഴിയില്ല എന്നതുമാണ്. അതിനു മറുപടിയായി സഭാസമിതിയുടെ ഈ പക്ഷപാതങ്ങൾ തിരുത്തുക എന്ന ലക്ഷ്യത്തോടെ ആണ് പോൾ വർഗീസിനെ പോലുള്ളൊരാളെ അതിന്റെ ഭാരവാഹികളിലൊരാളായി ക്ഷണിക്കുന്നത് എന്ന വിശദീകരണം ആശാവഹമായിരുന്നു എങ്കിലും നേരത്തേ വിവരിച്ച കാരണങ്ങളാൽ തന്നെ പോൾ വർഗീസ് മുൻ തീരുമാനത്തിൽ ഉറച്ചുനിന്നു. പക്ഷേ അധികം താമസിയാതെ സ്ഥിതിഗതികൾ മാറുകയും തീരുമാനം പുനഃപരിശോധിക്കേണ്ടി വരികയും ചെയ്തു.

അഖിലലോകസഭാസമിതി

റോമൻ കത്തോലിക്കാസഭയുടെ യാഥാസ്ഥിതികത്വത്തിനും അഴിമതിക്കും എതിരായി ജർമൻകാരൻ മാർട്ടിൻ ലൂഥർ എന്ന പുരോഹിതന്റെ നേതൃത്വത്തിൽ പതിനാറാം നൂറ്റാണ്ടിൽ നടന്ന പ്രൊട്ടസ്റ്റന്റ് അഥവാ മതനവീകരണ കലാപത്തിന്റെ ഒരു തുടർച്ചയായി

1910 ൽ ബ്രിട്ടനിലെ എഡിൻബർഗിൽവെച്ചു നടന്ന ലോക മിഷണറി സമ്മേളനത്തിന്റെ ഒരു ഉപോൽപ്പന്നമായി അഖിലലോകസഭാസമിതിയെ കണക്കാക്കാം. രണ്ടു ലോകമഹായുദ്ധങ്ങളും നാസി ഫാസിസ്റ്റ് കടന്നുകയറ്റവും മറ്റും സൃഷ്ടിച്ച അസാധാരണ സാഹചര്യങ്ങൾ മൂലം രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം മാത്രമേ എഡിൻബർഗ് സമ്മേളന നിഗമനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞുള്ളു. അങ്ങനെ എല്ലാ ക്രിസ്തീയസഭകളെയും ഒരു കുടക്കീഴിൽ അണിനിരത്തി ക്രിസ്തുവിന്റെ സന്ദേശം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1948 ൽ നെതർലാൻഡ്സിലെ ആംസ്റ്റർഡാം ആസ്ഥാനമായി അഖിലലോകസഭാസമിതി രൂപീകരിക്കപ്പെട്ടു. എല്ലാ ക്രിസ്തീയസഭകളെയും ഒരു കുടക്കീഴിൽ അണിനിരത്തുകയും അങ്ങനെ എക്യുമെനിക്കൽ അഥവാ വിവിധതരം ക്രിസ്തീയ ജനസേവന യത്നങ്ങളെ ഏകോപിപ്പിക്കുകയും വിവിധ ക്രിസ്തീയ സഭകൾ തമ്മിലുള്ള സൈദ്ധാന്തികവും അനുഷ്ഠാനപരവും ആയ സംവാദങ്ങൾ നടത്തി യോജിപ്പിന്റെ മേഖലകൾ വികസിപ്പിക്കുകയും ആയിരുന്നു സഭാസമിതിയുടെ ലക്ഷ്യം എങ്കിലും റോമൻ കത്തോലിക്കാ സഭയും പ്രൊട്ടസ്റ്റന്റ് സഭകളിലെ തീവ്രവാദി വിഭാഗങ്ങളും സമിതിയിൽ ചേർന്നില്ല. കത്തോലിക്കാസഭ ചിലപ്പോൾ സഭാസമിതി സമ്മേളനങ്ങളിലേക്കും സംവാദസദസ്സുകളിലേക്കും നിരീക്ഷകരെ അയക്കാറുണ്ട്. തുടക്കംതൊട്ടേ ഏതാനും പൗരസ്ത്യസഭകൾ സ്ഥാപകാംഗങ്ങളായി തന്നെ സമിതിയിൽ ചേർന്നെങ്കിലും റഷ്യ ഉൾപ്പെടെ കിഴക്കൻ യൂറോപ്പിലെ പൗരസ്ത്യസഭകൾ ഫലത്തിൽ സമിതിയെ ബഹിഷ്കരിക്കുകയോ അവർ കമ്യൂണിസ്റ്റ് സ്വാധീനത്തിലുള്ളവർ ആണെന്ന കാരണത്താൽ സമിതി അവരെ അകറ്റി നിറുത്തുകയോ ചെയ്തു. സോഷ്യലിസ്റ്റ് മേഖലയ്ക്ക് പുറത്തുള്ള ചില പൗരസ്ത്യസഭകൾ ഇംഗ്ലീഷ്, ഫ്രഞ്ച് തുടങ്ങിയ ആധുനിക ഭാഷകൾ കൈകാര്യം ചെയ്യുന്നവരുടെ ദൗർലഭ്യം മൂലം സമിതിയിൽനിന്ന് വിട്ടുനിന്നതായും പറയപ്പെടുന്നു.

രണ്ടാം ലോകമഹായുദ്ധത്തെ തുടർന്ന് പശ്ചാത്യരാജ്യങ്ങളിൽ പടർന്നുപിടിച്ച കടുത്ത കമ്യൂണിസ്റ്റ് വിരോധവും അമേരിക്കയിലെ മക്കാർത്തിയൻ കമ്യൂണിസ്റ്റ് വിരുദ്ധ ഭ്രാന്തും ആഫ്രോ ഏഷ്യൻ രാജ്യങ്ങളിലെ ദേശീയ സ്വാതന്ത്ര്യ സമരങ്ങളോട് പടിഞ്ഞാറന്മാർ കൈക്കൊണ്ട ശത്രുതാ നിലപാടും സർവോപരി ശീതയുദ്ധം എന്നു വിശേഷിപ്പിക്കപ്പെടുന്ന നയങ്ങളും അഖിലലോകസഭാസമിതിയിലെ നയങ്ങളെ വളരെയേറെ സ്വാധീനിച്ചിരുന്നു. പോൾ വർഗീസ് സഭാസമിതിയുടെ ഭാരവാഹിയാകാൻ വിസമ്മതിച്ചതിന്റെ കാരണങ്ങളിൽ ഇവയും ഉൾക്കൊള്ളുന്നുവെന്ന് അദ്ദേഹം ജനറൽ സെക്രട്ടറി ഡോ.

ഹൂഫ്റ്റിന് എഴുതിയ കത്തിൽ നിന്ന് അനുമാനിക്കാം.

1960 കളുടെ ആദ്യത്തോടുകൂടി അമേരിക്കൻ രാഷ്ട്രീയത്തിൽ മാത്രമല്ല ലോകരാഷ്ട്രീയത്തിൽത്തന്നെ ഒരു പുതുയുഗം പിറക്കുകയായിരുന്നു. ശീതയുദ്ധം അവസാനിച്ചിരുന്നില്ലെങ്കിലും അമേരിക്കൻ ഐക്യനാട്ടിലെയും, അവരുടെ സ്വാധീനത്തിൽപ്പെട്ട മറ്റു രാജ്യങ്ങളിലെയും ജോസഫ് മക്കാർത്തിയൻ ഭ്രാന്ത് തളർന്നുതുടങ്ങിയിരുന്നു. അമേരിക്കയിലെ മാർട്ടിൻ ലൂഥർ കിങ്ങിന്റെ നേതൃത്വത്തിലുള്ള പൗരാവകാശ പ്രക്ഷോഭങ്ങളും വിയത്നാം വിമോചന പോരാട്ടവും ആഫ്രോ ഏഷ്യൻ ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ വിമോചനസമരങ്ങളും മാർപ്പാപ്പ ജോൺ 23-ാമന്റെ നേതൃത്വത്തിൽ നടന്ന രണ്ടാം വത്തിക്കാൻ സുന്നഹദോസിലെ നവീനാശയങ്ങളും ലോകമെങ്ങുമെന്ന പോലെ ക്രിസ്തീയ സഭകളെയും സ്വാധീനിക്കാൻ തുടങ്ങിയിരുന്ന ഘട്ടത്തിലാണ് 1961 ൽ അഖിലലോകസഭാസമിതിയുടെ ചരിത്രത്തിൽ വഴിത്തിരിവു കുറിച്ച ന്യൂ ദില്ലി സമ്മേളനം നടന്നതും പോൾ വർഗീസിന്റെ സമിതിയോടുള്ള നിലപാടിൽ മാറ്റം വരാൻ തുടങ്ങിയതും. 1961 ലെ ന്യൂ ദില്ലി സമ്മേളനത്തെക്കുറിച്ച് പൗലോസ് മാർ ഗ്രിഗോറിയോസ് ഇപ്രകാരം വിവരിക്കുന്നു:

> സഭകളുടെ ലോക കൗൺസിലിന്റെ മൂന്നാമത് അസംബ്ലി 1961 ൽ ന്യൂഡെൽഹിയിൽ ചേർന്നപ്പോൾ മൂന്നു പ്രധാന ബൈബിൾ പഠന നേതാക്കളുടെ കൂട്ടത്തിൽ ഒരാളായി എന്നെയും ക്ഷണിച്ചു. ജർമനിയിലെ ഡോ. മാർട്ടിൻ നീമുള്ളരും യേൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. പോൾ മീനിയറും ആയിരുന്നു മറ്റു രണ്ടുപേർ. ഞാൻ അംഗമായ ഇന്ത്യൻ ഓർത്തഡോക്സ് സഭ (കൗൺസിലിന്റെ ഒരു സ്ഥാപകാംഗം) ഒരു പ്രതിനിധിയായി അസംബ്ലിയിൽ സംബന്ധിക്കാൻ എന്നോടാവശ്യപ്പെട്ടു. രണ്ടു ക്ഷണങ്ങളും ഞാൻ സ്വീകരിച്ചു. പ്രസ്തുത അസംബ്ലി എക്യുമെനിക്കൽ പ്രസ്ഥാനത്തിലേക്കുള്ള എന്റെ പ്രവേശനത്തിന് ഒരു വലിയ അവസരമായി ഉതകി. ഈ പ്രസ്ഥാനത്തിൽനിന്ന് അതുവരെ ഞാൻ ഒരകലം പാലിച്ചുനിൽക്കുകയായിരുന്നു; ഒരു സൗഹാർദ വിമർശകൻ എന്ന നിലയിൽ.
>
> സഭകളുടെ ആഗോളകൗൺസിൽ 1948 ൽ ആരംഭിച്ചപ്പോൾത്തന്നെ പല ഓർത്തഡോക്സ് സഭകളും സ്ഥാപകാംഗങ്ങളായിത്തീർന്നു. ഇന്ത്യ, ഈജിപ്ത്, എത്യോപ്യ, ഗ്രീസ് എന്നീ രാജ്യങ്ങളിലെ ഓർത്തഡോക്സ് സഭകൾ ആ കൂട്ടത്തിൽ പെടുന്നു. എന്നാൽ ബഹുഭൂരിപക്ഷം ഓർത്തഡോക്സ്

സഭകളെയും, അവ കമ്യൂണിസ്റ്റ് ഭരണത്തിൻ കീഴിലായിരുന്നതിനാൽ കൗൺസിലിൽ ചേരുന്നതിൽനിന്നു വിലക്കിയിരുന്നു. 1961 ലെ ന്യൂഡെൽഹി അസംബ്ലിയിൽ മിക്കവാറും എല്ലാവരും തന്നെ വന്നെത്തി. റഷ്യൻ, റുമേനിയൻ, ജോർജിയൻ, അർമീനിയൻ, ബൾഗേറിയൻ, സേർബിയൻ തുടങ്ങിയ മിക്ക ഓർത്തഡോക്സ് സഭകളും എത്തിച്ചേർന്നത് ഒരു മഹാസംഭവമായി. അതോടെ സഭകളുടെ ലോകകൗൺസിലിൽ മൂന്നിലൊരുഭാഗം ഓർത്തഡോക്സുകാരും മൂന്നിൽ രണ്ടുഭാഗം പ്രൊട്ടസ്റ്റന്റുകാരുമായി. എന്നാൽ ജനീവയിലെ സ്റ്റാഫംഗങ്ങൾ എല്ലാം തന്നെ പ്രൊട്ടസ്റ്റന്റുകാരായിരുന്നു. ഗ്രീസിലെ സഭയിൽനിന്നുള്ള പ്രൊഫസർ നിക്കോസ് നിസിയോട്ടിസ് എന്ന അൽമേനി മാത്രമായിരുന്നു പ്രൊട്ടസ്റ്റന്റ് അല്ലാത്ത വ്യക്തി. സ്റ്റാഫിൽ നിയമിക്കുന്നതിന് പാശ്ചാത്യഭാഷകളിൽ നൈപുണ്യമുള്ളവരും യോഗ്യരുമായ ഓർത്തഡോക്സുകാരെ കിട്ടാതിരുന്നതാണ് അതിനു കാരണം. ആ സ്ഥിതിയിൽ ഒരു യുവഭാരതീയ വൈദികനായ ഞാൻ (ഫാദർ പോൾ വർഗീസ് എന്നാണ് ഞാൻ അറിയപ്പെട്ടിരുന്നത്) അസംബ്ലിയിലെത്തിയപ്പോൾ അതു വലിയ മതിപ്പുളവാക്കി. ഓർത്തഡോക്സ്പ്രതിനിധികൾ അത്യാഹ്ലാദഭരിതരായി, അഭിമാനപുളകിതരും. അന്നെനിക്ക് 39 വയസ്സുണ്ട്. ഏതാനും മാസം മുമ്പാണ് ഞാൻ വൈദികപട്ടം സ്വീകരിച്ചത്. ന്യൂഡെൽഹി അസംബ്ലിയിൽ സംബന്ധിച്ചിരുന്ന ഓർത്തഡോക്സ് പ്രതിനിധികളിൽ പലരും ഏതാണ്ട് മൂവായിരം കിലോമീറ്റർ അകലെ കേരളത്തിലേക്കു പോകാൻ തയ്യാറായി. ഓർത്തഡോക്സ് സഭകളുടെ പ്രതിനിധിയായി ജനീവയിലെ സ്റ്റാഫിൽ ചേരാനും ഓർത്തഡോക്സ് വക്താവായി പ്രവർത്തിക്കാനും എന്നെ അനുവദിക്കണമെന്ന് എന്റെ സഭാമേലധ്യക്ഷനോട് അഭ്യർഥിക്കാൻ. (പുറം 22-23, *സ്നേഹത്തിന്റെ സ്വാതന്ത്ര്യം*)

ദില്ലി സമ്മേളനത്തെത്തുടർന്നുള്ള അഖിലലോക സഭാസമിതിയുടെ ചരിത്രം പടിപടിയായി സാമ്രാജ്യവിരുദ്ധവും സോഷ്യലിസ്റ്റ് അനുകൂലവും ആയി ഉയരുന്നതിന്റേതാണ്. സോഷ്യലിസ്റ്റ് രാജ്യങ്ങളിലെല്ലാം സഭാസമിതിക്ക് ആതിഥ്യം അരുളാനും വേദികൾ ഒരുക്കാനും തൽപ്പരരായി. ഈ മാറ്റങ്ങളിൽ ഏറ്റവും വലിയ നേതൃത്വപരമായ പങ്കു വഹിച്ചവരിൽ കേരളീയരായ ഡോ. എം എം തോമസ്, മെത്രാപ്പോലീത്ത പൗലോസ് മാർ ഗ്രിഗോറിയോസ്, കൽദായ സഭാ ബിഷപ്പ്

പൗലോസ് മാർ പൗലോസ്,, പ്രൊഫ. നൈനാൻ കോശി തുടങ്ങിയവർ ഉണ്ടായിരുന്നത് അഭിമാനകരമാണ്. സഭാസമിതിയുടെ ആരോഗ്യകരമായ ഈ പുരോഗതിക്ക് സംഭാവന ചെയ്യുക മാത്രമല്ല അവയിലൂടെ തന്റെ തന്നെ പ്രവർത്തനമണ്ഡലവും വീക്ഷണചക്രവാളവും വികസിച്ചതായി പൗലോസ് മാർ ഗ്രിഗോറിയോസ് രേഖപ്പെടുത്തുന്നു.

> അങ്ങനെ 1962-ൽ എന്റെ ജീവിതത്തിൽ ഒരു പുതിയ അധ്യായം തുടങ്ങി. സഭകളുടെ ലോകകൗൺസിലിന്റെ സ്റ്റാഫംഗം എന്ന നിലയിൽ വിശ്വവ്യാപകമായ സേവനത്തിനും അനുഭവങ്ങൾക്കും രംഗം തുറന്നു കിട്ടി. അതിനു ഞാൻ എക്കാലത്തും കൃതജ്ഞതാനിർഭരനാണ്. 1962 മുതൽ 1967 വരെ ഞാൻ അസോസിയേറ്റ് ജനറൽ സെക്രട്ടറിയും എക്യുമെനിക്കൽ ആക്ഷൻ എന്ന വകുപ്പിന്റെ ഡയറക്ടറുമായി സേവനമനുഷ്ഠിച്ചു. ലോകത്തിലെ മിക്കവാറും പ്രൊട്ടസ്റ്റന്റ്-ഓർത്തഡോക്സ് സഭകൾ സന്ദർശിക്കാൻ എനിക്ക് അവസരം കിട്ടി. രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഒരു നിരീക്ഷകനായി സംബന്ധിക്കാൻ ലഭിച്ച അവസരം ലോകത്തിലെ ക്രൈസ്തവസഭകളുടെ ഉള്ളുകള്ളികൾ ഏറെക്കുറെ മനസ്സിലാക്കാൻ ഉതകി. പ്രകൃതി സുന്ദരമായ ജനീവാ നഗരത്തിൽ സ്വന്തമായ ഒരു അപ്പാർട്ടുമെന്റിൽ സ്വയം ഭക്ഷണം പാകം ചെയ്തും തുണി നനച്ചും ഷോപ്പിംഗ് നടത്തിയും തനിയെ താമസിച്ചിരുന്നത് പുതിയ ഒരു അനുഭവമായി. (ടി പുസ്തകം)

അഖില ലോകസഭാ സമിതിയുടെ സഹകാര്യദർശി എന്ന നിലയിൽ എല്ലാ ഭൂഖണ്ഡങ്ങളിലുമുള്ള പല രാജ്യങ്ങളും സന്ദർശിക്കാനും അവിടുങ്ങളിലെ സിഥിതിഗതികൾ നേരിട്ട് മനസ്സിലാക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ഇവയിലേറ്റവും പ്രധാനം 1962-ൽ സോവിയറ്റ് യൂണിയൻ സന്ദർശിച്ചതാണ്. സോവിയറ്റ് യൂണിയനെ സാമൂഹ്യസമത്വവും ഗുണമേന്മയും നൽകുന്ന ഒരു സോഷ്യലിസ്റ്റ് രാഷ്ട്രം എന്ന നിലയിൽ ഏറെ മതിപ്പോടുകൂടിയും നിരീശ്വരത്വത്തിൽ അധിഷ്ഠിതമായ മത വിരുദ്ധ രാഷ്ട്രം എന്ന നിലയിൽ സംശയദൃഷ്ടിയോടെയും ആണ് പോൾ വർഗീസ് വിഭാവനം ചെയ്തിരുന്നത്. 1962-ലെ സന്ദർശനം തുടർന്നുള്ള നാൽപത്തിയഞ്ചോളം സന്ദർശനങ്ങളിൽ ആദ്യത്തേതായിരുന്നു എന്നു പറയുമ്പോൾ സോവിയറ്റ് യൂണിയന് ഗ്രിഗോറിയോസിനോടും ഗ്രിഗോറിയോസിന് സോവിയറ്റ് യൂണിയനോടും ഉണ്ടായിരുന്ന മമതയുടെയും ബഹുമാനത്തിന്റെയും അളവും ആഴവും ഊഹിക്കാമല്ലോ. പലപ്പോഴും ഒരുന്നതനായ നയതന്ത്ര പ്രതിനിധിയെ

പ്പോലെ വിമാനകവാടങ്ങളിൽ സാധാരണ പരിശോധനയോ രാജ്യത്ത് എവിടെ സന്ദർശിക്കുന്നതിനും നിയന്ത്രണമോ ഇല്ലാതെയാണ് ഗ്രിഗോറിയോസിനെ സോവിയറ്റ് അധികൃതർ സ്വീകരിച്ച് ആദരിച്ച് ആതിഥ്യം അരുളി വന്നത്. അങ്ങനെ സോവിയറ്റ് യൂണിയന്റെ വിശ്വാസം നേടാനും സോവിയറ്റിന്റെ ലോകസമാധാന നയങ്ങളെ മുക്തകണ്ഠം പ്രശംസിക്കാൻ പിശുക്കു കാണിക്കാതിരുന്ന മാർ ഗ്രിഗോറിയോസ് സോവിയറ്റ് യൂണിയനിലെ രാഷ്ട്രീയ വ്യവസ്ഥയിൽ കണ്ട ദൗർബല്യങ്ങൾ മറച്ചുവെക്കുകയും ചെയ്തില്ല. പിൽക്കാലത്ത് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ അടിയന്തരാവസ്ഥയോട് ഗ്രിഗോറിയോസ് വലിയ എതിർപ്പ് പ്രകടിപ്പിക്കാതിരിക്കാനുള്ള കാരണങ്ങളിലൊന്ന് അടിയന്തരാവസ്ഥയെ അനുകൂലിച്ചിരുന്ന സോവിയറ്റ് യൂണിയന്റെ സ്വാധീനമായിരിക്കണമെന്ന് കരുതുന്നവരുണ്ട്.

1967-ൽ അഖിലലോകസഭാ സമിതിയിലെ ഉത്തരവാദിത്വങ്ങൾ അവസാനിപ്പിച്ച് സ്വന്തം നാട്ടിലെത്തി കോട്ടയത്തെ ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ മേലധ്യക്ഷപദം ഏൽക്കുന്നതുവരെയുള്ള അഞ്ചു വർഷക്കാലത്ത് ആ സമിതിക്ക് ഉണ്ടായ വർദ്ധിച്ച പ്രവർത്തനക്ഷമതക്കും പുരോഗമന വീക്ഷണത്തിനും സഹകാര്യദർശി മാത്രമായിരുന്നു എങ്കിലും പോൾ വർഗീസ് നൽകിയ സംഭാവന വലുതായിരുന്നു.

സെമിനാരി മേലധ്യക്ഷൻ

കോട്ടയത്തെ ചുങ്കത്തുള്ള സെമിനാരിയുടെ ചുമതല ഏറ്റെടുത്ത് പല പരിഷ്കാരങ്ങളും അവിടെ വരുത്തണമെന്ന മോഹമാണ് അഖിലലോക സഭാ സമിതി അധികൃതരുടെ നിർബന്ധപൂർവ്വമായ അപേക്ഷകളെ നന്ദിപൂർവ്വം നിരസിച്ച് അദ്ദേഹത്തെ കോട്ടയത്ത് എത്തിച്ചത്. കോട്ടയത്ത് എത്തിയ ശേഷവും സെമിനാരിയുടെ ചുമതലകളോടൊപ്പം കുറെയേറെ സാർവദേശീയ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നിയോഗിക്കപ്പെടുകയും ചെയ്തു. ഈ രണ്ട് മേഖലയിലുള്ള പ്രവർത്തനങ്ങൾക്ക് പുറമേ സ്വന്തം പഠനഗവേഷണങ്ങൾ തുടരാനും ഫാദർ പോൾ വർഗീസ് സമയം കണ്ടെത്തി. അതേ കുറിച്ച് അദ്ദേഹം ആത്മകഥയിൽ ഇപ്രകാരം അനുസ്മരിക്കുന്നു:

> എന്റെ സഭയിലെ വൈദികരെ പരിശീലിപ്പിക്കുന്നതിന് കേരളത്തിൽ കോട്ടയത്തു സ്ഥാപിച്ചിരുന്ന ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ പ്രിൻസിപ്പൽ പദവി ഏറ്റെടുക്കാൻ ഞാൻ കോട്ടയത്തിനു യാത്രയായി. അന്നു മുതൽ ഇന്നു വരെ ഞാൻ ആ പദവിയിൽ തുടരുന്നു. ആ അനുഭവത്തിൽ രണ്ടു

കാര്യങ്ങൾ അവിസ്മരണീയമായി. മിക്കവാറും മുഴുവൻ സമയം തന്നെ അധ്യാപനത്തിനുള്ള അവസരം. രണ്ടാമതായി, വൈദികപരിശീലത്തിനെത്തുന്ന യുവാക്കളുടെ ജീവിതവും ചിന്തയും രൂപപ്പെടുത്താനുള്ള കനകാവസരം. അതിനുംപുറമെ, എന്റെ വിദ്യാർഥികളുടെയും സഹപ്രവർത്തകരുടെയും സഹായത്തോടെ സെമിനാരിയെ ഒന്നാംകിട പരിശീലനസ്ഥാപനമായി ഉയർത്തുന്നതിനു ദൈവം എനിക്കു കൃപ നൽകി.

ജനീവയ്ക്കു പോകാൻ സമയത്ത് ഓക്സ്ഫോർഡിലെ എന്റെ ഡോക്ടറൽ ഗവേഷണപരിപാടി പൂർത്തിയായിരുന്നില്ല. ഇപ്പോഴത് വീണ്ടും സ്വയം ആരംഭിക്കാൻ സമയമായി. പക്ഷെ സെമിനാരിയിൽ നിന്നും എന്റെ സഭയിൽ നിന്നുതന്നെയും പല ആവശ്യങ്ങൾക്കും സമയം കണ്ടുപിടിക്കേണ്ടി വന്നതിനാൽ സ്വതന്ത്രമായ പഠനത്തിന് സമയം കിട്ടിയില്ല. അനേകം സാർവദേശീയ സെമിനാറുകളിൽ പങ്കെടുക്കേണ്ടി വന്നതും, ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ഈജിപ്ത്, സിറിയ, അർമീനിയ, ഇന്ത്യ, എത്യോപ്യ എന്നിവിടങ്ങളിൽ നടന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടി വന്നതും കമ്യൂണിസ്റ്റു രാജ്യങ്ങളിലെ സഭകളുടെ സേവനങ്ങൾക്ക് ഉത്തേജനം നൽകേണ്ടി വന്നതുമെല്ലാം എന്റെ ഒട്ടേറെ സമയം അപഹരിച്ചു. പാശ്ചാത്യസഭകളിൽ മാത്രമല്ല, ആഫ്രിക്കയിലും ഏഷ്യയിലും ഒരു പ്രസംഗകൻ എന്ന നിലയിൽ എന്റെ സേവനത്തിന് ആവശ്യം വർദ്ധിച്ചുകൊണ്ടിരുന്നു.

വാസ്തവം പറഞ്ഞാൽ ജനീവയിൽ സഭകളുടെ ലോക കൗൺസിലിന്റെ സ്റ്റാഫിൽ പ്രവർത്തിക്കുമ്പോഴത്തെക്കാൾ കൂടുതൽ വ്യാപകമായി എന്റെ സാർവദേശീയ പ്രവർത്തനങ്ങൾ. സഭകളുടെ ലോക കൗൺസിലിന്റെ സെൻട്രൽ കമ്മിറ്റിയിൽ അംഗമായി എന്റെ സഭ 1968-ൽ എന്നെ നാമനിർദ്ദേശം ചെയ്തു. 1968 മുതൽ 1975 വരെ കൗൺസിലിന്റെ ഫെയ്ത്ത് ആന്റ് ഓർഡർ കമ്മിഷനിൽ ഞാൻ അംഗമായിരുന്നു. എന്റെ സഭയുടെ ഇന്റർ ചർച്ച് റിലേഷൻസ് സെക്രട്ടറിയായും ഞാൻ നിയോഗിക്കപ്പെട്ടു. വത്തിക്കാനും ഡബ്ലിയു സി സിയും ചേർന്നുള്ള ജോയിന്റ് വർക്കിംഗ് ഗ്രൂപ്പിന്റെ ഒരു സ്ഥാപകാംഗം എന്ന നിലയിൽ ഒരു വ്യാഴവട്ടക്കാലം (1963-1975) പ്രവർത്തിക്കാനായതും പലവിധത്തിൽ പ്രയോജനകരമായി. (പുറം 24-25, ടി പുസ്തകം)

1960-ൽ ഓക്സ്ഫോർഡ് സർവകലാശാലയിൽ ചേർന്ന് നിസ്സയിലെ ഗ്രിഗറിയെ സംബന്ധിച്ച ഗവേഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ ആണല്ലോ പൗരോഹിത്യപട്ടം ലഭിച്ചതും തുടർന്ന് 1961-ലെ ദില്ലി സമ്മേളനത്തിനുശേഷം ലോകസഭാസമിതിയുടെ സഹ കാര്യദർശി സ്ഥാനം സ്വീകരിച്ചതും. തുടർന്ന് തിരക്കേറിയ വർഷങ്ങളിൽ ഗവേഷണപ്രബന്ധം പൂർത്തിയാക്കാനോ ഡോക്ടറേറ്റ് നേടാനോ സാധിച്ചില്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ബിരുദത്തെക്കാൾ നിർണായക പ്രാധാന്യം തന്റെ ആരാധനാപാത്രവും ആദർശഗുരുഭൂതനുമായ നിസ്സയിലെ ഗ്രിഗറിയെക്കുറിച്ചുള്ള പഠനത്തിന്റെ പൂർത്തീകരണം ആയിരുന്നു. അതിനായി സെമിനാരിയിൽ നിന്ന് 1972-ൽ അവധിയെടുത്ത് അദ്ദേഹം പശ്ചിമജർമ്മനിയിലെ വെസ്റ്റ്ഫാലിയയിലെ മ്യൂൺസ്റ്ററിൽ എത്തി ഗ്രിഗറിയുടെ പഠനത്തിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വിദ്യാപീഠത്തിൽ ചേർന്നു. 1975-ൽ ഗവേഷണം പൂർത്തിയാക്കി ഡോക്ടർ ഓഫ് തിയോളജി എന്ന ബിരുദം നേടി. ഗവേഷണപ്രബന്ധം അംഗീകരിച്ച് ഡോക്ടർ ബിരുദം നൽകിയത് ഇന്ത്യയിലെ സെറാമ്പൂർ സർവകലാശാലയായിരുന്നു.

തിരിച്ച് കേരളത്തിൽ എത്തിയ ഫാദർ പോൾ വർഗീസിനെ 1975 ഫെബ്രുവരി 15-ന് സഭാധികൃതർ റമ്പാൻ സ്ഥാനം നൽകുകയും തൊട്ടടുത്ത ദിവസം തന്നെ നിരണം വലിയ പള്ളിയിലെ മെത്രാപോലീത്തയായി പൗലോസ് മാർ ഗ്രിഗോറിയോസ് എന്ന പേരിൽ അഭിഷിക്തനാവുകയും ചെയ്തു. അതേ തുടർന്ന് ഉത്തരഭാരതത്തിന്റെ ചുമതല വഹിക്കാൻ പുതിയതായി രൂപീകരിക്കപ്പെട്ട ദില്ലി ഭദ്രാസന മെത്രാപോലീത്തയായി നിയോഗിക്കപ്പെടുകയും ചെയ്തു. ദില്ലിയിലേക്ക് ആസ്ഥാനം മാറ്റിയപ്പോഴും കോട്ടയം സെമിനാരിയുടെ മേലധ്യക്ഷപദവി തുടരുകയും ഇടയ്ക്കിടയ്ക്ക് കോട്ടയം സന്ദർശിച്ച് കാര്യങ്ങൾ നോക്കി നടത്തുകയും ചെയ്തു വന്നു.

അധ്യായം 6

ദില്ലി മെത്രാപ്പോലീത്തയും അടിയന്തരാവസ്ഥയും

ഡോക്ടർ പൗലോസ് മാർ ഗ്രിഗോറിയോസ് ന്യൂ ദില്ലി മെത്രാപ്പോലീത്തയായി 1975 ൽ നിയോഗിക്കപ്പെട്ട കാര്യം ആണല്ലോ കഴിഞ്ഞ അധ്യായത്തിൽ പറഞ്ഞുനിർത്തിയത്. അങ്ങനെ ദില്ലിയിലേക്കു നിയോഗിക്കപ്പെടുന്നതിനു മുമ്പ് വൈദിക സെമിനാരിയോട് അനുബന്ധിച്ച 'സോഫിയാ സെന്റർ' എന്നൊരു സ്ഥാപനത്തിന് അദ്ദേഹം തുടക്കം കുറിച്ചിരുന്നു. ഗ്രിഗോറിയോസിന്റെ നേതൃത്വത്തിൽ സെമിനാരിയിൽ വിവിധ ചിന്താഗതിക്കാർക്കും മതവിശ്വാസികൾക്കും ഒത്തുചേരാനും സംവാദം നടത്താനും സാഹചര്യം ഉണ്ടായിരുന്നു. എങ്കിലും ഈ വൈവിധ്യം നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്യാൻ ഉതകുന്ന ഒരു സ്ഥാപനം കൂടി ഉണ്ടെങ്കിലേ അത്തരത്തിലുള്ള ഭൗതിക സൗഹൃദവും സംവാദവും കൂടുതൽ ഭദ്രമായ അടിത്തറയിൽ തുടരാൻ കഴിയൂ എന്ന വിശ്വാസമാണ് സോഫിയാ സെന്റർ സ്ഥാപനത്തിലേക്ക് അദ്ദേഹത്തെ നയിച്ചത്. ഈ പേരിന്റെ വിവക്ഷയെയും അർഥവ്യാപ്തിയെയും കുറിച്ച് അദ്ദേഹം ഇപ്രകാരം വിവരിക്കുന്നു:

> മുഴുവൻ സൃഷ്ടിയുടെയും പ്രതിരൂപമാണ് കന്യാമറിയം. സൃഷ്ടി എന്നു പറയുന്നത് ദൈവം തന്റെ മുഖാഭിമുഖമായി സൃഷ്ടിച്ചി

രിക്കുന്നത് Ochma (ദൈവവിജ്ഞാനത്തിന്റെ ദൃഷ്ടപ്രദർശനം) ആണ്. ഭൂമി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രജാലം ഇവയെല്ലാം കൂടിയ സൃഷ്ടികർമ്മം ദൈവവിജ്ഞാനമാണ്. Ochma എന്ന എബ്രായ പദത്തിന്റെ ഗ്രീക്ക് രൂപമാണ് സോഫിയ. എല്ലാ മനുഷ്യരാശിക്കുമായുള്ള ദൈവവിജ്ഞാനം എന്നാണ് അതിനർഥം.

രാഷ്ട്രീയക്കാരും അരാഷ്ട്രീയരും മതവിശ്വാസികളും മതനിഷേധികളും ശാസ്ത്രജ്ഞരും മതവിജ്ഞാനികളും കലാപ്രതിഭകളും സന്യാസിമാരും എന്നുവേണ്ട ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉള്ളവർക്ക് ഒത്തുചേരാനും സംവാദം നടത്താനും പഠിക്കാനും ഉതകുന്ന പരിപാടികളാണ് സോഫിയാ സെന്റർ ഒരുക്കുന്നത്. യോഗം ചേരാനും താമസിക്കാനും ഭക്ഷണം കഴിക്കാനുമുള്ള സംവിധാനങ്ങൾക്കു പുറമേ സുസജ്ജമായ ഗ്രന്ഥശാലയും സോഫിയാ സെന്ററിനെ ഗ്രിഗോറിയോസിന്റെ സ്വപ്നത്തിലുള്ള ഒരു വിദ്യാപീഠമാക്കി മാറ്റിയിരിക്കുന്നു. ഇപ്പോൾ അത് അദ്ദേഹത്തിന്റെ പേരു നൽകാത്ത ഒരു സ്മാരകം കൂടിയാണെന്നു പറയാം.

അടിയന്തരാവസ്ഥയിലെ വികൽപ്പങ്ങൾ

ബൗദ്ധികരംഗത്തും രാഷ്ട്രീയ വ്യവസ്ഥയിലും സാമൂഹ്യവ്യവഹാരങ്ങളിലും ഇത്രമാത്രം വിശാലഹൃദയവും പര മതസഹിഷ്ണുതയും ഉദാരതയും ആജീവനാന്തം പുലർത്തുകയും അവയ്ക്കുവേണ്ടി ലോകമാസകലം ഒരവധൂതനെപ്പോലെ തീർഥയാത്ര നടത്തി പോരാടുകയും ചെയ്ത മെത്രാപ്പോലീത്ത പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ജീവിതത്തിലെ തൃപ്തികരമായ ഉത്തരം കിട്ടാത്ത ഒരു സമസ്യയാണ് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ അടിയന്തരാവസ്ഥ (1975-1977) പ്രഖ്യാപനത്തോടുള്ള അദ്ദേഹത്തിന്റെ പ്രതികരണം. 1975 ൽ ദില്ലിയിൽ മെത്രാപ്പോലീത്തയായി നിയോഗിക്കപ്പെടുന്നതിനുമുമ്പുതന്നെ സാർവദേശീയ രംഗത്തും സോവിയറ്റ് യൂണിയനിലും പ്രശസ്തി ആർജ്ജിച്ചു കഴിഞ്ഞിരുന്ന മാർ ഗ്രിഗോറിയോസ് ഇന്ദിരാഗാന്ധിയുമായി വ്യക്തിപരമായ സൗഹാർദം സ്ഥാപിച്ചിരുന്നു. ദില്ലി ഭദ്രാസനത്തിന്റെ സ്ഥാപനത്തോടുകൂടി ഈ ബന്ധം കൂടുതൽ ദൃഢമാകുകയും ചെയ്തു. അദ്ദേഹത്തിന് എപ്പോൾ വേണമെങ്കിലും ഔപചാരികതയുടെയും ചുവപ്പുനാടയുടെയും പ്രതിബന്ധങ്ങൾ കൂടാതെ പ്രധാനമന്ത്രിയെ ചെന്നുകാണാനും സംസാരിക്കാനും അനുവാദം ഉണ്ടായിരുന്നു. തന്റെ യൗവനകാലം തൊട്ടുള്ള ആരാധനാപാത്രവും വീരപുരുഷനുമായ ജവഹർലാൽ നെഹ്രുവിന്റെ മകളെന്ന നിലയിലും

സോഷ്യലിസത്തിനുവേണ്ടി അധരസേവയെങ്കിലും നടത്തുന്ന ഭരണാധികാരി എന്ന നിലയിലും ആണ് ഈ പരസ്പരസ്നേഹവും ബഹുമാനവും ആരംഭിച്ചത്. എന്നാൽ സോഷ്യലിസത്തിനുവേണ്ടി അധരസേവ നടത്തുമ്പോഴും സ്വജനപക്ഷപാതം, സ്വേച്ഛാധിപത്യപ്രവണത തുടങ്ങിയ ദുർഗുണങ്ങൾ നെഹ്രുവിയൻ പാരമ്പര്യത്തിൽനിന്ന് ഇന്ദിരാഗാന്ധിയെ അകറ്റിക്കൊണ്ടിരുന്നപ്പോഴും അതു തിരിച്ചറിഞ്ഞ് തന്റെ നിലപാടുകൾ വ്യക്തമാക്കാൻ ഗ്രിഗോറിയോസ് തുനിയാതിരുന്നത് എന്തുകൊണ്ടാണെന്ന ചോദ്യം അദ്ദേഹത്തിന്റെ ആരാധകർതന്നെ ഉന്നയിക്കുന്നുണ്ട്. അതിനുള്ള കാരണങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് അടിയന്തരാവസ്ഥയെ ഫാസിസ്റ്റ് വർഗീയശക്തികളെ തടുത്തുനിർത്താനുള്ള ഒരുപാധിയാണെന്ന സോവിയറ്റ് യൂണിയന്റെയും സി പി ഐയുടെയും വാദങ്ങൾ അദ്ദേഹം വിശ്വസിച്ചതാകാം എന്നു നേരത്തേ സൂചിപ്പിച്ചിരുന്നുവല്ലോ.

ഇന്ത്യയിലെ ജനാധിപത്യ നിഷേധത്തിന്റെ പ്രശ്നം സാർവദേശീയ വേദികളിൽ ചർച്ചാ വിഷയം ആകുകയും സ്വാഭാവികമായി അഖിലലോകസഭാസമിതി പ്രതികരണം രേഖപ്പെടുത്തുകയും ചെയ്തു. സഭാസമിതിയുടെ അതുവരെയുള്ള പുരോഗമനപക്ഷത്തേക്കു നീങ്ങുന്ന പ്രക്രിയയുടെ പശ്ചാത്തലത്തിൽ ആ പ്രതികരണം അടിയന്തരാവസ്ഥയ്ക്കു അനുകൂലം ആയിരിക്കാൻ ഇടയില്ലല്ലോ. അടിയന്തരാവസ്ഥയെ സംബന്ധിച്ച സഭാസമിതിയുടെ വിമർശനങ്ങൾ സെക്രട്ടറി ഫിലിപ് പോട്ടർ പ്രധാനമന്ത്രി ഇന്ദിരാഗന്ധിക്ക് അയച്ചതിന്റെ പകർപ്പ് ഗ്രിഗോറിയോസിനും നൽകിയിരുന്നു. 1975 ഒക്ടോബർ 9 ന് ഫിലിപ് പോട്ടർ എഴുതിയ കത്തിനു മാർ ഗ്രിഗോറിയോസ് അയച്ച വിശദമായ മറുപടിയുടെ പ്രസക്തഭാഗങ്ങൾ താഴെ ചേർക്കുന്നു.

> ചുരുക്കത്തിൽ താങ്കളുടെ കത്തിലെ വിവിധ സംഗതികളുടെ മറുപടി എന്ന നിലയ്ക്ക് പറയാനുള്ള കാര്യങ്ങൾ താഴെ കൊടുക്കുന്നു:
>
> 1. ഒരു വലിയ സംഘം ആൾക്കാരെ അറസ്റ്റു ചെയ്യുകയും വിചാരണകൂടാതെ അവരെ തടങ്കലിലാക്കുകയും ചെയ്തു. അവരുടെ എണ്ണം എത്രയുണ്ടെന്നറിയില്ല. അവരിൽ ഒരു വലിയ പങ്കിനെ വിട്ടയച്ചിട്ടുണ്ട്.
>
> 2. ഫാസിസ്റ്റുകളെന്നു വിളിക്കപ്പെട്ട ആർ എസ് എസും ആനന്ദമാർഗികളുമാണ് തടങ്കലിലാക്കപ്പെട്ടവരിൽ ഭൂരിഭാഗവും. കള്ളക്കടത്തുകാരും കരിഞ്ചന്തക്കാരും വ്യാജച്ചരക്കു

കച്ചവടക്കാരുമാണ് മറ്റൊരു വിഭാഗം. കുറെ സർവോദയ നേതാക്കന്മാരും മറ്റു ചിലർ സി പി എമ്മിൽ പെടുന്നവരുമാണ്. തടവിലാക്കപ്പെട്ടവരുടെ യഥാർഥ വിവരം പ്രസിദ്ധപ്പെടുത്തുവാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതിൽ ന്യായീകരണമുണ്ട്.

3. തടവുകാരെ മർദന മുറകൾക്കു വിധേയരാക്കുന്നുവെന്നു ഞാൻ വിചാരിക്കുന്നില്ല. ചില പോലീസുദ്യോഗസ്ഥന്മാർ തങ്ങളുടെ സ്വന്തം വൈരാഗ്യം തീർക്കുന്നതിന് അടിയന്തരാവസ്ഥയെ ഉപയോഗിച്ചു എന്നു ചില പരാതികൾ കിട്ടിയിട്ടുണ്ട്. അടിയന്തരാവസ്ഥയുടെ ദുർവിനിയോഗങ്ങളെപ്പറ്റിയുള്ള പരാതികൾ തക്കതായ കേന്ദ്രങ്ങളിലറിയിച്ചാൽ തെറ്റുകൾ തിരുത്തുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും ഗവൺമെന്റ് തയ്യാറാണ്.

4. താഴെക്കിടയിൽനിന്നുള്ള ജയിലുദ്യോഗസ്ഥന്മാരിൽ നിന്നുള്ള പീഡനങ്ങളെക്കുറിച്ച് ചില റിപ്പോർട്ടുകളുണ്ടായിട്ടുണ്ട്. എന്നാൽ ക്രമീകൃതമായ പീഡനമുറകൾ സ്വീകരിക്കുന്നുവെന്നു ചിന്തിക്കുവാൻ തക്ക കാരണങ്ങളൊന്നുമില്ല. വിട്ടയക്കപ്പെട്ട ചില തടവുകാരോടു ഞാൻ സംസാരിക്കുകയും ചെയ്തു.

5. മനുഷ്യാവകാശങ്ങളുടെ ധ്വംസനം ഉണ്ടായിട്ടുണ്ട്. എന്നാൽ കൂടുതലായി കള്ളക്കടത്തുകാരും കരിഞ്ചന്തക്കാരുമാണ് പിടിക്കപ്പെട്ടിട്ടുള്ളത്. സാധാരണ ജനങ്ങൾക്ക് അതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ വിരളമാണ്.

6. ഇന്ത്യയിലെ ദേശീയ സാഹചര്യത്തെപ്പറ്റിയുള്ള നാലോ അഞ്ചോ ചർച്ചകളിൽ ഞാൻ പങ്കെടുത്തതിൽ തുറന്ന ചർച്ചകളും ഗവൺമെന്റിന്റെ നേരെ ശക്തമായ ആരോപണങ്ങളും ഉന്നയിച്ചിരുന്നു. താങ്കൾ വിചാരിക്കുന്നതുപോലെ ഭീതികാരണം ജനങ്ങൾ വാ മൂടിക്കെട്ടിയിരിക്കുകയല്ല, കുറഞ്ഞപക്ഷം ഇന്നുവരെയെങ്കിലും ഗവൺമെന്റിന്റെ അനുകൂലമല്ലാത്ത യാതൊരു ചർച്ചകളുടെയും ഫലങ്ങൾ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയില്ലെങ്കിലും കുറെയൊക്കെ സ്വതന്ത്ര ചർച്ചകൾ ഞങ്ങളുടെയിടയിലുണ്ട്.

7. കുറേ മാസങ്ങൾ കൂടി അടിയന്തരാവസ്ഥ നീട്ടിക്കൊണ്ടു പോകേണ്ടി വരും. അടിയന്തരാവസ്ഥയ്ക്കു നേരത്തേതന്നെ

വിരാമമിടുന്നതിന് ഡബ്ല്യു സി സി ആവശ്യപ്പെടുന്നതു ന്യായം തന്നെ. എന്നാൽ അതിൽ വലിയ കാര്യമൊന്നുമില്ല. തക്കതായ സമയത്ത് വിരാമമിടുമെന്ന് എനിക്കു തോന്നുന്നു.

8. കുറെ താൽക്കാലിക നേട്ടങ്ങളുടെ താൽപ്പര്യത്തിനുവേണ്ടി ഏകാധിപത്യഭരണത്തിന്റെ ഗുണഗണങ്ങളുടെ കെണിയിൽ വീഴാൻ എനിക്കാഗ്രഹമില്ല. കൂടാതെ ദീർഘകാല പ്രശ്നങ്ങൾക്കുത്തരം അടിയന്തരാവസ്ഥയാണെന്നും ഞാൻ പറയുന്നില്ല. പക്ഷേ പെട്ടെന്നുണ്ടായ നേട്ടങ്ങൾ ഗണ്യമാണെന്നു ഞാൻ കരുതുന്നു.

(a) വിദ്യാർഥികളുടെയും പൊതുജനങ്ങളുടെയും നിരുത്തരവാദപരമായ പ്രവർത്തനങ്ങളും രാഷ്ട്രീയ പ്രക്ഷോഭണങ്ങളും നിയന്ത്രിക്കപ്പെട്ടതോടുകൂടി ഉത്തരവാദിത്വത്തിന്റേതായ ഒരന്തരീക്ഷം ഉടലെടുക്കുന്നതിനു സഹായകമായി. കുറെ വർഷത്തേക്ക് ഈ ശിക്ഷണബോധം നിലനിന്നേക്കും.

(b) പല സംസ്ഥാന ഗവൺമെന്റുകളിലും കേന്ദ്രത്തിലും ഗവൺമെന്റിന്റെ കാര്യക്ഷമത കാര്യമായി വർധിച്ചു.

(c) പല വ്യവസായ മേഖലകളിലും ലക്ഷ്യം സഫലീകരിക്കാൻ പോരുന്നവിധം വ്യവസായരംഗത്തും സമാധാനം കൈവന്നു. ഉൽപ്പാദനം പതിന്മടങ്ങു വർധിച്ചു. താറുമാറായി കിടന്ന പൊതുമേഖല പെട്ടെന്ന് ഉണർവു പ്രാപിച്ചു.

(d) നിയമവിരുദ്ധമായി പ്രവർത്തിച്ചിരുന്ന ഒരു വലിയ സമാന്തര സമ്പദ്ഘടന (കള്ളപ്പണം, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, വ്യാജചരക്കുകച്ചവടം, കൈക്കൂലി മുതലായവ)യെ വെളിച്ചത്താക്കുകയും കാര്യമായി കടിഞ്ഞാണിടുകയും ചെയ്തു. ഈ രംഗം പൊതുവേ ഒളിവിലായിട്ടുണ്ട്. അടിയന്തരാവസ്ഥ പിൻവലിച്ചാൽ അതു തലപൊക്കാൻ സാധ്യതയുണ്ട്.

(e) ശ്രീമതി ഗാന്ധി അധികാരത്തിലിരിക്കുന്നിടത്തോളം സാധാരണ ജനങ്ങളുടെ താൽപര്യത്തെ മറികടന്നു പോകുവാൻ വൻകിട പണച്ചാക്കുകളെ അനുവദിക്കുകയില്ല. അടുത്തുവരുന്ന തിരഞ്ഞെടുപ്പിനുവേണ്ടി അവർക്ക് വിട്ടുവീഴ്ചയ്ക്കു തയ്യാറാവേണ്ടി വരുമെങ്കിലും അത് ഒരു പരിധിക്കുള്ളിൽനിന്നു കൊണ്ടുള്ള വിട്ടുവീഴ്ചയായിരിക്കുമെന്ന് ആശിക്കാം.

9. ജനങ്ങളുടെ പങ്കാളിത്തത്തെപ്പറ്റിയുള്ള താങ്കളുടെ വാദമുഖം വളരെ വികൃതമായാണ് രൂപപ്പെടുത്തിയിരിക്കുന്നത്. പത്ര സ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, അഭിപ്രായപ്രകടന സ്വാതന്ത്ര്യം മുതലായവയെ അനുവദിക്കുന്നതുമൂലം ജനങ്ങളുടെ പങ്കാളിത്തം യഥാർഥമാകണമെന്നില്ല. ഈ സ്വാതന്ത്ര്യങ്ങളൊക്കെ ആവശ്യമാണ്. അടിയന്തരാവസ്ഥയ്ക്കു മുമ്പ് ഈ സ്വാതന്ത്ര്യങ്ങൾ അതിന്റെ മുഴുവൻ അളവിൽത്തന്നെ ഇവിടെ ഉണ്ടായിരുന്നു. എന്നിട്ടും ജനപങ്കാളിത്തം വെറും വട്ടപ്പൂജ്യമായിരുന്നു. അതിനു കാരണം ദേശീയ പദ്ധതി രൂപീകരണവും അവ നടപ്പാക്കലും നിയമനിർമാണ കാഴ്ചപ്പാടിലൊതുങ്ങിയതും ഉദ്യോഗസ്ഥ നിയമപരിപാടികളാൽ നടപ്പിലാക്കിയതിനാലുമാണ്. (പുറം 373-74, *പ്രകാശത്തിലേക്ക് ഒരു തീർഥയാത്ര*)

പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ഈ ന്യായീകരണം പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെയും അവരുടെ പ്രചാരകരുടെയും പ്രഖ്യാപനങ്ങളുടെ ആവർത്തനവിരസമായ മാറ്റൊലി മാത്രമാണെന്ന് പറയേണ്ടതില്ലല്ലോ. അടിസ്ഥാനപരമായി ഇന്ദിരാഗാന്ധിയുടെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യാതെതന്നെ അവരുമായുള്ള സ്വകാര്യ സംഭാഷണങ്ങളിൽ പൗരസ്വാതന്ത്ര്യ നിഷേധങ്ങളെക്കുറിച്ചും പോലീസ് തേർവാഴ്ചയെക്കുറിച്ചും വിമർശിക്കാറുണ്ട് എന്നാണ് ഗ്രിഗോറിയോസ് അവകാശപ്പെടുന്നത്. ഈ നിലപാടുകളെക്കുറിച്ച് വളരെയേറെ വ്യക്തിനിഷ്ഠവും സാധാരണ മാർ ഗ്രിഗോറിയോസ് പ്രകടിപ്പിച്ചു കേട്ടിട്ടില്ലാത്ത യുക്തിരഹിതമായ ഇഷ്ടാനിഷ്ടങ്ങളും കലർത്തി അദ്ദേഹം തരുന്ന ന്യായീകരണം അൽപ്പം വിശദമായിത്തന്നെ ഉദ്ധരിച്ചു ചേർക്കുന്നു:

> പി സി അലക്സാണ്ടർ മുഖേനയാണ് ഇന്ദിരാഗാന്ധിയുമായി എനിക്ക് പരിചയമുണ്ടായത്. എനിക്ക് എല്ലാ സമയത്തും ഇന്ദിരാഗാന്ധിയെ കാണാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇന്ദിരാഗന്ധിയോട് ഒരു കരാർപോലെയുണ്ടായിരുന്നു. അതായത് ഞാൻ പരസ്യവേദികളിൽ ഇന്ദിരാഗാന്ധിയെ വിമർശിക്കുകയില്ല. പക്ഷേ നേരിട്ട് മുഖാമുഖമായി വിമർശിക്കുവാനുള്ള അവകാശവും അവസരവും എനിക്കു തരണമെന്ന് പറഞ്ഞു. അത് അവർ തരുമായിരുന്നു. പലപ്പോഴും ഒറ്റയ്ക്കു കണ്ട്, ചെയ്യുന്നതു തെറ്റാണെന്ന് ധൈര്യത്തോടുകൂടി പറയാൻ സാധിക്കുമായിരുന്നു. ഞാൻ പറയുന്നതിനെ കുറെയൊക്കെ ഗൗരവമായിട്ട് അവർ എടുക്കുകയും ചെയ്തിരുന്നു.

ഞാൻ പരസ്യമായി ഇന്ദിരാഗാന്ധിയെ വിമർശിക്കാത്തതിന്റെ ഒന്നാമത്തെ കാരണം, അവർ പോയിക്കഴിഞ്ഞാൽ വരുന്ന വ്യവസ്ഥിതിയിൽ പിന്നീടുണ്ടായതുപോലെ ജനതാവ്യവസ്ഥിതിയിൽ എനിക്ക് ഒട്ടും കോൺഫിഡൻസ് ഇല്ലായിരുന്നു, അവരെയൊക്കെ എനിക്കറിയാവുന്നതുമാണ്. മൊറാർജി ദേശായി, ചരൺസിങ്, ജയപ്രകാശ് നാരായണൻ തുടങ്ങിയവരോട് എനിക്കൊട്ടും ബഹുമാനമില്ലായിരുന്നു. അതിനേക്കാൾ ഭേദം ഇന്ദിരാഗാന്ധി തന്നെയാണെന്നുള്ള അഭിപ്രായമാണ് എനിക്കുണ്ടായിരുന്നത്. നേരേമറിച്ച് എന്റെ സുഹൃത്തായ എം എം തോമസിന്റെ അഭിപ്രായം ഇന്ദിരാഗാന്ധിയെ മാറ്റിയാൽ എല്ലാ പ്രശ്നങ്ങളും തീരും എന്നുള്ളതായിരുന്നു. അതിനോട് ഒട്ടും ഞാൻ യോജിക്കുന്നില്ലായിരുന്നു. ഇന്ദിരാഗാന്ധിയെ മാറ്റിയതുകൊണ്ട് പ്രശ്നം തീർന്നില്ല എന്ന് എല്ലാവർക്കുമറിയാം. അതു കഴിഞ്ഞുവന്ന ഗവൺമെണ്ട് ഇന്ദിരാഗാന്ധിയുടേതിനേക്കാൾ മോശമായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം.

അടിയന്തരാവസ്ഥയെ പരസ്യമായി കുറ്റം പറഞ്ഞാൽ ഞാനൊരു പ്രത്യേക കൂട്ടത്തിൽ ആയിത്തീരും. മൊറാർജി ദേശായി, ജയപ്രകാശ് നാരായണൻ, ചരൺസിംഗ്, ജോർജ് ഫെർണാണ്ടസ് തുടങ്ങിയ ആളുകളുടെ കൂട്ടത്തിൽ ആയിത്തീരും. ചരൺസിങ്ങിന് അയാൾക്ക് അധികാരം കിട്ടണമെന്ന ഒറ്റ വിചാരമേ ഉണ്ടായിരുന്നുള്ളൂ. മൊറാർജിക്ക് ഇന്ദിരാഗാന്ധിയോട് പകരം വീട്ടുവാൻവേണ്ടി അധികാരസ്ഥാനത്ത് കയറണമെന്ന ആഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. എനിക്ക് അയാളെപ്പറ്റിയും ഒട്ടും ബഹുമാനമില്ല. ഇതുപോലെയുള്ള ആളുകളുടെ കൂട്ടത്തിൽ പോയിപ്പെടാൻ എനിക്ക് ഒട്ടും ഇഷ്ടമില്ല. അന്നും ഇഷ്ടമില്ല ഇന്നും ഇഷ്ടമില്ല. അതുകൊണ്ട് ഞാൻ പരസ്യമായിട്ട് ഒന്നും ചെയ്തില്ല. പക്ഷേ എപ്പോഴും ഇന്ദിരാഗന്ധിയെ പോയിക്കാണുകയും സംസാരിക്കുകയും പ്രശ്നങ്ങൾ തീർക്കാനായി ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഇതേസമയംതന്നെ അടിയന്തരാവസ്ഥക്കാലത്ത് പോലീസിന്റെ അധികാരങ്ങൾ അവർ ദുരുപയോഗം ചെയ്യുന്നതിനെ ഞാൻ ശക്തമായി എതിർക്കുകയും ചെയ്തിരുന്നു. ഞാൻ ഒരിക്കലും അതിന് വഴങ്ങിക്കൊടുക്കുകയുമില്ലായിരുന്നു. പോലീസ് രാജും ഇവിടെ നടപ്പിലാക്കാൻ സാധിക്കുകയില്ല എന്ന് ഇന്ദിരാഗാന്ധിയോട് വളരെ ശക്തമായിട്ടുതന്നെ ഞാൻ

പറഞ്ഞിട്ടുള്ളതുമാണ്. മാക്സിമം പന്ത്രണ്ടു മാസത്തിൽ കൂടുതൽ പോലീസിന് അധികാരം വഹിക്കാൻ സാധ്യമല്ല. പോലീസ് കറപ്റ്റ് ആകും. അങ്ങേയറ്റം പോയാൽ പതിനെട്ടു മാസമേ എടുക്കാവൂ. അതിൽക്കൂടുതൽ ഒരടിയന്തരാവസ്ഥ കൊണ്ടുപോകുവാൻ സാധ്യമല്ല എന്നു ഞാൻ പറഞ്ഞു. അവർ നോട്ട് എഴുതിയെടുത്തു. എന്റെ ആശയത്തോട് പൂർണമായി യോജിക്കുകയും ചെയ്തു. (പുറം 382-83, ടി പുസ്തകം)

ഇതൊക്കെ വായിക്കുമ്പോൾ നമുക്കു തോന്നുക മറ്റു നേതാക്കളിൽ മാർ ഗ്രിഗോറിയോസ് ആരോപിക്കുന്ന ദൗർബല്യങ്ങളിൽ നിന്നെല്ലാം ഇന്ദിരാഗാന്ധിയും അവരുടെ സഹപ്രവർത്തകരും വിമുക്തരായിരുന്നുവെന്നാണ്. തന്റെ വിശ്വാസങ്ങളെയും സിദ്ധാന്തങ്ങളെയും യുക്തിയുടെയും വസ്തുനിഷ്ഠമായ തെളിവുകളുടെയും അടിസ്ഥാനത്തിൽ വാദിച്ച് ഉറപ്പിക്കുന്നതിൽ ആത്മാർഥതയും സാമർഥ്യവും പ്രകടിപ്പിച്ചു പോന്നിട്ടുള്ള ഗ്രിഗോറിയോസ് ഇവിടെ ആത്മനിഷ്ഠവും വൈകാരികവും ആയ മുൻവിധികളെയും ഇഷ്ടാനിഷ്ടങ്ങളെയും മാത്രം അടിസ്ഥാനപ്പെടുത്തി സുപ്രധാനമായ ഒരു രാഷ്ട്രീയ സംഭവത്തെക്കുറിച്ച് വിലയിരുത്താൻ ശ്രമിക്കുന്നത് അദ്ദേഹത്തിന്റെ ആരാധകരെ അമ്പരപ്പിച്ചേക്കും. ●

അധ്യായം 7

ചുവന്ന മെത്രാൻ

ജനാധിപത്യവാദികൾക്കും പുരോഗമനപക്ഷകാർക്കും ഇടതുപക്ഷക്കാർക്കും സ്വീകാര്യമല്ലാത്ത ഈ നിലപാടാണ് അടിയന്തരാവസ്ഥയോട് കൈക്കൊണ്ടത് എങ്കിലും സാർവദേശീയ രംഗത്ത് സാമ്രാജ്യവാദികൾക്കും യുദ്ധത്തിനും അവയുടെ തന്നെ സാമ്പത്തിക രൂപമായ ആഗോളീകരണത്തിനും ആഗോളീകരണത്തിന്റെ മുഖ്യ ഉപാധി ആയ ഗാട്ട് ലോകവ്യാപാരസംഘടന എന്നിവയ്ക്കും എതിരെ ഗ്രിഗോറിയോസും അദ്ദേഹം നേതൃത്വം നൽകിയ സംഘടനകളും ഉറച്ച നിലപാടുകളാണ് അവസാനംവരെ സ്വീകരിച്ചത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അഖിലലോക സഭാസമിതി സാമ്രാജ്യത്വത്തിനും യുദ്ധത്തിനും എതിരെ നിരന്തരമായി പ്രമേയങ്ങൾ പാസ്സാക്കുകയും പ്രചാരണങ്ങളും സമ്മേളനങ്ങളും നടത്തുകയും ചെയ്തുവന്നു. സഭാസമിതിയുടെ ലോകസമാധാനസമിതി രൂപീകരിച്ചതുതന്നെ ഗ്രിഗോറിയോസിന്റെ മുൻകൈയിൽ ആണ്, 1962 ൽ അഖില ലോകസഭാസമിതിയുടെ സഹകാര്യ ദർശിയായി ചുമതല ഏൽക്കുന്ന കാലത്ത് അതു വളരെയേറെ പടിഞ്ഞാറൻ പക്ഷപാതി ആയിരുന്നുവെന്നും അതുകൊണ്ട് ഗ്രിഗോറിയോസ് അവരുടെ ക്ഷണം നിരസിച്ചുവെന്നും പിന്നീട് വളരെ സമ്മർദ്ദങ്ങൾക്കും ശുപാർശകൾക്കും ശേഷമാണ് അദ്ദേഹം ആ സ്ഥാനം സ്വീകരിച്ചതെന്നും കണ്ടുവല്ലോ. 1970 കൾ ആകുമ്പോഴേയ്ക്കും സഭാസമിതിയുടെ സ്വഭാവം ആകെ മാറിക്കഴിഞ്ഞിരുന്നു. കേരളത്തിൽനിന്നുള്ള ഡോ. എം എം തോമസും മാർ ഗ്രിഗോറിയോസും ബിഷപ് പൗലോസ് മാർ പൗലോസും മറ്റും ഈ

മാറ്റത്തിൽ വഹിച്ച പങ്ക് നാം ചർച്ച ചെയ്തതാണ്. അതുപോലെതന്നെ ലോകബാങ്ക്, അന്തർദേശീയ നാണയനിധി താരിപ്പും, വ്യാപാരവും സംബന്ധിച്ച പൊതു ഉടമ്പടി (ഗാട്ട്), 1995 ൽ ജനുവരി ഒന്നിന് ഗാട്ടിന്റെ സ്ഥാനത്ത് നിലവിൽവന്ന ലോകവ്യാപാരസംഘടന (ഡബ്ല്യു ടി ഒ) തുടങ്ങിയവയുടെ ശക്തനായ വിമർശകനായിരുന്നു മാർ ഗ്രിഗോറിയോസ്. 1995 ൽ ലോകവ്യാപാരസംഘടന രൂപംകൊള്ളാൻ പോകുന്നതിനു മുമ്പുതന്നെ അതിന്റെ ആവിർഭാവം മൂലം മൂന്നാം ലോക രാജ്യങ്ങൾക്ക് ഉണ്ടാകാവുന്ന ആപത്തുകളെക്കുറിച്ച് ഗാട്ടിന്റെ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ ഗ്രിഗോറിയോസ് ഇപ്രകാരം പ്രസംഗിക്കുകയുണ്ടായി:

> ലോക കമ്പോളവ്യവസ്ഥിതിയെ തങ്ങളുടെ അധികാരത്തിൻ കീഴിൽ കൊണ്ടുവരുന്നതിനും ഒരു ഗവൺമെന്റിനും നിയന്ത്രണമില്ലാതെ ലോകമെമ്പാടും വ്യാപാരം നടത്താനുള്ള സ്വാതന്ത്ര്യം തങ്ങൾക്കു ലഭിക്കുന്നതിനുമായി രാഷ്ട്രാന്തര കമ്പനികൾ സൃഷ്ടിച്ചതാണ് ഈ വരുന്ന ജനുവരി ഒന്നിന് നടപ്പിൽ വരുന്ന ഗാട്ട് കരാർ.
>
> ദരിദ്രരാജ്യങ്ങളിലെ പണം തങ്ങളുടെ രാജ്യങ്ങളിലേക്ക് ഒഴുക്കാൻ പാശ്ചാത്യരാജ്യങ്ങൾ ഏറെക്കാലമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന അടവുകളിൽ ഒന്നാണ് ഇതിലൂടെ പ്രാവർത്തികമാകുന്നത്.
>
> എല്ലായിടത്തുമുള്ള കുറെ പ്രിവിലേജ്ഡ് പീപ്പിൾസിന്റെ പോക്കറ്റിലേക്ക് പണം പോകത്തക്കവിധത്തിലുള്ള ഒരു വ്യവസ്ഥിതിയാണവർ ഉണ്ടാക്കിയിരിക്കുന്നത്. ആ വ്യവസ്ഥിതിയുടെ ചാർട്ടറാണ് ഇപ്പോഴത്തെ വേൾഡ് ട്രേഡ് എഗ്രിമെന്റ്.
>
> കമ്യൂണിസ്റ്റ് രാജ്യങ്ങളുടെ പരാജയമാണ് ഗാട്ട് മെച്ചപ്പെടുത്താനുള്ള ഉറുഗ്വേ വട്ട ചർച്ചകൾ തുടങ്ങാനുള്ള പ്രധാനപ്പെട്ട കാരണം. കമ്യൂണിസത്തിന്റെ ട്രേഡ് സർക്കിൾ നശിച്ചതോടുകൂടി ആഗോളവ്യാപാരത്തിന്റെ ചിത്രം മാറി. ലോകത്തിന്റെ ഒരു ഭാഗം വ്യാപാരസ്വാതന്ത്ര്യം ഉള്ളവരായിട്ട് ഗാട്ടിനകത്ത് മുമ്പ് നിലകൊണ്ടിരുന്നു. ഇപ്പോൾ അത് ഇല്ലാതായിരിക്കുന്നു. ആഗോളവ്യാപാരം ഒരൊറ്റ ലോകകമ്പോള സമ്പദ്വ്യവസ്ഥയാക്കാൻ ഇപ്പോഴേ സാധിക്കുകയുള്ളു. ആ ലക്ഷ്യപ്രാപ്തിക്കായിട്ടാണ് ഗാട്ട് മെച്ചപ്പെടുത്തിയത്.
>
> ഗാട്ട് കരാർ പ്രാവർത്തികമാകുന്നതോടെ ഇന്ത്യയുടേത് മാത്രമല്ല ലോകത്തിലെ എല്ലാ രാജ്യങ്ങളുടേയും ഭരണഘടനകൾ

അപ്രസക്തമാകും. ഭരണഘടനകളിൽ പറയുന്നപോലുള്ള പരമാധികാരമൊന്നും ഇനി ഒരു രാജ്യത്തിനും ലഭിക്കുകയില്ല. പരമാധികാരം നേഷൻ സ്റ്റേറ്റിൽനിന്നും എക്കണോമിക് യൂണിറ്റുകളിലേക്ക് മാറ്റപ്പെടും. അതിനാൽ ഭരണഘടനകളൊക്കെ കടലാസിൽ കിടക്കുമെന്നല്ലാതെ അതിനകത്തെ പരമാധികാരം ആർക്കും ഉണ്ടായിരിക്കുകയില്ല. യഥാർഥ അധികാരം രാഷ്ട്രാന്തര കമ്പനികൾ പിടിച്ചടക്കും. മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ സഹനസമരത്തിലൂടെ നാം നേടിയെടുത്ത സ്വാതന്ത്ര്യം അപകടത്തിലാണ് എന്നുതന്നെ ഇപ്പറഞ്ഞതിനർഥം.

മുമ്പു നാം പറയുമായിരുന്നു, ഗവൺമെന്റുകളിലാണ് ശക്തി എന്ന്. പക്ഷേ ഏഴു വികസിത രാജ്യങ്ങളിലുള്ള പതിനേഴായിരത്തോളം ബഹുരാഷ്ട്രകുത്തകകളുടെ കൈയിലാണ് ഇന്നത്തെ ശക്തി മുഴുവനും. ഗവൺമെന്റുകളുടെ വരുമാനത്തേക്കാൾ കൂടുതലുണ്ട് ഈ പതിനേഴായിരം കമ്പനികളുടെ വരുമാനം. അവരാണ് ഇന്ന് ലോകത്തെ മുഴുവൻ കൈപ്പിടിയിൽ ഒതുക്കിരിക്കുന്നത്, വ്യാവസായിക ഉൽപ്പാദനത്തിന്റെ 80 ശതമാനം അവരുടെ കൈകളിലാണ്. ഈ കമ്പനികൾക്കാണ് ഓരോ രാജ്യത്തെയും സർക്കാരിനെക്കാൾ കൂടുതൽ ശക്തി. ഈ കമ്പനികൾ പറയുന്നതുപോലെയുള്ള നയങ്ങളേ സർക്കാരുകൾക്ക് സ്വീകരിക്കാൻ സാധിക്കൂ. ഇവർക്ക് കൂടുതൽ ആദായം ലഭിക്കാൻ തക്കവിധമുള്ള ഒരു വ്യവസ്ഥിതിക്കാണ് നാം ഒപ്പുവച്ചുകൊടുത്തിരിക്കുന്നത്.

മിക്ക രാജ്യങ്ങളിലെയും അധികാരസ്ഥാപനങ്ങളിലേക്ക് ലോകബാങ്ക് അവരുടെ ആളുകളെ കടത്തിവിട്ടുകൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ അധികാരം വെട്ടിക്കുറക്കുകയും അവ രാജ്യാന്തര കുത്തകകൾക്ക് വീതിച്ചു നൽകുകയുമാണ് അവരുടെ ലക്ഷ്യം. (പുറം 70-71, *ന്യൂ വിഷൻ ന്യൂ ഹ്യൂമാനിറ്റി*, കോട്ടയം, 2000)

സാമ്രാജ്യത്വത്തിന്റെ സാമ്പത്തികനയമാണ് ആഗോളീകരണം എങ്കിൽ അതിന്റെ യുദ്ധോത്സുക മുഖമാണ് ആണവായുധീകരണവും ആണവ ആയുധങ്ങൾ ഉപയോഗിച്ചുള്ള ബ്ലാക്മെയിൽ രാഷ്ട്രീയവും. ഒരു മൂന്നാം ലോക വക്താവ് എന്ന നിലയിലും അതിലുപരി സമാധാന ദൂതനായിരുന്ന യേശുക്രിസ്തുവിന്റെ അനുയായി എന്ന നിലയിലും യുദ്ധത്തെയും മറ്റെല്ലാത്തരം ഹിംസകളെയും ആയുധശേഖരണത്തെയും ഗ്രിഗോറിയോസ് ശക്തിയുക്തം എതിർത്തിരുന്നു. അഖില

ലോകസഭാസമിതിയുടെ ആഭിമുഖ്യത്തിൽ ഉള്ള ക്രിസ്തീയ സമാധാന സമ്മേളനത്തിന്റെ പ്രതിനിധി എന്ന നിലയിൽ 1978 ൽ ഐക്യരാഷ്ട്രസഭയുടെ നിരായുധീകരണ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിക്കാൻ ഗ്രിഗോറിയോസ് ക്ഷണിക്കപ്പെട്ടിരുന്നു. അവിടെ അദ്ദേഹം ചെയ്ത പ്രഭാഷണം സാർവദേശീയ രാഷ്ട്രീയത്തേയും നയതന്ത്രത്തെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ അവഗാഹത്തിന് തെളിവായിരുന്നു. ലോകത്തിലെ ഏറ്റവും ഉയർന്ന രാഷ്ട്രമീമാംസകരും നയതന്ത്രവിദഗ്ദ്ധരും നിറഞ്ഞ ഐക്യരാഷ്ട്രസഭാ സമ്മേളനത്തിൽ ഗ്രിഗോറിയോസിന്റെ പ്രഭാഷണം വളരെയേറെ വിലമതിക്കപ്പെട്ടു. തന്റെ മതവിശ്വാസം നൽകിയ മാനവികതയും ധാർമികതയും ആയിരുന്നു ഗ്രിഗോറിയോസിന്റെ അടിസ്ഥാന പ്രചോദനമെങ്കിലും അതൊന്നും വിവിധ രാഷ്ട്രങ്ങളെയും മതങ്ങളെയും പ്രതിനിധീകരിച്ചു വന്ന സദസ്യരുടെ മുമ്പിൽ അദ്ദേഹം അത്രയധികം ഊന്നി സംസാരിച്ചില്ല. പ്രധാനമായും രാഷ്ട്രീയം, നയതന്ത്രം, സാമ്പത്തിക ബാധ്യത, ആയുധശേഖരണം, ദരിദ്രലോകത്തിന്റെമേൽ അടിച്ചേൽപ്പിക്കുന്ന ദുരിതങ്ങൾ ആന്ത്യന്തികമായി യുദ്ധങ്ങളുടെ വ്യർഥത, ഐക്യരാഷ്ട്രസഭാ പ്രമാണത്തിന്റെ അടിസ്ഥാന സങ്കൽപ്പങ്ങൾ മുതലായവയിൽ ഊന്നി നിന്നുകൊണ്ടാണ് തന്റെ പ്രഭാഷണം അദ്ദേഹം നടത്തിയത്. ഒരു മതപുരോഹിതശ്രേഷ്ഠനിൽനിന്നും മതേതര കാര്യങ്ങളിൽ ഇത്രയേറെ ബുദ്ധിയും യുക്തിയും സഭാംഗങ്ങൾ പ്രതീക്ഷിച്ചിരുന്നില്ല.

സാമ്രാജ്യത്വവും ആയുധനിർമാണ വ്യവസായങ്ങളിലും കരാറുകളിലും ഏർപ്പെട്ടിരിക്കുന്ന ബഹുരാഷ്ട്ര കുത്തകകളും ആണ് യുദ്ധങ്ങളുടെ എല്ലാം അടിസ്ഥാന പ്രേരകശക്തി എന്നും ഈ കറുത്ത സത്യം മറച്ചുവയ്ക്കാനാണ് പലതരം വിതണ്ഡവാദങ്ങളും ആദർശ പ്രഖ്യാപനങ്ങളും നടത്തി യുദ്ധത്തെ ന്യായീകരിക്കുന്നതെന്നു പറയാൻ മെത്രാപ്പോലീത്ത മറന്നില്ല.

ഇതിൽനിന്നും അൽപ്പം വ്യത്യസ്തമായ സ്വരമായിരുന്നു 1982 ൽ മോസ്കോയിൽ വച്ച് ലോകസമാധാന സംസ്ഥാപനത്തിന് വേണ്ടി നടന്ന സർവമത സമ്മേളനത്തിൽ അദ്ദേഹത്തിൽനിന്ന് കേട്ടത്. അവിടെ അദ്ദേഹം ആധ്യാത്മിക പ്രതിബദ്ധതയും രാഷ്ട്രീയ നയങ്ങളും തമ്മിലുള്ള അഭേദ്യമായ ബന്ധം വിവരിച്ചുകൊണ്ടാണ് ലോക സമാധാനത്തിനും നിരായുധീകരണത്തിനും വേണ്ടി വാദിച്ചത്. എങ്കിലും വിവിധ മതവിശ്വാസികളെയും അവരുടെ വിവിധ രാഷ്ട്രീയ താൽപ്പര്യങ്ങളെയും അവർ പ്രതിനിധീകരിക്കുന്ന വിവിധ രാഷ്ട്രങ്ങളുടെ താൽപ്പര്യങ്ങളെയും പൊരുത്തപ്പെടുത്താൻ മാർ ഗ്രിഗോറിയോസിന് പ്രമേയങ്ങളുടെ കരട് തയ്യാറാക്കാനുള്ള സമിതിയുടെ അധ്യക്ഷൻ എന്ന നിലയിൽ വളരെയേറെ വിഷമിക്കേണ്ടിവന്നു. അദ്ദേഹ

ത്തിന് തന്റെ തന്ത്രവൈദഗ്ധ്യവും വിവാദസാമർഥ്യവും ചിലപ്പോൾ ഭീഷണിയും വരെ ഉപയോഗിക്കേണ്ടി വന്നു എന്ന് പിൽക്കാലത്ത് അദ്ദേഹം ആത്മകഥയിൽ അനുസ്മരിക്കുന്നു:

> യു എൻ പ്രമേയങ്ങളുടെ മറപിടിച്ച് മധ്യപൂർവദേശ സമാധാനത്തെപ്പറ്റി ഞങ്ങൾ ഒരു നക്കൽ തയ്യാറാക്കി. ഇത് അറബികളിൽ തീവ്രവാദികൾക്ക് സ്വീകാര്യമായില്ല. അവർ റഷ്യൻ ഓർത്തഡോക്സ് സഭയിലെ ജുവനാലി മെത്രാപ്പോലീത്തായെ കണ്ടു പരാതിപ്പെട്ടു. ജുവനാലി തന്ത്രപൂർവം ഭിന്നാഭിപ്രായക്കാരായ മുസ്ലീം നേതാക്കളെ ഡ്രാഫ്റ്റിങ് കമ്മിറ്റി ചെയർമാന്റെ അടുക്കലേക്കയച്ചു. അവർ അരിശപ്പെട്ട് എന്നെ സമീപിച്ചു. തങ്ങൾ തയ്യാറാക്കിയ ഒരു നക്കൽ സമ്മേളനം അംഗീകരിക്കാത്തപക്ഷം മുസ്ലീം പ്രതിനിധിസംഘം ഒന്നടങ്കം ഇറങ്ങിപ്പോകുമെന്ന് പറഞ്ഞു. അന്തിമശാസനവുമായി എന്നെ കാണാൻ വന്നവരിൽ ഒരാളാണ് ഷെയിഖ് ഇബ്രാഹിം. എന്റെ സ്ഥിതി വിഷമസമ്പൂർണമായി. അവരുടെ നക്കൽ ഞാൻ സ്വീകരിച്ചാൽ പാശ്ചാത്യ പ്രതിനിധികളിൽ പലരും പ്രതിഷേധിക്കും. നക്കൽ തയ്യാറാക്കുന്നതിൽ വസ്തുനിഷ്ഠമായ മനോഭാവമാണ് എനിക്കുണ്ടായിരുന്നത്. പ്രസക്തമായ യുഎൻ പ്രമേയങ്ങൾ നടപ്പിലാക്കണമെന്നാണു നക്കലിൽ ആവശ്യപ്പെട്ടത്. ഞാൻ പ്രാർഥനാപൂർവം ശാന്തനായി മുസ്ലീം നേതാക്കളോടു പറഞ്ഞു:
>
> "ബഹുമാന്യരേ ഭീഷണിയുടെ കീഴിൽ കൂടിയാലോചിക്കാൻ ഞാൻ ശീലിച്ചിട്ടില്ല. നമ്മുടെ നക്കലിനെ എതിർക്കുന്നതിന് നിങ്ങളുടെ ന്യായങ്ങൾ നൽകാമെന്നുണ്ടെങ്കിൽ ചില ഭേദഗതികൾ ഡ്രാഫ്റ്റിങ് കമ്മിറ്റിയിൽ അവതരിപ്പിക്കാൻ ഞാൻ തയ്യാറാണ്. എന്നാൽ ഇറങ്ങിപ്പോകുമെന്ന് പറഞ്ഞ് ഭീഷണി മുഴക്കുന്നപക്ഷം എനിക്കൊന്നും പറയാനില്ല."
>
> അതു കേട്ടതോടെ മുസ്ലീം നേതാക്കൾ ശാന്തരായി. വാക്കൗട്ട് നടത്തുമെന്നു ഭീഷണി മുഴക്കിയതിന് ഡോ. ഇബ്രാഹിം ക്ഷമ ചോദിച്ചു. അനന്തരം ഞങ്ങൾ ഒന്നിച്ചിരുന്നു കാര്യചർച്ചയിൽ മുഴുകി. ഞങ്ങൾ തയ്യാറാക്കിയ നക്കലിൽ ഒന്നുരണ്ടു പദങ്ങൾ മാറ്റുവാൻ ഞാൻ സമ്മതിക്കേണ്ടിവന്നു. ഗണ്യമായ ഒരു മാറ്റവും വരുത്തിയില്ല. അങ്ങനെ ഭേദഗതി ചെയ്ത നക്കൽ സമ്മേളനം അംഗീകരിച്ചു. (പുറം 117, *സ്നേഹത്തിന്റെ സ്വാതന്ത്ര്യം*)

ഡോക്ടർ ഇബ്രാഹിമുമായിട്ടുള്ള ഈ സൗഹാർദം പിൽക്കാ

ലത്തും മെത്രാപ്പോലീത്തയ്ക്ക് പ്രയോജനപ്പെട്ടു. 1993 ൽ യുണൈറ്റഡ് അറബ് എമിറേറ്റ്സ് എന്ന യു എ ഇയിലെ ഷാർജ നഗരത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായി ഒരു പള്ളി പണിയിക്കാനുള്ള ഉദ്ദേശ്യത്തോടെ അദ്ദേഹം എത്തിയപ്പോഴാണ് പഴയ ചങ്ങാതിയുടെ സഹായം വേണ്ടിവന്നത്. മോസ്കോയിലെ സർവമത സമ്മേളനത്തിനുശേഷം പല സന്ദർഭങ്ങളിലും നേരിട്ടും എഴുത്തുകുത്തുമുഖേനയും ഈ ചങ്ങാത്തം പുതുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. യു എ ഇയിൽ അമുസ്ലീങ്ങൾക്ക് ഒരാരാധനാലയം പണിയിക്കാൻ അനുവാദം ലഭിക്കുക എന്നത് അത്ര എളുപ്പം ആയിരുന്നില്ല. ഷാർജയിലും അൽ അയിൻ നഗരത്തിലും ഓരോ പള്ളി പണിയാനുമുള്ള ദൗത്യവുമായിട്ടാണ് ദില്ലി ഭദ്രാസനത്തിന്റെ ചുമതലക്കാരൻ എന്ന നിലയിൽ ഗ്രിഗോറിയോസ് അവിടെ എത്തിയത്. ഉത്തര പൂർവ ഭാരതത്തോടൊപ്പം ഗൾഫ് രാജ്യങ്ങളിലെ ഓർത്തഡോക്സ് സഭാ പ്രവർത്തനവും ദില്ലി ഭദ്രാസനത്തിന്റെ കീഴിലായിരുന്നു. സ്ഥലം വാങ്ങാനും പള്ളി പണിയാനുള്ള അനുവാദത്തിനും വേണ്ടിയുള്ള അപേക്ഷകൾ കൈയോടെ നിരസിക്കപ്പെടുകയോ പ്രതീക്ഷയ്ക്ക് വകയില്ലാതെ വച്ചു താമസിക്കപ്പെടുകയോ മൂലം വിഷണ്ണനായ മെത്രാപ്പോലീത്ത അക്കാലത്ത് യു എ ഇ ഭരണാധിപന്റെ പ്രത്യേക ഉപദേഷ്ടാവും അൽ അയിൻ സർവകലാശാല വൈസ് ചാൻസലറും ആയിരുന്ന ഡോക്ടർ ഇബ്രാഹിമിനെ കണ്ട് സംസാരിച്ച് കാര്യം സാധിച്ചു. എന്നാൽ അതിനുമുമ്പ് വ്യക്തിപരമെന്നു വിശേഷിപ്പിച്ച് ക്ഷമാപണ സ്വരത്തിൽ ഷെയ്ഖ് ഇബ്രാഹിം ചില ചോദ്യങ്ങൾ ചോദിച്ചതിന് ഗ്രിഗോറിയോസ് നൽകിയ മറുപടി ആത്മകഥയിൽ അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്.

പലരും മാർ ഗ്രിഗോറിയോസിനെ പിങ്ക് അഥവാ ഇളംചുവപ്പൻ മെത്രാനായി വിശേഷിപ്പിക്കാറുള്ളതിൽ എത്രമാത്രം സത്യമുണ്ടെന്നായിരുന്നു ഇബ്രാഹിമിന് അറിയേണ്ടിയിരുന്നത്. അതിന് നൽകിയ വിശദീകരണം ഗ്രിഗോറിയോസ് ഇപ്രകാരം ഉദ്ധരിക്കുന്നു:

> ഷെയിഖ് സാഹിബേ, ഇന്ത്യയിലും വിദേശത്തും ചിലർ എന്നെ "റെഡ് ബിഷപ്പ്" എന്നു വിളിക്കാറുണ്ട്. ഒരു മുൻ തലമുറയിൽ ഡീൻ ഹ്യൂലറ്റ് ജോൺസണെ "റെഡ് ഡീൻ" എന്നു വിളിച്ചുപോന്ന പാരമ്പര്യത്തിന്റെ ചുവടുപിടിച്ച്. പക്ഷേ എന്നെ ആരെങ്കിലും പിങ്ക് ബിഷപ്പ് എന്നു വിളിച്ചു കേൾക്കുന്നത് ഇതാദ്യമാണ്. എനിക്ക് സോഷ്യലിസത്തോട് ആപേക്ഷികമായ (qualified) പ്രതിബദ്ധതയുണ്ട്. അതാണ് ആളുകൾ ആ പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ പൂർവയൂറോപ്പിലും മറ്റും ഒരുതരം സോഷ്യലിസം 1989 ആരംഭത്തിൽ

തകർന്നതിനുശേഷവും എന്റെ ആ നിലപാടിൽ മാറ്റമില്ല. എല്ലാവർക്കും സാമൂഹ്യനീതി, എല്ലാ മനുഷ്യർക്കും അന്തസ്സ്, മനുഷ്യരാശിയുടെ ഐക്യം, രാഷ്ട്രങ്ങൾക്കിടയിൽ സമാധാനം, ആരോഗ്യകരവും ജീവസംവർധകവുമായ പരിസ്ഥിതി എന്നിങ്ങനെയുള്ള ആദർശങ്ങളോടുള്ള പ്രതിബദ്ധതയാണത്. എന്നാൽ പ്രബുദ്ധതാനന്തര പാശ്ചാത്യ നാഗരികതയിൽ ഉയർന്നുവന്ന ഏതെങ്കിലുമൊരു പ്രത്യയശാസ്ത്രത്തോടുള്ള പ്രതിബദ്ധതയല്ല അതെന്ന് എടുത്തുപറയട്ടെ. സാമൂഹ്യവികസനം മനസ്സിലാക്കുന്നതിനുള്ള ഏക ചട്ടക്കൂടെന്ന നിലയിൽ വർഗസമരം, ഉൽപ്പാദനോപാധികളുടെ രാഷ്ട്ര ഉടമ, പ്രോളിറ്റേറിയന്റെ ഏകാധിപത്യം എന്നിങ്ങനെയുള്ള ഏതെങ്കിലും പ്രത്യേക സിദ്ധാന്തത്തോടും എനിക്കു പ്രതിബദ്ധതയില്ല. ഡയലക്റ്റിക്കൽ മെറ്റീരിയലിസം എന്നിങ്ങനെയുള്ള ഏതെങ്കിലും പ്രത്യേക സിദ്ധാന്തത്തോടും എനിക്കു പ്രതിബദ്ധതയില്ല. ഡയലക്റ്റിക്കൽ മെറ്റീരിയലിസം, ഹിസ്റ്റോറിക്കൽ മെറ്റീരിയലിസം തുടങ്ങിയ അടിസ്ഥാന പ്രത്യയ ശാസ്ത്രങ്ങളും ഞാൻ സ്വീകരിക്കുന്നില്ല. ഒരു തരത്തിലുള്ള പാശ്ചാത്യ ആദർശവാദത്തോടും എനിക്കു പ്രതിബദ്ധതയില്ല. പ്രതിബദ്ധതയുള്ള ഒരു ക്രിസ്ത്യാനിയായി ഞാൻ കഴിയുന്നു. മറ്റെല്ലാ പ്രതിബദ്ധതകളും ആ ഒരു ചട്ടക്കൂടിനുള്ളിൽ മാത്രം. (പുറം 172-73, ടി പുസ്തകം)

വികസന മാതൃക

ഇങ്ങനെ ദാർശനികവും പ്രത്യയശാസ്ത്രപരവും ആയ ഭിന്നിപ്പുകൾ നിലനിൽക്കുമ്പൊഴും ഇടതുപക്ഷവുമായി ആശയങ്ങളിൽ എന്നപോലെ പ്രവർത്തനങ്ങളിലും യോജിപ്പിന്റെ മേഖലകൾ ധാരാളം ഉണ്ടായിരുന്നു. അങ്ങനെയുള്ള ഒരു മേഖലയാണ് എന്താണ് വികസനമെന്നും അതെങ്ങനെ നടപ്പാക്കണം എന്നും ഉള്ള കാഴ്ചപ്പാട്. ആഗോളീകരണം, ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം മുതലായി ഇക്കാലത്ത് അനേകം ഇന്ത്യ ഉൾപ്പെടെ പല മൂന്നാം ലോകരാജ്യങ്ങളിലെ ഭരണാധികാരികളെ വഴിതെറ്റിച്ചുകൊണ്ടിരിക്കുന്ന നയങ്ങളോട് ഗ്രിഗോറിയോസിന് ഉള്ള എതിർപ്പ് നാം കണ്ടുകഴിഞ്ഞതാണ്. കേരളത്തിന്റെയും ഇന്ത്യയുടെയും മൂന്നാം ലോകത്തിന്റെ ആകെയും വികസനം ഇപ്പോഴും പടിഞ്ഞാറൻ കുറിപ്പടികൾക്ക് അനുസൃതമാണെന്നും അവയിൽനിന്ന് വ്യത്യസ്തമായി മറ്റൊരു മാർഗം സ്വീകരിക്കാതെ പോംവഴി ഇല്ലെന്നും മാർ ഗ്രിഗോറിയോസ് പലപ്പോഴും പ്രഖ്യാപിക്കുകയും അത്തരം യത്നങ്ങളിൽ പങ്കു ചേരുകയും ചെയ്തിട്ടുണ്ട്.

നിര്യാതനാകുന്നതിനു രണ്ടു വർഷംമുമ്പ് 1994 ൽ എ കെ ജി പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലും ഇ എം എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലും വിവിധ ചിന്താഗതിക്കാരെ അണിനിരത്തി തിരുവനന്തപുരത്തു സംഘടിപ്പിച്ച അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിലെ ഒന്നിലേറെ സെമിനാറുകളിൽ പങ്കെടുത്ത് മാർ ഗ്രിഗോറിയോസ് തന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ആ വർഷം തന്നെ അദ്ദേഹം നടത്തിയ മറ്റൊരു പ്രഭാഷണത്തിന് ഈ നിലപാടുകൾ വീണ്ടും വാദിച്ച് ഉറപ്പിക്കുകയുണ്ടായി:

> പാശ്ചാത്യർ നൽകിയ വികസനം (ഡെവലപ്മെന്റ്) എന്ന മുദ്രാവാക്യത്തിന്റെ കെണിയിൽ മൂന്നാം ലോകരാഷ്ട്രങ്ങൾ വീണുപോയിരിക്കുന്നു. ഈ വ്യവസ്ഥിതിയിൽ കുടുങ്ങിയിരിക്കുന്ന ഇന്ത്യയെ സ്വതന്ത്രമാക്കുക എന്നതാണ് ഇന്ന് ഇന്ത്യൻ സമൂഹത്തിന്റെ ഒന്നാമത്തെ ചുമതല.
>
> സ്വാതന്ത്ര്യസമരം പോലുള്ള ഒരു വലിയ സമരം മൂലം മാത്രമേ ഇന്ന് നമ്മെ പിടിച്ചടക്കിയിരിക്കുന്ന സാമ്പത്തിക വ്യവസ്ഥിതിയിൽ നിന്ന് നമുക്ക് രക്ഷ പ്രാപിക്കാൻ സാധിക്കുകയുള്ളു. കാരണം ആ സാമ്പത്തിക വ്യവസ്ഥിതിക്കു പിന്നിൽ ലോകബാങ്കുണ്ട്; അന്താരാഷ്ട്ര നാണയനിധിയുണ്ട്. മാത്രമല്ല അതിന്റെ പ്രയോജനം കിട്ടുന്ന കമ്പനികളെ സംരക്ഷിക്കാൻ വേണ്ടിയാണ് ലോകത്തിലെ മുഖ്യ പങ്ക് സൈനികശേഷിയും ഉപയോഗിക്കപ്പെടുന്നത്. ഇന്ന് സൈനികശക്തികളുടെ ഉദ്ദേശ്യം ഈ കമ്പനികളെ സംരക്ഷിക്കുക എന്നതാണ്.
>
> എല്ലാ മാധ്യമങ്ങളെയും ഈ ശക്തികൾ പിടിച്ചെടുത്തുകൊണ്ടിരിക്കുകയാണ്. പത്രത്തിൽക്കൂടിയും റേഡിയോയിൽക്കൂടിയും ടെലിവിഷനിൽക്കൂടിയും സത്യമറിയാൻ വയ്യാത്ത സ്ഥിതിയാണിന്ന്. ഈ കമ്പനികളുടെ താൽപര്യമനുസരിച്ച് എഴുതിയുണ്ടാക്കുന്ന സത്യമാണ് നമുക്കിന്നു കിട്ടുന്നത്.
>
> ഇപ്പോൾ നാം വലിയൊരു ബന്ധനത്തിൽ കിടക്കുകയാണ്. മോചനം ഉണ്ടാകണമെങ്കിൽ ഈ അവസ്ഥയെപ്പറ്റി നാം ബോധവാന്മാരാകുകയും സ്വാതന്ത്ര്യസമരം നടന്നതുപോലെ ആഗോളവ്യാപകമായ ഒരു സാമ്പത്തിക വിമോചനസമരം നടത്തുകയും വേണം. എന്നിട്ട് കുറെക്കൂടി ജനാധിപത്യപരമായ ഒരു ലോകസാമ്പത്തിക വ്യവസ്ഥിതിക്ക് രൂപം നൽകണം. (പുറം 74, *ന്യൂ വിഷൻ ന്യൂ ഹ്യൂമാനിറ്റി*)

അന്താരാഷ്ട്ര കേരള പഠനകോൺഗ്രസ്സിൽനിന്ന് ഉയർന്നുവരി

കയും ഇ എം എസിന്റെ നേതൃത്വത്തിൽ മൂന്നാം നായനാർ മന്ത്രി സഭ (1996-2001) കേരളത്തിൽ നടപ്പാക്കാൻ തുടങ്ങുകയും ചെയ്ത അധികാര വികേന്ദ്രീകരണ നടപടികളും ജനകീയാസൂത്രണ പരിപാടിയും ആരംഭിക്കുന്നതിനു രണ്ടുവർഷം മുമ്പുതന്നെ മാർ ഗ്രിഗോറിയോസ് നിര്യാതനായതിനാൽ അവയിൽ പങ്കെടുക്കാനോ അവയെ വിലയിരുത്താനോ അദ്ദേഹത്തിനു സന്ദർഭം ലഭിച്ചില്ല.

ലാറ്റിൻ അമേരിക്കയും സഭാസമിതി തർക്കങ്ങളും

അഖിലലോക സഭാസമിതിയിൽ പൗലോസ് മാർ ഗ്രിഗോറിയോസിന് ഉണ്ടായിരുന്ന സ്വാധീനവും ആ സ്വാധീനം ഉപയോഗപ്പെടുത്തി വിമോചനപ്രസ്ഥാനങ്ങൾക്കും യുദ്ധവിരുദ്ധയത്നങ്ങൾക്കും അദ്ദേഹം നൽകിയ നിരന്തര പിന്തുണ ആരാധകരെ എന്നപോലെ വിരോധികളെയും സൃഷ്ടിച്ചു. സഭാസമിതിയിലെ പാശ്ചാത്യപക്ഷക്കാർ സഭാസമിതിയുടെ പേരിൽ ഗ്രിഗോറിയോസ് നടത്തിവന്ന പ്രവർത്തനങ്ങളിൽ അസ്വസ്ഥത പ്രകടിപ്പിക്കാനും തുടങ്ങി. അതിന്റെ ഫലമായി സഭാസമിതിയിൽ അദ്ദേഹത്തെ ഒതുക്കിക്കെട്ടാനും സഭാസമിതിയുടെ പേരിൽ സംസാരിക്കുന്നത് വിലക്കാനും ഉപജാപങ്ങൾ നടന്നതായി തെളിയിക്കാൻ കഴിയും. ഒരുദാഹരണം: നിക്കരാഗ്വയുടെ വിമോചനത്തിന്റെ ആറാം വാർഷികത്തിൽ പങ്കെടുക്കാൻ ക്ഷണം ലഭിച്ച സഭാസമിതിയുടെ ദൗത്യസംഘത്തിന്റെ നേതൃത്വം മാർ ഗ്രിഗോറിയോസിന് നൽകാൻ സമിതി തയ്യാറായില്ല. ഗ്രിഗോറിയോസിനോടൊപ്പം തുല്യപദവിയോടെ മറ്റു രണ്ടുപേരെക്കൂടി സമിതി നിയോഗിച്ച് ഗ്രിഗോറിയോസിന്റെ നേതൃത്വത്തെ ദുർബലമാക്കാനോ പങ്കുവയ്ക്കാനോ ശ്രമിച്ചു.

1979 ൽ നീണ്ടകാലത്തെ വടക്കേ അമേരിക്കൻ ആധിപത്യത്തിൽ നിന്നും സമോസ എന്ന അമേരിക്കൻ അനുകൂലിയായ സ്വേച്ഛാധിപതിയിൽനിന്നും സാന്റിനിസ്റ്റ വിമോചനപ്രസ്ഥാനം നിക്കരാഗ്വയെ സ്വാതന്ത്ര്യത്തിലേക്കും ഇടതുപക്ഷഭരണത്തിലേക്കും നയിച്ചു. 1930 കളിൽ അമേരിക്കൻ ആധിപത്യത്തിന് എതിരായി പടവെട്ടി വീരചരമം അടഞ്ഞ അലക്സാണ്ട്രോ സാന്റിനോയുടെ പേരിലുള്ള സംഘടനയുടെ നേതാവ് ദാനിയേൽ ഒർട്ടേഗ ആയിരുന്നു വിമോചിത നിക്കരാഗ്വയുടെ പ്രസിഡന്റ്. 1959 ൽ ഫിദൽ കാസ്ട്രോയുടെ നേതൃത്വത്തിൽ വിജയിച്ച വിപ്ലവത്തെത്തുടർന്ന് സോഷ്യലിസത്തിലേക്കു നീങ്ങിയ ക്യൂബയ്ക്കും 1970-73 ൽ സാൽവദോർ അലെൻഡെയുടെ നേതൃത്വത്തിൽ ചിലിയിൽ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ എത്തിയെങ്കിലും 1973 ൽ സി ഐ എ-പിനോച്ചെ കൂട്ടുകെട്ട് അട്ടിമറിച്ച ചിലിയൻ സോഷ്യലിസ്റ്റ് സർക്കാരിനു ശേഷം 1979 ൽ മധ്യ അമേരിക്കയിൽ നിക്കരാഗ്വ വിമോചിക്കപ്പെട്ട് സോഷ്യലിസത്തിലേക്കു നീങ്ങിയത്

പുരോഗമന മാനവരാശിയെ പുളകംകൊള്ളിച്ച സംഭവമായിരുന്നു. 1990 ഓടുകൂടി അമേരിക്കൻ ഐക്യനാടിന്റെ ഇടപെടലും അട്ടിമറിയും മൂലം ഒരു തെരഞ്ഞെടുപ്പ് പ്രഹസനത്തിലൂടെ ഒർട്ടേഗ സർക്കാരിന് അധികാരം ഒഴിയേണ്ടിവന്നുവെങ്കിലും നിക്കരാഗ്വ മധ്യഅമേരിക്കയുടെ ചരിത്രത്തിൽ പതിപ്പിച്ച മുദ്ര ഇപ്പോഴും പൂർണമായി മാഞ്ഞു പോയിട്ടില്ല. അധികം താമസിയാതെ നിക്കരാഗ്വ വീണ്ടും ഇടതുപക്ഷത്തേക്ക് നീങ്ങും എന്ന പ്രതീക്ഷയാണ് ഇതെഴുതുമ്പോഴും അവിടത്തെ സംഭവവികാസങ്ങൾ നൽകുന്നത്.

നാം നേരത്തേ വിവരിച്ചപോലെ നിക്കരാഗ്വയുടെ ആറാം വിമോചന വാർഷിക ആഘോഷങ്ങളിൽ പങ്കെടുക്കാനാണ് മാർ ഗ്രിഗോറിയോസും സഹപ്രവർത്തകരും തലസ്ഥാന നഗരമായ മനാഗ്വയിൽ എത്തിയത്. അക്കാലത്ത് നാടൻ പിന്തിരിപ്പന്മാരുടെയും അമേരിക്കൻ ചാരന്മാരുടെയും നേതൃത്വത്തിലുള്ള പല സംഘടനകളും ഒർട്ടേഗ സർക്കാരിനെ അട്ടിമറിക്കാൻ നിയമവിരുദ്ധവും നിയമവിധേയവുമായ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുകയായിരുന്നു. ഇവരെയെല്ലാം സ്വാതന്ത്ര്യസമരസേനാനികളായിട്ടാണ് അമേരിക്കൻ മാധ്യമങ്ങൾ വിശേഷിപ്പിച്ചു വന്നത്. ലോകസഭാ സമിതിയുടെ സന്ദർശനം അട്ടിമറിക്കാരെ തുറന്നുകാട്ടാൻ ഉപകരിക്കും എന്ന ഭയപ്പാട് ആയിരുന്നു അമേരിക്കൻ ഭരണക്കാർക്ക് എന്നപോലെ സഭാസമിതിയിലെ പിന്തിരിപ്പന്മാരെയും അസ്വസ്ഥരാക്കിയത്. അതേ സംബന്ധിച്ച് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു:

> തന്റെ നോട്ടത്തിൽ ശരിയെന്നു തോന്നിയത് മനാഗ്വയിൽ മെത്രാപ്പോലീത്ത ചെയ്തു. അമേരിക്കൻ ആക്രമണ ഭീഷണിക്കെതിരായി വിദേശമന്ത്രി ഡെസ്കോട്ടോ ഉപവസിക്കുന്ന സ്ഥലത്തേക്കാണ് അദ്ദേഹം ആദ്യമേ പോയത്. സഹാനുഭൂതി സൂചകമായി മെത്രാപ്പോലീത്ത അദ്ദേഹത്തോടൊന്നിച്ച് ഒരു ദിവസം ഉപവസിച്ചു. പ്രസിഡന്റ് ഒർട്ടേഗയെ അദ്ദേഹം സന്ദർശിച്ചു. സാന്റിനിസ്റ്റുകൾ ഇത്ര വർഗീയമായത് എന്താണെന്നും മോസ്കിറ്റോകളോട് മോശമായി പെരുമാറിയത് എന്താണെന്നും അദ്ദേഹം മര്യാദയോടെ ചോദിച്ചു. ഒർട്ടേഗ പ്രസിഡന്റിന്റെ കസേരയിൽ നിന്നെഴുന്നേറ്റ് തല നമിച്ചുകൊണ്ട് മെത്രാപ്പോലീത്തയോടു പറഞ്ഞു: "സാന്റിനിസ്റ്റുകൾ തെറ്റു ചെയ്തു എന്ന് ദൈവം മുമ്പാകെയും അങ്ങയുടെ മുമ്പാകെയും ഞാൻ ഏറ്റു പറയുന്നു.മോസ്കിറ്റോകൾക്ക് നഷ്ടപരിഹാരം നൽകാൻ ഞങ്ങൾ കഴിവുള്ള എല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്."

മധ്യ അമേരിക്കയിലെ മർദ്ദനത്തെ അപലപിച്ച ലാറ്റിന

മേരിക്കൻ ക്രിസ്ത്യാനികൾ, ഭൂഖണ്ഡത്തിലെ ആദിവാസികളോട് അവർ അനുവർത്തിച്ച ക്രൂരതകളെപ്പറ്റി ബോധവാന്മാരല്ലെന്നത് മെത്രാപ്പോലീത്തയെ ദുഃഖാകുലനാക്കി. വിമോചന ദൈവശാസ്ത്രജ്ഞന്മാരെന്ന് അറിയപ്പെടുന്നവർപോലും അവർ ആട്ടിപ്പായിക്കുകയും സംസ്കാരവിരുദ്ധരാക്കുകയും ചെയ്ത തദ്ദേശീയരെ മനസ്സിലാക്കാനോ സഹാനുഭൂതി പ്രദർശിപ്പിക്കാനോ തയ്യാറായിട്ടില്ല.

എൽസാൽവദോർ, ഡൊമിനിക്കൻ റിപ്പബ്ലിക്ക് തുടങ്ങിയ മറ്റു മധ്യ അമേരിക്കൻ രാജ്യങ്ങളും മെത്രാപ്പോലീത്ത സന്ദർശിച്ചു. കരുത്തരായ അമേരിക്കനനുകൂല ഫാസിസ്റ്റ് ശക്തികൾ പീഡിപ്പിക്കുകയും കൂട്ടക്കൊല ചെയ്യുകയും ചെയ്ത ജനങ്ങളെ അദ്ദേഹം കണ്ടു. (പുറം 407-408, *പ്രകാശത്തിലേക്ക് ഒരു തീർഥയാത്ര*)

സഭാസമിതിയിലെ വലതുപക്ഷക്കാർക്ക് മാർ ഗ്രിഗോറിയോസിന്റെ നിക്കരാഗ്വാ സന്ദർശനം ആശങ്ക ഉളവാക്കിയതിൽ അദ്ഭുതമില്ലെന്ന് ഈ ഉദ്ധരണിയിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. ഈ സന്ദർശനത്തിനു മുമ്പ് 1979 ൽ ക്യൂബയുടെ വിമോചനത്തിന്റെ ഇരുപതാം വാർഷികത്തിൽ മാർ ഗ്രിഗോറിയോസ് സുഹൃത്തുക്കൾക്ക് അയച്ച ഒരു സന്ദേശത്തിൽ ഇപ്രകാരം പറഞ്ഞത് വലതുപക്ഷക്കാരെ സംതൃപ്തരാക്കാൻ ഉതകുന്നതായിരുന്നില്ല. ആ സന്ദേശത്തിലെ പ്രസക്തഭാഗം സോഷ്യലിസത്തോടും വിമോചനപ്രസ്ഥാനത്തോടും അവയുടെ നേതാക്കളോടും ഗ്രിഗോറിയോസിന് ഉണ്ടായിരുന്ന മനോഭാവത്തിന്റെ സാക്ഷ്യപത്രം ആണ്. ഈ കത്ത് എഴുതിയ 1979 ലെ നിക്കരാഗ്വൻ വിമോചനത്തെക്കുറിച്ചും അതിൽ പരാമർശമുണ്ട്:

അമേരിക്കൻ ഭൂഖണ്ഡത്തിലെ പ്രഥമ വിമോചിത പ്രദേശമായ ക്യൂബ എന്ന വീരചരിതയായ ദ്വീപരാഷ്ട്രത്തിലെ യാഥാർഥ്യങ്ങളിലേക്ക് കണ്ണുതുറക്കാൻ എന്റെ ക്യൂബൻ സന്ദർശനം സഹായിച്ചു. ഇപ്പോഴിതാ നിക്കരാഗ്വയും ആ മാതൃക പിന്തുടർന്നിരിക്കുന്നു. ക്യൂബയെ ഏറ്റവും കറുത്ത ചായത്തിൽ വരച്ചുകാട്ടാൻ മാധ്യമങ്ങൾ ദൃഢപ്രതിജ്ഞ എടുത്തിരിക്കുന്നതായി തോന്നുന്നു. പക്ഷേ ഞാൻ അവിടെ കണ്ടത് തികച്ചും വ്യത്യസ്തമായ ഒരു ചിത്രമാണ്. പ്രതീക്ഷയും പ്രത്യാശയും നിറഞ്ഞ ഒരു വീരചരിതയായ രാഷ്ട്രത്തിന്റെ വീരോചിതമായ നേട്ടം. ചേരിചേരാ രാഷ്ട്രങ്ങളെ പ്രതിധീകരിച്ച് ഫിദൽ കാസ്ത്രോ ഐക്യരാഷ്ട്രസഭയിൽ ചെയ്ത പ്രഭാഷണം മാർപ്പാപ്പ ജോൺപോൾ രണ്ടാമൻ നടത്തിയ പ്രഭാഷണത്തേ

> ക്കാൾ (രണ്ടും ഇക്കഴിഞ്ഞ ഒക്ടോബറിൽത്തന്നെ) ക്രിസ്തീയ വീക്ഷണത്തെ പ്രതിഫലിപ്പിക്കുന്നു എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ഇതു പറഞ്ഞാൽ അതു നിങ്ങളെ ഞെട്ടിപ്പിക്കുമോ? ഫിദൽ കാസ്ത്രോ ഒരു യഥാർഥ ലോകനേതാവാണ്. ഞാൻ അദ്ദേഹത്തെ ഉള്ളഴിഞ്ഞ് ആദരിക്കുന്നു. നിരക്ഷരതാ നിർമാർജനം സാർവത്രികമായ ആരോഗ്യപരിപാലനം, വരുമാന സമീകരണം, തൊഴിലില്ലായ്മാ നിർമാർജനം തുടങ്ങിയ മേഖലകളിൽ അമേരിക്കൻ ഐക്യനാടിന്റെ ഉപരോധവും സൈനിക ആക്രമണങ്ങളും ഉണ്ടായിട്ടും ക്യൂബൻ ജനത നേടിയ നേട്ടങ്ങളെ ഞാൻ അത്യധികം വിലമതിക്കുന്നു. അങ്ങനെ നീതിപൂർവകമായ ഒരു സമ്പദ്വ്യവസ്ഥയുടെയും സാർവദേശീയ സോഷ്യലിസ്റ്റ് വീക്ഷണത്തിന്റെയും അടിത്തറ അവിടെ പാകിയിരിക്കുന്നത് ഞാൻ കണ്ടു. (പുറം 399, ടി പുസ്തകം)

ഈ നിരന്തരമായ യാത്രകളുടെയും സംഘടനാ പ്രവർത്തനങ്ങളുടെയും മധ്യത്തിൽ എങ്ങനെയാണ് മാർ ഗ്രിഗോറിയോസ് പതിനെട്ടോളം ഭാഷകളിലെ പരിചയവും അവയിലെ ഗ്രന്ഥങ്ങളുടെ പഠനവും വിവിധ വിഷയസ്പർശികളായ ലേഖനങ്ങളുടെയും കൃതികളുടെയും രചനകളും നിർവഹിച്ചത് എന്നത് അദ്ഭുതകരമെന്നല്ലാതെ എന്തുപറയട്ടെ. എന്നിട്ടും താൻ ആഗ്രഹിക്കുന്നത് എല്ലാം എഴുതാൻ കഴിഞ്ഞില്ലല്ലോ എന്ന ഖേദം അദ്ദേഹത്തെ അവസാനശ്വാസംവരെ പിന്തുടർന്നു. പല പുസ്തകങ്ങളും ലേഖനങ്ങളും അപൂർണമായി അവശേഷിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ആധ്യാത്മിക ആത്മകഥ എന്ന വിശേഷണം നൽകിയ *സ്നേഹത്തിന്റെ സ്വാതന്ത്ര്യം ഒരു മഹാരഹസ്യം* എന്ന കൃതി ഉൾപ്പെടെ പലതും മരണാനന്തരമാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. അദ്ദേഹം നിര്യാതനായി പത്തുവർഷം തികയാറായിട്ടും ഈ മരണാനനന്തര പ്രസിദ്ധീകരണ പദ്ധതി പൂർത്തിയായിട്ടില്ല. തന്റെ തിരക്കേറിയ ജീവിതശൈലിമൂലം ആഗ്രഹിച്ച പലതും ചെയ്യാൻ കഴിയാതെ പോയതിലുള്ള വ്യസനം ആത്മകഥയിൽ ഒരിടത്ത് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

> മൂന്നോ നാലോ പുസ്തകങ്ങൾ എന്റെ മസ്തിഷ്കത്തിലുണ്ട്. തൃപ്തികരമായ രീതിയിൽ അവ പൂർത്തിയാക്കാൻ ഇനി സമയം കിട്ടുമെന്നു തോന്നുന്നില്ല. നാലു ഭൂഖണ്ഡങ്ങളിലും അനേകം സംസ്കാരങ്ങളിലുമായി നീണ്ടു കിടക്കുന്ന സുദീർഘജീവിതത്തിൽ ഞാൻ കണ്ടുമുട്ടിയ ആശയങ്ങളിലും പ്രത്യയശാസ്ത്രങ്ങളിലും ചിലതു പ്രത്യവലോകനം ചെയ്യുന്ന

അവസരമായിക്കൂടി ഞാൻ ഈ ഗ്രന്ഥത്തെ ഉപയോഗിക്കാം. എന്റെ ജീവിതകഥ രചിക്കാൻ പല ആളുകളും എന്നോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് വായനക്കാരുടെ അനുവാദത്തോടുകൂടി, എന്റെ ജീവിതകഥ ജീവിതസായാഹ്നത്തിൽ മനസ്സിൽ തിങ്ങിക്കൂടുന്ന അനേകം ആശയങ്ങളെ സ്പർശിക്കാനുള്ള ചട്ടക്കൂടായി ഞാൻ ഉപയോഗിക്കട്ടെ.

ഈ നാലു പുസ്തകങ്ങൾ എഴുതാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല നേരത്തേ പറഞ്ഞതുപോലെ ഈ ആത്മകഥയും പൂർത്തീകരിച്ചില്ല. അതിലെ ചില എഴുതാത്ത അധ്യായങ്ങളുടെ തലവാചകങ്ങൾ ചേർത്തിട്ടുള്ളത് വായനക്കാരെ ഒരേസമയം പ്രലോഭിപ്പിക്കുകയും നിരാശപ്പെടുത്തുകയും ചെയ്യുന്നു.

1993 ൽ ഓക്സ്ഫോർഡിൽ വച്ചാണ് ആത്മകഥ അദ്ദേഹം എഴുതിത്തുടങ്ങിയത്. ജർമനിയിലെ കൊളോൺ സർവകലാശാലയിലെ ഹൈ എനർജി ഫിസിക്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നോബൽ സമ്മാനിതർ ഉൾപ്പെടെ അത്യുന്നത ശാസ്തജ്ഞരും ദാർശനികരും പങ്കെടുക്കുന്ന 'സൈദ്ധാന്തിക ഭൗതികത്തിന്റെ അടിത്തറകൾ' എന്ന വിഷയത്തെക്കുറിച്ച് നടക്കുന്ന സെമിനാറിൽ പങ്കെടുക്കാൻ 1993 മേയ് 29 ന് ലണ്ടനിൽനിന്ന് വിമാനത്തിൽ യാത്ര ചെയ്യുമ്പോഴാണ് അദ്ദേഹത്തിന് പക്ഷാഘാതം നേരിട്ടത്. അത് നേരിടുമ്പോൾ കമ്പ്യൂട്ടറിൽ ആത്മകഥ തുടർന്ന് എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. കൊളോണിൽ എത്തിച്ചേർന്ന ഉടനെ ചക്രക്കസേരയിൽ ആശുപത്രിയിലേക്ക് അദ്ദേഹത്തെ കൊണ്ടുപോയി. പിന്നീട് ആശുപത്രിയിൽനിന്ന് വിടുതൽ നേടിയെങ്കിലും ഒരിക്കലും പൂർണമായി സുഖം പ്രാപിച്ചില്ല. ഈ രോഗകാലത്തുതന്നെ തിരുവനന്തപുരത്തെ സാർവദേശീയ കേരള പഠനകോൺഗ്രസ് ഉൾപ്പെടെ ഏതാനും പരിപാടികളിൽ അവശനെങ്കിലും ഫലപ്രദമായി പങ്കെടുത്തിരുന്നു. ദില്ലിയിൽവച്ച് 1 പക്ഷാഘാതത്തിന് പുറമേ രക്താർബുദവും ബാധിച്ച് 1996 നവംബർ 24 ന് പ്രവർത്തനനിരതവും മൗലികചിന്താ ബന്ധുരവും ആയ ആ മഹനീയ ജീവിതത്തിന് തിരശ്ശീല വീണു. ●



എത്യോപ്യൻ ചക്രവർത്തി ഹെയ്ലി സെലാസിയും മാർ ഗ്രിഗോറിയോസും

ഭാഗം 2

പീഡിതരുടെ മതവും പീഡകരുടെ മതവും

മാർ ഗ്രിഗോറിയോസിന്റെ മത ചിന്തകളിലും ദാർശനിക വിചാരങ്ങളിലും മുന്തി നിന്നത് പാശ്ചാത്യ-പൗരസ്ത്യ വ്യതിരേകങ്ങളാണ്. പൊതുവേ പാശ്ചാത്യ ക്രിസ്തീയ മതം നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ ചക്രവർത്തി അതിനെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ചതോടെ ശുദ്ധ ക്രിസ്തുമതത്തിൽ നിന്നുമുള്ള വ്യതിയാനം ആരംഭിച്ചു. ഇതാണ് ഈ ഭാഗത്തിൽ.



അധ്യായം 8

കേരളത്തിലെ ഗ്രിഗോറിയോസും നിസ്സയിലെ ഗ്രിഗറിയും

ഡോക്ടർ പൗലോസ് മാർ ഗ്രിഗോറിയോസിന്റെ തനതായ മതവിജ്ഞാനീയവും മാർക്സിസ്റ്റ് ചിന്തയും രൂപപ്പെട്ടത് ഏതെങ്കിലും ഒരു ബൗദ്ധിക സ്രോതസ്സിൽ നിന്നോ പാരമ്പര്യത്തിൽ നിന്നോ അല്ല. പ്രാചീനവും അർവാചീനവും ആയ വിവിധ ഭാഷകളിലെ ഗ്രന്ഥങ്ങളിൽ നിന്ന് സ്വായത്തമാക്കിയ അറിവും തന്റെയും തന്റെ രാഷ്ട്രത്തിന്റെയും ജീവിതാനുഭവങ്ങളും അദ്ദേഹത്തിന്റെ ആശയങ്ങൾക്ക് മൂല്യവും കാന്തിയും നൽകി. പഴയ നിയമവും പുതിയ നിയമവും മാത്രമല്ല അവയ്ക്ക് രണ്ടിനുമിടയിലെ അപ്പോക്രിഫ ഉൾപ്പെടെയുള്ള സമ്പൂർണ വേദപുസ്തകത്തിന്റെ പരമപ്രാധാന്യം അംഗീകരിക്കുന്ന ഗ്രിഗോറിയോസ് എല്ലാ അറിവും വേദപുസ്തകത്തിൽ അവസാനിക്കുന്നു എന്നു വിശ്വസിക്കുന്ന മതമൗലികതാവാദിയായിരുന്നില്ല.

കഴിഞ്ഞ 1500 വർഷങ്ങളായി ക്രിസ്തീയസഭകൾ അംഗീകരിച്ചു വന്ന പഴയ നിയമവും പുതിയ നിയമവും ഉൾപ്പെട്ട വേദപുസ്തകവും സാധാരണ ജനങ്ങളെ വഴിതെറ്റിക്കുമെന്ന് വിധിച്ച് രഹസ്യമെന്ന് മുദ്രകുത്തി അതിൽനിന്ന് മാറ്റിവെച്ച "അപ്പോക്രിഫ" ഉൾപ്പെട്ട സമ്പൂർണ്ണ വേദപുസ്തകവും ഇന്നത്തെ രീതിയിൽ എഡിറ്റ് ചെയ്തു

പ്രസിദ്ധീകരിച്ചത് പിൽക്കാലത്ത് വിശുദ്ധ ജെറോം (ക്രി.പി.347-419) എന്ന പേരിൽ അറിയപ്പെട്ട പണ്ഡിത പുരോഹിതനാണ്. എന്നാൽ ജെറോമിന്റെ വിലക്കുകൾ ഗ്രിഗോറിയോസിന് അംഗീകാര്യമായിരുന്നില്ല. ഒളിച്ചുവെച്ചത് അഥവാ തള്ളപ്പെട്ടത് അഥവാ പ്രക്ഷിപ്തം എന്നൊക്കെ അർഥമുള്ള അപ്പോക്രിഫയിലെ ഭൂരിഭാഗം പുസ്തകങ്ങളും യഹൂദർ റോമൻ വാഴ്ചക്കെതിരെ നടത്തിയ പോരാട്ടങ്ങളുടെ വീരഗാഥകളാണ്. നിയമവിരുദ്ധമായിരുന്ന ക്രിസ്തുമതത്തെ കോൺസ്റ്റന്റൈൻ ചക്രവർത്തി (ഭരണകാലം 306-337) 313ലെ "മിലാൻ തിട്ടൂരം"പ്രകാരം നിയമവിധേയമാക്കുകയും താമസിയാതെ റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ച് നിന്ദകർക്കും പീഡകർക്കും ചാർത്തിക്കൊടുക്കുകയും ചെയ്തതിനു ശേഷമാണ് മാർപ്പാപ്പ ദമാസൂസിന്റെ (ഭരണകാലം-360-364) ഉത്തരവിൻപ്രകാരം ജെറോം തന്റെ വേദപുസ്തകപ്പതിപ്പ് തയ്യാറാക്കിയത്. സ്വാഭാവികമായും റോമൻ ചക്രവർത്തിമാർക്ക് ആക്ഷേപകരമായ സ്മരണകൾ ഇരമ്പുന്നവ സാധാരണക്കാർ വായിക്കേണ്ടതില്ലെന്ന് വിധിക്കപ്പെട്ടു. ജോറോമിന്റെ "അകാനോനിക" വിധി ഗ്രിഗോറിയോസിന് ബാധകമായിരുന്നില്ല.

അതുപോലെത്തന്നെ അന്നത്തെയും ഇന്നത്തെയും സഭാധികൃതർ "ഹീതൻ" "പാഗൻ" (പുറംജാതികൾ, ക്രിസ്തുവിനു മുമ്പുള്ള അപരിഷ്കൃതർ, ക്രിസ്തുവിന്റെ വെളിച്ചം ലഭിക്കാതെ ഇന്നും ഇരുട്ടിൽ തപ്പിനടക്കുന്നവർ) എന്നൊക്കെ വിളിച്ച് ആക്ഷേപിക്കുന്നവരുടെ വിജ്ഞാനങ്ങളും വിശ്വാസങ്ങളും ത്യാജ്യഗ്രാഹ്യ വിവേചനത്തോടെ ഗ്രിഗോറിയോസ് സ്വീകരിച്ചു പോന്നു. ഈ വീക്ഷണമാണ് ഇന്ത്യയിലെ ക്രൈസ്തവ പൂർവ്വ പ്രവാചകരായിരുന്ന ഗൗതമ ബുദ്ധനിൽ നിന്നും വർധമാനമഹാവീരനിൽ നിന്നും തന്റെ സിദ്ധാന്ത സംഹിതയ്ക്ക് മുതൽകൂട്ടാൻ ഗ്രിഗോറിയോസ് പല ഘടകങ്ങളും കൈകൊണ്ടത്. പ്രത്യേകിച്ച് മഹാവീരൻ തൊട്ടുള്ള ജൈനരുടെ "അനേകാന്തവാദം" ഗ്രിഗോറിയോസിന്റെ മതചിന്തയിലും രാഷ്ട്രമീമാംസയിലും വലിയ പങ്കു വഹിക്കുന്നു. എ കെ ജി സെന്ററിൽ അദ്ദേഹം നടത്തിയ ഒന്നുരണ്ടു പ്രഭാഷണങ്ങളിൽ അനേകാന്തവാദത്തിന്റെ സാധുതയും ആധുനിക പ്രസക്തിയും ഊന്നിപ്പറയുകയുണ്ടായി.

ഭൗതികശാസ്ത്രങ്ങളുടെ പ്രസക്തിയും പ്രാധാന്യവും കണ്ടറിഞ്ഞ ആധുനികമതാചാര്യന്മാരിൽ പ്രമുഖനായിരുന്നു ഗ്രിഗോറിയോസ്. ശാസ്ത്രദർശനവും ശാസ്ത്രസാധുതയും സംബന്ധിച്ച ഗ്രിഗോറിയോസിന്റെ ചില പിൽക്കാല നിലപാടുകളോട് ഈ ലേഖകന് യോജിപ്പില്ലെങ്കിലും ആധുനിക ശാസ്ത്രചിന്തയുടെ പരിമിതികളെയും

"ഹൈടെക്" പ്രയാണത്തിലെ വിപൽ സാധ്യതകളെയും മറ്റും കുറിച്ചുള്ള അദ്ദേഹത്തിന്റെ ചില ഉൾക്കാഴ്ചകൾ കയ്യോടെ തള്ളിക്കളയാവുന്നവയല്ല. ഔപചാരികരീതിയിൽ പ്രകൃതിശാസ്ത്രം സർവകലാശാലകളിൽ പഠിച്ചിട്ടില്ലാത്ത ഗ്രിഗോറിയോസിന് ആപേക്ഷിക സിദ്ധാന്തവും ക്വാണ്ടം ബലതന്ത്രവും സൈബർനെറ്റിക്സുമുൾപ്പെടെ അതീവ സങ്കീർണ്ണമായ അത്യാധുനിക ശാസ്ത്രചിന്തകളിൽ ഉണ്ടായിരുന്ന അവഗാഹം അത്ഭുതകരമായിരുന്നു. (കാണുക ഗ്രിഗോറിയോസിന്റെ *സയൻസ് ഫോർ സെയിൻ സൊസൈറ്റീസ്*, ന്യൂയോർക്ക്, 1987)

വേദേതരമായ അഥവാ മതനിരപേക്ഷമായ (സെക്കുലർ) വിജ്ഞാനത്തോടുള്ള ഈ ആഭിമുഖ്യവും സമകാലിക ലോക സമസ്യകളെക്കുറിച്ചുള്ള അന്വേഷണവും അധ:സ്ഥിത വർഗങ്ങളോട് തന്റെ രക്ഷകനായ ക്രിസ്തുവിനുണ്ടായിരുന്ന അനുകമ്പയും താദാത്മ്യവും ചേർന്നപ്പോൾ മാർക്സിസത്തിലേക്കുള്ള ബൗദ്ധിക വാതായനം അദ്ദേഹത്തിന് മലർക്കെ തുറന്നു കിട്ടുകയായിരുന്നു.

തിരുവെഴുത്തുകളുടെ അക്ഷരങ്ങളിൽ ഒതുങ്ങാത്ത ഈ വിജ്ഞാനതൃഷ്ണയും അങ്ങനെ സ്വായത്തമാക്കുന്ന വിജ്ഞാനത്തെ തന്റെ മതവിജ്ഞാനീയവും സാമൂഹ്യപ്രതിബദ്ധതയുമായി സമന്വയിപ്പിക്കാനും പൗലോസ് മാർ ഗ്രിഗോറിയോസിന് വഴികാട്ടിയായി തീർന്നത് സഭയുടെ പൂർവ്വ പിതാക്കളിൽ പ്രമുഖനായ നിസ്സയിലെ ഗ്രിഗറിയാണ് (ക്രി.പി.335-394). 19-ാം നൂറ്റാണ്ടിലെ ചാൾസ് ഡാർവിന്റെ (1809-1882) പരിണാമ സിദ്ധാന്തത്തിന്റെ ഒരു അതിപ്രാചീന രൂപം പോലും ആവിഷ്കരിച്ച് പഴയ നിയമത്തിലെ ഉൽപ്പത്തി പുസ്തകത്തിൽ നിന്ന് വ്യത്യസ്തമായി ചിന്തിച്ച വിശുദ്ധ ഗ്രിഗറി പ്രകൃതി ശാസ്ത്രവും ശരീരശാസ്ത്രവും മന:ശാസ്ത്രവുമെല്ലാം പഠിക്കുകയും പാഗൻ വിജ്ഞാനത്തെ സുലഭമായി സ്വീകരിച്ച് തന്റെ മതവിജ്ഞാനീയവുമായി സമന്വയിപ്പിക്കുകയും ചെയ്ത മഹാമതിയാണ്. ഓക്സ്ഫോർഡിലെ ഗവേഷണ പ്രബന്ധത്തിന്റെ വിഷയമായി ഗ്രിഗോറിയോസ് തെരഞ്ഞെടുത്തത് ആദിപിതാക്കളുടെ വിശേഷിച്ച് നിസ്സയിലെ ഗ്രിഗറിയുടെ സംഭാവനകളെയാണ്. (*ഹ്യൂമൻ പ്രെസൻസ്: ആൻ ഓർത്തഡോക്സ് വ്യൂ ഓഫ് നേച്ചർ*, മദ്രാസ്, 1980-കാണുക)

ആദിപിതാക്കൾ നേതൃത്വം കൊടുത്തതും ശാസ്ത്രീയ സോഷ്യലിസ്റ്റ് ആചാര്യൻ ഫ്രെഡറിക് എംഗൽസ് (1820-95) മുക്തകണ്ഠമായി പ്രശംസിച്ചതുമായ ആദിമക്രിസ്തുമതത്തെയും അതിൽ നിസ്സയിലെ ഗ്രിഗറിക്കുണ്ടായിരുന്ന സ്ഥാനത്തെയും കുറിച്ച് ഇനി നമുക്ക് ചർച്ച ചെയ്യാം. ●

അധ്യായം 9

പിതൃവിജ്ഞാനീയവും നിസ്സയിലെ ഗ്രിഗറിയും

മറ്റെല്ലാ ഐതിഹാസിക സ്ഥാപനങ്ങളെയും പോലെ മത സ്ഥാപനങ്ങൾക്കും ഉണ്ട് ചില നിയമങ്ങൾക്കനുസൃതമായ സംക്രമണചരിത്രം. ഈ സംക്രമണനിയമങ്ങളിൽ പ്രധാനമായുള്ളത് ഉദയവികാസങ്ങളുടെയും അപചയങ്ങളുടെയും നവോത്ഥാനങ്ങളുടെയും, വീണ്ടും ഗതാനുഗതികത്വത്തിലൂടെ അപചയങ്ങളിലേക്കും നീങ്ങിക്കൊണ്ടിരുക്കുന്ന ശൈലിയാണ്. അങ്ങനെ നിലവിലുള്ള സാമൂഹ്യവ്യവസ്ഥയ്ക്കും മൂല്യസംവിധാനങ്ങൾക്കും എതിരായി രൂപമെടുക്കുകയും വളരുകയും ചെയ്യുന്ന മതസ്ഥാപനങ്ങൾ കാലക്രമേണ ഗതാനുഗതികത്വത്തിന്റെയും അപചയത്തിന്റെയും മാതൃകകളായി മാറുന്നു. ബുദ്ധൻ, നബി, ക്രിസ്തു തുടങ്ങിയവർ സ്ഥാപിച്ചതോ അവരുടെ പേരിൽ പിൽക്കാലത്ത് സ്ഥാപിക്കപ്പെട്ടതോ ആയ മതങ്ങളുടെ ആരംഭം കലാപത്തിന്റെയും പരിവർത്തനത്തിന്റെയും ആയിരുന്നുവെങ്കിലും പിന്നീടവ പരിവർത്തനവിരോധത്തിന്റെ പര്യായങ്ങളായി മാറി. ഈ നിയമപ്രകാരം പീഡിതരുടെയും നിന്ദിതരുടെയും മതമായി ആരംഭിച്ച ക്രിസ്തുമതം നാലാം നൂറ്റാണ്ടിൽ റോമാചക്രവർത്തി കോൺസ്റ്റന്റൈനിന്റെ മതപരിവർത്തനത്തോടുകൂടി എങ്ങനെ പീഡകരുടെയും നിന്ദകരുടെയും മതമായിത്തീർന്നു എന്ന്

പിന്നീട് പരിശോധിക്കാം. അതുപോലെ ബുദ്ധന്റെ ആദിമശിഷ്യരുടെ ഹീനയാനം മഹായാനമായി മാറുകയും ബുദ്ധൻ ഉപയോഗിച്ചിരുന്ന പ്രാകൃതം തിരസ്കരിച്ച് *ബുദ്ധചരിത*കർത്താവായ അശ്വഘോഷനെപ്പോലുള്ള മഹായാനക്കാർ സംസ്കൃതത്തിലേക്ക് തിരിച്ചു പോവുകയും ചെയ്തപ്പോൾ ബുദ്ധമതം ഒരു പൂർണ്ണവൃത്തം പൂർത്തിയാക്കി പഴയ ഹൈന്ദവ സവർണ പാരമ്പര്യത്തിലേക്ക് തിരിച്ചുപോവുകയായിരുന്നു.

ഇത്തരം തിരിച്ചുപോക്കുകൾക്കെതിരെ മതങ്ങളുടെ പ്രാരംഭ പ്രചാരകരുടെ പാരമ്പര്യം വീണ്ടെടുത്തുകൊണ്ട് പരിവർത്തനങ്ങളും നവോത്ഥാനങ്ങളും സംഭവിക്കുകയെന്നതും ചരിത്രത്തിന്റെ അനിവാര്യതയാണ്. എങ്കിലും ഒരു പ്രവാചകനെയോ ഗ്രന്ഥത്തെയോ അടിസ്ഥാനമാക്കി വളർന്നുവികസിക്കുന്ന പ്രവാചകമതങ്ങളിൽ മാത്രമല്ല ഹിന്ദുമതത്തെപ്പോലുള്ള പരമ്പരാഗത മതങ്ങളിലും ഇങ്ങനെ കാലാകാലങ്ങളിൽ പരിഷ്കരണങ്ങളും നവോത്ഥാനങ്ങളും സംഭവിക്കാറുണ്ട്.

ക്രിസ്തുമതചരിത്രത്തിൽ ഉടനീളം ഇപ്രകാരമുള്ള പരിഷ്കരണ സംരംഭങ്ങൾ പലരും നടത്തിയിട്ടുണ്ട്. എങ്കിലും അവയിലേറ്റവും പ്രധാനപ്പെട്ടത് പതിനാറാം നൂറ്റാണ്ടിലെ പ്രൊട്ടസ്റ്റന്റ് അഥവാ മത നവീകരണ പ്രസ്ഥാനമാണ്. ജർമൻകാരനായിരുന്ന മാർട്ടിൻ ലൂഥർ (1483–1546) എന്ന പുരോഹിതനാണ് റോമൻ കത്തോലിക്കാ സഭയ്ക്കെതിരെ കലാപം പ്രഖ്യാപിച്ചുകൊണ്ട് മതനവീകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചതും റോമൻ കത്തോലിക്കാസഭയിലെ ഏറ്റവും വലിയ പിളർപ്പിന് വഴിയൊരുക്കിയതും.

റോമൻ കത്തോലിക്കാസഭയിലും അതിന്റെ അത്യുന്നത അധികാരകേന്ദ്രമായ വത്തിക്കാനിലും നടന്നുവന്ന അനാചാരങ്ങളെയും ധൂർത്തുകളെയും ഭൗതികലാഭപ്രേരിതമായ നടപടിക്രമങ്ങളെയും എതിർക്കാൻ ആവശ്യമായ ആയുധങ്ങൾ തേടി ലൂഥർ പ്രഭൃതികൾ എത്തിയത് ആദിമക്രിസ്തുമതത്തിലാണ്. റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായി തീരുന്നതിനു മുമ്പുള്ള ക്രിസ്തീയ പാരമ്പര്യത്തെ അങ്ങനെയുള്ള അന്വേഷണം ക്രിസ്തുമത വിജ്ഞാനീയത്തിൽ ഒരു പുതിയ ശാഖയ്ക്ക് ജന്മം നൽകി. ആ ശാഖയുടെ പേരാണ് 'പിതൃവിജ്ഞാനീയം' അഥവാ "പെട്രോളജി". പിതൃവിജ്ഞാനീയമെന്നാൽ ആദിമസഭാ പിതാക്കളുടെ ജീവിതത്തെയും ചിന്തയെയും പോരാട്ടങ്ങളെയും കുറിച്ചുള്ള അറിവ് എന്നർഥം. മാർട്ടിൻ ലൂഥറുടെ ഒരു പ്രമുഖ അനുയായി ആയിരുന്ന ജോൺ ഗർഹാർഡ് എന്ന മതശാസ്ത്രജ്ഞനാണ് 1653ൽ ഇങ്ങനെ ഒരു പദം സൃഷ്ടിച്ചത്. ഗർഹാർ

ഡിനു മുമ്പും പിതൃവിജ്ഞാനീയത്തിനു സദൃശ്യമായ സിദ്ധാന്ത പദ്ധതികൾ ഉണ്ടായിരുന്നുവെങ്കിലും ഗർഹാർഡോടുകൂടിയാണ് ഈ പഠനമേഖല വിപുലമായതും മതനവീകരണപ്രസ്ഥാനത്തിന്റെ ഭാഗമെന്ന നിലയിൽ പ്രശസ്തിയാർജ്ജിച്ചതും.

ആദിമസഭയിലെ രണ്ടുഘട്ടങ്ങൾ

ക്രിസ്തു വർഷം ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തുവിന്റെ നേരിട്ടുള്ള ശിഷ്യരുടെയും അപ്പോസ്തലരുടെയും കാലം പിന്നിട്ട് ഏഴാം നൂറ്റാണ്ടുവരെ ക്രിസ്തീയസഭയിൽ നേതൃത്വം വഹിച്ചിരുന്ന പൗരസ്ത്യരും പാശ്ചാത്യരുമായ മെത്രാൻമാരുടെയും മറ്റു മതചിന്തകരുടെയും സിദ്ധാന്തങ്ങളും പോരാട്ടങ്ങളുമാണ് പിതൃവിജ്ഞാനീയത്തിന്റെ പ്രമേയം. നേരത്തെ പറഞ്ഞുവെച്ചതുപോലെ ഈ ഏഴുനൂറ്റാണ്ടുകളെത്തന്നെ രണ്ടുഘട്ടങ്ങളായി തിരിക്കാം. ക്രിസ്തുവർഷം നാലാം നൂറ്റാണ്ടിന്റെ പ്രഥമപാദത്തിൽ കോൺസ്റ്റന്റൈൻ ചക്രവർത്തി നിയമവിരുദ്ധമായ ക്രിസ്തുമതത്തെ നിയമവിധേയമാക്കുകയും തുടർന്ന് അതിനെ ഔദ്യോഗികമതമാക്കുകയും ചെയ്തതു വരെയുള്ള ഒന്നാംഘട്ടവും തുടർന്നുള്ള രണ്ടാംഘട്ടവുമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ക്രിസ്തുമതം റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിക്കപ്പെട്ട ദിവസം തൊട്ടുതന്നെ സഭ ആകെയും സഭാപിതാക്കളും സൈദ്ധാന്തികരും അപ്പാടെയും സാമ്രാജ്യദാസരായി എന്നു കരുതുന്നത് അസ്വാഭാവികവും അസത്യവുമായിരിക്കും. എങ്കിലും അതോടുകൂടി ക്രിസ്തുമതത്തിന്റെ ആദിമവിപ്ലവചൈതന്യം അസ്തമിക്കാൻ തുടങ്ങിയെന്നു മാത്രമേ കരുതാനാവൂ.

അപ്പോസ്തലിക കാലത്തിനുശേഷം ആദിപിതാക്കളുടെ കാലം ആരംഭിച്ചുവെന്ന് പറഞ്ഞുവല്ലോ. ഈ ആദിപിതാക്കളെ അവരുടെ ചിന്തയുടെ സ്വഭാവഗതികൊണ്ടും അവരുടെ രാജ്യഭാരത്തിന്റെ ഭൂമിശാസ്ത്രംകൊണ്ടും പ്രധാനമായി രണ്ടു വകുപ്പുകളായി തിരിക്കാം. ആദ്യത്തെ വകുപ്പുകാർ മധ്യധരണ്യാഴി പ്രദേശത്ത് റോം മുതൽ അലക്സാൻഡ്രിയ വരെ നീണ്ടുകിടക്കുന്ന മേഖലയിൽ അധികാരം പുലർത്തി വന്നിരുന്നുവെങ്കിൽ രണ്ടാംവകുപ്പുകാരുടെ ആസ്ഥാനം ഇന്നു നാം തുർക്കി, സിറിയ, ഇറാഖ്, ജോർദാൻ എന്നെല്ലാം വിളിക്കുന്ന പ്രദേശങ്ങളാണ്. ആദ്യത്തെ വകുപ്പുകാരെ അലക്സാൻഡ്രിയൻ പിതാക്കളെന്നും അപരരെ കപ്പഡോക്കിയൻ പിതാക്കളെന്നും വേർതിരിച്ചു പറയുന്നു. ഇവരുടെ എല്ലാം ഭാഷ അന്നത്തെ പാശ്ചാത്യ ഭാഷകളിൽവെച്ച് ഏറ്റവും സംസ്കൃതവും സമ്പന്നവും ആയിരുന്ന ഗ്രീക്ക് ആയിരുന്നു. ഈ ആദിമ പിതാക്കളുടെ അന്ത്യദശയിൽ അരങ്ങേറിയ വിശുദ്ധ ജെറോം വിശുദ്ധ അഗസ്റ്റിൻ (354–430) മുതലായവർ ഗ്രീക്കിൽ

നിന്നും റോമാക്കാരുടെ ഭാഷയായ ലത്തീനിലേക്കുള്ള മാറ്റത്തെ പ്രതിനിധീകരിക്കുന്നു.

ഈ ആദിമപിതാക്കളെല്ലാം തന്നെ ഏറിയും കുറഞ്ഞും ആദിമ ക്രിസ്തുമതത്തിന്റെ വിശുദ്ധിയും പരിവർത്തന ശുഷ്കാന്തിയും കാത്തുപോന്നെങ്കിലും അവരിൽ കപ്പഡോക്കിയൻ പിതാക്കളാണ് ക്രിസ്തുമതത്തിന്റെ പൗരസ്ത്യഭാവത്തിന് ഊന്നൽ നൽകിയിരുന്നത്. അതുകൊണ്ട് ആദിപിതാക്കളുടെ ചിന്തയോടെല്ലാം പൗലോസ് മാർ ഗ്രിഗോറിയോസിന് ആഭിമുഖ്യം ഉണ്ടായിരുന്നുവെങ്കിലും കപ്പഡോക്കിയൻ ചിന്തകരും അവരിൽ തന്നെ മുഖ്യമായി നിസ്സയിലെ ഗ്രിഗറിയുടെ ജീവിതവും ചിന്തകളുമായിരുന്നുവല്ലോ ഗ്രിഗോറിയോസിന്റെ ഓക്സ്ഫോർഡിലെ ഡോക്ടറേറ്റ് ഗവേഷണ വിഷയം. നിസ്സയിലെ ഗ്രിഗറിയുടെ ജീവിതത്തെയും ചിന്തയെയും കുറിച്ച് അൽപ്പംകൂടി വിശദമായി ചർച്ച ചെയ്യാം. ●

അധ്യായം 10

ജ്ഞാനവാദവും അരിയൻ കലാപവും

ഏതെങ്കിലും മതത്തിന് എന്തെങ്കിലും മഹത്വം കൽപ്പിക്കാമെങ്കിൽ അത് അതിന്റെ ലാളിത്യവും അനായാസമായി വിശ്വാസികൾക്ക് മനസ്സിലാക്കി ആശ്വാസം നേടാൻ തുറന്നുകൊടുക്കുന്ന വഴികളുമാണ്. മതസ്ഥാപകരൊന്നും മഹാപണ്ഡിതരായിരുന്നില്ല. മഹാവീരനായാലും ബുദ്ധനായാലും യേശുവായാലും മുഹമ്മദായാലും സമകാലികാവസ്ഥകളെക്കുറിച്ചു സഹജമെന്നുപോലും തോന്നുന്ന മനുഷ്യപ്പറ്റും അത്രവേഗം ഉറവിടം കണ്ടെത്താനാവാത്ത ഉൾക്കാഴ്ചയും ദുരവസ്ഥയോടു പ്രതികരിക്കാനും അടരാടാനുമുള്ള ധീരതയുമാണവരെ പ്രവാചകരും ലോകോപകാരികളുമാക്കിയത്. അവരിൽ പലരും തങ്ങൾ ഒരു പുതിയ മതം സൃഷ്ടിക്കുകയാണെന്ന് പ്രഖ്യാപിക്കുകപോലും ചെയ്തിട്ടില്ല. അതെല്ലാം ശിഷ്യരോ പിൽക്കാല തലമുറക്കാരോ ആണ് നിർവഹിച്ചിട്ടുള്ളത്.

പരമ്പരാഗതമായി കുന്നുകൂടിയ ആചാരാനാചാരങ്ങളുടെ ഭാരത്തിൽനിന്ന് സാധുമനുഷ്യരെ മോചിപ്പിക്കാനവർ പാണ്ഡിത്യപ്രകടനക്കാരോടും പാരമ്പര്യങ്ങളുടെ ഭണ്ഡാരപ്പുരക്കാരും അധികാരികളുമായ പുരോഹിതന്മാരോടും ചെറുത്തുനിന്ന ചരിത്രമാണ് മതസ്ഥാപകരായി അറിയപ്പെടുന്നവർക്കുള്ളത്. അതുകൊണ്ടാണ് ബുദ്ധനോട് വേദേതിഹാസങ്ങൾ ഉദ്ധരിച്ച് ബ്രാഹ്മണ പുരോഹിതരും ക്രിസ്തുവിനോടു തിരുവെഴുത്തുകൾ ഉദ്ധരിച്ചുകൊണ്ട് ശാസ്ത്രി

മാരും പരീശന്മാരും തർക്കിക്കാൻ ചെന്നപ്പോൾ പരിഹസിച്ചുതള്ളി തങ്ങളുടെ ലളിതമായ ധർമ്മോപദേശങ്ങൾ അവരിരുവരും നൽകിയത്. പരമ്പരാഗത യഹൂദ ധർമസംഹിതയും മോശയുടെ പത്തു കല്പനകളും മറ്റും ഉദ്ധരിച്ചു കൊണ്ട് ക്രിസ്തുവിനെ മുട്ടുകുത്തിക്കാൻ ചെന്നവരോട് അദ്ദേഹം പറഞ്ഞത് പ്രസിദ്ധമാണ്. ഈ പറയുന്ന സിദ്ധാന്തകൽപ്പനകളുടെയെല്ലാം കാതൽ രണ്ടുമാത്രം. തന്നെപോലെ തന്റെ അയൽക്കാരനെ സ്നേഹിക്കുകയും ആത്മാർഥതയോടെയും വിനയത്തോടെയും സർവശക്തന്റെ മുമ്പിൽ വഴങ്ങുകയും ചെയ്യുകയേ വേണ്ടൂ എന്നാണ് ക്രിസ്തു വിധിച്ചത്.

പിച്ചിപ്പൂവിന്റെ സുഗന്ധവും വിശുദ്ധിയും

മഹാത്മാ ഗാന്ധിയെക്കുറിച്ചും അങ്ങനെ ഒരു സംഭവം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ജാതി വ്യവസ്ഥയെയും അയിത്തത്തെയും എതിർത്ത ഗാന്ധിജി വേദോപനിഷത്തുകളിലെ വ്യക്തമായ വ്യവസ്ഥകളെയാണ് ലംഘിക്കുന്നത് എന്ന് തിരുവെഴുത്തുകളിലെ ഉദ്ധരണികളുടെ പിൻബലത്തോടെ അന്നത്തെ "സനാതന സംഘ"ത്തിന്റെ പ്രമാണിമാർ അദ്ദേഹത്തോടു വാദിച്ചു. താനറിയുന്ന വേദേതിഹാസങ്ങളിൽനിന്ന് മനസ്സിലാക്കിയിട്ടുള്ളത്, സർവരും ഒരേ പരബ്രഹ്മസ്വരൂപത്തിന്റെ ഘടകമാണെന്നും അല്ലെന്നു തോന്നുന്നത് അവിദ്യയായ മായകൊണ്ടാണെന്ന് ഭഗവാൻ ഗീതയിൽ പറഞ്ഞിട്ടുണ്ടെന്നും മറ്റും മഹാത്മാവ് വാദിച്ചു നോക്കി. എന്നിട്ടും വിട്ടുകൊടുക്കാതെ സനാതനികൾ "ചാതുർവർണ്യം മയാസൃഷ്ടം, ഗുണകർമവിഭാഗശ:" എന്നും മറ്റുമുള്ള ഗീതാശ്ലോകങ്ങളും മറ്റും ഉദ്ധരിക്കാൻ തുടങ്ങിയപ്പോൾ തനിക്ക് താൻ പറഞ്ഞതുപോലെയാണ് മനസ്സിലായത് എന്നും അതുശരിയല്ലെങ്കിൽ "ആ ഉദ്ധരണികളെല്ലാം കൊണ്ടുപോയി തീയിലിടൂ" എന്നും മഹാത്മാവ് വേദനയും രോഷവും കലർന്ന ഭാഷയിൽ പ്രതികരിച്ചുവെന്നുമാണ് ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നത്.

ഇത്ര ലളിതമായി കാര്യങ്ങൾ കാണുകയും ഉപദേശിക്കുകയും ചെയ്ത ആചാര്യന്മാരെ അവരുടെ പിൽക്കാല അനുയായികളായി ഭാവിക്കുന്ന പണ്ഡിതമുഖ്യന്മാർ വാദിച്ചും വ്യാഖ്യാനിച്ചും ദുർഗ്രഹരായ താർക്കികരും മുടിനാരിഴ കീറുന്ന ഉണക്ക ശാസ്ത്രികളുമായി മാറ്റുകയും അവരുടെ ലളിതോപദേശങ്ങൾ കഠിനപദപ്രയോഗങ്ങളാൽ മൂടിക്കളയുകയും ചെയ്യുന്നത് മതചരിത്രങ്ങളുടെയെല്ലാം അനുഭവങ്ങളാണ്. ഏതു പാമരനും മനസ്സിലാക്കാൻ ഉതകുന്ന വിധം ധർമ്മോപദേശത്തിനായി ക്രിസ്തു പറഞ്ഞ ഉപമകളും കഥകളും പോലും പണ്ഡി

തന്മാർ തർക്കിച്ചു കീറി മുറിച്ചപ്പോൾ നറുമണം പാറുന്ന പിച്ചിപ്പൂ അരസികരാരോ പിച്ചിച്ചീന്തിയതു പോലെയായി.

പിച്ചിപ്പൂവിന്റെ ലാളിത്യവും സുഗന്ധവും വിശുദ്ധിയും മുഖമുദ്രയായിരുന്ന ആദിമക്രിസ്തുമതവും ഇത്തരം വിതണ്ഡവാദങ്ങളിൽ നിന്ന് തീർത്തും വിമുക്തമായിരുന്നില്ല. പൗലോസ് മാർ ഗ്രിഗോറിയോസിനെ വളരെ സ്വാധീനിച്ച നിസ്സയിലെ ഗ്രിഗറിയെപ്പോലുള്ള ആദിമ സഭാപിതാക്കളുടെ ജീവിതവും ചിന്തയും മനസ്സിലാക്കണമെങ്കിൽ ഈ തർക്കവിതർക്കങ്ങളുടെ പൊരുളും പൊരുളില്ലായ്മയും കൂടി ഗ്രഹിക്കേണ്ടിയിരിക്കുന്നു. അതിനായി രണ്ട് വിവാദപ്രശ്നങ്ങൾ മാത്രം ഇവിടെ ചുരുക്കമായി അവതരിപ്പിക്കാം. "നോസ്റ്റിസിസം" അഥവാ "ജ്ഞാനവാദ"വും അരിയൻ കലാപവുമെന്ന പേരിൽ ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള വാദപ്രതിവാദവുമാണവ.

സവിശേഷജ്ഞാന വാദവും വിവാദവും

ഇംഗ്ലീഷ്ഭാഷയിലെ "നോളഡ്ജ്" എന്ന പദത്തിനർഥം അറിവ്. ഗ്രീക്ക് ഭാഷയിലെ "നോസിസ്" എന്ന പദമാണതിന്റെ പൂർവരൂപം. ഇംഗ്ലീഷിലെ നോളഡ്ജിന് ഉച്ചാരണമില്ലാത്ത "കെ" (K) എന്ന അക്ഷരമുള്ളത് ഗ്രീക്കിലെ നോസിസിന്റെ ആദ്യമുള്ള "ജി" (g) എന്ന അക്ഷരത്തിന്റെ സ്ഥാനത്താണ്. ഇംഗ്ലീഷിലെ "നോളഡ്ജി"ന്റെ നിശ്ശബ്ദമായ കെ.(ഗ്രീക്കിലെ GNOSISഉം ഇംഗ്ലീഷിലെ KNOWLEDGEഉം)

സൈമൺ മാഗുസ്, മാർസിയോൺ,വാലെൻടൈൻ തുടങ്ങിയവർ ഉയർത്തിയ നോസ്റ്റിക്ക്വാദത്തെ ജസ്റ്റിൻ, തെർത്തുലിയൻ, ഐറേനിയസ് തുടങ്ങിയ ആദിസഭാപിതാക്കൾ ചെറുത്തു. അറിവു നേടണമെന്നും അറിവിലൂടെയാണ് ആത്മസാക്ഷാത്ക്കാരമെന്നും ജ്ഞാനവാദികൾ പറഞ്ഞപ്പോൾ ക്രിസ്തുവിന്റെ കുരിശാരോഹണത്തിലൂടെയാണ് ആത്മസാക്ഷാത്കാരത്തിലേക്കുള്ള വഴിയെന്നും അറിവ് വേണ്ടത് കുരിശാരോഹണത്തിന്റെ അർഥത്തെക്കുറിച്ചാണെന്നും പിതാക്കൾ പ്രതിവചിച്ചു.

നന്മയും തിന്മയും എന്ന വൈരുധ്യാത്മക ദ്വന്ദത്തെയാണ് ജ്ഞാനവാദികൾ അടിസ്ഥാനമാക്കുന്നത്. ലോകം സൃഷ്ടിച്ചത് തിന്മയുടെ ശക്തികളാണെന്നും അതുകൊണ്ടാണ് ദുരിതവും പാപവുംകൊണ്ട് ലോകം പങ്കിലമായിരിക്കുന്നത് എന്നും അവർ വാദിക്കുന്നു. തിന്മയ്ക്ക് വിപരീതമായ നന്മയാണ് ദൈവം. തിന്മയെ കീഴ്പ്പെടുത്തുക എന്ന ദൈവീകദൗത്യം നിർവഹിക്കാൻ മനുഷ്യൻ അറിവ് നേടണമെന്നും അതിലൂടെ മോചനം ലഭിക്കുമെന്നും ജ്ഞാനവാദികൾ സിദ്ധാന്തിക്കുന്നു. ഈ സിദ്ധാന്തത്തെ ഉറപ്പിക്കാനായി ജ്ഞാനവാദികൾ പ്രപ

ഞ്ചോൽപത്തിയെക്കുറിച്ച് അനവധി കെട്ടുകഥകളും പുരാണ കഥകളും രചിച്ചിട്ടുണ്ട്. ഇന്ത്യയുൾപ്പെടെ ലോകമെങ്ങുമുള്ള സംസ്കാരങ്ങളിൽ പ്രപഞ്ചോൽപ്പത്തിയെക്കുറിച്ച് പ്രചാരത്തിലുള്ള കഥകൾ പരിശോധിച്ചാൽ ഈ ജ്ഞാനവാദികളുടെ സ്വാധീനം കണ്ടെത്താം.

അരിയൻ യുക്തിയും വിശ്വാസദൗർബല്യവും

ജ്ഞാനവാദികളേക്കാൾ ആദിമക്രിസ്തുസഭയെ അലോസരപ്പെടുത്തിയ മറ്റൊരു സിദ്ധാന്തമാണ് "അരിയനിസം" അഥവാ "അരിയവാദം". അരിയൂസ് (250-336) എന്ന ഒരു പുരോഹിത ദാർശനികനാണ് അതിന്റെ ആരംഭകൻ. അതുകൊണ്ട് അതിനെ അരിയവാദം എന്നു പറയുന്നു. അരിയൂസ് തന്റെ നിശിതമായ യുക്തിസാമർഥ്യവും അപാരമായ പാണ്ഡിത്യവും കൊണ്ട് ക്രിസ്തുമത വിശ്വാസത്തിലെ ചില അടിസ്ഥാന ശിലകളെ ഇളക്കിയതിനാലാണ് അരിയൂസിന്റെ ചിന്താപ്രസ്ഥാനത്തെ കലാപമെന്ന് കൂടി ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത്.

ക്രിസ്തു ദൈവത്തിന്റെ ഏകപുത്രനാണ്, പുരുഷസ്പർശമില്ലാതെയാണ് മേരി ക്രിസ്തുവിനെ ഗർഭം ധരിച്ചത്, ജനങ്ങളെ പാപത്തിൽ നിന്ന് മോചിപ്പിക്കാനാണ് ക്രിസ്തു അവതരിച്ചതും കുരുശിലേറിയതും-ഇതൊക്കെ ക്രിസ്തുമതത്തിന്റെ ആധാരശിലകളാണ്. പിൽക്കാലത്ത് പിതാവും പുത്രനും പുറമേ പരിശുദ്ധാത്മാവ് എന്ന ഒന്നിനെ കൂടിചേർത്ത് ക്രിസ്തുമതത്തിലെ "ത്രിത്വസിദ്ധാന്തം" നിലവിൽ വന്നു.

നാം ചർച്ചചെയ്യുന്ന കാലത്ത് മൂന്നാമത്തെ ഘടകം വേർതിരിക്കഴിഞ്ഞിരുന്നില്ല. ദൈവവും ദൈവപുത്രനായ യേശുവുമായിരുന്നു അന്നത്തെ മുഖ്യധാരകൾ. യേശു ദൈവത്തിന്റെ പുത്രനാണ്, മനുഷ്യമാംസവും രക്തവും ചേർന്ന് മനുഷ്യസ്ത്രീയിലാണ് ജനിച്ചതെങ്കിലും അങ്ങനെ ജനിച്ചതുകൊണ്ടു തന്നെ അദ്ദേഹം ദൈവമാണ്. ദൈവത്തിന്റെ തന്നെ അവതാരമാണ്. അതുകൊണ്ട് ദൈവമോ ദൈവപുത്രനോ ആരാണ് പ്രഥമനും പ്രധാനിയും എന്ന ചോദ്യമേ ഉത്ഭവിക്കുന്നില്ല. ക്രിസ്തു ദൈവമാണ്, രക്ഷകനാണ്.

അരിയൂസ് ഈ വാദത്തെ ഖണ്ഡിച്ചു. പുത്രൻ ഉന്നതൻതന്നെ, മഹാൻ തന്നെ, പുത്രന്റെ കുരിശാരോഹണം മനുഷ്യന് മോചനമാർഗ്ഗം തുറന്നു എന്നതും യുക്തിസഹം. എന്നാൽ പുത്രൻ ഒരിക്കലും പിതാവാകില്ല. പിതാവിനുള്ള പ്രഥമസ്ഥാനവും പ്രാധാന്യവും കഴിഞ്ഞേ പുത്രന്റെ സ്ഥാനവും പ്രാധാന്യവും വരൂ. മറിച്ച് വാദിക്കുന്നത് ദൈവനിന്ദയാണ്. എന്നു മാത്രമല്ല, പിതാവിനെയും പുത്രനേയും തുല്യരാക്കുന്നത് തീരെ യുക്തിസഹവുമല്ല.

അരിയൻ കലാപത്തിനെതിരെ പോരാടി അതിനെ തോൽപ്പിച്ചതിൽ പ്രാമാണികൻ നിസ്സയിലെ ഗ്രിഗറിയുടെ ജ്യേഷ്ഠസഹോദരൻ കൂടിയായ വിശുദ്ധ ബേസിൽ (329-379) ആയിരുന്നു. ഗ്രിഗറിക്ക് മുമ്പ് നിസ്സയിലെ മെത്രാൻസ്ഥാനം വഹിച്ചിരുന്നത് ബേസിലായിരുന്നു. ബേസിലിന്റെ ഗുരു മറ്റൊരു ഗ്രിഗറിയായിരുന്നു-ഗ്രിഗറി നസിയാൻസെൻ. ബേസിൽ ഒരു ഘട്ടത്തിൽ അരിയൻ ചെറുത്തുനിൽപ്പിൽ തോറ്റ് സ്ഥാനഭ്രഷ്ടനായെങ്കിലും പിന്നീട് വീണ്ടും നിസ്സയിലെ മെത്രാൻ പദവിയേറ്റു. ബേസിലും ഗ്രിഗറി നസിയാൻസെനും ആയിരുന്നു അരിയൻ കലാപവിരുദ്ധപോരാളികളിൽ പ്രമുഖർ.

ഈ അരിയൻവിരുദ്ധ യുദ്ധത്തിന്റെ പിന്മുറക്കാരനായിട്ടാണ് ബേസിലിന്റെയും നസിയാൻസെൻ ഗ്രിഗറിയുടേയും കാലശേഷം കപ്പഡോക്യൻ ഭദ്രാസനാധിപതിയായി നിസ്സയിലെ ഗ്രിഗറി സ്ഥാനമേൽക്കുന്നത്.

നിസ്സയിലെ ഗ്രിഗറിയുടെ ചിന്തയേയും സിദ്ധികളേയും കുറിച്ച് അൽപം വിശദമായി പിരഗണിച്ചാലേ മാർ ഗ്രിഗോറിയോസിന്റെ വീക്ഷണങ്ങളുടെ ഉറവിടത്തിൽ പ്രവേശിക്കാനാവൂ. നമുക്കതിനിനി ശ്രമിക്കാം.

അധ്യായം 11

വിശുദ്ധ ദമാസൂസിന്റെ അവിശുദ്ധദൗത്യം

ഡോക്ടർ പൗലോസ് മാർ ഗ്രിഗോറിയോസിന്റെ മതവിശ്വാസങ്ങൾക്കും മാർക്സിസ്റ്റ് ചിന്തയ്ക്കും മുഖ്യ പ്രേരകശക്തിയായി വർത്തിച്ചത് സമകാലിക ലോകത്തിന്റെ വെല്ലുവിളികളും അസ്വതന്ത്രരും അധഃസ്ഥിതരുമായ ജനവിഭാഗങ്ങളുടെ നീതിക്കുള്ള മുറവിളിയുമാണ്. എന്നാൽ അത്തരം നിലപാടുകൾക്ക് സൈദ്ധാന്തിക മായ ഊർജ്ജം നൽകിയത് ആദിമക്രിസ്തുമതത്തിന്റെ വിശുദ്ധിയും അധഃസ്ഥിതപക്ഷപാതവും അതോടൊപ്പം ഗ്രിഗോറിയോസിന്റെ സഭയുൾപ്പെടെയുള്ള പൗരസ്ത്യഓർത്തഡോക്സ് സഭകളുടെ പരമ്പരാഗത നിലപാടുകളുമാണെന്നു പറഞ്ഞുവല്ലോ. ഈ പരമ്പരാഗതമായ പൗരസ്ത്യ ഓർത്തഡോക്സ് നിലപാടുകളും അവയുടെ പൂർവസൂരികളായിരുന്ന ബേസിൽ, നിസിയാൻസെൻ ഗ്രിഗറി, ജോൺ ക്രിസോസ്റ്റം, സർവോപരി നിസ്സയിലെ ഗ്രിഗറി തുടങ്ങിയവരുടെ പങ്കും മനസ്സിലാക്കണമെങ്കിൽ അന്നത്തെ ക്രിസ്തീയസഭയിലെ വിവിധ സൈദ്ധാന്തിക ചർച്ചകളെയും കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മാനസാന്തരത്തെത്തുടർന്ന് പടിപടിയായി പീഡിതരുടെ ക്രിസ്തുമതം റോമാസാമ്രാജ്യത്തിൽ പീഡകരുടെ ക്രിസ്തുമതമായ കഥയും മനസ്സിലാക്കേണ്ടതുണ്ട്. അന്നത്തെ പല സൈദ്ധാന്തികവിഭാഗങ്ങളിൽ രണ്ടെണ്ണമായിരുന്ന അരിയൻ വാദത്തെയും ജ്ഞാനസിദ്ധാ

ന്തത്തെയും കുറിച്ച് മുൻ അധ്യായത്തിൽ പറഞ്ഞിരുന്നുവല്ലോ. ഇനി വിവരിക്കാനുള്ളത് കോൺസ്റ്റന്റൈന്റെ മാനസാന്തരത്തെ തുടർന്നു പാശ്ചാത്യ ക്രിസ്ത്രീയ സഭയിൽ വന്ന അനാരോഗ്യകരമായ പരിവർത്തനങ്ങളും അതിനോടുള്ള ചില പടിഞ്ഞാറൻമാരുടെയും മിക്കവാറും എല്ലാ കിഴക്കൻ പിതാക്കളുടെയും സമീപനവുമാണ്.

മഹാനായ കോൺസ്റ്റന്റൈൻ എന്ന് ചരിത്രപ്രസിദ്ധി നേടിയ റോമൻ ചക്രവർത്തിയാണ് (208-313-337) ക്രിസ്തുമതത്തെ റോമാ സാമ്രാജ്യത്തിൽ നിയമവിധേയമാക്കി മാറ്റിയതും ക്രിസ്ത്യാനികളിൽ നിന്ന് കണ്ടുകെട്ടിയിരുന്ന സ്വത്തുക്കളും പ്രാർഥനാലയങ്ങളും നഷ്ട പരിഹാരത്തോടെ തിരിച്ചുകൊടുക്കാൻ ഉത്തരവിട്ടതും. നേരത്തേ പരാ മർശിച്ച മിലാൻ തീട്ടൂരമാണ് ഈ പുതിയ നയത്തിനു തുടക്കം കുറി ച്ചത്. തീട്ടൂരപ്രകാരം എല്ലാ മതാനുയായികൾക്കും താന്താങ്ങളുടെ വിശ്വാസമനുസരിച്ച് ആരാധിക്കാനും ജീവിക്കാനും സ്വാതന്ത്യം നൽകിയെങ്കിലും ക്രിസ്ത്യാനികൾക്ക് മറ്റുള്ളവരെക്കാൾ കൂടുതൽ പരിഗണന നൽകിയിരുന്നു. നിക്കിയയിൽ വെച്ച് 325-ൽ നടന്ന മതശ്രേ ഷ്ഠമഹാസമ്മേളനം (നിക്കിയൻ കൗൺസിൽ) കോൺസ്റ്റന്റൈൻ പങ്കെടുക്കുകയും ക്രിസ്ത്യാനികൾക്കിടയിലെ സൈദ്ധാന്തികവും ആചാരപരവും ആയ തർക്കങ്ങൾക്ക് പരിഹാരം കണ്ടതായി പ്രഖ്യാ പിക്കുകയും ചെയ്തു. അരിയൻ കലാപവും ജ്ഞാനസിദ്ധാന്തവും സഭ അന്തിമമായി തിരസ്കരിച്ചതായി നിക്കിയൻ കൗൺസിൽ നിശ്ച യിച്ചു എങ്കിലും അവ എന്നന്നേക്കുമായി നിർമാർജനം ചെയ്യപ്പെട്ടു വോ എന്നതിനെക്കുറിച്ച് ചരിത്രകാരന്മാർക്കിടയിൽ തർക്കമുണ്ട്.

കോൺസ്റ്റന്റൈന്റെ രംഗപ്രവേശത്തോടെ സഭാവൃത്തങ്ങളിൽ പഴമക്കാരും പുതുമക്കാരും തമ്മിൽ തർക്കങ്ങൾ രൂക്ഷമായി. ഈ ചേരിപ്പോര് ഏറ്റവും കൂടുതലായി പ്രകടമായത് ദമാസൂസ് പ്രഥമൻ (304-384) എന്ന പേരിൽ പിൽക്കാലത്ത് അറിയപ്പെട്ട മാർപ്പാപ്പയെ തെരഞ്ഞെടുത്തപ്പോഴാണ്. ഉർസിന്നൂസ് ആയിരുന്നു എതിർസ്ഥാ നാർഥി. ആഡംബരഭ്രമം, സ്ത്രീകളോടുള്ള അമിതമായ സഹചാ രിത്വം, ധനപ്രതിപത്തി, ഭക്തിലോപം തുടങ്ങിയ പല ആരോപണങ്ങ ളും ഉർസിന്നൂസ് പക്ഷം ഉയർത്തി. റോമ സമൂഹത്തിലെ ധനിക കുടുംബങ്ങളും ധനികവിധവകളും മാത്രമല്ല അവസാനം ഭരണാധി കാരികളും ഇടപെട്ടാണ് ദമാസൂസിന്റെ വിജയം ഉറപ്പിച്ചത്. അങ്ങനെ ഭരണവും സഭയും തമ്മിലുള്ള അവിഹിതവേഴ്ച്ച മറനീക്കി പുറത്തു വന്നത് ദമാസൂസിന്റെ തെരഞ്ഞെടുപ്പോടെയാണ് (ക്രി.പി.366).

തിരുവെഴുത്തും തിരുത്തി എഴുത്തും

മാർപ്പാപ്പ ദമാസൂസ് പ്രഥമന് ക്രിസ്തുമതത്തിന്റെ പ്രത്യേകിച്ചും പടിഞ്ഞാറൻ ക്രിസ്തുമതത്തിന്റെ ചരിത്രത്തിൽ ഉള്ള സ്ഥാനം അവിസ്മരണീയമാണ്. ആ സ്ഥാനം ക്രിസ്തുമതത്തെ കൂടുതൽ കൂടുതലായി സാമ്രാജ്യത്വപക്ഷത്തേക്കും വിത്ത പ്രതാപത്തിലേക്കും പീഡകചേരിയിലേക്കും വലിച്ചിഴച്ചതിന്നായിരിക്കും എന്നു മാത്രം. ഇന്നു നാം അറിയും വിധത്തിലുള്ള *ബൈബിൾ* ദമാസൂസ് അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന ജെറോമിനെക്കൊണ്ട് തയ്യാറാക്കിച്ചതാണ്. അദ്ദേഹമാണ് പിൽക്കാലത്ത് വൾഗേറ്റ് (സാധാരണക്കാരുടെ ഭാഷയിലാക്കപ്പെട്ടത്) പതിപ്പ് എന്നറിയപ്പെടുന്ന ഇന്നത്തെ വേദപുസ്തകത്തെ പഴയ നിയമം, പുതിയ നിയമം, അപ്പോക്രിഫ (രഹസ്യം, സാധാരണക്കാർ വായിക്കേണ്ടതില്ലാത്തത്) എന്ന് മൂന്ന് ഭാഗങ്ങളായി തിരിച്ചതും അവയെ പ്രക്ഷിപ്തമെന്നും ആധികാരികമെന്നും വേർതിരിച്ച് ഏതൊക്കെ വേണമെന്നും വേണ്ടെന്നും നിശ്ചയിച്ച് അവസാനരൂപം നൽകിയതും. അക്കാലത്ത് വ്യാപകമായി പ്രചരിച്ചുവന്ന അപ്പോസ്തലന്മാരുടെയും മറ്റ് വിശുദ്ധന്മാരുടെയും പല സുവിശേഷങ്ങളും വിശുദ്ധ ലേഖനങ്ങളും നിയമബാഹ്യം അഥവാ അകനോനികം എന്ന് മുദ്രകുത്തി തിരസ്കരിച്ചത് ജെറോമാണ്.

റോമാസാമ്രാജ്യത്തിനെതിരെ നിരന്തരമായി യഹൂദർ ക്രിസ്തുവിനു മുമ്പും പിമ്പും നടത്തിയ കലാപങ്ങളെയും മറ്റും (ഉദാഹരണം മക്കാബിയരെയും സെലോട്ടുകളെയും പഴയ വിവർത്തനത്തിൽ എരിവുകാർ എന്നും പുതിയ മലയാള വിവർത്തനത്തിൽ തീവ്രവാദികൾ എന്നും വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളവർ-കുറിച്ചുള്ള ഭാഗങ്ങൾ) രഹസ്യവും സാധാരണക്കാർക്ക് അനഭിലഷണീയവും എന്നു മുദ്രചാർത്തി അപ്പോക്രിഫയിലേക്ക് തള്ളി. സുവിശേഷപാഠങ്ങളിലും വിവർത്തനങ്ങളിലും അത്തരം അധികാരപക്ഷപാതം നിറംപകർന്നിട്ടുണ്ട് എന്ന് ആധുനിക പണ്ഡിതന്മാർ വിലയിരുത്തുന്നുണ്ട്. വേദപുസ്തകത്തിന്റെ ഈ ജെറോം പതിപ്പാണ് 1603-ൽ ഇംഗ്ലീഷിൽ അധികാരമേറ്റ ഇംഗ്ലീഷ് രാജാവ് ജെയിംസിന്റെ ഉത്തരവ് പ്രകാരം 54 പണ്ഡിതന്മാർ ചേർന്നു വിവർത്തനം ചെയ്ത് 1611-ൽ പ്രസിദ്ധീകരിച്ചത്. ജെയിംസ് രാജാവിന്റെ പതിപ്പ് അല്ലെങ്കിൽ പാഠം എന്നു കൂടി അറിയപ്പെടുന്ന ഈ കൃതിയാണ് ലോകമെങ്ങും ഇപ്പോൾ പ്രചാരത്തിലിരിക്കുന്നതും മലയാളമുൾപ്പെടെ പല ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടതും. 20-ാം നൂറ്റാണ്ടിൽ പല ഭാഷകളിലും കഴിഞ്ഞ അമ്പത് വർഷക്കാലത്ത് മലയാളത്തിലും ജെയിംസ് പതിപ്പിനെ മാത്രം ആശ്രയിക്കാതെ ഗ്രീക്ക്, ലാറ്റിൻ, ഹീബ്രു, അരമായ, സിറിയക്ക് തുടങ്ങിയ

ഭാഷകളിലെ പതിപ്പുകൾ കൂടി പരിശോധിച്ചുള്ള പരിഷ്കരിച്ച വിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. എങ്കിലും ജെറോം പതിപ്പിന്റെ ആധികാരികതക്കു വലിയ കോട്ടം തട്ടാതെ തുടരുന്നു.

അടുത്തകാലത്തായി ജെറോം പതിപ്പിൽപ്പെടാത്ത ചില സുവിശേഷ പാഠങ്ങൾ പുറത്തുവന്നിട്ടുണ്ട്. 1896 ൽ കണ്ടെത്തിയ മഗ്ദല നമറിയത്തിന്റെ സുവിശേഷവും കേരളത്തിലെ സഭാസ്ഥാപകനായി വാഴ്ത്തപ്പെടുന്ന ക്രിസ്തുശിഷ്യൻ വിശുദ്ധ മാർതോമയുടെ സുവിശേഷവും മറ്റും ഇതിൽ പെടും.രണ്ടാം ലോകമഹായുദ്ധാനന്തരം പല സ്തീനിലെ ചാവുകടൽ തീരത്ത് ചില അതിപ്രാചീന ഗുഹകളിൽ നിന്നു കണ്ടെടുക്കപ്പെട്ട ചാവു കടൽ ചുരുളുകൾ (ഡെഡ് സീ സ്ക്രോൾസ്) എന്ന പേരിൽ അറിയപ്പെടുന്ന അതിപ്രധാന കയ്യെഴുത്തു രേഖകളും ക്രിസ്തുവിന്റെ ജീവിതത്തെയും കാലത്തെയും ആദിമ ക്രിസ്തുമതത്തെയും കുറിച്ചുള്ള പല ധാരണകളും തിരുത്തുവാൻ സഹായച്ചിട്ടുണ്ട്. സഭയുടെ വിശുദ്ധരും രക്തസാക്ഷികളും ആരൊക്കെ, അവരുടെ പ്രാധാന്യവും സംഭാവനയുമെന്ത് എന്ന കാര്യങ്ങളിലും ദമാസൂസ് വിധിനിഷേധങ്ങൾ പുറപ്പെടുവിച്ചു. രക്തസാക്ഷികൾക്കു മറ്റുമായി പുതിയ ശവകുടീരങ്ങൾ നിർമിച്ച് സ്വന്തം പക്ഷപാതങ്ങൾ പ്രത്യേകിച്ച് എഴുതിവെക്കാനും ദമാസൂസ് ശ്രദ്ധിച്ചിരുന്നു. ●

അധ്യായം 12

മതപരിവർത്തനം കോൺസ്റ്റന്റൈനോ ക്രിസ്തീയ സഭയ്ക്കോ?

റോമാസാമ്രാജ്യത്തിലെ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ (280-337)കാലം മുതൽക്കാണ് ക്രിസ്തുമതത്തിനെതിരെയുള്ള പീഡനപരിപാടികൾ അവസാനിപ്പിച്ച്, ഒടുവിൽ ക്രിസ്തുമതത്തെ ഭരണകൂടത്തിന്റെ ഔദ്യോഗിക മതമായി അംഗീകരിച്ചത് എന്നു നേരത്തെ പറഞ്ഞുവല്ലോ. 312 ലെ മെൽവിയൻ പാലം യുദ്ധത്തിലാണ് എതിരാളികളെ തോൽപ്പിച്ച് റോമൻ ഭരണരാഷ്ട്രീയത്തിൽ കോൺസ്റ്റന്റൈൻ മേൽക്കോയ്മ നേടിത്തുടങ്ങിയത്. ഈ വിജയം നേടിയത് സ്വപ്നത്തിൽ തനിക്ക് ദർശനം നൽകിയ ക്രിസ്തുവിന്റെ അനുഗ്രഹം കൊണ്ടാണെന്ന് പിൽക്കാലത്ത് കോൺസ്റ്റന്റൈൻ പ്രചരിപ്പിച്ചുപോന്നു. അക്കാലത്തെ റോമാസാമ്രാജ്യ ഭരണം പരമ്പരാഗതമായ കുടുംബവാഴ്ചയല്ലായിരുന്നു. വൻ സൈന്യാധിപരും സെനറ്റർമാരും (നിയമ നിർമാണത്തിനും ഭരണോപദേശത്തിനുമായുള്ള മൂപ്പർസഭയിലെ അംഗങ്ങൾ)മറ്റും തമ്മിൽ സൈനികമായും രാഷ്ട്രീയമായും നടക്കുന്ന തർക്കങ്ങളിൽ നിന്നും വിജയിച്ചുയർന്നുവരുന്നവരാണ് ചക്രവർത്തിമാരാകുക. അവിടെ തുല്യാധികാരമുള്ള രണ്ടു ചക്രവർത്തിമാരും ചിലപ്പോൾ ഡെപ്യൂട്ടി ചക്രവർത്തിമാരും മറ്റും ഉണ്ടാവുക സാധാരണയാണ്. ചക്രവർത്തിമാർ ധർമാധിപതി

കളാകുകയും റോമൻ പൗരാവലിയുടെ (ഭൂരിപക്ഷം വരുന്ന അടിമകളെയും പുറംനാട്ടുകാരെയും ഒഴിവാക്കി ന്യൂനപക്ഷം വരേണ്യരാണ് പൗരാവലിയിൽ പെടുന്നത്) അവകാശങ്ങൾ ധ്വംസിക്കാതിരിക്കാനുമാണ് ഈ ദ്വയാധികാര വ്യവസ്ഥ. ആദ്യം ലിസിനിയസ് എന്ന സൈനിക പ്രമാണിയുമായി അധികാരം പങ്കുവെച്ചാണ് കോൺസ്റ്റന്റൈൻ ഭരണം തുടങ്ങിയത്. എന്നാൽ പിന്നീട് 324ൽ ലിസിനിയസിനെ തോൽപ്പിച്ച് ഏകഛത്രാധിപതിയായി 337-ൽ മരിക്കുന്നതുവരെ തുടർന്നു.

ക്രിസ്തു തനിക്ക് മെൽവിയൻ പാലം യുദ്ധത്തിന് മുമ്പ് ദർശനമരുളി താൻ ക്രിസ്തുമതം സ്വീകരിച്ചു എന്ന് കോൺസ്റ്റന്റൈൻ പ്രഖ്യാപിച്ചുവെങ്കിലും മാമോദിസ മുങ്ങി ഔദ്യോഗികമായി സഭയിൽ പ്രവേശിച്ചത് മരണം അടുത്തുവരുന്നു എന്നുറപ്പായ 336-ൽ മാത്രമാണ്. അതിനുകാരണം അക്കാലത്തെ ക്രിസ്തുമതത്തിലെ ഒരു സവിശേഷ വിശ്വാസമായിരുന്നു. ഏക വിമുക്തി സിദ്ധാന്തം എന്നതിനെ നാമകരണം ചെയ്യാം. പ്രായശ്ചിത്തം മുഖേന പാപവിമുക്തി നേടാൻ ഒരിക്കൽ മാത്രമേ ഒരാൾക്ക് കഴിയൂ എന്നും തുടർന്നും പാപം ചെയ്താൽ നരകം നിശ്ചയമാണെന്നുമായിരുന്നു ആ വിശ്വാസം. ഭരണം നടത്താനും ഭരണമുറപ്പിക്കാനും പല പാപങ്ങളും ചെയ്യേണ്ടതുള്ളതിനാൽ അതെല്ലാം കഴിഞ്ഞ് മരണമടുക്കുമ്പോഴേ ഔപചാരികമായി സഭയിൽ പ്രവേശിക്കേണ്ടൂ എന്ന് കോൺസ്റ്റന്റൈൻ കരുതി. ഈ ഏക വിമുക്തി സിദ്ധാന്തംമൂലം അക്കാലത്ത് പല റോമൻ പ്രമാണിമാരും ഔപചാരികമായ മാമോദിസ അവസാനകാലത്തേക്ക് മാറ്റിവെച്ചതിന്റെ പല ഉദാഹരണങ്ങളും ചരിത്രത്തിലുണ്ട്.

വിശുദ്ധിയും അവിശുദ്ധിയും

കോൺസ്റ്റന്റൈൻ പിൽക്കാലത്തെ സാമ്രാജ്യത്വപക്ഷപാതികളായ ചരിത്രകാരന്മാർ പ്രചരിപ്പിച്ചതുപോലെ, ശുദ്ധഗതിക്കാരനായ ഭക്തനൊന്നും ആയിരുന്നില്ല. അധികാര രാഷ്ട്രീയത്തിൽ അദ്ദേഹത്തിന്റെ ക്രൂരത കുപ്രസിദ്ധമാണ്. യുദ്ധത്തടവുകാരെ വന്യമൃഗങ്ങളുടെ മധ്യത്തിലെറിഞ്ഞുകൊടുത്തു കടിച്ചു കീറുന്നത് കണ്ടു രസിക്കുക അദ്ദേഹത്തിന്റെ വിനോദമായിരുന്നു. ഉത്തരാഫ്രിക്കയിലെ യുദ്ധകാലത്ത് യുദ്ധവിജയത്തിനാവശ്യമില്ലാത്തവിധം കൊടുംക്രൂരമായ കൂട്ടക്കൊലകൾ അദ്ദേഹം നടത്തിയിട്ടുണ്ട്. സ്വന്തം മൂത്തമകനെയും തന്റെ സഹോദരീഭർത്താവിനെയും അത്ര വിശ്വാസ്യമല്ലാത്ത ദുർബലാരോപണങ്ങൾ മുൻനിർത്തി വധിച്ചയാളാണ് കോൺസ്റ്റന്റൈൻ. ശകുനങ്ങളിലും സ്വപ്നദർശനങ്ങളിലും മന്ത്രവാദ

ത്തിലും ജ്യോതിഷത്തിലും അവസാനകാലംവരെ വിശ്വസിച്ചിരുന്ന അന്ധവിശ്വാസിയായിരുന്ന കോൺസ്റ്റന്റൈന് ക്രിസ്തുമതപ്രേമം വിഘാതമായില്ല.

റോമാസാമ്രാജ്യത്തെ ഉദ്ഗ്രഥിക്കാനും ശക്തിപ്പെടുത്താനും ഉള്ള ഒരു പ്രത്യയശാസ്ത്രോപകരണമാക്കുവാനുള്ള കോൺസ്റ്റന്റൈനിന്റെ ആഗ്രഹം സഫലമാകണമെങ്കിൽ അതൊരു പുതുമയായാൽ മാത്രം പോരാ എന്നദ്ദേഹം കണ്ടു. യൂറോപ്പും ഉത്തരാഫ്രിക്കയും പശ്ചിമേഷ്യയും ഉൾപ്പെട്ട വിശാലമായ സാമ്രാജ്യത്തിലെ വിവിധ സംസ്കാരങ്ങളെയും പാരമ്പര്യങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും ഈ നവീന മതവുമായി വിളക്കിച്ചേർക്കണമെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു. അതിനായിട്ടാണ് സഹചക്രവർത്തി ലിസിനിയസുമായി ആലോചിച്ച് 313ൽ കോൺസ്റ്റന്റൈൻ പുറപ്പെടുവിച്ച "മിലാൻ തിട്ടൂര"ങ്ങളിൽ സകലമാന വിശ്വാസങ്ങൾക്കും മതങ്ങൾക്കും പ്രവർത്തന സ്വാതന്ത്ര്യം പ്രഖ്യാപിച്ചത്.

തുല്യരിൽ കൂടുതൽ തുല്യർ

മിലാൻ തീട്ടൂരങ്ങളുടെ മുഖ്യഗുണഭോക്താവ് ക്രിസ്തീയ സഭയായിരുന്നു. എല്ലാ മതങ്ങളെയും തുല്യമായി പരിഗണിക്കുക എന്ന ആധുനിക മതനിരപേക്ഷ രാഷ്ട്രീയം ഈ തീട്ടൂരത്തിൽ അടങ്ങിയതായി കരുതാമെങ്കിലും പ്രസിദ്ധമായ ഓർവെല്ല്യൻ പദപ്രയോഗം ഇവിടെ പ്രസക്തമാണ്. "എല്ലാവരും സമന്മാർ എങ്കിലും ചിലർ കൂടുതൽ സമന്മാരാണ്" എന്ന *ആനിമൽ ഫാമി*ലെ പ്രയോഗം ഓർമ്മിക്കുക. "ഓൾ ആർ ഈക്വൽ, ബട്ട് സം പീപ്പിൾ ആർ മോർ ഈക്വൽ" എന്ന പരിഹാസ പ്രയോഗം "എല്ലാവരും സമന്മാർ എങ്കിലും ക്രിസ്ത്യാനികൾ കുറെ കൂടി സമന്മാർ" എന്നതിന്റെ തെളിവായിരുന്നു. ക്രിസ്ത്യാനികളിൽ നിന്ന് കണ്ടുകെട്ടുകയും പിടിച്ചെടുക്കുകയും ചെയ്ത ആരാധനാലയങ്ങളും സ്വത്തുക്കളും തിരികെ കൊടുക്കാൻ കൂടി മിലാൻ തീട്ടൂരങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്നു.

അങ്ങനെ തുല്യരെക്കാൾ തുല്യർ എന്ന പദവി ഉപയോഗിച്ച് ഇതര മതവിശ്വാസികളെ ക്രിസ്തുമതപൂർവവും ക്രിസ്തുമതേതരവുമായ വിശ്വാസങ്ങളെ പരാമർശിക്കാൻ അവർ ഉപയോഗിച്ചുവന്ന 'പാഗൻ'മാരെ ദ്രോഹിക്കാനും അവരുടെ ആരാധനാലയങ്ങൾ പിടിച്ചെടുക്കാനും ക്രിസ്ത്യാനികൾ തുടങ്ങി.

പീഡിതർ പീഡകരാവുമ്പോൾ

ഒരു പാഗൻ മതാനുയായിയും എഴുത്തുകാരനുമായിരുന്ന ലിബാനിയൂസ് തിയോഡോഷ്യസ് ചക്രവർത്തിക്കെഴുതിയ പരാതി നഷ്ട

പ്പെടാതെ ചരിത്രകാരന്മാർക്ക് കിട്ടിയിട്ടുണ്ട്. അതിൽ പറയുന്നു:

> അവിടുന്ന് ക്ഷേത്രങ്ങൾ അടച്ചു പൂട്ടണമെന്നൊന്നും ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ ആനകളെപ്പോലെ തിന്നുകയും വേലക്കാരെക്കൊണ്ടു അളവില്ലാതെ മദ്യം വിളമ്പിച്ച് കുടിച്ചു കഴിയുകയും ചെയ്യുന്ന കറുത്ത വേഷക്കാർ (ക്രിസ്തീയ പുരോഹിതർ) കല്ലും വടിയും ഇരുമ്പു പാരയും കൊണ്ട് ക്ഷേത്രങ്ങൾ ആക്രമിക്കുന്നു. കയ്യും കാലും കൊണ്ടവർ നശിപ്പിക്കുന്നു. അവർ ക്ഷേത്രങ്ങളുടെ മേൽക്കൂര തകർക്കുകയും ഭിത്തികൾ അടിച്ചു നിരത്തുകയും ചെയ്യുന്നു. പ്രതിമകൾ മറിച്ചിടുകയും ബലിപീഠങ്ങൾ നശിപ്പിക്കുകയും ചെയ്യുന്നു. ക്ഷേത്രങ്ങളിലെ പുരോഹിതർ നിശ്ശബ്ദരായി സഹിക്കുവാനോ മരിക്കുവാനോ വിധിക്കപ്പെട്ടിരിക്കുന്നു. ഈ അതിക്രമങ്ങൾ നഗരങ്ങളിലാണ് എങ്കിൽ ഗ്രാമങ്ങളിലെ സ്ഥിതി അതിലും കഷ്ടമാണ്.

ക്രിപി 390ൽ ലിബാനിയൂസ് എഴുതിയ പരാതി ചക്രവർത്തി ചെവിക്കൊണ്ടില്ല എന്നു മാത്രമല്ല അതിക്രമങ്ങൾ വീണ്ടും വർധിച്ചു വന്നു എന്നതിന്റെ തെളിവാണ് ക്രിസ്തീയ ചരിത്രകാരന്മാർ തന്നെ ആവേശഭരിതരായി പ്രകീർത്തിക്കുന്ന അലക്സാൻഡ്രിയൻ മെത്രാൻ തിയോഫിലസിന്റെ കടുംകൈകൾ. 'സെറാപിയം' എന്ന പ്രാചീന ലോകത്തിലെ ഏറ്റവും ഗംഭീരമായ ഒരു ക്ഷേത്രത്തിന് നേരെ തിയോഫിലസ് മെത്രാന്റെ നേതൃത്വത്തിൽ 391-ൽ ഒരു വലിയ ക്രിസ്ത്യൻ സായുധസംഘം നടത്തിയ ആക്രമണം കുപ്രസിദ്ധമാണ്.

ഇത്തരം പാഗൻ ക്ഷേത്രങ്ങളെ ആക്രമിച്ച് പിടിച്ചെടുക്കുന്നവർ മനോഹരവും സമ്പന്നവുമായ കലാരൂപങ്ങൾ-പ്രതിമകൾ ഒഴിച്ച്-പുതിയ ക്രിസ്ത്യൻ പള്ളികൾ പണിയാൻ ഉപയോഗിക്കുകയും ചെയ്തുവന്നു. കോൺസ്റ്റന്റൈനിന്റെ കാലംവരെ നിലവിലിരുന്ന ലളിതവും ഭക്തിസാന്ദ്രവുമായ പള്ളികൾ ആർഭാടസമന്വിതവും അലങ്കാര ബഹുലവുമായ പാഗൻ ക്ഷേത്രങ്ങൾക്ക് സമാനമാകാൻ തുടങ്ങി. കോൺസ്റ്റന്റൈൻ തന്നെ തന്റെ പുതിയ ആസ്ഥാനമായ "ബൈസാന്റിയം" നഗരത്തെ "കോൺസ്റ്റാന്റിനോപ്പിൾ" ആക്കി പരിഷ്കരിച്ചപ്പോൾ അതിനെ പഴയ ഒരു പാഗൻ നഗരമാക്കിയാണ് വാർത്തെടുത്തത്.

കോൺസ്റ്റന്റൈനിന്റെ ഈ പുതിയ മതപരിവർത്തനം തകർച്ചയുടെ വക്കിലെത്തിയിരുന്ന റോമാ സാമ്രാജ്യത്തെ ആകെ ഒന്നു ശക്തിപ്പെടുത്താനും ഉദ്ഗ്രഥിക്കാനും ഉപകരിച്ചുവെങ്കിലും റോമാസാമ്രാജ്യത്തിന്റെ നെടുകെ വടക്ക് തെക്കായി ഉണ്ടായ പിളർപ്പ് ഒഴിവാ

ക്കാനായില്ല. റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനം തന്നെ റോമിൽ നിന്ന് വളരെ കിഴക്കുമാറി ഏഷ്യയുമായി ബന്ധിക്കുന്ന സ്ഥലത്തെ ബൈസാന്റിയത്തിലേക്ക് മാറ്റുകയും ചെയ്തു. അങ്ങനെ റോമൻ സാമ്രാജ്യവും ക്രിസ്തീയസഭയും മറ്റൊരു യുഗത്തിലേക്ക് പ്രവേശിക്കുകയായി. ഈ ഭാവമാറ്റത്തിന്നാണ് നേരത്തെ നാം ചർച്ച ചെയ്ത വിശുദ്ധ ദമാസൂസ് ദൈവശാസ്ത്രപരമായ നവീന വ്യാഖ്യാനങ്ങൾ നൽകിയത്. ദമാസൂസിന്റെ കാലത്തെയും അതിനോട് കിഴക്കൻ സഭാപിതാക്കൾ കൈക്കൊണ്ട എതിർപ്പിനെയും കുറിച്ച് അൽപം കൂടി പരിശോധിക്കാം. ●

അധ്യായം 13

പരിവർത്തനം കൂടുതൽ ക്രിസ്തുസഭയ്ക്കുതന്നെ

നാലാം നൂറ്റാണ്ടിലെ കോൺസ്റ്റന്റൈനിന്റെ പരിഷ്കാരങ്ങളെത്തുടർന്ന് പരിവർത്തനം സംഭവിച്ചത് ക്രിസ്തീയസഭക്കോ കോൺസ്റ്റന്റൈനോ എന്നചോദ്യം കഴിഞ്ഞ അധ്യായത്തിൽ ചോദിച്ചിരുന്നല്ലോ. പരിവർത്തനം കൂടുതൽ സംഭവിച്ചത് സഭയ്ക്കുതന്നെ എന്ന് തെളിയിക്കുന്ന കുറെ വസ്തുതകളും വിവരിക്കുകയുണ്ടായി. കൂടുതൽ വിവരങ്ങൾ കത്തോലിക്കാ മതവിശ്വാസിയും പ്രസിദ്ധചരിത്രകാരനുമായ പോൾ ജോൺസന്റെ കൃതിയിൽ നിന്ന് പദാനുപദം ഉദ്ധരിക്കുകയാണ്. *എ ഹിസ്റ്ററി ഓഫ് ക്രിസ്ത്യാനിറ്റി* (ന്യൂയോർക്ക്, 1976) എന്നതാണ് ഗ്രന്ഥം. (ഉപതലവാചകങ്ങൾ ഈ ലേഖകൻ ചേർത്തതാണ്.)

> പാഗനിസത്തിന്റെ മുഖ്യ ദൗർബല്യങ്ങളിൽ ഒന്ന് അതിന്റെ ബാഹ്യപ്രകടനപരതയായിരുന്നു. പാഗനിസത്തിന്റെ ഉപരിവർഗ ന്യായീകർത്താക്കൾ മതപരമായ നടപടിക്രമങ്ങളിൽ ഊന്നൽ നൽകിയത് വിശ്വാസത്തേയും ധാർമ്മിക ജീവിതത്തേയുംകാൾ അതിന്റെ സൗന്ദര്യാത്മകമായ അലങ്കാരങ്ങൾക്കുമായിരുന്നു. ദെൽസൂസിനെപോലുള്ള ആദ്യകാല പാഗൻ ബുദ്ധിജീവികൾ ചെയ്തതുപോലെ ക്രിസ്തുമതത്തെ അഭ്യസ്തവിദ്യർക്ക് അനുകൂലിക്കാനാവാത്ത പ്രാകൃതാഭ്യാ

സമായി അപലപിക്കാൻ മൂന്നാം നൂറ്റാണ്ടിലെ പാഗൻ ബുദ്ധി ജീവികളായ പ്ലോട്ടിനസിനോ അദ്ദേഹത്തിന്റെ ജീവചരിത്ര കാരൻ പോർഫിറിക്കോ കഴിഞ്ഞില്ല. ക്രിസ്തുമതത്തെയും ആചാരങ്ങളെയും വളരെ കരുതലോടെ മിതമായ ശൈലി യിൽ ആണവർ വിമർശിച്ചത്. ഇതിനകം റോമാ സാമ്രാ ജ്യത്തിലാകെ വ്യാപിച്ചുകഴിഞ്ഞിരുന്ന മതവിഭാഗം എന്ന നിലയിൽ ക്രിസ്തുമതത്തെ വിശ്വാസ്യമായ വിധം വിമർ ശിക്കാനോ അതിനു ബദലായി മെച്ചപ്പെട്ട ഒന്നിനെ എടുത്തു കാട്ടാനോ പാഗൻ മനീഷികൾക്ക് കഴിയാതെ വന്നതു കൊണ്ടാണ് ജൂലിയൻ ചക്രവർത്തി 360കളിൽ ഭരണകൂട ത്തിന്റെ കരുത്ത് ഉപയോഗിച്ച് പാഗൻമതം അടിച്ചേൽപ്പിക്കാൻ നടത്തിയ ശ്രമം വിജയിക്കാതെ പോയത്. ക്രിസ്തുമത സമ്പ്രദായങ്ങളെ പാഗൻ നടപടികളിൽ കുറെയൊക്കെ നെയ്തു ചേർക്കുകയും അതേസമയം ക്രിസ്ത്യാനികളെ അസഹിഷ്ണുക്കളും വിനാശകാരികളും നിഷ്കണ്ടകരുമായി ചിത്രീകരിക്കുകയുമായിരുന്നു ജൂലിയന്റെ തന്ത്രം. ക്രിസ്ത്യാനികളെ അനുകരിച്ചുകൊണ്ട് ഒരു വിശ്വാസപ്ര മാണ ഗ്രന്ഥം പാഗന്മാർക്കായി രചിച്ച ജൂലിയൻ അവരെ അനുകരിച്ചുകൊണ്ട് ചില പാഗൻ ജീവകാരുണ്യ പ്രവർത്തന ങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ക്രിസ്ത്യാനികളുടെ കാനോനകൾക്ക് സമമായി പാഗന്മാർക്കും കാനോനകൾ എഴുതിയുണ്ടാക്കിയ ജൂലിയൻ ക്രിസ്തീയ മാതൃകയിൽ ഉച്ചനീചത്വാടിസ്ഥാനത്തിലുള്ള ഒരു പൗരോഹിത്യ ശ്രേ ണിയും സ്ഥാപിച്ചു. ഉയർന്ന ഉദ്യോഗങ്ങളിൽ നിന്ന് ക്രിസ്ത്യാ നികളെ ഒഴിവാക്കി പാഗന്മാരെ നിയമിച്ച ജൂലിയൻ ചക്ര വർത്തി, വിദ്യാഭ്യാസ മേഖലയിൽ നിന്ന് അവരെ പൂർണ്ണമായി ഒഴിവാക്കി. ഭരണകൂടത്തിന്റെ പിന്തുണ പിൻവലിക്കുന്ന തോടെ ക്രിസ്തുമതത്തിലെ ഭിന്നതകൾ മൂർച്ഛിക്കുമെന്നും കിഴക്കൻ നാടുകളിൽ ഈ ഭിന്നിപ്പുകൾ കൂടുതൽ ഗുരുതര മാകുമെന്നും ജൂലിയൻ കണക്കുകൂട്ടി. ക്രിസ്ത്യാനികൾ ക്കെതിരെ യഹൂദരെ പ്രീതിപ്പെടുത്താൻ അവരുടെ യെറുശ ലേംക്ഷേത്രം പുനർ നിർമിക്കാമെന്നും ജൂലിയൻ വാക്കു നൽകി. ക്ഷേത്രങ്ങളിൽ പാഗൻ സമ്പ്രദായത്തിലുള്ള കൂട്ടബ ലികൾ നടത്തുവാൻ ഒരു കിഴക്കൻ സഞ്ചാരത്തിനിടയിൽ ജൂലിയൻ അധികൃതരോട് പരസ്യമായി ആഹ്വാനം ചെയ്തു. ക്രിസ്ത്യാനികൾക്ക് അംഗീകാരവും അധികാരവും കിട്ടിയതോടെ തകർക്കപ്പെടുകയോ അടച്ചിടുകയോ ചെയ്ത

പാഗൻക്ഷേത്രങ്ങൾ കേടുപാടുകൾ പോക്കി തുറന്നു പ്രവർത്തിപ്പിക്കാൻ ജൂലിയൻ ആവശ്യപ്പെട്ടു. എന്നാൽ അതൊന്നും ജനങ്ങൾക്കിടയിൽ വലിയ ചലനമൊന്നും സൃഷ്ടിച്ചില്ല. എന്നു മാത്രമല്ല കൂട്ടബലികൾ മുഖാന്തിരം പലയിടത്തും ഭക്ഷണത്തിന് മാംസം ആവശ്യത്തിനു ലഭിക്കുന്നില്ല എന്ന പരാതിയും ഉയർന്നു.

ക്രിസ്തുസഭ പാഗനിസത്തിൽ

ജൂലിയൻ ഒരു അന്ധവിശ്വാസിയായിരുന്നു. താൻ മാസിഡോണിയായിലെ അലക്സാണ്ടർ ചക്രവർത്തിയുടെ അവതാരമാണെന്നാണ് ജൂലിയൻ സങ്കൽപ്പിച്ചു നടന്നത്. അതുകൊണ്ട് അലക്സാണ്ടർ ചക്രവർത്തിയുടെ ശിഥിലമായ സാമ്രാജ്യം പുനഃസ്ഥാപിക്കുകയാണ് തന്റെ കർത്തവ്യമെന്നും ജൂലിയൻ ഭ്രമിച്ചിരുന്നു. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ പുനരുജ്ജീവിക്കപ്പെട്ട പാഗൻ ദൈവങ്ങൾ അനുഗ്രഹിക്കുമെന്നും അദ്ദേഹം വിശ്വസിച്ചു. അങ്ങനെ മതസത്യത്തെ സൈനിക വിജയവുമായി പൊരുത്തപ്പെടുത്തുക എന്ന പ്രമാദം അദ്ദേഹം ചെയ്തു. എന്നാൽ മുഖ്യമായും പാഗൻ വിശ്വാസികളാണ് എങ്കിലും ഇത്തരം വിളക്കിച്ചേർക്കലിനോട് റോമൻ പ്രഭുവർഗം മുൻകാലത്തെപോലെ യോജിച്ചില്ല. പാഗൻമത പുനരുദ്ധാരണം പരിഹരിക്കാൻ കഴിയുന്നതിനേക്കാൾ പ്രശ്നങ്ങൾ കൂടുതൽ സൃഷ്ടിക്കുകയായിരിക്കും എന്നവർ ഭയപ്പെട്ടു.

ഈ സന്ദർഭത്തിൽ മറ്റെല്ലാ കാര്യങ്ങളിലും എന്നപോലെ മതകാര്യങ്ങളിലും ക്രിസ്ത്യാനികൾ പൊതുജനാഭിപ്രായവുമായി പൊരുത്തപ്പെടാൻ തക്കവിധം സ്വയം മാറിക്കൊണ്ടിരിക്കുകയായിരുന്നു. രണ്ടാം നൂറ്റാണ്ടിൽ ഒരു മതസ്ഥാപനത്തിന് ആവശ്യമായ പൗരോഹിത്യ ഘടന നിർമിച്ചെടുക്കാൻ ക്രിസ്തീയസഭയ്ക്കു കഴിഞ്ഞു. മൂന്നാം നൂറ്റാണ്ടിൽ അതിനാവശ്യമായ ബൗദ്ധികവും ദാർശനികവുമായ ഘടനയ്ക്ക് സഭ രൂപം നൽകി. നാലാം നൂറ്റാണ്ടിൽ, പ്രത്യേകിച്ചും അതിന്റെ ഉത്തരാർദ്ധത്തിൽ സഭ നാടകീയവും ശക്തവുമായ ഒരു പൊതുജീവിത വ്യക്തിത്വം നേടിയെടുത്തു. ഒരു ഭരണകൂട സഭ എന്ന നിലയിൽ അത് ചിന്തിക്കാനും പ്രവർത്തിക്കാനും ആരംഭിക്കുകയും ചെയ്തു. ജൂലിയന്റെ പുനരുദ്ധാരണ യത്നം തകർന്നതിനെ തുടർന്ന് പാഗൻ മതത്തെ മനഃപൂർവം താഴ്ത്തിക്കെട്ടാനുള്ള ഒരു ശ്രമമായിട്ടാണ് ഇതെല്ലാം പരിണമിച്ചത്.

ദമാസൂസിന്റെ പരിഷ്കാരങ്ങൾ

ഈ പരിണാമപ്രക്രിയ ഊർജ്ജിതപ്പെട്ടത് ക്രി.പി 366 മുതൽ 384 വരെ റോമിലെ മെത്രാൻ സ്ഥാനം വഹിച്ച ദമാസൂസിന്റെ കീഴിലാണ്. അദ്ദേഹത്തിന്റെ ലക്ഷ്യം വളരെ കൃത്യമായിരുന്നു: റോമ രാജകീയ പ്രാകാരമായി വർത്തിക്കുന്ന മഹാരാജ്യത്തിന്റെ സത്യവും പ്രാചീനവുമായ മതമെന്ന നിലയിൽ ക്രിസ്ത്യൻ സഭയെ അവതരിപ്പിക്കുക. അതിനായി പത്രോസിന്റെയും പൗലോസിന്റെയും നാമങ്ങളിൽ അദ്ദേഹം വമ്പിച്ച വാർഷികോത്സവങ്ങൾ സംഘടിപ്പിച്ചു. അങ്ങനെ റോമാനഗരവുമായും കഴിഞ്ഞ മൂന്നു നൂറ്റാണ്ടുകാലത്തെ റോമൻ സാമ്രാജ്യവിജയങ്ങളുമായും ബന്ധപ്പെട്ട പ്രാചീനമായ ഒരു മതമാണ് ക്രിസ്ത്യാനികളുടേത് എന്ന് സ്ഥാപിച്ചെടുക്കുക എന്നതായിരുന്നു ഈ പെരുന്നാളുകളുടെ ലക്ഷ്യം. ഈ രണ്ടു വിശുദ്ധന്മാർ റോമാനഗരത്തെ തങ്ങളുടെ സ്വന്തം നാടായി ദത്തെടുത്തതിലൂടെ കിഴക്കുദിക്കിന്റെ മേൽ റോമിന് പ്രാമുഖ്യം നൽകുക മാത്രമല്ല പഴയ റോമൻ ദേവതകളേക്കാൾ ഫലപ്രദമായി റോമിന് സംരക്ഷണം നൽകുകയും ചെയ്തുവെന്ന് ദമാസൂസ് വാദിച്ചു. അങ്ങനെ ക്രിസ്തുമതം പ്രശസ്തമായ ഒരു ഭൂതകാലത്തിന്റെ അവകാശി മാത്രമല്ല, തിളക്കമേറിയ ഒരു ഭാവിയുടെ വാഗ്ദാനം കൂടി ആയിരിക്കുന്നു ക്രിസ്തുമതമെന്ന് വാദിക്കപ്പെട്ടു. ക്രി.പി.378-ാമാണ്ട് വിശുദ്ധോദാത്തമായ അപ്പോസ്തല അധികാരകേന്ദ്രം അഥവാ അപ്പോസ്തലിക് സി എന്ന പ്രയോഗം ദമാസൂസ് ആണ് അങ്ങനെ പ്രചരിപ്പിച്ചത്. പടിഞ്ഞാറൻ മേഖലയിലെ മെത്രാന്മാരെല്ലാം റോമാ മെത്രാന് വിധേയരായിരിക്കണം എന്ന് ഭരണകൂടം ഇടപ്പെട്ട് ഉറപ്പു നൽകണമെന്ന് ഈ സുന്നഹദോസ് ആവശ്യപ്പെട്ടു. ദമാസൂസ് ആഡംബര സമൃദ്ധിയിൽ ജീവിക്കുകയും ചെയ്തുവന്നു. റോമിലെ മെത്രാൻ കോടതികളിൽ ഹാജരാകേണ്ടതില്ലെന്ന് നിശ്ച യക്കണമെന്നും സുന്നഹദോസ് ആവശ്യപ്പെട്ടു. ഔദ്യോഗിക കാര്യങ്ങളിൽ തനിക്ക് തുല്യരായവരുടെ കീഴിൽ ആകേണ്ട അവസ്ഥ നമ്മുടെ സഹോദരൻ ദമാസൂസിന് സംഭവിച്ചുകൂടാ. അവരോട് തുല്യരാണ് അദ്ദേഹമെങ്കിലും അപ്പോസ്തലാധികാരി എന്ന നിലയിൽ അദ്ദേഹത്തിന് അവരേക്കാൾ മേലധികാരം ഉണ്ട്.

അത്രയൊന്നും ആത്മീയതയുള്ള ഒരാളായിരുന്നു ദമാസൂസ് എന്നു തോന്നുന്നില്ല. ദമാസൂസ് സ്ത്രീജനങ്ങളുടെ കാതുകളിൽ ഇക്കിളി കൂട്ടുന്നവനാണ് എന്ന് അദ്ദേഹത്തിന്റെ

വിമർശകർ ആരോപിക്കാറുണ്ടായിരുന്നു. ദമാസൂസ് മതപരിവർത്തനം ചെയ്ത് സഭയിൽ ചേർത്തവരിൽ ഭൂരിപക്ഷവും ഉയർന്ന സമൂഹതലങ്ങളിൽ നിന്നുള്ള വനിതകളായിരുന്നു. ധനികരെ സഭയിലേക്ക് ആകർഷിക്കാൻ അദ്ദേഹം ബദ്ധശ്രദ്ധനായി പ്രവർത്തിച്ചിരുന്നു. സെനറ്റിലെ പകുതിയിലധികം അംഗങ്ങൾ പാഗന്മാരായിരുന്ന അക്കാലത്ത് ഇത് അത്ര എളുതായ യത്നമായിരുന്നില്ല.

കള്ളപ്രമാണങ്ങളും ധനികരും

ക്രിസ്ത്യൻ വിശ്വാസ്യത വർദ്ധിപ്പിക്കാനായി കള്ളയൊപ്പിട്ട കത്തുകൾ അക്കാലത്ത് ധാരാളം പ്രചരിപ്പിക്കപ്പെട്ടു. അങ്ങനെയാണ് പ്രസിദ്ധ സെനറ്റർ സെനക്കയും വിശുദ്ധ പോളും തമ്മിൽ നടന്നതായി പറഞ്ഞുപരത്തിയ കുറെ എഴുത്തുകുത്തുകൾ അക്കാലത്ത് പ്രചരിച്ചത്. റോമിലും കോൺസ്റ്റാന്റിനോപ്പിളിലും ഉള്ള വൻ ഭൂവുടമകളായ പ്രഭുകുടുംബങ്ങളിൽ താവളം കണ്ടെത്താൻ ക്രിസ്ത്യൻ മതപ്രമാണിമാർ കിണഞ്ഞു പരിശ്രമിച്ചു. രാജസദസ്സിൽ സ്വാധീനമുള്ളവരും വൻ സ്വത്തുടമകളും ആയ പ്രഭു കുടുംബങ്ങളുടെ ആശ്രിതരും അന്തേവാസികളും ആകാൻ പല പുരോഹിത പ്രമാണിമാരും തയ്യാറായി. മതപരമായ താത്ത്വിക വാദപ്രതിവാദങ്ങളിൽ മാത്രമല്ല സഭയിലെ ഉന്നതസ്ഥാനീയരുടെ തർക്കങ്ങളിലും നിയമനങ്ങളിലും കൂടി ഈ പ്രഭുകുടുംബങ്ങൾ ഇടപെടാൻ തുടങ്ങി. കോൺസ്റ്റാന്റിനോപ്പിളിൽ മെത്രാനായിരുന്ന ജോൺ ക്രിസോസ്റ്റമിന്റെ ജീവിതവുമായി ബന്ധപ്പെട്ട നിരവധി രൂക്ഷമായ വാഗ്വാദങ്ങളിൽ വിജയശ്രീലാളിതരും ധനികരുമായ സൈനിക നായകരുടെ വിധവകൾ വിവിധ ചേരികളിൽ ചേർന്ന് തർക്കങ്ങൾക്ക് മൂർച്ച കൂട്ടി. മതദ്രോഷി എന്ന പേരിൽ ശിക്ഷയ്ക്ക് അർഹരാകാൻ ഇടയുള്ള പ്രാമാണികരായ ചില പുരോഹിതർക്ക് ഇത്തരം പ്രഭുകുടുംബങ്ങളുടെ പിന്തുണ കൊണ്ട് കൂടുതൽ വരുമാനം ലഭിക്കുന്ന ഇടവകകളിൽ ജോലി ലഭിക്കുക പതിവായിരുന്നു.

ഇക്കാലത്തോടുകൂടി മെത്രാന്മാർക്ക്, പ്രത്യേകിച്ചും റോമാ മേഖലയിലുള്ളവർക്ക് സഭാ വരുമാനത്തിന്റെ നാലിലൊന്ന് സ്വന്തമായി എടുക്കാമെന്ന് വ്യവസ്ഥയായി. അഭിജാതരും ധനികരും ആയവരുടെ കുടുംബങ്ങളിൽപെട്ടവർക്കും അവരുടെ ആശ്രിതവലയത്തിൽപെട്ടവർക്കും അവർ ചുണയും ചൊടിയുമുള്ളവരാണെങ്കിൽ വിശ്വാസമോ സ്വഭാവശുദ്ധിയോ

പരിഗണിക്കാതെ സഭയുടെ ഉന്നത സോപാനങ്ങളിൽ കയറിക്കൂടാമെന്നായി. അത്തരം ആൾക്കാരുടെ ഒത്തുചേരലിന് പ്രഭുകുടുംബങ്ങൾ തങ്ങളുടെ കൊട്ടാരങ്ങളിൽ വേദിയൊരുക്കി.

ഗ്രിഗറിയുടെ രോഷവും സ്ഥാനത്യാഗവും

ഈ ലൗകിക പ്രവണത പൗരോഹിത്യത്തിന്റെ ഔപചാരിക വേഷവിധാനങ്ങളിലും പ്രകടമായി. കോൺസ്റ്റന്റൈൻ തുടങ്ങിവച്ച ആഡംബരവേഷവും, സെനറ്റർമാർ പ്രതാപം കാട്ടാൻ ധരിച്ചുവന്ന വേഷവും സമന്വയിപ്പിച്ച് പുരോഹിതന്മാർ സ്വന്തം ലോഹകൾ രൂപകൽപന ചെയ്തു. സാമ്രാജ്യത്തിലെ പ്രഭുകുടുംബാംഗങ്ങളിലെ വേഷമാണ് മെത്രാന്മാർ പുതിയ സാഹചര്യത്തിൽ ഔദ്യോഗിക വേഷമായി ധരിക്കാൻ തുടങ്ങിയത്. മാമോനുമായുള്ള (ധനദേവത) ഈ ഒത്തുചേരലിനെ ചില പ്രാമാണികരായ മെത്രാന്മാർപോലും എതിർക്കുകയുണ്ടായി. കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായിരുന്ന നസിയാൻസെന്നിലെ ഗ്രിഗറി ത്യാഗപൂർണ്ണവും ആർഭാടരഹിതവുമായ ജീവിത രീതി പിന്തുടർന്നത് വിമർശനങ്ങൾക്ക് ഇടയായി. അദ്ദേഹം സ്ഥാനത്യാഗം ചെയ്തുകൊണ്ട് പുറപ്പെടുവിച്ച രോഷാകുലമായ പ്രഭാഷണത്തിൽ നിന്ന് ഉദ്ധരിക്കട്ടെ:

'സ്വന്തം വൻ വരുമാനങ്ങൾ എങ്ങനെ ചെലവഴിക്കേണ്ടു എന്നറിയാതെ ഉഴലുന്ന ഭരണാധിപരെയും ഗവർണർമാരെയും പ്രസിദ്ധ സൈനിക നായകരെയും പോലെ അവരോടു മത്സരിച്ച് ജീവിക്കണമെന്ന് എനിക്ക് അറിഞ്ഞു കൂടായിരുന്നു... അതുപോലെ പാവപ്പെട്ടവരുടെ അപ്പത്തിനുവേണ്ടി തങ്ങളുടെ ജഠരങ്ങൾ ദാഹിക്കേണ്ടതുണ്ട് എന്നോ അവർക്ക് അത്യാവശ്യമായത് വാരിവലിച്ചുതിന്ന് അൾത്താരയിൽ നിന്ന് ഏമ്പക്കം വിടേണ്ടതുണ്ടെന്നോ ഞാൻ തീരെ ധരിച്ചിരുന്നില്ല. ഒന്നാംതരം കുതിരകളിൽ സവാരി ചെയ്യേണ്ടതുണ്ടെന്നോ മുമ്പിലും പിമ്പിലും അകമ്പടിക്കാർ ഘോഷയാത്രയായി നടന്ന് ആർപ്പുവിളിക്കുന്നതിനോടൊപ്പം വന്യമൃഗങ്ങളെ കാഴ്ചക്ക് എഴുന്നെള്ളിക്കുന്നപോലെ രാജകീയ വാഹനങ്ങളിൽ സഞ്ചരിക്കേണ്ടതുണ്ടെന്നോ ഒന്നും ഞാനറിഞ്ഞിരുന്നില്ല. ഇതെല്ലാം കൈവിട്ടുപോകുന്നതിൽ വ്യസനിക്കുന്നു. ഏതായാലും എല്ലാം കഴിഞ്ഞു. ഈ തെറ്റു ചെയ്തതിനു എന്നോട് പൊറുക്കുക. ജനത്തെ പ്രീണിപ്പിക്കാൻ കഴിവുള്ള മറ്റാരെയെങ്കിലും എന്റെ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുക.' (പുറം 98–100)

അധ്യായം 11

ദമാസൂസ് പ്രഭൃതികളുടെ ക്രിസ്തുമതം

കോൺസ്റ്റന്റൈൻ ചക്രവർത്തി തുടങ്ങിവെച്ച ക്രിസ്തുമത പരിഷ്കാരങ്ങൾ സഭയുടെ ശൈലിയിലും ഭാഷയിലും ആക്കി മാറ്റിയത് മാർപ്പാപ്പ എന്ന പേരിൽ പിൽക്കാലത്ത് അറിയപ്പെട്ടു റോമാ മെത്രാൻ ദമാസൂസ് ആണ് എന്ന് നാം കണ്ടുവല്ലോ. ക്രിസ്തീയ സഭയെ സാമ്രാജ്യത്വത്തിന്റെ ഉപകരണമാക്കുവാൻ ദമാസൂസ് നടത്തിയ യത്നങ്ങളുടെ കുറെക്കൂടി വിശദമായ വിവരങ്ങൾ പോൾ ജോൺസൺ നൽകുന്നത് ഇവിടെ പദാനുപദം വിവർത്തനം ചെയ്ത് ചേർക്കുന്നു. ദമാസൂസിനെ തുടർന്ന് അതേ ദൗത്യം തന്നെ ക്രി പി 373 മുതൽ 387 വരെ മിലാനിൽ മെത്രാനായിരുന്ന പിന്നീട് വിശുദ്ധ നായി പ്രഖ്യാപിക്കപ്പെട്ട അംബ്രോസ് ഏറ്റെടുത്ത് നടപ്പാക്കിയത് എങ്ങനെയെന്നും പോൾ ജോൺസൺ വിവരിക്കുന്നു. ഈ കാര്യങ്ങളെ കുറിച്ച് ജോൺസന്റെ തന്നെ വിവരണം ഉദ്ധരിച്ച് ചേർക്കുവാൻ മാത്രമേ ഇവിടെ മുതിരുന്നുള്ളു. ഉപതലവാചകങ്ങൾ മാത്രം കൂട്ടിച്ചേർത്തിട്ടുണ്ട്.

സഭയുടെ പോക്കും വിശുദ്ധരുടെ ദുഃഖവും

അതേ നിലപാട് (കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാൻ നസിയാൻസെന്നിലെ ഗ്രിഗറി സ്വീകരിച്ച നിലപാട്) സ്വീകരിച്ചതിന് ജോൺ ക്രിസോസ്റ്റവും നഗരത്തിൽ നിന്ന് ബഹിഷ്കരി

ക്കപ്പെട്ടു. തന്നത്താനെ ഇരുന്ന് വളരെ മിതമായി മാത്രം ഭക്ഷണം കഴിക്കുക പതിവുള്ള അദ്ദേഹം മെത്രാസന ഇടവക യിലെ ആഡംബര പൂർണമായ വിരുന്നു സൽക്കാരങ്ങൾ അപ്പാടെ നിരോധിച്ചു. നഗരത്തിൽ വന്നു കൂടെക്കൂടെ സുവി ശേഷം പ്രസംഗിച്ച് വലിയ തോതിൽ ഫീസ് വാങ്ങി പോകുന്ന മെത്രാൻമാരുടെ പതിവ് അദ്ദേഹം തടഞ്ഞു. ആദായകരമായ ഇപ്പണിക്ക് വരുന്നതിനേക്കാൾ സ്വന്തം ഇടവകകളിലെ ശുശ്രൂഷകളിൽ ഏർപ്പെടുകയാണ് അവർ വേണ്ടതെന്ന് അദ്ദേഹം പറഞ്ഞു അദ്ദേഹം രാജസദസ്സുകളിലെ സമ്പ്രദായ ങ്ങളെയും ധനികരെയും പ്രത്യേകിച്ച് ധനിക വിധവകളെയും (അവരിൽ ചിലർ അദ്ദേഹത്തിന്റെ തന്നെ ശിഷ്യരായിരുന്നു) നിശിതമായി വിമർശിക്കുമായിരുന്നു. ലളിത ജീവിതം നയിക്കുന്നതിൽ ശ്രദ്ധാലുക്കളായിരുന്ന പുരോഹിതരുടെ വിമർശനത്തിന് അക്കാലത്തെ സ്ത്രീകൾ പലപ്പോഴും ഇരയാകാറുണ്ട്. ക്രിസോസ്റ്റമിന്റെ സമകാലികനായിരുന്ന ജെറോം രോഷാകുലനായി ഇങ്ങനെ എഴുതിയിരിക്കുന്നു: 'ചുവന്ന മേലങ്കികളും തടിച്ചുകൊഴുത്ത ശരീരങ്ങളും ആയി ഒരു നില യൂനക്കുകളുടെ (അന്തഃപുരങ്ങളിലെ വേലക്കാരായി നിയമിക്കപ്പെടുന്ന നപുംസകങ്ങൾ) അകമ്പടിയോടുകൂ ടിയുള്ള അവരുടെ കെട്ടിയെഴുന്നള്ളിപ്പ്. ഭർത്താക്കന്മാരെ നഷ്ടമായതിലുള്ള ദുഃഖത്തേക്കാൾ അവരെ തേടുന്നതിലുള്ള ഉത്സാഹമാണ് അവരിൽ മികച്ചു നിൽക്കുന്നത്. അതിഥി കളെയും മുഖസ്തുതിക്കാരെയും കൊണ്ട് അവർ വീടുകൾ നിറയ്ക്കുന്നു. തങ്ങളുടെ ഉപദേശങ്ങളും പ്രഭാഷണങ്ങളും കൊണ്ട് ഇവരെ വിഭ്രമിപ്പിക്കുന്നതിനു പകരം പുരോഹിതന്മാർ ഈ സ്ത്രീജനങ്ങളുടെ നെറ്റിയിൽ ചുംബിക്കുകയും അനുഗ്ര ഹിക്കുവാനെന്ന പോലെ കൈകൾ നീട്ടി സന്ദർശനത്തിന്റെ പ്രതിഫലമായി ദക്ഷിണവാങ്ങുകയും ചെയ്യുന്നു. വിഭവ സമൃദ്ധമായ അത്താഴ സദ്യകൾക്ക് ശേഷം ഈ സ്ത്രീകൾ അപ്പോസ്തലന്മാരെ സ്വപ്നം കണ്ട് ഉറങ്ങുന്നു.'

പട്ടമേറ്റൽ പലതുമാകാം

പ്രഭു കുടുംബങ്ങളിൽ പ്രവേശനം സുഗമമാക്കുവാനും സ്ത്രീകളുമായി കൂടുതൽ സ്വാതന്ത്ര്യത്തോടെ ഇടപഴകു വാനും മാത്രമായി പട്ടമേൽക്കുന്നവരുണ്ട് എന്ന് ജെറോം പരാതിപ്പെടുന്നു. അദ്ദേഹം തുടരുന്നു.

'തങ്ങളുടെ വേഷവിധാനത്തെക്കുറിച്ചും പരിമള ദ്രവ്യങ്ങളെക്കുറിച്ചും പാദരക്ഷകളിലെ ചുളിവുകൾ നീക്കി മിനുക്കുന്നതിലും മാത്രമേ അവർക്ക് വിചാരമുള്ളു. അവർ കമ്പിവളയങ്ങൾ ഉപയോഗിച്ച് മുടിചുരുളാക്കുന്നു. അവരുടെ വിരലുകൾ മോതിരങ്ങൾകൊണ്ട് തിളങ്ങുന്നു. പുരോഹിതർ എന്നതിനേക്കാൾ അവർ സാമ്യം വഹിക്കുന്നത് വിവാഹ മണ്ഡപത്തിലെ മണവാളന്മാരോടാണ്.'

ഇതെല്ലാം നേരിൽ കണ്ടറിഞ്ഞയാളാണ് ജെറോം. അദ്ദേഹം ദമാസൂസിന്റെ സെക്രട്ടറിയായിരുന്നു. അതുകൊണ്ട് ഈ നാണയത്തിന് ഒരു മറുവശമുണ്ടെന്നും അദ്ദേഹം കണ്ടറിഞ്ഞു. ക്രിസ്തുമതത്തിന്റെ സ്ഥാപകൻ വ്യക്തമായി വിഭാവനം ചെയ്ത രീതിയിൽ അതൊരു സാർവലൗകിക മതമായി മാറണമെങ്കിൽ കുറെയൊക്കെ ലോക സമ്പ്രദായങ്ങളുമായി പൊരുത്തപ്പെടേണ്ടതല്ലേ? അതൊക്കെ അഭിമാനകരവും അന്തസ്സുറ്റതും ആയ രീതിയിൽ നിർവഹിക്കുന്നതല്ലേ ശരി? അതായിരുന്നു ദമാസൂസിന്റെ വാദഗതി. അതുകൊണ്ട് ക്രിസ്തുമതത്തെയും സാമ്രാജ്യത്വ സംസ്കാരത്തെയും ഉദ്ഗ്രഥിക്കാൻ അദ്ദേഹം വളരെയേറെ യത്നിക്കുകയും പണം ചെലവഴിക്കുകയും ചെയ്തു. മുൻകാലത്ത് ക്രിസ്ത്യൻ പ്രാർഥനാലയങ്ങൾ ലളിതമായ സ്വകാര്യ ഭവനങ്ങളായിരുന്നുവെങ്കിൽ കോൺസ്റ്റന്റൈനിന്റെ കാലം തൊട്ട് അവ ഗംഭീര സൗധങ്ങളായി ഉയരാൻ തുടങ്ങി. പിൽക്കാല റോമൻ ക്ലാസിക് വാസ്തു ശിൽപകല വികസിപ്പിക്കുന്നതിൽ പങ്കുണ്ടായിരുന്ന ദമാസൂസ് ആയിരക്കണക്കിന് വിശ്വാസികൾക്ക് ഒത്തുചേരാൻ കഴിയുന്ന വൻ പള്ളികൾ പണികഴിപ്പിച്ചു. സ്വർണ്ണവും മറ്റു നിറങ്ങളും കലർന്ന മൊസൈക്കുകൾ കൊണ്ട് അവയുടെ തറകൾ വിരിച്ച് ഭംഗിയാക്കി. അതിനായി തലമുതിർന്ന വാസ്തുശിൽപികളെയും പ്രതിമാ ശിൽപികളെയും ദമാസൂസ് ഏർപ്പെടുത്തുകയും അങ്ങനെ ആയിരത്താണ്ടുകൾ തുടർന്ന മാർപ്പാപ്പാമാരുടെ വാസ്തുശിൽപ രക്ഷാധികാര പാരമ്പര്യത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

വിശുദ്ധ ഗ്രന്ഥങ്ങളുടെ പകർപ്പെടുക്കാൻ കയ്യെഴുത്തു വിദഗ്ധന്മാരെ നിയമിച്ച ദമാസൂസ് സഭാപഞ്ചാംഗങ്ങളും ഈസ്റ്റർ പട്ടികകളും സഭാപിതാക്കളുടെ രേഖകളും മറ്റും ചിട്ടയായി

തയ്യാറാക്കി വച്ചു. അതുവരെ റോമിൽ പോലും ഗ്രീക്കുഭാഷയിലും ശൈലിയിലുമായിരുന്ന സഭയെ പൂർണമായി ലത്തീൻ ശൈലിയിലും ഭാഷയിലും ആക്കിയത് ദമാസൂസ് ആണ്. സുവിശേഷങ്ങളുടെ ഒരു ലത്തീൻ വിവർത്തനം കുറെക്കാലമായി നിലവിലുണ്ടായിരുന്നതിന് പുറമെ വിശുദ്ധ ഗ്രന്ഥങ്ങളുടെയെല്ലാം ഉത്തരാഫ്രിക്കൻ വിവർത്തനവും ഉണ്ടായിരുന്നു. വിശുദ്ധ ഗ്രന്ഥങ്ങളുടെ മുഴുവൻ പുതിയൊരു ലത്തീൻ വിവർത്തനം ജെറോമിനെ കൊണ്ട് അദ്ദേഹം തയ്യാറാക്കിച്ചു. "വൾഗേറ്റ്" എന്ന പേരിൽ അറിയപ്പെടുന്ന ആ വേദപാഠമാണ് 16-ാം നൂറ്റാണ്ടിലെ മതപരിവർത്തനകാലം വരെ പൊതുവെ അംഗീകരിക്കപ്പെട്ടു വന്നത്.

ചടങ്ങുകൾ സങ്കീർണ്ണം

ദമാസൂസ് കുർബാന ഉൾപ്പെടെ പള്ളി ചടങ്ങുകളെല്ലാം അതുവരെ ഗ്രീക്കുഭാഷയിലായിരുന്നത് ലത്തീൻ ഭാഷയിലാക്കി. അതിന്റെ നടപടിക്രമങ്ങൾ ഗ്രീക്ക് സമ്പ്രദായമനുസരിച്ച് ദമാസൂസ് വിപുലീകരിക്കുകയും ചെയ്തതായി കാണുന്നു. കുർബാനയുടെ അടിസ്ഥാന ചട്ടക്കൂട് രണ്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ തന്നെ നിലനിന്നിരുന്നതായി ജസ്റ്റിൻ മാർടീറുടെ വിവരണത്തിൽ നിന്നു മനസ്സിലാക്കാം. അപ്പോസ്തലരുടെ സ്മരണകളും പഴയ നിയമപാഠങ്ങളും വായിക്കുക, ഒരു സുവിശേഷ പ്രഭാഷണം പ്രാർഥന, ശാന്തിയുടെ ചുംബനം, വാഴ്ത്തപ്പെട്ട അപ്പവും വെള്ളവും വിതരണം ചെയ്യൽ എന്നിവയായിരുന്നു ഇതിൽ ഉൾപ്പെട്ട ചടങ്ങുകൾ. ജസ്റ്റിന്റെ കാലത്തോടുകൂടി ഞായറാഴ്ചകളിൽ പള്ളിയിലെ കുർബാന കൊള്ളൽ ഏതു ക്രിസ്ത്യാനിക്കും നിർബന്ധമായ ചടങ്ങായിത്തീർന്നു. തുടർന്നുള്ള രണ്ടു തലമുറയ്ക്കുള്ളിൽ പ്രാർഥനകളിലേയും ചടങ്ങുകളിലേയും പദങ്ങൾ സുസ്ഥിരരൂപം കൈക്കൊണ്ടു. സഭാസദസ്യരുടെ പ്രതികരണവും നടപടിക്രമവും അതുപോലെ കുറെപഴക്കമുള്ളവയാണ്. ഇങ്ങനെ അതീവ ലളിതമായിരുന്ന ചടങ്ങുകളെ കൂടുതൽ ദീർഘവും ഔപചാരികവും ആർഭാടസമന്വിതവും ആക്കുകയാണ് ദമാസൂസ് ചെയ്തത്. വായിക്കാനുള്ള സുവിശേഷ ഭാഗങ്ങൾ കുറെകൂടി നീട്ടി. കൃത്യമായി നിശ്ചയിക്കപ്പെട്ട ഇടവേളകളിൽ പ്രാർഥനാ വാചകങ്ങൾ കൂട്ടിച്ചേർത്തു.

അങ്ങനെ നാലാം നൂറ്റാണ്ടോടുകൂടി പള്ളിക്കകത്തെ ചടങ്ങു

കളിലും അലങ്കാരങ്ങളിലും ആർഭാടത്തിന്റെയും സമ്പൽസമൃദ്ധിയുടെയും അംശങ്ങൾ ഏറിവന്നു. നിറം പിടിപ്പിച്ച തിരശീലകളും മേലങ്കികളും മേൽക്കട്ടികളും നിരന്നു. സ്വർണ്ണവും വെള്ളിയും കൊണ്ടുള്ള ചഷകങ്ങളും മറ്റ് ഉപകരണങ്ങളും വർധിച്ചു. തിളങ്ങുന്ന വെണ്ണക്കല്ലുകൾ നിരപ്പെ പതിച്ച തറകളും പടികളും നിരനിരയായുള്ള മെഴുകുതിരികൾ കുന്തിരിക്കം സാമ്പ്രാണി തുടങ്ങിയ വാസനാദ്രവ്യങ്ങളുടെ വിപുലമായ പുകയ്ക്കൽ സമ്പ്രദായവും.

എതിർപ്പുകൾ വ്യാപകം

വ്യാപകമായ എതിർപ്പുകളെയും ഭിന്നാഭിപ്രായ പ്രകടനങ്ങളെയും നേരിടാതെയല്ല ഈ പരിഷ്കാരങ്ങൾ നടപ്പിൽ വന്നത്. എന്നാൽ സമൂഹവുമായി സഭയെ പൊരുത്തപ്പെടുത്താനുള്ള ശ്രമങ്ങളിൽ ജനപ്രീതിയേറെ ലഭിച്ച നടപടികളായിരുന്നു ഇവയെല്ലാം. ദൈവത്തിന് സങ്കീർത്തനം ചൊല്ലാൻ മനുഷ്യമനസ്സിൽ വിരിയുന്ന ആശയങ്ങളെല്ലാം എത്രമാത്രം ഉപയോഗപ്പെടുത്താം! ഉദാഹരണത്തിന് പ്രാർഥനാ ചടങ്ങുകളിലെ സംഗീത പ്രയോഗം പഴക്കമേറിയ ഒന്നാണ്. ക്രിസ്തുമതാരംഭത്തിന് തൊട്ടു മുമ്പേയുള്ളതാണ്.

തുടർന്ന് ക്രിസ്ത്യൻ പള്ളികളിൽ പാടുന്നതിനു ക്രിസ്തുമതത്തിനു മുമ്പുള്ള പാഗൻ ഗാനങ്ങളും യഹൂദ ഗാനങ്ങളും വിപുലമായ തോതിൽ കൈകൊണ്ടതിനെക്കുറിച്ചും അവയോടൊപ്പം ലൈംഗികചായ്വുള്ള ഗാനങ്ങളും നൃത്തങ്ങളും നുഴഞ്ഞുകയറാൻ തുടങ്ങിയതും അലക്സാൻഡ്രിയയിലെ മെത്രാൻ ക്ലമന്റിനെ പോലുള്ളവർ ശക്തിയായി എതിർത്തതും ജോൺസൺ സവിസ്തരം വിരിക്കുന്നുണ്ട്. ഈ സമ്പ്രദായത്തെ എതിർത്തവരിൽ പ്രശസ്ത ദൈവശാസ്ത്രജ്ഞൻ വിശുദ്ധ അഗസ്തിനും പെടുന്നു. ഇവയോടൊപ്പം ആദിമ ക്രിസ്തുമതത്തിലും ക്രിസ്തുമതത്തിനു ജന്മം നൽകിയ യഹൂദ പാരമ്പര്യത്തിലും നിഷിദ്ധമായി കരുതപ്പെടുന്ന വിഗ്രഹപൂജയും കുറേശ്ശെ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ആദിസഭാപിതാക്കളെ പ്രാമാണികനായ തെർത്തുലിയനും അധിക്ഷേപിച്ചു. പക്ഷേ, കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മതപരിവർത്തനത്തോടെ ഇത്തരം സൈദ്ധാന്തികവിലക്കുകളുടെ മതിൽക്കെട്ടുകളെല്ലാം തകർന്നുവീണുവെന്ന് ചരിത്രകാരൻമാർ രേഖപ്പെടുത്തുന്നു.

നാലാം നൂറ്റാണ്ടിന്റെ അന്ത്യത്തോടുകൂടി ക്രിസ്തീയസഭ റോമാസാമ്രാജ്യത്തിലെ എല്ലാ മതങ്ങളെയും പിന്തള്ളി അഗ്രിമസ്ഥാനത്ത് എത്തിയെന്നു മാത്രമല്ല, തങ്ങളാണ് ഔദ്യോഗികപദവിയുള്ള ഏക മതം എന്ന നിലയിൽ പെരുമാറാനും തുടങ്ങി. ഈ പുതിയ പദവിക്കു യോജിച്ച പ്രകടമായ ചില സ്വഭാവങ്ങളും അത് കൈകൊണ്ടു. ഔദ്യോഗിക ശ്രേണിയിലെ മേധാവിത്വപദവി, സാമൂഹ്യവും സാമ്പത്തികവുമായ ഉച്ചനീചത്വശ്രേണിയിലെ ഇണങ്ങിച്ചേരൽ, ബഹുജനങ്ങളെ ആകർഷിക്കാൻ ഉതകുന്ന വിധത്തിലുള്ള വിപുലമായ ആഘോഷപരിപാടികൾ, ഒരു ഉയർന്ന ജാതിയെന്ന മട്ടിൽ പുരോഹിതവർഗത്തെ വേർതിരിച്ചുനിർത്തൽ മുതലായവ ഈ മാറ്റങ്ങളിൽപെടുന്നു. അങ്ങനെ അവസാനം സഭ അവിടെ വന്നെത്തി. സഭയുടെ സാർവദേശീയദൗത്യ നിർവഹണത്തിനുള്ള തുടക്കം ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. കോൺസ്റ്റന്റൈനിന്റെ ആഹ്വാനത്തിനും മാതൃകയ്ക്കും പ്രതികരണമുണ്ടായി. സാമ്രാജ്യത്വ പരിവേഷം അണിയുകയും ചെയ്തു. അത് അങ്ങനെയല്ലെന്നുണ്ടോ? സഭയുടെ മൂന്നു പുരോഹിത ശ്രേഷ്ഠരുടെ പ്രവർത്തനങ്ങളിലൂടെ നാലും അഞ്ചും നൂറ്റാണ്ടുകളിൽ സഭക്കുണ്ടായ പരിവർത്തനങ്ങൾ നമുക്കു പരിശോധിച്ചു നോക്കാം.

പ്രിൻസ്-ബിഷപ്പ് സമന്വയ രൂപം

ക്രി.പി.373 മുതൽ 397 വരെ മിലാനിലെ മെത്രാനായിരുന്ന അംബ്രോസിൽ നമുക്കാദ്യമായി ഭരണവർഗത്തിലെ ഒരംഗവും വ്യവസ്ഥാപിതാധികാരഘടനയുടെ പ്രതിരൂപവുമായ ഒരു ക്രിസ്ത്യൻ പുരോഹിതന്റെ ഒരു ക്ലോസപ്പ് ചിത്രം ലഭിക്കുന്നു. മധ്യയുഗത്തിൽ സർവസാധാരണയായി തീർന്ന പ്രിൻസ്-ബിഷപ്പ് ചിത്രത്തിന്റെ ഒരു പ്രാക്രൂപം (രാജാവും മെത്രാനും സമന്വയിച്ച രൂപം) വിചിത്രമെന്നു പറയട്ടെ, അദ്ദേഹം യഥാർഥത്തിൽ ഏതു രൂപത്തിലായിരുന്നുവെന്നത് നമുക്ക് മിക്കവാറും തീർച്ചയായിതന്നെ അറിയാം. അഞ്ചാം നൂറ്റാണ്ടിലാദ്യം അദ്ദേഹത്തെ നേരിട്ട് കണ്ടിട്ടുള്ളവർ ആരോ രൂപകൽപ്പന ചെയ്ത ഒരു മൊസൈക്ക് ചിത്രം. സാന്ത് അംബ്രോഗിയോ പള്ളിയിലുണ്ട്. വിശുദ്ധ അഗസ്റ്റിൻ അദ്ദേഹത്തെ കണ്ട രൂപത്തിൽ തന്നെയുള്ളതായിരിക്കാം ഈ മൊസൈക് ചിത്രം ഒരു ചെറിയ മെലിഞ്ഞ മനുഷ്യൻ. ഉയർന്ന നെറ്റിത്തടവും

നീണ്ട് വ്യസനം നിഴലാടുന്ന മുഖവും വലിയ കണ്ണുകളും. അഗസ്റ്റിൻ അംബ്രോസിനെ ചെന്നു കാണുമ്പോൾ അംബ്രോസ് ശബ്ദമില്ലാതെ വായിക്കുകയായിരുന്നു. ശബ്ദമില്ലാതെ വായിക്കുന്ന ശീലം ക്ലാസ്സിക്കൽ യുഗത്തിൽ (ഗ്രീക്ക്- റോമാ സാംസ്കാരികയുഗം) അജ്ഞാതമായിരുന്നതിനാൽ അംബ്രോസിന്റെ നിശ്ശബ്ദവായന അഗസ്റ്റിനെ വിസ്മയിപ്പിച്ചു. അഗസ്റ്റിൻ വിസ്മയത്തോടെ രംഗം വിവരിക്കുന്നു: "അദ്ദേഹത്തിന്റെ കണ്ണുകൾ കടലാസിൽ പരതുകയാണ്. അദ്ദേഹത്തിന്റെ മനസ്സ് അർഥത്തിലേക്ക് നുഴഞ്ഞു കയറുന്നു. എന്നാൽ അദ്ദേഹത്തിന്റെ ശബ്ദവും രസനയും നിശ്ശബ്ദം."

ശ്രദ്ധേയമായ മറ്റു ചില കാര്യങ്ങളും അംബ്രോസിനെകുറിച്ച് പറയാനുണ്ട്. അദ്ദേഹത്തിന്റെ അച്ഛൻ ഏറ്റവും ഉയർന്ന സാമൂഹ്യശ്രേണിയിൽപെട്ട ആളായിരുന്നു. ഗോളിലെ (ഫ്രാൻസ്) പ്രെയ്റ്റോറിയൻ പ്രീഫെക്ട് എന്ന ഉന്നതസ്ഥാനം വഹിച്ചുകൊണ്ട് പശ്ചിമ യൂറോപ്പിന്റെ ഒരു വലിയ ഭാഗം അദ്ദേഹം ഭരിച്ചിരുന്നു. അക്കാലത്തെ റോമാ സാമ്രാജ്യത്തിലെ അത്യുന്നതരായ അരഡസൻ സിവിലിയൻ ഉദ്യോഗസ്ഥരിൽ ഒരാളായിരുന്നു അദ്ദേഹം. അക്കാലത്ത് പടിഞ്ഞാറൻ റോമസാമ്രാജ്യത്തിന്റെ ഭരണത്തിൽ റോമാനഗരത്തെക്കാൾ പ്രധാനപ്പെട്ട ഒരു സ്ഥാനം ഉണ്ടായിരുന്ന മിലാനിലെ മെത്രനായി അംബ്രോസ് വാഴിക്കപ്പെട്ട രീതിയിലും സാഹചര്യത്തിലും ചില പ്രത്യേകതകൾ കാണാൻ കഴിയും. ജ്ഞാനസ്നാനം ചെയ്ത് എട്ടു ദിവസത്തിനകം, അതുവരെ ഒരു പ്രമുഖ അൽമേനി പൗരൻ മാത്രമായിരുന്ന അംബ്രോസിനെ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തിയതിന്റെ പിന്നിൽ സർക്കാർ ഹസ്തങ്ങൾ പ്രവർത്തിച്ചിരുന്നുവെന്നു വ്യക്തം. ജനങ്ങളുടെ വികാരത്തെയും അഭിലാഷത്തെയും മാനിച്ചാണ് ഇങ്ങനെ ചെയ്തത് എന്ന് അംബ്രോസിന്റെ സമകാലിക ജീവചരിത്രകാരനായ പൗളിനെസ് പറയുന്നു.

ഇക്കാലയളവിൽ പശ്ചിമ റോമാസാമ്രാജ്യം തികച്ചും യാഥാസ്ഥിതികം (അതായത് ത്രിത്വസിദ്ധാന്ത വിശ്വാസി) ആയിരുന്നുവെങ്കിൽ, കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രമായ കിഴക്കൻ റോമാസാമ്രാജ്യത്തിൽ അരിയൻ സ്വാധീനമായിരുന്നു ഏറിനിന്നത്. (സുമാർ 360 മുതൽ 380 വരെ) അതുകൊണ്ട് ഒരുപക്ഷെ കിഴക്കൻ മേഖലയിൽ അരിയൻ പക്ഷക്കാർ

കൊടികുത്തി വാഴുമ്പോൾ പടിഞ്ഞാറൻ മേഖലയിൽ ഒരുറച്ച ത്രിത്വസിദ്ധാന്തവാദിയെ പ്രതിഷ്ഠിച്ച് സന്തുലിതാവസ്ഥ നിലനിർത്താൻ സാമ്രാജ്യാധികൃതർ ഒരു പക്ഷേ, ശ്രമിച്ചിരക്കാം. അത് പടിഞ്ഞാറൻ മേഖലയിലെ പൊതുജനഹിതവുമായി പൊരുത്തപ്പെടുന്ന നടപടിയുമായിരുന്നിരിക്കാം.

തന്റെ കാലത്തെ രാഷ്ട്രീയത്തിൽ പൂർണ്ണമായും ഇടപെട്ടുകൊണ്ട് പിൽക്കാലത്തെ മാർപ്പാപ്പമാരെപ്പോലുള്ള ഒരു പങ്കാണ് അംബ്രോസ് വഹിച്ചിരുന്നത്. (പുറം 100-104) ●

അധ്യായം 15

ആദിമക്രിസ്തുമതത്തിന് അന്ത്യം കുറിച്ച ത്രിമൂർത്തികൾ

ക്രിസ്തുമതത്തെ പ്രതിപക്ഷത്തിന്റെ മതമെന്ന നിലയിൽ നിന്നും അധികാരപക്ഷത്തിന്റെ മതമായും പീഡിതരുടെ മതമെന്ന നിലയിൽ നിന്നും പീഡകരുടെ മതമായും മാറ്റിയെടുക്കുന്ന പ്രക്രിയ ആരംഭിച്ചത് നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മാനസാന്തരത്തോടെയാണ് എന്ന് നാം കണ്ടുവല്ലോ. ഈ രാഷ്ട്രീയ പരിവർത്തനത്തിനൊത്തവിധം സഭയുടെ ആചാരനുഷ്ഠാനങ്ങളിലും ഘടനയിലും വിശ്വാസസിദ്ധാന്തങ്ങളിലും മാറ്റം വരുത്താൻ മുന്നിട്ടു പ്രവർത്തിച്ച സഭാപിതാക്കൾ പ്രധാനമായും നാലു പടിഞ്ഞാറൻ മാരാണ്. ഇവരിൽ പ്രഥമൻ റോമിലെ മെത്രാനായിരുന്ന(പിൻകാലത്ത് പാപ്പയായി അറിയപ്പെട്ട)വിശുദ്ധ ദമാസൂസ് (ക്രി.പി. 304-384) ആയിരുന്നുവെന്നും നാം കണ്ടു.

ദമാദൂസിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോയി ഈ പരിവർത്തനപ്രക്രിയ പൂർത്തീകരിച്ചത് മൂന്ന് പേരാണ്. ഇവരിൽ ആദ്യത്തെ ആളായ മിലാനിലെ മെത്രാൻ വിശുദ്ധ അംബ്രോസിനെ (ക്രി പി 334-397) പറ്റിയും നാം ചർച്ച ചെയ്തു. അംബ്രോസിന് ശേഷം സഭാപണ്ഡിതരിൽ (ഡോക്ടർ ഓഫ് ദ ചർച്ച്) ഒരാളായി പരിഗണിക്കപ്പെടുന്ന വിശുദ്ധ ജെറോം(ക്രി പി 342-420) ദമാസൂസിന്റെ

സെക്രട്ടറി എന്ന നിലയിൽ ദമാസൂസ് നിർദേശിച്ച പ്രകാരം വേദപുസ്തകം എഡിറ്റുചെയ്ത് ഇന്നത്തെ രൂപത്തിലാക്കിലത്തീനിലേക്ക് വിവർത്തനം ചെയ്തതും മേൽവിവരിച്ചിരുന്നുവല്ലോ. ദമാസൂസ് തുടങ്ങിയ പ്രവർത്തനം ഉച്ചകോടിയിലെത്തിച്ച് സമാപനം കുറിച്ച മഹാനാണ് ഹിപ്പോ നഗരത്തിൽ ബിഷപ്പും സഭാപണ്ഡിതനുമായിരുന്ന വിശുദ്ധ അഗസ്റ്റിൻ (ക്രിപി 354–430). അംബ്രോസിൽ നിന്നും പട്ടമേറ്റ അഗസ്റ്റിന്റെ *ആത്മകഥ (കുമ്പസാരങ്ങൾ) ദൈവനഗരം (സിറ്റി ഓഫ് ഗോഡ്)* തുടങ്ങിയ ഗ്രന്ഥങ്ങൾ ഇരുപതാം നൂറ്റാണ്ടിലും അനേകം വിവർത്തനങ്ങളിൽ പ്രചരിച്ചുവരുന്നു. അഗസ്റ്റിന്റെ വകയായി കണ്ടെത്തിയിട്ടുള്ള 113 ഗ്രന്ഥങ്ങൾ/സിദ്ധാന്ത പ്രബന്ധങ്ങൾ, 200 കത്തുകൾ, 300 മതപ്രഭാഷണങ്ങൾ എന്നിവയിൽ ഏറ്റവും പ്രസിദ്ധമായ രണ്ടെണ്ണം എടുത്തുപറഞ്ഞുവെന്നേയുള്ളൂ.

ജീവിതത്തിൽ സ്നേഹസമ്പന്നനായിരുന്ന അഗസ്റ്റിൻ അനാഥരോടും ദരിദ്രരോടും അനുകമ്പ പ്രകടിപ്പിക്കുകയും അവരുടെ ദുരിതങ്ങളകറ്റാൻ തന്റെ ഇടവക പ്രവർത്തനങ്ങൾക്കിടയിൽ സമയം കണ്ടെത്തുകയും ചെയ്തു. ക്രിസ്ത്യാനിയും പിന്നീട് വിശുദ്ധയായും പ്രഖ്യാപിക്കപ്പെട്ട മോണിക്ക എന്ന അമ്മയുടേയും ഒരു പാഗൻ പിതാവിന്റെയും പുത്രനായി ജനിച്ച അഗസ്റ്റിൻ ചെറുപ്പത്തിൽ തന്നെ വിജ്ഞാനദാഹിയും വായനാ പ്രിയനുമായിരുന്നെങ്കിലും അതോടൊപ്പം ജീവിത സുഖലോലുപനുമായിരുന്നു. ഒരുപക്ഷേ ആ ലോലുപത്വമെല്ലാം പിൽക്കാലത്ത് അദ്ദേഹം അതിശയോക്തി കലർത്തി തന്റെ കുമ്പസാരത്തിൽ എഴുതി ചേർത്തതാണോ എന്നു സംശയിക്കുന്നവരുമുണ്ട്. അക്കാലത്ത് ലഭിക്കാമായിരുന്ന ഏറ്റവും ഉയർന്ന വിദ്യാഭ്യാസം നേടിയ അഗസ്റ്റിൻ ഉത്തരാഫ്രിക്കയിലുള്ള കാർത്തേജിലെ ഉന്നത വിദ്യാപീഠത്തിൽ പഠിക്കുമ്പോഴാണ് പല പ്രണയബന്ധങ്ങളിലും ഏർപ്പെട്ടത്. എന്നാൽ അതിലൊരു തരുണിയുമായി വിവാഹബന്ധമൊന്നുമില്ലാതെ 14 വർഷത്തോളം ഒരുമിച്ചു കഴിഞ്ഞു. അദിയോദാത്താസ് എന്ന ഒരു മകനും അവരിൽ ജനിച്ചു. പട്ടം ഏറ്റു- പ്രമാണിയായി സാർവദേശീയ പ്രശസ്തി നേടിയിട്ടും ആ മകനെ തള്ളിപ്പറയാതെ സ്നേഹപൂർവം വളർത്തിക്കൊണ്ടുവന്നതും തന്റെ യൗവന കാലത്തെ കാമുകിയുമായി ബന്ധം പിരിഞ്ഞിട്ടും അവരോടു കാരുണ്യപൂർവം പെരുമാറി വന്നതും അഗസ്റ്റിന്റെ ധാർമികബോധത്തിന്റെയും നന്മയുടെയും തെളിവാണ്. കാമുകിയിൽ തനിക്കുണ്ടായ പുത്രന്റെ അകാല നിര്യാണം അഗസ്റ്റിനെ വളരെ വേദനിപ്പിച്ചു. സഭാകാര്യങ്ങളുടെയും സൈദ്ധാന്തിക വിവാദങ്ങളുടെയും രോഷാകുലമായ വരണ്ട മേഖലകളിൽ വ്യാപരിക്കുമ്പോഴും ഇത്തരം കൊച്ചു

കുടുംബദുഃഖങ്ങൾ അദ്ദേഹത്തെ അലട്ടിയെന്നതും അഗസ്റ്റിന്റെ മനുഷ്യപ്പറ്റിന് നിദർശനമാണ്.

അഗസ്റ്റിൻ കേരളത്തിൽ

എന്നാൽ ഇത്രയേറെ മഹത്വവും പാണ്ഡിത്യവും മനുഷ്യത്വവും ഉണ്ടായിരുന്ന അഗസ്റ്റിന്റെ മതചിന്തകൾ പാശ്ചാത്യസഭയെ ആകെ അനേക നൂറ്റാണ്ടുകൾ വഴിതെറ്റിച്ചു എന്നതും ഒരു ദുഃഖസത്യമാണ്. ഇപ്പോഴും തിരുവല്ലയിലും ചെങ്ങന്നൂരും കോഴഞ്ചേരിയിലും ഇടയാറന്മുളയിലും മറ്റും തെരുവുമൂലകളിൽ കൂടെക്കൂടെ കേൾക്കുന്ന ഉപദേശിപ്രസംഗങ്ങളിൽ 1500 ആണ്ടു മുൻപ് ഉത്തരാഫ്രിക്കയിൽ പ്രവർത്തിച്ചിരുന്ന അഗസ്റ്റിന്റെ ആശയങ്ങൾ മാറ്റൊലിക്കൊള്ളുന്നത് കേൾക്കാം. ഏതാനും വർഷങ്ങൾക്ക് മുമ്പ് "ഹരിതനഗരം ശുചിത്വ നഗരം" പരിപാടി പ്രാവർത്തികമാക്കുന്നത് കാണാൻ യാത്രചെയ്ത. പ്പോൾ തിരുവനന്തപുരം നഗരത്തിലെ നിരവധി ചുമരുകളിൽ നിന്ന് അഞ്ചാം നൂറ്റാണ്ടിലെ അഗസ്റ്റിനോസ് പ്രഭാഷണം നടത്തുന്നത് കേൾക്കും പോലെ തോന്നി. 1930കളിൽ ഞാൻ പഠിപ്പിച്ചിരുന്ന ക്രിസ്ത്യൻ വിദ്യാലയങ്ങളിലെ പുരോഹിതാധ്യാപകരുടെ ചുണ്ടിൽ നിന്നും പിൽക്കാലത്ത് അഗസ്റ്റിന്റെ എന്ന് ഞാൻ മനസ്സിലാക്കിയ യുക്തിസഹമല്ലാത്ത ആശയങ്ങൾ (മനുഷ്യപുത്രനായ യേശുവിന്റെ സുവിശേഷത്തിന് വിരുദ്ധമെന്ന് ഞാൻ കരുതുന്ന) വാർന്നുവീണിരുന്നതും ഓർത്തുപോകുന്നു. എന്താണവയിൽ മുഖ്യം?

ആദി പാപസിദ്ധാന്തം തന്നെ. തിരുവന്തപുരത്തെ പല ചുവരുകളിൽ നമ്മെ തുറിച്ചുനോക്കുന്ന വിളംബരങ്ങൾ: 'നിങ്ങളെല്ലാവരും പാപികളാണ്, യേശുവിന്റെ രക്തത്തിന് മാത്രമേ ആ പാപക്കറ കഴുകിക്കളയാൻ പറ്റൂ.' ആറാം ക്ലാസ്സിൽ (അന്നത്തെ രണ്ടാം ഫോറം) വേദപാഠം എടുത്തിരുന്ന ഭക്തനായ അധ്യാപകനോടും എന്റെ ശുദ്ധഗതികൊണ്ട് ചോദിച്ചുപോയി. 'സ്കൂളിൽ പോകാൻ പ്രായമായിട്ടില്ലാത്ത എന്റെ കൊച്ചനുജത്തിയും മുട്ടിലിഴയുന്ന എന്റെ കൊച്ചനുജനും പാപികളാണോ സാർ, അവരെന്തു പാപം ചെയ്തു?'

ആദമിന്റെ പാപം കൊച്ചനിയത്തിക്കും

അപ്പോഴദ്ദേഹം വിവരിച്ചു: "എല്ലാ മനുഷ്യരുടേയും ആദി പിതാവായ ആദം പാപം ചെയ്തു. ദൈവം ആദമിനും ഭാര്യ അവ്വയ്ക്കും ഒരുക്കിക്കൊടുത്ത സുന്ദരവും സമൃദ്ധവുമായ ഏദൻതോട്ടത്തിലെ ജ്ഞാനവൃക്ഷത്തിന്റെ പഴം തിന്നരുതെന്ന് ദൈവം വിലക്കി. പക്ഷേ പാമ്പായി വന്ന സാത്താന്റെ പ്രലോഭനത്തിൽപ്പെട്ട് അവ്വ ആ പഴം പറിച്ചു തിന്നുകയും അതിന്റെ പങ്ക് ഭർത്താവിനു നൽകുകയും ദൈവ

ത്തിന്റെ വിലക്ക് ലംഘിച്ച് ആദം അത് തിന്നുകയും ചെയ്തു. അതിന്റെ ശിക്ഷയായി അവരിരുവരേയും ദൈവം സ്വർഗസമാനമായ ഏദൻ തോട്ടത്തിൽ നിന്ന് പുറത്താക്കി. ആദം ചെയ്ത ഈ പാപത്തിന്റെ ഫലം അദ്ദേഹത്തിന്റെ പരമ്പരകളായ മനുഷ്യരാശിയെ മുഴുവൻ പിന്തുടർന്നു. ക്രിസ്തുവിന്റെ കുരിശാരോഹണ സന്ദേശം ചെവിക്കൊള്ളുന്നവർക്കു മാത്രമേ, ഗോപിയുടെ കൊച്ചനിയത്തിക്കും കുഞ്ഞനിയനും ഉൾപ്പെടെ, പാപമോചനം ലഭിക്കു. മനസ്സിലായില്ലേ? ഇനി എഴുന്നേറ്റുനിന്ന് ഞാൻ പറഞ്ഞതൊന്ന് ആവർത്തിച്ചാട്ടെ."

എഴുത്തച്ഛന്റെ വിവരണം

'ആദിപാപം' അഥവാ "ഒറിജിനൽ സിൻ" എന്ന അഗസ്റ്റിന്റെ ഒറിജിനൽ കണ്ടുപിടുത്തത്തിന്റെ അനുബന്ധമാണ് "ഡിറ്റേർമിനിസം" അഥവാ "വിധിവാദം". തന്റെ പൂർവ്വജന്മങ്ങളിൽ ചെയ്ത പാപ പുണ്യങ്ങളനുസരിച്ചാണ് മനുഷ്യന്റെ ഇഹലോക ഭാഗ്യങ്ങളും വിപര്യയങ്ങളും എന്ന ഹൈന്ദവ കർമ്മ സിദ്ധാന്തത്തിന്റെ ക്രിസ്ത്യൻ പതിപ്പാണ് അഗസ്റ്റിന്റെ വിധിവാദവും. ഈ വിധിവാദത്തെ എഴുത്തച്ഛൻ അതീവ ലളിതമായി വിവരിക്കുന്നതിങ്ങനെയാണ്:

ഇവനതു ഭവിക്കേണ-
മിന്നകാലം വേണം
അവശത ഭവിക്കേണ-
മർഥനാശംവരേണം
ഹിതമഹിതമെങ്കിലും
പ്രാണികൾക്കൊക്കെയും
വിധിവിഹിതമേവനും
ലംഘിച്ചു കൂടുമോ?

അഗസ്റ്റിന്റെ ആദിപാപസിദ്ധാന്തവും വിധിവാദവും ആദിമ ക്രിസ്തുമതത്തിന്റെ വിമോചക ദൗത്യത്തേയും നവോത്ഥാന സ്വഭാവത്തെയും ആകെ അട്ടിമറിച്ചു. യാഥാസ്തിക വിശ്വാസങ്ങളിൽ നിന്നു കുതറിച്ചാടി സ്വത്വബോധത്തിലേക്കും തനിക്ക് താൻ പോരിമയിലേക്കും വിമോചനത്തിലേക്കും കുതിച്ച ആദിമ ക്രിസ്ത്യാനികളെ സാമ്രാജ്യാധിപത്യത്തിന്റെയും പുരോഹിത മേധാവിത്വത്തിന്റെയും നുകത്തിൻ കീഴിലെ മാടുകളാക്കി പണിയെടുപ്പിക്കാൻ ഈ സിദ്ധാന്തം എങ്ങനെ ഉതകി എന്നതും യൂറോപ്യൻ ഫ്യൂഡലിസത്തിന്റെ ചാവേർപ്പടകളായി ക്രിസ്ത്യാനികൾ രൂപാന്തരപ്പെട്ടതെങ്ങനെയെന്നും നമുക്ക് പരിശോധിക്കാം. അഗസ്റ്റിന്റെ കാലത്തുതന്നെ ഡൊണാടിസ്റ്റുകൾ, പലേഗിനിസ്റ്റുകൾ തുടങ്ങി പല പ്രസ്ഥാനക്കാരും

അഗസ്റ്റിനെ എതിർത്തിരുന്നു. ആധുനികകാലത്ത് അമേരിക്കൻ ദൈവശാസ്ത്രജ്ഞനായ ഫാദർ മാത്യു ഫോക്സ്, കേരളീയ ദൈവശാസ്ത്രജ്ഞൻ പരേതനായ സെബാസ്റ്റ്യൻ കാപ്പൻ തുടങ്ങി പലരും അഗസ്റ്റിന്റെ ആദിപാപവാദത്തെ തിരസ്കരിക്കുന്നു. ഫാദർ ഫോക്സിന്റെ *ആദിപാപമോ ആദിമാനുഗ്രഹമോ* എന്ന പ്രസിദ്ധ മായ കൃതി ടിവി ജോസഫ് മലയാളത്തിലാക്കിയിട്ടുമുണ്ട്. അങ്ങനെ അംബ്രോസ്, ജെറോം, അഗസ്റ്റിൻ ത്രിമൂർത്തികൾ ആദിമ ക്രിസ്തുമതത്തിന്റെ അന്ത്യം കുറിച്ചതെങ്ങനെയെന്നു കാണാം. ●

അധ്യായം 16

വിശുദ്ധ അഗസ്റ്റിന്റെ അവിശുദ്ധ യുദ്ധങ്ങൾ

ഒരാളുടെ സ്വഭാവം മനസ്സിലാക്കാൻ അയാളുടെ സുഹൃത്തുക്കളുടെ സ്വാഭാവം നോക്കിയാൽ മതിയെന്ന് ഒരു ചൊല്ലുണ്ടല്ലോ. ഈ വാചകം അല്പം തിരിച്ചിട്ടാലും തെറ്റില്ല. അതായത് ഒരാളുടെ സ്വഭാവം മനസ്സിലാക്കാൻ അയാളുടെ എതിരാളികളുടെ സ്വഭാവം നോക്കിയാലും മതിയെന്ന്. ഈ പ്രമാണപ്രകാരം അഗസ്റ്റിന്റെ സിദ്ധാന്തങ്ങളും നിലപാടുകളും മനസ്സിലാക്കാൻ ഏറ്റവും എളുപ്പവഴി അദ്ദേഹം ആരെയെല്ലാമാണ് എതിർത്തതെന്നും ഏതെല്ലാം സിദ്ധാന്തങ്ങളെയാണ് നിരസിച്ചത് എന്നും പരിശോധിക്കുകയാണ്.

ചെറുപ്പം മുതൽ ജീവിതകാലം മുഴുവനും ആന്തരികവും ബാഹ്യവുമായ സംഘർഷങ്ങളുടെ തീച്ചൂളയിൽ കഴിഞ്ഞയാളാണ് അഗസ്റ്റിൻ. ഇന്നത്തെ അൾജീരിയയുടെ ഭാഗമായ നുമേദിയ പ്രദേശത്ത് തഗാസ്തെ ഗ്രാമത്തിൽ ഒരിടത്തരം കുടുംബത്തിലാണ് അഗസ്റ്റിൻ ജനിച്ചത് (ക്രി.പി. 354) അദ്ദേഹത്തിന്റെ അമ്മ മോണിക്ക ഉറച്ച ക്രിസ്തുമത വിശ്വാസി ആയിരുന്നെങ്കിലും പിതാവ് പട്രീഷ്യസ് ഉറച്ച പാഗൻ മതക്കാരനായിരുന്നു. അങ്ങനെ അഗസ്റ്റിൻ ജനിച്ചു വളർന്നതുതന്നെ രണ്ടു പരസ്പരവിരുദ്ധ വിശ്വാസങ്ങളുടെ മധ്യത്തിലാണ്. അമ്മയുടെ ബൈബിളും അച്ഛന്റെ വിഗ്രഹാരാധനയുൾപ്പെടെയുള്ള ആചാരാനുഷ്ഠാനങ്ങളും ആ ബാലനെ അങ്ങോട്ടുമിങ്ങോട്ടും പിടിച്ചു വലിച്ചുകൊണ്ടിരുന്നു. പ്രാഥമിക വിദ്യാഭ്യാസവും രണ്ടാംതല വിദ്യാഭ്യാസവും

കഴിഞ്ഞു പതിനേഴാം വയസ്സിൽ അക്കാലത്തെ ഉയർന്ന വിദ്യാപീഠങ്ങളിൽ ഒന്ന് സ്ഥിതിചെയ്തിരുന്ന കാർത്തേജിൽ എത്തുമ്പോഴേക്കും മൂന്ന് ദിശകളിലേക്ക് ആ യുവാവ് ആകർഷിക്കപ്പെട്ടു. ഒന്ന് നേരത്തേ പറഞ്ഞതുപോലെ ഒരു കാമിനിയിലേക്കും മാംസത്തിന്റെ യൗവന ചോദനകളിലേക്കുമായിരുന്നു. തീർച്ചയായും അമ്മയിൽ നിന്നു ലഭിച്ച ആത്മീയ താൽപ്പര്യങ്ങൾ അഗസ്റ്റിനെ കൈവിട്ടിരുന്നില്ല. എന്നാൽ ക്രിസ്തീയ വേദപുസ്തകം തീർത്തും യുക്തിരഹിതവും ബുദ്ധിമാനായ ഒരാളെ ആകർഷിക്കാൻ അപര്യാപ്തവുമാണെന്ന് അഗസ്റ്റിന് തോന്നി. അതുകൊണ്ട് കൂടുതൽ ഗഹനവും പണ്ഡതോചിതവുമായ സിദ്ധാന്തങ്ങളെയും വിശ്വാസങ്ങളെയും ആ യുവ മനസ്സ് തേടി. ആ തേടൽ അദ്ദേഹത്തെ എത്തിച്ചത് മനിക്കേയൻ എന്ന് പേരിൽ അറിയപ്പെട്ടിരുന്ന ഒരു ഗഹനമായ മതവിശ്വാസ പദ്ധതിയിലേക്കാണ്.

മനിക്കേയൻ മതം

ക്രി പി മൂന്നാം നൂറ്റാണ്ടിൽ പേർഷ്യയിൽ ജീവിച്ചിരുന്ന ഒരു മഹാപണ്ഡിതനായ ആചാര്യനും പ്രവാചകനുമായിരുന്നു മനി (216-276). ലത്തിൻ ഭാഷയിൽ മനി എന്നത് മനിക്കേയൂസ്സ് ആയതുകൊണ്ടാണ് മനിക്കേയനിസം അഥവാ മനിക്കേയൻ മതം എന്ന് അതിനു പേരുവന്നത്.

പശ്ചിമേഷ്യൻ രാഷ്ട്രങ്ങളിൽ ഗ്രീക്ക്-റോമൻ അതിർത്തികൾവരെയും ചൈനയിലും ഇന്ത്യയിലും വ്യാപകമായി സഞ്ചരിക്കുകയും പ്രഭാഷണങ്ങൾ നടത്തുകയും മറ്റ് മതാചാര്യൻമാരുമായി വിവാദങ്ങളിൽ ഏർപ്പെടുകയും ചെയ്തു നാട്ടിൽ തിരിച്ചെത്തി 241-ാം ആണ്ടിൽ അദ്ദേഹം തന്റെ മതം പ്രഖ്യാപിച്ചു. അന്ന് നിലവിലിരുന്ന ബുദ്ധമതം, ക്രിസ്തുമതം. സൊരാഷ്ട്ര മതം മുതലായവയിൽ നിന്നെല്ലാം ആശയങ്ങളും ഊർജ്ജവും ആർജ്ജിച്ച മനി താൻ ക്രിസ്തുവിന്റെ അനുയായി ആയി അറിയപ്പെടാനാണ് ആഗ്രഹിച്ചത്. ബുദ്ധനെയും ക്രിസ്തുവിനെയും പോലെ താനും ഒരു പ്രവാചകനാണ് എന്നും അന്നുവരെയുള്ള പ്രവാചക നിരയിലെ അവസാനത്തെ ആളാണ് താനെന്നും മനിയും അദ്ദേഹത്തിന്റെ അനുയായികളും കരുതി. അതുകൊണ്ട് അക്കാലത്ത് ക്രിസ്തുമതത്തിന്റെതന്നെ ഒരു അവാന്തര വിഭാഗമായിട്ടാണ് മനിക്കേയൻ പക്ഷക്കാരെ പരിഗണിച്ചുപോന്നത്. പക്ഷെ മനി പല കോണുകളിൽ നിന്നുമുള്ള രൂക്ഷമായ എതിർപ്പിന് ഇരയായി. ക്രിസ്തുമതക്കാർ അദ്ദേഹത്തെ വേദ വിരോധിയായി കരുതിയപ്പോൾ പേർഷ്യയിലെ ഒദ്യോഗിക മതമായിരുന്ന സൊരാഷ്ട്ര മതക്കാർ മനിയെ ആപൽക്കാരിയായ ശത്രുവെന്നെണ്ണി. യേശുക്രിസ്തുവിനെ ശാസ്ത്രിമാരും പരീശന്മാരും ചേർന്ന് റോമൻ അധികാരികളെക്കൊണ്ട്

കുരിശിൽ തറപ്പിച്ചു കൊന്നതുപോലെ മനിയെ സൊരാഷ്ട്ര മത പുരോഹിതർ 26 ദിവസത്തെ കുറ്റവിചാരണയ്ക്കുശേഷം ഈശ്വര വിധ്വംസനം ആരോപിച്ച് അധികാരികളെക്കൊണ്ട് കൊല്ലിച്ചു. അങ്ങനെ രക്തസാക്ഷിയായ മനിയെ അനുയായികൾ യേശുവിന്റെ പുനരവതാരമോ യഥാർഥ പിൻതുടർച്ചാവകാശിയോ ആയി കരുതിയെങ്കിൽ അത് സ്വാഭാവികം മാത്രം.

എന്നാൽ യേശുവിന്റെ പ്രതിപുരുഷനായി അനുയായികൾ അവരോധിച്ച മനിയെ വേദവിരോധിയായ അന്തിക്രിസ്തുവായിട്ടാണ് ക്രിസ്തീയ നേതൃത്വം കരുതിയത്. പക്ഷെ അന്ന് റോമാ സാമ്രാജ്യത്തിലാകെ സ്വാധീനശക്തിയുള്ള ഒരു മതമായി ഇത് സുമാർ പത്താം നൂറ്റാണ്ടുവരെ തുടർന്നതായിട്ടാണ് ചരിത്രം തെളിയിക്കുന്നത്.

യുക്തിവാദിയും വിജ്ഞാനദാഹിയും ആയിരുന്ന അഗസ്റ്റിൻ എന്ന യുവ വിദ്യാർഥിക്ക് മനിയുടെ പാണ്ഡിത്യവും ആത്മത്യാഗവും ആകർഷകമായി തോന്നി. പ്രത്യേകിച്ച് ലോകോൽപ്പത്തിയേക്കുറിച്ചും ലോകാവസ്ഥയെക്കുറിച്ചും ഉള്ള മനിയുടെ സിദ്ധാന്തങ്ങൾ ദാർശനികമായി സാധാരണ വേദ വ്യാഖ്യാനങ്ങളെക്കാളും ഗഹനമായി അഗസ്റ്റിനു തോന്നി. സവിശേഷമായ ഡയലക്റ്റിക്കൽ അഥവാ ദ്വന്ദാത്മക അഥവാ വൈരുധ്യാത്മകമായ ഒരു ഉൾക്കാഴ്ചയായിരുന്നു ലോകോൽപ്പത്തിയെപ്പറ്റി മനിക്കുണ്ടായിരുന്നത്. ഇരുട്ടും വെളിച്ചവും തമ്മിൽ, തിന്മയും നന്മയും തമ്മിൽ നടക്കുന്ന പോരാട്ടത്തിൽ നിന്ന് പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടുവെന്നും പ്രപഞ്ചത്തിന്റെ അസ്തിത്വം ഈ വൈരുധ്യത്തിൽ അധിഷ്ഠിതമാണെന്നും മനി വാദിച്ചു. വേദ പുസ്തകത്തിലെ ദൈവ-സാത്താൻ സങ്കൽപ്പത്തിന്റെ കുറെക്കൂടി ആഴത്തിൽ ഇറങ്ങുന്ന വ്യാഖ്യാനമാണിത് എന്നു പറയാം. ഈ പോരാട്ടത്തിൽ ഇപ്പോൾ ജയിച്ചു നിൽക്കുന്നത് ഇരുളും തിന്മയുമാണെന്നും യേശുവിന്റെ സന്ദേശം ഈ ഇരുളിൽ മങ്ങിപ്പോയ പ്രകാശത്തെ വീണ്ടെടുക്കുന്നതിനുള്ള യത്നമാണെന്നും ഒക്കെയാണ് മനിയുടെ മെറ്റാഫിസിക്കൽ വാദങ്ങൾ.

അഗസ്റ്റിനെ കുറെക്കാലം ആവേശിച്ചു കീഴടക്കിയ മനിക്കേയൻ മതത്തിൽ നിന്ന് കുതറി രക്ഷപ്പെടുവാനും അതുപോലെ കാമിനികളുടെ മായികാകർഷണത്തിൽ നിന്നും വിടുതൽനേടാനുമുള്ള യത്നങ്ങൾ കാർത്തേജിലെ പഠനകാലത്ത് അഗസ്റ്റിന്റെ ആത്മ സംഘർഷങ്ങൾക്ക് രൂക്ഷത വർദ്ധിപ്പിച്ചു.

തെർത്തൂലിയനും ഡോണാറ്റിസവും

കാർത്തേജിലെ പഠനം പൂർത്തിയാക്കി റോമിലെ ഉപരി വിദ്യാലയങ്ങളിൽ അധ്യാപകനായി ചെന്നെത്തിയതോടെയാണ് ബാല്യകാ

ലത്ത് അമ്മ മുലപ്പാലോടുകൂടി പകർന്നു നൽകിയ ക്രിസ്തീയ വിശ്വാസങ്ങൾ അഗസ്റ്റിനെ വീണ്ടും സ്വാധീനിക്കുവാൻ തുടങ്ങിയത്. അതിനുശേഷം അദ്ദേഹം മിലാനിൽ പോയി അവിടത്തെ മെത്രാൻ അംബ്രോസുമായി പരിചയപ്പെടുകയും ജ്ഞാനസ്നാനം ചെയ്തതും അംബ്രോസിൽ നിന്ന് പൗരോഹിത്യപട്ടമേൽക്കുകയും ചെയ്തു. തന്റെയുള്ളിൽ പ്രായപൂർത്തിയായപ്പോൾ വേരുറച്ച മനിക്കേയൻ സ്വാധീനത്തെ പിഴുതെറിയാനും മാംസനിബദ്ധ വികാരങ്ങളെ നിർമ്മാർജ്ജനം ചെയ്യാനും താനെത്രമാത്രം ആത്മസംഘർഷംഅനുഭവിച്ചെന്നും എത്രമാത്രം മുട്ടിപ്പായി പ്രാർഥിച്ചുവെന്നും മറ്റും *കുമ്പസാര*ത്തിൽ ഹൃദയ സ്പൃക്കായി അഗസ്റ്റിൻ വിവരിക്കുന്നുണ്ട്.

അഗസ്റ്റിന്റെ കടുത്ത കടന്നാക്രമണത്തിൽ മനിക്കേയർ പ്രതിരോധാവസ്ഥയിലാണെങ്കിലും മനിക്കേയിസം എത്രമാത്രം അഗസ്റ്റിന്റെ അവബോധത്തിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നത് പണ്ഡിതവൃത്തങ്ങളിൽ ഇന്നും വിവാദവിഷയമാണ്. 'ആദിപാപം', 'വിധിവാദം' തുടങ്ങിയ അഗസ്റ്റിന്റെ പുതുക്രിസ്ത്രീയ സിദ്ധാന്തങ്ങളിൽ തിന്മയുടേയും പാപത്തിന്റെയും അനിവാര്യതയെക്കുറിച്ചുള്ള ധാരണകളിൽ മനിക്കേയൻ തമോ-പ്രകാശ ദ്വന്ദ്വമല്ലേ പതിയിരിക്കുന്നത് എന്ന് പലരും സംശയിക്കുന്നുണ്ട്.

അങ്ങനെ മനിക്കേയൻ ചിന്തയ്ക്കെതിരെ പുറത്തുള്ള അതിന്റെ അനുയായികളോടും അകത്തുള്ള തന്റെ അവബോധത്തോടും പോരാടിക്കൊണ്ടിരിക്കെത്തന്നെ മറ്റു രണ്ടു ചിന്താ പദ്ധതികളോടും അഗസ്റ്റിന് ഏറ്റുമുട്ടേണ്ടി വന്നു. ഒന്ന് ഡൊണാറ്റിസം എന്ന പേരിൽ അഗസ്റ്റിന്റെ തന്നെ ഉത്തരാഫ്രിക്കയിൽ രൂപംകൊണ്ട് ക്രൈസ്തവ ലോകമാകെ പ്രചരിച്ച ഹെറിസി അഥവാ വേദവിരോധചിന്ത. മറ്റൊന്ന് പശ്ചിമ യൂറോപ്പിലെ ബ്രിട്ടനിൽനിന്നും രൂപംകൊണ്ട പെലേഗിയാനിസം.

ആദ്യം ഡൊണാറ്റിസം പരിശോധിക്കാം. ഡൊണാറ്റിസത്തിന്റെ മുഖ്യമായ ആശയങ്ങൾ രണ്ടാം നൂറ്റാണ്ട് അവസാനവും മൂന്നാം നൂറ്റാണ്ട് ആദ്യവുമായി ജീവിച്ചിരുന്ന തെർത്തൂലിയനിൽ നിന്ന് ആരംഭിച്ചു. ഉത്തരാഫിക്കയിൽ അഗസ്റ്റിന്റെ ഹിപ്പൊ നഗരത്തിന് കിഴക്ക് മധ്യധരണ്യാഴിതീരത്തു സ്ഥിതിചെയ്യുന്ന ചരിത്രപ്രസിദ്ധമായ കാർത്തേജിലെ മെത്രാനായിരുന്നു തെർത്തൂലിയൻ (160-230)

പാഗൻ മാതാപിതാക്കൾക്ക് പിറന്ന തെർത്തൂലിയൻ മഹാപണ്ഡിതനായിരുന്നു. തെർത്തൂലിയന്റെ കാലത്ത് വിശുദ്ധ ജെറോം പിൽക്കാലത്ത് എഡിറ്റു ചെയ്യുകയും സമ്പാദനം നിർവഹിക്കുകയും ചെയ്ത വൾഗേറ്റ് എന്ന ഇന്നു നിലനിൽക്കുന്ന ഔദ്യോഗിക വേദപാഠം നിലവിലുണ്ടായിരുന്നുമില്ല. അന്നു പ്രചരിച്ചിരുന്ന ഡസൻ

കണക്കിന് സുവിശേഷങ്ങളും പൗലോസിനെപ്പോലുള്ള വിശുദ്ധന്മാരുടെ കത്തുകളാണെന്നു കരുതപ്പെടുന്ന രേഖകളുമായിരുന്നു വിശ്വാസികൾക്ക് ആശ്രയം. അവയോടൊപ്പം അന്ന് നിലനിന്നിരുന്ന വിവിധ മതപ്രസ്ഥാനങ്ങളും ഗ്രീക്ക് ചിന്തയും പല പ്രമുഖ ക്രിസ്തീയ ചിന്തകരെയും സ്വാധീനിച്ചിരുന്നു.

അങ്ങനെയുള്ള ചിന്തകളിൽ മൊണ്ടാനസ് എന്ന ഫ്രിജിയൻ ക്രിസ്തീയ പ്രവാചകന്റെ ചിന്തകൾ തെർത്തൂലിയനെ സ്വാധീനിച്ചു. ആദിമ ക്രിസ്തുമതത്തിന്റെ ലാളിത്യം, ഇന്ദ്രീയ സുഖഭോഗങ്ങളോടുള്ള എതിർപ്പ് ബ്രഹ്മചാരിത്വത്തോടുള്ള മമത തുടങ്ങിയവ മൊണ്ടാനസിന്റെ വിശ്വാസചര്യകളിൽ പെടുന്നു. തെർത്തൂലിയൻ ഒരു മൊണ്ടാനിസ്റ്റ് ആയിരുന്നു എന്നാണ് ചരിത്രകർത്താക്കൾ കരുതുന്നത്.

അനേകം പ്രബന്ധങ്ങളും പുസ്തകങ്ങളും രചിച്ചിട്ടുള്ള തെർത്തൂലിയനെ പ്രാചീന ലോകം അഗസ്റ്റിന് തുല്യനായോ ചിലപ്പോൾ അഗസ്റ്റിനെക്കാൾ മഹാനായോ കരുതിപ്പോന്നു. പിൽക്കാലത്ത് റോമൻ കത്തോലിക്കാസഭ അഗസ്റ്റിന്റെ ആദിപാപത്തിലും വിധിവാദത്തിലും വീണതോടെയാണ് തെർത്തൂലിയൻ താരതമ്യേന വിസ്മരിക്കപ്പെട്ടത്. എങ്കിലും ബട്രണ്ട് റസ്സലിനെപ്പോലുള്ള പല ആധുനിക ദാർശനികരും പ്രാചീന ക്രിസ്തീയ ദർശത്തിൽ തെർത്തൂലിയനെ പ്രഥമ സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു.

തെർത്തൂലിയന്റെയും മൊണ്ടാനിസ്റ്റുകളുടെയും രണ്ടാം നൂറ്റാണ്ടിലെ ചിന്ത അഗസ്റ്റിന്റെ അഞ്ചാം നൂറ്റാണ്ടിൽ വെല്ലുവിളിയായത് കാർത്തേജിലെ ഡൊണാറ്റസ് (മരണം 355)എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു മെത്രാന്റെ പ്രസ്ഥാനത്തോടുകൂടിയാണ്. മൊണ്ടാനസിൽ നിന്നും തെർത്തൂലിയനിൽ നിന്നും സ്വീകരിച്ച ചിന്താ ധാരകളെ ഡൊണാറ്റസ് ഒരു മഹാപ്രവാഹമാക്കി മാറ്റിയപ്പോൾ ഉത്തരാഫ്രിക്കയും യൂറോപ്പും ഉൾപ്പെടുന്ന ക്രൈസ്തവ ലോകമാകെ അതിന്റെ പ്രഭാവത്തിൽ ഇളകി. അഗസ്റ്റിന്റെയും അനുയായികളുടെയും രൂക്ഷമായ കടന്നാക്രമണത്തിൽ ഡൊണാറ്റിസം പിൻവലിയുകയും 412ൽ ഔദ്യോഗികമായി ക്രിസ്തീയ സഭ ഡൊണാറ്റിസത്തെ ബഹിഷ്കരിക്കുകയും ചെയ്തതോടെ ആദിമ ക്രിസ്തിമതത്തിന്റെ ശവപ്പെട്ടിയിൽ ഒരു ആണി കൂടി തറയ്ക്കപ്പെട്ടു. അഗസ്റ്റിന്റെ ദാർശനിക കുരിശ്ശു യുദ്ധങ്ങളുടെ കുന്തമുന അടുത്തതായി തിരിഞ്ഞത് ബ്രിട്ടീഷ് പുരോഹിത ശ്രേഷ്ഠനും ചിന്തകനുമായിരുന്നു പെലേഗുസി (360-420) നെതിരെയായിരുന്നു. പെലേഗിയാനിസത്തെക്കുറിച്ച് ഇനി പരിശോധിക്കാം. ●

അധ്യായം 17

അഗസ്റ്റിനെതിരെ പെലാഗിയൂസ് മുതൽ ജാൻസൺ വരെ

വിശുദ്ധ അഗസ്റ്റിൻ എന്ന ഹിപ്പോയിലെ മെത്രാൻ ഔറൂലിയസ് അഗസ്റ്റിന്റെ സിദ്ധാന്തങ്ങൾ അദ്ദേഹത്തിന്റെ കാലത്തും പിൽക്കാലത്തും വെല്ലുവിളിക്കുവാൻ പല പുരോഹിതശ്രേഷ്ഠന്മാരും ദൈവശാസ്ത്രജ്ഞൻമാരും ഉണ്ടായിട്ടുണ്ട്. അഗസ്റ്റിൻ ആവിഷ്കരിച്ച ആദിപാപം, വിധിവാദം മുതലായ സിദ്ധാന്തങ്ങളെ അദ്ദേഹത്തിന്റെ ജീവിതകാലത്തുത്തന്നെ അതിശക്തമായി എതിർത്ത ഒരു ബ്രിട്ടീഷ് പുരോഹിത ദാർശികനായിരുന്നു പെലാഗിയൂസ്. യുക്തിസാമർഥ്യവും മനുഷ്യപ്പറ്റും മാനവസ്വാതന്ത്ര്യാഭിനിവേശവും ഗഹനമായ പാണ്ഡിത്യവും കൊണ്ട് അനുഗൃഹീതനായ പെലാഗിയൂസ് ഒറ്റയ്ക്കുനിന്ന് റോമൻ സഭയോടും കരുത്തനായ അഗസ്റ്റിനോടും പടവെട്ടിയുയർത്തിയ അലയൊലികൾ ഇപ്പോഴും ക്രിസ്തീയാന്തരീക്ഷത്തിൽ വിലയം പ്രാപിച്ചിട്ടില്ല. പെലാഗിയൂസിന്റെ വാദങ്ങൾ ആധുനിക വിമോചന ദൈവശാസ്ത്രജ്ഞന്മാരിലൂടെ മറ്റൊലി കൊള്ളുന്നുണ്ട്.

അക്കാര്യം വിവരിക്കുന്നതിനുമുമ്പ് ഈ അധ്യായത്തിന്റെ തലവാചകത്തിൽ ചേർത്തിരിക്കുന്ന ജാൻസണെക്കുറിച്ചും അറിയേണ്ടിയിരിക്കുന്നു. ബൽജിയത്തിലെ പേരുകേട്ട ലുവെയ്ൻ കത്തോലിക്ക സർവകലാശാലയിലെ പ്രൊഫസ്സറും കത്തോലിക്ക ദൈവശാസ്ത്ര

ജ്ഞനും ആയിരുന്ന കൊർണേലിയൂസ് ജാൻസൺ (1585–1638) വിശുദ്ധ അഗസ്റ്റിന്റെ സിദ്ധാന്തങ്ങൾ പിശകാണ് എന്നു തെളിയിച്ചത് പെലാഗിയൂസിനെപ്പോലെയും മറ്റും നേരിട്ട് അവയെ എതിർത്തു കൊണ്ടല്ല. വാസ്തവത്തിൽ ജാൻസൺ ആദിപാപത്തിന്റെയും വിധിവാദത്തിന്റെയും അടിയുറച്ച അനുകൂലിയായിരുന്നു. അതിരുകവിഞ്ഞ ഈ യോജിപ്പു തന്നെ അഗസ്റ്റിന്റെ സിദ്ധാന്തങ്ങളുടെ കളിമൺകാലുകൾ വെളിപ്പെടുത്താൻ സഹായിച്ചു എന്നതുകൊണ്ടാണ് അഗസ്റ്റിന്റെ അനുകൂലിയായിരുന്ന ജാൻസൺ ഫലത്തിൽ പ്രതികൂലിയായി തീർന്നത്. ജാൻസൺ 1640ൽ പ്രസിദ്ധീകരിച്ച *അഗസ്റ്റിനോസ്* എന്ന പുസ്തകം വിധിവാദത്തെ അരക്കിട്ട് ഉറപ്പിക്കാൻ ശ്രമിച്ചത് മനുഷ്യയത്നങ്ങളുടെയും തെരഞ്ഞെടുപ്പുകളുടെയും വ്യർഥത സമർഥിക്കാനാണ് ഉതകിയത്. ദൈവാനുഗ്രഹം ലഭിക്കുന്നത് മനുഷ്യരുടെ അല്ലെങ്കിൽ ഭക്തരുടെ പ്രാർഥനകൊണ്ട് അല്ലെന്നും എല്ലാ വക പ്രവർത്തനങ്ങളിലും മുൻകൈയും മേൽകൈയും ദൈവത്തിലാകയാൽ വിധിച്ചതല്ലാതെ കൊതിച്ചതു കിട്ടുകയില്ലെന്നും ജാൻസൺ വാദിച്ചു. തീർച്ചയായും ജാൻസൺ അഗസ്റ്റിനെ പിൻതള്ളി മുന്നോട്ടുകുതിച്ചു. ഈ കുതിപ്പുമുഖേന അഗസ്റ്റിനിയൻ സിദ്ധാന്തങ്ങളുടെ ആപൽസാധ്യതകൾ സഭയ്ക്ക് ബോധ്യമായോ ഇല്ലയോ എന്നു നിശ്ചയമില്ല. എങ്കിലും ജാൻസനോളം പോയാൽ അത് അബദ്ധത്തിലേ കലാശിക്കു എന്നിടത്തോളം റോമൻ സഭയ്ക്ക് ബോധ്യമായതിനാലാവാം 1719ൽ ജാൻസണിസ്റ്റ് നിലപാടുകളെ സഭ ഔപചാരികമായി സഭാവിരുദ്ധമായി പ്രഖ്യാപിച്ചത്.

പെലാഗിയൂസിന്റെ വിശദമായ വാദമുഖങ്ങൾ നമുക്ക് ഇങ്ങനെ സംഗ്രഹിക്കാം: ഡിറ്റർമിനിസം അഥവാ വിധിവാദവും പാപമെന്ന സങ്കൽപ്പവും പൊരുത്തപ്പെടില്ല. ഒരുത്തൻ ചെയ്യുന്നത് പാപമാകണമെങ്കിൽ അയാൾക്ക് അത് ചെയ്യാനോ ചെയ്യാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം അതായത് ഫ്രീ വിൽ. അല്ലെങ്കിൽ സ്വതന്ത്രമായ ഇച്ഛാശക്തി ഉണ്ടെങ്കിലല്ലേ ഒരാൾ ചെയ്യുന്നതിന്റെ ഉത്തരവാദിത്വം അയാൾക്ക് ഏറ്റെടുക്കാൻ കഴിയൂ? ആദമിന് അത്തരം ഫ്രീ വിൽ ദൈവം നൽകിയിരുന്നു. അതുകൊണ്ടല്ലേ ദൈവകൽപ്പനയെ ലംഘിച്ച് വിലക്കപ്പെട്ട കനി ഭക്ഷിക്കാൻ അയാൾക്ക് സാധിച്ചത്? പാപകർമ്മമെന്നുള്ളതും വിധികല്പിതമായിരുന്നുവെങ്കിൽ അതിന്റെ ഉത്തരവാദിത്വം അയാൾ എന്തിന് വഹിക്കണം? അതിന്റെ ശിക്ഷ എന്തിന് അയാൾ ഏറ്റു വാങ്ങണം? അത്രപോലും യുക്തിസഹമല്ലാത്ത ഒരു ഏർപ്പാടല്ലേ ആദം ചെയ്ത പാപകൃത്യത്തിന് പിന്നീട് അയാൾക്ക് ജനിച്ച കുഞ്ഞുങ്ങളെപ്പോലും ആദിപാപമെന്ന പേരിൽ

ശിക്ഷാർഹരാക്കുന്നത്? അതുകൊണ്ട് ആദിപാപമല്ല ആദിമാനുഗ്രഹമാണ് ആദമിന്റെയും ഹൗവ്വയുടെയും പിൻമുറക്കാർക്ക് ലഭിച്ച പൈതൃകമെന്ന് പെലാഗിയൂസ് വാദിച്ചു.

വിധിയുടെയും ചരിത്രത്തിന്റെയും കളിപ്പാവകളല്ല മനുഷ്യരെന്നും സ്വതന്ത്രമായ ഇച്ഛാശക്തിയും വിവേകവും ഉള്ളവരായിട്ടാണ് ദൈവം അവരെ സൃഷ്ടിച്ചിട്ടുള്ളത് എന്നും താൻ ചെയ്ത കാര്യങ്ങൾക്കല്ലാതെ തന്റെ പൂർവ്വികരുൾപ്പെടെ മറ്റാരെങ്കിലും ചെയ്ത പാപങ്ങൾക്ക് മനുഷ്യർ ഉത്തരവാദികളല്ലെന്നും പെലാഗിയൂസ് ശക്തിയുക്തം വാദിച്ചു. ഇതിന് അക്കാലത്തും അനുകൂലികൾ ധാരാളം ഉണ്ടായിരുന്നു. യൂറോപ്പിലെ പല രാജ്യങ്ങളിലും വ്യാപിച്ച പെലാഗിയൻ സിദ്ധാന്തം സഭ അംഗീകരിച്ച അഗസ്റ്റീനിയൻ സിദ്ധാന്തങ്ങളെ അട്ടിമറിക്കുമെന്നും റോമിലെ അധികാരികൾ ഭയപ്പെട്ടു. അതുകൊണ്ട് തന്റെ നിലപാടുകൾ സഭയും അധികൃതരുടെയും മുന്നിൽ വിശദീകരിക്കാൻ പെലാഗിയൂസ് റോമിലേക്ക് വിളിക്കപ്പെട്ടു. അവിടത്തെ ചർച്ചകൾക്കു ശേഷം യെറുശലേമിലേക്ക് തീർത്ഥാടനം നടത്തിയ പെലാഗിയൂസ് അവിടെയും നിരന്തരം വിവാദങ്ങളിലേർപ്പെട്ടു. യെറുശലേമിൽ വച്ച് ക്രി.പി.415 ൽ നടന്ന ഒരു സുന്നഹദോസ് പെലാഗിയൂസിന്റെ വാദങ്ങൾ ചർച്ച ചെയ്യുകയും അദ്ദേഹത്തെ വേദവിരോധിയെന്ന ആരോപണത്തിൽ നിന്ന് വിമുക്തനാക്കുകയും ചെയ്തു. പക്ഷേ അവിടെയും കഥ അവസാനിക്കുന്നില്ല. പിന്നീട് മാർപ്പാപ്പയും റോമൻ ചക്രവർത്തിയും പെലാഗിയൂസിനെ തിരസ്കരിക്കുകയും ബഹിഷ്കരിക്കുകയും ചെയ്തു.

യെറുശലേം സുന്നഹദോസിന്റെ തീരുമാനത്തെപോലും ധിക്കരിച്ച മാർപ്പാപ്പയുടെയും ചക്രവർത്തിയുടെയും നിലപാട് തെളിയിക്കുന്നത് മാർപ്പാപ്പയുടെ അഗസ്റ്റീനിയൻ പ്രേമം രാഷ്ട്രീയമായ ഒരടവു മാത്രമായിരുന്നുവെന്നും അതിൽ വേദസത്യങ്ങൾക്കോ സിദ്ധാന്തങ്ങൾക്കോ വലിയ പ്രസക്തിയൊന്നും ഉണ്ടായിരുന്നില്ലയെന്നുമാണ്.


യെറുശലേമിലെ സുന്നഹദോസ് പെലാഗിയൂസിന്റെ നിലപാടിനെ ശരിവെച്ചതിന്റെ പുറകിൽ പൗരസ്ത്യക്രിസ്തു മതത്തിന്റെ സ്വാധീനം ഗണ്യമായി പ്രവർത്തിച്ചിരുന്നുവെന്നു കരുതുന്നതിൽ തെറ്റില്ല. ●

ഭാഗം

3

ഗ്രിഗോറിയൻ മതവിജ്ഞാനീയം

പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിലും അതിന്റെ ആവിഷ്ക്കർത്താക്കളും വ്യാഖ്യാതാക്കളുമായ നിസ്സയിലെ ഗ്രിഗറി നസിയാൻസെന്നിലെ ഗ്രിഗറി ബേസിൽ മുതലായവരാണ് ഗ്രിഗോറിയോസിന്റെ മതവിജ്ഞാനീയത്തിന്റെ ആദിമ പിതാക്കൾ. അവരെ ആശ്രയിച്ചു കൊണ്ട് ആധുനിക യുഗത്തിന്റെ സമസ്യകളുമായി മതവിജ്ഞാനീയത്തെ സമ്പന്നമാക്കിയതാണ് ഗ്രിഗോറിയോസിന്റെ സംഭാവന.



അധ്യായം 18

ഒരു ഭാരതീയ ക്രിസ്ത്യൻ ദൈവശാസ്ത്രത്തിലേക്ക്

അങ്ങനെ ആദിമക്രിസ്തുമതത്തിന്റെ വിശുദ്ധിയും വിമോചക ശക്തിയും അധഃസ്ഥിതപ്രേമവും പടിപടിയായി പടിഞ്ഞാറൻ ക്രിസ്തുമതത്തിൽ അസ്തമിച്ചതെങ്ങനെ എന്ന് നാം കണ്ടു. കോൺസ്റ്റന്റൈൻ ചക്രവർത്തിയും ദമാസൂസ് മെത്രാനും മുതൽ മിലാനിലെ അംബ്രോസുംവരെയുള്ളവർ എങ്ങനെ ഈ ക്രിസ്തുമതസിദ്ധാന്തത്തെയും പ്രയോഗത്തെയും കീഴ്മേൽ മറിച്ചു എന്നും നാം വിശദമായി പരിശോധിച്ചറിഞ്ഞു. ഇനി ചർച്ച ചെയ്യാനുള്ളത് ഈ പടിഞ്ഞാറൻ പ്രവണയെ കിഴക്കൻ പ്രത്യേകിച്ച് ഏഷ്യൻ ക്രിസ്തീയസഭയും അതിന്റെ ആദിപിതാക്കളും എങ്ങനെ ചെറുത്തുനിന്നു എന്നാണ്.

പടിഞ്ഞാറൻ സഭയ്ക്കു വന്നുകൊണ്ടിരുന്ന സംഘടനാപരവും സൈദ്ധാന്തികവും ആയ അപചയത്തെ എങ്ങനെ സെസേറിയയിലെ മെത്രാൻ ബേസിലും നസിയാൻസെനിലെ ഗ്രിഗറിയും ചെറുത്തുനിന്നുവെന്നതിനെക്കുറിച്ച് ചില കാര്യങ്ങളും നാം കണ്ടു. ഇനി നമുക്ക് പരിശോധിക്കാനുള്ളത് അഗസ്റ്റിന്റെ സിദ്ധാന്തങ്ങളോടെ പടുകുഴിയിൽ വീണുപോയ പടിഞ്ഞാറൻസഭയുടെ പോക്കുകളെ സൈദ്ധാന്തികതലത്തിലും സംഘടനാതലത്തിലും ഏഷ്യൻ ദൈവശാസ്ത്ര

ജ്ഞൻമാർ എങ്ങനെ ഏതെല്ലാം സൈദ്ധാന്തിക വാദങ്ങൾ കൊണ്ടു ചെറുത്തു എന്നതാണ്.

ഈ ചെറുത്തുനിൽപ്പിൽ പല ഏഷ്യൻ ചിന്തകരും മെത്രാൻ മാരും പങ്കുചേർന്നിരുന്നുവെങ്കിലും അവരിൽ പ്രമുഖർ കപ്പഡോക്കിയൻ പിതാക്കൾ എന്ന പേരിൽ ചരിത്രത്തിലറിയപ്പെടുന്ന മൂന്നുപേരാണ്. ഇന്നത്തെ തുർക്കിയുടെ വടക്കുകിഴക്കൻ മേഖലക്കാണ് അക്കാലത്ത് കപ്പഡോക്യ എന്ന പേരുണ്ടായിരുന്നത്. അവരിൽ വിശുദ്ധ ബേസിൽ, നസിയാൻസെന്നിലെ ഗ്രിഗറി, നിസ്സയിലെ ഗ്രിഗറി എന്നീ മൂവരാണ് ചരിത്രത്തിൽ 1500 വർഷം കഴിഞ്ഞിട്ടും മായാത്ത മുദ്ര പതിപ്പിച്ചത്. അവരിൽ തന്നെ ഏറ്റവും കൂടുതൽ ദാർശനിക ഗ്രന്ഥങ്ങൾ അവശേഷിപ്പിച്ചിട്ടുള്ളത് നിസ്സയിലെ ഗ്രിഗറിയാണ്.

സ്വാതന്ത്ര്യവും അധികാരവും

വിശുദ്ധ ബേസിലിന്റെ ഇളയ സഹോദരനായ നിസ്സയിലെ ഗ്രിഗറി (335-394) യാണ് പൗലോസ് മാർ ഗ്രിഗോറിയോസിന്റെ മാനസ ഗുരുഭൂതരിൽ പ്രമുഖൻ എന്നും നാം കണ്ടു. ഓക്സ്ഫോർഡ് സർവകലാശാലയിലെ ഡോക്ടറേറ്റ് ഗവേഷണത്തിന് അദ്ദേഹം തെരഞ്ഞെടുത്തത് നിസ്സയിലെ ഗ്രിഗറിയെയായിരുന്നു. ഓക്സ്ഫോർഡിൽ നിന്ന് ബിരുദമെടുത്ത് മടങ്ങിവന്നശേഷം മെത്രാൻപട്ടം ഏൽക്കുന്നതിനുമുമ്പ് ഡോ പോൾ വർഗീസ് എന്ന പൂർവാശ്രമ നാമം ഉപയോഗിച്ച് ഒരു പുസ്തകം എഴുതി പ്രസിദ്ധീകരിച്ചു. *ഫ്രീഡം ആന്റ് അഥോറിറ്റി* (*സ്വാതന്ത്ര്യവും അധികാരവും*, 1974) എന്ന ആ പുസ്തകം അദ്ദേഹത്തിന്റെ ആദ്യകൃതിയല്ലെങ്കിലും അതാണ് അദ്ദേഹത്തെ ചിന്താലോകത്ത് ആദ്യം ശ്രദ്ധേയനാക്കിയത്. തന്റെ നവീന ചിന്തകൾക്ക് പ്രേരകമായി ഭവിച്ച കാര്യങ്ങളും തന്റെ ചിന്തകളുടെ ദിശയും ഈ പുസ്തകത്തിന്റെ മുഖവുരയിലുണ്ട്. നോക്കുക:

> അധികാരത്തിന്റെ പ്രാചീനഘടനകൾ തകർന്നുവീഴുകയാണ്. ആർക്കും അതു കാണാൻ കഴിയും. അത് മനസ്സിലാക്കുന്നതിനു പകരം അതേച്ചൊല്ലി വിലപിക്കാനാണ് പൊതുവെ പ്രേരണ. നമ്മൾ മധ്യ തലമുറയിൽപെട്ടവരായിക്കാം. അതായത് കഷണ്ടി കയറിത്തുടങ്ങിയ തലമുറ-പക്ഷേ, കൂടുതൽ ഭീഷണിക്ക് വിധേയരാകുന്നത്.
>
> നാം നിയമ-ക്രമ വാഴ്ചയെ കാത്തുസൂക്ഷിക്കാൻ എന്തുംചെയ്യാൻ സന്നദ്ധരാണ്. മനുഷ്യനെക്കാൾ പ്രാധാന്യം അതിനാണെന്ന ഭാവത്തിൽ.
>
> മനുഷ്യജീവികൾ എന്ന രീതിയിൽ നമുക്ക് എന്തോ ഒക്കെ

സംഭവിച്ചുകൊണ്ടിരിക്കുകയാണ്. തകർന്നുവീഴുന്ന ഘടനകൾ ഒരേസമയം തന്നെ ഭീഷണിയും അവസരവുമാണ്.

കുട്ടികൾ അച്ഛനമ്മമാരെ പണ്ടത്തെപ്പോലെ അനുസരിക്കുന്നില്ല. ഭാര്യമാർ ഭർത്താക്കൻമാർക്ക് വഴങ്ങിക്കൊടുക്കുന്നില്ല. തൊഴിലാളികൾ മാനേജർമാരെയും തൊഴിലുടമകളെയും അനുസരിക്കുന്നില്ല. പുതിയ നിയമം പരാമർശിക്കുന്ന ഈ ബന്ധങ്ങളെല്ലാം തകർന്നുപോവുകയല്ലേ? ഇപ്പോൾ ഇതാ അൽമേനികൾ മെത്രാൻമാരെ അനുസരിക്കുന്നില്ല, വിദ്യാർഥികൾ അധ്യാപകരെ അനുസരിക്കുന്നില്ല. സൈനികർ പോലും മേലുദ്യോഗസ്ഥരുടെ ഉത്തരവുകളെ ധിക്കരിച്ചു തുടങ്ങിയിരിക്കുന്നു. തന്റെ ഇച്ഛാനുസരണം മറ്റുള്ളവരെ പ്രവർത്തിപ്പിക്കാൻ കൽപ്പനകൾ ഇപ്പോൾ തീരെ ഫലപ്രദമല്ല. വീട്ടിനകത്തുപോലും ഇപ്പോൾ കൂടുതൽ ഫലപ്രദം, മറഞ്ഞുനിന്നുള്ള പ്രേരണയോ പരസ്യമായ കൈക്കൂലിയോ ആണെന്നുവന്നിരിക്കുന്നു. പ്രതിഫലം വാഗ്ദാനം ചെയ്തു പ്രലോഭിപ്പിക്കാം, അല്ലെങ്കിൽ നേട്ടങ്ങളെക്കുറിച്ചുള്ള അവരുടെ ബോധത്തെ തട്ടിയുണർത്താം. എന്നാൽ, അധികാരമുപയോഗിച്ചുള്ള കൽപ്പനകൾ എല്ലായിടത്തും വ്യർഥമാവുകയാണ്. സ്വേച്ഛാധികാരകൽപ്പനകൾ മിക്ക സന്ദർഭങ്ങളിലും കലാപത്തിന് പ്രകോപനമാവുകയേ ഉള്ളൂ.

ഇതൊക്കെ നല്ലതോ ചീത്തയോ? നാം വിചാരിക്കുന്നത്ര ചീത്തയല്ലെന്നെങ്കിലും പറയാം എന്നാണ് ഞാൻ നിർദ്ദേശിക്കുവാൻ തുനിയുന്നത്.

അങ്ങനെ സമകാലികലോകത്തിലെ കീഴ്മേൽ മറിച്ചിലുകളോടും മൂല്യസംക്രമണങ്ങളോടും കലാപവാസനകളോടും പ്രതികരിക്കുകയാണിതിൽ പൗലോസ് മാർ ഗ്രിഗോറിയോസ്. പാശ്ചാത്യ സർവകലാശാലകളിൽ ചെയ്ത ചില പ്രഭാഷണങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹം അമേരിക്കയിൽ എഴുതി പ്രസിദ്ധീകരിച്ച *ഫ്രീഡം ഓഫ് മാൻ (മനുഷ്യന്റെ സ്വാതന്ത്ര്യം)* എന്ന പുസ്തകത്തിന്റെ ഇന്ത്യൻ പതിപ്പാണ് *സ്വാതന്ത്ര്യവും അധികാരവും*. ഇന്ത്യൻ പതിപ്പിനുവേണ്ടി ഇന്ത്യയിൽ പ്രസക്തമായ ചില പുതിയ അധ്യായങ്ങൾ അദ്ദേഹം എഴുതിച്ചേർക്കുകയും ചെയ്തു. അങ്ങനെ ഇന്ത്യൻ പതിപ്പിനു വേണ്ടി കൂട്ടിച്ചേർത്ത പുതിയ അധ്യായങ്ങൾ തന്നെ മാർ ഗ്രിഗോറിയോസിന്റെ മൗലിക പരിഗണനകളിലേക്കും മൗലിക സംഭാവനകളിലേക്കും വെളിച്ചം വീശുന്നു. *കിഴക്കിനെപ്പറ്റി എന്ത്?, ഇന്ത്യൻ ഋഷിമാരും നിസ്സ*

യിലെ ഗ്രിഗറിയും, ഒരു ഇന്ത്യൻ അനുബന്ധം എന്നിവയാണ് കൂട്ടിച്ചേർത്ത മൂന്ന് അധ്യായങ്ങൾ. ഈ കൃതിയിലൂടെ വേദപുസ്തകത്തിൽ ഉറച്ചു നിന്നുകൊണ്ടുതന്നെ ഭാരതീയ പാരമ്പര്യത്തെ മനസ്സിലാക്കാനും ഇവ രണ്ടും സമന്വയിച്ച് ഇന്ത്യയ്ക്ക് അനുയോജ്യമായ ഒരു ക്രിസ്തീയ ദൈവശാസ്ത്രത്തിന് രൂപം നൽകാനും ഗ്രിഗോറിയോസ് ശ്രമിക്കുന്നു.

ഇന്ത്യൻ ക്രിസ്തീയ ദൈവശാസ്ത്രം എന്ന പേരുകൊണ്ട് അത് ഇന്ത്യയുടെ അതിർത്തിക്കുള്ളിൽ മാത്രം പ്രസക്തമായ ഒന്നാണെന്ന് കരുതിക്കൂടാ. ഇന്ത്യയുൾപ്പെടെ ഏഷ്യയ്ക്കും മൂന്നാം ലോകത്തിനു പ്രത്യേകിച്ചും പ്രസക്തമായ ഗ്രിഗോറിയോസ് ചിന്ത യൂറോപ്പിനും അമേരിക്കയ്ക്കും കൂടി ആവശ്യമായ പുതുവെളിച്ചം നൽകുന്നു. നേരെത്തെയുള്ള അധ്യായങ്ങളിൽ നാം കണ്ടപോലെ യൂറോപ്യൻ സാമ്രാജ്യത്വത്തിന്റെയും യൂറോപ്യൻ ഫ്യൂഡലിസത്തിന്റെയും സമ്മർദ്ദങ്ങൾക്കൊത്ത് രൂപാന്തരപ്പെട്ട ക്രിസ്തുമതത്തെ അതിന്റെ വിശുദ്ധിയിലേക്ക് വീണ്ടെടുക്കുന്നതിനോടൊപ്പം സമകാലിക മനുഷ്യരാശിയുടെ സമസ്യകൾക്ക് ഉത്തരം കണ്ടെത്താനും ആധുനിക ലോകത്തിന് ഒരു കർമപദ്ധതി നിർദ്ദേശിക്കാനും മാർ ഗ്രിഗോറിയോസ് ഉദ്യമിക്കുകയാണിവിടെ. അതിനായി ഇന്ത്യയിലെ ക്രിസ്ത്യൻ സഭാ പ്രവണതകളെയും രാഷ്ട്രീയ-സാമൂഹ്യ-ദാർശനികാവസ്ഥകളെയും മാർക്സിസ്റ്റ് പ്രസ്ഥാനം ഉൾപ്പെടെയുള്ള നവീന ചലനങ്ങളെയും ഗ്രിഗോറിയോസ് വിശകലനം ചെയ്യുകയും വിമർശിക്കുകയും ചെയ്യുന്നുണ്ട്.

താൻ അന്തിമ രൂപം നൽകിയ ഒരു കർമപദ്ധതിയോ രൂപരേഖയോ അല്ലെന്നും ഈ വക കാര്യങ്ങളിലേക്ക് പുതിയ ചിന്താധാരകളെ സന്നിവേശിപ്പിക്കാനുള്ള ഒരു ശ്രമവും അതിനായി അനുവാചകർക്കുള്ള ഒരു ക്ഷണവും ആണെന്നും ഗ്രിഗോറിയോസ് ആമുഖത്തിൽ തന്നെ പറഞ്ഞുവയ്ക്കുന്നുണ്ട്.

ഇനി നമുക്ക് ആ കൃതിയിൽ ഊന്നി നിന്ന് മാർ ഗ്രിഗോറിയോസിന്റെ മൗലിക നിലപാടുകളും കണ്ടെത്തലുകളും പരിശോധിക്കാം.

●

അധ്യായം 19

അഗസ്റ്റീനിയൻ പടിഞ്ഞാറും ഗ്രിഗോറിയൻ കിഴക്കും

നേരത്തെ നാം ഉദ്ധരിച്ച *സ്വാതന്ത്ര്യവും അധികാരവും* എന്ന കൃതിയിലെ അഞ്ചാം അധ്യായം പ്രത്യേകം ശ്രദ്ധേയമാണ്. അതിന്റെ തലവാചകം 'സ്വതന്ത്രദൈവം, സ്വതന്ത്ര മനുഷ്യൻ' എന്നാണ്. നിസ്സയിലെ ഗ്രിഗറിയുടെ ചിന്തയിൽ ദൈവവും മനുഷ്യനും ലോകവും എന്നാണ് അതിന്റെ ഉപതലവാചകം. പൗലോസ് മാർ ഗ്രിഗോറിയോസ് അധ്യായം ആരംഭിക്കുന്നത് ഇങ്ങനെയാണ്:

> സാർവത്രിക സഭയുടെ പിതാവ് നിസ്സയിലെ പാശ്ചാത്യ വിദ്യാർഥികൾ അവഗണിക്കുകയാണുണ്ടായത്. പ്ലേറ്റോണിസം, ഒറിഗെനിസം, അർധപെലേഗിയാനിസം തുടങ്ങി തെറ്റായ പല ആരോപണങ്ങൾ ഉയർത്തി അവർ അദ്ദേഹത്തെ മിക്കവാറും തിരസ്കരിക്കുകതന്നെ ചെയ്തു. കത്തോലിക്കാ വിഭാഗത്തിൽപെട്ടതായാലും, പ്രൊട്ടസ്റ്റന്റ് വിഭാഗത്തിൽപെട്ടതായാലും പാശ്ചാത്യ ദൈവശാസ്ത്രത്തിന് അതിന്റെ സമതുലനവും ദിശാബോധവും വീണ്ടെടുക്കണമെന്നുണ്ടെങ്കിൽ ഈ പിതാവിനെയും അദ്ദേഹത്തിന്റെ ഉപദേശസിദ്ധാന്തങ്ങളെയും വീണ്ടെടുക്കുക എന്നത് അത്യന്താപേക്ഷിതമാണെന്നു തോന്നുന്നു. പടിഞ്ഞാറൻ ദൈവശാ

സ്ത്രത്തിലെ അഗസ്റ്റീനിയൻ വളച്ചൊടിക്കലുകൾക്കുള്ള പ്രതിക്രിയ മാത്രമല്ല സമകാലിക മാനവികതാവാദത്തിനും ശാസ്ത്രത്തോടും സാങ്കേതികവിദ്യയോടും നമുക്കുള്ള ആഭിമുഖ്യത്തിനും ഉതകിയ ദൈവശാസ്ത്രത്തിനുള്ള അടിത്തറയും അദ്ദേഹത്തിൽ നിന്ന് നമുക്ക് ലഭിക്കും.

ഈ പ്രാരംഭ ഖണ്ഡികയിൽ ഗ്രിഗറിയുടെ പ്രാധാന്യവും പ്രസക്തിയും വിവരിക്കുക മാത്രമല്ല തന്റെ ലോകവീക്ഷണത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും ദിശകൾ കൂടി ഗ്രിഗോറിയോസ് ഒരു ചിമിഴിലൊതുക്കുന്നു. ഗ്രിഗറി പടിഞ്ഞാറൻ ദൈവശാസ്ത്രത്തിൽ അഗസ്റ്റിനും കൂട്ടരും വരുത്തിയ വൈകൃതങ്ങളെ തിരസ്കരിക്കുന്നു– അതുകൊണ്ടാണല്ലോ അഗസ്റ്റിന്റെ കടുത്ത വിമർശകനായ പെലാഗിയൂസ് പക്ഷക്കാരനാണെന്ന ആരോപണം ഉയർന്നത്. മാനവികത, പ്രകൃതിശാസ്ത്രം, സാങ്കേതിക വിദ്യ എന്നീ മൂന്ന് ആധാരശിലകളിലാണ് ഗ്രിഗറിയുടേത് എന്നപോലെ തന്റെയും ദൈവശാസ്ത്രം കെട്ടിപ്പടുത്തിരിക്കുന്നത് എന്നും മാർ ഗ്രിഗോറിയോസ് വ്യക്തമാക്കുന്നു.

മാർ ഗ്രിഗോറിയോസിന്റെ ഏറ്റവും ഒടുവിലത്തെ പുസ്തകങ്ങളിൽ ഒന്നായി കണക്കാക്കാവുന്ന *മനുഷ്യദൈവം* (എ ഹ്യൂമൻ ഗോഡ്, 1992) എന്ന കൃതിയിൽ നാലാം നൂറ്റാണ്ടിലെ അഗസ്റ്റിനും പതിമൂന്നാം നൂറ്റാണ്ടിലെ വിശുദ്ധ തോമസ് അക്വിനാസും ഇരുപതാം നൂറ്റാണ്ടിലെ ഡോ. കാൾ ബാർത്തും ഉൾപ്പെടെയുള്ള പാശ്ചാത്യ ക്രൈസ്തവ ദൈവശാസ്ത്രജ്ഞരുടെ നിലപാടുകളിൽ നിന്ന് വ്യത്യസ്തമായ പൗരസ്ത്യ ക്രിസ്തീയ സഭാപിതാക്കളുടെ നിലപാടുകളെ ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം സ്വമത സമർഥനം നടത്തുന്നത്. ഈ സമർഥനത്തിലെ മൂന്നു പ്രധാനഘടകങ്ങൾ ഗ്രിഗോറിയോസിന്റെ മതചിന്തയിലും സാമൂഹ്യചിന്തയിലും ആണിക്കല്ലായി വർത്തിക്കുന്നു. മാനവികത, സ്വാതന്ത്ര്യം, ധാർമ്മികത എന്നിവയാണ് ഈ മൂന്ന് ഘടകങ്ങൾ എന്ന് ഈ പുസ്തകത്തിന്റെ പേരു തന്നെ വ്യക്തമാക്കുന്നു.

അടിസ്ഥാനപരമായി ക്രിസ്തുമതം ഒരു പൗരസ്ത്യമതമാണെന്നും പടിഞ്ഞാറൻ സാഹചര്യങ്ങളും താൽപര്യങ്ങളും അതിനെ വികലമാക്കി എന്നും ആ വൈകല്യം പിൽക്കാലത്ത് കിഴക്കൻ ക്രിസ്തുമതത്തെയും സ്വാധീനിച്ചു എന്നും മാർ ഗ്രിഗോറിയോസ് കരുതുന്നു. ഈ വൈകല്യങ്ങളിൽ നിന്നും മാലിന്യങ്ങളിൽ നിന്നും ക്രിസ്തുമതത്തെ രക്ഷിക്കേണ്ടതുണ്ടെന്നും അദ്ദേഹം കരുതുന്നു.

പടിഞ്ഞാറൻ വൈകല്യങ്ങൾ കിഴക്കിനെ ബാധിക്കാൻ തുടങ്ങിയതിന്റെ പുറകിൽ മതതാൽപര്യങ്ങളെക്കാൾ കോളനി വാഴ്ച തുട

ങ്ങിയ രാഷ്ട്രീയ താൽപര്യങ്ങളാണ് പ്രവർത്തിച്ചിരുന്നത്. അതു കൊണ്ട് മിഷനറി എന്ന പദം പോലും അദ്ദേഹം അംഗീകരിക്കുന്നില്ല. പതിനഞ്ചാം നൂറ്റാണ്ടു വരെ അപ്രകാരം ഒരു പദം ക്രിസ്തീയവ്യവഹാരത്തിലോ പ്രേക്ഷിതവൃത്തിയിലോ ഉപയോഗിച്ചിരുന്നില്ല എന്നും 1492 ക്രിസ്റ്റോഫർ കൊളംബസിനെത്തുടർന്ന് അമേരിക്കൻ ഭൂഖണ്ഡത്തിലും 1498-ൽ വാസ്കോ ഡ ഗാമയെ തുടർന്ന് ആഫ്രിക്ക - ഏഷ്യ തുടങ്ങിയ രാജ്യങ്ങളിലുമാണ് ഈ മിഷനറി പ്രവർത്തനശൈലിയും പദപ്രയോഗവും ആരംഭിച്ചത് എന്നദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഇതേക്കുറിച്ച് മാർ ഗ്രിഗോറിയോസിന്റെ ശിഷ്യനും പ്രമുഖ വ്യാഖ്യാതാവും ആയ ഫാദർ ഡോ. കെ ജെ ഗബ്രിയേൽ *ഗുരുമുഖത്തു നിന്നും* എന്ന കൃതിയിൽ ഗുരുവിന്റെ നിലപാട് ഇപ്രകാരം സംഗ്രഹിച്ച് ചേർത്തിരിക്കുന്നു.

> മിഷൻ, മിഷനറി എന്നീ പദങ്ങൾ പതിനഞ്ചാം നൂറ്റാണ്ടിനു ശേഷം ഉദ്ഭവിച്ച് പ്രാബല്യത്തിൽ വന്നവയാണ്. ഏതാണ്ട് അഞ്ച് നൂറ്റാണ്ടുകൾ മാത്രമേ ഇവയ്ക്ക് പഴക്കമുള്ളൂ. പതിനഞ്ചാം നൂറ്റാണ്ടിൽ സ്പെയിനിൽ നിന്നും പോർത്തുഗലിൽ നിന്നും മറ്റു ഭൂഖണ്ഡങ്ങളിലേക്ക് വാണിജ്യത്തിനും സാമ്രാജ്യാധിപത്യത്തിനുമായി യാത്ര പുറപ്പെട്ടിരുന്ന സൈന്യത്തോടൊപ്പം അയച്ചിരുന്ന കത്തോലിക്കാസഭയിലെ പുരോഹിതരെയാണ് മിഷനറി എന്നു വിളിച്ചിരുന്നത്. സാധാരണയായി ഈശോ സമൂഹാംഗമോ ഫ്രാൻസിസ്കൻ സമൂഹാംഗമോ ആയിരുന്നു ഈ മിഷനറിമാർ. പതിനാറാം നൂറ്റാണ്ടിൽ നവീകരണസഭകളിൽപോലും മിഷനും മിഷനറിമാരും ഇല്ലായിരുന്നു എന്നതാണ് പരമാർഥം. പിൽക്കാലത്ത് ഡെൻമാർക്കിലും നെതർലണ്ടിലുമുള്ള നവീകരണസഭകളിൽ നിന്നും മിഷൻ പ്രവർത്തനം നടന്നിട്ടുണ്ട്. എന്നാൽ അതെല്ലാം സാമ്പത്തിക - സൈനിക ആധിപത്യത്തോട് ചേർന്നാണ് നടന്നിട്ടുള്ളത്.
>
> അമേരിക്കയിൽ നിന്നുള്ള മിഷൻ പ്രവർത്തനങ്ങളും അമേരിക്കയുടെ സാമ്പത്തിക ആധിപത്യത്തോട് ചേർന്നാണ് ഉണ്ടായത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ കത്തോലിക്കാസഭയുടെയും നവീകരണസഭയുടെയും മിഷൻ പ്രവർത്തനങ്ങൾ പാശ്ചാത്യരാജ്യങ്ങളുടെ സാമ്രാജ്യവികസനസംരംഭങ്ങളുടെ ഒരു ഭാഗമായാണ് ആവിർഭവിച്ചിട്ടുള്ളത് എന്നു കാണാൻ കഴിയും. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് പാശ്ചാത്യസഭകൾ ഊന്നൽ നൽകുന്ന മിഷൻ സംബന്ധമായ ആശയ

ങ്ങളോടും ആദർശങ്ങളോടും മാർ ഗ്രിഗോറിയോസ് നിഷേധാത്മകമായി പ്രതികരിക്കുന്നത്.

മിഷനെ സംബന്ധിച്ച പാശ്ചാത്യസങ്കൽപ്പത്തിൽക്കാണുന്ന മറ്റൊരു വൈകല്യവും ഗ്രിഗോറിയോസ് തിരുമേനി ചൂണ്ടിക്കാണിക്കുന്നുണ്ട്. പാശ്ചാത്യസഭയിൽ നിന്ന് ഏഷ്യയിലോ ആഫ്രിക്കയിലോ പോയി പ്രവർത്തിക്കുന്ന വ്യക്തിയെ മിഷനറി എന്നവർ വിളിക്കുന്നു. എന്നാൽ ഇന്ത്യയിൽ നിന്നോ ആഫ്രിക്കയിൽ നിന്നോ യൂറോപ്പിലോ അമേരിക്കയിലോ ക്രിസ്തീയപ്രവർത്തനം നടത്തുന്ന വ്യക്തിയെ മിഷനറി എന്നു വിളിച്ചു കാണുന്നില്ല. മിഷൻ പ്രവർത്തനങ്ങളിൽ കാണുന്ന യുക്തിക്കു നിരക്കാത്ത ഈ തരംതിരിവ് പാശ്ചാത്യസഭകളുടെ മനോഭാവത്തിലേക്ക് വിരൽചൂണ്ടുന്നു. ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളെ ചെറുതാക്കി കാണുന്ന സമീപനരീതി ഈ മിഷൻ സങ്കൽപ്പത്തിനു പിന്നിലുണ്ട് എന്ന് മാർ ഗ്രിഗോറിയോസ് ചൂണ്ടിക്കാണിക്കുന്നു.

പൗരസ്ത്യപാരമ്പര്യങ്ങളെക്കുറിച്ചുള്ള പാശ്ചാത്യരുടെ അജ്ഞതയും ഈ മിഷനറി ഔദ്ധത്യവും ഇപ്പോഴും തുടരുന്നു എന്നതാണ് പാശ്ചാത്യ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാന ദൗർബല്യം എന്ന് ഗ്രിഗോറിയോസ് പറയുന്നു. പൗരസ്ത്യ പാരമ്പര്യം എന്നു പറയുമ്പോൾ പൗരസ്ത്യ ക്രിസ്തീയപാരമ്പര്യത്തെക്കുറിച്ച് മാത്രമല്ല അദ്ദേഹം ഉദ്ദേശിക്കുന്നത്. പൗരസ്ത്യദേശങ്ങളിലെ ഹൈന്ദവ ബൗദ്ധ ജൈന പാരമ്പര്യങ്ങളും മതേതരമായ ദാർശനിക പാരമ്പര്യങ്ങളും കൂടി അദ്ദേഹം കണക്കിലെടുക്കുന്നു. പാശ്ചാത്യരുടെ അജ്ഞതാവിലസിതമായ അജ്ഞതയുടെ തെളിവ് കാലം ചെയ്ത മാർപ്പാപ്പ ജോൺ പോൾ രണ്ടാമനുമായി 1979-ൽ നടന്ന ഒരു കൂടിക്കാഴ്ചയെ അനുസ്മരിച്ചുകൊണ്ട് ഗ്രിഗോറിയോസ് സമർഥിക്കുന്നു. കഴിഞ്ഞ സുമാർ 500 വർഷമായി പാശ്ചാത്യസഭകൾ സുവിശേഷവേല ഉത്സാഹപൂർവ്വം നടത്തുന്ന ഏഷ്യയിൽ എന്തുകൊണ്ടാണ് ഹൈന്ദവ ബൗദ്ധാദി പൗരാണികമതങ്ങളെ പിൻതള്ളി ക്രിസ്തുമതം മുന്നേറാത്തത് എന്നായിരുന്നു മാർപ്പാപ്പയോടുള്ള ഗ്രിഗോറിയോസിന്റെ ചോദ്യം. ക്രിസ്തീയ വേദശാസ്ത്രത്തിലെ ആശയങ്ങൾ വളരെ ഗഹനമാണെന്നും അത് ഏഷ്യക്കാർക്കും മറ്റുമൊന്നും മനസ്സിലാവുകയില്ല എന്നും ആയിരുന്നു മാർപ്പാപ്പയുടെ മറുപടി. ഒരു ഏഷ്യക്കാരനായ ഗ്രിഗോറിയോസിന് ഈ പ്രതികരണം അപമാനകരമായി എന്നതിനേക്കാൾ പ്രകോപനപരമായിട്ടാണ് അനുഭവപ്പെട്ടത്. എങ്കിലും സമചിത്തത കൈവിടാതെ ഗ്രിഗോറിയോസ് വീണ്ടും ഒരു ചോദ്യം കൂടി ഉന്നയിച്ചു.

"പരിശുദ്ധ പിതാവേ, ചൈനീസ് ഫിലോസഫിയെക്കുറിച്ചും ഇന്ത്യൻ ഫിലോസഫിയെക്കുറിച്ചും അവിടുന്ന് എന്തെങ്കിലും വായിച്ചിട്ടുണ്ടോ?" ഇല്ലായെന്ന് ഖണ്ഠിതമായ ഒരു വാക്കു മാത്രമായിരുന്നു ഉത്തരം.

വിവിധ ഭാഷാപണ്ഡിതനും ലോകത്തിന്റെ പല ഭാഗങ്ങളിലും മറ്റേതൊരു മാർപ്പാപ്പയേക്കാളും സഞ്ചരിച്ച് കാര്യങ്ങൾ ഗ്രഹിക്കാൻ ശ്രമിച്ചിട്ടുള്ള ആളുമായ ജോൺ പോൾ രണ്ടാമന്റെ ഈ മറുപടി ഗ്രിഗോറിയോസിനെ വിസ്മയിപ്പിക്കാതിരുന്നില്ല. മാർ ഗ്രിഗോറിയോസ് ഇപ്രകാരം പ്രതികരിച്ചു:

> പരിശുദ്ധ പിതാവേ, ചൈനീസ് ഫിലോസഫിയെക്കുറിച്ചും ഇന്ത്യൻ ഫിലോസഫിയെക്കുറിച്ചുമുള്ള വളരെ പരിമിതമായ അറിവിന്റെ പശ്ചാത്തലത്തിൽ പറയുകയാണ്. ഏഷ്യക്കാർക്ക് യൂറോപ്യരേക്കാൾ നന്നായി ചിന്തിക്കാൻ കഴിയും. നിങ്ങളുടെ ചിന്തകന്മാർ ഉയർത്തിയിട്ടുള്ള ചോദ്യങ്ങളിൽ മിക്കതും അതിനൊരു ആയിരം വർഷമെങ്കിലും മുമ്പ് ഏഷ്യയിലെ ചിന്തകന്മാർ ചിന്തിച്ചിട്ടും എഴുതിയിട്ടുമുള്ളതാണ്.

ഈ സങ്കുചിത വീക്ഷണം മതകാര്യങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല. മതേതരം എന്നു വിശേഷിപ്പിക്കാവുന്ന മറ്റു വിജ്ഞാനശാഖകളോടുള്ള വൈമുഖ്യവും അത്തരം വിജ്ഞാനങ്ങൾ പുണ്യഗ്രന്ഥങ്ങളിലെ ഏതെങ്കിലും പരാമർശങ്ങൾക്ക് വിരുദ്ധമാണെന്ന തോന്നലുണ്ടായാൽ അവയോടുള്ള അസഹിഷ്ണുതയും പാശ്ചാത്യസഭകളുടെ ചരിത്രത്തിലെ കറുത്ത ഏടുകളാണ്. ഗലീലിയോ, ബ്രൂണോ, ഡാർവിൻ തുടങ്ങിയവരുടെ സിദ്ധാന്തങ്ങളോട് സഭ പെരുമാറിയ രീതി കുപ്രസിദ്ധമാണ്. എന്നാൽ പൗരസ്ത്യ ക്രിസ്തുമതത്തിലോ ഹൈന്ദവ ബൗദ്ധ പാരമ്പര്യങ്ങളിലോ അന്ധവിശ്വാസങ്ങൾ ഉണ്ടായിരുന്നിരിക്കാം എങ്കിലും വ്യത്യസ്ത ശാസ്ത്രചിന്തകളോട് വൈരാഗ്യപൂർവ്വമായ ശത്രുത ഉണ്ടായിട്ടില്ല. ഇക്കാര്യത്തിലും വേദേതിരവും വേദപൂർവവും ആയ വിജ്ഞാനശാഖകളോട് നിസ്സയിലെ ഗ്രിഗറി പ്രകടിപ്പിച്ച ആദരവും ലോകോൽപ്പത്തിയെപ്പറ്റിയും ജീവിപരിണാമത്തെക്കുറിച്ചും അദ്ദേഹം വേദേതരം എന്നു പോലും വിശേഷിപ്പിക്കാവുന്ന വിധം ചെന്നെത്തിയ നിഗമനങ്ങളും നേരത്തേ പരാമർശിച്ചുവല്ലോ.

ഈ പശ്ചാത്തലത്തിലാണ് *മനുഷ്യദൈവം* എന്ന പുസ്തകത്തിൽ ഗ്രിഗോറിയോസ് ഇപ്രകാരം രേഖപ്പെടുത്തിയത്:

> പാശ്ചാത്യരാജ്യങ്ങളിൽ പരിശീലനം ലഭിച്ച ഒരു പൗരസ്ത്യ ക്രിസ്ത്യാനിയുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് ഞാൻ

സംസാരിക്കുന്നത്. ഈ പ്രസ്താവന തന്നെ ചില വൈരുധ്യങ്ങളിലേക്ക് നയിക്കുന്നു എന്ന് എന്റെ സുഹൃത്തുക്കൾക്ക് തോന്നിയാൽ അവരത് എനിക്ക് ചൂണ്ടിക്കാട്ടിത്തരണം. എന്നാൽ അതിലെ അടിസ്ഥാന ആശയങ്ങൾ ആധികാരികമായ ക്രിസ്തൃൻ പാരമ്പര്യത്തിൽപ്പെട്ടതാണെന്ന് പൗരസ്ത്യ ക്രിസ്ത്യാനികൾ കരുതിപ്പോരുന്നവയാണ്. അഗസ്റ്റിൻ, തോമസ് അക്വിനാസ്, കാൾ ബാർത്ത് എന്നിവരുടെയോ അതുപോലുള്ളവരുടെയോ ചിന്താധാരയെ പിൻപറ്റുന്നതല്ല എന്റെ കാഴ്ചപ്പാട്. കപ്പഡോക്കിയൻ പിതാക്കന്മാർ എന്നപേരിൽ അറിയപ്പെടുന്നവരുടെ അഭിപ്രായങ്ങളിലൂടെ അനേകനൂറ്റാണ്ടുകളായി രൂപപ്പെട്ടവയാണ് അവ. സിസേറിയയിലെ വിശുദ്ധ ബേസിൽ അദ്ദേഹത്തിന്റെ ഇളയ സഹോദരൻ നിസ്സയിലെ വിശുദ്ധ ഗ്രിഗറി അവരുടെ സുഹൃത്തും സഹകാരിയും ആയിരുന്ന നസിയാൻസെന്നിലെ വിശുദ്ധ ഗ്രിഗറി എന്നിവരാണ് ഈ മൂന്നുപേർ. ഇന്നത്തെ തുർക്കിയുടെ വടക്കു കിഴക്കൻ ഭാഗത്ത് ജീവിച്ചിരുന്ന മൂന്ന് ഏഷ്യക്കാരാണ് അവർ. അവർ അടിസ്ഥാനമിട്ട സിദ്ധാന്തങ്ങളെ തുടർന്നു വന്ന പൗരസ്ത്യ ക്രിസ്തീയ ചിന്തകർ വികസിപ്പിച്ചു. അവരിൽ ബൈസന്റൈൻകാരായ മാക്സിമസ് ദി കൺഫസറും ഗ്രിഗറി പലമാസും ഉൾപ്പെടുന്നു. കൂടാതെ സ്ലാവ് വംശജരായ ഫൊമിയാക്കോവും സോളോവീവും ഈ പാരമ്പര്യം തുടർന്നുവന്നവരാണ്. ഈ പാരമ്പര്യത്തിന്റെ അടിസ്ഥാനം ആധുനികയുഗത്തിന്റെ ആവശ്യങ്ങളുമായി പൊരുത്തപ്പെട്ട് ഇപ്പോഴും പര്യാപ്തമായി തുടരുന്നു. ഞാൻ പറയാൻ പോകുന്നത് ഈ പൗരസ്ത്യപാരമ്പര്യത്തോട് വളരെ കടപ്പെട്ടിരിക്കുന്നു.

ശാസ്ത്രവും സാങ്കേതികവിദ്യയും മാർക്സിസവും മറ്റും സംബന്ധിച്ച തന്റെ നിലപാടുകൾക്ക് ഗ്രിഗറിയോടുള്ള കടപ്പാടുകളും ആധുനിക വിശ്വദർശനത്തിലും ശാസ്ത്രത്തിലും അവയ്ക്കുള്ള സ്ഥാനത്തെയും മറ്റും വിവരിക്കുന്ന ഗ്രിഗോറിയോസിന്റെ സുപ്രധാന കൃതി അമേരിക്കയിൽ പ്രസിദ്ധീകരിച്ചതിന്റെ പേര് *സയൻസ് ഫോർ സെയിൻ സൊസൈറ്റി* (ന്യൂയോർക്ക് 1980) എന്നാണ്. സുബോധം കൈവിടാത്തത് എന്നോ ചിത്തഭ്രമം പിടിപെടാത്തത് എന്നോ സെയിൻ എന്നതിനെ വിവർത്തനം ചെയ്യാം. അങ്ങനെ ചിത്തഭ്രമം പിടിപെടാത്ത സമൂഹത്തിനു വേണ്ടിയുള്ള ശാസ്ത്രം എന്നർഥം. ശാസ്ത്രവുമായി ഇണക്കിച്ചേർക്കുമ്പോഴും ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും പേരിലുള്ള അത്യുക്തികളെയും അതുമൂലം സംഭവിക്കാ

വുന്ന സർവനാശക യുദ്ധങ്ങളെയും പരിസ്ഥിതി തകർച്ചയേയും ഗ്രിഗോറിയോസ് കണക്കിലെടുക്കുന്നു. അതുകൊണ്ടാണ് സമചിത്ത തയും സാമാന്യബോധവും കൈവിടാത്ത സമൂഹത്തിനുവേണ്ടിയുള്ള ശാസ്ത്രം എന്നദ്ദേഹം തിട്ടപ്പെടുത്തുന്നത്.

അഗസ്റ്റീനിയൻ അന്ധതകളും വളച്ചൊടിക്കലുകളും യൂറോപ്യൻ മധ്യയുഗത്തിലെ ശാസ്ത്രവിരുദ്ധ ഭ്രാന്തുകൾക്കും ശാസ്ത്ര ജ്ഞന്മാർക്കെതിരെയുള്ള പീഡനമുറകൾക്കും വഴിയൊരുക്കിയപ്പോൾ ഗ്രിഗറിയുടെ സിദ്ധാന്തങ്ങൾ എങ്ങനെ വിപരീത ദിശയിൽ ചരിച്ചു എന്ന് ഗ്രിഗോറിയോസ് വ്യക്തമാക്കുന്നു.

വിശ്വമാനവൻ, വിശ്വവിജ്ഞാനം

പെലേഗിയാനിസം, പ്ലേറ്റോണിസം, ഒറിഗനിസം തുടങ്ങി പടിഞ്ഞാറൻ അഗസ്റ്റിൻ പക്ഷക്കാർ ഗ്രിഗറിക്കെതിരെ ഉന്നയിച്ച ആരോപണങ്ങളെ ദുരാരോപണങ്ങൾ എന്നു ഗിഗോറിയോസ് മേൽ ചേർത്ത ഉദ്ധരണിയിൽ വിശേഷിപ്പിച്ചുവെങ്കിലും ഈ ആരോപണങ്ങളിൽ സത്യത്തിന്റെ അംശങ്ങൾ ഉണ്ട് എന്ന് അദ്ദേഹത്തിന്റെതന്നെ വിശദീകരണം വ്യക്തമാക്കുന്നു. എല്ലാ മൗലിക ചിന്തകർക്കും എന്നപോലെ പൂർവസൂരികളോടും വിവിധ സമകാലിക ചിന്തകരോടും ഗ്രിഗറിക്കു കടപ്പാടുണ്ടായിരുന്നു എന്നല്ലാതെ അതുകൊണ്ട് അദ്ദേഹത്തിന്റെ അത്യന്തം മൗലികമായ നിലപാടുകൾക്ക് ഊനം തട്ടുന്നില്ലെന്നേ ഗ്രിഗോറിയോസ് അർഥമാക്കുന്നുള്ളു.

ചിന്തയിലും പഠനത്തിലും ഗ്രിഗറി തുറന്ന മനോഭാവമാണ് പുലർത്തിയിരുന്നത്. സകല വിജ്ഞാനവും വേദപുസ്തകത്തിലോ ഖുറാനിലോ ഭഗവദ്ഗീതയിലോ സെൻഡ് അവസ്ഥയിലോ ഗുരുഗ്രന്ഥ സാഹിബിലോ ഉണ്ട് എന്നും അതിനപ്പുറം വിജ്ഞാനമൊന്നും ഉണ്ടായിട്ടില്ലെന്നും ഉണ്ടാകാനിടയില്ലെന്നും മറ്റുമുള്ള മതമൗലികതാ (ഫണ്ടമെന്റലിസ്റ്റ്) ശൈലി ഗ്രിഗറിക്ക് അന്യമായിരുന്നു. മതഗ്രന്ഥങ്ങളെ (സ്ക്രിപ്ചർ) മാത്രം ആശ്രയിച്ചല്ല യഥാർഥ വിശ്വാസികൾ വിജ്ഞാനം സ്വായത്തമാക്കേണ്ടത് എന്ന് വാദിക്കുകയും സ്വന്ത ജീവിതംകൊണ്ട് ഉദാഹരിക്കുകയും ചെയ്ത ഗ്രിഗറി മതനിരപേക്ഷ (സെക്കുലർ) വിജ്ഞാനത്തെയും ഗ്രന്ഥങ്ങളെയും വിലമതിച്ചിരുന്നു. പ്രത്യേകിച്ച് അക്കാലത്തെ പ്രകൃതിശാസ്ത്ര വിജ്ഞാനമാകെ തന്റെ ദൈവശാസ്ത്ര ചിന്തകൾക്കായി അദ്ദേഹം ഉപയോഗപ്പെടുത്തി.

ബാല്യംതൊട്ടേ തന്റെ മാതാവ് വിശുദ്ധ മോണിക്കയിൽനിന്നും സഹോദരൻ വിശുദ്ധ ബേസിലിൽനിന്നും മറ്റും പാരമ്പര്യമായിത്തന്നെ പകർന്നുകിട്ടിയ ഈശ്വരവിശ്വാസം ഗ്രിഗറിയുടെ ആജീവ

നാന്ത മൂലധനമായിരുന്നു എങ്കിലും അറിവിനും അധ്യാപനത്തിനുമായി ജീവിതം ഉഴിഞ്ഞുവെക്കാൻ ആഗ്രഹിച്ച ഗ്രിഗറി പുരോഹിതവൃത്തി കാംക്ഷിച്ചിരുന്നില്ല. അങ്ങനെ ഒരു സെക്കുലർ തൊഴിലിൽ ഏർപ്പെട്ട് തന്റെ പഠന-ഗവേഷണങ്ങൾ തുടരാൻ തീരുമാനിച്ച് വിവാഹവും കഴിച്ചു.

കുടുംബസുഹൃത്തും നസിയാൻസെന്നിലെ ബിഷപ്പും ആയിരുന്ന തലമുതിർന്ന ഗ്രിഗറിയുടെ സ്വാധീനവും സമ്മർദ്ദവുമാണ് ഇളം തലമുറക്കാരനായ നിസ്സയിലെ ഗ്രിഗറിയെ മെത്രാൻ പദം സ്വീകരിക്കാൻ ഇടയാക്കിയത്. മെത്രാൻ സ്ഥാനം വഹിക്കുമ്പോഴും വിശ്വാസലക്ഷ്യങ്ങളിലെന്നപോലെ ജീവിതചര്യയിലും മതമൗലികതയുടെയോ സങ്കുചിതത്വത്തിന്റെയോ നിഴൽ വീഴാതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. ക്രിസ്താനികൾ പാഗൻ എന്ന് ആക്ഷേപിക്കുന്ന ചിന്താധാരകളും ഗ്രിഗറി അസ്പൃശ്യമായി കരുതിയില്ല. ജീവശാസ്ത്രം, ശരീരശാസ്ത്രം, വൈദ്യശാസ്ത്രം, ക്ഷേത്രഗണിതം, പാഗൻ ദർശനം തുടങ്ങി കൈയെത്തുന്ന മേഖലകളൊക്കെയും എത്തിപ്പിടിച്ച് അവയുടെ സാരാംശംകൂടി സ്വാംശീകരിച്ചാണ് ഗ്രിഗറി തന്റെ ദൈവശാസ്ത്രവും ലോകവീക്ഷണവും രൂപപ്പെടുത്തിയത്. തീർച്ചയായും പൗലോസ് മാർ ഗ്രിഗോറിയോസിനെപ്പോലുള്ള ഒരു ദൈവശാസ്ത്രജ്ഞൻ ഗ്രിഗറിയെ തന്റെ ആരാധനാപാത്രമായി അംഗീകരിച്ചതിൽ അത്ഭുതമില്ല. അറിവ് ഏത് ഉറവിടത്തിൽ നിന്നായാലും ഗ്രിഗറിക്കെന്നപോലെ ഗ്രിഗോറിയോസിനും സ്വീകാര്യമായിരുന്നു.

ഡാർവിനും എംഗൽസും

ഗ്രിഗറിയുടെ പ്രധാന കൃതികളിലൊന്ന് *മേക്കിങ് ഓഫ് മാൻ* ആണ്. മനുഷ്യന്റെ നിർമ്മിതി എന്നോ മനുഷ്യസൃഷ്ടിയുടെ ഘടകങ്ങളെന്നോ വിവർത്തനം ചെയ്യാം.

*ബൈബിളി*ലെ പ്രഥമ ഗ്രന്ഥമായ ഉൽപ്പത്തി പുസ്തകത്തെ മുൻനിർത്തിയുള്ള അന്വേഷണവും വ്യാഖ്യാനവുമാണ് ഈ പുസ്തകം. യഹോവ മനുഷ്യനെ മണ്ണുകൊണ്ട് സ്വന്തം രൂപത്തിൽ സൃഷ്ടിച്ച് ജീവശ്വാസം ഊതിക്കൊടുത്ത് ആദാമിനെ ആദ്യവും ആദാമിന്റെ വാരിയെല്ല് എടുത്ത് ഹൗവ്വയെയും സൃഷ്ടിച്ചു എന്നാണല്ലോ വേദപുസ്തകം പറയുന്നത്. ആറു ദിവസം നീണ്ട ഈ സൃഷ്ടി പ്രക്രിയയിൽ അവസാനത്തെ ദിവസത്തെ അവസാനത്തെ ഇനമായിരുന്നു ആദവും ഹൗവ്വയും. ഇങ്ങനെ ദൈവത്തിന്റെ രൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ച ദൈവം മനുഷ്യനെ ഒരു താഴ്ന്നതരം കീഴാളനോ ആജന്മ പാപിയോ ആയിട്ടല്ല സങ്കല്പിച്ചത്. ദൈവം സ്വതന്ത്രനായിരുന്നു

എന്നതുപോലെത്തന്നെ ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യനും സ്വതന്ത്രനാണെന്ന് ഗ്രിഗറി വാദിക്കുന്നു. ഈ കാഴ്ചപ്പാടാണ് **സ്വതന്ത്രനായ ദൈവം, സ്വതന്ത്രനായ മനുഷ്യൻ** എന്ന ഗ്രിഗോറിയോസിന്റെ പ്രമേയത്തിന് അടിസ്ഥാനം.

ഗ്രിഗോറിയോസ് എഴുതുന്നു:

> മനുഷ്യന്റെ പാപിഷ്ഠതയും ദൈവികപരമാധികാരവും എന്ന സംവർഗങ്ങളെ അടിസ്ഥാനപ്പെടുത്തി കാര്യങ്ങൾ കണ്ട അഗസ്റ്റിൻ ദൈവവും മനുഷ്യനും തമ്മിലുള്ള വലിയ വിടവിനെ ഊന്നിപ്പറഞ്ഞു. എന്നാൽ നേരെമറിച്ച് ഗ്രിഗറിയാകട്ടെ സർവപ്രതിഭാസത്തിന്റെയും കേന്ദ്രബിന്ദുവായി മനുഷ്യസ്വാതന്ത്ര്യത്തെ കണ്ടു. അതുകൊണ്ട് ആ സ്വാതന്ത്ര്യത്തെ തന്നെ ദൈവത്തിന്റെ സത്തയായും കണ്ടു. അങ്ങനെ ദൈവത്തെയും മനുഷ്യനെയും ബന്ധിപ്പിക്കുന്ന പൊതുമേഖലയെ അദ്ദേഹം കണ്ടെത്തി. അഗസ്റ്റിന്റെ പടിഞ്ഞാറൻ ലോകത്ത് ദൈവവും മനുഷ്യനും പ്രകൃത്യാ വിപരീതകോണുകളിലാണ്. എന്നാൽ ഗ്രിഗറിയുടെ കിഴക്കൻ ലോകത്ത് ദൈവവും മനുഷ്യനും പ്രകൃത്യാ ഏകദിശയിലാണ്.

മനുഷ്യന്റെ സ്വാതന്ത്ര്യത്തെ സമർഥിക്കാൻ ദൈവത്തിന്റെ സ്വാതന്ത്ര്യത്തെക്കൂടി അംഗീകരിക്കാതെ സാധ്യമല്ല. ദൈവം തന്റെ രൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചപ്പോൾ തന്റെ സത്തയുടെ അനിവാര്യഘടകമായ സ്വാതന്ത്ര്യം ദൈവം തന്റെ സൃഷ്ടിക്ക് കൽപ്പിച്ചു. അതുകൊണ്ട് പാപകൃത്യത്തിന്റെയായാലും പുണ്യകർമ്മത്തിന്റെയായാലും ഉത്തരവാദിത്വം തികച്ചും മനുഷ്യനിൽ നിക്ഷിപ്തമാണ്. അഗസ്റ്റിന്റെ മൂലപാപസിദ്ധാന്ത പ്രകാരം മനുഷ്യന്റെ പാപം അവന്റെ കർമ്മത്തിന്റെ ഫലമല്ല ജന്മത്തിലെ അനിവാര്യതയാണ്. മനുഷ്യൻ തന്റെ പൂർവികർ ചെയ്ത പാപത്തിന്റെ ഫലം അനുഭവിക്കാൻ വിധിക്കപ്പെട്ടിരിക്കുകയാണ് എന്നാണ് അഗസ്റ്റിന്റെ മൂഠപാവ സിദ്ധാന്തപ്രകാരം.

മനുഷ്യന്റെ ഉന്നതാവസ്ഥയിലേക്കുള്ള ഈ പുരോഗതിയെ മനുഷ്യശരീരത്തിന്റെയും മനസ്സിന്റേയും ക്രമീകൃതമായ പരിണാമത്തിന്റെ ഫലമായി ഗ്രിഗറി കാണുമ്പോൾ 1500 വർഷത്തിനു ശേഷം പിറന്ന പരിണാമസിദ്ധാന്തത്തെ അദ്ദേഹം അനുസ്മരിപ്പിക്കുന്നു. മനുഷ്യൻ മറ്റു മൃഗങ്ങളിൽ നിന്ന് വ്യത്യസ്തനായി നിവർന്നു നിൽക്കാനും രണ്ടു കൈകൾ നടപ്പിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് വിമുക്തമായി തോളിൽ നിന്നും സ്വതന്ത്രമായും തൂങ്ങിക്കിടക്കുന്നതിനെ

യും ഗ്രിഗറി വിശദമായി ചർച്ച ചെയ്തു. ഈ കൈകളുടെ സ്വാത ന്ത്ര്യവും പ്രവർത്തനക്ഷമതയും മനുഷ്യപുരോഗതിയിൽ മാത്രമല്ല മനുഷ്യന്റെ മസ്തിഷ്ക പ്രവർത്തനത്തിലും മേന്മപകരുന്നു എന്ന് അദ്ദേഹം പറയുമ്പോൾ ഡാർവിന്റെ സമകാലികനായിരുന്ന ഫെഡറിക് എംഗൽസിന്റെ നിഗമനങ്ങൾ ഓർക്കാതിരിക്കാൻ വയ്യ. വാനരനിൽ നിന്ന് നരനിലേക്കുള്ള പരിണാമത്തിലും തലച്ചോറിന്റെ വികാസത്തിലും കൈകൾ വഹിച്ച പങ്കിനെക്കുറിച്ചും കൈകളും തല ച്ചോറും തമ്മിലുള്ള പരസ്പരസഹകരണത്തെയും പ്രതിപ്രവർത്തന ങ്ങളെയും കുറിച്ചും എംഗൽസ് എഴുതിയിട്ടുണ്ട്. ഡാർവിന്റെ പരിണാമ സിദ്ധാന്തവും മറ്റു കണ്ടെത്തലുകളും എംഗൽസിനെ ഈ വഴിക്ക് ചിന്തിക്കാൻ പ്രേരിപ്പിച്ചു. എന്നാൽ പരിണാമസിദ്ധാന്തം രൂപംകൊള്ളു ന്നതിന് ഒന്നരസഹസ്രാബ്ദത്തിന് മുമ്പ് തന്നെ കയ്യും തലച്ചോറും മാനവികവ്യക്തിത്വവും തമ്മിലുള്ള പരസ്പര ബന്ധത്തെ കണ്ടറിഞ്ഞ ഗ്രിഗറിയുടെ ഉൾക്കാഴ്ച അത്ഭുതം തന്നെ. ●

അധ്യായം 20

ഗ്രിഗറിയുടെ കരുത്തും പരിമിതിയും ഗ്രിഗോറിയോസിലും

ക്രിസ്തുവിന് ശേഷം അഞ്ചാംനൂറ്റാണ്ടിൽ ജീവിച്ച ഗ്രിഗറിയുടെ കൃതികളിൽ 19-ാം നൂറ്റാണ്ടിലെ ഡാർവിന്റെയും എംഗൽസിന്റെയും പരിണാമസിദ്ധാന്തത്തിന്റെയും കൈകളും തലച്ചോറും സംബന്ധിച്ച ബന്ധത്തിന്റെയും പ്രാഗ്രൂപങ്ങൾ പ്രതിഫലിച്ചിരുന്നു എന്ന് നാം കണ്ടല്ലോ. ഇതുൾപ്പെടെ ജീവശാസ്ത്രം വൈദ്യശാസ്ത്രം, നക്ഷത്രവിജ്ഞാനീയം, ഗണിതം തുടങ്ങി മതനിരപേക്ഷവും പാഗൻ പാരമ്പര്യത്തിലുള്ളതുമായ എല്ലാ വിജ്ഞാനശാഖകളിലും ഗ്രിഗറി അവഗാഹം നേടിയിരുന്നു. മതമൗലികതാവാദികൾ ചെയ്യാറുള്ളതുപോലെ ഈ വിജ്ഞാനശാഖകളിലെ ഉൾക്കാഴ്ചകളെ വേദപുസ്തകത്തിന്റെ വെളിച്ചത്തിൽ കാണാനും വ്യാഖ്യാനിക്കാനും മുതിരാതെ വേദപുസ്തക ജ്ഞാനങ്ങളെ പ്രകൃതി വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കാൻ ഗ്രിഗറി മടിച്ചില്ല. ഗ്രിഗറിയുടെ വിശാലവും ഉദാരവുമായ ഈ മതനിരപേക്ഷവിജ്ഞാന തൃഷ്ണ പൗലോസ് മാർ ഗ്രിഗോറിയോസിന്റ പഠനഗവേഷണ ശൈലിയെ ഗണ്യമാം വിധം സ്വാധീനിച്ചിരുന്നു.

ഗ്രിഗറിയുടെ കൃതികളുടെ ലക്ഷ്യവും ഗ്രിഗോറിയോസിന്റെ ലക്ഷ്യവും പൊരുത്തപ്പെട്ടു. ഗ്രിഗോറിയസ് പറയുന്നു:

രണ്ടുതരം വായനക്കാരെ ലക്ഷ്യമാക്കിയാണ് വിശുദ്ധ ഗ്രിഗറി തന്റെ കൃതികൾ രചിച്ചത്. ഒരു കൂട്ടർ അക്ഷരാഭ്യാസമുള്ള സാധാരണ ജനങ്ങൾ . മറ്റേക്കൂട്ടർ ദാർശനിക പരിശീലനം ലഭിച്ച വരേണ്യവിഭാഗം. ഈ അവസാനം പറഞ്ഞ വിഭാഗങ്ങൾക്കു വേണ്ടിയാണ് അദ്ദേഹം തന്റെ ഹ്രസ്വമെങ്കിലും അത്യന്തം ഗഹനമായ *ആത്മാവിനേയും പുനരുദ്ധാനത്തെയുംകുറിച്ച്* എന്നതും *മനുഷ്യന്റെ ഘടനാ നിർമ്മിതി* എന്നതും എഴുതിയത്. അൽപ്പംകൂടെ നീണ്ടകൃതിയായ *മോശയുടെ ജീവിതചരിത്രവും* അതുപോലെത്തന്നെ ദാർശനിക കൃതിയാണ്. ഈ മൂന്നു കൃതികളിലാണ് ഗ്രിഗറി തന്റെ ഏറ്റവും മൗലികവും കൂടുതൽ ധീരവുമായ ചിന്തകൾ അനാവരണം ചെയ്യുന്നത്. ഇത്തരം ധീരവും ആപത്കരവും ആയ ആശയങ്ങൾ സാധാരണ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച് അവരെ ക്ഷോഭിപ്പിക്കുന്ന കാര്യത്തിൽ ഗ്രിഗറിക്ക് ഭയപ്പാടുണ്ടായിരുന്നു എന്നു തോന്നുന്നു. എന്നാൽ, പ്രകൃതിശാസ്ത്രത്തെ ഇപ്രകാരം ധീരമായി അംഗീകരിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുമ്പോൾ തന്നെ ആ ശാസ്ത്രത്തിന്റെ ആത്യന്തികമായ പരിമിതിയെപ്പറ്റി അദ്ദേഹം ബോധവാനായിരുന്നു. പ്രപഞ്ചത്തിന്റെ ചില നിഗൂഢതലങ്ങളിൽ പ്രവേശിച്ച് എല്ലാ രഹസ്യങ്ങളും കണ്ടുപിടിക്കുന്ന കാര്യത്തിൽ മനുഷ്യമനസ്സിന് ചില പരിമിതികൾ ഉണ്ടായിരുന്നുവെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ടായിരുന്നു. ഈ പരിമിതികളെ കുറിച്ചുള്ള ധാരണയാകാം തന്റെ ചിന്തകൾ യുക്തിയുക്തമായ അതിന്റെ ആത്യന്തിക നിഗമനങ്ങളിലേക്ക് എത്തിക്കുന്നതിൽ അദ്ദേഹത്തെ വിമുഖനാക്കിയത്.

ധീരതയും അധീരതയും

ഗ്രിഗറിയുടെ ചിന്തയെക്കുറിച്ച് ഗ്രിഗോറിയോസ് ചൂണ്ടിക്കാട്ടുന്ന പരിമിതിയും ധീരചിന്തകനായ അദ്ദേഹത്തിൽ ചിലപ്പോൾ പ്രകടമാകുന്നുവെന്ന് ഗ്രിഗോറിയോസ് പറയുന്ന അധീരതയും ഗ്രിഗോറിയോസിൽ തന്നെ പ്രകടമാകുന്നില്ലേ എന്ന് ഈ ലേഖകനെപ്പോലുള്ള ആരാധകർക്കുപോലും സംശയം ഉണ്ട്. ഗ്രിഗോറിയോസിന്റെ ആദ്യകാലകൃതികളിലെ ധീരമായ നിഗമനങ്ങളിലും നിലവിലുള്ള സംഘടിതസഭാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിഗമനങ്ങളിലും ഗ്രിഗോറിയോസിന്റെ ഈ അറച്ചുനിൽക്കൽ വ്യക്തമാകുന്നില്ലേ? ഉദാഹരണത്തിന് എകെജി പഠനഗവേഷണ കേന്ദ്രം

കോഴിക്കോട്ട് സംഘടിപ്പിച്ച സെമിനാറിൽ അദ്ദേഹം നടത്തിയ ഉദ്ഘാടന പ്രഭാഷണം തന്നെ എടുക്കുക. ഒരു പക്ഷേ, മാർക്സിസ്റ്റുകാരും ഉറച്ച മതനിരപേക്ഷതാ വാദികളും പുരോഗമനാശയക്കാരും പങ്കെടുക്കുന്ന ഒരു കൂട്ടായ്മ ആയതുകൊണ്ടാകാം അദ്ദേഹമൂന്നിയത് മതനിരപേക്ഷതാ വാദത്തിന്റെ പരിമിതികളിൽ മാത്രമാണ്. പിന്നീട് അതേക്കുറിച്ച് ഇ എം എസ്സും ഈ ലേഖകനും എൻ വി പി ഉണിത്തിരി, എൻ എ കരീം തുടങ്ങിയവരും ചേർന്ന് ഗ്രിഗോറിയോസിന്റെ പ്രഭാഷണത്തെക്കുറിച്ച് *ചിന്ത* വാരികയിൽ വിവാദം നടത്തിയപ്പോഴും സംഘടിതമതങ്ങളുടെ പോരായ്മകളെക്കുറിച്ചോ അപഥ സഞ്ചാരത്തെക്കുറിച്ചോ കുത്തിക്കുത്തിചോദിച്ചിട്ടും അദ്ദേഹം മറുപടി നൽകിയില്ല. മതനിരപേക്ഷതാ സിദ്ധാന്തത്തിന്റെ പോരായ്മകൾ മാത്രമേ അദ്ദേഹം ശ്രദ്ധിച്ചതായി കണ്ടുള്ളൂ.

അതുപോലെത്തന്നെ യൂറോപ്യൻ നവോത്ഥാനത്തെക്കുറിച്ചുള്ള ഗ്രിഗോറിയോസിന്റെ വിമർശനങ്ങളിലും പതിനെട്ടാം നൂറ്റാണ്ടിലെ യൂറോപ്യൻ പ്രബുദ്ധതയെക്കുറിച്ചുള്ള ഖണ്ഡനങ്ങളിലും ചരിത്രപരമായി ഈ പ്രസ്ഥാനങ്ങൾ നിർവഹിച്ച ധർമ്മം ഗ്രിഗോറിയോസ് പൂർണമായി അംഗീകരിക്കുന്നതായി തോന്നുന്നില്ല. (*ദി എൻലൈറ്റൻമെന്റ് ഇൻ ഈസ്റ്റ് ആന്റ് വെസ്റ്റ്*, 1989)

പടിഞ്ഞാറൻ പ്രബുദ്ധത

പടിഞ്ഞാറൻ നവോത്ഥാനത്തെയും പ്രബുദ്ധതയെയും പൗരസ്ത്യപാരമ്പര്യത്തിന്റെ പേരിൽ വിമർശിക്കുക മാത്രം ചെയ്യുമ്പോൾ അത്തരം വാദങ്ങൾ ഹൈന്ദവ-മുസ്ലീം പുനരുജ്ജീവനവാദികളുടേതിനോട് സമാനമായി തീരുന്നില്ലേ എന്നു സംശയം. ആധുനികോത്തരതയുടെ ഭാഷയിൽ ശാസ്ത്രവിരോധ ചിന്താഗതികൾ പ്രചരിപ്പിക്കുന്ന അശീസ് നന്ദി, ക്ലോഡ് അൽവാരസ് തുടങ്ങിയവരും യൂറോപ്യൻ നവോത്ഥാനത്തിന്റെ വിമർശനവുമായിട്ടാണ് തങ്ങളുടെ ശാസ്ത്രവിരുദ്ധദൗത്യം നിർവഹിക്കുന്നത്. യൂറോപ്യൻ വൈജ്ഞാനിക വിപ്ലവത്തിന്റെയും പ്രബുദ്ധതായുഗ യുക്തിവാദത്തിന്റെയും ആധുനിക വിമർശകരായ തോമസ് കുനിന്റെ *വൈജ്ഞാനിക* വിപ്ലവത്തിന്റെ ഘടന ഫെയറബെന്റിന്റെ രീതിശാസ്ത്രത്തിനെതിരെ (എഗൻസ്റ്റ് മെത്തേഡ്) ഫ്രിഡ്ജത് ഒഫ് കാപ്രയുടെ *ടാവോ ഒരു ഫിസിക്സ്* തുടങ്ങിയ കൃതികളിലെ വാദമുഖങ്ങളോടുള്ള ഗ്രിഗോറിയോസിന്റെ പിൽക്കാല ആഭിമുഖ്യം ശാസ്ത്ര വിജ്ഞാനവിരുദ്ധ ഗൂഢാത്മകതയിലേക്ക് വഴിതെളിക്കുന്നു എന്ന് വിമർശകർക്ക് തോന്നാം.

ആദികാല സഭാപിതാക്കളുടെ സംഭാവനകളെ വിലയിരുത്തുന്ന

തോമസ് പി താഫ് (*റൈറ്റിങ്ങ്സ് ഓഫ് ഏർളി ചർച്ച് ഫാദേഴ്സ്*-1966) ഗ്രിഗറിയുടെ ഗണ്യമായ സംഭാവനകളെയും ഉദാരമായ കാഴ്ചപ്പാടിനെയും പ്രകീർത്തിക്കുമ്പോഴും ഗ്രിഗോറിയോസ് ചില അവ്യക്തതകളിലേക്ക് വിരൽചൂണ്ടുന്നുണ്ട്. ഈ അവ്യക്തതകൾ ഒരിക്കലും അറിവില്ലായ്മയുടെ ഫലമായിരുന്നില്ല. സഭാപ്രവർത്തനത്തിൽ ആവശ്യമായ വിട്ടുവീഴ്ചാമനോഭാവത്തിന്റെയും നയചാതുരിയുടെയും ഫലമായിരിക്കാനേ വഴിയുള്ളു.

പൗലോസ് മാർ ഗ്രിഗോറിയോസിന്റെ കാര്യത്തിലും ഇത്തരം വിട്ടുവീഴ്ചകളും വീണ്ടുവിചാരങ്ങളും ഉണ്ടായിരിക്കുന്നില്ലേ എന്ന് സംശയിക്കേണ്ടതുണ്ട്. ക്ഷോഭത്തോടുകൂടിയുള്ള രാജിവെച്ചു പിരിയലുകളും പിന്നീട് രാജി പിൻവലിച്ച് ഒത്തുപോകലുകളും അദ്ദേഹത്തിന്റെ പൗരോഹിത്യ ഭരണജീവിതത്തിൽ ഉണ്ടായിട്ടുള്ളതും ഓർക്കുക. രാജിവെക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച പ്രശ്നങ്ങളൊക്കെ സഭയിൽ പരിഹരിക്കപ്പെട്ടതിന് ശേഷമാണ് അദ്ദേഹം വീണ്ടുവിചാരം നടത്തി തിരിച്ചുചെന്നതെന്ന് കരുതുക സാഹസമായിരിക്കും. ഏതായാലും ഈ വിധത്തിലുള്ള നിലപാടുകളും പൗലോസ് മാർ ഗ്രിഗോറിയോസിന് ലഭിച്ചത്, തന്റെ പൂർവകാല ഗുരുഭൂതനായ വിശുദ്ധ ഗ്രിഗറിയിൽ നിന്നുതന്നെയായിരിക്കണമെന്ന് മഹാനായ ആ ഇതിഹാസപുരുഷന്റെ ചരിത്രവും സംഭാവനകളും വായിക്കുന്നവർക്ക് സംശയം തോന്നാം. ●

അധ്യായം 21

ബ്രഹ്മസങ്കൽപ്പവും ദൈവസങ്കൽപ്പവും

പാശ്ചാത്യ ദൈവസങ്കൽപ്പത്തിൽ നിന്നും വ്യത്യസ്തമാണ് പൗലോസ് മാർ ഗ്രിഗോറിയോസിന്റേത് എന്ന് തൊട്ടു മുമ്പത്തെ മൂന്ന് അധ്യായങ്ങളിൽ നിന്ന് വ്യക്തമാകുന്നുണ്ടല്ലോ. മാർ ഗ്രിഗോറിയോസിന്റെ ദൈവസങ്കൽപ്പം സെയിന്റ് അഗസ്റ്റിൻ അഥവാ അഗസ്തിനോസ് പുണ്യവാളൻ ആവിഷ്കരിച്ച സിദ്ധാന്തങ്ങളിൽ നിന്ന് വ്യത്യസ്തമായി സീസേറിയയിലെ ബേസിൽ, നിസ്സയിലെ ഗ്രിഗറി, നസിയാൻസെന്നിലെ ഗ്രിഗറി എന്നീ കപ്പഡോക്യൻ ആദിപിതാക്കൾ പ്രതിനിധാനം ചെയ്യുന്ന ഏഷ്യൻ ദൈവസങ്കൽപ്പങ്ങളിൽ അധിഷ്ഠിതമാണെന്നും ഞാൻ കണ്ടു. ഇത്രമാത്രം പറഞ്ഞാൽ പോരാ. പതിനെട്ടാം അധ്യായത്തിൽ ചൂണ്ടിക്കാണിച്ചതു പോലെ ഭാരതീയ ചിന്തയും ഗ്രിഗോറിയോസിനെ സ്വാധീനിച്ചിട്ടുണ്ട് എന്നു കണ്ടാലേ ചിത്രം പൂർത്തിയാവുകയുള്ളൂ. മാർ ഗ്രിഗോറിയോസിന്റെ ദൈവത്തെക്കുറിച്ചുള്ള സങ്കൽപ്പം പരബ്രഹ്മത്തെക്കുറിച്ച് ഉപനിഷത്തുകളും അദ്വൈത വേദാന്ത ചിന്തയും ആവിഷ്കരിക്കുന്ന സങ്കൽപ്പനങ്ങളോട് വളരെയേറെ ഒത്തുപോകുന്നു. മാർ ഗ്രിഗോറിയോസ് തന്റെ "ടെസ്റ്റമെന്റ്" അഥവാ അന്ത്യശാസനം എന്ന പേരിൽ എഴുതിവെച്ചിരുന്ന രേഖയിൽ ദൈവത്തെക്കുറിച്ച് പറയുന്നത് ഭാരതീയ പരബ്രഹ്മസങ്കൽപ്പവും തമ്മിൽ താരതമ്യപ്പെടുത്തുന്നത് വിജ്ഞാനപ്രദമാണ്:

> "ഈ ദൈവം ആരാണ്, അവനെ എവിടെ കണ്ടെത്താം" എന്നു ചോദിച്ചാൽ, ദൈവത്തെ അറിയാനിടവന്നിട്ടുള്ള മറ്റു മനുഷ്യ

രെപ്പോലെ എനിക്കും ഇത്രമാത്രമേ പറയാനാവൂ: നമ്മുടെ ധാരണകളിലൂടെ അവനെ മനസിലാക്കാനോ നമ്മുടെ പദങ്ങൾ കൊണ്ട് അവനെ നിർവചിക്കാനോ ഒരു മാർഗവുമില്ല. നിഷേധാത്മകമായോ രൂപകാലങ്കാര ഭാഷയിലോ അനേകം കാര്യങ്ങൾ അവനെപ്പറ്റി പറയാൻ നമുക്ക് കഴിഞ്ഞേക്കും. അവനു രൂപമില്ല, ശരീരവുമില്ല. അവന് ആദിയും അന്തവുമില്ല. അവനു പരിമിതിയില്ല, വിപുലീകരണവുമില്ല - ശൂന്യാകാശത്തിലുമില്ല, കാലത്തിലുമില്ല. അവൻ അല്ലാത്ത ഏതിലേക്കോ വളരുകയോ, അല്ലാത്ത എന്തോ ആയിത്തീരുകയോ ആവശ്യമില്ല. അക്കാരണത്താൽ അവനു മാറ്റമോ ചലനമോ ഇല്ല. മറ്റെന്തിനെയെങ്കിലും ആശ്രയിക്കുന്നില്ല. മറ്റെന്തിൽ നിന്നെങ്കിലും ഉദ്ഭവിക്കുന്നതുമല്ല. മറ്റുള്ളതെല്ലാം അവനിൽ നിന്ന് ഉദ്ഭവിക്കുന്നു. അവനെ ആശ്രയിച്ചു കഴിയുന്നു. ആര്, എവിടെ എന്നീ ചോദ്യങ്ങൾ അനശ്വരനും അനാദ്യന്തനും അപരിമേയനുമായവന്റെ കാര്യത്തിൽ ഔചിത്യപൂർവമല്ല. അവൻ സന്നിഹിതനല്ലാത്ത സ്ഥലം ശൂന്യമായിരിക്കും.

ദൈവത്തെ സൂചിപ്പിക്കാൻ പുല്ലിംഗ സർവനാമം ഉപയോഗിക്കുന്നതിൽ ഞാൻ സന്തുഷ്ടനല്ല. ദൈവം പുരുഷനല്ല. എന്നാൽ സ്ത്രീലിംഗ സർവനാമം ഉപയോഗിക്കുന്നതുകൊണ്ട് പ്രശ്നം പരിഹൃതമാകുന്നില്ല. കാരണം, അവൻ പുരുഷനുമല്ല, സ്ത്രീയുമല്ല. നപുംസകവുമല്ല. സ്രഷ്ടാവിന് ലിംഗഭേദമില്ല. ലിംഗഭേദം സൃഷ്ടിയുടെ മാത്രം ലക്ഷണമാണ്. അവൻ, അവൻ ആയിരിക്കുന്നവനാണ്. എക്കാലത്തും ആയിരിക്കുന്നവനാണ്. മഹാനായ ദൈവം, എന്റെ മനുഷ്യഭാഷ അവനെ പരാമർശിക്കാൻ സമുചിതമായ ഒരു സർവനാമം എനിക്കു നൽകുന്നില്ല. അവൻ എന്ന പദം ഞാൻ തുടർന്ന് ഉപയോഗിച്ചുകൊണ്ടിരിക്കും. അവൻ പുരുഷനാണെന്ന് അതിനർഥമില്ല. (പുറം 183, *സ്നേഹത്തിന്റെ സ്വാതന്ത്ര്യം*)

ഇതിൽ ദൈവത്തെ "അവർ" എന്ന് സംബോധന ചെയ്യുന്നതിലെ അനൗചിത്യവും ഭാഷയുടെ പരിമിതി മൂലമുള്ള അനിവാര്യതയും ഒഴിച്ചാൽ ഒന്നാം ഖണ്ഡികയിലെ ആശയങ്ങൾ ഭാരതീയ ചിന്തയിൽ പലയിടങ്ങളിലും ആവർത്തിച്ചിട്ടുള്ളത് കണ്ടെത്താൻ പ്രയാസമില്ല. തൽക്കാലത്തേക്ക് കഠോപനിഷത്തിലെ ഒരു ശ്ലോകം മാത്രം ഉദാഹരണത്തിന് ഉദ്ധരിക്കാം:

അശബ്ദം അസ്പർശമരൂപമവ്യയം
തഥാരസം നിത്യമഗന്ധവച്ച യത്

അനാദ്യനന്തം മഹതഃപരം ധ്രുവം
നിചായ്യ തന്മൃത്യുമുഖാത് പ്രമുച്യതേ

ബ്രഹ്മത്തെ ശബ്ദം കൊണ്ട് അറിയാൻ സാധിക്കുകയില്ല. സ്പർശനവിധേയമല്ലാത്തതുകൊണ്ട് സ്പർശിച്ച് അറിയാൻ സാധിക്കുകയില്ല. രൂപമില്ലാത്തതുകൊണ്ട് കാണാൻ സാധിക്കുകയില്ല. അവ്യയൻ ആയതുകൊണ്ട് പരിച്ഛേദിക്കാൻ സാധിക്കാത്തതും മാറ്റമില്ലാത്തതും സർവ്വവ്യാപിയുമാണ്. രുചിയില്ലാത്തുകൊണ്ട് അറിയാൻ സാധിക്കുകയില്ല. ഗന്ധമില്ലാത്തതുകൊണ്ട് മണംകൊണ്ടറിയാൻ സാധിക്കുകയില്ല. നിത്യമാണ്. ആദിയും അന്തവുമില്ലാത്തതാണ്. മഹത്വത്തിനും (ഹിരണ്യഗർഭനും) അപ്പുറത്താണ്. ഇത് സാക്ഷാത്കരിക്കുന്നവർ മൃത്യുമുഖത്തിൽ നിന്ന് രക്ഷനേടുന്നു. (കഠം 4-15).

(അർഥവിവരണം. ഇ ചന്ദ്രശേഖരൻ നായരുടെ *ഹിന്ദുമതം ഹിന്ദുത്വം* – 2006 എന്ന കൃതിയിൽ നിന്ന്.)

അനന്തതയേയും അണ്ഡകടാഹങ്ങളെയും സൂക്ഷ്മത്തെയും സ്ഥൂലത്തേയും എല്ലാം ആവാഹിക്കുന്ന ഈ പരബ്രഹ്മസങ്കൽപ്പം യേശുക്രിസ്തുവിന്റെ ജീവിതത്തിലും ദൗത്യത്തിലും കുരിശുമരണത്തിലും കണ്ടെത്തി തന്റെ വിശ്വാസത്തെ മൂർത്തത പകരാൻ മാർ ഗ്രിഗോറിയോസ് ശ്രമിക്കുന്നു. അന്ത്യശാസനത്തിലെ തുടർന്നുള്ള ഖണ്ഡികകളിൽ ആ വിശ്വാസം അദ്ദേഹം പ്രഖ്യാപിക്കുന്നു. അതാണ് അദ്ദേഹത്തെ ഒരേ സമയം വിശ്വമാനവികതയുടെയും ക്രിസ്തുസന്ദേശത്തിന്റെയും വിശ്വാസിയും വ്യാഖ്യാതാവും ആക്കുന്നത്. ഈ വിശ്വവിശാലത അനേകം ക്രിസ്തീയസഭകളിൽ ഒരു ചെറിയ സഭ മാത്രമായ മലങ്കര ഓർത്തഡോക്സ് സഭയിലും അതിൽത്തന്നെ ഉള്ള പാത്രിയാർക്കീസ് മെത്രാൻ കക്ഷികളിൽ മെത്രാൻ കക്ഷിയിൽ വീറോടെ ഉറച്ചുനിൽക്കാനും അദ്ദേഹത്തിന് പ്രതിബന്ധമാകുന്നില്ല. തന്റെ ക്രിസ്തുമത സങ്കൽപ്പത്തിന്റെ അടിത്തറ അദ്ദേഹം ഇങ്ങനെ അനാവരണം ചെയ്യുന്നു:

> ക്രിസ്തുവിന്റെ സ്നേഹം ക്രിസ്ത്യാനികൾക്കു മാത്രമുള്ളതല്ല. മനുഷ്യരാശിക്കു മുഴുവൻ അവകാശപ്പെട്ടതാണ്. മുഴുവൻ മനുഷ്യരാശിക്കും വേണ്ടിയാണ് അവൻ മരിച്ചത്. ക്രിസ്ത്യാനികൾക്കു മാത്രം വേണ്ടിയല്ല. അവൻ സമസ്ത മനുഷ്യവർഗത്തിന്റെയും സ്നേഹിതനും രക്ഷിതാവും കർത്താവുമാണ്. അങ്ങനെയെങ്കിൽ എന്റെ സ്നേഹത്തിനും സഹാനുഭൂതിക്കും എങ്ങനെ ഞാൻ പരിമിതി കൽപ്പിക്കും? മനുഷ്യരാശിയുടെ ഏതെങ്കിലും ഭാഗത്തിന് ആ സ്നേഹ

സഹാനുഭൂതികൾ ഞാൻ നിഷേധിക്കും? എന്റെ ശത്രുക്കളായി സ്വയം പരിഗണിക്കുന്നവരെപ്പോലും ദ്വേഷിക്കാനോ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നോ സഹാനുഭൂതിയിൽ നിന്നോ ഒഴിച്ചുനിർത്താനോ എനിക്കു സാധ്യമല്ല. ഇങ്ങനെയുള്ള ജനവിഭാഗങ്ങൾ, മറ്റു മതങ്ങളിൽ വിശ്വസിക്കുന്നവർ, കമ്മ്യൂണിസ്റ്റുകൾ, മൂണിവിശ്വാസികൾ, പ്രത്യേകിച്ച് വെള്ളക്കാരുടെ വർഗങ്ങൾ (ന്യായമായിത്തന്നെ അവരെപ്പറ്റി ആയിരം പരാതികൾ നിരത്താൻ എനിക്കു കഴിയും) ഇവരോടെല്ലാമുള്ള എന്റെ സമീപനത്തിന്റെ അടിസ്ഥാനം മുകളിൽ പറഞ്ഞതു തന്നെ.

ഗൗതമ ബുദ്ധൻ, വർധമാന മഹാവീരൻ, ലാവോറ്റ്സെ, മഹാത്മാ ഗാന്ധി, മുഹമ്മദ് റസൂൽ അള്ള, ആദിശങ്കരൻ, പ്ലേറ്റോ, സോക്രട്ടീസ്, മോശ, സൊറാസ്റ്റർ എന്നീ ലോകോത്തര ഗുരുക്കന്മാരേക്കാളെല്ലാം ഉയർന്ന ഒരു വ്യക്തിയാണ് എന്നെ സംബന്ധിച്ചേടത്തോളം ക്രിസ്തു. യേശുക്രിസ്തു ദൈവത്തിന്റെ നിസ്തുലനായ പുത്രനാണ്. അവൻ മനുഷ്യപുത്രനായി അവതരിച്ചു. നമ്മുടെ പാപത്തെയും കഷ്ടാനുഭവത്തെയും സ്വന്തം ചുമലിൽ പേറി, ക്രൂശിന്മേൽ സ്വയം ബലിയായി അർപ്പിച്ചു; മരിച്ചു, എന്നേക്കും ജീവിക്കുന്നതിനും സമസ്ത സൃഷ്ടിയും ദൈവത്തോടു രഞ്ജിപ്പിക്കുന്നതിനും വേണ്ടി മരിച്ചവരിൽ നിന്ന് ഉയിർക്കുകയും ചെയ്തു. പാപത്തിന്റെയും മരണത്തിന്റെയും മേലും തിന്മയുടെയും ശിഥിലീകരണത്തിന്റെയും മേലും ജേതാവാണവൻ. അവനിൽ എല്ലാം ഒന്നിച്ചുചേർന്നു നിൽക്കുന്നു. എല്ലാ തിന്മകളിൽ നിന്നും ശുദ്ധീകരിക്കപ്പെട്ട സമസ്തസൃഷ്ടിയും അവനിൽ സമൃക്കായി സമ്മേളിച്ച് സമഞ്ജസമായി പൊരുത്തപ്പെട്ടുപോകും. ഇതെന്റെ വിശ്വാസമാണ്. എന്റെ വിശ്വാസം ഒളിച്ചുവെക്കാൻ കാരണങ്ങളൊന്നുമില്ല. ഏതുസമയത്തും ഞാൻ അതിനെപ്പറ്റി സംസാരിക്കുന്നുണ്ടാവില്ലെന്നതു വാസ്തവം. ഈ വിശ്വാസത്തിലാണു ഞാൻ ജീവിക്കുന്നത്. ഇതാണ് എന്റെ പ്രവൃത്തികളുടെ മൂലാധാരം. ഇതാണ് നിരാശയിൽ നിന്നും കഠിനവിഷാദത്തിൽ നിന്നും എന്നെ കാത്തുസൂക്ഷിക്കുന്ന പ്രത്യാശ. ദൈവത്തിന്റെ ലോകത്തിൽ സകലതും നിരാനന്ദവും മ്ലാനവുമായി പ്രത്യക്ഷപ്പെടുമ്പോൾ പോലും ഈ പ്രത്യാശ എന്നെ നിലനിർത്തുന്നു. (പുറം 189-90, ടി പുസ്തകം)

പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ആത്യന്തികമായ ദൈവ സങ്കൽപ്പം ഭാരതീയരുടെ പരബ്രഹ്മസങ്കൽപ്പവുമായി പൊരുത്തപ്പെടുന്നു എന്നു പറയുമ്പോൾ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്. പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ദൈവസങ്കൽപ്പത്തിന്റെയും ജീവിത വീക്ഷണത്തിന്റെയും അവിഭാജ്യ ഘടകങ്ങളാണ് വ്യക്തിത്വം സർഗാത്മകത സ്വാതന്ത്ര്യം എന്നീ പരസ്പരബന്ധിതമായ മൂന്ന് ആശയങ്ങൾ. ഇവയിൽ നിന്നാണ് അദ്ദേഹത്തിന്റെ മാനവികതയും സാമൂഹ്യസേവനതല്പരതയും ഉറവെടുക്കുന്നത്. എന്നാൽ പ്രാചീനഭാരതീയ ചിന്തയിൽ ബുദ്ധ ജൈനാദി വിമത പ്രസ്ഥാനങ്ങളിൽ മാത്രമാണ് ഈ ആശയങ്ങൾ തെളിഞ്ഞുകാണുന്നത്. പരമ്പരാഗത ഹൈന്ദവ ചിന്തയിൽ ഈ ഘടകങ്ങൾ ചിലയിടത്തെല്ലാം സൂപ്തരൂപത്തിൽ കണ്ടെത്താൻ കഴിയുമെങ്കിലും അവ പ്രകടമോ വ്യക്തമോ അല്ല. അതുകൊണ്ടാണ് കർമഫലം വിധിവിശ്വാസം വർണാശ്രമ ധർമം തുടങ്ങിയ മാനവികത സങ്കൽപ്പനങ്ങൾക്ക് പരമ്പരാഗത ഭാരതീയ ചിന്തയിൽ സ്ഥാനം കുറഞ്ഞുപോയത്. തീർച്ചയായും ഭാരതീയ ചിന്ത വേദേതിഹാസങ്ങളിലും ശ്രുതിസ്മൃതികളിലും സംസ്കൃതപാഠങ്ങളിലും പരിമിതിപ്പെടുത്തേണ്ടതില്ല. ക്രിസ്തുവർഷത്തിന് നാലു നൂറ്റാണ്ട് മുമ്പാരംഭിച്ച ബുദ്ധ ജൈന മതങ്ങളും അവയുടെ ദാർശനിക വ്യാഖ്യാനങ്ങളും ക്രിസ്തുവിന് ശേഷം എട്ടാം നൂറ്റാണ്ട് മുതൽ പതിനാറാം നൂറ്റാണ്ട് വരെ ആസേതുഹിമാചലം പടർന്നു പന്തലിച്ച ഭക്തിപ്രസ്ഥാനത്തിലും എല്ലാം വിധി വിശ്വാസങ്ങൾക്കും വർണാശ്രമധർമത്തിനും എതിരായ കലാപധ്വനി മുഴങ്ങി കേൾക്കാം. അതുകൊണ്ട് സ്വാതന്ത്ര്യം സർഗാത്മകത വ്യക്തിത്വം തുടങ്ങിയവ ഭാരതീയ പാരമ്പര്യത്തിന് അന്യമല്ലെന്നും വാദിക്കാവുന്നതാണ്.

"ഡിറ്റർമിനിസം" അഥവാ "മുൻനിർണയവാദം" അഥവാ "വിധിവാദം" എന്നത് ഭാരതീയ യാഥാസ്ഥിതിക ചിന്തയിൽ എന്ന പോലെ പാശ്ചാത്യ ക്രൈസ്തവ ചിന്തയിലും ഒരു പ്രധാനപ്പെട്ട ധാരയാണ്. അഗസ്തിനോസിന്റെ സിദ്ധാന്തങ്ങളിലൂടെയാണ് ഇത് പാശ്ചാത്യ ക്രൈസ്തവചിന്തയിൽ ഇഴുകിചേർന്നതെന്ന് നേരത്തേ സൂചിപ്പിച്ചുവല്ലോ. മനുഷ്യന്റെ സ്വാതന്ത്ര്യത്തിനും സർഗാത്മകതക്കും വിരുദ്ധമായ ഈ ചിന്താഗതിയെ പൗരസ്ത്യ ക്രിസ്തീയസഭകൾ അംഗീകരിക്കുന്നില്ല എന്നും പൗലോസ് മാർ ഗ്രിഗോറിയോസ് പലതവണ വ്യക്തമാക്കിയിട്ടുണ്ട്. അഗസ്തിനോസിനെ അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ എതിർത്തതിനാൽ സഭയിൽ നിന്ന് ബഹിഷ്കരിക്കപ്പെട്ട പെലാഗിയൂസ് മുതൽ ആധുനിക വിമോചന ദൈവശാസ്ത്രജ്ഞരും ബ്ലാക് തിയോളജിയൻസ് അഥവാ കറുത്ത ദൈവശാസ്ത്രജ്ഞരും വരെ ആദ്യന്തം ഒരു വിമത ചിന്ത അഭംഗുരമായി തുടർന്നു

എങ്കിലും മുഖ്യധാരാ സഭകളായ കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും ഒരേപോലെ വിധിനിർണയവാദത്തിന്റെ വക്താക്കളായിരുന്നു. പ്രൊട്ടസ്റ്റന്റ് സഭയുടെ സ്ഥാപകനായ മാർട്ടിൻ ലൂഥറിലും ഈ പ്രവണത പ്രകടമാണെങ്കിലും പ്രൊട്ടസ്റ്റന്റ് സഭയിലെ ഒരു പിൽക്കാല വിഭാഗമായ കാൽവിനിസ്റ്റുകളുടെ സൈദ്ധാന്തികൻ ജോൺ കാൽവിൻ (1509 – 1564) ആണ് വിധി നിർണയ വാദത്തിന്റെ ഉറച്ച വക്താവ്. അഗസ്റ്റിനോസിന്റെയും കാൽവിന്റെയും നിലപാടുകൾ മൗലിക ക്രിസ്തീയ ചിന്തകളിൽ നിന്നുള്ള വ്യതിയാനവും ക്രിസ്തുവിന്റെ രക്ഷകത്വ സങ്കൽപ്പത്തിന്റെ നിഷേധവും ആണെന്ന് മനുഷ്യന്റെ സർഗാത്മകതയെയും സ്വതന്ത്ര ഇച്ഛാശക്തിയുടെയും (ഫ്രീ വിൽ) വക്താവായ മാർ ഗ്രിഗോറിയോസ് കാണുന്നു. അദ്ദേഹം ഇപ്രകാരം അക്കാര്യം വിവരിക്കുന്നു:

> പാശ്ചാത്യ ക്രിസ്തീയതക്ക് രണ്ട് മുഖ്യ കൈവഴികളുണ്ട്. ഒന്നാമത്തേത് റോമൻ കത്തോലിക്കാ സഭയുടെയും രണ്ടാമത്തേത് പ്രൊട്ടസ്റ്റന്റ് സഭകളുടെതും. ഇരു സഭകളുടേയും വേദശാസ്ത്രചിന്തകളുടെ വേരുകൾ അഗസ്റ്റിനോസിന്റെ ചിന്തയിൽ ഊന്നിനിൽക്കുന്നുവെന്ന് മുമ്പ് ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. ഇതിന് ഒരു ഉദാഹരണമാണ് മുൻ നിർണ്ണയം എന്ന പ്രമാണം. ദൈവം ചിലരെ നിത്യരക്ഷക്കായും ചിലരെ നിത്യ ശാപത്തിനുമായി മുൻനിർണ്ണയിക്കുന്നു എന്ന വിശ്വാസമാണിത്. ഫ്രാൻസിൽ ക്രിസ്തീയ നവീകരണ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത ജോൺ കാൽവിൻ ആണ് ഈ പ്രമാണം പുനരുജ്ജീവിപ്പിച്ച് ശക്തമായി അവതരിപ്പിച്ചത്. മുൻനിർണ്ണയം സംബന്ധിച്ച അഗസ്തിനോസിന്റെ അടിസ്ഥാനചിന്തകളെ പുനരവതരിപ്പിക്കുക മാത്രമാണ് കാൽവിൻ ചെയ്തിട്ടുള്ളത്. ദൈവകൃപ അപ്രതിരോധ്യവും അനിഷേധ്യവും അപ്രമാദവുമാണ്. ദൈവകൃപയിൽ നിന്നും ആർക്കും ഒഴിഞ്ഞുമാറാനാവില്ല. അത് സൗജന്യമായി മനുഷ്യരിലേക്ക് ഒഴുകിച്ചെല്ലുന്നു. അർഹതകൊണ്ട് നേടിയെടുക്കുന്നതല്ല; അർഹതയില്ലാതിരിക്കെ, ദൈവനിർണ്ണയത്തിൽ, സൗജന്യമായി ലഭിക്കുന്നതത്രെ. എന്നാൽ ഈ ദൈവകൃപക്ക് എല്ലാവരും പ്രാപ്തരായി തീരുന്നില്ല. തെരഞ്ഞെടുക്കപ്പെടുന്നവർ മാത്രമേ അതിന് അർഹരായിത്തീരുന്നുള്ളൂ. ഇതിന് ആധാരമായി സ്വീകരിക്കുന്ന ഒരു വേദഭാഗം മത്തായി 20:23 ആണ്. അവിടെ ഇങ്ങനെ കാണുന്നു: എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നൽകുന്നത് എന്റേതല്ല. എന്റെ പിതാവ്

> ആർക്ക് ഒരുക്കിയിരിക്കുന്നുവോ അവർക്ക് കിട്ടും. മുൻനിർണ്ണയവാദത്തിന് അടിസ്ഥാനമായി എടുത്തിരിക്കുന്ന പ്രധാന വേദഭാഗം റോമർ 8:28-30 വരെയാണ്: എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു. അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിനു അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു. മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു. ദൈവത്തിന്റെ മുൻനിയമവും മുന്നറിവും അനുസരിച്ചാണ് ദൈവവിളി തന്നെ. ദൈവകൃപക്ക് പുറത്തുള്ളവരെ ദൈവം വിളിക്കുന്നില്ല. വിളിക്കപ്പെട്ടവർ നീതീകരണവും തേജസ്കരണവും പ്രാപിക്കുക തന്നെ ചെയ്യും. (പുറം 46-47 *ഗുരുമുഖത്തു നിന്ന്*, കോട്ടയം, 2004)

അഗസ്തിനോസും കാൽവിനും മറ്റും പരിപോഷിപ്പിച്ച ഈ മുൻനിർണ്ണയവാദം പൗരസ്ത്യ ക്രിസ്തീയ ചിന്തയെ കളങ്കപ്പെടുത്തുന്നില്ല. ഏദൻ തോട്ടത്തിൽ ദൈവകൽപ്പനക്ക് വിപരീതമായി ജ്ഞാനത്തിന്റെ ഖനി സർപ്പത്തിന്റെ രൂപത്തിലെത്തിയ സാത്താന്റെ പ്രേരണപ്രകാരം ഹൗവയും ഹൗവയിൽനിന്ന് ആദാമും വാങ്ങി ഭക്ഷിച്ചതിനെത്തുടർന്ന് ബഹിഷ്കൃതരായതും അവരിരുവരുടെയും സന്താനങ്ങളായ മാനവരാശി മുഴുവൻ മൂലപാപത്തിന് വിധേയരായി എന്നും അതിൽ നിന്ന് സ്വേച്ഛാപ്രകാരം ദൈവം അവർക്ക് രക്ഷയോ ശിക്ഷയോ കൽപ്പിക്കുന്നു എന്നുള്ള വാദം കുരിശുമരണത്തിന്റെ മോക്ഷദായകസങ്കൽപനത്തിനും മനുഷ്യന്റെ സ്വതന്ത്രമായ ഇച്ഛാശക്തിക്കും വിരുദ്ധമാണെന്ന് മാർ ഗ്രിഗോറിയോസ് കരുതുന്നു.അദ്ദേഹത്തിന്റെ അടിസ്ഥാനപരമായ മനുഷ്യ സ്വാതന്ത്ര്യ സങ്കൽപ്പത്തിൽനിന്ന് ഉരുത്തിരിയുന്നതാണ് ഈ വിശ്വാസം. ഈ വിശ്വാസത്തിന് ഉപോൽബലകമായി മനുഷ്യന്റെ അടിസ്ഥാനപരമായ നന്മയിലും ആ നന്മ അവനെ ഈശ്വരനിലേക്ക് ഉയർത്തുന്നു എന്ന ചിന്തയിലേക്കും മാർ ഗ്രിഗോറിയോസിനെ നയിക്കുന്നു. അദ്ദേഹത്തിന്റെ *മനുഷ്യദൈവം* എന്ന ഉപന്യാസസമാഹാരം ഈ വീക്ഷണത്തെ വിശദമാക്കുന്നതോടൊപ്പം ഗ്രിഗോറിയോസിന്റെ മതവിജ്ഞാനീയത്തിന്റെ കാതൽ വ്യക്തമാക്കുന്ന വിളംബരവുമാകുന്നു. "മനുഷ്യ ദൈവം" എന്ന സങ്കൽപ്പത്തെക്കുറിച്ച് അടുത്ത അധ്യായത്തിൽ നമുക്ക് പരിശോധിക്കാം. ●

അധ്യായം 22

ദൈവം മനുഷ്യനാകുമോ?

ദൈവം മനുഷ്യനാകും എന്നും മനുഷ്യനായി എന്നും വാദിക്കുന്നതിന് ദൈവത്തെക്കുറിച്ച് കഴിഞ്ഞ അധ്യായത്തിൽ വിവരിച്ച വിശാലമായ ബ്രഹ്മസങ്കൽപ്പം പൗലോസ് മാർ ഗ്രിഗോറിയോസിന് വിഘാതമാവുന്നില്ല. മാത്രമല്ല ആദിമ ക്രിസ്തീയ വിശുദ്ധർ തിരസ്കരിച്ച നോസ്റ്റിസിസം (Gnostisism) അഥവാ ജ്ഞാനയോഗം മാർ ഗ്രിഗോറിയോസിന് സ്വീകാര്യവും അല്ല. "ജ്ഞാനവാദവും അരിയൻ കലാപവും" എന്ന പത്താം അധ്യായത്തിൽ അരിയൻ സിദ്ധാന്തത്തെ എന്ന പോലെ ജ്ഞാനയോഗത്തെക്കൂടി കപ്പഡോക്യൻ പിതാക്കന്മാരോടൊപ്പം ഗ്രിഗോറിയോസും തിരസ്കരിക്കുന്നു എന്നു കണ്ടുവല്ലോ. ജ്ഞാനയോഗം സംഘടിത മതത്തെയും പുരോഹിതശ്രേണിയേയും കുർബാന തുടങ്ങിയ ആചാരാനുഷ്ഠാനങ്ങളെയും എതിർക്കുമ്പോൾ പൗലോസ് മാർ ഗ്രിഗോറിയോസിന്റെ മതവിജ്ഞാനീയം ആചാരബദ്ധവും യാഥാസ്ഥിതികവും ആണെന്ന് ആധുനികർക്ക് തോന്നാൻ ഇടയുണ്ട്. എന്നാൽ ദൈവസൃഷ്ടിയായ പ്രകൃതിയേയും മനുഷ്യസമൂഹത്തേയും കൂടി മാർ ഗ്രിഗോറിയോസിന്റെ ദൈവസങ്കൽപ്പം ഉൾക്കൊള്ളുന്നു. അങ്ങനെ ഉൾക്കൊണ്ടാൽ മാത്രമേ ക്രിസ്തീയ ദൗത്യത്തിന്റെ സാമൂഹ്യപ്രതിബദ്ധതയും മാനവിക മാനവും സമർഥിക്കപ്പെടുകയുള്ളൂ എന്ന് മാർ ഗ്രിഗോറിയോസ് വാദിക്കുന്നു.

ഈ വാദത്തിന് ഉപോൽബലകമായിട്ടാണ് അദ്ദേഹത്തിന്റെ ഏറ്റവും ഒടുവിലത്തെ പ്രബന്ധസമാഹാരങ്ങളിലൊന്നായ *എ ഹ്യൂമൻ ഗോഡ്* (1992) അഥവാ *മനുഷ്യനായ ദൈവം* എന്ന കൃതിയിലെ വാദമുഖങ്ങൾ അദ്ദേഹം അവതരിപ്പിക്കുന്നത്. അതിലെ മുഖ്യമായ അധ്യായത്തിന്റെ പേര് തന്നെ *എ ഹ്യൂമൻ ഗോഡ്* എന്ന് തന്നെയാണെങ്കിലും അതിന് ചേർത്തിട്ടുള്ള ചോദ്യചിഹ്നം (?) പുസ്തകത്തിന്റെ പേരിനോട് ചേർത്തിട്ടില്ല എന്നത് അർഥവത്താണ്. അതായത് തന്റെ ദൈവത്തിന്റെ മാനവികമാനം അസന്നിഗ്ധമാകയാൽ പുസ്തകത്തിന്റെ തലവാചകത്തിന് ചോദ്യചിഹ്നം നൽകുന്നില്ല. ദൈവത്തിന്റെ മാനവികതയെക്കുറിച്ചും ദൈവത്തിന്റെ സൃഷ്ടിയായ മാനവികതയുടെ മഹത്വത്തെക്കുറിച്ചും അഗസ്തിനോസിനെ തുടർന്നുള്ള പാശ്ചാത്യചിന്തയും പൗരസ്ത്യചിന്തയും തമ്മിലുള്ള വൈരുധ്യത്തെ സംബന്ധിച്ച് നേരത്തേ അല്പം വിവരിച്ചതാണെങ്കിലും അത് കുറേക്കൂടി വിശദമായ വിവരണം അർഹിക്കുന്നു. ഡോ. കെ ജെ ഗബ്രിയേൽ ഗ്രിഗോറിയോസിന്റെ മാനവിക ദൈവ വാദത്തെ ഇങ്ങനെ സംഗ്രഹിക്കുന്നു:

> ദൈവം മനുഷ്യനായി തീർന്നത് എന്തിന്? എങ്ങനെ? ആദ്യത്തെ ചോദ്യത്തിന് പൗരസ്ത്യപിതാക്കന്മാർ നൽകുന്ന ഉത്തരം ഇതാണ്. മനുഷ്യനെ ദൈവം ആക്കുവാൻ ദൈവം മനുഷ്യനായിത്തീർന്നു. ഇതിന്റെ പ്രതിധ്വനി എന്നോണം നാം പാടുന്നു:
>
> "തൻ സാമ്യം നാം പൂണ്ടിടുവാൻ
> നമ്മുടെ സാമ്യം അവൻ പൂണ്ടു"
>
> പാശ്ചാത്യ ചിന്തയിലാവട്ടെ ദൈവം മനുഷ്യനായി തീർന്നത് എന്തിന് എന്ന ചോദ്യത്തിന് സാധാരണ നൽകിക്കാണുന്ന ഉത്തരം പാപത്തിൽ വീണുപോയ മനുഷ്യനെ കരകയറ്റുവാൻ ദൈവം മനുഷ്യനായിത്തീർന്നു എന്നായിരിക്കും. ഈ ഉത്തരം പൗരസ്ത്യർക്കു സ്വീകാര്യം തന്നെ. എന്നാൽ ഇതിൽ രക്ഷയെപ്പറ്റി ഋണാത്മകമായ ഒരു ധാരണയ്ക്കാണ് മുൻതൂക്കം. അതുകൊണ്ട് പൗരസ്ത്യർ ഈ ഉത്തരം കൊണ്ട് തൃപ്തരല്ല. മനുഷ്യൻ ക്രിസ്തുവിലൂടെ പാപത്തിൽ നിന്ന് മോചനം പ്രാപിക്കുക മാത്രമല്ല ദൈവസ്വരൂപത്തിലേക്ക് വളരുവാനും കൂടി വിളിക്കപ്പെട്ടിരിക്കുന്നു. ആദ്യത്തെ ചിന്തയിൽ കുഴിയിൽ വീണ മനുഷ്യനെ കൈനീട്ടി കരകയറ്റുന്ന ചിത്രമാണ് തെളിഞ്ഞു വരിക. രണ്ടാമത്തേതിലാകട്ടെ ദൈവസ്വരൂപ

> ത്തിൽ നിരന്തരം വളർന്നുകൊണ്ടിരിക്കുന്ന ഒരു പുതുമനുഷ്യന്റെ ചിത്രം തെളിഞ്ഞു വരുന്നു. പുതുമനുഷ്യനായ ക്രിസ്തുവിൽ പുതുക്കം പ്രാപിച്ച് ദൈവസ്വരൂപത്തിലേക്ക് വളരുന്ന മനുഷ്യൻ. ഈ ഊന്നൽ പാശ്ചാത്യസഭയുടെ പ്രബോധനത്തിൽ കാണാത്തതിന് കാരണം മനുഷ്യപ്രകൃതിയെപ്പറ്റിയുള്ള താഴ്ന്ന ചിന്തയാണ്. അഗസ്റ്റിനോസിന്റെ വീക്ഷണത്തിൽ മനുഷ്യൻ അടിസ്ഥാനപരമായി പാപിയും നിസ്സഹായനും ആണ്. ഈ സമീപനം പാശ്ചാത്യ ക്രിസ്തീയ ചിന്തയിൽ ആഴമായി കടന്നു കൂടിയിട്ടുണ്ട്. പൗരസ്ത്യചിന്തയിൽ നന്മയാണ് മനുഷ്യന്റെ സഹജഭാവം. പലപ്പോഴും തിന്മയ്ക്ക് വിധേയനാകുന്നെങ്കിലും ദൈവത്തിന്റെ കാണപ്പെട്ട രൂപമാണ് മനുഷ്യൻ - ദൈവസ്വരൂപം. ദൈവസ്വരൂപം നന്മയാണ്. അതുകൊണ്ട് മനുഷ്യന്റെയും അടിസ്ഥാനഭാവം നന്മയത്രെ. വീഴ്ചമൂലം ദൈവസ്വരൂപത്തിൽ വന്നുപോയ വൈകല്യം നികത്തി പൂർണ്ണതയിലേക്ക് നയിക്കാനാണ് ദൈവം തന്നെ മനുഷ്യനായി തീർന്നത്. (പുറം 72, 73, *ഗുരുമുഖത്തു നിന്ന്*)

ദൈവപുത്രനും മനുഷ്യപുത്രനും

യേശുവിനെ ദൈവപുത്രൻ എന്നു വിളിക്കുന്നതോടൊപ്പം തന്നെ മനുഷ്യപുത്രൻ എന്നും വേദപുസ്തകത്തിൽ പരാമർശങ്ങളുണ്ട്. ഇവ രണ്ടും എങ്ങനെ പൊരുത്തപ്പെടുന്നു എന്ന കാര്യം സാധാരണ മതപ്രചാരകരോ വേദവ്യാഖ്യാതാക്കളോ തൃപ്തികരമായി പറഞ്ഞുകേൾക്കാറില്ല. പൗലോസ് മാർ ഗ്രിഗോറിയോസിന്റെ മനുഷ്യ ദൈവത്തെക്കുറിച്ചുള്ള വിചാരം ഈ വൈരുധ്യം എന്നു തോന്നാവുന്ന ഇരട്ട പ്രയോഗത്തെ നമുക്കു വ്യക്തമാക്കിത്തരുന്നു. "ദൈവം മനുഷ്യനാകുന്നു" എന്ന സങ്കൽപ്പത്തോടെ തന്നെ "മനുഷ്യൻ ദൈവികത്തിലേക്ക് ഉയർന്നു" എന്ന സങ്കൽപ്പം കൂടി ചേരുമ്പോഴാണ് ഈ വൈരുധ്യത്തിന്റെ ഭിത്തി തകർന്നു വീഴുന്നത്. ഇക്കാര്യം ഗ്രിഗോറിയോസിന്റെ പദങ്ങൾ തന്നെ ഉപയോഗിച്ചുകൊണ്ട് ഡോ ഗബ്രിയേൽ ഇപ്രകാരം സംഗ്രഹിക്കുന്നു:

> ചോദ്യം: Is your God a human God? ഉത്തരം: Yes. our God is a human God. ചോദ്യചിഹ്നത്തോടെയുള്ള ലേഖനത്തിന്റെ തലക്കെട്ടും ചോദ്യചിഹ്നം ഇല്ലാതെയുള്ള ഗ്രന്ഥത്തിന്റെ തലക്കെട്ടും ഇത്തരം സംവാദത്തിന്റെ ചലനാത്മകതയിൽ അർഥപൂർണമാണ്. മനുഷ്യനായിത്തീർന്ന ദൈവത്തെക്കുറിച്ചുള്ള സങ്കൽപ്പം അന്നും ഇന്നും മനുഷ്യബുദ്ധിക്കും യുക്തിക്കും

എത്തിപ്പിടിക്കാവുന്നതിലും അപ്പുറമാണ്. അത് പലർക്കും ചോദ്യചിഹ്നമായി ഇന്നും അവശേഷിക്കുന്നു. എന്നാൽ ക്രിസ്തുവിനെ കണ്ടറിഞ്ഞവർക്ക് അത് ചോദ്യചിഹ്നം മാറി വിശ്വാസപ്രഖ്യാപനമായിത്തീർന്നു.

"A human God" എന്നതിന് മറ്റൊരു അർഥതലവും കൂടിയുണ്ടെന്ന് സൂചിപ്പിച്ചുവല്ലോ. മനുഷ്യനായിത്തീർന്ന ദൈവം എന്ന സങ്കൽപ്പത്തിൽ ദൈവമായിത്തീർന്ന മനുഷ്യൻ എന്ന സങ്കൽപ്പവും അന്തർഭവിച്ചിരിക്കുന്നു. ഇതിന് ദൈവീകരണം (deification=theosis) എന്നു പറയുന്നു. ദൈവമായിത്തീരുക, ദൈവീകരിക്കപ്പെടുക എന്നീ പ്രയോഗങ്ങൾകൊണ്ട് ദൈവസ്വരൂപമായിത്തീരുക (2 കോരി. 3:18), ദൈവമക്കളായിത്തീരുക (റോമാ. 8:14), ദൈവസ്വഭാവത്തിൽ പങ്കാളികളായിത്തീരുക (2. പത്രോ. 1:4) എന്നർഥം.

"ദൈവം മനുഷ്യനായിത്തീർന്നു" എന്ന പ്രസ്താവത്തിൽക്കാണുന്ന അതേ യുക്തിഹീനത "മനുഷ്യൻ ദൈവമായിത്തീർന്നു" എന്ന പ്രസ്താവത്തിലുമുണ്ട്. ഈ ചോദ്യത്തിന് മതിയായ ഉത്തരം കർത്താവിന്റെ മർത്തീകരണമാണ്. മുൻപറഞ്ഞ രണ്ടർഥതലങ്ങൾ ക്രിസ്തുവിൽ ഏകീഭവിച്ച് ജീവിക്കുന്ന യാഥാർഥ്യമായി നാം കൺമുമ്പിൽ കാണുന്നു. യുക്തിയുടെ താർക്കികതയെ മിണ്ടടക്കുന്ന അനുഭവത്തിലുറച്ച വിശ്വാസമായി നാം നേരിട്ടറിയുന്നു. (പുറം 77-78 ടി പുസ്തകം)

മനുഷ്യനെ ദൈവീകരിക്കുകയും ദൈവത്തെ മാനവീകരിക്കുകയും അഥവാ മർത്തീകരിക്കുകയും ചെയ്യുന്ന ഈ സിദ്ധാന്തത്തിന്റെ സാധുത സങ്കുചിതമായ അർഥത്തിൽ മനുഷ്യനിൽ മാത്രമായി ഒതുങ്ങുന്നില്ല. ഗ്രിഗോറിയോസിനെ സംബന്ധിച്ചിടത്തോളം അഗസ്തിനോസിന്റെ ആജന്മപാപിയായ മനുഷ്യസങ്കൽപ്പത്തിൽ നിന്നും ഉള്ള വ്യത്യസ്തതയുടെ ഉറവിടം മനുഷ്യനും ദൈവസൃഷ്ടിയാണ് എന്നതത്രെ. പക്ഷേ ദൈവസൃഷ്ടി മനുഷ്യനിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നില്ല. പ്രപഞ്ചവും പ്രകൃതിയും മനുഷ്യനും മറ്റു ജീവജാലങ്ങളും വൃക്ഷലതാദികളും എല്ലാം ദൈവസൃഷ്ടികൾ ആണല്ലോ. എങ്കിലും അവയെല്ലാം മനുഷ്യന്റെ സുഖത്തിനും ഉപഭോഗത്തിനും വേണ്ടി ഉള്ളതാണ് എന്നും അതുകൊണ്ട് അവയ്ക്ക് മനുഷ്യനുള്ള അവകാശങ്ങളൊന്നും ഇല്ലെന്നും മറ്റുമാണ് *ബൈബിളി*ലെ ഉൽപ്പത്തി പുസ്തകത്തിലെ ചില പരാമർശങ്ങളെ ആശ്രയിച്ചുകൊണ്ട് പാശ്ചാത്യ നാഗ

രികത കരുതിപ്പോന്നത്. ഉൽപ്പത്തി പുസ്തകത്തിലെ ഒന്നാം അധ്യായത്തിൽ ഇങ്ങനെ പറയുന്നു:

> അനന്തരം ദൈവം അരുൾ ചെയ്തു: നമ്മുടെ പ്രതിച്ഛായയിൽ നമുക്കു സദൃശനായി മനുഷ്യനെ നാം നിർമിക്കട്ടെ. സമുദ്രത്തിലെ മത്സ്യങ്ങളുടെ മേലും ആകാശത്തിലെ പക്ഷികളുടെ മേലും കന്നുകാലികളുടെ മേലും ഭൂമിയിലെ സർവ വന്യജന്തുക്കളുടെ മേലും നിലത്ത് ഇഴയുന്ന എല്ലാ ഇഴജന്തുക്കളുടെ മേലും അവർക്ക് അധികാരം ഉണ്ടായിരിക്കട്ടെ. അങ്ങനെ ദൈവം സ്വന്തം പ്രതിച്ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു; ദൈവം തന്റെ പ്രതിച്ഛായയിൽ അയാളെ സൃഷ്ടിച്ചു; ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു; അവരോട് അരുൾ ചെയ്തു: 'നിങ്ങൾ സന്താനപുഷ്ടിയോടെ പെരുകി, ഭൂമിയിൽ നിറഞ്ഞ് ഭൂമിയെ കീഴടക്കുക. കടലിലെ മത്സ്യങ്ങളും ആകാശത്തിലെ പക്ഷികളും ഭൂമിയിൽ ചരിക്കുന്ന എല്ലാ ജീവജാലങ്ങളും നിങ്ങളുടെ അധികാരത്തിൻ കീഴിലായിരിക്കും.' ദൈവം അരുൾ ചെയ്തു: 'നോക്കൂ വിത്തുള്ള എല്ലാ ഇനം ചെടികളും വിത്തുള്ള ഫലം കായ്ക്കുന്ന എല്ലാ ഇനം വൃക്ഷങ്ങളും ഭൂമുഖത്തു നിങ്ങൾക്കു ഞാൻ തന്നിരിക്കുന്നു. അവ നിങ്ങൾക്കു ഭക്ഷണമായിരിക്കും. ഭൂമിയിലെ എല്ലാ മൃഗങ്ങൾക്കും ആകാശത്തിലെ എല്ലാ പക്ഷികൾക്കും നിലത്ത് ഇഴയുന്ന എല്ലാ ജന്തുക്കൾക്കും ജീവശ്വാസമുള്ള സകലതിനും ആഹാരമായി പച്ചസസ്യങ്ങളൊക്കെയും ഞാൻ കൊടുത്തിരിക്കുന്നു.' അത് അങ്ങനെ ആയി. താൻ സൃഷ്ടിച്ചതിനെയെല്ലാം ദൈവം കണ്ടു. അഹോ, വളരെ നന്ന്! സന്ധ്യയായി, ഉഷസ്സായി; ആറാം ദിവസം. (വാക്യം 26–31)

പ്രകൃതിയും മനുഷ്യനും

പാശ്ചാത്യ ക്രൈസ്തവ നാഗരികതയുടെ തുടക്കം തൊട്ടുതന്നെ ഈ വാക്യങ്ങളെ വ്യാഖ്യാനിച്ചും ദുർവ്യാഖ്യാനിച്ചും പ്രകൃതിയുടെ മേൽ മനുഷ്യനുള്ള അധീശത്വവും അനിയന്ത്രിതമായ ചൂഷകാധിപത്യവും ന്യായീകരിക്കപ്പെട്ടുവന്നിരുന്നു. അസീസിയിലെ മധ്യകാല വിശുദ്ധൻ ഫ്രാൻസിസിനെയും പതിനെട്ടാം നൂറ്റാണ്ടിലെ ഫ്രഞ്ച് ദാർശനികൻ ഴാങ് യാക്സ് റൂസ്സോയെയും ആധുനിക യുഗത്തിലെ ലിയോ ടോൾസ്റ്റോയിയെയും പോലെ ചില ഒറ്റപ്പെട്ട ശബ്ദങ്ങൾ ഈ ചൂഷകവീക്ഷണത്തിന് എതിരായി ഉയർന്നുവന്നിരുന്നുവെങ്കിലും പാശ്ചാത്യചിന്തയുടെ മുഖ്യധാര നേരേമറിച്ചായിരുന്നു. എന്നാൽ ഭാരതീയ ചിന്തയിൽ വർധമാന മഹാവീരനും

ഗൗതമബുദ്ധനും എല്ലാവിധ ജീവജാലങ്ങളും വൃക്ഷലതാദികളെ കരുണയോടും ആദരവോടും കൂടിയാണ് കരുതിയിരുന്നത്. ബൗദ്ധ ജൈന പാരമ്പര്യത്തിൽ അത്യന്തം ആകൃഷ്ടൻ ആയിരുന്ന പൗലോസ് മാർ ഗ്രിഗോറിയോസ് ഈ പാരമ്പര്യത്തെ ക്രൈസ്തവ ചിന്തയുമായി നെയ്തുചേർത്തു. പരമ്പരാഗതമായ പാശ്ചാത്യനാഗരികതയുടെ പ്രകൃതിചൂഷണ വ്യഗ്രത മുതലാളിത്തത്തിന്റെ വികാസത്തോടുകൂടി കൂടുതൽ ശക്തിയാർജിച്ചു. റിച്ചാർഡ് ഹെൻറി ടോണിയുടെ ഭാഷയിൽ ഈ അക്യൂസിറ്റീവ് അഥവാ ആർജകസമൂഹം പ്രകൃതിക്ക് കണ്ഠകോടാലിയായി. പതിനേഴാം നൂറ്റാണ്ടിലെ അതിപ്രശസ്തനായ ശാസ്ത്ര ദാർശനികൻ പ്രകൃതിയെ പടിപടിയായി കീഴടക്കി വരുതിയിൽ കൊണ്ടുവരലാണ് സാമൂഹ്യപുരോഗതിയുടെ മാനദണ്ഡം എന്നുകൂടി വാദിച്ചത് ആർജകസമൂഹ പ്രവണതകൾക്ക് ന്യായീകരണമായി.ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തോടെ പരിസ്ഥിതി സംരക്ഷണം ഉദ്ബുദ്ധ ജനതയുടെ അടിയന്തര പരിപാടിയിൽ പെടുകയും ആധുനിക ലോകത്തിലെ ഉൽക്കണ്ഠാകുലമായ വിവാദപ്രശ്നം ആവുകയും ചെയ്തിരിക്കുന്നു. തീർച്ചയായും പൗലോസ് മാർ ഗ്രിഗോറിയോസിനെ പോലെ ദീർഘ വീക്ഷണം ഉള്ള ഒരു ദാർശനികന് ഈ പ്രകൃതി മാഹാത്മ്യ വീക്ഷണത്തിൽ നിന്നോ പരിസ്ഥിതി സംരക്ഷണ പരിപാടിയിൽനിന്നോ ഒഴിഞ്ഞുനിൽക്കാൻ ആവുകയില്ല.

അങ്ങനെ ഒഴിഞ്ഞുനിന്നില്ല എന്നു മാത്രമല്ല പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധത്തിന് ദാർശനികവും മതാധിഷ്ഠിതവുമായ വ്യാഖ്യാനം നൽകാനും അദ്ദേഹം ശ്രമിക്കുന്നു. മനുഷ്യസത്തയുടെ അവിഭാജ്യഘടകമായ സർഗശക്തി ദൈവത്തിന്റെ മനുഷ്യേതര സൃഷ്ടികൾക്കും ഉണ്ടെന്നും മനുഷ്യന്റെ ജന്മാവകാശമായ സ്വാതന്ത്ര്യത്തിന് അവയും അർഹരാണെന്നും ഗ്രിഗോറിയോസ് വാദിച്ചു. അദ്ദേഹത്തിന്റെ മതവിജ്ഞാനീയത്തിൽ ഈ വീക്ഷണം ഇഴചേർന്നു കാണാം. ഗ്രിഗോറിയോസിന്റെ ഈ വീക്ഷണം ഡോ ഗബ്രിയേൽ ഇപ്രകാരം സംഗ്രഹിക്കുന്നു.

> മനുഷ്യൻ സ്വതന്ത്രനാണ് എന്ന ആശയം എല്ലാവർക്കും സ്വീകാര്യമാണ്. എന്നാൽ മനുഷ്യേതര സൃഷ്ടിക്കും സ്വാതന്ത്ര്യമുണ്ട് എന്നു പറയുമ്പോൾ പലരും അതിശയം കൂറിയെന്നു വരും. മൃഗങ്ങൾക്കും സസ്യങ്ങൾക്കും അജൈവമെന്നു നാം കരുതുന്ന വസ്തുക്കൾക്കും സ്വാതന്ത്ര്യമുണ്ടെന്ന് മാർ ഗ്രിഗോറിയോസ് തിരുമേനി വാദിക്കുന്നു. ഉൺമ എവിടെയുണ്ടോ അവിടെ ജീവനുണ്ട്. ജീവനുള്ള

തെല്ലാം സ്വതന്ത്രമാണ്. സ്വാതന്ത്ര്യമുണ്ടെങ്കിൽ ആളത്വവും (വ്യക്തിത്വവും - Personality) ഉണ്ടെന്ന് പറയേണ്ടിവരുന്നു. യഥാർഥത്തിൽ ആളത്വം ഉള്ളവയ്ക്കാണ് സ്വാതന്ത്ര്യവും ഉള്ളത്. സ്വാതന്ത്ര്യവും ആളത്വവും ഉള്ളവയ്ക്ക് ഗ്രാഹ്യ ശക്തി (Understanding), ഇച്ഛാശക്തി (will), കർമ്മശേഷി (capacity to act) എന്നിവയുമുണ്ട്. സാധാരണയായി ഇവയെല്ലാം മനുഷ്യർക്കു മാത്രം ഉള്ളതായാണ് നാം സങ്കൽപ്പിക്കുക. എന്നാൽ ഇവ പ്രപഞ്ചത്തിനു മുഴുവനും അവകാശപ്പെട്ടതാണ്, അനുപാതത്തിൽ വ്യത്യാസമുണ്ടെന്നു മാത്രം. മനുഷ്യനിൽ ഇവയെല്ലാം വികസിത രൂപത്തിൽ കാണുന്നു. മൃഗങ്ങളിലും സസ്യങ്ങളിലും അജൈവ വസ്തുക്കളിലും പല അളവിലാണ് ഇവ കാണാൻ കഴിയുന്നത്. (പുറം 95, ടി പുസ്തകം)

ജന്തുജാലങ്ങൾക്ക് മാത്രമല്ല സസ്യലതാദികൾക്കും ഗ്രഹണ ശക്തിയും വൈകാരിക പ്രതികരണ ശേഷിയും ഉണ്ടെന്ന ആധുനിക ഇന്ത്യൻ ശാസ്ത്രജ്ഞൻ ജഗദീശ് ചന്ദ്രബോസും മറ്റു പലരും സ്ഥാപിച്ചിട്ടുണ്ട്. സംഗീതം ജന്തുജാലങ്ങളിൽ മാത്രമല്ല സസ്യലതാദികളിലും പ്രതികരണം ഉളവാക്കുന്നുണ്ട് എന്ന് ആധുനിക പരീക്ഷണ നിരീക്ഷണങ്ങൾ തെളിയിക്കുന്നു. ഇതിനുപുറമേ അജൈവ വസ്തുക്കളിലെ പരമാണു ഘടനയിലെ ഊർജം സംബന്ധിച്ച ഐൻസ്റ്റൈന്റെയും മറ്റും സിദ്ധാന്തം ഊർജവും പദാർഥവും തമ്മിലുള്ള ഭേദത്തെ നിർമാർജനം ചെയ്തിരിക്കുന്നു. ഫ്രഞ്ച് ദാർശനികനും ഗണിതശാസ്ത്രജ്ഞനുമായ റെനെ ദെക്കാർത്ത് വിവക്ഷിക്കുന്ന പ്രകൃതി പ്രതിഭാസത്തിലെ ദ്വിത്വഭാവം അസ്തമിച്ച് പ്രഥമ ഗ്രീക്ക് ദാർശനികൻ എന്നു പ്രകീർത്തിക്കപ്പെടുന്നു. ക്രി.മു. ആറാം നൂറ്റാണ്ടിലെ തെയിൽസും പൈഥഗോറസും പിൽക്കാലത്ത് ഇന്ത്യയുടെ ശങ്കരാചാര്യരും ജർമനിയുടെ ഹെഗലും കാൾ മാർക്സും എല്ലാം സമർഥിക്കുന്ന അദ്വൈത ഭാവത്തിലേക്ക് ആധുനിക ജ്ഞാനം എത്തിച്ചേർന്നിരിക്കുകയാണ്. മാർ ഗ്രിഗോറിയോസിന്റെ ചിന്തകളിലൂടനീളം ഈ അദ്വൈത വീക്ഷണം നിൽക്കുന്നു. പ്രകൃതിയും മനുഷ്യനുമായുള്ള ദ്വിത്വത്തെയും വൈരുധ്യത്തെയും തിരസ്കരിക്കാൻ ഗ്രിഗോറിയോസിന് സഹായകമാകുന്ന പ്രത്യയശാസ്ത്രവും ഇതുതന്നെ. ഇതിൽനിന്ന് അൽപ്പം വ്യത്യസ്തം ആണെന്നു തോന്നാവുന്ന "ഉൽപ്പത്തി പുസ്തക"ത്തിലെ പരാമർശങ്ങളെ തിരസ്കരിച്ച് സൃഷ്ടിയുടെ അദ്വൈതഭാവത്തെ സമർഥിക്കാൻ ഗ്രിഗോറിയോസിന് വേദപുസ്തകത്തിലെ പുതിയ നിയമം സഹാ

യകമാകുന്നുണ്ട്. ഉദാഹരണത്തിന് പൗലോസ് അപ്പോസ്തലൻ റോമാക്കാർക്കെഴുതിയ കത്തിലെ എട്ടാം അധ്യായത്തിലെ പരാമർശം ഉദ്ധരിക്കാം: ക്രിസ്തുവിന്റെ രണ്ടാം വരവിനെ കാത്തിരിക്കുന്നത് മനുഷ്യർ മാത്രമല്ല എന്നും ദൈവത്തിന്റെ സകലമാന സൃഷ്ടികൾ ആണെന്നും പൗലോസ് അപ്പോസ്തലൻ റോമാക്കാരെ ഓർമ്മിപ്പിക്കുന്നു.

> ദൈവമക്കളുടെ വെളിപ്പെടലിനായി സമസ്ത സൃഷ്ടിയും ആകാംക്ഷാപൂർവം കാത്തിരിക്കുന്നു. സമസ്ത സൃഷ്ടിയും വ്യർഥതയ്ക്ക് അടിമപ്പെട്ടിരിക്കുന്നു. അതിന്റെ സ്വന്തം ഇഷ്ടമനുസരിച്ചല്ല; പ്രത്യുത, പ്രത്യാശയുള്ള നിലയിൽ അതിനെ അടിമപ്പെടുത്തിയവന്റെ അഭീഷ്ടമനുസരിച്ചാണ് ഇത്. കാരണം സമസ്ത സൃഷ്ടിയും ജീർണതയുടെ ബന്ധനത്തിൽനിന്നും വിമുക്തമായി ദൈവമക്കളുടെ മഹത്വമേറിയ സ്വാതന്ത്ര്യം നേടും. സമസ്ത സൃഷ്ടിയും ഇന്നോളം ഈറ്റുനോവിലെന്നപോലെ ഒന്നടങ്കം ഞരങ്ങുന്നു എന്നു നാമറിയുന്നു. ഈ സൃഷ്ടികൾ മാത്രമല്ല, ആത്മാവിന്റെ ആദ്യഫലങ്ങൾ ആസ്വദിക്കുന്ന നമ്മൾ തന്നെയും, പുത്രന്മാരായുള്ള ദത്തെടുപ്പിന്, ശരീരത്തിന്റെ വീണ്ടെടുപ്പിന്, കാത്തുനിന്ന് ഉള്ളിൽ കേഴുന്നു. (വാക്യം 19-23.)

ഇതും ഇതുപോലുള്ള മറ്റു പരാമർശങ്ങളും വേണ്ടത്ര വേദപണ്ഡിതന്മാർ ഇതുവരെ ശ്രദ്ധിച്ചിട്ടില്ല എന്ന് ഡോക്ടർ ഗബ്രിയേൽ ചൂണ്ടിക്കാട്ടുന്നു:

> ദൈവം മനുഷ്യന് നൽകിയിരിക്കുന്ന ഉൺമയും ജീവനും ആളത്വവും സ്വാതന്ത്ര്യവും സർവസൃഷ്ടിയിലും കാണാൻ കഴിയുമെന്ന ഉൾക്കാഴ്ച വേദാധിഷ്ഠിതമാണെന്ന് ഗ്രിഗോറിയോസ് തിരുമേനി ചൂണ്ടിക്കാണിക്കുന്നു. ഇതിന് അദ്ദേഹം ആധാരമാക്കുന്ന വേദഭാഗം റോമർ 8: 19-23 വരെയാണ്. കർത്താവിന്റെ രണ്ടാമത്തെ വരവിൽ സംഭവിക്കുന്ന രക്ഷാപരിപൂർത്തിക്കായി ദൈവമക്കൾ കാത്തിരിക്കുന്നു. ദൈവമക്കളോടൊപ്പം തേജസ്സിൽ പങ്കാളികളാകാൻ സൃഷ്ടിയും ആകാംക്ഷയോടെ കാത്തിരിക്കുന്നു. ഇന്ന് സൃഷ്ടി ദാസ്യത്തിലാണ്. ദൈവമക്കൾ സ്വതന്ത്രമാകുന്നതോടെ സൃഷ്ടിയും സ്വാതന്ത്ര്യം പ്രാപിക്കും എന്ന് പൗലോസ് അപ്പോസ്തലൻ പഠിപ്പിക്കുന്നു. സർവസൃഷ്ടിയും ഒരുപോലെ ഞരങ്ങി ഈറ്റുനോവോടെ ഈ അനർഘ നിമിഷത്തിനായി കാത്തിരിക്കുന്നു

എന്ന് അപ്പോസ്തലൻ ഉദ്ബോധിപ്പിക്കുന്നു. സൃഷ്ടിയുടെ സ്വാതന്ത്ര്യത്തെ സംബന്ധിച്ചും ആളത്വത്തെ സംബന്ധിച്ചും ഈ വേദഭാഗം നൽകുന്ന ഉൾക്കാഴ്ച വേദ പണ്ഡിതർ ഗൗരവമായി പരിഗണിച്ചിട്ടില്ല എന്നതാണ് സത്യം.

സൃഷ്ടിയുടെ സ്വാതന്ത്ര്യത്തെ സംബന്ധിച്ചും ആളത്വത്തെ സംബന്ധിച്ചും ഗ്രിഗോറിയോസ് തിരുമേനി നടത്തുന്ന പഠനത്തിൽനിന്ന് രണ്ടുമൂന്നു കാര്യങ്ങൾ ഉരുത്തിരിഞ്ഞു വരുന്നുണ്ട്. ഒന്ന്, മനുഷ്യനെപ്പോലെതന്നെ മനുഷ്യേതര പ്രപഞ്ചത്തിനും ദൈവം സഹജമായി സ്വാതന്ത്ര്യവും ആളത്വവും നൽകിയിട്ടുണ്ട്. ഇത് സൃഷ്ടിയുടെ അന്തസ്സും നിലയുമാണ് സൂചിപ്പിക്കുന്നത്. മനുഷ്യൻ ചൂഷണം ചെയ്യേണ്ട വസ്തുവല്ല ഈ പ്രപഞ്ചം. ആദരവോടെ മാത്രമേ ഈ പ്രപഞ്ചത്തെ സമീപിക്കാവൂ. രണ്ട്: മുൻപറഞ്ഞ സമീപനം ക്രിസ്തീയ മതത്തിന്റെ സുപ്രധാനമായ ഒരു അംശമാണ്. ഇത് പൗരസ്ത്യമതങ്ങൾ പ്രപഞ്ചത്തിന് കൽപ്പിച്ചിരിക്കുന്ന അന്തസ്സിനു ചേർന്നുവരുന്ന സമീപനമാവുന്നു. മൂന്ന്: ദ്രവ്യവും (matter) ഊർജവും (energy - spirit) തമ്മിൽ ഉണ്ടെന്ന് കരുതിയിരുന്ന ദ്വൈതം ആധുനിക ശാസ്ത്രത്തിലെന്നതുപോലെ മതത്തിലും അപ്രസക്തമായിത്തീർന്നിരിക്കുന്നു. (ടി പുസ്തകം, പുറം 99)

പൗലോസ് മാർഗ്രിഗോറിയോസിന്റെ ഈ വീക്ഷണങ്ങൾക്കെല്ലാം ആധാരശിലയായി വർത്തിക്കുന്നത് ക്രിസ്തീയ വേദപുസ്തകം തന്നെയാണെങ്കിലും അദ്ദേഹത്തിന്റെ ആരാധനാപാത്രമായി വർത്തിക്കുന്ന നിസ്സയിലെ ഗ്രിഗറിയെപ്പോലെ മറ്റ് പാരമ്പര്യങ്ങളിൽനിന്നും സ്രോതസ്സുകളിൽനിന്നും ഉണർവും ഉൺമയും നേടാൻ അദ്ദേഹം മടിക്കുന്നില്ല എന്നു വ്യക്തം. ഈ മതവിജ്ഞാനീയത്തിന്റെയും വിശ്വാസദാർഢ്യത്തിന്റെയും തുടർച്ചയും സാക്ഷാൽക്കാരവുമാണ് പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ദർശനവും രാഷ്ട്രമീമാംസയും മറ്റും. ആ പ്രശ്നങ്ങളിലേക്ക് നാലാം ഭാഗത്തിൽ നമുക്കു പ്രവേശിക്കാം. ●

ഭാഗം 4

ശാസ്ത്രം മാർക്സിസം

ഗ്രിഗോറിയോസിന്റെ പ്രഥമ പ്രചോദന സ്രോതസ്സായ നിസ്സയിലെ ഗ്രിഗറിക്കെന്ന പോലെ അദ്ദേഹത്തിനും മനുഷ്യ ജീവിതവും ചിന്തയുമായി ബന്ധപ്പെട്ടതൊന്നും അന്യമായിരുന്നില്ല. അതു പോലെതന്നെ സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള അഭേദ്യബന്ധവും മതവിജ്ഞാനീയവും സാമൂഹ്യ പ്രതിബദ്ധതയും തമ്മിലുള്ള കണ്ണിചേരലും.


പൗരസ്ത്യ
ക്രൈസ്തവ ദർശനം
LOVE'S
FREEDOM
THE
GRAND
MYSTERY
THE
SECULAR
IDEOLOGY
AN IMPOTENT REMEDY
FOR
INDIA'S COMMUNAL PROBLE
INTRODUCING
ORTHODOX CHURCHES
THE INDIAN
ORTHODOX
CHURCH
AN OVERVIEW
SCIENCE
FOR
SANE
SOCIETIES
PAULOS MAR
THE JO
OF
FREEDOM
Eastern Worship and
Modern Man
THE HUMAN
PRESENCE
AN ORTHODOX
VIEW OF NATURE
PAULOS MAR GREGORIOS
CIENCE AND
OUR FUTURE
HEALING
A HOLISTIC
APPROACH

അധ്യായം 23

ശാസ്ത്രദർശനത്തിലെ പ്രതിസന്ധി

പാശ്ചാത്യവും പൗരസ്ത്യവും, മതപരവും മതേതരവും, ഭൗതികവും മാനവികവും, വൈചാരികവും വൈകാരികവും എന്ന വിവിധ തരത്തിലുള്ള ദ്വിത്വങ്ങളോ ഭേദങ്ങളോ പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ചിന്തയെ പരിമിതപ്പെടുത്തിയിരുന്നില്ല. ഒരു മനുഷ്യായുസിൽ ഇങ്ങനെ ഇത്രയേറെ വൈവിധ്യങ്ങൾ ഉള്ള വിഷയങ്ങളിൽ ഒരാൾക്ക് വ്യാപരിക്കാൻ കഴിയും എന്ന് പലപ്പോഴും നാം അമ്പരന്നു പോകുംവിധമാണ് അദ്ദേഹത്തിന്റെ ചിന്തയുടെ ആഴവും പരപ്പും. ഭാരതത്തിന്റെ ഗംഭീരമായ ആർഷചിന്താ പാരമ്പര്യങ്ങളിൽ അവഗാഹം നേടുകയും അഭിമാനിക്കുകയും ചെയ്തിരുന്ന ഗ്രിഗോറിയോസ് ആധുനിക കാലത്ത് ആ പാരമ്പര്യത്തിന് ഏറെ ഗ്ലാനി സംഭവിച്ചതായി പരിതപിച്ചിരുന്നു. മെത്രാപോലിത്താ പദം സ്വീകരിക്കുന്നതിനു വളരെ മുമ്പ് 1968 ൽ ചില അമേരിക്കൻ വൈദികവിദ്യാപീഠങ്ങളിൽ അദ്ദേഹം നടത്തിയ പ്രഭാഷണങ്ങൾ പിൽക്കാലത്ത് *ഫ്രീഡം ആന്റ് അഥോറിറ്റി* (1974) അഥവാ *സ്വാതന്ത്ര്യവും അധികാരവും* എന്ന പേരിൽ പ്രസിദ്ധീകരിച്ചപ്പോൾ അതിന്റെ ആമുഖത്തിൽ തന്നെ ഈ പരിതാപം അദ്ദേഹം ഇപ്രകാരം പ്രകടിപ്പിക്കുകയുണ്ടായി:

> ചിട്ടയായി ചിന്തിക്കുക എന്ന കല ഇന്ത്യക്കാരായ നമുക്ക് മിക്കവാറും കൈവിട്ടുപോയിരിക്കുന്നു. നമ്മൾ വളരെയേറെ വായിക്കുന്നുണ്ട്. ധാരാളം ഉദ്ധരിക്കാൻ നമുക്ക് കഴിവുമുണ്ട്.

> എന്നാൽ എല്ലാവിധ ശാസ്ത്രങ്ങളിലും എന്നപോലെ ദൈവ ശാസ്ത്രത്തിലും സ്വന്തമായി മനനം ചെയ്യുക വളരെ ദുഷ്ക രമായി തോന്നുന്നു. ഏതാനും വർഷത്തെ പ്രചാരത്തിനു ശേഷം ജനപ്രീതി നഷ്ടപ്പെട്ടുപോകുന്ന ദൈവശാസ്ത്ര സി ദ്ധാന്തങ്ങൾ ഒന്നിനു പുറകെ ഒന്നായി നമ്മൾ പടച്ചുവിടാത്തത് ഒരുവിധത്തിൽ നന്നായി എന്നു പറയാം. ഏതെങ്കിലും ചി ന്താപദ്ധതിക്കു പകരം നമുക്ക് പഠിക്കാനും വിധി കൽപ്പിക്കാ നും ആവശ്യം മൂർത്തമായ സ്ഥാപനങ്ങളും വ്യക്തിത്വങ്ങളും ആണ്. ഒരു ശാസ്ത്രീയ ചിന്താപദ്ധതി എന്ന നിലയിൽ അല്ല ഇന്ത്യക്കാർ മാർക്സിസത്തിലേക്കുപോലും ആകർഷിക്കപ്പെ ടുന്നതെന്ന് ഇന്ത്യൻ മാർക്സിസ്റ്റുകൾ പോലും കണ്ടെത്തി യിരിക്കുന്നു. ആസന്നവും സാധ്യവുമായ ചില ലക്ഷ്യങ്ങളോ ട് പാർട്ടി പ്രതിബദ്ധത പുലർത്തുമ്പോൾ മാത്രമേ അതിന് ജനങ്ങളെ ആകർഷിക്കാൻ കഴിയൂ.

ഇങ്ങനെ മാർക്സിസ്റ്റുകാർ ഉൾപ്പെടെ ഇന്ത്യൻ ബുദ്ധിജീവികൾ എല്ലാം ചിട്ടയായ ചിന്താപദ്ധതികളിൽ നിന്ന് ഒഴിഞ്ഞുമാറുകയാണെന്ന് പരിതപിക്കുമ്പോഴും "തമ്മിൽ ഭേദം തൊമ്മൻ" എന്ന മട്ടിൽ പ്രത്യ യശാസ്ത്രത്തിലും ചിന്തയിലും അൽപമെങ്കിലും ശ്രദ്ധിക്കുന്നത് മാർ ക്സിസ്റ്റുകാരാണ് എന്ന് സമ്മതിക്കാനും ഗ്രിഗോറിയോസ് മടിക്കുന്നി ല്ല. അദ്ദേഹം തുടർന്ന് എഴുതുന്നതു നോക്കൂ:

> എങ്കിലും ഇന്ത്യയിലെ മൂന്ന് മാർക്സിസ്റ്റ് പാർട്ടികൾക്കും ഒരു പ്രത്യയശാസ്ത്രവും സുഘടിതമായ ആശയസംഹിതയും ഉണ്ട്. ഈ പാർട്ടികളിൽപെട്ട എല്ലാ അംഗങ്ങളും ഇതെല്ലാം വ്യക്തമായി മനസ്സിലാക്കുന്നുണ്ട് എന്നതിന് തെളിവില്ല. എങ്കി ലും അവരുടെ മുന്തിയ തീരുമാനങ്ങൾ എല്ലാം ഈ പ്രത്യയ ശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിലാണ് കൈക്കൊണ്ടുവരു ന്നത്.

തുടർന്ന് ക്രിസ്തീയസഭകൾക്ക് ഇപ്രകാരമുള്ള ഒരു പ്രത്യയ ശാസ്ത്ര അടിത്തറയ്ക്ക് ആവശ്യമായ പാരമ്പര്യം ഉണ്ടെങ്കിലും അത് ഇപ്പോൾ അനുഭവപ്പെട്ടുകാണുന്നില്ല എന്ന് സ്വയംവിമർശനം നടത്തുന്ന മാർ ഗ്രിഗോറിയോസ് ഈ കൃതിയിലും തന്റെ എണ്ണമറ്റ പുസ്തക ങ്ങളിലും പ്രബന്ധങ്ങളിലും പ്രഭാഷണങ്ങളിലും ഈ പോരായ്മ പരി ഹരിക്കാനാണ് ശ്രമിക്കുന്നത്. അനുനിമിഷം വികസ്വരമായിക്കൊണ്ടി രിക്കുന്ന ചിന്താചക്രവാളത്തിൽ ഈ കർത്തവ്യം നിർവഹിച്ചുകഴിഞ്ഞു എന്നോ അന്തിമമായി നിർവഹിക്കാൻ കഴിയുമെന്നോ ഉള്ള വ്യാമോ

ഹം പണ്ഡിതവരേണ്യനായ ഈ പുരോഹിത ശ്രേഷ്ഠൻ ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. എങ്കിലും ആ വഴിയിൽ ചരിച്ച പൂർവികരും ആധുനികരും ആയ ഏതൊരാളോടും കിടപിടിക്കത്തക്കവിധം അദ്ദേഹത്തിന്റെ സംഭാവനകൾ മഹത്തരം ആയിരുന്നു എന്ന് ലോകം അംഗീകരിക്കുന്നു.

വിജ്ഞാനം രണ്ടാം വിപ്ലവത്തിനുശേഷം

ഇംഗ്ലീഷിൽ 'സയൻസ്' എന്ന പേരിൽ അറിയപ്പെടുന്ന പ്രസ്ഥാനത്തെയാണ് ഇവിടെ സവിശേഷമായ ജ്ഞാനം എന്ന അർഥത്തിൽ വിജ്ഞാനം എന്നു വിശേഷിപ്പിക്കുന്നത്. ഇംഗ്ലീഷിലെ ടെക്നോളജിയെ സാങ്കേതികവിദ്യ എന്നും വിവർത്തനം ചെയ്തുവരുന്നു. ഇവയിൽ ആദ്യത്തേത് ചിന്താപ്രധാനവും രണ്ടാമത്തേത് കർമപ്രധാനവുമാണ്. എങ്കിലും അവ പരസ്പര ബന്ധിതവും പരസ്പര പൂരകവുമായ സാമൂഹ്യ പ്രതിഭാസവും പ്രയോഗവും എന്ന നിലയിൽ മാർഗ്രിഗോറിയോസ് പലപ്പോഴും ഇവ രണ്ടിനെയും സയൻസ്-ടെക്നോളജി അഥവാ ശാസ്ത്ര-സാങ്കേതിക വിദ്യ എന്നാണ് പരാമർശിക്കുന്നത്. ശാസ്ത്ര-സാങ്കേതിക വിദ്യയുടെ അതിമഹത്തായ നേട്ടങ്ങളും മനുഷ്യന്റെ ഉപജീവന മാർഗങ്ങളും മറ്റു ജീവിത കർത്തവ്യങ്ങളും അനായാസവും സുഖകരവുമാക്കുന്നതിൽ ഉള്ള പങ്ക് ഗ്രിഗോറിയോസ് എന്ന ആധുനികൻ നിരാകരിക്കുന്നില്ല. പക്ഷെ ശാസ്ത്ര-സാങ്കേതിക വിദ്യക്ക് മുൻതൂക്കം ലഭിക്കുന്ന സമൂഹങ്ങളിൽ സംഭവിക്കുന്ന വിമാനുഷീകരണത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശങ്കകൾ അടുത്ത അധ്യായങ്ങളിൽ വിവരിക്കുന്നുണ്ട്. ഹെഗലിന്റെയും മാർക്സിന്റെയും എന്നപോലെ ഗ്രിഗോറിയോസിന്റെയും ആധുനിക മനുഷ്യാവസ്ഥയെക്കുറിച്ചുള്ള ചിന്തകളിൽ മുന്തിനിൽക്കുന്ന "ഏലിയനേഷൻ" അഥവാ "അന്യവൽക്കരണം" ത്വരിതപ്പെടുത്താനും വിമാനിഷീകരണത്തിലേക്കു നയിക്കാനും ശാസ്ത്ര-സാങ്കേതിക വിദ്യകളും മുതലാളിത്ത സാമൂഹ്യവ്യവസ്ഥയും എപ്രകാരം തുണയ്ക്കുന്നു എന്ന കാര്യവും അദ്ദേഹത്തെ ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ വിമർശകനാക്കി മാറ്റുന്നു.

ശാസ്ത്ര-സാങ്കേതിക വിദ്യകൾക്ക് എതിരെയുള്ള ഈ വിമർശനങ്ങൾ മുഖ്യമായും അത് സമൂഹത്തിന്റെ മേലും വ്യക്തിയിലും ചെലുത്തുന്ന സ്വാധീനത്തിന്റെയും പ്രതികരണത്തിന്റെയും വിമർശനങ്ങളാണ്. എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമായി ശാസ്ത്രത്തിന് മറ്റൊരു വശമില്ലേ? യാഥാർഥ്യത്തെയും സത്യത്തെയും കണ്ടെത്തുക എന്നത് ശാസ്ത്രത്തിന്റെ സത്യാന്വേഷണ രീതിയിൽ കുറ്റമറ്റതാണോ? ശാസ്ത്രം ഉൽപാദിപ്പിക്കുന്ന അറിവ് വിശ്വാസ്യമാണോ? ശാസ്ത്ര നി

ഗമനങ്ങൾ എന്ന പേരിൽ നൂറ്റാണ്ടുകളായി അവതരിപ്പിക്കപ്പെടുന്ന പ്രമേയങ്ങളും സിദ്ധാന്തങ്ങളും നിരന്തരമായ തിരുത്തലുകൾക്കും അതിലേറെ തിരസ്കാരങ്ങൾക്കും വിഷയീഭവിച്ചതല്ലേ? ഇന്നു പറയുന്ന ശാസ്ത്ര സത്യം നാളെ തിരുത്തപ്പെടുവാൻ പോകുന്നതല്ലേ? ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രം എന്ന അരിസ്റ്റോട്ടിലിന്റെയും ടോളമിയുടെയും സിദ്ധാന്തങ്ങളെ തിരസ്കരിച്ചുകൊണ്ടല്ലേ പതിനാറാം നൂറ്റാണ്ടിൽ കോപ്പർ നിക്കസ് പ്രഥമ വൈജ്ഞാനിക വിപ്ലവത്തിന് തുടക്കം കുറിച്ച സൗരയൂഥ സിദ്ധാന്തം ആവിഷ്കരിച്ചത്. കോപ്പർ നിക്കസിന്റെ സൗരയൂഥ സിദ്ധാന്തത്തിൽ ഗ്രഹങ്ങൾ സൂര്യനെ ചുറ്റുന്നത് വൃത്തത്തിലാണെന്നത് തിരുത്തിയല്ലേ ദീർഘവൃത്തത്തിലാണെന്ന ഇന്നത്തെ ധാരണയ്ക്ക് കെപ്ലർ അടിസ്ഥാനമിട്ടത്. അതുപോലെ പതിനേഴാം നൂറ്റാണ്ടിൽ ഐസക് ന്യൂട്ടൺ ആവിഷ്കരിച്ച ഗുരുത്വാകർഷണ സിദ്ധാന്തം തുടങ്ങിയുള്ള യാന്ത്രിക പ്രപഞ്ചസങ്കൽപത്തെ തകിടം മറിച്ചുകൊണ്ടല്ലേ 1905 ൽ ആൽബർട്ട് ഐൻസ്റ്റൈൻ ആപേക്ഷിക സിദ്ധാന്തത്തിന് അടിത്തറ പാകിയത്. ഇങ്ങനെ ഒരു തെറ്റിൽനിന്ന് മറ്റൊരു തെറ്റിലേക്കും അവിടെ നിന്ന് മറ്റൊരു തെറ്റിലേക്കും പോകുന്ന ശാസ്ത്രസിദ്ധാന്തം പരിമിതമായ പരിധിക്കകത്ത് പ്രയോജനം ചെയ്യുമെങ്കിലും അതിന്റെ "സത്യ മൂല്യം" (ട്രൂത്ത് വാല്യൂ) എത്രമാത്രം വിശ്വാസ്യമാകും?

ഇതിൽനിന്നെല്ലാം ശാസ്ത്രത്തെ അപ്പാടെ തിരസ്കരിക്കണം എന്ന് വാദിക്കാനാവുകയില്ല. നമ്മുടെ ദൈനംദിന ജീവിതത്തിൽ ശാസ്ത്രവും സാങ്കേതികവിദ്യയും പ്രയോജനക്ഷമമാണെന്ന അനുഭവ സാക്ഷ്യം എങ്ങനെ തിരസ്കരിക്കും? അതുകൊണ്ട് ശാസ്ത്രത്തിന്റെ പ്രയോജനമൂല്യം തിരസ്കരിക്കാതെ തന്നെ അതിന്റെ സത്യമൂല്യം മാർ ഗ്രിഗോറിയോസ് ചോദ്യം ചെയ്യുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധമായ *Science for Sane Societies* (*ശാസ്ത്രം, സുബുദ്ധിയുള്ള സമൂഹത്തിന്*, ന്യൂയോർക്ക്, 1980) എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം വിവരിക്കുന്നു:

> Scientific theories are operational statements; they can be neither proved nor disproved. They can be rejected, when the community decides that a "better" one is available which has more predictive and explanatory power and is more elegant. There are some general indications on how to decide whether one theory is better than the other; but no rules can be laid down for making such decisions. The consensus in the community is decisive for the rejection of one theory

and the acceptance of another. (പുറം 111)

അതായത് സമൂഹത്തിന് പ്രയോജനം ഉള്ളിടത്തോളം കാലം മാത്രമേ ഒരു ശാസ്ത്ര സിദ്ധാന്തം നിലനിൽക്കൂ. നിലവിലുള്ളതിനെക്കാൾ പ്രയോജനകരമായ മറ്റൊന്ന് കൈയിൽ കിട്ടിയാൽ പഴയത് സമൂഹം ഉപേക്ഷിക്കുന്നു. അങ്ങനെ സമൂഹനിർമിതമാണ് ശാസ്ത്ര സത്യം. അതപ്പോൾ കേവലസത്യമല്ല, സമൂഹസത്യം മാത്രം. പ്രയോജനത്തിനു പുറമെ സമൂഹം മറ്റൊരു തരത്തിലും സിദ്ധാന്തങ്ങളെ നിർണയിക്കുന്നു. നിലവിലുള്ള സാംസ്കാരിക അവസ്ഥയും വിശ്വാസങ്ങളും ശാസ്ത്രജ്ഞന്മാരെയും ശാസ്ത്ര സിദ്ധാന്തങ്ങളെയും സ്വാധീനിക്കുക എന്നത് പല ശാസ്ത്ര ചരിത്രകാരന്മാരും കണ്ടെത്തിയിട്ടുള്ള സത്യമാണ്. ക്രിസ്തുവിനു മുമ്പുതന്നെ പൈഥഗോറസും അരിസ്റ്റാർക്കസും മറ്റും ഭൂമി ഉരുണ്ടതാണെന്നും സൂര്യനെ ചുറ്റുകയാണെന്നും മറ്റും കണ്ടെത്തിയിരുന്നെങ്കിലും യഹൂദ-ക്രിസ്തീയ വേദപുസ്തകങ്ങളിലെ ഉൽപ്പത്തിയും സൃഷ്ടിയും സംബന്ധിച്ച സിദ്ധാന്തങ്ങളുടെ ഉപരിപ്ലവ വായന മൂലം അരിസ്റ്റാർക്കസിന്റെയും പൈഥഗോറസിന്റെയും സിദ്ധാന്തങ്ങൾ തിരസ്കരിക്കപ്പെടുകയും ഉൽപ്പത്തി പുസ്തകത്തിലെ ധാരണകൾ അരിസ്റ്റോട്ടിലിന്റെയും ടോളമിയുടെയും മറ്റും പിൻബലത്തോടെ ആയിരം വർഷക്കാലം യൂറോപ്യൻ ചിന്തയിൽ ആധിപത്യം ചെലുത്തുകയും ചെയ്തു.

ചാൾസ് ഡാർവിന്റെ പരിണാമവാദത്തിലെ "സർവൈവൽ ഓഫ് ദി ഫിറ്റസ്റ്റ്" അഥവാ "അതിജീവിക്കാൻ അർഹതയുള്ളത് അതിജീവിക്കും" എന്ന സങ്കൽപനം അക്കാലത്തെ ബൂർഷ്വാ സാമ്പത്തികശാസ്ത്രത്തിൽ ആദംസ്മിത്തും റോബർട്ട് മാൽത്തൂസും മറ്റും ആവിഷ്കരിച്ചതിന്റെ പ്രകൃതിശാസ്ത്ര പതിപ്പായിരുന്നു എന്ന് ആധുനിക നിരൂപകർ ചൂണ്ടിക്കാട്ടുന്നു. അവിടെയും ശാസ്ത്രം അവകാശപ്പെടുന്ന സത്യമൂല്യത്തിന് ക്ഷതം സംഭവിക്കുന്നു.

1920 കളിൽ ക്വാണ്ടം ബലതന്ത്രവും കണികാ ഭൗതികവും അടിസ്ഥാനമാക്കി ഐസൻബുർഗും നീസ് ബോറും മറ്റും ആവിഷ്കരിച്ച അനിശ്ചിതത്വ സിദ്ധാന്തം ശാസ്ത്രചിന്തയെ വീണ്ടും പ്രതിസന്ധിയിലാക്കി. നിരീക്ഷണങ്ങളുടെയും പരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ പ്രകൃതിസത്യങ്ങൾ കണ്ടെത്തുകയാണല്ലോ ശാസ്ത്രത്തിന്റെ മാർഗം. എന്നാൽ "പാർട്ടിക്കിൾ ഫിസിക്സ്" അഥവാ "കണികാ ഭൗതികം" അനാവരണം ചെയ്യുന്ന പരമാണു ഘടനയിലെ അടിസ്ഥാന ഘടകങ്ങളായ പാർട്ടിക്കിൾസ് അഥവാ കണികകൾ നിരീക്ഷണത്തിനും ഗണനത്തിനും വിധേയമാകുന്ന പ്രക്രിയ മൂലം മാറിമറിയുന്നു. അപ്പോൾ പിന്നെ നിരീക്ഷണം കൊണ്ടുതന്നെ നിരീക്ഷി

തവസ്തു മാറ്റത്തിനു വിധേയമാവുകയാണെങ്കിൽ പിന്നെ നിരീക്ഷിത വസ്തുവിനെ മനസ്സിലാക്കാൻ നിരീക്ഷണ തന്ത്രം എങ്ങനെ പ്രയോജനപ്പെടും? ഈ പ്രശ്നങ്ങൾ എല്ലാം നേരത്തെ വിവരിച്ച തെറ്റിൽനിന്ന് തെറ്റിലേക്ക് തെന്നിപ്പോകുന്ന ശാസ്ത്രത്തിന്റെ സ്വഭാവമായി ഇണങ്ങിച്ചേരുമ്പോൾ ശാസ്ത്രവിദ്യയുടെ സത്യാന്വേഷണ രീതി തന്നെ പാളിപ്പോകുന്നു. ഇതും ഇതുപോലുള്ള കുറെയേറെ പ്രശ്നങ്ങളും ശാസ്ത്രത്തിന് എതിരെ ഉയർത്തുന്ന വെല്ലുവിളി നിസ്സാരമായി കരുതാനാവില്ലെന്ന് മാർ ഗ്രിഗോറിയോസ് വാദിക്കുന്നു.

ശാസ്ത്രത്തിനെതിരെ വെല്ലുവിളി

ശാസ്ത്രത്തിന്റെ സത്യമൂല്യത്തിന് 20-ാം നൂറ്റാണ്ടിൽ സംഭവിച്ച ഈ ശോഷണം ഒരു പുതിയ സംഘം ശാസ്ത്രവിരുദ്ധ ദാർശനികർക്ക് ജന്മം നൽകി. തോമസ് കുൻ (*വൈജ്ഞാനിക വിപ്ലവത്തിന്റെ ഘടന*), ഫ്രിറ്റ്ജോഫ് കപ്ര (*ടാവോ ഓഫ് ഫിസിക്സ്*), പോൾ ഫെയറബെന്റ് (*എഗൻസ്റ്റ് മെതേഡ്*) തുടങ്ങിയവർ ശാസ്ത്ര സത്യാന്വേഷണ സമ്പ്രദായങ്ങളെയും ശാസ്ത്രമൂല്യ വിശ്വാസ്യതയെയും ചോദ്യം ചെയ്തു. കാൾ പോപ്പർ (*ദി ലോജിക് ഓഫ് സൈന്റിഫിക് ഡിസ്കവറീസ്*) തുടങ്ങിയവർ ഉൾപ്പെട്ട മറ്റൊരു സംഘം ശാസ്ത്ര സത്യാന്വേഷണ സമ്പ്രദായത്തെ ന്യായീകരിക്കാൻ മുന്നോട്ടുവന്നപ്പോഴും ഏതേതു ശാസ്ത്ര സിദ്ധാന്തങ്ങൾക്കാണ് സത്യമൂല്യം ഉള്ളതെന്നു കണ്ടെത്താൻ "ഫോൾസിഫിക്കേഷൻ തിയറി" തുടങ്ങിയ വിചിത്ര നിർദേശങ്ങളുമായി വന്നതും ആത്യന്തികമായി ശാസ്ത്ര വിശ്വാസ്യതയെ ദുർബലപ്പെടുത്തുകയാണ് ചെയ്തത്.

ഇവരിൽ തോമസ് കുൻ ആവിഷ്കരിച്ച "Paradigm" (പരാഡിയം) എന്ന സങ്കൽപനം എല്ലാ ശാസ്ത്ര പുരോഗതിയെയും നിഷേധിക്കുന്നു. ഏതാനും പൂർവ സങ്കൽപങ്ങളുടെയും അന്വേഷണ താൽപര്യങ്ങളുടെയും ചട്ടക്കൂടാണ് പരാഡിയം. ഈ പരാഡിയം മാറുമ്പോൾ അതിന് അതിന്റെ ചട്ടക്കൂടിനകത്ത് ആവിഷ്കരിക്കപ്പെട്ട് സിദ്ധാന്തം മാറുന്നു എന്നല്ലാതെ മുൻ സിദ്ധാന്തങ്ങളിൽനിന്ന് അത് വ്യത്യസ്തമല്ല എന്ന് കോപ്പർനിക്കസ് സൗരയൂഥ സിദ്ധാന്തത്തിന്റെ പരിമിതികൾ വിവരിച്ചുകൊണ്ട് കുൻ സമർഥിക്കാൻ ശ്രമിക്കുന്നു. വളരെ പരുക്കനായി പറഞ്ഞാൽ കണ്ണട മാറുന്നതിനനുസരിച്ച് കാഴ്ചയ്ക്ക് വ്യത്യാസം വരുന്ന രീതിയിൽ ഉള്ള ഒരു പ്രതിഭാസം മാത്രമാണ് ശാസ്ത്ര സിദ്ധാന്തങ്ങളുടെ മാറ്റം അല്ലെങ്കിൽ പുരോഗതി. തോമസ് കുനിന്റെ പരാഡിയം സിദ്ധാന്തത്തെ സ്റ്റീവ് ഫുള്ളറെപ്പോലുള്ള വിമർശകർ യുക്തിയുക്തം ഖണ്ഡിച്ചിട്ടുണ്ട്. എങ്കിലും തോമസ് കുൻ ഇപ്പോഴും ഒരു വിഭാഗം ശാസ്ത്രദാർശനികരുടെ വഴികാട്ടിയായി തുടരുന്നു.

പോൾ ഫെയറബാന്റ് ആകട്ടെ ശാസ്ത്രത്തിലെ നിയമങ്ങളെയും പൗർവാപര്യ ബന്ധങ്ങളെയും തിരസ്കരിച്ച് ഒരുതരം വിചിത്രമായ അരാജക വിജ്ഞാന സിദ്ധാന്തം ആണ് അവതരിപ്പിക്കുന്നത് മാർ ഗ്രിഗോറിയോസിന്റെ സുഹൃത്തും പല സെമിനാറുകളിൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകനുമായിരുന്ന ലണ്ടൻ സർവകലാശാല പ്രൊഫസർ ഇംറെ ലാക്കാറ്റോസിനെ അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. എങ്കിലും ഗ്രിഗോറിയോസിന്റെ ചായ്വ് തോമസ് കുൻ, പോൾ ഫെയറാബാന്റ്, ഫ്രിറ്റ്ജ് ഓഫ് കാപ്ര തുടങ്ങിയവരോടാണ് എന്നു തോന്നുംവിധത്തിലാണ് അദ്ദേഹത്തിന്റെ പാശ്ചാത്യ ശാസ്ത്ര വിമർശനം പുരോഗമിക്കുന്നത്.

മാർക്സിസ്റ്റ് സിദ്ധാന്തത്തിലും പാശ്ചാത്യ ശാസ്ത്ര ദൗർബല്യങ്ങളുടെ ലാഞ്ഛനകൾ മാർ ഗ്രിഗോറിയോസ് കാണുന്നുണ്ടെങ്കിലും പാശ്ചാത്യ ശാസ്ത്രദർശനം നേരിടുന്ന കനത്ത വെല്ലുവിളികളെ പ്രതിരോധിക്കുന്ന സിദ്ധാന്ത സംഹിത മാർക്സിസത്തിന്റേത് മാത്രമാണെന്ന് അദ്ദേഹം കരുതുന്നു. ഹെഗലിന്റെ ആശയവാദാധിഷ്ഠിതമായ ദ്വന്ദ്വാത്മകവാദത്തിന്റെയും ആശയവാദത്തിന്റെയും കടുംപിടിയിൽ നിന്ന് മോചിപ്പിക്കുകയാണ് മാർക്സ് ചെയ്തതെന്ന് ഹെഗലും ഫൊയർബാഹും മാർക്സും തമ്മിലുള്ള ബൗദ്ധിക ബന്ധം വിശകലനം ചെയ്തപ്പോൾ മാർ ഗ്രിഗോറിയോസ് വിവരിച്ചിരുന്നത് ഓർക്കുമല്ലോ. വൈജ്ഞാനിക യത്നം നേരിടുന്ന പ്രതിസന്ധിയെ മറികടക്കാൻ ദർശനവും അർഥശാസ്ത്രം ഉൾപ്പെടെ സാമൂഹ്യ വിജ്ഞാനീയവും സമന്വയിച്ചാലേ കഴിയൂ എന്ന മാർക്സിന്റെ വാദം സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള ഐക്യത്തിന്റെ തുടർച്ചയാണ്. മാർ ഗ്രിഗോറിയോസ് പറയുന്ന ദാർശനിക യുക്തിയും പ്രായോഗിക യുക്തിയും തമ്മിലുള്ള വ്യതിരേകവും വിലയനവും ഇവിടെ പ്രസക്തം ആകുന്നു. മാർക്സിന്റെ വൈജ്ഞാനിക ദർശനത്തെ ഗ്രിഗോറിയോസ് ഇപ്രകാരം സംഗ്രഹിച്ച് വിലയിരുത്തുന്നു:

> It is against this view that Marx has reacted. Hegel's view makes it possible only for the intellectual elite to become authentically human. Marx's contribution was to see theoritical reflection as integrally related to the praxis of socially oraganized labour, and meaningless without that integral relation.
>
> Hegel saw the universal mind reflected in the individual mind. Marx would prefer to see it reflected in the corporate social mind. The intellectual, by himself, does not have access to

truth; nor does science divorced from political economy. It is necessary to integrate the intellectual and the working class, as well as individual and society, but both these integrations have to take place in an ideological paradigm that combines science and philosophy, technology and political economy in a single framework.

Marxism alone, among contemporary philosophies, has such a framework or paradigm which can integrate the physical and the human sciences, science and philosophy, technology and ideology into a single integrated paradigm.

Neither the Christian faith, nor any of the other religious or secular nor-Marxist ideologies, has, so far as I know succeeded in providing such a framework." (പുറം 121)

പ്രയോജന മൂല്യവും സന്ദിഗ്ദ്ധം

പാശ്ചാത്യ ശാസ്ത്രത്തിൽ സിദ്ധാന്തപക്ഷം മാത്രമല്ല പ്രയോഗപക്ഷവും മാർ ഗ്രിഗോറിയോസ് പലയിടത്തും വിമർശിക്കുന്നുണ്ട്. എങ്ങനെയാണ് പാശ്ചാത്യ ശാസ്ത്രം ധാർമിക മൂല്യങ്ങളെ തിരസ്കരിച്ച് വിനാശകരമായ ആണവയുദ്ധത്തിൽ എത്തിച്ചേർന്നതും ഇനിയും ആണവായുധങ്ങൾ ഉത്തരോത്തരം പരിഷ്കരിച്ച് ഭൗമഗ്രഹത്തെ നശിപ്പിക്കുന്ന ഘട്ടത്തിലേക്ക് നീങ്ങുന്നത് എന്നും ലോക സമാധാന പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാവ് എന്ന നിലയിൽ മാർ ഗ്രിഗോറിയോസ് പലയിടത്തും വ്യക്തമാക്കിയിട്ടുണ്ട്.

കുറെക്കൂടി ലളിതവും സുഗ്രാഹ്യവുമായ മറ്റൊരു വിമർശനമാണ് പാശ്ചാത്യ ശാസ്ത്ര സാങ്കേതികവിദ്യയുടെ ഉപോൽപ്പന്നമായ അലോപ്പതി എന്ന ചികിത്സാസമ്പ്രദായം *ഹീലിങ്: എ ഹോളിസ്റ്റിക് അപ്രോച്ച്* (1995, കോട്ടയം) എന്ന ഒരു പുസ്തകത്തിൽ പാശ്ചാത്യ ചികിത്സാരീതിയുടെ പരിമിതികളെയും ആപൽസാധ്യതകളെയും കുറിച്ച് അദ്ദേഹം സവിസ്തരം വാദിക്കുന്നു. പാശ്ചാത്യ ചികിത്സാരീതി സാധാരണക്കാരുടെ സാമ്പത്തികശേഷിക്ക് അപ്പുറമാണ് എന്നു മാത്രമല്ല ബഹുരാഷ്ട്ര കുത്തകകളുടെ വളർച്ചയ്ക്കും ചൂഷണത്തിനും ലോകജനതയെ അത് ഇരയാക്കുകയും ചെയ്യുന്നു.

യാന്ത്രിക ഭൗതികവാദത്തിന്റെ അടിസ്ഥാനത്തിലുള്ള പാശ്ചാത്യ ചികിത്സാരീതി മനുഷ്യനെന്ന പൂർണ ജൈവ ഘടകത്തെയോ അവൻ ജീവിക്കുന്ന സാഹചര്യങ്ങളെയോ കണക്കിലെടുക്കാതെ വികലവും വിഭക്തവുമായ ചികിത്സയാണ് നടത്തുന്നത്. അമിതമായ

രാസൗഷധ പ്രയോഗങ്ങൾ ഉണ്ടാക്കുന്ന പാർശ്വ ഫലങ്ങളും ചികിത്സ മൂലം ഉണ്ടാകുന്ന പുതിയ രോഗങ്ങളും ഈ വിഭക്ത സമീപനത്തിന്റെ ദുഷ്ഫലമാണെന്നും ശരീരത്തിന്റെ ജൈവപ്രകൃതത്തെ പ്രതിരോധിക്കുകയാണ് ആന്റിബയോട്ടിക് തുടങ്ങിയ രാസപ്രയോഗങ്ങൾ നടത്തുന്നത് എന്നും ഗ്രിഗോറിയോസ് ചൂണ്ടിക്കാട്ടുന്നു:

> പത്തൊൻപതാം ശതാബ്ദത്തിൽ മനുഷ്യന്റെ ശരീരം തന്നെ ഒരു യന്ത്രമാണെന്നുള്ള അടിസ്ഥാനത്തിൽ ഉയർന്നുവന്നതാണ് പാശ്ചാത്യ വൈദ്യശാസ്ത്രം. ശരീരത്തിന്റെ ചികിത്സയ്ക്ക് ഒരു വൈദ്യസമ്പ്രദായത്തെയും മാനസികരോഗ ചികിത്സയ്ക്ക് മറ്റൊരു വൈദ്യസമ്പ്രദായത്തെയും ആവിഷ്കരിച്ചു.
>
> അടിസ്ഥാനപരമായി ചോദ്യം ചെയ്യാവുന്ന തത്വസംഹിതയിന്മേലാണ് പാശ്ചാത്യ വൈദ്യശാസ്ത്രം വളർന്നുയർന്നിട്ടുള്ളത്. മനുഷ്യൻ എന്ന പ്രതിഭാസത്തെപ്പറ്റി പാശ്ചാത്യ വൈദ്യശാസ്ത്രത്തിനുള്ള വിലയിരുത്തൽ വളരെ വികലവും വഴിതെറ്റിയതുമാണെന്നു ബോധ്യമായിത്തുടങ്ങിയിട്ടുണ്ട്.
>
> ചൈനീസ് വൈദ്യം അക്യുപങ്ചർ, അക്യുപ്രഷർ, ടിബറ്റൻ വൈദ്യശാസ്ത്രം, സൈബീരിയൻ വൈദ്യശാസ്ത്രം, യോഗ വൈദ്യശാസ്ത്രം എന്നിങ്ങനെ ഏതാണ്ട് അറുപതോളം പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങൾ ലോകജനത ഇന്ന് ഉപയോഗിക്കുന്നു. (പുറം 77,78 *ന്യൂ വിഷൻ ന്യൂ ഹ്യൂമാനിറ്റി*)

അലോപ്പതിയുടെ നേട്ടങ്ങളെയെല്ലാം ഗ്രിഗോറിയോസ് തിരസ്കരിക്കുന്നില്ല. പക്ഷെ ചികിത്സാവ്യവസ്ഥയ്ക്ക് അലോപ്പതി മാത്രമേ ഫലപ്രദമാകൂ എന്നത് ആപൽക്കരമായ ഒരു അന്ധവിശ്വാസമാണെന്ന് അദ്ദേഹം കരുതുന്നു. മാത്രമല്ല, പാശ്ചാത്യ മുതലാളിത്തം രൂപപ്പെടുത്തിയ അലോപ്പതി ആശുപത്രിവ്യവസ്ഥയെ തന്നെ മാർ ഗ്രിഗോറിയോസ് ചോദ്യം ചെയ്യുന്നു. പരിസ്ഥിതിയോടുള്ള പ്രതിബദ്ധതയും പ്രകൃതിയോടുള്ള മമതയും ചികിത്സാസമ്പ്രദായത്തിൽ സന്നിവേശിപ്പിക്കണം എന്നും ശാരീരികമായ ആരോഗ്യവും മാനസികമായ സുസ്ഥിതിയും സമന്വയിക്കണമെന്നും ഉള്ള ധാരണകൾ അനുഭവത്തിൽ നിന്നു മാത്രമല്ല തന്റെ മാനവിക വീക്ഷണത്തിൽനിന്നും ഉരുത്തിരിയുന്നു. അദ്ദേഹം തുടർന്നു പറയുന്നതുകൂടി വായിക്കുക:

> ഒഴുകുന്ന വെള്ളവും വളരുന്ന മരങ്ങളും പച്ചപിടിച്ച പുൽത്തകിടികളും കണ്ണിനാശ്വാസം തരുന്ന തോട്ടങ്ങളും ഒക്കെയായിരിക്കും രോഗിക്കു കുറെക്കൂടി പ്രയോജനം നൽകുക.
>
> രോഗികൾ തമ്മിലും ഇന്നു സമ്പർക്കമില്ല. അവർ തമ്മിലുള്ള

സഹകരണവും സഹവർത്തിത്വവും വർധിക്കുമ്പോൾ മനസിന് ഉണ്ടായ രോഗശാന്തിക്കു വേഗത വർധിക്കും.

മനസിനും ശരീരത്തിനും ആത്മാവിനും ഒരുപോലെ ആശ്വാസം നൽകുന്ന പുതിയ ചികിത്സാപരിസരങ്ങളെ നമുക്കു വിഭാവനം ചെയ്യാൻ കഴിയണം. വിവിധ രീതിയിലുള്ള ചികിത്സാക്രമങ്ങളും ലഭ്യമാക്കണം.

പ്രാർഥനയുടെയും ധ്യാനത്തിന്റെയും അന്തരീക്ഷം ഈ ചികിത്സാ സ്ഥലങ്ങളിൽ ഉണ്ടായിരിക്കണം. എല്ലാവർക്കും ആരോഗ്യം സംസിദ്ധമാകാൻ ഇങ്ങനെയൊക്കെയുള്ള സമീപനമാണ് ആവശ്യമായിട്ടുള്ളത്.

പാശ്ചാത്യ ചികിത്സാരീതികളെ അപ്പാടെ തള്ളിക്കളയണമെന്നല്ല വാദം. അതോടൊപ്പം പരമ്പരാഗത ചികിത്സാരീതികളുംകൂടി വളർന്നുവരണമെന്നാണ് അർഥമാക്കുന്നത്. ആശുപത്രികൾ അരോഗതയുടെയും ആശ്വാസത്തിന്റെയും കേന്ദ്രങ്ങളായി മാറണമെന്നുമാത്രം. (ടി പുസ്തകം, പുറം 79) ●

അധ്യായം 24

മാർക്സിസ്റ്റ് സിദ്ധാന്തം

പൗലോസ് മാർ ഗ്രിഗോറിയോസിന് മാർക്സിസ്റ്റ് സിദ്ധാന്തവും പ്രയോഗവും തമ്മിൽ ഉണ്ടായിരുന്ന ബന്ധം ഒരു വശത്തുനിന്ന് നോക്കുമ്പോൾ ലളിതവും മറ്റൊരു വശത്തുനിന്ന് നോക്കുമ്പോൾ സങ്കീർണവും ദുർഗ്രഹമെന്നു പോലും തോന്നുംവിധം വൈരുധ്യജടിലവുമായിരുന്നു. 'ചുവപ്പൻ ബിഷപ്പ്' എന്നും 'ഇളം ചുവപ്പൻ ബിഷപ്പ്' എന്നും മറ്റും ചിലർ ആദരസൂചകമായും മറ്റു ചിലർ വിമർശനാത്മകമായും അദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നു. 1993 ഏപ്രിൽ മാസത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ ഒരു പള്ളി സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കണം എന്ന് അപേക്ഷയുമായി യുണൈറ്റഡ് അറബ് എമിറേറ്റ്സ് (യു എ ഇ) സന്ദർശിച്ച അവസരത്തിൽ തന്റെ ദീർഘകാല സുഹൃത്തും യു എ ഇ ഭരണാധിപന്റെ ഉപദേഷ്ടാവുമായ ഷെയ്ഖ് ഇബ്രാഹിം എസഡിനെ കണ്ടപ്പോൾ നടത്തിയ ഒരു സംഭാഷണത്തെക്കുറിച്ച് 'ചുവപ്പു മെത്രാൻ' എന്ന അധ്യായത്തിൽ വിവരിച്ചിരുന്നത് ഓർക്കുമല്ലോ. ഗ്രിഗോറിയോസ് പിങ്ക് അഥവാ ഇളം ചുവപ്പു മെത്രാനാണെന്ന് ചിലരൊക്കെ പറയുന്നത് ശരിയാണോ എന്നായിരുന്നു ഷെയിഖിന്റെ ചോദ്യം. താൻ സാമൂഹ്യനീതിയിലും സോഷ്യലിസത്തിലും വിശ്വസിക്കുന്നു എങ്കിലും വൈരുധ്യാധിഷ്ഠിത ഭൗതികവാദം ചരിത്രപരമായ ഭൗതികവാദം തുടങ്ങിയ മാർക്സിസ്റ്റ് സംവർഗങ്ങളിലോ അത്തരത്തിലുള്ള മറ്റു പാശ്ചാത്യ ദാർശനിക

സംവർഗങ്ങളിലോ ഒന്നും വിശ്വസിക്കുന്നില്ല എന്ന ഗ്രിഗോറിയോസിന്റെ മറുപടിയും ഏഴാം അധ്യായത്തിൽ വിശദമായി ഉദ്ധരിച്ചിരുന്നു.

ഇപ്രകാരം മാർക്സിസ്റ്റ് സിദ്ധാന്തങ്ങളിലെ പല സംവർഗങ്ങളും തനിക്ക് സ്വീകാര്യമല്ലെന്നു പ്രഖ്യാപിക്കുമ്പോഴും ആ സിദ്ധാന്തത്തിന്റെ പല വശങ്ങളും സ്വാംശീകരിച്ച് അദ്ദേഹം തന്റെ ദാർശനിക കാഴ്ചപ്പാടുകളെ സമ്പന്നമാക്കിയിട്ടുണ്ട്. മറ്റു പല ദാർശനിക സിദ്ധാന്തങ്ങളും ആഴത്തിൽ പഠിച്ച് വിശദീകരിക്കുന്നതോടൊപ്പം മാർക്സിസ്റ്റ് ദർശനത്തിലും അദ്ദേഹം നിറഞ്ഞ ഉപസ്ഥിതി നേടിയിരുന്നു.

ജ്ഞാനാർജന രീതികളേയും വ്യക്തിസത്തയും സമൂഹസത്തയും തമ്മിലുള്ള ബന്ധത്തേയും മനുഷ്യസത്തയുടെ രൂപീകരണത്തിൽ സമൂഹം വഹിക്കുന്ന പങ്കിനേയും എല്ലാം കുറിച്ച് പല പുതിയ കണ്ടെത്തലുകൾ അവതരിപ്പിച്ചിട്ടുള്ള വിൽഹെം ഡിൽട്ടായ് വൈരുധ്യാത്മക സിദ്ധാന്തത്തിന്റെ ആധുനിക കാല വ്യാഖ്യാതാവായ ജി ഡബ്ലിയു എഫ് ഹെഗൽ ചരിത്രപരമായ ഭൗതികവാദത്തിന് ദണ്ഡം നൽകിയ ചില ചിന്താധാരകൾ അവതരിപ്പിച്ച് ഹെഗലിനോടൊപ്പം മാർക്സിസത്തിന്റെ പൂർവഗാമിയായ ലുഡ്വിഗ് ഫൊയർബാഹ് തുടങ്ങിയവരുടെ ചിന്തകളെ അപഗ്രഥിച്ച് മാർക്സിസവുമായി താരതമ്യപ്പെടുത്തുമ്പോൾ മാർ ഗ്രിഗോറിയോസ് മാർക്സിസത്തിന്റെ മേന്മയെ സമർഥിക്കുന്നത് പലപ്പോഴും അദ്ദേഹത്തിന്റെ കൃതികളിൽ കണ്ടെത്താം. മാർ ഗ്രിഗോറിയോസ് ഡിൽട്ടായുടെ ചിന്തയെ ഇപ്രകാരം സംഗ്രഹിക്കുന്നു:

> എന്നാൽ എന്റെ ചരിത്രാസ്തിത്വത്തെപ്പറ്റിയുള്ള സ്വയം നിർണയം മൂല്യങ്ങളെപ്പറ്റിയുള്ള നിർണയം കൂടിയാണ്. മൂല്യങ്ങളും ഉദ്ദേശ്യങ്ങളും എല്ലാം മനുഷ്യമനസ്സിൽ നിന്നാണുദിക്കുന്നത്. ഡിൽട്ടായും അസ്തിത്വവാദികളും പറയുന്നത് വ്യക്തിയുടെ മനസ്സിൽ നിന്നാണുദിക്കുന്നതെന്നത്രെ. വിവിധ വ്യക്തികളുടെ വിവിധ മനസ്സുകളിൽ ഉദിക്കുന്ന മൂല്യങ്ങളിലും നിശ്ചയങ്ങളിലും ഒരുപോലെ കാണുന്ന ആശയങ്ങൾ സാമൂഹ്യമൂല്യങ്ങളായിത്തീരുന്നു. അവയിൽ നിന്ന് സാമൂഹ്യ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ഉണ്ടായിത്തീരുന്നു. ഈ സ്ഥാപനങ്ങളേയും പ്രസ്ഥാനങ്ങളേയും അവയുടെ പിറകിൽ കിടക്കുന്ന മൂല്യങ്ങളേയും ഉൾക്കൊള്ളുന്ന ലോകത്തെ മനോമുദ്ര പതിഞ്ഞ ലോകം (Geistige Welt) എന്നു വിളിക്കുന്നു. സാമൂഹ്യശാസ്ത്രങ്ങളെല്ലാം പഠിക്കുന്നത് ഈ മനോമുദ്ര പതിഞ്ഞ ലോകത്തെയാണ്. അതിൽ സാഹിത്യവും സംഗീതവും കലയും ശാസ്ത്രവും മതവും രാഷ്ട്രീയവും സാമൂ

> ഹ്യവും സാമ്പത്തികവും ഒക്കെ ഉൾപ്പെടുന്നു. അതിനെ മാത്രമേ മനുഷ്യനെ സംബന്ധിച്ചിടത്തോളം യാഥാർഥ്യമെന്ന് പറയാനൊക്കൂ. മാനുഷികലോകമാണത്. അതിനെ മനസ്സിലാക്കുന്നതാണ് ചരിത്രം. ചരിത്രം മാത്രമേ യാഥാർഥ്യമായിട്ടുള്ളൂ. കാലത്തിൽ മനുഷ്യവർഗത്തിന്റെ കഥയാണ്ചരിത്രം. ചരിത്രലോകം എന്നു പറയുന്നത് വ്യക്തികളുടെ പരസ്പര ബന്ധങ്ങളും പ്രവർത്തനങ്ങളും സൃഷ്ടികളും കൊണ്ടാണ് നിർമിതമായിരിക്കുന്നത്. മനുഷ്യർക്ക് മൂല്യങ്ങളും ഉദ്ദേശ്യങ്ങളുമുള്ളതുകൊണ്ട് ചരിത്രലോകത്തിലുമുണ്ട് മൂല്യങ്ങളും ഉദ്ദേശ്യങ്ങളും. ചരിത്രത്തിന് അതിന്റേതായ നിയമങ്ങളൊന്നുമില്ല. ചരിത്രനിയമങ്ങളെ പ്രകൃതിശാസ്ത്രനിയമങ്ങളെപ്പോലെ ഭാവിയെക്കുറിച്ചുള്ള പ്രവചനത്തിനുപയോഗിപ്പാൻ സാധ്യമല്ല. പക്ഷേ മനുഷ്യസ്വഭാവത്തിന് ചില ചിട്ടകളും നിയമങ്ങളും നിഷ്ഠകളുമൊക്കെയുണ്ട്. അതു വെച്ചുകൊണ്ട് മനുഷ്യൻ ഇന്ന വിധത്തിലേ പ്രവർത്തിക്കൂ എന്ന് പൊതുവിൽ ചിന്തിക്കാൻ സാധിക്കും. (പുറം 49–50, *ദർശനം മതം ശാസ്ത്രം*)

ഡിൽട്ടായിയുടെ ഈ ചിന്ത പല മേഖലകളിലും മാർക്സിയൻ ചിന്തയുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും ചില മേഖലകളിൽ അവ വ്യത്യസ്ത ദിശകളിലേക്കും വിപരീത ദിശകളിലേക്കും തിരിയുന്നത് മാർ ഗ്രിഗോറിയോസ് നമ്മുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ ചിന്തയിൽ നിന്ന് എങ്ങനെയാണ് മാർക്സിന്റെയും എംഗൽസിന്റെയും ചിന്ത സൂക്ഷ്മാംശങ്ങളിൽ വ്യതിരിക്തമാകുന്നത് എന്ന് ഗ്രിഗോറിയോസ് തുടർന്ന് വിശദീകരിക്കുന്നു:

> ഇത് ഡിൽട്ടായുടെ ചിന്താഗതി അൽപ്പം വ്യത്യസ്തമായിട്ടാണ് മാർക്സിസം പറയുന്നത്. ദ്വന്ദാത്മക വാദത്തിന്റെ ചട്ടക്കൂടിലൊതുങ്ങുന്ന ഒരു യാഥാർഥ്യമാണ് മാർക്സിസ്റ്റ് ദർശനത്തിൽ ചരിത്രം. "അസ്തിത്വമുള്ളതെല്ലാം ഉണ്മയാണ്. ഉണ്മയുടെ ലോകം വസ്തുശക്തി (matter energy) യാൽ ആവിഷ്കൃതമാണ്. ഈ വസ്തു-ശക്തി വികസ്വരമാണ്. ആ വികസനം നടക്കുന്നത് ചില നിശ്ചിത നിയമങ്ങൾക്കധീനമായാണ്. ഈ നിയമങ്ങളിൽ പ്രധാനമായത് ദ്വന്ദാത്മകതാ വാദത്തിന്റെ മൂന്ന് അടിസ്ഥാന തത്വങ്ങളാണ്. ഒന്നാമത് മാത്രയെ ഗുണമായി വിവർത്തനം ചെയ്യുന്ന നിയമം. രണ്ടാമത് പരസ്പര വിരുദ്ധ യാഥാർഥ്യങ്ങളുടെ പരസ്പരപ്രവേശനം. മൂന്നാമത് നിഷേധത്തിന്റെ നിഷേധനിയമം".

മാർക്സിസ്റ്റ് ദർശനത്തിന്റെ ഒരു സമാഹാരമാണ് മേൽ ഖണ്ഡികയിൽ നൽകിയിട്ടുള്ളത്. എംഗൽസിന്റെ ദാർശനിക ചിന്താഗതിയുടെ അടിസ്ഥാനത്തിൽ റഷ്യയിലെ ദാർശനികന്മാർ നൽകുന്ന യാഥാർഥ്യ ദർശനമാണിത്. പാശ്ചാത്യ ചിന്തകന്മാർ അധികം പേർ പ്രകൃതിയേയും ചരിത്രത്തേയും വ്യത്യസ്ത തത്വങ്ങൾ മൂലം അപഗ്രഥിക്കുവാൻ ശ്രമിക്കുമ്പോൾ, അങ്ങനെ ഒരു വ്യത്യാസം കൂടാതെ ചരിത്രത്തേയും ജീവശാസ്ത്രത്തേയും ഭൂശാസ്ത്രത്തേയും ഒറ്റച്ചരടിൽ കോർത്തിണക്കി അർഥം കൽപ്പിക്കുവാനാണ് മാർക്സിസ്റ്റ് ദർശനത്തിന്റെ ഉദ്യമം. എംഗൽസിന്റെ (*Dialectics of Nature*) എന്ന ലഘു പ്രബന്ധത്തിലാണ് ഈ ദർശനത്തിന്റെ അടിസ്ഥാനം. മനുഷ്യേതര പ്രപഞ്ചത്തെ മാത്രം വികസനവാദത്തിന്റെ അടിസ്ഥാനത്തിൽ ദർശിക്കുവാൻ ഡാർവിൻ ശ്രമിച്ചു. എന്നാൽ മനുഷ്യമനസ്സിന്റെയും മനുഷ്യേച്ഛയുടെയും പ്രവർത്തനത്തേയും അതേ അടിസ്ഥാനത്തിൽ മനസ്സിലാക്കാമെന്നാണ് എംഗൽസ് പറഞ്ഞത്. (പുറം 50, ടി പുസ്തകം)

ഹെഗേലിയൻ വൈരുധ്യവാദം

വൈരുധ്യവാദം അഥവാ ഡയലെറ്റിക്സ് ദാർശനിക ചിന്തയുടെ ആരംഭം മുതൽ തന്നെ നിലനിന്ന ഒരു ജ്ഞാനോൽപ്പാദന സമ്പ്രദായമാണ്. യവനദാർശനികരായ സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയവരിലും ഭാരതീയ ദാർശനികരായ യാജ്ഞവല്ക്യൻ, നാഗാർജുനൻ, ശങ്കരൻ തുടങ്ങിയവരിലും എല്ലാം വൈരുധ്യവാദത്തിന്റെ പ്രതിഫലനവും പ്രയോഗവും കണ്ടെത്താം. ഈ പാരമ്പര്യങ്ങളെ എല്ലാം സ്വംശീകരിച്ച് വൈരുധ്യവാദത്തെ ഒരു പൂർണചിന്താപദ്ധതിയായി വളർത്തിയത് ജർമൻ ദാർശനികനായ ജി ഡബ്ലിയു എഫ് ഹെഗൽ ആണ്. ഈ ദാർശനികരുടെയെല്ലാം കാഴ്ചപ്പാടുകളിൽ പ്രഥമസ്ഥാനം അർഹിക്കുന്നത് മോണിസം അഥവാ അദ്വൈതവാദമാണ്. സകല പ്രതിഭാസങ്ങളും പരസ്പരബന്ധിതമാണെന്ന്, ഈ ബന്ധങ്ങളിൽ നിന്നടർത്തിയെടുത്ത് ഒന്നിനെക്കുറിച്ചും ശരിയായി ധരിക്കാനാവില്ലെന്നാണ് അവരുടെ പക്ഷം. പ്രകൃതിയും മനുഷ്യസമൂഹവുമുൾപ്പെടെ സകല പ്രതിഭാസങ്ങളും നിരന്തരമായി മാറിക്കൊണ്ടിരിക്കുകയാണെന്ന ഗ്രീക്കു ദാർശനികൻ ഹെറാക്ലിറ്റസിന്റെ ഉൾക്കാഴ്ചയെ ചിട്ടപ്പെടുത്തുകയും വിശദീകരിക്കുകയും ചെയ്ത് വ്യക്തതയും പൂർണതയും നൽകിയത് ഹെഗലാണ്. പരസ്പരവിപരീതങ്ങളുടെ സംഘട്ടനത്തിലൂടെയും സമന്വയത്തിലൂടെയും വീണ്ടും സംഘ

ട്ടനത്തിലൂടെയും എന്ന ഒരു ശൃംഖലാബന്ധിത പ്രക്രിയയാണ് മാറ്റ മെന്നും മാറ്റമില്ലാത്തതായി മാറ്റം മാത്രമേ ഉള്ളൂ എന്നും ഹെഗൽ വാദിച്ചു. മാറ്റം രണ്ടുതരത്തിലുണ്ട് എന്നും അവയെ ഗണപരമെന്നും ഗുണപരമെന്നും തിരിക്കാമെന്നും (Quantitative and Qualitative) ഹെഗൽ കണ്ടെത്തി. ഗണപരമായ മാറ്റം മൂർധന്യത്തിലെത്തുമ്പോൾ ഗുണപരമായ മാറ്റമാകും. കൂടാതെ മാറ്റങ്ങളിൽ മേൽഗതി എന്ന പോലെ അധോഗതിയും ഉണ്ടാകാമെങ്കിലും ആകെയുള്ള മാറ്റം ദീർഘ കാലാടിസ്ഥാനത്തിൽ മേൽഗതിയിലേക്ക് തന്നെയായിരിക്കും എന്നും ലാളിത്യത്തിൽ നിന്ന് സങ്കീർണതയിലേക്ക് ആയിരിക്കും എന്നുള്ളത് ഹെഗലിന്റെ മറ്റൊരു ഡയലക്ടിക്കൽ ലോ അഥവാ വൈരുധ്യവാദ നിയമമാണ്. മാർക്സും എംഗൽസും വൈരുധ്യാത്മക സംക്രമണ നിയമവും ഗുണഗണ വ്യവച്ഛേദവും അംഗീകരിക്കുന്നു.

എന്നാൽ ഹെഗൽ ഈ മാറ്റങ്ങളെയെല്ലാം ആശയവാദാടിസ്ഥാ നത്തിലാണ് ആവിഷ്കരിക്കുന്നത്. അതായത് ആശയങ്ങൾ തമ്മിലു ള്ള സംഘട്ടനമാണ് പരിണാമത്തിനും പുരോഗതിക്കും അടിസ്ഥാനം. മാർക്സും എംഗൽസും വാദിച്ചത് ഈ വൈരുധ്യാത്മക സംഘട്ട നങ്ങളും ഭൗതികലോകത്തിലും സമൂഹത്തിലും നടക്കുന്ന വിരുദ്ധ ഘടകങ്ങളും സംഘട്ടനങ്ങളും ആണെന്നാണ്. അവർ വൈരുധ്യവാ ദത്തെ ഭൗതികവാദവുമായി ഘടിപ്പിച്ചതുകൊണ്ടാണ് മാർക്സിസ്റ്റ് ദർശനത്തെ വൈരുധ്യാത്മക ഭൗതികവാദം എന്നു നാമകരണം ചെയ്തത്. വൈരുധ്യവാദത്തെ അംഗീകരിക്കാത്ത ലുദ്വിഗ് ഫൊയർ ബാഹിന്റെ ഭൗതികവാദ സമീപനത്തെ മാർക്സ് അംഗീകരിക്കുക യും ഹെഗലിന്റെ ആശയവാദാധിഷ്ഠിത വൈരുധ്യവാദത്തിന്റെ കാതൽ മാത്രം സ്വീകരിക്കുകയും ചെയ്തത്. ഫൊയർ ബാഹിന്റെ സിദ്ധാന്തത്തിനുള്ള ദൗർബല്യം പരിശോധിക്കുന്നതിനു മുമ്പ് ഹെഗ ലിന്റെ ആശയവാദാധിഷ്ഠിത വൈരുധ്യവാദം എങ്ങനെ അദ്ദേഹത്തെ സാമൂഹ്യ വിപ്ലവകാരികൾക്ക് അംഗീകരിക്കാനാകാത്ത വിധം പ്രഷ്യൻ സർവാധിപത്യത്തിന്റെ വ്യാഖ്യാതാവും ആരാധകനുമാക്കി എന്ന് നോക്കാം. പൗലോസ് മാർ ഗ്രിഗോറിയോസ് അത് ഇപ്രകാരം വിവരി ക്കുന്നു:

> സ്റ്റേറ്റ് അല്ലെങ്കിൽ ഗവൺമെന്റ് എന്നു പയുന്നത് വ്യക്തിക ളുടെ സ്വകാര്യതാൽപര്യങ്ങൾക്കും സ്വന്ത അവകാശങ്ങൾക്കു ഉപരിയായുള്ളതും, എന്നാൽ അതേ സമയം തന്നെ എല്ലാ വ്യക്തികളുടെയു പൊതുവായ താൽപര്യങ്ങളെ ഉൾക്കൊള്ളു ന്നതു മൂലം പ്രത്യേക വ്യക്തി താൽപര്യങ്ങളെ പൊതു താൽപര്യങ്ങളുമായി അനുരഞ്ജിപ്പിക്കത്തക്ക വിധം വ്യക്തി

കൾക്ക് അവകാശങ്ങൾക്കനുസൃതമായ ചുമതലകളും നൽകുന്നതുമായ ഒരു പൊതു യാഥാർഥ്യമാണെന്നാണ് ഹെഗലിന്റെ നിർവചനം. അതായത് സമൂഹത്തിൽ യഥാർഥ സ്വാതന്ത്ര്യം പുലർത്തണമെങ്കിൽ വ്യക്തികളുടെയും കുടുംബങ്ങളുടെയും സ്വകാര്യതാൽപര്യങ്ങളും അവരുടെ പൊതുതാൽപര്യങ്ങളും തമ്മിൽ അനുരഞ്ജിപ്പിക്കുന്ന ഒരു വ്യവസ്ഥിതി ഉണ്ടാകണമെന്ന് ചുരുക്കം. സ്വകാര്യതാൽപര്യങ്ങളെ സംരക്ഷിക്കുന്ന നിയമങ്ങൾ പൊതുതാൽപര്യ വിരുദ്ധമാകരുതല്ലോ. രണ്ടും തമ്മിൽ പൊരുത്തമില്ലാതെ വന്നാൽ പൊതുതാൽപര്യത്തിനു മാത്രം പരിഗണന കൊടുത്തിട്ട് കുറെ പേരുടെ സ്വകാര്യ താൽപര്യത്തെ അവഗണിക്കാമെന്നൊരു വ്യംഗ്യം ഇവിടെയില്ലേ? സ്വകാര്യതാൽപര്യങ്ങൾ പൊതുതാൽപര്യത്തിനു വിധേയമാണ്, പൊതുതാൽപര്യത്തെ ആശ്രയിച്ചു മാത്രമേ സ്വകാര്യതാൽപര്യങ്ങളുടെ സംരക്ഷണക്കുള്ള നിയമങ്ങൾ രാഷ്ട്രത്തിന് വിഭാവനം ചെയ്യാൻ സാധിക്കൂ. പക്ഷേ പൊതുതാൽപര്യങ്ങൾക്കു വേണ്ടി സ്വകാര്യ താൽപര്യങ്ങളെ മുഴുവനേ ബലി കഴിക്കാനാവില്ല. രണ്ടിനും പരിധികൾ നിർണയിക്കണം. പ്രശ്നം അവിടെ നിൽക്കുന്നില്ല. ഹെഗലിന്റെ ചിന്തയിൽ രാഷ്ട്രമാണ് ആത്യന്തികമായ ആശയത്തിന്റെ (idea) അല്ലെങ്കിൽ ആത്മാവിന്റെ (spirit) ഉടലെടുത്ത രൂപം. രാഷ്ട്രമെന്നുള്ള ആ യാഥാർഥ്യം കാണപ്പെടുന്നത് കുടുംബങ്ങളായും സമൂഹമായും എന്നല്ലാതെ കുടുംബങ്ങളും സമൂഹങ്ങളുമല്ല യാഥാർഥ്യം. രാഷ്ട്രമാകുന്ന യാഥാർഥ്യം വ്യത്യസ്ത നിലകളിലുള്ള കുടുംബങ്ങളായും സാഹചര്യങ്ങളനുസരിച്ച് ഉച്ചനീചത്വമുള്ള കൂട്ടങ്ങളായും കാണപ്പെടുന്നു എന്നാണ് ഹെഗൽ പറയുന്നത്. ജനങ്ങളല്ല പ്രധാനം രാഷ്ട്രമാണ് പ്രധാനം എന്നിവിടെ വിവക്ഷയുണ്ടെന്നാണ് മാർക്സിന്റെ വിമർശനം. രാഷ്ട്രത്തിന് പരമാധികാരം (sovereignty) ഉണ്ടാകുന്നതിന്റെയും കാരണം ഇതു തന്നെ. രാഷ്ട്രമെന്ന യാഥാർഥ്യം അത്മാവിന്റെ ദൃഷ്ടപ്രകടനമാണെങ്കിൽ അതിന് അതിന്റേതായ ഇച്ഛാശക്തി (will) യുണ്ടായിരിക്കണമല്ലോ. ആ ഇച്ഛാശക്തിയുടെ ദൃഷ്ടരൂപമാണ് പരമാധികാരം അല്ലെങ്കിൽ (sovereignty) എന്ന് ഹെഗൽ വാദിച്ചു.

അപ്പോൾ രാഷ്ട്രമുണ്ടാകുന്നത് ജനങ്ങളിൽ നിന്നല്ല. ആത്മാവാകുന്ന ആ യാഥാർഥ്യം ദൃഷ്ടരൂപം കൈക്കൊള്ളുന്നതാണ് രാഷ്ട്രം. ആ ദൃഷ്ടയാഥാർഥ്യത്തിന്റെ ഇഷ്ടികകളാണ് വ്യക്തി

കളും കുടുംബങ്ങളുമൊക്കെയെന്ന് ഹെഗൽ ചിന്തിച്ചതായി തോന്നും എന്നാണ് മാർക്സ് പറഞ്ഞത്. രാഷ്ട്രമാണ് കർത്താവ്, 'subject' ജനങ്ങൾ അതിന്റെ ക്രിയ അല്ലെങ്കിൽ predicate അങ്ങനെ വന്നാൽ രാഷ്ട്രം എന്നു പറയുന്നത് മനുഷ്യനിൽ നിന്നും ഇതരീകരണം ഭവിച്ച ഒരു യാഥാർഥ്യമായിത്തീരുന്നു എന്ന് മാർക്സ് വാദിച്ചു.

ഹെഗലിന്റെ ചിന്തയിൽ രാഷ്ട്രമാകുന്ന personalityയെ രാജാവിന്റെ വ്യക്തിത്വത്തിലാണ് കേന്ദ്രീകരിച്ചത്. രാജാവ് എന്നു പറയുന്ന യാഥാർഥ്യം സമൂഹത്തിൽ നിന്നുണ്ടാവുന്നതല്ല. സ്വയംഭൂ (self orginating) ആണെന്നു വാദിക്കുവാൻ മാത്രം അത്രയ്ക്ക് ആസ്ത്രിയൻ മൊണാർക്കിയുടെ അടിമയായിരുന്നു ഹെഗൽ. മാർക്സ് പറഞ്ഞു:

രാജാവ് മാത്രമല്ല രാജാവിന്റെ തലയിലുള്ള പേനും കൂടെ സ്വയംഭൂവാണ്. അതുകൊണ്ടു മാത്രം രാജാവിന്റെ പരമാധികാരം വകവെച്ചുകൊടുക്കാനാവില്ല. രാഷ്ട്രത്തിന്റെ പരമാധികാരം എന്നു പറയുന്നത് രാജാവിന്റെ സ്വേച്ഛാ പ്രഭുത്വമാണെന്ന് വാദിക്കുന്ന ഐഡിയലിസം അടി മുതലേ തെറ്റാണെന്ന് മാർക്സ് തീരുമാനിച്ചു. (പുറം 122 125, *ദർശനത്തിന്റെ പൂക്കൾ*)

ഫൊയർബാഹിയൻ ഭൗതികവാദം

ഹെഗേലിയൻ വൈരുധ്യവാദത്തെ ആശയവാദത്തിൽനിന്നും വിമുക്തമാക്കാൻ മാർക്സിനും എംഗൽസിനും സഹായകമായത് ലുദ്വിഗ് ഫൊയർബാഹിന്റെ *എസൻസ് ഓഫ് ക്രിസ്റ്റ്യാനിറ്റി* (*ക്രിസ്തുമതത്തിന്റെ സത്ത*) തുടങ്ങിയ ഗ്രന്ഥങ്ങളിലെ ഭൗതികവാദ സമീപനങ്ങളാണ്. മതങ്ങളിലെ വിചാരവികാര ഘടകങ്ങൾ മനുഷ്യരുടെ സാമൂഹ്യ ജീവിതാനുഭവങ്ങളുടെ പ്രതിഫലനവും അതിൽനിന്ന് ഉരുത്തിരിയുന്ന ഉൽക്കണ്ഠകളുടെയും പ്രത്യാശകളുടെയും സ്ഫുരണവുമാണെന്നും ഫൊയർബാഹ് സിദ്ധാന്തിച്ചു. എന്നാൽ സമൂഹം വിപരീത ഘടകങ്ങളുടെ സംഘട്ടനസമന്വയങ്ങളിലൂടെ പരിണമിക്കുന്നു എന്ന വൈരുധ്യാത്മകവാദം അദ്ദേഹത്തിന് അന്യമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ചിന്തകൾക്കും നിഗമനങ്ങൾക്കും വന്ന വൈകല്യങ്ങൾ കൂടി കണക്കിലെടുത്താണ് മാർക്സും എംഗൽസും തങ്ങളുടെ വൈരുധ്യാത്മക ഭൗതികവാദത്തിന് അന്തിമരൂപം നൽകിയത്. ഫൊയർബാഹിന്റെ ചിന്തയും മാർക്സി

യൻ ചിന്തയും തമ്മിലുള്ള വ്യതിരേകങ്ങൾ മാർ ഗ്രിഗോറിയോസ് ഇപ്രകാരം വിവരിക്കുന്നു:

> കാൾ മാർക്സ് 1845 ൽ എഴുതിയ ചില കുറിപ്പുകൾ ഈ വിഷയത്തെക്കുറിച്ചുള്ള ചിന്തയുടെ അടിസ്ഥാനമിട്ടു. കാന്റിന്റെ ചിന്തയെ പിന്തുടർന്നുകൊണ്ട് ഫൊയർബാഹ് വസ്തുക്കളായി ബാഹ്യലോകത്തിലുള്ള objectകളെയും ബോധതലത്തിലുള്ള objectകളെയും രണ്ടായി വേർതിരിച്ചു. പക്ഷേ ഫൊയർബാഹിന് രണ്ടു തെറ്റുകൾ പറ്റിയെന്നാണ് മാർക്സിന്റെ കുറിപ്പുകളിലെ സൂചന. ഒന്നാമത് ബാഹ്യ ലോകത്തിലെ വസ്തുക്കളെ ബോധതലത്തിലാക്കിയതിനു ശേഷം ഉണ്ടാകുന്ന ബോധതലത്തിലവശേഷിക്കുന്ന പ്രതീതിയെ അഥവാ പ്രതിച്ഛായയെയാണ് ഫൊയർബാഹ് കണക്കിലെടുത്തത്. അല്ലാതെ ബോധമുള്ള മനുഷ്യനും ബാഹ്യലോകത്തിലെ വസ്തുവും തമ്മിൽ ഇന്ദ്രിയാനുഭൂതി മൂലം ഉണ്ടാകുന്ന ബന്ധത്തെ (perceiving activity not perception remaining in Consciousness) കണക്കിലെടുക്കുവാൻ ഫൊയർബാഹിന് സാധിക്കാത്തതിൽ തെറ്റു പറ്റിയെന്നുള്ളത് ഒരു വശത്ത്; മറുവശത്ത് വ്യക്തിയും വസ്തുവും തമ്മിലുള്ള ബന്ധത്തെ മാത്രം കണക്കിലെടുക്കുന്നതുമൂലം അതായത്, സാമൂഹ്യമായ അടിസ്ഥാനത്തിൽ ചിന്തിക്കാതെ വ്യക്തിയുടെ ബോധതലത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ചിന്തിക്കുന്നതുമൂലം മനുഷ്യസ്വഭാവത്തെ പ്രധാനമായി കരുപ്പിടിപ്പിക്കുന്ന ഉൽപ്പാദനാധിഷ്ഠിതമായ സാമൂഹ്യബന്ധങ്ങളെ (social relations of Production) അടിസ്ഥാനമായെടുക്കുവാൻ ഫൊയർബാഹിനു കഴിയാതെപോയി എന്നുള്ളത്... (പുറം 125, ടി പുസ്തകം)

വൈരുധ്യവാദത്തോടുള്ള ഫൊയർബാഹിന്റെ വിമുഖത ആദ്യമായി നിഴലിക്കുന്നത് പ്രകൃതിപ്രതിഭാസങ്ങളുടെയും സമൂഹത്തിന്റെയും ഏകീഭാവത്തെ കാണാതിരിക്കുന്നതിലാണ്. വൈരുധ്യവാദത്തിന്റെ കാതലായ ഈ ഏകീഭാവചിന്ത മാർക്സിന്റേത് എന്നപോലെ പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ദാർശനിക സാമൂഹിക മതചിന്തയും എല്ലാം കണ്ടെത്താം. ഈ ദിത്വഭാവം പാശ്ചാത്യ ചിന്തയെ വികലമാക്കുന്ന ഒരു ഘടകമാണെന്നുവരെ ഗ്രിഗോറിയോസ് ചെന്നെത്തുന്നു. ഫൊയർബാഹിന്റെ ചിന്തയുടെ ഈ വൈകല്യത്തിന് എതിരേ മാർക്സിന്റെ നിലപാട് വിശദീകരിക്കുമ്പോൾ ഗ്രിഗോറിയോസ് ചെയ്യുന്നത് ഭംഗ്യന്തരേണ സ്വന്തം നിലപാട്

വ്യക്തമാക്കുക കൂടിയാണ്. അദ്ദേഹം പറയുന്നു:

> ഫൊയർബാഹിന്റെ ഈ രണ്ടു പരാജയങ്ങൾ പാശ്ചാത്യ സംസ്കാരത്തിന്റെ പൊതുവേയുള്ള പരാജയങ്ങളാണ്. മനുഷ്യൻ എന്ന യാഥാർഥ്യത്തിൽ പ്രാഥമികമായുള്ളത് വ്യക്തിയാണെന്നും വ്യക്തികൾ കൂടുമ്പോഴാണ് സമൂഹങ്ങൾ ഉണ്ടാകുന്നതെന്നുമുള്ള അബദ്ധസിദ്ധാന്തം, പാശ്ചാത്യരിൽനിന്ന് നമുക്ക് കിട്ടിയിട്ടുണ്ട്. അതുപോലെ തന്നെയുള്ള മറ്റൊരു അബദ്ധമാണ് യാഥാർഥ്യം അല്ലെങ്കിൽ സത്യം എന്നു പറയുന്നത് വാചകങ്ങളിൽ ഉൾക്കൊള്ളിക്കാവുന്ന അല്ലെങ്കിൽ വാക്യങ്ങൾകൊണ്ട് വിവരിക്കാവുന്ന ഒന്നാണെന്നുള്ള അബദ്ധ സിദ്ധാന്തം. ഈ പ്രശ്നത്തിന്റെ വ്യാപകമായ വിദൂരഫലങ്ങളെ മാർക്സ് തന്നെ മുഴുവനായി കണ്ടില്ല. എങ്കിലും ഫൊയർബാഹ് തീസീസുകളിൽ അവസാനത്തേതായ പത്തും പതിനൊന്നും വാക്യങ്ങളിൽ മാർക്സ് പറയുന്നത് ഈ രണ്ടു കാര്യങ്ങളെക്കുറിച്ചുമാണ്. ഫൊയർബാഹിന്റെ വ്യക്തിയിൽ അധിഷ്ഠിതമായ വസ്തുമാത്രയാഥാർഥ്യവാദത്തെ ഉപേക്ഷിച്ചിട്ട് സമൂഹാധിഷ്ഠിതമായ ഒരു മാനവശാസ്ത്രത്തിലേക്ക് പ്രവേശിക്കണമെന്നുള്ളതാണ് മാർക്സിന്റെ പത്താമത്തെ തീസീസ്. ദാർശനികന്മാർ ലോകത്തെ ബഹുവിധത്തിൽ വ്യാഖ്യാനിച്ചിട്ടേയുള്ളു. ഇന്നത്തെ ആവശ്യം ലോകത്തെ വ്യാഖ്യാനിക്കാനല്ല, പരിവർത്തനം ചെയ്യിക്കാനാണെന്ന് ആയിരുന്നു മാർക്സിന്റെ പതിനൊന്നാമത്തെ തീസീസ്. കാന്റിന്റെ കാലം മുതൽ വസ്തു അതിൽത്തന്നെ എന്താണെന്ന് നമുക്കറിയാൻ സാധിക്കാത്തിടത്തോളം കാലം വസ്തുനിഷ്ഠമായ യാഥാർഥ്യം (objective truth) അറിയാനേ സാധ്യമല്ല എന്നുള്ള കാന്റിയൻ വാദത്തിന് മറുപടിയായി മാർക്സ് പറഞ്ഞത് വ്യക്തിയുടെ ബോധതലത്തിന്റെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ദർശകയുക്തിയെയും പ്രാവർത്തിക യുക്തിയെയും (Theoretical Reason and Practical Reason) രണ്ടായി വേർതിരിച്ചത് ബൂർഷ്വാമനഃസ്ഥിതിയിൽ പറ്റുന്ന ഒരബദ്ധമാണെന്നും ദർശനവും പ്രയോഗവും (Theory and Practice) ഒരുമിച്ചുകൊണ്ടുപോകുന്ന സമൂഹാധിഷ്ഠിതമായ ചിന്താഗതിയിൽ വസ്തുനിഷ്ഠമായ യാഥാർഥ്യത്തെ അറിയുന്നതിലുള്ള ദാർശനിക പ്രശ്നങ്ങളെല്ലാം നീങ്ങിപ്പോകുന്നുവെന്നുമാണ് മാർക്സിന്റെ വാദം. യഥാർഥമായ ജ്ഞാനം ഉണ്ടാകുന്നത് ചിന്തയിൽനിന്നു

> മാത്രമല്ല ചിന്തയും പ്രവർത്തനവും കൂടെ ഒരുമിച്ചു പോകുമ്പോഴാണെന്നുള്ള മാർക്സിയൻ ചിന്തയെ അടിസ്ഥാനമാക്കിയാണ് ഈ അടുത്തകാലത്ത് ചൈനീസ് സർവകലാശാലകളിലെ നവീകരണ പരിശ്രമങ്ങൾ നടന്നിട്ടുള്ളത്. (പുറം 125-126, ടി പുസ്തകം)

സിദ്ധാന്തവും പ്രയോഗവും

മേൽചേർത്ത ഫൊയർബാഹിനെക്കുറിച്ചുള്ള ഉദ്ധരണിയിൽ നിന്നുതന്നെ മാർക്സും മാർ ഗ്രിഗോറിയോസും തമ്മിലുള്ള യോജിപ്പിന്റെ മറ്റൊരു മേഖല അനാവരണം ചെയ്യപ്പെടുന്നു-സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള ഐക്യത്തിന്റെ മേഖലയാണത്. ഈ പ്രശ്നത്തെ 'ദാർശനിക യുക്തി'യും 'പ്രായോഗിക യുക്തി'യും എന്ന തരത്തിലും ഗ്രിഗോറിയോസ് വിവരിക്കാറുണ്ട്.

1976 ൽ ഈ ലേഖകൻ കൂടി പങ്കെടുത്തിരുന്ന കേരള ദാർശനിക കോൺഗ്രസിന്റെ വാർഷികയോഗത്തിൽ മാർ ഗ്രിഗോറിയോസ് ചെയ്ത നാളത്തെ സമൂഹം എന്ന പ്രബന്ധത്തിൽ ഈ വിഷയം അദ്ദേഹം ഒരിക്കൽക്കൂടി വിശദീകരിക്കുന്നുണ്ട്. സാഹിത്യ അക്കാദമിയുടെ പുരസ്കാരം നേടിയ *ദർശനത്തിന്റെ പൂക്കൾ* (കോട്ടയം, 1992) എന്ന സമാഹാരത്തിൽ ഈ പ്രബന്ധം ഉൾപ്പെടുത്തിയിട്ടുണ്ട്. മേലുദ്ധരിച്ച ഖണ്ഡികയും ഈ പ്രബന്ധത്തിന്റെ ഭാഗം തന്നെ. അതിലദ്ദേഹം ഫൊയർബാഹിന്റെ ചിന്തയിലെ രണ്ടു പോരായ്മകൾ എടുത്തു കാണിക്കുന്നു. അതിലൊന്നാമത്തേത് ഒബ്ജെക്റ്റിഫിക്കേഷൻ അഥവാ വസ്തുവൽക്കരണമാണ്. രണ്ടാമത്തേത് സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള അഥവാ ദർശനവും പ്രവർത്തനവും തമ്മിലുള്ള വ്യവച്ഛേദനമാണ്.

1970 കളിൽ സാർവദേശീയ രംഗത്ത് വളരെ വിവാദം സൃഷ്ടിച്ച വളർച്ചയ്ക്കുള്ള പരിമിതി എന്ന (limits to growth) മസാച്ചൂറ്റസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (യു എസ് എ) യിലെ കുറെ പണ്ഡിതന്മാർ ചേർന്നു രചിച്ച ഒരു രേഖയെ പൗലോസ് മാർ ഗ്രിഗോറിയോസ് ഉദ്ധരിക്കുന്നു. അതിൽ വളർച്ചയുടെയും വികസനത്തിന്റെയും ലക്ഷ്യവും ഉപഭോക്താക്കളും ആയ ജനങ്ങളെ വസ്തുവൽക്കരിച്ച് ലക്ഷ്യം എന്ന സ്ഥാനത്തുനിന്ന് മാറ്റി ഉപാധികളാക്കി മാറ്റുന്ന പ്രവണതയാണ് മാർ ഗ്രിഗോറിയോസ് കണ്ടെത്തുന്നത്. അദ്ദേഹം പറയുന്നു:

> മസാച്ചൂറ്റസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പ്രോജക്റ്റിൽ മാത്രമല്ല, നമ്മുടെ നാഷണൽ പ്ലാനുകളിലും ഒക്കെ മനുഷ്യനെ വെറും ഒരു ഓബ്ജെക്റ്റ് ആയി കാണുന്നതു

കൊണ്ടല്ലേ അവനെ കോഴിമുട്ടയെണ്ണുന്നതുപോലെ എണ്ണി, ജനസംഖ്യ എന്നൊരു സ്ഥിതിവിവരക്കണക്കാക്കി, കമ്പ്യൂട്ടറിനകത്തേയ്ക്ക് പ്രോഗ്രാം ചെയ്യുന്നത്? മനുഷ്യനെ വെറും ലേബർ ഫോഴ്സ് (മലയാളത്തിൽ കൂലിപ്പട്ടാളം എന്നാണോ തർജമ) അല്ലെങ്കിൽ പ്രൊഡക്റ്റർ ലേബർ എന്നൊക്കെയാണല്ലോ നമ്മുടെ നാഷണൽ പ്ലാനിലും ഒക്കെ കണക്കാക്കുന്നത്. ഇത് എന്തുമാത്രം ന്യായീകരിക്കാം. നാളത്തെ സമൂഹം എന്നു പറയുന്നതിന്റെ ഇഷ്ടികകളാണോ നമ്മുടെ നാട്ടിലെ 57 കോടി മനുഷ്യർ? അവരെ വെറും എംപ്ലോയ്മെന്റ് പൊട്ടെൻഷ്യൽ ആയി മാത്രം കരുതി കാപ്പിറ്റൽ, മാനേജ്മെന്റ്, റിസോഴ്സസ്, ലേബർ എന്നിങ്ങനെയുള്ള വികസന മാധ്യമങ്ങളുടെ കൂട്ടത്തിൽ കോഴിമുട്ടയും കോഴിത്തീറ്റയും പോലുള്ള ഒരു ഒബ്ജക്റ്റ് ആയിട്ടല്ലേ നാം കണക്കാക്കുന്നത്.

ഈ പ്രശ്നം വെറും ഒരു സാങ്കേതിക പ്രശ്നമാണ്. പ്രായോഗികമായി ഈ പ്രശ്നത്തിന് പ്രാധാന്യമൊന്നുമില്ല എന്ന് പ്രഥമദൃഷ്ട്യാ തോന്നിയേക്കാം. പക്ഷേ (objectification of humanity) എന്നു പറയുന്നത് വിമാനുഷീകരണത്തിന്റെ പ്രഥമപടിയാണ്. മനുഷ്യനെ മനുഷ്യനല്ലാതാക്കുന്ന കാര്യമാണ് എന്ന് ദാർശനികൻ പറഞ്ഞാൽ, ഈ വിമാനുഷീകരണം ഉണ്ടാകുന്നത് എങ്ങനെയാണെന്ന് കൂടി പറഞ്ഞു മനസിലാക്കേണ്ടുന്ന ചുമതല ദാർശനികനുണ്ട്. (പുറം 124- 125, ടി പുസ്തകം)

മനുഷ്യരെ വസ്തുവൽക്കരിച്ചുകാണുന്ന ഈ പ്രവണത ആധുനിക ബൂർഷ്വാ സാമ്പത്തികാസൂത്രണത്തിലും ഭരണസംവിധാനത്തിലും മേൽക്കൈ നേടിക്കൊണ്ടിരിക്കുകയാണ്. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ (1984-1989) കേന്ദ്രത്തിലെ വിദ്യാഭ്യാസ മന്ത്രാലയത്തിന് മിനിസ്ട്രി ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് അഥവാ മനുഷ്യവിഭവ വികസന മന്ത്രാലയം എന്ന പേര് മാറ്റി നൽകിയത് ഈ വസ്തുവൽക്കരണ വീക്ഷണത്തിന്റെ ഉത്തമോദാഹരണമാണ്. മാർക്സിസ്റ്റ് മാനവികതയുടെയും സാമൂഹ്യ വീക്ഷണത്തിന്റെയും കാതലാണ് ഈ വസ്തുവൽക്കരണ പ്രവണതയ്ക്ക് എതിരായ നിലപാട്. മാർക്സിന് 26 വയസു മാത്രം ഉണ്ടായിരുന്നപ്പോൾ അദ്ദേഹം എഴുതിയ പഠനകുറിപ്പുകൾ അദ്ദേഹത്തിന്റെ മരണാനന്തരം പ്രസിദ്ധീകരിക്കുകയുണ്ടായി. 1844 ലെ *സാമ്പത്തികവും ദാർശനികവും ആയ കുറിപ്പുകൾ* എന്ന പേരിൽ പിൽ

ക്കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട ഈ രേഖ പാരീസിൽ താമസിച്ചിരുന്ന കാലത്ത് എഴുതപ്പെട്ടത് ആകയാൽ *പാരീസ് മാനുസ്ക്രിപ്റ്റ്സ്* എന്ന പേരിലും അവ അറിയപ്പെടുന്നു. അതേക്കുറിച്ച് ഗ്രിഗോറിയോസ് പറയുന്നു:

> കാൾ മാർക്സ് 1845 ൽ എഴുതിയ ചില കുറിപ്പുകൾ ഈ വിഷയത്തെക്കുറിച്ചുള്ള ചിന്തയുടെ അടിസ്ഥാനമിട്ടു. കാന്റിന്റെ ചിന്തയെ പിന്തുടർന്നുകൊണ്ട് ഫൊയർബാഹ് വസ്തുക്കളായി ബാഹ്യലോകത്തിലുള്ള ഒബ്ജക്റ്റുകളെയും ബോധതലത്തിലുള്ള ഒബ്ജക്റ്റുകളെയും രണ്ടായി വേർതിരിച്ചു. പക്ഷേ ഫൊയർബാഹിന് രണ്ടു തെറ്റുകൾ പറ്റിയെന്നാണ്മാർക്സിന്റെ കുറിപ്പുകളിലെ സൂചന. ഒന്നാമത് ബാഹ്യലോകത്തിലെ വസ്തുക്കളെ ബോധതലത്തിലാക്കിയതിനുശേഷം ഉണ്ടാകുന്ന ബോധതലത്തിലവശേഷിക്കുന്ന പ്രതീതിയെ അഥവാ പ്രതിച്ഛായയെ ആണ് ഫൊയർബാഹ് കണക്കിലെടുത്തത്. അല്ലാതെ ബോധമുള്ള മനുഷ്യനും ബാഹ്യലോകത്തിലെ വസ്തുവും തമ്മിൽ ഇന്ദ്രിയാനുഭൂതിമൂലം ഉണ്ടാകുന്ന ബന്ധത്തെ (perceiving activity not perception remaining in conseiousness) കണക്കിലെടുക്കുവാൻ ഫൊയർബാഹിനു സാധിക്കാത്തതിൽ തെറ്റ് പറ്റി എന്നുള്ളത് ഒരുവശത്ത്; മറുവശത്ത് വ്യക്തിയും വസ്തുവും തമ്മിലുള്ള ബന്ധത്തെ മാത്രം കണക്കിലെടുക്കുന്നതുമൂലം അതായത് സാമൂഹ്യമായ അടിസ്ഥാനത്തിൽ ചിന്തിക്കാതെ വ്യക്തിയുടെ ബോധതലത്തിന്റെ അടിസ്ഥാനത്തിൽമാത്രം ചിന്തിക്കുന്നതുമൂലം മനുഷ്യസ്വഭാവത്തെ പ്രധാനമായി കരുപ്പിടിപ്പിക്കുന്ന ഉൽപ്പാദനാധിഷ്ഠിതമായ സാമൂഹ്യ ബന്ധങ്ങളെ (social relations of production)അടിസ്ഥാനമായെടുക്കാൻ ഫൊയർബാഹിനു കഴിയാതെ പോയി എന്നുള്ളത്. (പുറം 125, ടി പുസ്തകം)

യുക്തിസഹമല്ലാത്ത ഈ വിഭജനം ഫൊയർബാഹിനു മാത്രമല്ല യൂറോപ്യൻ ചിന്തയിൽ ഉടനീളം ഒരു ദൗർബല്യമായി തുടരുന്നു എന്നാണ് ഗ്രിഗോറിയോസിന്റെ വാദം. മതപരവും മതേതരവുമായ യൂറോപ്യൻ മുഖ്യധാരാ ചിന്തയുടെ വിമർശകനായ ഗ്രിഗോറിയോസ് ഈ പ്രശ്നത്തിൽ മാർക്സിന്റെ ചിന്തയോടാണ് കൂടുതൽ ആഭിമുഖ്യം പ്രകടിപ്പിക്കുന്നത് എന്നു വ്യക്തം.

സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള ഐക്യം എന്ന പ്രശ്നത്തെക്കുറിച്ച് ഇവിടെ മാർ ഗ്രിഗോറിയോസ് പ്രസ്താവിക്കുന്നതിന്റെ

വിശദമായ വിചാരണ അടുത്ത അധ്യായത്തിൽ നടത്താം. മനുഷ്യനെ വിഭവവും വസ്തുവും ആക്കി ചുരുക്കുന്ന പ്രവണതയുടെ പരിണിതഫലത്തെക്കുറിച്ച് മാർക്സിനോട് യോജിച്ചുകൊണ്ട് പൗലോസ് മാർ ഗ്രിഗോറിയോസ് പറയുന്നതുകൂടി ഉദ്ധരിച്ച് ഈ അധ്യായം അവസാനിപ്പിക്കാം.

> ഏതായാലും ശാസ്ത്രത്തിനും സാങ്കേതികതയ്ക്കും പ്രാഥമികസ്ഥാനം നൽകുന്ന ഒരു സമൂഹത്തിൽ obectification and manipulation അഥവാ വസ്തുവൽക്കരണവും കൈകാര്യവും അതിപ്രധാനമായിത്തീരുന്നതോടെ മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളെയും ഈ പ്രവണത ബാധിക്കുന്നു. രാഷ്ട്രീയ മണ്ഡലത്തിലും സാമ്പത്തിക മണ്ഡലത്തിലും മനുഷ്യനെ ഒരു commodity ആക്കിത്തീർത്ത് മറ്റു മനുഷ്യരുടെ ഒരു ക്രയവിക്രയവസ്തുവായി പരിവർത്തനം ചെയ്യിക്കാനുള്ള പ്രവണത കൂടുതലായി കാണപ്പെടുന്നു. ശാസ്ത്രത്തിലും സാങ്കേതികതയിലും അധിഷ്ഠിതമായ സംസ്കാരത്തിന്റെ വിശകലനത്തിന്റെ ഒരു മുഖവുരയായി മാത്രമേ ഞാനീപ്പറഞ്ഞതിനെ നിങ്ങൾ എടുക്കേണ്ടതുള്ളു. (പുറം 128, ടി പുസ്തകം) ●

അധ്യായം 25

മാർക്സിസ്റ്റ് പ്രയോഗം

മുൻ അധ്യായത്തിൽ വിവരിച്ച പ്രകാരം മാർ ഗ്രിഗോറിയോസും മാർക്സും യോജിക്കുന്നതോ ഒരേ തരംഗദൈർഘ്യത്തിൽ ചിന്തിക്കുന്നതോ ആയ മേഖലകൾ ഉണ്ടാകാമെങ്കിലും അദ്ദേഹം യുഎ ഇയിലെ ഷെയ്ഖ് ഇബ്രാഹിമിന് വിശദീകരിച്ചുകൊടുത്ത രീതിയിൽ വൈരുധ്യാത്മക ഭൗതികവാദം തുടങ്ങിയ പല മൗലിക സൈദ്ധാന്തിക പ്രശ്നങ്ങളിലും മാർക്സിസവുമായി വിയോജിച്ചുതന്നെ നിലകൊണ്ടു. എന്നാൽ ദൈനംദിന രാഷ്ട്രീയ പ്രക്ഷോഭങ്ങൾ, സാർവദേശീയ പ്രശ്നങ്ങൾ, കൊളോണിയൽ വിരുദ്ധ വിമോചനസമരങ്ങൾ, ആഗോളവൽക്കരണം, സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം തുടങ്ങി മിക്കവാറും എല്ലാ പ്രായോഗിക പ്രശ്നങ്ങളിലും അദ്ദേഹം പൊതുവെ മാർക്സിസ്റ്റ് ഇടതുപക്ഷ വീക്ഷണവുമായി യോജിച്ചാണ് അവസാനംവരെ നിലകൊണ്ടിരുന്നത്. മാത്രമല്ല ഈ പ്രശ്നങ്ങളിൽ സ്വന്തമായ ദാർശനിക കാഴ്ചപ്പാടുകൾ നൽകുന്ന പുതുമയുള്ള വീക്ഷണങ്ങൾ കൊണ്ട് ആ നയപരിപാടികളെ ന്യായീകരിക്കുകയും ചെയ്തു. ചിലപ്പോൾ സ്വന്തമായ പദപ്രയോഗങ്ങളും സങ്കൽപനങ്ങളും ഉപയോഗിച്ച് മാർക്സിസ്റ്റ് പദപ്രയോഗങ്ങളെയും സങ്കൽപനങ്ങളെയും എതിർക്കുമ്പോഴും അതിന്റെ അന്തർധാരയായി യോജിപ്പിൽ എത്തുന്നത് കണ്ടെത്താം.

ഉദാഹരണത്തിന്, മതനിരപേക്ഷതയുടെ കാര്യം. സർവമത സ

മഭാവന, വർഗീയ ഐക്യം, മത മൗലികതാവാദം മുതലായവയ്ക്കൊക്കെ എതിരായിരുന്ന ഗ്രിഗോറിയോസ് സെക്കുലറിസം അഥവാ മത നിരപേക്ഷത എന്ന സങ്കൽപനത്ത തിരസ്കരിച്ചു. അതിനർഥം അദ്ദേഹം വർഗീയവാദിയോ മത മൗലികതാവാദിയോ ആയിരുന്നു എന്നല്ല. ഈ വിവാദത്തിന്റെ വിശദാംശങ്ങൾ ഇ എം എസും ഗ്രിഗോറിയോസും ഈ ലേഖകനും തമ്മിൽ ഈ പ്രശ്നത്തെ സംബന്ധിച്ച് നടത്തിയ സംവാദങ്ങളിൽനിന്ന് വ്യക്തമാകും. ആ സംവാദങ്ങൾ ഈ പുസ്തകത്തിന്റെ അഞ്ചാം ഭാഗമായി ചേർത്തിട്ടുള്ളതുകൊണ്ട് ഇവിടെ വിവരിക്കുന്നില്ല.

സ്വന്തമായ പദപ്രയോഗങ്ങളും സങ്കൽപനങ്ങളും ഉപയോഗിച്ചുകൊണ്ട് മാർക്സിസ്റ്റുകാർക്കുകൂടി യോജിക്കാവുന്ന നിഗമനങ്ങളിൽ എത്തുന്ന മാർ ഗ്രിഗോറിയോസിന്റെ സമ്പ്രദായം വ്യക്തമാക്കുന്ന മറ്റൊരു പരാമർശം കൂടി ഉദ്ധരിക്കാം. 1976 ൽ ആലുവയിലെ മംഗലപ്പുഴ സെമിനാരിയിൽ വച്ച് ഈ ലേഖകൻ കൂടി പങ്കെടുത്തിരുന്ന കേരള ദാർശനിക കോൺഗ്രസിന്റെ ഒരു സമ്മേളനത്തിൽ ഗ്രിഗോറിയോസ് നടത്തിയ പ്രഭാഷണത്തിൽനിന്നാണ് ഉദ്ധരണി. ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്ന പ്രസിദ്ധ കമ്യൂണിസ്റ്റ് നേതാവ് എം എം ചെറിയാനെയും രാമകൃഷ്ണമിഷനിലെ പ്രശസ്ത സന്യാസി സിദ്ധിനാഥാനന്ദ സ്വാമിയെയും പരാമർശിച്ചുകൊണ്ടാണ് മാർഗ്രിഗോറിയോസ് സൈദ്ധാന്തിക യുക്തിയും ദാർശനിക യുക്തിയും തമ്മിലുള്ള വ്യതിരേകം വ്യക്തമാക്കിയത്. അദ്ദേഹം ഇപ്രകാരമാണ് അത് ചെയ്തത്:

> മാർക്സ് ചൂണ്ടിക്കാണിച്ച രണ്ടാമത്തെ പ്രശ്നവും (മാർക്സ് ഉന്നയിച്ച ഒന്നാമത്തെ പ്രശ്നം കഴിഞ്ഞ അധ്യായത്തിൽ ചർച്ച ചെയ്തിരുന്നു) ദാർശനികനെ ബാധിക്കുന്നതാണ്. അതായത്, ദാർശനികയുക്തിയും പ്രാവർത്തികയുക്തിയും തമ്മിലുള്ള വ്യവഛേദനം, ദാർശനികസമിതി അംഗങ്ങളായി ഇവിടെ കൂടുന്നവരായ നമ്മിലധികം പേരും പ്രാവർത്തിക മണ്ഡലത്തിൽ വളരെയൊന്നും പരിചയമില്ലാത്തവരും ചിന്താശക്തികൊണ്ടു മാത്രം നാളത്തെ സമൂഹത്തെ വിഭാവനം ചെയ്യുവാൻ ശ്രമിക്കുന്നവരുമാണ്. നാളത്തെ സമൂഹത്തെ വിഭാവനം ചെയ്യുന്നതിൽ മാത്രമല്ല നമ്മെ, അഭിമുഖീകരിക്കുന്ന, അല്ലെങ്കിൽ നമ്മിൽതന്നെയുള്ള യാഥാർഥ്യത്തെ അപഗ്രഥിക്കുന്നതിലും നാം ഉപകരണമാക്കുന്നത് പ്രാവർത്തികയുക്തിയിൽനിന്നും വ്യവഛേദിതമായ ഒരു ദർശക യുക്തിയല്ലേ എന്നുള്ള പ്രശ്നം ഇവിടെ അവശേഷിക്കുന്നുണ്ട്. പ്രാവർത്തികമണ്ഡലത്തിൽ

തന്നെ മൗലികങ്ങളായ ചില വ്യത്യാസങ്ങളെ ആദ്യമേ നാം അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു. ഒരു മാർക്സിസ്റ്റ് പ്രവർത്തകനായ എം എം ചെറിയാനും ഒരു ആധ്യാത്മിക പ്രവർത്തകനായ സിദ്ധിനാഥാനന്ദ സ്വാമിയും പ്രാവർത്തികമണ്ഡലത്തിൽ ധാരാളം പരിചയമുള്ളവരാണ്. പക്ഷേ, രണ്ടുപേരുടെയും പ്രാവർത്തികയുക്തി ഒരേ വഴിക്കാണോ പോകുന്നത് എന്നുള്ള കാര്യത്തിൽ എനിക്കൽപ്പം സംശയമുണ്ട്. സമൂഹമാകുന്ന യാഥാർഥ്യത്തിൽകൂടെ മനുഷ്യനെ കരുപ്പിടിപ്പിക്കുവാനുള്ള പ്രാവർത്തികപദ്ധതികളിലാണ് ചെറിയാന്റെ ശ്രദ്ധ. എന്നാൽ ഓരോ വ്യക്തിയും തന്റെ സ്വന്തം അസ്തിത്വത്തിന്റെ അന്തഃസത്ത ഏതാണെന്ന് ധരിച്ച് ബ്രഹ്മബോധം പ്രാപിക്കുമ്പോൾ മനുഷ്യൻ സിദ്ധിപ്രാപിക്കുന്നു എന്നുള്ള ചിന്തയാണ് സ്വാമിയുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനമെന്നു തോന്നുന്നു. ഇവ രണ്ടും പ്രാവർത്തികയുക്തിയുടെ പ്രവർത്തനങ്ങളാണെങ്കിൽ ഇവയെ തമ്മിൽ പൊരുത്തപ്പെടുത്താനുള്ള മാർഗമെന്താണ് എന്നൊരു പ്രശ്നം അവശേഷിക്കുന്നു. നാളത്തെ സമൂഹം വേണ്ടുംവിധം രൂപവൽക്കരിക്കണമെങ്കിൽ ദർശകയുക്തിയും പ്രാവർത്തികയുക്തിയും യോജിച്ചു പ്രവർത്തിക്കണമെന്നുള്ളതിന് സംശയമൊന്നുമില്ല. (*ദർശനത്തിന്റെ പുക്കൾ*, പുറം 128-29)

ക്യൂബയും നിക്കരാഗ്വയും

ഇതെഴുതുമ്പോൾ ലാറ്റിൻ അമേരിക്കയിൽ ക്യൂബ ഉൾപ്പെടെ ഏഴോ എട്ടോ രാഷ്ട്രങ്ങൾ പല നിലവാരത്തിലും നിറങ്ങളിലും ഉള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ഭരണത്തിലാണ് കഴിയുന്നത്. എന്നാൽ പൗലോസ് മാർ ഗ്രിഗോറിയോസ് ലോകസഭാ സമിതിയിൽ ഉയർന്ന ചുമതല വഹിച്ചിരുന്ന കാലത്ത് ഇടതുപക്ഷ നേതൃത്വത്തിൽ എന്ന് വിശേഷിപ്പിക്കാവുന്ന രണ്ട് രാഷ്ട്രങ്ങളേ ലാറ്റിൻ അമേരിക്കയിൽ ഉണ്ടായിരുന്നുള്ളൂ. ഈ രണ്ട് രാഷ്ട്രങ്ങളും മാർ ഗ്രിഗോറിയോസ് സന്ദർശിക്കുകയും അവിടത്തെ ഇടതുപക്ഷ ഭരണത്തെയും സാമൂഹ്യപരിഷ്കാരങ്ങളെയും മുക്തകണ്ഠം പ്രശംസിക്കുകയും ലോകത്തിന് അവ മാതൃകയാണ് എന്ന് അസന്ദിഗ്ധമായി പ്രസ്താവിക്കുകയും ചെയ്തത് ഈ പുസ്തകത്തിന്റെ ഒന്നാം ഭാഗത്തിൽ ഉദ്ധരിച്ചത് ഓർക്കുമല്ലോ. സോവിയറ്റ് യൂണിയനും ചൈനയും കിഴക്കൻ യൂറോപ്യൻ രാഷ്ട്രങ്ങളുമായി മാർ ഗ്രിഗോറിയോസിന് ഉണ്ടായിരുന്ന ഉറ്റബന്ധത്തെക്കുറിച്ചും പലയിടത്തും പരാമർശിച്ചിരുന്നുവല്ലോ. യു എ ഇയി

ലെ ഷെയ്ഖ് ഇബ്രാഹിമുമായി നടത്തിയ സംഭാഷണത്തിൽ പറഞ്ഞതുപോലെ ഈ രാജ്യങ്ങളിലെ സോഷ്യലിസ്റ്റ് വ്യവസ്ഥകളിൽ ഉള്ള ചില പോരായ്മകൾ ഉണ്ടെന്ന് കണ്ടുകൊണ്ടുതന്നെ മാർ ഗ്രിഗോറിയോസ് അവയെ പുതിയ ലോകത്തിലേക്കുള്ള കാൽവയ്പ്പുകളായി വിശേഷിപ്പിക്കുന്നു.

പരിസ്ഥിതി സംരക്ഷണം

മനുഷ്യ സ്വാതന്ത്ര്യത്തെയും മനുഷ്യ മഹത്വത്തെയും ഉയർത്തിപ്പിടിക്കുന്ന മാർ ഗ്രിഗോറിയോസ് മനുഷ്യനോടൊപ്പംതന്നെ ഭൂമിയിലെ മറ്റു ജീവജാലങ്ങൾക്കും വൃക്ഷലതാദികൾക്കും കൂടി വ്യക്തിത്വവും അവകാശങ്ങളും ഉണ്ട് എന്നും അവയെ ആധിപത്യത്തിന്റെയും ചൂഷണത്തിന്റെയും ഉപാധിയാക്കി ഉപയോഗിക്കരുതെന്നും മാർ ഗ്രിഗോറിയോസ് വാദിക്കുന്നതിനെക്കുറിച്ച് നേരത്തെ പരാമർശിച്ചുവല്ലോ. ഈ വീക്ഷണത്തിന്റെ പ്രായോഗിക സമർഥനമാണ് മാർ ഗ്രിഗോറിയോസിന്റെ പരിസ്ഥിതി സംരക്ഷണ താൽപര്യങ്ങൾ. 1992 സെപ്തംബർ 13 ന് പൗലോസ് മാർ ഗ്രിഗോറിയോസിന്റെ സപ്തതി ആഘോഷവേളയിൽ സോഫിയാ സെന്ററിൽ ചെയ്ത പ്രസംഗത്തിൽ പരിസ്ഥിതി സംരക്ഷണം, ശാസ്ത്ര വിദ്യാഭ്യാസം, അനാചാര നിരാകരണം തുടങ്ങിയ പ്രശ്നങ്ങളിൽ കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ചെയ്തുവരുന്ന പ്രവർത്തനങ്ങളെ അദ്ദേഹം പ്രശംസിക്കുകയുണ്ടായി. അതിലൊരു ഭാഗം ചുവടെ ചേർക്കുന്നു:

> ഇവിടെ കോട്ടയത്ത് പല ചർച്ചകളും നടത്തുന്ന പതിവുണ്ടായിരുന്നു. കേരള സ്റ്റഡി ഗ്രൂപ്പ് എന്നു പറഞ്ഞ് പല പ്രധാന വിഷയങ്ങളും ചിന്തിക്കുകയും പഠിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈ കെട്ടിടം (സോഫിയാ സെന്റർ) ഉണ്ടാകുന്നതിനുമുമ്പുതന്നെ തുടങ്ങിയതാണ് കേരള സ്റ്റഡി ഗ്രൂപ്പ്. സെമിനാറുകളിൽ കേരളത്തിലെ പ്രതിഭാശാലികളായ പല ആളുകളും വന്ന് സംബന്ധിച്ചിട്ടുണ്ട്. സി അച്യുതമേനോൻ, കെ എം ചെറിയാൻ, പി ഗോവിന്ദപ്പിള്ള, പി ടി ഭാസ്കരപ്പണിക്കർ തുടങ്ങി അനേകം ആളുകൾ അക്കാലത്ത് വന്ന് സെമിനാറുകളിൽ സംബന്ധിക്കുമായിരുന്നു. പലപ്പോഴും പല പുതിയ ആശയങ്ങളും കേരളത്തിൽ ഉദിച്ചിട്ടുള്ളത് ഈ സ്റ്റഡി ഗ്രൂപ്പിൽനിന്നായിരുന്നു. Trans-National Corporationനെക്കുറിച്ചുള്ള വളരെ പ്രധാനപ്പെട്ട ഒരു സെമിനാർ 1977 ൽ ഇവിടെ നടക്കുകയുണ്ടായി. ആ സെമിനാറിൽ പല പ്രഗത്ഭരുടെയും പ്രസംഗങ്ങൾ ഉണ്ടായിരുന്നതുകൊണ്ടാണ് ടി എൻ സി എന്നു പറ

യുന്നത് മനുഷ്യരാശിയുടെ ഒരു പ്രധാനപ്പെട്ട പ്രശ്നമാണെന്നുള്ളത് അന്ന് പലർക്കും ബോധ്യമായത്. അതുപോലെ മറ്റു പല കാര്യങ്ങളെക്കുറിച്ചും ഇവിടെ പല ചർച്ചകളും നടന്നിട്ടുണ്ട്.

നമ്മുടെ സർവകലാശാല അധ്യാപകരുടെ Initiative ൽ ഉണ്ടായിട്ടുള്ള ഒരു സംഘടനയാണ് ശാസ്ത്ര സാഹിത്യ പരിഷത്ത്. കേരളത്തിലുള്ള ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് ശാസ്ത്ര സാഹിത്യ പരിഷത്ത് നടത്തിയ ശ്രമങ്ങൾ വളരെ വിലപ്പെട്ടതാണ്. അതുപോലെ ഇന്ന് ഇവിടെ പങ്കെടുക്കുന്ന എല്ലാ സംഘടനകളും മനുഷ്യരെ പ്രബുദ്ധരാക്കുവാൻവേണ്ടി പ്രവർത്തിക്കുന്ന സംഘടനകളാണ്. അവയോട് ഒരുമിച്ച് എനിക്കും പ്രവർത്തിക്കുവാൻ ഭാഗ്യം ഉണ്ടായതിൽ ഞാൻ സന്തോഷിക്കുന്നു. (*ന്യൂ വിഷൻ ന്യൂ ഹ്യൂമാനിറ്റി*, പുറം 36-37)

സപ്തതി ആഘോഷത്തിന്റെ ഭാഗമായി ഭൗമ ഉച്ചകോടിയെക്കുറിച്ചും ഒരു സമ്മേളനം ചേർന്നതിൽ പരിസ്ഥിതിയെ സംബന്ധിച്ചുള്ള തന്റെ നിലപാടുകൾ മാർ ഗ്രിഗോറിയോസ് കുറെക്കൂടി വിസ്തരിക്കുകയുണ്ടായി. ആയിടയ്ക്ക് എ കെ ജി പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലും ഇ എം എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലും തിരുവനന്തപുരത്തുവച്ച് ഭൗമ ഉച്ചകോടി സമ്മേളനത്തെ സംബന്ധിച്ചു നടന്ന സെമിനാറിൽ ക്ഷണിക്കപ്പെട്ടിരുന്നു എങ്കിലും അനാരോഗ്യം മൂലം അദ്ദേഹത്തിന് വന്നെത്താൻ കഴിഞ്ഞില്ല. ആ സമ്മേളനത്തിലേക്ക് അദ്ദേഹം അയച്ച ആശംസാസന്ദേശത്തിൽ ലോക പരിസ്ഥിതിയുടെ അപചയ പ്രശ്നങ്ങളും അവയ്ക്ക് കേരള വികസന വിവാദങ്ങളിൽ ഉള്ള പ്രസക്തിയെ സംബന്ധിച്ചും എല്ലാം ഗ്രിഗോറിയോസ് വിവരിക്കുകയും എ കെ ജി പഠന ഗവേഷണ കേന്ദ്രത്തിന്റെയും ഇ എം എസിന്റെയും ഈ വിഷയത്തിലുള്ള ഇടപെടലിനെ അഭിനന്ദിക്കുകയും ചെയ്തിരുന്നു.

1972 ൽ ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ സ്വീഡിഷ് തലസ്ഥാനമായ സ്റ്റോക്ഹോമിൽ വച്ചാണ് പരിസ്ഥിതി പ്രശ്നങ്ങളെ സംബന്ധിച്ച് ഐക്യരാഷ്ട്രസഭയുടെ ആദ്യസമ്മേളനം നടന്നത്. അതിന്റെ 20-ാം വാർഷികത്തോടനുബന്ധിച്ചാണ് ബ്രസീലിലെ റിയോ ഡി ജെനേറോ നഗരത്തിൽ വച്ച് "ഭൗമ ഉച്ചകോടി" എന്ന പേരിൽ അറിയപ്പെടുന്ന ഏറ്റവും വിപുലമായ ആഗോള പരിസ്ഥിതി സംരക്ഷണ യോഗം നടന്നത്. 1992 ജൂൺ 3 മുതൽ 14 വരെയാണ് ഈ സുപ്രധാന സമ്മേളനം ചേർന്നത്. വായു മലിനീകരണം, വന നശീകരണം, വ്യവസായ സ്ഥാപനങ്ങളിൽനിന്ന് വിസർജിക്കുന്ന ഇംഗാരാംമ്ലവാതകം മൂലമുള്ള അന്തരീക്ഷ മലിനീകരണവും താപനവും,

ജീവജാല വിനാശകമായ കാലാവസ്ഥാ മാറ്റം തുടങ്ങി ഭൂമി എന്ന ഈ ഗ്രഹം നേരിടുന്ന ആസന്നമായ വിപത്തുകളെപ്പറ്റി ഭൗമ ഉച്ചകോടി വിശദമായി ചർച്ച ചെയ്ത് മാർഗനിർദേശങ്ങൾ ആവിഷ്കരിക്കുകയുണ്ടായി. പരിസ്ഥിതി നശീകരണത്തിന് ഏറ്റവും കൂടുതൽ സംഭാവന നൽകുന്ന അമേരിക്ക തുടങ്ങിയ വൻകിട മുതലാളിത്ത രാഷ്ട്രങ്ങളുടെ നിസ്സഹകരണം മൂലം ഭൗമ ഉച്ചകോടിയുടെ നിർദേശങ്ങൾ ഇപ്പോഴും മിക്കവാറും ജലരേഖയായി അവശേഷിക്കുകയാണ്. എങ്കിലും ഈ ഉച്ചകോടിയുടെ പ്രാധാന്യമോ പ്രസക്തിയോ ഇനിയും അസ്തമിച്ചിട്ടില്ല. ഭൂമിയുടെയും മനുഷ്യരാശിയുടെയും അതിജീവനം ഉച്ചകോടിയുടെ നിർദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു.

അമേരിക്കൻ ഐക്യനാടുൾപ്പെടെ പ്രമുഖ രാഷ്ട്രങ്ങൾ എല്ലാം ഒപ്പുവച്ച ഉച്ചകോടിയുടെ അഞ്ച് സുപ്രധാന രേഖകൾ നടപ്പിലാക്കാനുള്ള പോരാട്ടം സാമ്രാജ്യത്വത്തിനും കുത്തക മുതലാളിത്തത്തിനും എതിരായ പോരാട്ടം കൂടിയാണെന്ന് മാർ ഗ്രിഗോറിയോസ് കരുതുന്നു. സോഫിയാ സെന്ററിൽ ചെയ്ത പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി:

> ഭൗമ ഉച്ചകോടി കൊണ്ടുണ്ടായ പ്രധാന നേട്ടം ആഗോളവ്യാപകമായി പരിസ്ഥിതി പ്രശ്നത്തെപ്പറ്റിയുള്ള ഒരു ബോധവൽക്കരണം നടന്നു എന്നുള്ളതു മാത്രമാണ്. അല്ലാതെ അവിടെ ഉണ്ടായിട്ടുള്ള തീരുമാനങ്ങളുടെ ഫലമായി എന്തെങ്കിലും പുതിയ കാര്യങ്ങൾ നടക്കുമോ എന്നുള്ളത് വളരെ സംശയമാണ്. ചില തത്വങ്ങൾ അവിടെ പ്രസ്താവിക്കപ്പെടുകയും അവ പൊതുവെ സ്വീകാര്യമായി തീരുമാനിക്കുകയും ചെയ്തു. ഒരു പ്രധാന തത്വം പരിസ്ഥിതിയെ മലിനീകരിക്കുന്നവർ അതുമൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങളുടെയും ചിലവു വഹിക്കണം എന്നുള്ളതാണ്.
>
> ഇന്നത്തെ മലിനീകരണത്തിന്റെ പ്രധാന ചുമതലയുള്ളത് Industrial Establishment നും അതുപോലെതന്നെ Nuclear Establishment നും ആണ്. ഇന്നത്തെ മലിനീകരണത്തിന്റെ പ്രധാനപ്പെട്ട രണ്ടു കാരണങ്ങൾ നമ്മുടെ Industrial System ഉം നമ്മുടെ Nuclear Weapons ഉം ആണ്. അപ്പോൾ ഇവ ആരുടെ കൈയിലിരിക്കുന്നുവോ അവരാണ് മലിനീകരണം പരിഹരിക്കാനുള്ള ചെലവ് വഹിക്കുവാൻ ബാധ്യസ്ഥതയുള്ളവർ എന്നുള്ള ഒരു തത്വം പൊതുവെ സ്വീകരിക്കപ്പെട്ടു. അല്ലാത്തവരും തീർച്ചയായും പ്രകൃതിയെ മലിനീകരിക്കുന്നുണ്ട്.

കൽക്കത്തയിലും ബോംബെയിലും ഡൽഹിയിലുമൊക്കെ ധാരാളം മലിനീകരണം ഉണ്ട്. അത് മുഴുവൻ Industrial Systemത്തിന്റേതാണോയെന്ന് അറിയാൻ പാടില്ല.

മറ്റു ചില തത്വങ്ങൾ പരിശോധിക്കപ്പെട്ടതിനുശേഷം തള്ളപ്പെട്ടു. ഒന്നാമത്തേത്, വനസംരക്ഷണം. ഇത് ഭൗമികമായ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഇന്ന് എത്യോപ്യയിലും സുഡാനിലും വലിയ വരൾച്ചയുണ്ടാകുന്നുണ്ടെങ്കിൽ അതിന്റെ കാരണം ഒരുപക്ഷേ തെക്കേ അമേരിക്കയിലെ ആമസോൺ താഴ്വരയിലെ മരങ്ങൾ വെട്ടി ഫർണിച്ചർ ഉണ്ടാക്കുന്നു എന്നുള്ളതാണ്. അങ്ങനെയാണ് നമ്മുടെ ഭൂമിയുടെ കിടപ്പ്. ഒരിടത്ത് മരം വെട്ടുന്നതിന്റെ ഫലം ചെന്നുനിൽക്കുന്നത് വേറെ എവിടെയെങ്കിലുമായിരിക്കും. ഇങ്ങനെയുള്ള സാഹചര്യത്തിൽ അമേരിക്കക്കാർ ലോകത്തിലെ വനത്തിന്റെ മുഴുവൻ നിയന്ത്രണം ഒരു ആഗോള സംഘടനയ്ക്ക് കൊടുക്കണമെന്ന ഒരു നിർദേശം കൊണ്ടുവന്നു. ഈ നിർദേശമാണ് ഭാരതം ഉൾപ്പെടെയുള്ള രാജ്യങ്ങൾ സമ്മതിക്കാതിരുന്നത്. അതായത്, ഒരു ആഗോള സംഘടനയ്ക്ക് ലോകത്തിലെ വനത്തിന്റെ മുഴുവൻ നിയന്ത്രണം കൊടുക്കാമെങ്കിൽ ആ സംഘടനയുടെ പേരുപറഞ്ഞ് അമേരിക്കക്കാർക്ക് ഓരോ രാജ്യത്തും കയറി അവിടത്തെ കാടുകൾ ഭരിക്കുന്നതെങ്ങനെയാണെന്നു തീരുമാനിക്കുവാനും (ഇപ്പോൾ യുണൈറ്റഡ് നേഷൻസിന്റെ പേരും പറഞ്ഞാണല്ലോ അമേരിക്ക പല കാര്യങ്ങളും ചെയ്യുന്നത്) ഓരോ രാജ്യത്തിലും മറ്റു പലതു ചെയ്യുവാനും കഴിയും എന്നുള്ളതുകൊണ്ട് നമ്മുടെ ഭാരത ഡലിഗേഷൻ വളരെ ശക്തിയായി ഇതിനെ എതിർക്കുകയും International Forest Conservation Board സാധ്യമല്ല എന്നൊരു പൊതുതത്വം തീരുമാനിക്കുകയും ചെയ്തു. ഇങ്ങനെ ഒന്നുരണ്ട് പൊതുതത്വം തീരുമാനമായിട്ടുണ്ട്. അവ എഴുതിവച്ച തീരുമാനമൊന്നുമല്ല. പൊതുവെ മനുഷ്യമനസ്സുകളിൽ ഉദിച്ചിട്ടുള്ള ചില തത്വങ്ങൾ ഒരുമാതിരി എല്ലാവരാലും സ്വീകരിക്കപ്പെട്ടു എന്നതാണ് ഉച്ചകോടിയുടെ പ്രധാനപ്പെട്ട നേട്ടം എന്നു പറയാമെന്നു തോന്നുന്നു. (ടി പുസ്തകം, പുറം 42-43)

ഏറ്റവും കരുത്തേറിയ വ്യവസായ സ്ഥാപനങ്ങളുടെയും ആണവ സ്ഥാപനങ്ങളുടെയും ഉടമസ്ഥത അമേരിക്കൻ ഐക്യനാടിനും മറ്റു പാശ്ചാത്യ സ്ഥാപനങ്ങൾക്കും ആണെന്നത് മാർ ഗ്രിഗോറിയോസ് ഉറപ്പിച്ചു പറയുന്നു. ഈ രാജ്യങ്ങൾ തന്നെയാണ് പരിസ്ഥിതി സംര

ക്ഷണം സംബന്ധിച്ച് തീരുമാനങ്ങൾ നടപ്പിലാക്കാൻ വിസമ്മതിക്കുന്നത്. ഉദാഹരണത്തിന് രാസവസ്തു വ്യവസായങ്ങളും അശ്മക ഇന്ധന (ഫോസിൽ ഫ്യൂവൽ) ഉപയോഗവും പത്തുശതമാനം എങ്കിലും പത്തുവർഷത്തിനകം കുറയ്ക്കണം എന്ന ക്യോട്ടോ സമ്മേളന തീരുമാനത്തിൽ ഒപ്പുവച്ച അമേരിക്കൻ ഐക്യനാട് പ്രസിഡന്റ് ബുഷിന്റെ നേതൃത്വത്തിൽ ആ കരാറിനെ കീറക്കടലാസായി തിരസ്കരിക്കുകയാണ്. തങ്ങളുടെ വ്യാവസായിക വളർച്ചയ്ക്ക് വിഘാതമാണ് ക്യോട്ടോ നിർദേശം എന്ന് ബുഷ് വാദിക്കുമ്പോൾ അദ്ദേഹം അമേരിക്ക ഉൾപ്പെടെയുള്ള ലോകത്തിനും അമേരിക്ക ഉൾപ്പെടെയുള്ള ആ ഗോള ഹരിതാവരണത്തിനും എതിരായാണ് പ്രവർത്തിക്കുന്നത്. ഇക്കാര്യവും ഇതുപോലുള്ള പടിഞ്ഞാറൻ നിലപാടുകളും ആണ് "വെസ്റ്റി"നോട് അഥവാ "പടിഞ്ഞാറിനോട്" എതിരായ നിലപാടെടുക്കാൻ ഗ്രിഗോറിയോസിനെ പ്രേരിപ്പിച്ചത്. അതിന്റെ അർഥം പടിഞ്ഞാറൻ രാഷ്ട്രങ്ങളിലെ ജനങ്ങൾക്കും അവരുടെ സുസ്ഥിതിക്കും അദ്ദേഹം എതിരായിരുന്നു എന്നല്ല. സപ്തതി ആഘോഷവേളയിൽ ഇക്കാര്യവും അദ്ദേഹം ഭംഗിയായി ഇപ്രകാരം വിശദീകരിച്ചു:

> ഇവിടെ ചിലർ പറയുകയുണ്ടായി, ഞാൻ മുതലാളിത്തത്തിന് എതിരാണ്; West ന് എതിരാണ് എന്ന്. എല്ലാ മനുഷ്യരാശിക്കും അനുകൂലമാണ് ഞാൻ. മുതലാളിത്തത്തിന് എതിരാണ് ഞാൻ എന്നു പറയാൻ ഒക്കത്തില്ല. അനീതിക്ക് എതിരാണ്. അനീതി എവിടെ നിന്നുവരുന്നോ, ആ പ്രസ്ഥാനങ്ങൾക്ക് എതിരാണ്. അല്ലാതെ West ൽ ഉള്ള മനുഷ്യരോട് എതിരൊന്നുമില്ല. വലിയ കോടീശ്വരന്മാരോടുപോലും ചിലപ്പോഴൊക്കെ വർത്തമാനം പറയുവാൻ മാത്രമുള്ള സൗഹൃദം എനിക്കുണ്ട്. അല്ലാതെ വ്യക്തിപരമായിട്ട് അവരോട് വിരോധമില്ല. കോടീശ്വരന്മാരോടുപോലും എനിക്കങ്ങനെ വിരോധമില്ല. ഇന്ന് ലോകത്തിൽ നിലനിൽക്കുന്ന അനീതിയുടെ പ്രധാന ചുമതല ഇന്നത്തെ പാശ്ചാത്യ വ്യവസ്ഥിതിക്കാണെന്ന് ഞാൻ സാധാരണ ചിന്തിക്കുന്നതുകൊണ്ട് പലപ്പോഴും പാശ്ചാത്യ വ്യവസ്ഥിതിയുടെ പ്രാബല്യത്തിനെതിരായി സമരം ചെയ്യേണ്ടുന്ന ചുമതല എനിക്കുണ്ടായിട്ടുണ്ട് എന്നല്ലാതെ എന്റെ ലളിതമായ തത്വം പറഞ്ഞാൽ എല്ലാ മനുഷ്യരാശിക്കും അനുകൂലമാണ് ഞാൻ. മനുഷ്യരാശിക്ക് എതിരായി പ്രവർത്തിക്കുന്നവരോട് എതിർക്കേണ്ടുന്ന ചുമതല എനിക്കുണ്ടെന്നല്ലാതെ ആരെയും വ്യക്തിപരമായിട്ട് ഞാൻ എതിർക്കുന്നില്ല. അവരും കാര്യങ്ങൾ മനസ്സിലാക്കി പുതിയ ഒരു രീതിയിലേക്കു വരണം എന്നാഗ്ര

ഹിക്കുക അല്ലാതെ അവരെ കൊല്ലണമെന്നോ അവരോട് ബലം പ്രയോഗിക്കണമെന്നോ ഞാൻ ആഗ്രഹിക്കുന്നില്ല. പാശ്ചാത്യ സംസ്കാരത്തെക്കുറിച്ചാണെങ്കിലും അതിനെ നശിപ്പിക്കണമെന്നല്ല എന്റെ ആഗ്രഹം. ഒരു പരിവർത്തനത്തിലൂടെ പുതിയ ഒരു സംസ്കാരത്തിലേക്ക് വരുവാൻ ലോകത്തെ മുഴുവൻ സഹായിക്കണം എന്നുള്ള ആഗ്രഹമാണെനിക്ക് ഉള്ളത്. എന്റെ ഈ ദീർഘയാത്രയിൽ ഈ എഴുപതാം വയസ്സിൽ നിങ്ങളീ പറഞ്ഞ വാക്കുകൾ എനിക്ക് വളരെയധികം പ്രചോദനം നൽകുന്നു. (ടി പുസ്തകം, പുറം 37)

ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്കു മുമ്പ് ഒരെളിയ കമ്പിത്തപാൽ ജീവനക്കാരൻ എന്ന നിലയിൽ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗം കൂടി ആയിരുന്ന കമ്പിത്തപാൽ ജീവനക്കാർ പൊതു പണിമുടക്കിൽ പങ്കെടുത്ത യുവ ട്രേഡ് യൂണിയൻ നേതാവ് ദില്ലിയിലെ മെത്രാപോലിത്തയും വിശ്വപ്രശസ്തനായ ദൈവശാസ്ത്രജ്ഞനും ദാർശനികനുമായി ഉയർന്നപ്പോഴും യൗവനകാല മൂല്യബോധങ്ങൾ മറ്റു പലരെയും പോലെ കൈവെടിഞ്ഞില്ലെന്ന് ഈ സപ്തതി പ്രഭാഷണം വ്യക്തമാക്കുന്നു. ●

ഭാഗം 5

മതനിരപേക്ഷതാ സംവാദം

1995ൽ കോഴിക്കോട്ട് എ കെ ജി പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന സെമിനാറിൽ മതനിരപേക്ഷതയെ കുറിച്ച് മാർ ഗ്രിഗോറിയോസ് അവതരിപ്പിച്ച പ്രബന്ധം വിവാദ വിഷയമായി. ഗ്രിഗോറിയോസിന്റെ പ്രബന്ധങ്ങളോടൊപ്പം വിവാദത്തിൽ പങ്കെടുത്ത പി ഗോവിന്ദപ്പിള്ളയുടേയും ഇ എം എസ് നമ്പൂതിരിപ്പാടിന്റേയും പ്രബന്ധങ്ങളും ഇതിൽ ചേർത്തിരിക്കുന്നു.



മാർ ഗ്രിഗോറിയോസ്, ഇ എം എസ്, പ്രകാശ് കാരാട്ട്-അന്തരാഷ്ട്ര കേരള പഠനകോൺഗ്രസ് വേദിയിൽ (1994)

അധ്യായം 26

വിശ്വനാഗരികതയാണ് അഭികാമ്യം

ഡോ. പൗലോസ് മാർ ഗ്രിഗോറിയസ്

എകെജി പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 1994ൽ തിരുവനന്തപുരത്തുവെച്ച് പ്രതീക്ഷയിലധികം വിജയകരമായി നടന്ന കേരള പഠന കോൺഗ്രസ്സിന്റെ തുടർച്ചയായി കോഴിക്കോട്ട് കേളുവേട്ടൻ പഠനകേന്ദ്രത്തിൽ വച്ചുനടന്ന ത്രിദിനസെമിനാറിൽ ഞാൻ സംബന്ധിക്കുന്നത് അതീവ ചാരിതാർഥ്യത്തോടും പ്രത്യേക പ്രതീക്ഷയോടെയുമാണ്.

'മതനിരപേക്ഷ കേരളത്തിലേക്ക്' എന്ന സെമിനാറിന്റെ വിഷയം-എനിക്കത്ര സുഖമായിട്ടു തോന്നിയില്ല. കേരളം ഒരു മത നിരപേക്ഷ രാഷ്ട്രീയവ്യവസ്ഥിതിയിലേക്ക് എന്നു പറഞ്ഞിരുന്നുവെങ്കിൽ കുറെക്കൂടെ സ്വീകാര്യമായിരുന്നു. കേരള സമൂഹത്തിന്റെ ജീവിതവും സംസ്കാരവും പൂർണമായി മതനിരപേക്ഷമാകുമെന്നോ ആകണമെന്നോ എനിക്കഭിപ്രായമില്ല. മതം കേരളീയ സമൂഹത്തിന്റെ സൃഷ്ടിയിലും വികാസത്തിലും വലിയ പങ്ക് വഹിച്ചു എന്ന് സെമിനാർ ക്ഷണക്കത്തിൽ തന്നെ പറയുന്നുണ്ടല്ലോ. ഭാവിയിൽ കേരളസമൂഹത്തിന്റെ വികാസത്തിൽ മതം ഒരു പങ്കും വഹിക്കരുതെന്നു എനിക്ക് ചിന്തിക്കാൻ തന്നെ പ്രയാസമുണ്ട്.

ഒരു 'സെക്കുലർ സ്റ്റേറ്റി'നു വേണ്ടി ഒരു പരിധിവരെ മറ്റുള്ള

വിവാദത്തിന് തുടക്കം കുറിച്ച് 1995 ആഗസ്റ്റിൽ നടന്ന സെമിനാറിൽ പൗലോസ് മാർ ഗ്രിഗോറിയോസ് അവതരിപ്പിച്ച പ്രബന്ധം

വരൊത്ത് പരിശ്രമിക്കാൻ ഞാൻ തയ്യാറാണ്. പക്ഷേ, ഒരു സെക്കുലർ സൊസൈറ്റി അല്ലെങ്കിൽ ഒരു സെക്കുലർ സംസ്കാരം എന്ന ലക്ഷ്യം എന്നെ സംബന്ധിച്ചിടത്തോളം സ്വീകാര്യമല്ല. തികച്ചും മതനിരപേക്ഷമായ ഒരു കേരളം എന്റെ ലക്ഷ്യങ്ങളിലൊന്നല്ല. കാരണങ്ങൾ പിന്നാലെ വിശദീകരിച്ചുകൊള്ളാം.

സമൂഹവും രാഷ്ട്രീയ വ്യവസ്ഥിതിയും

ഒരു സമൂഹത്തിന് അതിന്റേതായ സംസ്കാരവും പാരമ്പര്യവും ഉണ്ട്. മതമില്ലായെന്നു പറയുന്നവർക്കും മതാനുയായികൾക്കും സഹകരിച്ച് പ്രവർത്തിക്കുവാനും ഒരുമിച്ച് ജീവിക്കുവാനും സാധ്യതയുള്ളതായിരിക്കണം സമൂഹം. സമൂഹത്തിൽ നിന്ന് മതത്തെയോ മതവിരോധത്തെയോ പൂർണമായി നിഷ്കാസനം ചെയ്യുവാൻ സാധ്യമല്ല. വൈവിധ്യം സമൂഹത്തിന്റെ സമ്പത്താണ്. ഐകരൂപ്യം സംസ്കാരത്തിനും സമൂഹത്തിനും ചേരാത്തതും ജീവിതത്തിന്റെ ക്രിയാത്മകത നശിപ്പിക്കുന്നതുമാണ്

സമൂഹത്തിൽ നിന്നു മതത്തെ ബഹിഷ്കരിക്കാനുള്ള ശ്രമം സോവിയറ്റ് യൂണിയനിലും ചൈനയിലും നടന്നെങ്കിലും വിജയിച്ചില്ല. മതം സംസ്കാരത്തിന്റെ ഒരു അവിഭാജ്യഘടകമായിരുന്നു. നമ്മുടെ ഭാരതത്തിൽ കലയും നാട്യശാസ്ത്രവും ശിൽപകലയും സംഗീതവും എല്ലാം മതത്തിൽ നിന്നാണല്ലോ ഉരുത്തിരിഞ്ഞിട്ടുള്ളത്.

അതുകൊണ്ട് സമൂഹത്തെയും രാഷ്ട്രീയവ്യവസ്ഥിതിയെയും കൂട്ടിക്കുഴയ്ക്കുന്നത് തികച്ചും അനാശാസ്യമായിരിക്കും. രാഷ്ട്രീയ വ്യവസ്ഥിതിയിൽ മതനിരപേക്ഷതയുണ്ടാകണം. പക്ഷേ, സാമൂഹ്യ ജീവിതത്തിലും സംസ്കാരസൃഷ്ടിയിലും മതത്തിനു പങ്ക് ഒന്നുമരുതെന്നു ശഠിക്കുന്നത് മൗഢ്യമായിരിക്കും.

മതവും രാഷ്ട്രീയ വ്യവസ്ഥിതിയും

ചരിത്രത്തിൽ നമുക്കറിയാവുന്നിടത്തോളം രാഷ്ട്രീയ വ്യവസ്ഥിതികളൊന്നും, ഈ പത്തൊൻപതാം നൂറ്റാണ്ടുവരെ, മത നിരപേക്ഷങ്ങളായിരുന്നില്ല. ആദ്യത്തെ ഭാരതീയചക്രവർത്തി ചന്ദ്രഗുപ്തമൗര്യൻ (ബി സി 322–298) മതവിരോധിയല്ലായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമി അശോകൻ (ബി സി 269–232) ദിഗ്വിജയത്തെക്കാൾ ധർമവിജയത്തിനാണ് പ്രാധാന്യം കൊടുത്തത്. ഹൈന്ദവ ബൗദ്ധ ജൈന ധർമങ്ങളെ അദ്ദേഹം ഒരുപോലെ പ്രോത്സാഹിപ്പിച്ചു. 'മതം' എന്നൊരു വാക്ക് ഇന്നത്തെ അർഥത്തിൽ അന്ന് ഇല്ലായിരുന്നു. ധർമം എന്ന പദത്തിനു ഒരു പ്രത്യേക മതം എന്നും അന്ന് അർഥമില്ലായിരുന്നു. എല്ലാ മതങ്ങളിലും കാണുന്ന ഒന്നായിരുന്നു ധർമം.

അശോകന്റെ ഭൂപാലനം ധർമനിരപേക്ഷമല്ലായിരുന്നു. പ്രത്യുത, ധർമ സംസ്ഥാപനാത്മകമായിരുന്നു. ധർമം എന്ന പദത്തിനു അശോകന്റെ ശിലാപ്രഖ്യാപനങ്ങളിൽ കാണുന്ന അർഥം, ഏതെങ്കിലും, ഒരു പ്രത്യേകമതമെന്നല്ല, പ്രത്യുത എല്ലാ മതങ്ങളിലുമുള്ള ധർമതത്ത്വങ്ങൾ എന്നു തന്നെയായിരുന്നു. ബുദ്ധ, ജൈന, ഹൈന്ദവ മതങ്ങളിലുള്ള എല്ലാ നല്ല തത്വങ്ങളെയും ഉൾക്കാഴ്ചകളെയും അദ്ദേഹം ഒരുപോലെ പ്രോത്സാഹിപ്പിച്ചു. അവയിലുള്ള തെറ്റുകളെയും ദുഷ്പ്രേരണകളെയും ഒരുപോലെ നിരുത്സാഹപ്പെടുത്തുകയും ചെയ്തു. ബുദ്ധധർമത്തിന് അനേകം പ്രത്യേകാനുകൂല്യങ്ങൾ അശോകൻ നൽകിയെങ്കിലും, അതു പോലെ ജൈനധർമത്തെയും ബ്രാഹ്മണധർമത്തെയും പ്രോത്സാഹിപ്പിച്ചു.

ഇന്നു നമുക്കിത് മനസിലാക്കുവാൻ പ്രയാസമുളവാക്കുന്നത് 'ധർമം' എന്ന പദത്തിന്റെ മൂല്യാർഥത്തിൽ വന്നുകൂടിയ അർഥവ്യതിയാനങ്ങളാണ്. ധർമം എന്നാൽ അസ്തിത്വത്തിനു നിദാനമായിട്ടുള്ളത്, ഉൺമയെ താങ്ങിനിർത്തുന്ന മൗലികാടിസ്ഥാനം എന്നായിരുന്നു പുരാതനകാലങ്ങളിലുണ്ടായിരുന്ന അർഥം. ഇന്നത്തെ സമകാലീനഭാഷയിൽ പറഞ്ഞാൽ, അസ്തിത്വത്തിനു നിദാനമായിട്ടുള്ള ശാസ്ത്രനിയമങ്ങളും (Natural laws), ധാർമിക നിയമങ്ങളും (നീതി അല്ലെങ്കിൽ Moral Laws എന്ന് ഇന്ന് പറയുന്നത്) ഒരുമിച്ചുൾക്കൊള്ളുന്നതും എന്നാൽ അതിനേക്കാളും വ്യാപകമായ അർഥമുള്ളതുമായ ഒരു പദപ്രയോഗമായിരുന്നു 'ധർമം'.

സത്യത്തെയും നീതിയെയും ഒരുമിച്ചുൾക്കൊള്ളുന്ന ധർമമാണ് ഒരു സമൂഹത്തിന്റെയും വ്യക്തിയുടേയും അസ്തിത്വത്തിൻറ നിദാനം, ആശ്രയം അങ്ങനെയെങ്കിൽ ധർമ നിരപേക്ഷമായ ഒരു കേരളത്തിനുവേണ്ടി ധർമബോധമുള്ളവരാരും പരിശ്രമിക്കുകയോ ചിന്തിക്കുകപോലുമോ ചെയ്കയില്ലല്ലോ. പ്രത്യുത, ഒരു ധർമാധിഷ്ഠിത കേരളത്തിനുവേണ്ടിയാണ് നാം എല്ലാവരും തന്നെ ആഗ്രഹിക്കേണ്ടതും പ്രവർത്തിക്കേണ്ടതും.

'മതനിരപേക്ഷമായ കേരളം' എന്നാൽ തീർച്ചയായും ധർമനിരപേക്ഷ കേരളമല്ലല്ലോ. ധർമനിരപേക്ഷ കേരളം എന്നു പറഞ്ഞാൽ അധർമാധിഷ്ഠിതമായ കേരളം എന്നാവും വിവക്ഷ. അതല്ലല്ലോ നമ്മുടെ ലക്ഷ്യം.

ധർമാടിസ്ഥാനമില്ലാതെ സ്ഥായിയായ ഒരു സമൂഹം സാധ്യമല്ല. ഉൺമയും നന്മയും, അതായത് സത്യവും നീതിയും - ശുദ്ധജലത്തിൽ ഹൈഡ്രജനും ഓക്സിജനും ഒരുമിച്ചു കാണുന്നതുപോലെ-അവിഭാജ്യമായി സങ്കലിതമാവുന്നതാണ് ധർമം. അതുകൊണ്ടു മതനിര

പേക്ഷം എന്ന പദപ്രയോഗം കൊണ്ട് ധർമനിരപേക്ഷം എന്ന് ആരും അർഥമാക്കരുത്. പ്രത്യേകിച്ച്, ഉത്തരേന്ത്യൻ ഭാഷകളിൽ 'മതം' എന്ന പദംകൊണ്ട് നാം വിവക്ഷിക്കുന്നതിനു 'ധർമം' എന്ന് അവർ പറയുന്ന പശ്ചാത്തലത്തിൽ.

കേരളത്തിന്റെ സവിശേഷത മതവൈവിധ്യത്തിന്റെയും മതസൗഹാർദത്തിന്റേയും സഹവർത്തിത്വം.

ചരിത്രം നോക്കുമ്പോൾ നാം കാണുന്നത് ഭാരതത്തിന്റെ മറ്റു ഭാഗങ്ങളേക്കാൾ കൂടുതലായി വിവിധ ധർമങ്ങളെ അഥവാ വിവിധ മതങ്ങളെ സന്തോഷത്തോടും സഹിഷ്ണുതയോടും സ്വാഗതം ചെയ്യുന്ന ഒരു സാർവനാഗരിക സംസ്കാരമാണ് (Cosmopolitan culture) നമുക്കുണ്ടായിരുന്നത്. ഭാരതത്തിനുള്ളിൽ നിന്നും വെളിയിൽ നിന്നും വന്നിട്ടുള്ള എല്ലാ മതങ്ങളെയും സ്വാഗതം ചെയ്യുകയും മതപീഡിതർക്കു അഭയം നൽകുകയും ചെയ്യുന്ന ഒരു സംസ്കാര മായിരുന്നു നമ്മുടേത്.

ഉത്തരേന്ത്യയിൽ ബുദ്ധമതവും ജൈനമതവും അന്നുണ്ടായി രുന്ന ബ്രാഹ്മണ മതത്തോടു മറുതലിച്ചു തന്നെയാണ് ബിസി ആറാം നൂറ്റാണ്ടിൽ ഉടലെടുത്തത്. അശോകൻ ബിസി മൂന്നാം നൂറ്റാണ്ടിൽ ബുദ്ധധർമം പ്രചരിപ്പിക്കുന്നതിനു ബുദ്ധഭിക്ഷുക്കൾക്കു സഹായം നൽകിയപ്പോൾ ബുദ്ധമിഷണറിമാർ കേരളത്തിലും വന്നു. വലിയ സ്വാഗതമാണ് അവർക്കിവിടെ ലഭിച്ചത്. അവരുടെ തണൽപറ്റി ഉത്തരേന്ത്യയിലെ മതപീഡനത്തിൽ നിന്നും രക്ഷപ്പെടുവാൻ പല ജൈനമുനികളും കേരളത്തിൽ അഭയംതേടി. അന്നു ബ്രാഹ്മണമതം കേരളത്തിൽ പ്രചാരത്തിൽ വന്നിട്ടേയില്ലാതിരുന്ന അവസ്ഥയിൽ ബുദ്ധമതത്തിനും ജൈനമതത്തിനും കേരളീയരുടെ ഇടയിൽത്തന്നെ വലിയ പ്രചാരം ലഭിച്ചു. ഇവിടെ അന്ന് നിലവിലുണ്ടായിരുന്ന ആദി വാസികളുടെ മതവുമായി (പ്രാഥമികദർശനം) യാതൊരു സംഘർഷ ത്തിന്റെയും ആവശ്യം വന്നില്ല.

മാത്രമല്ല, ജൈനബുദ്ധചിന്തകന്മാരിൽ കൂടി ഭാരതദർശന ത്തിന്റെ അടിസ്ഥാന ചിന്തകളിൽപലതും കേരളത്തിലേക്ക് കടന്നു വന്നു. സാംഖ്യചിന്ത, യോഗശാസ്ത്രം, ആയുർവേദം എന്നിവയും എല്ലാ ധർമങ്ങൾക്കും സാമാന്യ നിദാനമായി കേരളത്തിൽ പ്രചരി ക്കുകയും വികസിക്കുകയും ചെയ്തു. ശൈവമതാനുയായി ആയിരുന്ന ശേഷം ബുദ്ധമതം അവംലംബിച്ച അശ്വഘോഷന്റെ (50 ബിസി –100 എഡി) തത്വദർശനം ഒന്നാം ശതാബ്ദത്തിലേ കേരളത്തിൻ വന്നു. പിന്നീട് വളരെക്കഴിഞ്ഞാണ് ബ്രാഹ്മണധർമം ഇവിടെ പ്രവേശിച്ചതും

പ്രചരിച്ചതും. ആദിവാസികളുടെ പ്രാഥമിക ദർശനത്തോടൊപ്പം, ബുദ്ധധർമം, ജൈനമതം, സാംഖ്യാദർശനം, യോഗശാസ്ത്രം, ആയുർവേദം എന്നിവയെല്ലാമാണ് കേരള സംസ്കാരത്തിന്റെ അടിസ്ഥാനം ഒന്നാം നൂറ്റാണ്ടിനുമുമ്പുതന്നെ ആവിഷ്കരിച്ചത്.

അക്കാലങ്ങളിൽത്തന്നെ ഭാരതത്തിനു പുറത്തുള്ള രണ്ടു സംസ്കാരങ്ങളുമായും കേരളത്തിനു തുറന്ന ബന്ധമുണ്ടായിരുന്നു. പ്രധാനമായും വാണിജ്യമാർഗത്തിൽകൂടെ. ഒന്ന് ചൈനയുമായുള്ള സമ്പർക്കവും മറ്റേത് നമ്മുടെ സുഗന്ധദ്രവ്യങ്ങൾ, മയിൽ, കുരങ്ങ് (ഒരുപക്ഷേ സ്വർണം കൂടെ) കച്ചവടം ചെയ്യാൻ വരുന്ന മധ്യപൂർവ ദേശത്തെ സംസ്കാരവുമായുള്ള ബന്ധം. ശലോമോൻ രാജാവിന്റെ കാലത്തിനു (ക്രിസ്തുവിനുമുമ്പ് പത്താം ശതാബ്ദം) മുമ്പുതന്നെ സുറിയാക്കാരും ഫൊയ്നീക്യക്കാരും കപ്പലുകളിൽ ഇവിടെവന്ന് കേരളക്കരയിലെ ചേരപുത്രൻമാരുമായി വാണിജ്യസമ്പർക്കം പുലർത്തിയിരുന്നുവെന്നതിനു യഹൂദവേദപുസ്തകത്തിൽ തെളിവുകളുണ്ട്. (1 King 9:28; 1 King 10:22) എബ്രായഭാഷയിൽ കുരങ്ങിന് കൊടുക്കുന്ന കൊപി എന്ന പേരും മയിലിനുനൽകുന്ന തുക്കി എന്ന പേരും ചേരനാട്ടിൽ നിന്ന് ഉണ്ടായതാകാനാണു വഴി എന്ന് പണ്ഡിതന്മാർ സമ്മതിക്കുന്നു.

ചൈനീസ് സംസ്കാരവുമായുള്ള ബന്ധംവഴി ചൈനയിലെ മതങ്ങളേതെങ്കിലും ഇവിടെ പ്രചരിച്ചതായി കാണുന്നില്ല. എന്നാൽ മധ്യ പൗരസ്ത്യദേശത്ത് യഹൂദമതത്തിനു പീഡനമുണ്ടായപ്പോൾ അവരും വന്ന് അഭയം തേടിയത് കേരളക്കരയിലുള്ളവരിലാണ്. ക്രിസ്തുവിനു ഒന്നോ രണ്ടോ ശതാബ്ദം മുമ്പുതന്നെ യഹൂദമതം കേരളത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കാനാണ് വഴി. അതേത്തുടർന്നാണ് തോമാശ്ലീഹായുടെ കാലത്ത് ക്രിസ്തുമതവും ഇവിടെ സംസ്ഥാപിതമായത്.

ഇതിനൊക്കെ ശേഷം ബ്രാഹ്മണമതം ഇവിടെ വന്നു. ഏതാണ്ട് നാലാം നൂറ്റാണ്ടിനുശേഷം. അതേത്തുടർന്ന് ശൈവസിദ്ധാന്തം മുതലായി ഇന്നു നാം ഹിന്ദുമതത്തിന്റെ വിഭാഗങ്ങളെന്നു ചിന്തിക്കുന്ന മറ്റു മതങ്ങളും വന്നു ചേർന്നു. അവസാനം എട്ടാം ശതാബ്ദത്തിൽ വന്നതാണ് ഇസ്ലാം. അതും ഉത്തരേന്ത്യയിലെപ്പോലെ കടന്നാക്രമണങ്ങളിലൂടെയല്ല, പ്രത്യുത മധ്യപൗരസ്ത്യ ദേശങ്ങളുമായുള്ള വാണിജ്യസമ്പർക്കത്തിൽക്കൂടെയാണ് കേരളത്തിൽ കടന്നത്.

ഇത്രയും മതവൈവിധ്യവും അതേസമയം മതസൗഹാർദവും പുലർത്തുന്ന സമൂഹം ഭാരതത്തിലോ ലോകത്തിലോ മറ്റെവിടെയുമുണ്ടായിരുന്നു എന്നു തോന്നുന്നില്ല. ഒരുകാലത്ത് മതങ്ങളുടെ വേലി

യേററം അനേക ശതവർഷങ്ങൾ നിലകൊണ്ട കാശ്മീരിലോ, പഞ്ചാബിലോ, അഫ്ഗാനിസ്ഥാനിലോ ഇത്രയും മതവൈവിധ്യവും മതസൗഹാർദവും ഒരേ സമയത്ത് നിലനിന്നതായി അറിവില്ല. ആ ഭാഗങ്ങളിലും യഹൂദമതവും ക്രൈസ്തവമതവും ബുദ്ധമതവും ഇസ്ലാമും പ്രചരിക്കുകയും വികസിക്കുകയും ചെയ്തെങ്കിലും ഒന്നു മറ്റൊന്നിനെ പുറന്തള്ളുകയല്ലാതെ സഹവർത്തിത്വം ശീലിക്കുവാൻ ശ്രമിച്ചതായി അറിവില്ല.

കേരളത്തിൽ രണ്ടായിരത്തിലധികം വർഷങ്ങളായി നിലനിന്ന ഒരു സവിശേഷതയാണ് മതവൈവിധ്യത്തിന്റെയും മതസൗഹാർദത്തിന്റെയും ഈ സഹവർത്തിത്വം. ഇത് കേരളത്തിന്റെ വിലതീരാത്ത പൈതൃകമാണ്. ഇത് നാം കളഞ്ഞുകുളിക്കരുത്. രാഷ്ട്രീയ വേലിയേറ്റത്തിൽ മതിമറന്ന് കേരളത്തിന്റെ ഈ അനർഘപൈതൃകം മതരാഷ്ട്രീയമായി അധഃപതിക്കുവാൻ നാം ഒരിക്കലും അനുവദിക്കരുത്.

മതനിരപേക്ഷരാഷ്ട്രങ്ങൾ ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം.

പത്തൊൻപതാം ശതാബ്ദം വരെയുള്ള ലോകത്തിലേക്കു നാം തിരിഞ്ഞുനോക്കുമ്പോൾ ഏതെങ്കിലും മതനിരപേക്ഷ രാഷ്ട്രങ്ങൾ ഉണ്ടായിരുന്നതായി കാണുന്നില്ല. മതനിരപേക്ഷമായി വളർന്നു വികസിച്ച ഒരു സംസ്കാരവും ലോകചരിത്രത്തിൽ കാണുമെന്നു തോന്നുന്നില്ല.

കുറെ ഉദാഹരണങ്ങളെടുക്കാം. റോമാസാമ്രാജ്യം തികച്ചും റോമൻ ദേവൻമാരുടെ ആരാധനയിലും അവർക്കുള്ള ദൈനംദിന ബലിയർപ്പണങ്ങളിലും അധിഷ്ഠിതമായിരുന്നു. ഓരോ സ്ഥലത്ത് ഈ ബലിയനുഷ്ഠാനങ്ങൾ തക്കസമയത്ത് നടത്തുക എന്നത് സിവിൽ ഉദ്യോഗസ്ഥന്മാരുടെ ചുമതലയായിരുന്നു. ദേവൻമാരുടെ ലോകവുമായി ബലിമൂലം ബന്ധം പുലർത്തുന്നതിനും അങ്ങനെ സാമ്രാജ്യത്തെ നിലനിർത്തുന്നതിനുമുള്ള പ്രധാന ചുമതല ചക്രവർത്തിക്കുതന്നെയായിരുന്നു. 'അത്യുന്നത പാലം പണിക്കാരൻ' (Supreme Pontiff) എന്ന സംജ്ഞയും ചക്രവർത്തിക്കുള്ളതായിരുന്നു. പിന്നീടാണ് റോമാസഭയുടെ അധിപനായ പാപ്പാ ആ പേര് ഏറ്റെടുത്തത്. നീതിയിലും നിയമത്തിലും അധിഷ്ഠിതമായ റോമാസാമ്രാജ്യം ക്രിസ്ത്യാനികളെ അതിദാരുണമായി പീഡിപ്പിക്കുവാൻ മുതിർന്നതിന്റെ പ്രധാനകാരണം, ക്രിസ്ത്യാനികൾ ദേവൻമാർക്കു ബലിയർപ്പിക്കാൻ വിസമ്മതിക്കുകയും അങ്ങനെ റോമാസാമ്രാജ്യത്തിന്റെ ധാർമികാടിസ്ഥാനത്തെ നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു എന്നതായിരുന്നു.

'സെക്കുലർ' എന്ന ആശയം പാശ്ചാത്യചിന്തയിൽ

ഭാരതസംസ്കാരത്തിലും ഭാരതീയഭാഷകളിലും അതിനു സമമില്ലാത്ത ഈ സെക്കുലർ ചിന്താഗതി പാശ്ചാത്യ ചരിത്രത്തിൽ എങ്ങനെയുണ്ടായെന്ന് അൽപ്പം ചിന്തിക്കുന്നത് നമുക്കു പൊതുവെ പ്രയോജനപ്രദമായിരിക്കും. യൂറോപ്യൻ ചരിത്രത്തിലുണ്ടായ ചില പ്രത്യേക പരിണാമങ്ങളുടെ പശ്ചാത്തലത്തിൽ അടുത്തകാലത്തു മാത്രമാണ് സെക്കുലർ ചിന്താഗതി ഉയർന്നുവന്നിട്ടുള്ളത്.

യൂറോപ്യൻ ചരിത്രത്തിൽ മതവും രാഷ്ട്രവും തമ്മിലുള്ള സങ്കലനം പലവിധത്തിലായിരുന്നു. പുരാതന റോമാസാമ്രാജ്യത്തെക്കുറിച്ച് പറയുകയാണെങ്കിൽ ആ സാമ്രാജ്യത്തിന്റെ നിലനിൽപ്പിനാവശ്യമായ വിവിധ ഘടകങ്ങളായിരുന്നു കൈസർ അല്ലെങ്കിൽ എംപററുടെ സ്ഥാനം; റോമൻ സേന, റോമൻ സിവിൽ സർവ്വീസ് (curia) റോമൻ നിയമസംഹിത മുതലായവ അവയൊടൊപ്പം പ്രധാനമായിരുന്നു. റോമാദേവൻമാരെ പ്രസാദിപ്പിക്കുന്നതിനുവേണ്ടിയുള്ള ബലികളും അനുഷ്ഠാനങ്ങളും. ഈ ബലികളും അർച്ചനകളും നിർബാധം തുടർന്നുകൊണ്ടുപോകുന്നതിനുള്ള ചുമതല സുപ്രീം പോൺടിഫായ ചക്രവർത്തിയിലും അതുപോലെ ഓരോ സിവിൽ ഉദ്യോഗസ്ഥനിലും നിക്ഷിപ്തമായിരുന്നു.

അതുകഴിഞ്ഞുണ്ടായ (330-1453 AD) ബൈസന്റൈൻ സാമ്രാജ്യവും ഒരു ക്രിസ്തീയ ചക്രവർത്തിക്ക് വിധേയമായി ക്രിസ്തുമതത്തെ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതമാക്കിത്തീർക്കുകയും, ഗവൺമെണ്ടിന്റെ വിശ്വാസത്തോട് യോജിക്കാതിരുന്നവരെ നിഷ്കരുണം പീഡിപ്പിക്കുകയും ചെയ്തു.

എട്ടാം ശതാബ്ദത്തിനുശേഷം യൂറോപ്പിലുണ്ടായ ചാർലമേഞ്ഞിന്റെ (Charlemange) ഹോളി റോമൻ എംപയറും (800-1806) പൂർണമായും ഒരു മതാധിഷ്ഠിത രാഷ്ട്രമായിരുന്നു. ദൈവരാജ്യം വേദശാസ്ത്രജ്ഞൻമാരുടെ നിർദേശപ്രകാരം ഭൂമിയിൽ സ്ഥാപിക്കുവാൻ ബാധ്യതയുള്ള ആളായാണ് ചാർലമാഞ്ഞ് തന്നെത്തന്നെ കണ്ടത്. പത്തൊൻപതാം ശതാബ്ദത്തിന്റെ ആരംഭത്തിൽ 1806 ൽ നെപ്പോളിയനാണ് അതിനെ തട്ടി താഴെ ഇട്ടത്.

സിവിൽ പവർ വേദശാസ്ത്രത്തിനു കീഴെയായിരിക്കണമെന്ന അതേ തത്വം ഉപയോഗിച്ച് ഹോളി റോമൻ എംപയറിനു ബദലായി ഇറ്റലിയിലും ഫ്രാൻസിലും പേപ്പൽ സ്റ്റേറ്റ്സ് രൂപംകൊണ്ടു. മാർപാപ്പമാർ നേരിട്ടു രാജ്യം ഭരിച്ചു. പല രാജാക്കന്മാർ പലയിടങ്ങളിലായി റോമാ സഭയ്ക്കു ദാനം നൽകിയ വസ്തുക്കളാണ് റോമാ പാപ്പാ ഇങ്ങനെ നേരിട്ടു ഭരിച്ചത്. ഒരുകാലത്ത് യൂറോപ്പിന്റെ മൂന്നിലൊന്നു

ണ്ടായിരുന്ന ഈ പേപ്പൽ സ്റ്റേറ്റ്സ്, ഇന്ന് വത്തിക്കാൻ, ലാറ്ററൻ ചാപ്പൽ, കാസ്റ്റൽ ഗോൺഡോൾഫോയിലെ പാപ്പായുടെ കൊട്ടാരം എന്നിവ മാത്രമായി അവശേഷിക്കുന്നു.

പ്രൊട്ടസ്റ്റന്റ് നവീകരണം 16-ാം ശതാബ്ദത്തിൽ വന്നതോടെ യൂറോപ്പിലെ കോണ്ടിനന്റൽ സ്റ്റേറ്റ്സ്, മതാടിസ്ഥാനത്തിൽ രണ്ടു ചേരികളായിത്തിരിഞ്ഞു. പ്രൊട്ടസ്റ്റന്റ് സ്റ്റേറ്റ്സും കാത്തലിക് സ്റ്റേറ്റ്സും തമ്മിലുള്ള യുദ്ധം വളരെ നാൾ നീണ്ടുനിന്നു. യൂറോപ്പിൽ മുഴുവൻ വ്യാപിച്ചു. അന്ന് യൂറോപ്പിലെ എല്ലാ രാഷ്ട്രങ്ങളും മതാധിഷ്ഠിത രാഷ്ട്രങ്ങളായിരുന്നു. ഒന്നുകിൽ പ്രൊട്ടസ്റ്റന്റ് അല്ലെങ്കിൽ കാത്തലിക്. മുപ്പതുവർഷത്തെ പടവെട്ടിനുശേഷം ഇരുചേരികളും തമ്മിലുള്ള അനുരഞ്ജനക്കരാർ 1648ൽ ഉടലെടുത്തതോടെയാണ് ഇന്നത്തെ സെക്കുലർ സ്റ്റേറ്റ്സിന്റെ അടിസ്ഥാനം ഉണ്ടാകുന്നത്. 'സെക്കുലറൈസേഷൻ' എന്ന പദപ്രയോഗവും ആദ്യമായി ഉണ്ടാകുന്നത് 1648ലെ വെസ്റ്റ്ഫേലിയൻ ഉടമ്പടിയോടെയാണ്. "Cuius regio eius religio" -"രാജമതം രാജ്യമതം". ഒരു രാജ്യത്തെ രാജാവ് പ്രൊട്ടസ്റ്റന്റാണെങ്കിൽ അവിടുത്തെ ജനങ്ങളെല്ലാവരും പ്രൊട്ടസ്റ്റന്റായിക്കൊള്ളണം. രാജാവ് കത്തോലിക്കനാണെങ്കിൽ ജനങ്ങളും കത്തോലിക്കരാകണം. ഇതാണ് തത്വം. ഇതിന്റെ പൂർണ നിഷേധമായിട്ടാണ് സെക്കുലർ സ്റ്റേറ്റ് പിന്നീട് ഉടലെടുക്കുന്നത്. സെക്കുലറിസേഷൻ എന്ന പദത്തിന് അന്ന് വെസ്റ്റ് ഫേലിയൻ ഉടമ്പടി കൊടുത്ത അർഥം, സഭയുടെ മുതൽ അല്ലെങ്കിൽ എക്ളസിയാസ്റ്റിക്കൽ പ്രോപ്പർട്ടി ആയി കിടന്നിരുന്ന അനേകം വസ്തുവകകൾ സഭാനിയന്ത്രണത്തിൽ നിന്നു വേർപ്പെടുത്തി ഒരു പ്രൊട്ടസ്റ്റന്റ് രാജാവിനോ കത്തോലിക്കാ രാജാവിനോ കൊടുക്കുന്ന പ്രക്രിയക്കായിരുന്നു.

17-ാം ശതാബ്ദം വരെ യൂറോപ്പിൽ ഒരു രാഷ്ട്രവും മതനിരപേക്ഷമായിരുന്നില്ല. പ്രത്യുത, തികച്ചും മതാധിഷ്ഠിതമായിരുന്നു. പാശ്ചാത്യ സോഷ്യലിസ്റ്റ് പിതാവായ സാന്റ് സിമോണിന്റെ (1760-1825) അഭിപ്രായത്തിൽ ഒരു സമൂഹത്തിലെ ഏറ്റവും സുപ്രധാനമായ ഘടകം മതമാണ്. പത്തൊൻപതാം ശതാബ്ദത്തിൽ അമേരിക്ക സന്ദർശിച്ച അലെക്സിസ് ഡി ടോക്കേവിൽ (1805-1859) ഈ അഭിപ്രായക്കാരനായിരുന്നു എന്നു മാത്രമല്ല, അമേരിക്കയിൽ ഡെമോക്രസി വേരൂന്നിയതിന്റെ പ്രധാന കാരണം, ഇവാഞ്ചലിക്കൽ പ്രൊട്ടസ്റ്റന്റിസമായിരുന്നു എന്നു വാദിക്കുകയും ചെയ്തു.

ഇവരുടെ രണ്ടുപേരുടെയും ചിന്താഗതിയെ വിമർശിച്ചു കൊണ്ട് സുപ്രസിദ്ധ മാനവശാസ്ത്രകാരൻ എമിലി ദുർക്ഹൈം (1858-1917)

മതത്തെയും സമൂഹത്തെയും രണ്ട് യാഥാർഥ്യങ്ങളായി കാണുന്നത് തന്നെ തെറ്റാണെന്ന് വാദിച്ചു. മതമാകുന്ന സിമന്റില്ലാതെ സംസ്കാരം കെട്ടിപ്പടുക്കുവാനേ സാധ്യമല്ല എന്നായിരുന്നു ദുർക്ഹൈമിന്റെ വാദം. അതിമാനുഷികനായ ഒരു ഈശ്വരനെ വിഭാവനം ചെയ്തില്ലെങ്കിൽ തന്നെ സമൂഹത്തെ കൂട്ടിപ്പിടക്കുവാനും അതിന്റെ വിശ്വാസ സംഹിതയെ ന്യായീകരിക്കുവാനും (For legitimizing Society) ഒരു സിവിൽ മതം (വ്യക്തിയുടെ മതമല്ല, സമൂഹം സ്വീകരിക്കുന്ന ഒരു മതം) ആവശ്യമാണെന്ന് റൂസ്സോ വാദിച്ചു.

മതമെന്നും, ദൈവശാസ്ത്രം, മെറ്റാഫിസിക്സ് എന്നും ഒക്കെ പറയുന്നത് മനുഷ്യന്റെ ബാല്യദശയിലെ അപൂർണ ചിന്തകളിൽപ്പെട്ടതായിരുന്നു എന്നും അവയെ മറികടന്ന് ശാസ്ത്രത്തിന്റെ അസന്ദിഗ്ധജ്ഞാനത്തിൽ മനുഷ്യൻ ഉറച്ചു നിൽക്കണമെന്നും വാദിച്ച് ആഗസ്ത് കോംതെ (1798–1857), തന്റെ പിൽക്കാലത്തുള്ള ചിന്തയിൽ ഒരു മതമാനവികത അല്ലെങ്കിൽ മാനവിക മതമില്ലാതെ സമൂഹത്തെ കൂട്ടിപ്പിടിക്കുവാൻ സാധ്യമല്ലെന്നാണ് വാദിച്ചത്. ഹേഗലും ഈ അഭിപ്രായക്കാരനായിരുന്നു.

എന്നാൽ 19-ാം നൂറ്റാണ്ടിൽ ഹെർബർട്ട് സ്പെൻസർ, ലുദ്വിഗ് ഫൊയർബാഹ്, മാർക്സ്, എംഗൽസ് തുടങ്ങിയവർ മതം സമൂഹ പുരോഗതിക്ക് വിലങ്ങുതടിയാണെന്നും ചൂഷിത മനുഷ്യനെ നിഷ്ക്രിയനാക്കുന്ന മയക്കുമരുന്നാണെന്നും മനുഷ്യൻ പുരോഗമിക്കുന്നതോടെ മതം മനുഷ്യ ചരിത്രത്തിൽ നിന്ന് തിരോധാനം ചെയ്തുകൊള്ളുമെന്നും പഠിപ്പിച്ചു.

ഉള്ളതെന്താണ്? അടിസ്ഥാന ചോദ്യം

ആധുനിക ശാസ്ത്രത്തിന്റെ വേലിയേറ്റത്തിൽ മതവും മെറ്റാഫിസിക്സും പാരമ്പര്യവുമൊക്കെ താനേ തിരോധാനം ചെയ്തുകൊള്ളുമെന്ന 19-ാം ശതാബ്ദത്തിലെ വാദഗതിക്ക് ഇന്ന് ബലക്ഷയം വന്നിരിക്കുന്നു. മനുഷ്യ യുക്തിയുടെയും ശാസ്ത്രത്തിന്റെയും സാധ്യതകളുടെ പരിമിതി കാണാൻ കഴിയാതിരുന്ന ഒരു യൂറോപ്യൻ സമൂഹമാണ് മതത്തിന്റെയും പാരമ്പര്യത്തിന്റെയും സ്വാഭാവിക തിരോധാനത്തെപ്പറ്റി ഇത്രയധികം ഉത്ലപതിഷ്ണുത്വം കാണിച്ചത്. ആ ഉൽപ്പതിഷ്ണുത്വത്തിന്റെ വേലിയേറ്റത്തിലാണ് മാർക്സും എംഗൽസും യൂറോപ്പിൽ ജീവിച്ചതും ചിന്തിച്ചതുമൊക്കെ.

മാർക്സിസത്തിന്റെ അനുധാവകനല്ലെങ്കിലും ഒരു എളിയ സുഹൃത്ത് എന്ന നിലയിൽ എനിക്ക് എന്റെ ഇടതുപക്ഷ സഹോദരങ്ങളോട് അഭ്യർഥിക്കാനുള്ളത്- മാർക്സിയൻ ഫണ്ടമെന്റലിസവും മറ്റു

ഫണ്ടമെന്റലിസങ്ങളെപ്പോലെ തന്നെ അത്ര വളരെ ശാസ്ത്രീയമായ ഒരു നിലപാടല്ലെന്ന് മനസിലാക്കി മനുഷ്യരാശിയുടെ അനുഭവത്തിൽ അധിഷ്ഠിതമായ ഒരു പുതിയ മൗലിക ചിന്താഗതി അവംലബിക്കുവാൻ നാം തയ്യാറാകണമെന്നുള്ളതാണ്. മാർക്സിസത്തിന്റെ പഴയ ഫണ്ടമെന്റൽ ഓൺടോളജി ഇന്നത്തെ ബുദ്ധിജീവിക്കോ സമാധാന പ്രവർത്തകനോ അതേപടി സ്വീകാര്യമല്ല.

ഉള്ളതെന്താണ്? ഇതാണ് അടിസ്ഥാന ചോദ്യം. മാറ്റർ-ഇൻ-മോഷൻ-എന്നോ മാറ്റർ-എനർജി-ഇൻ-പ്രോസസ്സ് ഓഫ് ഡയലിറിക്കൽ ഡവലപ്മെന്റ് എന്നോ ഒക്കെ ഇന്ന് പറഞ്ഞാൽ ശോഭിക്കില്ല. ശാസ്ത്രദർശന (Philosophy of Science) വും യാഥാർഥ്യ പ്രത്യക്ഷതാ ചിന്തയും (the nature of reality prerception) കഴിഞ്ഞ അൻപത് വർഷങ്ങൾക്കൊണ്ട് പുതിയ ഉൾക്കാഴ്ചകളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ഉള്ളതെന്താണ്? അതിനെ എങ്ങനെ അറിയാം? എന്ന ചോദ്യങ്ങൾക്ക് ഇന്ന് ആധുനിക ശാസ്ത്രത്തിലും ആധുനിക ദർശനത്തിലും സമാധാനമില്ല എന്ന അവസ്ഥയിലാണ് നാം വന്നുചേർന്നരിക്കുന്നത്. പാശ്ചാത്യ ചിന്താരീതി മാത്രം സത്യാന്വേഷണമാർഗങ്ങളായി കരുതുന്നവർക്ക് വളരെയധികം നിരാശ ജനിപ്പിക്കുന്ന ഒരു സ്ഥിതിവിശേഷമാണിതെന്ന് പ്രത്യേകിച്ചും ആധുനികോത്തര (Post Modern) ചിന്താരീതിയിൽ വിളങ്ങിക്കാണാം.

പക്ഷേ ഭാരതീയരായ നാം എന്തിന് പാശ്ചാത്യഗവേഷണ രീതി മാത്രമാണ് സത്യാന്വേഷണമാർഗം എന്നു ശഠിക്കുന്നു? നമ്മുടെ പ്രാചീന പാരമ്പര്യത്തിൽ ബഹുവിധങ്ങളായ സത്യാന്വേഷണ രീതികൾ നമുക്ക് അനായാസേന പ്രാപ്യങ്ങളായിട്ടുണ്ടല്ലോ. ഉൺമ എന്താണ് എന്ന ചോദ്യത്തിന് നമ്മുടെ സംഖ്യാദർശനവും യോഗചിന്തയും ഒക്കെ നൽകുന്ന സമാധാനങ്ങൾ നമുക്ക് പ്രത്യേകം ശ്രദ്ധേയമാണ്. ശ്രീശങ്കരന്റെ വേദാന്തം മാത്രമല്ല നമുക്ക് തുറന്നു കിടക്കുന്ന വഴി. നാഗാർജുനന്റെ മാധ്യമിക ദർശനവും ജൈനമതത്തിലെ അനേകാന്ത വാദവുമൊക്കെ ഈ ചോദ്യത്തിന് സമാധാനം നൽകുവാൻ സഹായിക്കുന്നവയാണ്. അവയിലേതെങ്കിലുമൊന്നിനെ ഭാരതത്തിലെ ഔദ്യോഗിക ചിന്താസരണിയായി നാം സ്വീകരിക്കണമെന്നല്ല ഇവിടത്തെവാദം.

പക്ഷേ രണ്ടു കാര്യങ്ങൾ തീർച്ചയാണ്. ഒന്നാമത് ചിന്താസരണികളിൽ ഇത്രമാത്രം വൈവിധ്യവും വിശാലതയുമുള്ള ഒരു സാഹചര്യം പാശ്ചാത്യസംസ്കാരത്തിൽ ലഭ്യമല്ല. എല്ലാ ദാർശനിക പ്രശ്നങ്ങൾക്കും മനുഷ്യമനസ് ഉണ്ടാക്കിയിട്ടുള്ള സമാധാനങ്ങൾ മിക്ക

വാറും എല്ലാംതന്നെ ഭാരതീയ പാരമ്പര്യത്തിലുണ്ട്. ഇതിനെ ഒന്നു പരിശോധിക്കുകപോലും ചെയ്യാതെ; 'സെക്കുലർ' പോലുള്ള ഉപരിവിപ്ലവ ചിന്താരീതികളിൽ നാംചെന്നു കുടുങ്ങുന്നത് എത്ര പരിതാപകരമാണ്! കേരളത്തിന്റെ സംസ്കാര ലക്ഷ്യവും രാഷ്ട്രീയ വ്യവസ്ഥിതി ലക്ഷ്യവും സെക്കുലർ എന്ന ഒരു ചിന്താരീതി കൊണ്ട് പരിമിതപ്പെടുത്താൻ ശ്രമിക്കുന്നത് നമ്മുടെ സംസ്കാര വൈവിധ്യത്തിന് എത്രയോ അനുയോജ്യമാണ്!

വിശ്വനാഗരികതയും മതവും

കേരളത്തിൽ നമുക്ക് ആവശ്യമുള്ളത് മതനിരപേക്ഷതയല്ല, പുരാതനകാലം മുതലുള്ള Cosmopolitan വിശ്വനാഗരികതയാണ്. ആ വിശ്വനാഗരികതയിൽ മതത്തിനുള്ള പങ്കിനെപ്പറ്റി ചില പ്രധാനതത്വങ്ങൾ മാത്രം അവതരിപ്പിക്കുവാനേ ഇവിടെ സമയമുള്ളൂ.

1. വിശ്വനാഗരികത മതബദ്ധവുമല്ല, മതനിരപേക്ഷവുമല്ല.

2.ഏതെങ്കിലും ഒരു പ്രത്യേകമതത്തിന് വിശ്വനാഗരികതയിൽ മുൻതൂക്കം കൊടുക്കുവാൻ സാധ്യമല്ല.

3. വിശ്വനാഗരികത ലോകത്തിലുള്ള എല്ലാ മതങ്ങളെയും ബഹുമാനിക്കുകയും ഒരു മതത്തെയും അധിക്ഷേപിക്കുകയോ നീതീകരിക്കുകയോ ചെയ്യാത്തതുമാണ്.

4. മതവിരോധത്തിന് അതായത് സെക്കുലറിസത്തിന് ഒരു മതത്തിന്റെ എല്ലാ ലക്ഷണങ്ങളുമുണ്ട്. വിശ്വനാഗരികതയിൽ മററു മതങ്ങളോടൊപ്പം സഹകരിക്കുകയല്ലാതെ സെക്കുലറിസത്തിന് (സെക്കുലറിസം എന്ന മതത്തിന്) സർക്കാർ ഒരു മുൻതൂക്കവും കൊടുത്തുകൂടാ.

5. ഒരാളുടെ മതാനുയായിത്വത്തിന്റെ പേരിൽ ഒരു ഭാരതീയ പൗരന് യാതൊരു പ്രത്യേക ആനുകൂല്യങ്ങളോ സാമ്പത്തിക സഹായങ്ങളോ നൽകിക്കൂടാ. സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ സാമൂഹ്യവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയെ മാത്രം ആസ്പദമാക്കിയുള്ളതാകണം.

6. മതാധിഷ്ഠിതമായ രാഷ്ട്രീയ പാർട്ടികൾ വിശ്വനാഗരികതയിൽ ഉണ്ടായിക്കൂടാ. ഏതെങ്കിലും ഒരു പ്രത്യേക മതത്തിന്റെ പ്രചാരണത്തിനുവേണ്ടി ഒരു രാഷ്ട്രീയ പാർട്ടിയും നിലകൊണ്ടുകൂടാ.

7. എന്നാൽ എല്ലാ വിശ്വമതങ്ങളുടേയും ധാർമിക മൂല്യങ്ങളെ ഒരുമിച്ച് ഉൾക്കൊള്ളുന്ന ഒരു വിശ്വധാർമികതയായിരിക്കണം ഏത് വിശ്വനാഗരികതയുടേയും നിദാനവും അടിസ്ഥാനവും.

അതായത് 'വ്യക്തം', (manifest reality) അതിൽതന്നെ നില

കൊള്ളുന്ന ഒന്നല്ല, പ്രത്യേകിച്ച് അവ്യക്തമായതിന്റെ അതായത് (Unmanifest reality)യുടെ ഒരു പ്രസരം മാത്രമാണെന്നാണ് ഭാരതീയ പാരമ്പര്യം. ആധുനിക സംസ്കാരം വരുന്നതുവരെ ലോകത്തിലെ എല്ലാ പാരമ്പര്യങ്ങളും പഠിപ്പിച്ചിട്ടുള്ളത്, ദൃഷ്ടമായതിന് അദൃഷ്ടമായതിന്റെ അടിസ്ഥാനം കൂടാതെ നിലനിൽക്കാൻ സാധ്യമല്ലെന്നുമാണ്. നേരെമറിച്ച് സെക്യുലറിസത്തിന്റെ ചിന്താഗതിയിൽ ദൃഷ്ടമായത് അതിൽതന്നെ പൂർണമായും അതിന് നിദാനമായ ഒരു അദൃഷ്ടത്തെക്കുറിച്ച് ചിന്തിക്കേണ്ടുന്ന ആവശ്യമേ ഇല്ലെന്നുമാണ്.

എന്താണുള്ളത്? ദൃഷ്ടമായത് ഉണ്മയാണ് എന്ന് സെക്കുലറിസം പറയുന്നു. എല്ലാ ദൃഷ്ടത്തിന്റെയും പിറകെ അതിന് നിദാനമായ ഒരദൃഷ്ടമുണ്ടെന്നും ദൃഷ്ടത്തിന് അതിൽ തന്നെ നിലനിൽക്കാൻ സാധ്യമല്ലെന്നു പുരാതന പാരമ്പര്യങ്ങളും പറയുന്നു.

ഈ പ്രശ്നത്തെക്കുറിച്ച് കുറച്ചൊന്നു ഗാഢമായി ചിന്തിച്ച ശേഷം വേണം, നമ്മുടെ ലക്ഷ്യം മതനിരപേക്ഷ കേരളമോ, സർവമതസംഗ്രാഹിയായ ഒരു വിശ്വനാഗരികതയോ എന്ന് തീരുമാനിക്കുവാൻ. ●

അധ്യായം 27

വിയോജിപ്പിന്റെ മേഖലകൾ

ആമുഖം

പുരോഹിതശ്രേഷ്ഠനും ദൈവശാസ്ത്രജ്ഞനുമായ ഡോ.പൗലോസ് മാർ ഗ്രിഗോറിയോസ് ഭാരതത്തിലും പുറത്തും പേരുകേട്ട മാനവികതാപക്ഷപാതിയായ ഒരു പണ്ഡിത വരേണ്യനാണ്. കമ്മ്യൂണിസ്റ്റുകാർ ഉൾപ്പെടെയുള്ള സാമൂഹ്യ-രാഷ്ട്രീയ വിമോചനപ്രസ്ഥാനക്കാരോട് മാത്രമല്ല പ്രഖ്യാപിത നിരീശ്വരവാദികളോടും നവലോകസൃഷ്ടിക്കുവേണ്ടി സഹകരിക്കാൻ സന്നദ്ധനാണദ്ദേഹം. അതുകൊണ്ട് അദ്ദേഹത്തെ കമ്മ്യൂണിസ്റ്റ് എന്ന് മുദ്രകുത്താൻ പോലും ചില യാഥാസ്ഥിതികർ മുതിർന്നിട്ടുണ്ട്. നമ്മെപ്പോലുള്ളവർക്ക് അത് ആകർഷകമായ ഒരു മുദ്രയായി തോന്നാമെങ്കിലും ഡോ.ഗ്രിഗോറിയോസ് ചരിക്കുന്ന മേഖലകളിൽ അത് ആക്ഷേപകരമെന്നു മാത്രമല്ല ചിലപ്പോൾ അപകടകരം കൂടിയാണ്. എന്നാൽ തന്റെ വിശ്വാസദാർഢ്യത്തോടൊപ്പം സ്വപ്രത്യയ സ്ഥൈര്യവും ധീരതയും കൈമുതലായ തിരുമേനിയെ അതൊന്നും തെല്ലും കുലുക്കിയില്ല.

ഉറച്ച സോഷ്യലിസ്റ്റ്

സോവിയറ്റ് യൂണിയന്റെയും സോഷ്യലിസത്തിന്റെയും ഉത്തമ സുഹൃത്തും ഗുണകാംക്ഷിയുമായിരുന്ന ഗ്രിഗോറിയോസ് സോഷ്യ

ഈ പ്രബന്ധം ഈ ഗ്രന്ഥകാരന്റെ പ്രതികരണം

ലിസ്റ്റ് സിദ്ധാന്തത്തെയും പ്രയോഗത്തെയും കുറിച്ച് ഗഹനമായ പഠനം നടത്തിയതിനു പുറമെ സോഷ്യലിസ്റ്റ് വ്യവസ്ഥ നിലനിന്നിരുന്നതും ഇപ്പോഴും നിലനിൽക്കുന്നതുമായ രാഷ്ട്രങ്ങൾ പലതവണ സന്ദർശിച്ചിട്ടുണ്ട്; ലോകത്തിന്റെ മറ്റു മിക്ക ഭാഗങ്ങളെയും എന്നപോലെ. 1990-ാമാണ്ടിനിടക്ക് സോവിയറ്റ് യൂണിയനും കിഴക്കൻ യൂറോപ്യൻ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും തകരുന്നതിനു മുമ്പ്തന്നെ ആ ദുരന്തത്തിലേക്ക് നയിച്ച അപചയപ്രവണതകളെ മറ്റു പലരേയുംകാൾ വളരെനേരത്തെ കണ്ടറിയാനുള്ള ഉൾക്കാഴ്ച അദ്ദേഹത്തിനുണ്ടായി. അവസാനം ആ ദുരന്തം സംഭവിച്ചിട്ടും സോഷ്യലിസത്തിന്റെ പ്രസക്തിയെയും ഭാവിയെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസത്തിന് ഇളക്കം തട്ടിയിില്ല. സോവിയറ്റാനന്തര ലോകത്തിൽ ഏകധ്രുവാധിപത്യവും പുത്തൻ കോളോണിയലിസ്റ്റ് വ്യവസ്ഥയും സ്ഥാപിക്കാൻ വെമ്പൽകൊള്ളുന്ന പടിഞ്ഞാറൻ അധീശശക്തികളോടോ അവയുടെ ഉപകരണങ്ങളായ ബഹുരാഷ്ട്ര കുത്തകകളോടോ ഗ്രിഗോറിയോസിന്റെ എതിർപ്പിന് കോട്ടമൊന്നും സംഭവിച്ചിട്ടില്ല.

ഇങ്ങനെ വിവിധതരത്തിലും തലത്തിലുമുള്ള അദ്ദേഹത്തിന്റെ പ്രശസ്തിക്ക് തിലകം ചാർത്താൻപോന്ന ശ്രദ്ധേയമായ ഒരു രേഖയാണ് കോഴിക്കോട്ട് നടന്ന മതനിരപേക്ഷ കേരളത്തിലേക്ക് എന്ന ദേശീയ സെമിനാറിൽ അദ്ദേഹം നടത്തിയ ഉദ്ഘാടന പ്രഭാഷണം.

സമൂഹത്തിലും രാഷ്ട്ര വ്യവസ്ഥയിലും അതീവ ശ്രദ്ധേയവും വിവാദങ്ങൾക്ക് വഴിതെളിച്ചേക്കാമെന്ന് അദ്ദേഹം തന്നെ പ്രതീക്ഷിക്കുന്നതുമായ ആ പ്രഭാഷണം അവസാനിക്കുന്നത് ഇങ്ങനെയാണ്:

> ഈ പ്രശ്നത്തെക്കുറിച്ച് കുറച്ചൊന്ന് ഗാഢമായി ചിന്തിച്ച ശേഷം വേണം നമ്മുടെ ലക്ഷ്യം മതനിരപേക്ഷ കേരളമോ സർവ്വമതസംഗ്രാഹിയായ ഒരു വിശ്വനാഗരികതയോ എന്ന് തീരുമാനിക്കുവാൻ.

തിരുമേനിയുടെ അഭിലാഷപ്രകാരം അങ്ങനെ ഗാഢമായി ചിന്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഈ വിവാദം ഇവിടെ തുടങ്ങുന്നത്.

ഗുരു-ശിഷ്യ സംവാദം

ഈ പ്രതികരണം കുറിക്കാനിരിക്കുമ്പോൾ ഒന്നിലേറെ കാരണങ്ങളാൽ എനിക്കൊരു ചഞ്ചലിപ്പ് അനുഭവപ്പെടുന്നുണ്ട് എന്ന കാര്യം ഞാൻ മറച്ചുവെക്കുന്നില്ല.

മാർ ഗ്രിഗോറിയോസിന്റെ ബഹുഭാഷാ പാണ്ഡിത്യവും ഭൗതിക ശാസ്ത്രം മുതൽ ദൈവശാസ്ത്രം വരെയും, മെറ്റാഫിസിക്സ് മുതൽ

മാർക്സിസം വരെയും ആർഷജ്ഞാനം മുതൽ യവനചിന്തവരെയും വിജ്ഞാനപാരാവാരപാരംഗതത്വവും ആണ് ചഞ്ചലിപ്പിനൊരു കാരണം. പ്രഭാഷണത്തിൽ അദ്ദേഹം പറയുന്ന അചുംബിതമായ നിരവധി ആശയങ്ങളോട് എനിക്ക് തികഞ്ഞ യോജിപ്പാണുള്ളത് എന്നത് രണ്ടാമത്തെ കാരണം. തിരുമേനിയുടെ സർവ്വകലാശാലാ ക്ലാസ്സുകളിലോ സെമിനാരി ക്ലാസ്സുകളിലോ ഒരു വിദ്യാർഥിയായി പങ്കെടുക്കാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടില്ലെങ്കിലും അദ്ദേഹം എനിക്ക് ഗുരുകല്പനാണ് എന്നതാണ് മൂന്നാമത്തെ കാരണം. അദ്ദേഹത്തിന്റെ നിരവധി പുസ്തകങ്ങളും പ്രബന്ധങ്ങളും പ്രഭാഷണങ്ങളും കഴിഞ്ഞ കാൽനൂറ്റാണ്ടിലേറെക്കാലത്ത് അദ്ദേഹവുമായി നടത്തിയിട്ടുള്ള നിരവധി സംഭാഷണങ്ങളും എനിക്ക് അജ്ഞാതമായിരുന്ന വിശ്വവിജ്ഞാനത്തിന്റെ പല മേഖലകളിലേക്കും എന്റെ ശ്രദ്ധ തിരിക്കാൻ സഹായകമായിട്ടുണ്ട്. പ്രത്യേകിച്ചും ആധുനിക ഭൗതികശാസ്ത്ര ചിന്തയിലെ പോരായ്മകളെയും പ്രതിസന്ധികളെയും കുറിച്ച് അൽപം ചിലതൊക്കെ ഞാൻ വായിക്കാനും പഠിക്കാനും തുടങ്ങിയത് തിരുമേനിയുടെ പ്രചോദനം മൂലമാണ്. അക്കാര്യങ്ങളിൽ തന്നെ തിരുമേനിയുമായി ഇപ്പോഴും അവശേഷിക്കുന്ന ഭിന്നതകൾ വഴിയേ വിവരിക്കുന്നതുമാണ്. അതുകൊണ്ട് ഈ ലേഖനത്തെ ഒരു ഗുരുശിഷ്യ സംവാദമായി കരുതിയാലും തെറ്റാവില്ല.

സെക്കുലറിസം

ഡോക്ടർ പൗലോസ് മാർ ഗ്രിഗോറിയോസിന്റെ പ്രഭാഷണത്തിൽ അനുകൂലിക്കേണ്ടതായ അനവധി കാര്യങ്ങളും വിയോജിക്കേണ്ടതായ ഏതാനും ഉള്ളതിൽ വിയോജിപ്പുള്ള മൂന്നു പ്രധാന കാര്യങ്ങളെ മാത്രമേ ഈ ലേഖകൻ പരിശോധിക്കുന്നുള്ളൂ.

ഒന്ന്: സെക്കുലറിസം അഥവാ മതനിരപേക്ഷത

രണ്ട്: മതവും മാർക്സിസവും

മൂന്ന്: ആധുനിക ഭൗതികശാസ്ത്ര ദർശനം.

ഈ ക്രമത്തിന് തന്നെ തുടങ്ങാം. സെക്കുലറിസം എന്ന ഇംഗ്ലീഷ് പദത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചും കാലാന്തരത്തിൽ അതിനുണ്ടായ അർഥവ്യതിയാനങ്ങളെക്കുറിച്ചും മാർ ഗ്രിഗോറിയോസ് പറയുന്നതൊക്കെ ശരിയാണ്. സാധാരണ പരക്കെ അറിയപ്പെടാത്ത ആ ചരിത്രവസ്തുതകൾ സെക്കുലറിസത്തിനുവേണ്ടി വാദിക്കുന്നവർ അറിഞ്ഞിരിക്കേണ്ടതാണ്. സുമാർ രണ്ടുനൂറ്റാണ്ടിനു മുമ്പു വരെ ലോകമെങ്ങും നിലനിന്നിരുന്ന രാഷ്ട്രങ്ങളിലും സാമ്രാജ്യങ്ങളിലും ബഹുഭൂരിപക്ഷം സെക്കുലർ ആയിരുന്നില്ല എന്ന അദ്ദേഹത്തിന്റെ വാദവും ചരിത്രസത്യം തന്നെ. സെക്കുലറിസം എന്ന രാഷ്ട്രീയവ്യവഹാര സംജ്ഞ

യുടെ അർഥപരിണാമ ചരിത്രത്തിലെ നാഴികകല്ലുകളാണ് 1648-ലെ വെസ്റ്റ്ഫെലിയ ഉടമ്പടിയും 1776-ലെ അമേരിക്കൻ ഐക്യനാടു സ്വാതന്ത്ര്യസമരത്തെത്തുടർന്ന് മതത്തെയും ഭരണത്തെയും വേർതിരിക്കുന്ന ഭരണഘടനയും 1789-ലെ ഫ്രഞ്ചുവിപ്ലവം പ്രഖ്യാപിച്ച അവകാശപ്രമാണവും. അതോടുകൂടി ആ പദത്തിന് ഇന്നു നാം കല്പിക്കുന്ന അർഥം ഏതാണ്ട് പൂർത്തിയായി എന്നുപറയാം. പത്തൊമ്പതാം നൂറ്റാണ്ടിൽ മനുസ്മൃതിക്കും തത്തുല്യമായ സ്മൃതികൾക്കും പകരം ബ്രിട്ടീഷുകാർ സിവിൽ പ്രൊസീജിയർ കോഡും, ക്രിമിനൽ പൊസീജിയർ കോഡും മറ്റും നടപ്പിലാക്കിയതോടെ ഇന്ത്യൻ സമൂഹത്തിലെ സെക്കുലറൈസേഷൻ ആരംഭിക്കുന്നതായി കരുതാം. ജാതിമതഭിന്നതകളെ തിരസ്കരിച്ച് ഒരു ദേശീയ രാഷ്ട്രം കെട്ടിപ്പടുക്കാനും സ്വാതന്ത്ര്യം നേടാനുമുള്ള നമ്മുടെ പോരാട്ടം അർഥവ്യാപ്തിയും ഗഹനതയും പകർന്നെങ്കിൽ 1950 ലെ ഭരണഘടന ആ പദത്തിന് നിയമാനുഷ്ഠാനം പ്രദാനം ചെയ്തു. 1975ലെ ഭരണഘടനാ ഭേദഗതി പ്രകാരം അതിന്റെ പീഠികയിൽ ഇന്ത്യൻ ഭരണകൂടം ജനാധിപത്യപരവും പരമാധികാരമുള്ളതും സോഷ്യലിസ്റ്റും അതോടൊപ്പം മതനിരപേക്ഷവും (സെക്കുലർ) ആയ റിപ്പബ്ലിക്കാണെന്നുകൂടി വിശേഷിപ്പിച്ചതോടെ സെക്കുലർ പദത്തിന് ഇന്നു കൽപ്പിക്കുന്ന അർഥം ശങ്കാതീതവും നിഷ്കൃഷ്ടവും ആയി എന്നുപറയാം.

അങ്ങനെയിരിക്കേ സെക്കുലറിസം മതനിഷേധം കൂടിയാണെന്ന് ധ്വനിപ്പിക്കുന്ന പല പരാമർശങ്ങളും ഗ്രിഗോറിയോസിന്റെ ലേഖനത്തിൽ എങ്ങനെ കടന്നുകൂടി എന്നത് എന്നെ ആശയക്കുഴപ്പത്തിലാക്കുന്നു. സെക്കുലറിസം എന്ന പദത്തിന് ആദ്യകാലത്തും ചിലരൊക്കെ ഇപ്പോഴും ഉപയോഗിക്കുന്ന മലയാളപദം മതേതരത്വം എന്നാണല്ലോ. ആ പദത്തിൽ മതമല്ലാത്തത്, മതമില്ലാത്തത് എന്നൊക്കെ അർഥസൂചനയുണ്ടാകാമെന്ന് കണ്ടിട്ടാണ് ഇ എം എസ് നമ്പൂതിരിപ്പാടിന്റെ നിർദേശപ്രകാരം എ കെ ജി പഠന ഗവേഷണ കേന്ദ്രവും *ചിന്ത* വാരികയും സഹോദര പ്രസിദ്ധീകരണവും മതനിരപേക്ഷത എന്ന പ്രയോഗത്തിന് പ്രാമുഖ്യം നൽകിയത്. അതുകൊണ്ട് മതനിരപേക്ഷത കേരളത്തിലേക്ക് എന്നു പറയുമ്പോൾ ഗ്രിഗോറിയോസ് പറയുന്ന മതനിരപേക്ഷ രാഷ്ട്രീയ വ്യവസ്ഥിതിയിലേക്ക് എന്നു തന്നെയാണ് വിവക്ഷ. മതാപേക്ഷയില്ലാത്ത രാഷ്ട്രീയ വ്യവസ്ഥയും പ്രവർത്തനവും തന്നെ ലക്ഷ്യം.

യോജിപ്പിന്റെ മേഖല

എങ്കിലും മതനിരപേക്ഷ കേരളത്തിലേക്ക് എന്നു പറയുമ്പോൾ

മതബഹിഷ്കൃത കേരളത്തിലേക്ക് എന്നും ചിലർക്ക് അർഥം തോന്നി യേക്കാം. അല്ലെങ്കിൽ ചിലരങ്ങനെ ദുർവ്യാഖ്യാനിച്ചേക്കാം എന്ന സൂചന തിരസ്കരിക്കുന്നില്ല. പക്ഷേ, അതിനു മറുപടി ഗ്രിഗോറി യോസ് തന്നെ ഇങ്ങനെ പറയുന്നുണ്ട്:

> ധർമാടിസ്ഥാനമില്ലാത്ത സ്ഥായിയായ ഒരു സമൂഹം സാധ്യ മല്ല. ഉണ്മയും നന്മയും അതായത് സത്യവും നീതിയും- ശുദ്ധജലത്തിൽ ഹൈഡ്രജനും ഓക്സിജനും ഒരുമിച്ച് കാണുമ്പോലെ- അവിഭാജ്യമായി സങ്കലിതമാവുന്നതാണ് ധർമം. *അതുകൊണ്ട് മതനിരപേക്ഷം എന്ന പദപ്രയോഗം കൊണ്ട് ധർമനിരപേക്ഷം എന്ന് ആരും അർഥമാക്കരുത്. പ്രത്യേകിച്ച് ഉത്തരേന്ത്യൻ ഭാഷകളിൽ മതം എന്ന പദം കൊണ്ട് നാം വിവക്ഷിക്കുന്നതിന് ധർമം എന്ന്* അവർ പറയു ന്ന പശ്ചാത്തലത്തിൽ. (ഊന്നൽ കൂട്ടിച്ചേർത്തത്)

ഈ വ്യാഖ്യാനപ്രകാരമുള്ള ധർമവും മതനിരപേക്ഷത സംബന്ധിച്ച അർഥ കൽപ്പനയും മതനിരപേക്ഷതാവാദികൾക്കു മാത്രമല്ല മാർക്സിസ്റ്റുകാരെപ്പോലുള്ള ഭൗതികവാദികൾക്കും സ്വീകാര്യം തന്നെ. പ്രശ്നം ധർമത്തെക്കുറിച്ചുള്ള നിർവചനം മാത്ര മാണ്. അയോധ്യയിലെ ബാബറി മസ്ജിദ് പൊളിച്ചവരുടെ ധർമമോ ഗ്രിഗോറിയോസിന്റെ ധർമമോ? അവസാനം പറഞ്ഞത് സ്വീകാര്യം. ആദ്യത്തേത് അസ്വീകാര്യം. (മതത്തെക്കുറിച്ചും ഈ നിർവചന പ്രശ്നം നമ്മെ കുഴക്കും. ഗ്രിഗോറിയോസിന് അക്കാര്യത്തിൽ വ്യക്ത മായ ധാരണയുള്ളതിനാൽ അദ്ദേഹത്തെ കുഴക്കുകയില്ല. എന്നാൽ അക്കാര്യം സ്പർശിക്കാതെ കൊട്ടത്താപ്പിന് "മതം" എന്ന് ഉപയോ ഗിച്ച് വാദിക്കുന്നതിനാൽ അദ്ദേഹത്തിന്റെ വിവക്ഷയെക്കുറിച്ച് തെറ്റിധാരണ ഉണ്ടാകുന്നു. അക്കാര്യം വഴിയേ ചർച്ച ചെയ്യാം.)

സെക്കുലറിസത്തെക്കുറിച്ചുള്ള വാദമുഖങ്ങളെയും ഭാരതീയ രാഷ്ട്രീയ സംവിധാനത്തെയും കുറിച്ച് തന്റെ വാദങ്ങളുടെ പ്രായോ ഗികാർഥം മാർ ഗ്രിഗോറിയോസ് പ്രഭാഷണത്തിന്റെ ഒടുവിൽ ഏഴ് ഇനങ്ങളിലായി വകതിരിച്ചു ചേർത്തിട്ടുണ്ട്. അവയിൽ നാലെണ്ണം അപ്പാടെ സ്വീകരിക്കുവാൻ വിഷമമില്ലെന്ന് മാത്രമല്ല, മതനിരപേക്ഷ കേരളം അഥവാ ഭാരതം എന്നതുകൊണ്ട് ഈ നാലു കാര്യങ്ങൾ തന്നെയാണ് അർഥമാക്കുന്നതെന്നും പറഞ്ഞുക്കൊള്ളട്ടെ. അവ താഴെ ചേർക്കുന്നു:

> 2. ഏതെങ്കിലും ഒരു പ്രത്യേക മതത്തിന് വിശ്വനാഗരി കതയിൽ മുൻതൂക്കം കൊടുക്കാൻ സാധ്യമല്ല.

3. വിശ്വനാഗരികത ലോകത്തിലുള്ള എല്ലാ മതങ്ങളെയും ബഹുമാനിക്കുകയും ഒരു മതത്തേയും അധിക്ഷേപിക്കുകയോ നീതീകരിക്കുകയോ ചെയ്യാത്തതുമാണ്.

5. ഒരാളുടെ മതാനുയായിത്വത്തിന്റെ പേരിൽ ഒരു ഭാരതീയ പൗരന് യാതൊരു പ്രത്യേകാനുകൂല്യങ്ങളോ പ്രത്യേക സഹായങ്ങളോ നൽകിക്കൂടാ. സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ സാമൂഹ്യവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയെ മാത്രം ആസ്പദമാക്കിയുള്ളതാവണം.

6. മതാധിഷ്ഠിതമായ രാഷ്ട്രീയ പാർട്ടികൾ വിശ്വനാഗരികതയിൽ ഉണ്ടായിക്കൂടാ. ഏതെങ്കിലും ഒരു പ്രത്യേക മതത്തിന്റെ പ്രചാരത്തിനുവേണ്ടി ഒരു രാഷ്ട്രീയ പാർട്ടിയും നിലകൊണ്ടുകൂടാ.

ഇവയാണു വിശ്വനാഗരികത എന്നതുകൊണ്ട് മാർഗ്രിഗോറിയോസ് അർഥമാക്കുന്നത് എങ്കിൽ അത് മതനിരപേക്ഷതയുടെ ഒരു പര്യായശബ്ദം മാത്രമാണ്. 6-ാം വകുപ്പിൽ ചേർക്കേണ്ടതോ അല്ലെങ്കിൽ പ്രത്യേക വകുപ്പായി ചേർക്കേണ്ടതോ ആയ ഒരു കാര്യം കൂടി പ്രസക്തമാണ്: നിയമ സമാധാന പാലനത്തിനോ സാമാന്യ സദാചാരദീക്ഷക്കോ വിഘാതമാകാത്ത ഏതൊരു മതവിശ്വാസവും പ്രചരിപ്പിക്കാനും അതനുസരിച്ച് ആചാരാരാധനാദികൾ നടത്താനും ഏതു പൗരനും അവകാശമുണ്ടായിരിക്കും എന്നതാണ് അക്കാര്യം. ഇതിനോട് മാർ ഗ്രിഗോറിയോസ് വിയോജിക്കുകയില്ലല്ലോ.

ഇത്രയേ ഉള്ളൂവെങ്കിൽ വിശ്വനാഗരികതയും സെക്കുലറിസവും തമ്മിലുള്ള വിവാദം ഒരു നിഴൽ യുദ്ധമായി കലാശിക്കും. പക്ഷേ തിരുമേനി ഈ നാലു നിലപാടുകൾക്കുമായി മറ്റു മൂന്നു വകുപ്പുകളിൽ അവതരിപ്പിക്കുന്ന സൈദ്ധാന്തിക വാദങ്ങൾ നിഴൽ യുദ്ധത്തിനപ്പുറത്തേക്ക് കാര്യങ്ങൾ നീക്കുന്നു. ഇനി നമുക്ക് ആ മൂന്ന് ഇനങ്ങൾ പരിശോധിക്കാം.

അധ്യാരോപം എന്ന വാദദോഷം

ഡോക്ടർ പൗലോസ് മാർ ഗ്രിഗോറിയോസ് തന്റെ വാദമുഖങ്ങളെല്ലാം സംഗ്രഹിച്ച് എഴിനങ്ങളായി ചേർത്തിരുന്നതിൽ നാലെണ്ണത്തോട് ഞാൻ പൂർണയോജിപ്പ് പ്രകടിപ്പിച്ചു. കൂടാതെ അവ നാലും ചേർന്നാൽ 1975ലെ ഇന്ത്യൻ ഭരണഘടനാ ഭേദഗതിയോടെ രൂഢമായിരിക്കുന്ന അർഥത്തിൽ സെകുലറിസമായി എന്നും പറഞ്ഞുവെച്ചു. ഇനി അവശേഷിക്കുന്ന മൂന്നെണ്ണത്തിനോട് എന്തുകൊണ്ട് വിയോ

ജിക്കുന്നു എന്ന് വിവരിക്കാം. അവയിലൊന്നാമത്തേത് തന്നെ ആദ്യ മെടുക്കാം.

1. *വിശ്വനാഗരികത മതബദ്ധവുമല്ല, മതനിരപേക്ഷവുമല്ല:*-വളരെ സാമാന്യമായിപ്പറഞ്ഞാൽ ഈ ഒന്നാം വകുപ്പിനോട് വിയോജിക്കേണ്ട കാര്യമില്ല. എന്നാൽ അല്പം ചുഴിഞ്ഞു പരിശോധിച്ചാൽ ആശയ ക്കുഴപ്പത്തിന്റെ ചില വിത്തുകൾ അതിലില്ലേ എന്ന് സംശയിക്കേണ്ടി യിരിക്കുന്നു. മതബദ്ധമല്ലെങ്കിൽ പിന്നെ എങ്ങനെ മതനിരപേക്ഷമല്ലാ തിരിക്കും. മതബദ്ധത ഇല്ലാത്തത് എന്നതാണ് മതനിരപേക്ഷതയ്ക്ക് അർഥം. പക്ഷേ, ഇനി നാം ചർച്ച ചെയ്യാൻ പോകുന്ന നാലാം വകു പ്പിൽ അർഥശങ്കയ്ക്കിടയില്ലാത്ത വിധം തിരുമേനി തറപ്പിച്ചു പറയു ന്നുണ്ട്; "മതവിരോധത്തിന് അതായത് സെക്യുലറിസത്തിന് എന്ന്". അതായത് അദ്ദേഹം മതവിരോധത്തെയും സെക്യുലറിസം അഥവാ മതനിരപേക്ഷതയെയും പര്യായ പദപ്രയോഗങ്ങളായിട്ടാണ് കരുതു ന്നത്. നേരത്തേ നമ്മുടെ ചർച്ചയിൽ വ്യക്തമാക്കിയതുപോലെ സെക്യുലറിസത്തിന് ആ അർഥം കൽപ്പിച്ചുകൂടാ. ഇന്ത്യൻ തർക്ക ശാസ്ത്രപ്രകാരം അധ്യാരോപം എന്ന അപഥസഞ്ചാരമാണത്. ഒന്നിൽ അതിലില്ലാത്ത മറ്റൊന്നിന്റെ ആരോപണം അഥവാ വെച്ചുകെട്ടൽ, അധികപറ്റായ ഏച്ചുകെട്ടൽ എന്നർഥം.

മാർ ഗ്രിഗോറിയോസിന്റെ പദപ്രയോഗം സംശയകരമെങ്കിലും ഉദ്ദേശ്യം വ്യക്തമാണ്; അംഗീകാര്യവുമാണ്. വിശ്വനാഗരികത മത ബദ്ധമല്ലെങ്കിലും മതനിഷേധിയുമല്ലെന്നാണ് അദ്ദേഹത്തിന്റെ വിവക്ഷ. അതിൽ തെറ്റില്ല. മതവിശ്വാസിയല്ലാത്ത എന്നെപ്പോലുള്ള വർക്കും അത് തികച്ചും സ്വീകാര്യം. മതനിരപേക്ഷത അഥവാ സെക്യുലറിസം എന്ന പ്രയോഗം വിശ്വനാഗരികതയെക്കാൾ കുറഞ്ഞ ഒരു മേഖലയെമാത്രം ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്. സ്റ്റേറ്റ് പോളിസി, പോളിറ്റി, പോളിററിക്കൽ പ്രോസസ് മുതലായവയ്ക്കുമാത്രം. (ഭരണ കൂട നയം, ഭരണസംവിധാനം, രാഷ്ട്രീയ പ്രക്രിയ)അതായത് ഗ്രിഗോ റിയോസിന്റെ ഏഴിനങ്ങളിൽ ആദ്യം നാം വകഞ്ഞെടുത്ത(2, 3, 5, 6) വകുപ്പുകളുടെ വ്യാപ്തിയിൽ വരുന്ന കാര്യങ്ങൾ. അതിനപ്പുറമുള്ള ജീവിതമേഖലകളെയോ മൂല്യസങ്കൽപ്പങ്ങളെയോ സെക്യുലർ സങ്കൽപ്പനം ബാധിക്കുന്നില്ല.

ഉണ്മയെന്ത്?

നാലാം വകുപ്പിലെ ഈ അധ്യാരോപം ആവർത്തിക്കുക മാത്ര മല്ല ഒരടികൂടി മുന്നോട്ടു പോവുകയും ചെയ്യുന്നു. ഉദ്ധരിക്കട്ടെ:

സെക്യുലർ സംസ്കാരത്തിന്റെ പ്രധാന ബലഹീനത

എന്താണ്? ഈശ്വരനെ നിഷേധിക്കുന്നു എന്നതല്ല. നമ്മുടെ ഇന്ദ്രീയങ്ങൾക്ക് ഗോചരമാകുന്നതിനപ്പുറത്ത് യാഥാർഥ്യ മൊന്നും ഇല്ലെന്നും അങ്ങനെയുണ്ടെങ്കിൽ അത് നമ്മെ ബാധിക്കുകയില്ലെന്നുമുള്ള ചിന്തയാണ്. ഉണ്മയെന്നു പറഞ്ഞാൽ ഇക്കാണുന്നതൊക്കെത്തന്നെയാണെന്നും, നമ്മുടെ പഞ്ചേന്ദ്രിയങ്ങളും അവയുടെ വികസനമായ സാങ്കേതികോപാധികളും മാത്രമേ സംഗതമായിട്ടുള്ളൂ എന്നും ഉള്ള വാദത്തിന് ശാസ്ത്രത്തിലോ ദർശനത്തിലോ അടിസ്ഥാനമൊന്നുമില്ല.

ഇതൊരു കടന്നകയ്യായിപ്പോയി എന്ന് വിനയപൂർവം പറഞ്ഞു കൊള്ളട്ടെ. ഗ്രിഗോറിയോസ് തിരുമേനിയെപ്പോലൊരു മഹാനായ ജ്ഞാനി ഇങ്ങനെപറയുന്നതെങ്ങനെ എന്ന് ഞാൻ അമ്പരക്കുക തന്നെ ചെയ്യുന്നു. ഇന്ദ്രിയ ഗോചരമായത് മാത്രമാണ് ഉണ്മയെന്ന പത്തൊൻപതാം നൂറ്റാണ്ടിലെ ഫ്രഞ്ച് പോസറ്റീവിസത്തിന്റെയും (ആഗുസ്റ്റ് കോങ്തെ)

ബ്രിട്ടീഷ് "എമ്പിരിസസ"ത്തിന്റെയും (പ്രത്യക്ഷാനുഭവവാദം) നിലപാട് ഒരുകാലത്തും മാർക്സിസം അംഗീകരിച്ചിരുന്നില്ലെന്ന് മാത്ര മല്ല, സെക്കുലറിസം പോസിറ്റീവിസവും എമ്പരിസിസവുമാണെന്ന വാദവും ഞാൻ മുമ്പ് കേട്ടിട്ടില്ല. ആഗുസ്റ്റ് കോങ്തെ തുടങ്ങിയ പോസിറ്റീവിസ്റ്റുകളും അവരുടെ പിൻമുറക്കാരായ ലോജിക്കൽ പോസിറ്റീവിസ്റ്റുകളും (കാർണാപ് പ്രഭൃതികൾ) ബേക്കൻ - ലോകാദി ബ്രിട്ടീഷ് എമ്പരിസിസ്റ്റുകളും സെക്കുലറിസ്റ്റുകളുമായിരുന്നിരിക്കാം. എന്നാൽ അതുകൊണ്ട് സെക്കുലറിസം പോസിറ്റീവിസമോ എമ്പരിസിസമോ ആകുമോ? അദ്വൈതവേദാന്തിയായ ശ്രീശങ്കരൻ ഭാരതീയനായിരുന്നു എന്നതിൽ നിന്ന് ഭാരതീയ ചിന്താ സാകല്യം അദ്വൈത വേദാന്തമാണെന്ന് വരുമോ?

ആരെങ്കിലും എവിടെയെങ്കിലും പോസറ്റീവിസവും എമ്പിരിസിസവും ആണ് സെക്കുലറിസം എന്ന വങ്കത്തം എഴുന്നെള്ളിച്ചിട്ടുണ്ടോ എന്നറിയില്ല. അങ്ങനെ ആരെങ്കിലും എഴുതി വെച്ചിട്ടുണ്ടെങ്കിൽ എകെജി പഠനഗവേഷണ കേന്ദ്രവും കേളുവേട്ടൻ പഠനകേന്ദ്രവും സെക്കുലറിസം എന്നും മതനിരപേക്ഷതയെന്നും വ്യവഹരിക്കുന്നത് അതല്ലെന്ന് പറയുകയല്ലാതെ എന്തു ചെയ്യട്ടെ.

ഉണ്മയെന്നാൽ ഇന്ദ്രിയാനുഭവസത്യം മാത്രമല്ല എന്ന മാർ ഗ്രിഗോറിയോസിന്റെ വാദം ശരിയാണ്. പക്ഷെ, അത് സ്ഥാപിക്കാൻ സെക്കുലറിസത്തെ തിരസ്കരിക്കേണ്ടതില്ല. കാരണം സെക്കുലറിസത്തിന്റെ പ്രയോഗമണ്ഡലം ഈ ജ്ഞാനസിദ്ധാന്തമേഖല (എപിസ്റ്റ

മോളിജിക്കൽ പ്രോബ്ലമാറ്റിക്) യിലേക്ക് പ്രവേശിക്കുന്നില്ല.

അങ്ങിനെ 1 ഉം 4 ഉം കഴിഞ്ഞ് 7-ാമത്തെ ഇനം പരിശോധിക്കാം. വിയോജിപ്പുള്ള മൂന്നാമത്തെ ഇനം ഉദ്ധരിക്കട്ടെ:

"എന്നാൽ എല്ലാ വിശ്വമതങ്ങളുടേയും ധാർമ്മികമൂല്യങ്ങളെ ഒരുമിച്ചുൾക്കൊള്ളുന്ന ഒരു വിശ്വധാർമ്മികതയായിരിക്കണം ഏതു വിശ്വനാഗരികതയുടേയും നിദാനവും അടിസ്ഥാനവും".

"മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്നും "സർവ ധർമ്മ സമഭാവന" എന്നും എല്ലാമതസിദ്ധാനതങ്ങളും "ഏക"മെങ്കിലും "സദ്വിപ്ര ബഹുധാവദന്തി" എന്നേഉള്ളൂ എന്നൊക്കെ പറയുന്നതുപോലെ മധുരോദാരമാണ് തിരുമേനിയുടെ ഈ വചനവും. അർഥത്തിൽ സ്വീകാര്യവും എന്നാൽ നിഷ്കൃഷ്ടമായ നിർവചനങ്ങളും പൗർവപര്യബദ്ധമായ വാദഗതിയും ആവശ്യമായ ഒരന്വേഷണത്തിൽ ഈ വിവരണം ആശയക്കുഴപ്പം സൃഷ്ടിക്കും.

മതം രണ്ടുവിധം

മതമെന്ന പേരിൽ ഇന്ന് പലരും വിശ്വസിക്കുന്നതും ആചരിക്കുന്നതും സംസ്കാരസമ്പന്നനായ ഒരാൾക്ക് അംഗീകരിക്കുവാൻ കഴിയുമോ? തന്റെ അയൽക്കാരനെ മാത്രമല്ല ശത്രുവിനെപ്പോലും സ്നേഹിക്കണമെന്നും ഏഴ് എഴുപതുവട്ടം ക്ഷമിക്കണമെന്ന് കണ്ണിനുകണ്ണ്, പല്ലിനു പല്ല് എന്ന പഴയനിയമ വ്യവസ്ഥ ത്യജിച്ച് പശ്ചാത്താപം പ്രായശ്ചിത്തമാകുമെന്നും പഠിപ്പിക്കുന്ന പുതിയനിയമവിശ്വാസം എങ്ങനെ നരബലിയും മൃഗബലിയുൾപ്പെടെ പ്രചരിപ്പിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നവരുമായി പൊരുത്തപ്പെടും? പ്രാകൃത യജ്ഞ സംസ്കാരം അഭ്യസ്തവിദ്യരുടെ കേരളത്തിൽ (സോമയാഗം, പുത്രകാമേഷ്ടി) പുനരുജ്ജീവിപ്പിക്കാൻ ശ്രമിക്കുകയല്ലേ? വഴിപിഴച്ചുപോയതായി ആരോപിക്കപ്പെടുന്ന സ്ത്രീകളെ കല്ലെറിഞ്ഞും തെറ്റുചെയ്തതായി സംശയിക്കപ്പെടുന്നവരുടെ അംഗവിച്ഛേദം വരുത്തിയും മതത്തോടു കൂറുപുലർത്തുന്നവർ 20-ാം നൂറ്റാണ്ടിലെ കലാശദശകത്തിലുമുണ്ട് എന്ന കാര്യം മറക്കുമോ? അയോധ്യയിലെ മഹാപരാധവും പഞ്ചാബിലെ കൊലയും മതത്തിന്റെ പേരിലല്ലേ നടന്നത്? അതൊന്നും ഗ്രിഗോറിയോസിന്റെ മതമല്ലെന്ന് എനിക്കറിയാം. ഇവയെയും ക്രിസ്തുമതാനുയായികൾ എന്നവകാശപ്പെടുന്നവരുടെ ഇടയിലെ അനാചാരങ്ങളെയും തിരുമേനി എതിർക്കും. പക്ഷേ ഇതൊന്നുമല്ല താൻ പറയുന്ന മതമെന്ന് വ്യക്തമാക്കുമ്പോൾ മതം രണ്ടുവിധമുണ്ടെന്ന് (അതിൽ കൂടുതലും കണ്ടേക്കാം) അതിൽ തിരുമേനി വിശ്വസിക്കുന്ന മതത്തിന് മറ്റേതെങ്കിലും പേരു നൽകുകയാണ് ആശയ

ക്കുഴപ്പം ഒഴിവാക്കാൻ ഉചിതം.

ധാർമികത, വിശ്വനാഗരികത, പുനരുജ്ജീവനത്തിനെതിരേ നവോത്ഥാനമതം, പരമ്പരാഗത മതത്തിനെതിരേ പ്രവാചകമതം എന്നിതൊക്കെ പരിഗണിക്കാവുന്നതാണ്.

മതവും മാർക്സിസവും

മതവും മാർക്സിസവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഈ രണ്ടു വിഷയങ്ങളിലും ഒരേപോലെ അവഗാഹം നേടിയ ഡോക്ടർ പൗലോസ് മാർഗ്രിഗോറിയോസിന് ഈ ലേഖകനെക്കാൾ കൂടുതൽ അറിവുണ്ടെന്നതിൽ സംശയമില്ല. എങ്കിലും നമ്മുടെ ചർച്ചയ്ക്ക് വിഷയമായ പ്രഭാഷണത്തിൽ മതത്തെ വ്യക്തമായി നിർവചിക്കാനോ വിവിധതരം മതങ്ങളെ വകതിരിച്ച് പ്രതിപാദിക്കാനോ തിരുമേനി മുതിരാത്തതിനാൽ ചില വായനക്കാർക്കെങ്കിലും ഉണ്ടായേക്കാവുന്ന തെറ്റിധാരണകൾ നീക്കാനുള്ള എളിയ പരിശ്രമമാണ് ഇവിടെ നടത്തുന്നത്.

മാനവ സമൂഹത്തിന്റെയും നാഗരികതയുടെയും വിസ്മൃതിയിലാണ്ട വിദൂരാരംഭകാലം തൊട്ട് ഇന്നോളം തുടരുന്ന ചരിത്രമാണ് മതത്തിന്റേത്. ഈ നീണ്ട സഹസ്രാബ്ദങ്ങൾക്കിടയിൽ മതത്തിന്റെ ഗതിവിഗതികളും വൈരുധ്യവൈവിധ്യങ്ങളും രക്തരൂഷിതവും ദാർശനികവും രാഷ്ട്രീയവുമായ പരസ്പര സംഘട്ടനങ്ങളുമെല്ലാം അനായായമായ നിർവചനത്തെ അസാധ്യമാക്കിത്തീർക്കുന്നു. ആചാരപ്രധാനമായ മതങ്ങളുണ്ട്, വിശ്വാസപ്രധാനമായവയും ഉണ്ട്. ഏകദൈവ വിശ്വാസികളും, ബഹുദൈവവിശ്വാസികളും, ദൈവനിഷേധികളും മതവിശ്വാസികൾ എന്ന് സ്വയം അവകാശപ്പെടുന്നു. ഉണ്ണിയേശുവിനെയും ഉണ്ണികൃഷ്ണനെയും കന്യമറിയത്തെയും കാമിനിമണിയായ പാർവതിയെയും അർധമൃഗമായ ഗണപതിയെയും മൃഗമായ ഹനുമാനെയും എന്നപോലെ രാജ്യതന്ത്രജ്ഞനായ രാമനെയും രാഷ്ട്രതന്ത്രജ്ഞനും സൈനികശാസ്ത്രവിശാരദനും ആയ മുഹമ്മദ് നബിയെയും തങ്ങളുടെ മതവിശ്വാസമൂർത്തനൃരായി കരുതുന്നവരുണ്ട്. രാഷ്ട്രീയ പ്രക്രിയയിലും ഭരണത്തിലും ഇടപെടാതിരുന്നാൽ ദൈവനിഷേധമാകുമെന്ന് കരുതുന്നവരും മറിച്ച് ആധുനിക മതനിരപേക്ഷത അനുപേക്ഷണീയമാണെന്ന് കരുതുന്നവരും മതവിശ്വാസികളിലുണ്ട്. അസിധാരയിലൂടെ മതം പ്രചരിപ്പിക്കണമെന്ന് കരുതുന്നവരോടൊപ്പം അഹിംസാപരമോ ധർമം എന്നു കരുതുന്നവരും മതവിശ്വാസികൾ തന്നെ. ഇഷ്ടദേവതയ്ക്ക് മദ്യവും മാംസവും നൽകുന്നവരോടൊപ്പം അവ നിഷിദ്ധമാണെന്ന് കരുതുന്നവരും ഇപ്പോഴും

കേരളത്തിൽ പോലും ഉണ്ട്. ഇങ്ങനെ എത്രയെത്ര തരം? ഈ സാഹചര്യത്തിൽ മതത്തെ അനുകൂലിച്ച് സംസാരിക്കുന്നവരുടെ പ്രാഥമിക ചുമതല തങ്ങൾ പരാമർശിക്കുന്ന മതമേത്, ഏതുവിധം എന്ന് വ്യവഛേദിച്ച് പറയുകയാകുന്നു.

ഈ വൈവിധ്യ വൈരുധ്യ പാരവാരത്തിൽ മാർ ഗ്രിഗോറിയോസിന്റെ മതം തീർച്ചയായും നന്മയുടേയും വിശുദ്ധിയുടേയും വിമുക്തിയുടേതുമായിരിക്കും എന്നതിലും എനിക്ക് തർക്കമില്ല. പക്ഷേ അതങ്ങനെ എടുത്തുപറയുകയും താൻ തിരസ്കരിക്കുന്നവ ഏവയെന്ന് വ്യക്തമാക്കാതിരിക്കുകയും ചെയ്യുമ്പോൾ (അതെല്ലാം മറ്റിടങ്ങളിൽ അദ്ദേഹം നിർവഹിച്ചിട്ടുണ്ടെങ്കിലും) അദ്ദേഹത്തിന്റെ വാദങ്ങൾ ഇത്തരുണത്തിൽ മതനിരപേക്ഷതയുടെ എതിരാളികൾക്ക് പ്രതികൂലിച്ച് അനായാസമായി എടുത്തു പെരുമാറാൻ സാധിക്കുമാറാകുന്നു. അത് അദ്ദേഹത്തിന്റെ വിശ്വനാഗരികത എന്ന സങ്കല്പനത്തിൽ പോലും അവ്യക്തതയുടെ നിഴൽ പരത്താൻ കാരണമാകും. കൂടാതെ അദ്ദേഹത്തിന്റെ ചില പരാമർശങ്ങൾ മതത്തെക്കുറിച്ചുള്ള മാർക്സിസ്റ്റു നിലപാടിനെ പരമ്പരാഗത യുക്തിവാദികളുടെയും യാന്ത്രികഭൗതിക വാദികളുടെയും നിലപാടായി തെറ്റിദ്ധരിപ്പിക്കാൻ ഇടവരുത്തുകയും ചെയ്യുന്നു. ഉദാഹരണത്തിന് തിരുമേനിയുടെ ഈ പരാമർശം ശ്രദ്ധിക്കുക:

> എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടിൽ ഹെർബർട്ട് സ്പെൻസർ, ലുദ്വിക് ഫൊയർബാഹ്, കാൾ മാർക്സ്, ഫ്രെഡറിക് എംഗൽസ് തുടങ്ങിയവർ മതം സമൂഹപുരോഗതിക്ക് വിലങ്ങുതടിയാണെന്നും ചൂഷിത മനുഷ്യനെ നിഷ്ക്രിയനാക്കുന്ന മയക്കുമരുന്നാണെന്നും മനുഷ്യൻ പുരോഗമിക്കുന്നതോടെ മതം മനുഷ്യചരിത്രത്തിൽ നിന്ന് തിരോധാനം ചെയ്തുകൊള്ളുന്നുവെന്നും പഠിപ്പിച്ചു.

നിരവധി ആശയക്കുഴപ്പങ്ങൾക്ക് വഴിവെക്കുന്ന ഒരു ഖണ്ഡികയാണിത്. ഹെർബർട് സ്പെൻസറിനെയും ഫൊയർബാഹിനേയും പോലുള്ള പരമ്പരാഗത ശൈലിയിലുള്ള ഭൗതികവാദികളോ യുക്തിവാദികളോ മാത്രമായിരുന്നു മാർക്സും എംഗൽസും എന്ന് വായനക്കാർ തെറ്റിദ്ധരിക്കാൻ ഇടയാകുമെന്നതാണ് ഇതിലെ ഏറ്റവും വലിയ പോരായ്മ. പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിലാരംഭിച്ച ഉദ്ബുദ്ധയുഗം (എൻലൈറ്റന്റ്മെന്റ് കാലം) തൊട്ടു വികസിച്ച എൻസൈക്ലോപീഡിസ്റ്റുകളുടെ യുക്തിവാദത്തിന്റെ തുടർച്ചയും വികാസവുമായിരുന്നു സ്പെൻസറുടെയും ഫൊയർബാഹിന്റെയും ചിന്ത. ഈ

തുടർച്ചയിൽ നിന്നൊരു ഇടർച്ചയെയാണ് മാർക്സും എംഗൽസും പ്രതിനിധീഭവിക്കുന്നത്. വിജ്ഞാനത്തിന്റെ വിവിധ മേഖലകളെ തഴുകുന്ന ഈ വ്യത്യസ്തത വിവരിക്കാൻ മുതിരാതെ മതത്തെപ്പറ്റി ഇരുകൂട്ടരും തമ്മിലുള്ള നിലപാടു വ്യത്യാസം മാത്രം പരിശോധിക്കാം.

മതം കള്ളന്മാരുടെയും തട്ടിപ്പുകാരുടെയും ഒരു ഗൂഢാലോചന മാത്രമാണെന്ന പരമ്പരാഗത യുക്തിവാദ നിലപാടുകളെ ഖണ്ഡിച്ചുകൊണ്ടാണ് മാർക്സിസ്റ്റ് വിമർശനം തുടങ്ങുന്നതുതന്നെ. മതത്തെ അതിന്റെ ചരിത്രപരമായ സ്ഥല-കാല സന്ധികളുമായി ബന്ധിപ്പിച്ചു പഠിക്കുന്നതിനു പകരം അടച്ചാക്ഷേപിക്കുന്നത് ശാസ്ത്രത്തിനോ സത്യത്തിനോ നിരക്കുന്നതല്ലെന്ന് മാർക്സും എംഗൽസും കണ്ടു. അതുകൊണ്ടാണ് പതിനെട്ടാം നൂറ്റാണ്ടിലെ ഉദ്ബുദ്ധ ദാർശനികരുടെയും യുക്തിവാദികളുടെയും നിലപാടിലുള്ള പോരായ്മ മാർക്സ് ഇങ്ങനെ വിവരിക്കുന്നത്:

> എല്ലാ മതങ്ങളും അക്കാരണത്താൽ ക്രിസ്തുമതവും, തട്ടിപ്പുകാരുടെ പണിയാണ് എന്ന ചിന്താഗതിയാണ് മധ്യകാല സ്വതന്ത്ര ചിന്തകർ മുതൽ പതിനെട്ടാം നൂറ്റാണ്ടിലെ പ്രബോധകർ (എൻലൈറ്റൻമെന്റ് കാർ) ഉൾപ്പെടെയുള്ളവരുടെ കാലംവരെ ആധിപത്യം പുലർത്തിയിരുന്നത്. എന്നാൽ ലോക ചരിത്രത്തിൽ ഒരു സയുക്തിക പരിണാമഗതി അനാവരണം ചെയ്യുകയാണ് തത്വശാസ്ത്രജ്ഞന്മാരുടെ കടമയെന്ന് ഹെഗൽ തെളിയിച്ചതിനുശേഷം ഈ ചിന്താഗതി അപര്യാപ്തമായിത്തീർന്നു. (എംഗൽസ്: *ബ്രൂണോ ബൗവറും ആദ്യകാല ക്രിസ്തുമതവും*, 1892)

ഈ ഹെഗേലിയൻ വൈരുധ്യാത്മക കാഴ്ചപ്പാട് സ്വീകരിക്കാതിരുന്നതാണ് സ്പെൻസറെപ്പോലുള്ള പരമ്പരാഗത യുക്തിവാദികളിലും ഫൊയർ ബാഹിനെപ്പോലുള്ള യാന്ത്രിക ഭൗതികവാദികളിലും മാർക്സും എംഗൽസും കണ്ട പോരായ്മ.

ഫൊയർബാഹിന്റെ ചിന്തയുടെ ശക്തിദൗർബല്യങ്ങളെക്കുറിച്ച് മാർക്സ് എഴുതിയ 11 സൂത്രവാക്യങ്ങളിൽ (തിസീസ്) 6-ാമത്തേത് വായിക്കുക:

> ഫൊയർബാഹ് മതപരമായ സത്തയെ മനുഷ്യസത്തയായി ചുരുക്കുന്നുണ്ട്. എന്നാൽ ഒരൊറ്റ പ്രത്യേക വ്യക്തിയിൽ കുടികൊള്ളുന്ന അമൂർത്ത വസ്തുവല്ല മനുഷ്യസത്ത. വാസ്തവത്തിൽ അത് സാമൂഹ്യബന്ധങ്ങളുടെ സമുച്ചയമാണ്.

ഈ യഥാർഥ സത്തയുടെ കാരണങ്ങളിലേക്ക് കടക്കാത്തതിന്റെ കാരണമായി:

1. ചരിത്രപ്രക്രിയയിൽനിന്ന് അമൂർത്തവൽക്കരിച്ചുകൊണ്ട് മതവികാരത്തെ പ്രത്യേകം കാണാനും അമൂർത്തമായ-ഒറ്റതിരിഞ്ഞു നിൽക്കുന്ന-മനുഷ്യവ്യക്തിയുണ്ടെന്ന് സങ്കൽപ്പിക്കാനും ഫൊയർബാഹ് നിർബന്ധിതായിത്തീരുന്നു.

2. അതുകൊണ്ട് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു ജനുസ്സ് (ഗണം, ഇനം) ആയി മാത്രമേ, അനേകം വ്യക്തികളെ പ്രകൃത്യാ (സ്വാഭാവികമായി) യോജിപ്പിക്കുന്ന ആന്തരികവും മൂകവുമായ ഒരു സാമാന്യതയായി മാത്രമേ, മനുഷ്യസത്തയെ മനസിലാക്കാൻ കഴിയൂ.

മനുഷ്യനെ ഇങ്ങനെ വേർതിരിച്ച് ചരിത്രനിരപേക്ഷമായി ഏകവുമായി കാണുന്നതിനാൽ ഫൊയർബാഹിനും യാന്ത്രികഭൗതികവാദികൾക്കും മറ്റു പല മാനവിക പ്രശ്നങ്ങളിലും വിജ്ഞാനശാസ്ത്രത്തിൽത്തന്നെയും പ്രമാദം പറ്റുന്നു. ഈ കണ്ടെത്തലിൽനിന്നാണ് മാർക്സിസ്റ്റ് വിജ്ഞാനശാസ്ത്രവും മതനിരൂപണവും ആരംഭിക്കുന്നതുതന്നെ. മാർഗ്രിഗോറിയോസ് പരാമർശിക്കുന്ന, ഭാഗികമാകയാൽ വികലമായിത്തീർന്ന 'മയക്കുമരുന്നു വാദ'ത്തെക്കുറിച്ചുള്ള വ്യാപകമായ തെറ്റിദ്ധാരണയുടെ ഉറവിടവും മറ്റൊന്നുമല്ല.

ഈ മയക്കുമരുന്നു കഥ അടുത്ത അധ്യായത്തിൽ നമുക്ക് മേൽ വിവരിച്ച സാമാന്യസിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിൽ പരിശോധിക്കാം.

മാർക്സും മതവും മയക്കുമരുന്നും

കാൾ മാർക്സിന്റെ വൈരുധ്യാത്മക ഭൗതികവാദവും സ്പെൻസർ-ഫൊയർബാഹ് പ്രഭൃതികളുടെ യാന്ത്രികഭൗതികവാദവും, ഈ രണ്ടു സിദ്ധാന്തങ്ങളും മതവും തമ്മിലുള്ള ബന്ധവുമാണല്ലോ നാം പറഞ്ഞുവച്ചത്. മാർക്സും മതത്തെ മനുഷ്യനെ മയക്കുന്ന ലഹരിദ്രവ്യമായി (കറുപ്പ് അഥവാ അവീൻ) കരുതുന്നു എന്ന വിമർശനം ഗ്രിഗോറിയോസ് ഉന്നയിച്ചിട്ടുണ്ട്. വാസ്തവത്തിൽ പ്രസിദ്ധമോ കുപ്രസിദ്ധമോ ആയ ഈ പ്രയോഗം മാർക്സിന്റെ തന്നെയാണ്. എന്നാൽ ആ പ്രയോഗം കേവലമോ പൂർണമോ അല്ല. അഞ്ചുവാക്യങ്ങളുള്ള ഒരു ലഘുഖണ്ഡികയുടെ അവസാനവാക്യം മാത്രമാണത്. അതിനു തൊട്ടുമുമ്പുള്ള വാക്യങ്ങളിൽ നിന്ന് അത് അടർത്തിയെടുക്കാതിരുന്നാൽ ഗ്രന്ഥകാരന്റെ നിലപാട് ശിഥിലമായിപ്പോകും. അത് സത്യത്തെക്കാൾ ആപൽക്കരമായ അർധസത്യം മാത്രമാകും.

ഹെഗലിന്റെ നിയമദർശനത്തെപ്പറ്റിയുള്ള നിരൂപണത്തിന് ഒരു സംഭാവന എന്നപേരിൽ മാർക്സ് 1844ൽ തന്റെ 26-ാം വയസിൽ എഴുതിയ ഗ്രന്ഥത്തിന്റെ ആമുഖത്തിലാണ് പേരുകേട്ട ഈ പരാ

മർശം. ആ ഖണ്ഡിക മുഴുവനായി വായിച്ചാൽ ഈ ഒരു വാചകം അടർത്തിയെടുക്കുന്നതിലെ പോരായ്മ വ്യക്തമാകും. മാർക്സ് പറയുന്നു:

> മതപരമായ സന്താപമെന്നത് അതേസമയം തന്നെ യഥാർഥസന്താപത്തിന്റെ ഒരു ബഹിർസ്ഫുരണവും യഥാർഥ സന്താപത്തിനെതിരായ പ്രതിഷേധവും കൂടിയാണ്. മതം മർദ്ദിതജീവിയുടെ നിശ്വാസമാണ്. ഹൃദയശൂന്യമായ ലോകത്തിന്റെ ഹൃദയമാണത്. അതുപോലെ ഉന്മേഷരഹിതമായ സാഹചര്യങ്ങളിലെ ഉന്മേഷദാതാവാണത്. മതം ജനങ്ങളുടെ മയക്കുമരുന്നാണ് (കറുപ്പ്).

ഇതിൽ നിന്ന് വ്യക്തമാകുന്നത് മതം എന്ന സാമൂഹ്യദാർശനിക പ്രതിഭാസത്തിന്റെ നിഷേധാത്മകവശത്തോടൊപ്പം ക്രിയാത്മകവശത്തെയും മാർക്സ് കാണാൻ ശ്രമിച്ചു എന്നാണ്. വേദനിച്ചു പുളയുന്ന മനുഷ്യന് വേദനയുടെ അടിസ്ഥാനകാരണം നിവാരണം ചെയ്യാതെതന്നെ അല്പം ആശ്വാസം നൽകുകയാണ് കറുപ്പ്. വേദന രോഗി അറിയാതെയെങ്കിലും ഇരിക്കുമല്ലോ. അങ്ങനെ താൽക്കാലികാശ്വാസം നൽകുന്നത് തെറ്റായ ഒരു കാര്യമല്ല. ശാരീരിക വേദനയെന്നപോലെ സാമൂഹ്യവും ദാർശനികവുമായ വ്യഥയുണ്ടാകാം. മാർക്സ് പരാമർശിക്കുന്ന മതപരമായ സന്താപം ആ ദാർശനികവ്യഥകളുടെ ഒരു രൂപമാണ്. സാമൂഹ്യവ്യഥ തൊഴിലില്ലായ്മ കൊണ്ടും ദാരിദ്ര്യം കൊണ്ടും ഭരണാധികാരികളുടെ തേർവാഴ്ചകൊണ്ടുമൊക്കെയാകാം. അവയൊന്നും ആത്യന്തികമായി പരിഹരിക്കാതെ അവയെല്ലാം ദൈവഹിതമെന്നോ വിധിവിഹിതമെന്നോ, മുജ്ജൻമ പാപഫലമെന്നോ ഒക്കെ ആശ്വാസം നൽകാൻ ഉപകരിക്കുന്ന കറുപ്പ് നല്ലതോ ചീത്തയോ എന്ന കാര്യം വിവാദം ചെയ്യാം. എങ്കിലും അതൊരു നികൃഷ്ട കൃത്യമാണെന്നൊന്നും പറഞ്ഞുകൂടല്ലോ. കറുപ്പിനെ പരാമർശിക്കുന്ന അവസാന വാക്യമൊഴിച്ചു മറ്റുള്ളവയെല്ലാം മനുഷ്യനു ശുഭപ്രതീക്ഷയും ആത്മവിശ്വാസവും പ്രദാനം ചെയ്യുകയെന്ന മതധർമ്മത്തെ ഊന്നിക്കൊണ്ടുള്ളവയാണ് താനും.

ഈ ക്രിയാത്മക വശങ്ങളോടൊപ്പം മതത്തിന് വർത്തമാന ലോകത്തിലും ഭൂതകാലത്തിലും ഉണ്ടായിരുന്ന നിഷേധാത്മക വശത്തെ തീർച്ചയായും മാർ ഗ്രിഗോറിയോസിനെ പോലുള്ള ഒരു മനുഷ്യസ്നേഹിക്കു കാണാതിരിക്കാനാവില്ല. ഓരോ മതത്തിലും എന്നപോലെ ഒരേ മതത്തിന്റെ ചരിത്ര ഗതിവിഗതികളിലും വിവിധ മതങ്ങൾക്കിടയിലും ഈ രണ്ടു ധാരകൾ തമ്മിലുള്ള വേർതിരിവു കാണാം. ഗൗതമ ബുദ്ധൻ, വർധമാന മഹാവീരൻ, നബി, ഗുരു നാനാക്ക്

തുടങ്ങിയ മതസ്ഥാപകൻമാരുടെ പ്രസ്ഥാനങ്ങളെല്ലാം ആദ്യകാലത്ത് ഈ ക്രിയാത്മക വശത്തിന്റെ സാക്ഷ്യങ്ങളായിരുന്നു. വാസ്തവം പറഞ്ഞാൽ ഈ പ്രവാചക മതങ്ങളുടെയെല്ലാം തുടക്കവും പ്രസക്തിയും അതുവരെ നിലനിന്ന മത-സാമൂഹ്യ രാഷ്ട്രീയ സംവിധാനങ്ങളോടുള്ള എതിർപ്പിൽ നിന്നാണ് ഉളവായത്. ക്രിസ്തുമതത്തിലെ മാർട്ടിൻ ലൂഥറും ഇസ്ലാം മതത്തിലെ സൂഫിമാരും ഹിന്ദുമതത്തിലെ വിവേകാനന്ദനും ശ്രീനാരായണഗുരുവുമെല്ലാം ഇത്തരം മത നവീകരണ നേതാക്കളായിരുന്നുവല്ലോ. പൗലോസ് മാർ ഗ്രിഗോറിയോസു തന്നെ സ്വന്തം പേരുള്ള നിയാസ്സയിലെ ഗ്രിഗോറിയോസിനെപ്പോലുള്ള ആദിമ ക്രിസ്തീയ വേദശാസ്ത്രജ്ഞരെ പിൽക്കാലത്തെ സെന്റ് അഗസ്റ്റിൻ, സെന്റ് അക്വിനാസ് തുടങ്ങി കൂടുതൽ പ്രസിദ്ധരായവരെക്കാൾ ആദരിക്കുന്നതിന്റെ അർഥവും മറ്റൊന്നല്ല.

റോമാ സാമ്രാജ്യത്തിന് കോൺസ്റ്റന്റൈൻ മുതലിങ്ങോട്ട് അവിഹിതമായ അംഗീകാരം നൽകുകയും മധ്യകാലത്തെ ക്രൂരമായ ഇൻക്വിസിഷൻ തുടങ്ങിയ നടപടികൾക്ക് നേതൃത്വം നൽകുകയും ഒന്നാം വൈജ്ഞാനിക വിപ്ലവ കാലത്ത് സത്യത്തിനെതിരെ കുരിശു യുദ്ധം പ്രഖ്യാപിക്കുകയും സോഷ്യലിസത്തിനെതിരെ സ്വകാര്യസ്വത്തിന്റെ പവിത്രതയെ ദൈവത്തിന്റെ പവിത്രതക്കു മേൽ സ്ഥാപിക്കുകയും ചെയ്ത ക്രിസ്തീയ സഭയെ കത്തോലിക്ക എന്നപോലെ പ്രൊട്ടസ്റ്റന്റ് സഭയെയും വിമർശിക്കാൻ നിർബന്ധിതനായിരുന്ന ഫ്രെഡറിക് എംഗൽസ് പോലും ഡോ. പൗലോസ് ഗ്രിഗോറിയസിനെപ്പോലെ ആദിമ ക്രിസ്തുസഭയുടെ ആരാധകനായിരുന്നു.

ആദ്യകാല ക്രിസ്തുമത ചരിത്രത്തെപ്പറ്റി (1894) എന്ന പ്രബന്ധം എംഗൽസ് ആരംഭിക്കുന്നത് ഇങ്ങനെയാണ്:

> ആദ്യകാല ക്രിസ്തുമത ചരിത്രത്തിന് ആധുനിക തൊഴിലാളിവർഗ പ്രസ്ഥാനവുമായി പല സംഗതികളിലും ശ്രദ്ധേയമായ സാദൃശ്യമുണ്ട്. ഈ പ്രസ്ഥാനം പോലെ ക്രിസ്തുമതവും തുടക്കത്തിൽ മർദ്ദിത ജനങ്ങളുടെ ഒരു പ്രസ്ഥാനമായിരുന്നു. അടിമകളുടെയും (സമീപകാലത്ത് അടിമത്തത്തിൽ നിന്ന്) സ്വതന്ത്രരാക്കപ്പെട്ടവരുടെയും മതമെന്ന നിലയ്ക്കാണ്, എല്ലാവിധ അവകാശങ്ങളും നിഷേധിക്കപ്പെട്ട പാവപ്പെട്ടവരുടെ മതമെന്നനിലയ്ക്കാണ്, റോമിന്റെ ചവിട്ടടിയിൻ കീഴിൽ ആക്കപ്പെട്ടതോ റോമിനാൽ ഛിന്നഭിന്നമാക്കപ്പെട്ടതോ ആയ ജനങ്ങളുടെ മതമെന്ന നിലയ്ക്കാണ്, അത് ആദ്യം രംഗപ്രവേശം നടത്തിയത്. ബന്ധനത്തിൽ നിന്നും കഷ്ടപ്പാടിൽ നിന്നുമുള്ള മോക്ഷമാണ് ക്രിസ്തുമതത്തെ പോലെ തൊഴിലാളി സോഷ്യലിസവും വാഗ്ദാനം ചെയ്യുന്നത്.

ആദ്യം ക്രിസ്തുമതം മാത്രമല്ല പരമ്പരാഗതവും ആചാരനിഷ്ഠവുമായ മതത്തിൽ നിന്ന് വ്യത്യസ്തമായി പ്രവാചകമതങ്ങൾ എന്നോ നവോത്ഥാനമതങ്ങൾ എന്നോ നാമകരണം ചെയ്യാവുന്ന മതങ്ങൾ എല്ലാം ഏറ്റക്കുറച്ചിലുകളോടെ ഈ സ്വഭാവം പ്രകടമാക്കുന്നുണ്ട്. ഇത്തരം പുത്തനുണർവിന്റെ പ്രവാചകർക്ക് അനുഭവിക്കേണ്ടി വന്ന പീഡനങ്ങളുടേയും മർദനങ്ങളുടേയും വധങ്ങളുടേയും അനുഭവം യേശുവിന് മാത്രമായി ഒതുങ്ങുന്നില്ല എന്ന് ആദിമ ക്രിസ്തുമതത്തിലെ രക്തസാക്ഷികളുടെ നീണ്ടനിര സാക്ഷ്യപ്പെടുത്തുന്നു. ഈ പീഡാനുഭവങ്ങളെ കുറിച്ച് എംഗൽസ് തുടർന്ന് എഴുതുന്നു:

> രണ്ടു കൂട്ടരും (ആദിമക്രിസ്ത്യാനികളും ആധുനിക സോഷ്യലിസ്റ്റ് വിപ്ലവകാരികളും) പീഡനത്തിനും ഉപദ്രവത്തിനും വിധേയരാവുന്നുണ്ട്. രണ്ടിന്റേയും അനുയായികൾ അധിക്ഷേപത്തിനും അടിയന്തരാധികാര നിയമങ്ങൾക്കും പാത്രമാകുന്നുണ്ട്. ഒരു കൂട്ടർ മതത്തിന്റേയും കുടുംബത്തിന്റേയും മനുഷ്യരാശിയുടേയും ശത്രുക്കളായി പ്രഖ്യാപിക്കപ്പെടുമ്പോൾ മറ്റേ കൂട്ടർ ഭരണ കൂടത്തിന്റേയും സാമൂഹ്യ സമാധനക്രമത്തിന്റെയും ശത്രുക്കളായി മുദ്രയടിക്കപ്പെടുന്നു എന്നേയുള്ളു. എന്തെല്ലാം പീഡനങ്ങൾ ഉണ്ടായാലും ആ പീഡനങ്ങളിൽ നിന്നെല്ലാം കൂടുതൽ ആവേശം പൂണ്ടു കൊണ്ട് ഇരുകൂട്ടരും അപ്രതിമാനമായി വിജയത്തിൽ നിന്ന് വിജയത്തിലേക് കുതിച്ച് കയറുകയും ചെയ്യുന്നു.

ഇങ്ങനെ മതത്തിന്റെ ചരിത്രത്തേയും സ്വഭാവത്തേയും ദ്വന്ദാത്മക രീതിയിലും ചരിത്ര വികാസഗതിയിലും സോഷ്യലിസത്തിന്റെ പ്രഥാമാചാര്യന്മാർ തന്നെ കാണുന്നുണ്ട് എന്നിരിക്കെ മാർക്സിന്റെ നിലപാട് ഏകപക്ഷീയവും നിഷേധാത്മകവും വരട്ടു തത്വവാദപരവുമാണെന്ന് അർത്ഥം വരുന്ന ഡോ. ഗ്രിഗോറിയോസിന്റെ പരാമർശങ്ങൾ അപ്പാടെ സ്വീകരിക്കാൻ വിഷമമുണ്ട്. ഇതൊക്കെ സമീപകാല മാർക്സിസ്റ്റുകാരുടെ ഒരു പുത്തൻ വീക്ഷണമാണെന്ന ഗ്രിഗോറിയോസിന്റെ ചില സൂചനകൾ ഈ പ്രബന്ധത്തിലുള്ളതിനു പുറമെ കൂടുതൽ വ്യക്തമായി മറ്റിടങ്ങളിലും കാണാം. ഉദാഹരണമായി മറ്റൊരു പ്രബന്ധത്തിൽ അദ്ദേഹം പറയുന്നു:

> മാർക്സിസത്തിലെ ഈ പുതിയ നീക്കം (മാർക്സിന്റെ മതനിരൂപണത്തെ അൽപം മയപ്പെടുത്തിക്കാണിക്കാനുള്ള നീക്കം) കാൾ മാർക്സ് മതത്തെപ്പറ്റി പറഞ്ഞത് അന്നത്തെ സമൂഹത്തിൽ മതം വഹിച്ചിരുന്ന പങ്കിനെ അടിസ്ഥാനമാക്കിയായിരുന്നു എന്നും ഇന്നു മതം രാഷ്ട്രീയമീമാംസയിലും

> സാമൂഹ്യ പുരോഗതിയിലും വഹിക്കുന്ന പങ്ക് ഇന്നത്തെ സാഹചര്യങ്ങളിൽ പഠിച്ചു വിലയിരുത്തുകയാണ് വേണ്ടത് എന്നുമാണ്. ഈ ചിന്താഗതിയാണ് ആഴത്തിൽ ചിന്തിക്കുന്ന മാർക്സിസ്റ്റുകൾക്കുള്ളത്. (*ദർശനം, മതം ശാസ്ത്രം*, കോട്ടയം. 1995)

യാഥാസ്ഥിതികത്വത്തെ അരക്കിട്ടുറപ്പിക്കുകയും അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന മതത്തോടൊപ്പം മാനവികതയെയും സ്വാതന്ത്ര്യത്തെയും പുരോഗതിയെയും ഉയർത്തിപ്പിടിക്കുന്ന മതവും ഉണ്ടെന്നും അതിലൊന്ന് എതിർപ്പിനെ ക്ഷണിക്കുമ്പോൾ മറ്റേത് സഹകരണാദരങ്ങളെ അർഹിക്കുന്നുവെന്നും ഉള്ള ചിന്ത ഒരു 'പുതിയ നീക്ക'മൊന്നും അല്ലെന്നു മേൽപ്പറഞ്ഞ ഉദ്ധരണികളും വാദങ്ങളും വ്യക്തമാക്കുന്നു. തീർച്ചയായും വിവേകാനന്ദനെയും ശ്രീനാരായണനെയും തുടർന്ന് പൗലോസ് മാർ ഗ്രിഗോറിയോസിനെയും ബിഷപ്പ് മാർ പൗലോസിനെയും നിത്യ ചൈതന്യയതിയെയും പരേതരായ വാഗ്ഭടാനന്ദനെയും ഹൈദരാബാദിലെ രാമാനന്ദ തീർഥനെയും ബിഹാറിലെ സഹജാനന്ദ സരസ്വതിയെയും പോലുള്ളവരുടെ ആവിർഭാവവും ഉപദേശങ്ങളും ഈ പഴയ നീക്കത്തിന് പുതിയ ആക്കം നൽകിയിട്ടുണ്ട് എന്നാണെങ്കിൽ അതു ശരി തന്നെ. ലാറ്റിനമേരിക്കയിലെ വിമോചന ദൈവശാസ്ത്രജ്ഞൻമാരുടെയും നാസിവിരുദ്ധ രക്തസാക്ഷി പാസ്റ്റർ ബോൺ ഹോയ്ഫറുടെയും ലാറ്റിനമേരിക്കൻ രക്തസാക്ഷി ഫാദർ കാമിലോ തോറെയുടെയും മറ്റും ആത്മബലിയുമെല്ലാം വീണ്ടുവിചാരങ്ങൾക്ക് പ്രസക്തി നൽകുകയും ചെയ്യുന്നു. മാർപ്പാപ്പ ജോൺ 23-ാമന്റെ കത്തോലിക്കാ കരിങ്കോട്ടക്കകത്തു നിന്നുള്ള സ്ഫോടക നടപടികളും 20-ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ മാറ്റങ്ങളുടെ പടഹധ്വനിയായി. അതേസമയം അയോധ്യാധ്വംസകരും ഭിന്ദ്രൻവാലാമാരും ഖൊമേനിമാരും മതവിമർശനം ഇപ്പോഴും സാധുവും പ്രസക്തവുമാണെന്നും തെളിയിക്കുന്നു.

ഈ വിവേചനം കൂടാതെ മതത്തെ അടച്ചാക്ഷേപിക്കുന്നതും അടച്ച് ആരാധിക്കുന്നതും മതകാര്യ ചർച്ചയിൽ ഈ വേർതിരിവിനെക്കുറിച്ച് മൗനംഭജിക്കുന്നതും ആശയക്കുഴപ്പത്തിനേ വഴിവെക്കൂ.

ആധുനികശാസ്ത്രവും ഭൗതികവാദവും

ഡോക്ടർ പൗലോസ് മാർ ഗ്രിഗോറിയോസ് നേരത്തേ ചേർത്ത ചില ഉദ്ധരണികളിൽ പ്രത്യക്ഷമായും മറ്റു ചില പരാമർശങ്ങളിൽ പരോക്ഷമായും പറയുന്ന ഒരു കാര്യമാണ് ആധുനിക ഭൗതിക ശാസ്ത്ര പുരോഗതി ഭൗതികശാസ്ത്രത്തിന്റെ അടിത്തറ തകർത്തിരിക്കുന്നു എന്ന്. *നിശ്ചിതസത്യത്തെ തേടി* (*കൈസ്റ്റ് ഫോർ സേർട്ടനിറ്റി*)

എന്നതുൾപ്പെടെ അദ്ദേഹത്തിന്റെ മറ്റു ചില പ്രബന്ധങ്ങളിലും 'ഒരു നിശ്ചയമില്ലയൊന്നിനും വരുമോരോ ദശ വന്നപോലെ പോം' എന്ന വിധം ശാസ്ത്രസത്യത്തിന്റെ അവ്യക്തതയെയും അവിശ്വാസ്യത യെയും കുറിച്ച് പരിതപിച്ചിട്ടുണ്ട്. പ്രകൃതപ്രബന്ധത്തിൽ ഉൺമ യെന്ത് എന്ന പ്രശ്നമാണ് ഉത്തരമില്ലാതെ ശാസ്ത്രത്തിന്റെ അപര്യാ പ്തതയ്ക്ക് തെളിവായി തിരുമേനി ഉന്നയിക്കുന്നത്. അദ്ദേഹം ഈ പ്രശ്നം ഇപ്രകാരം വിവരിക്കുന്നു:

> ഉള്ളതെന്താണ്? ഇതാണ് അടിസ്ഥാനചോദ്യം. മാറ്റർ-ഇൻ-മോഷൻ എന്നോ മാറ്റർ ആൻഡ് ഇനർജി ഇൻ ദി പ്രോസസസ് ഓഫ് ഡയലക്ടിക്കൽ ഡെവലപ്മെന്റ് എന്നോ ഒക്കെ പറഞ്ഞാൽ ഇന്ന് ശോഭിക്കില്ല. ശാസ്ത്രദർശനവും യാഥാർഥ്യ പ്രത്യക്ഷതാചിന്തയും കഴിഞ്ഞ അൻപതുവർഷങ്ങൾകൊണ്ട് പുതിയ ഉൾക്കാഴ്ചകളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.
>
> ഉള്ളതെന്താണ്? അതിനെ എങ്ങനെ അറിയാം? എന്നീ ചോദ്യ ങ്ങൾക്ക് ഇന്ന് ആധുനിക ശാസ്ത്രത്തിലും ആധുനികദർ ശനത്തിലും സമാധാനമില്ല എന്ന അവസ്ഥയിലാണ് നാം വന്നുചേർന്നിരിക്കുന്നത്. പാശ്ചാത്യചിന്താരീതി മാത്രം സത്യാന്വേഷണമാർഗമായി കരുതുന്നവർക്ക് വളരെയധികം നിരാശ ജനിക്കുന്ന ഒരു സ്ഥിതിവിശേഷമാണിതെന്ന്, പ്രത്യേ കിച്ചും ആധുനികോത്തര ചിന്താരീതിയിൽ വിളങ്ങിക്കാണാം.

വളരെയേറെ ചർച്ചചെയ്യപ്പെട്ടിട്ടുള്ളതും ഇനിയും ചർച്ചചെയ്യേ ണ്ടതുമായ നിരവധി ആശയങ്ങളും പദപ്രയോഗങ്ങളും ഈ രണ്ടു ലഘുഖണ്ഡികകളിൽ ചിതറിക്കിടക്കുന്നു.

ഇതിൽ ആദ്യമായി പറഞ്ഞുവയ്ക്കേണ്ട സംഗതി ശാസ്ത്ര ത്തിന്റെ ഏതുവിധത്തിലുള്ള പുരോഗതിയും ഭൗതികവാദത്തെ നിഷേധിക്കാൻ സമർഥമാകില്ല എന്നതാണ്. ഭൗതികവാദമെന്നത് അങ്ങ് അപ്പുറത്ത് നിലകൊള്ളുന്നുവെന്നു സങ്കല്പിക്കപ്പെടുന്ന ഏതോ ഘനപദാർഥത്തെ ആസ്പദിച്ചല്ല നിലകൊള്ളുന്നത്. ഐൻ സ്റ്റൈന്റെ സവിശേഷാപേക്ഷിക സിദ്ധാന്തപ്രകാരം പദാർഥവും ഊർജവും (മാറ്ററും ഇനർജിയും) ഒരേ യാഥാർഥ്യത്തിന്റെ രണ്ടു രൂപ ങ്ങൾ മാത്രമാണെന്നും ഇനർജി മാറ്ററായും മാറ്റർ ഇനർജിയായും "ഇ ഈക്വൽസ് എം സി സ്ക്വയർ" എന്ന സൂത്രവാക്യപ്രകാരം പര സ്പരം രൂപാന്തരപ്പെടുത്താമെന്നും കണ്ടു. അപ്പോഴും ചിലർ പറഞ്ഞു-മാറ്ററൊക്കെ അങ്ങനെ ഇനർജിയിൽ അലിഞ്ഞുപോയ നിലയ്ക്കിനി മാറ്ററിനെ അടിസ്ഥാനപ്പെടുത്തിയ മെറ്റീരിയലിസത്തിന് എന്തു

പ്രസക്തി, എന്ത് അസ്ഥിത്വമെന്ന്.

വി ഐ ലെനിന്റെ ഈ നൂറ്റാണ്ടിലെ ആദ്യദശകത്തിൽ തന്നെ അതിനു സമാധാനം പറഞ്ഞു. മെറ്റീരിയലിസം അഥവാ ഭൗതികവാദം ഒരു ദാർശനിക സംവർഗമാണ് (ഫിലോസഫിക്കൽ കാറ്റിഗറി) എന്നും സബ്ജക്ടും ഓബ്ജക്ടും തമ്മിലുള്ള ബന്ധത്തെയാണ് അത് സൂചിപ്പിക്കുന്നതെന്നും സബ്ജക്ടിന് അഥവാ ആത്മവത്തയ്ക്ക് അഭിഗമ്യമായി എന്തെങ്കിലും ഉണ്ടോ എന്നതേ പ്രശ്നമാകുന്നുള്ളുവെന്നും അങ്ങനെ അഭിഗമ്യമാകുന്നത് ഖരമായാലും ദ്രവമായാലും വാതകമായാലും ശൂന്യതതന്നെയായാലും അതെല്ലാം പദാർഥ (മാറ്റർ) ഗണത്തിൽപെടുന്നു എന്നുമാണ് ലെനിന്റെ വിശദീകരണം. അങ്ങനെ സബ്ജക്ട്-ഓബ്ജക്ട് അഥവാ വിഷയീ-വിഷയബന്ധമാണ് ഭൗതികവാദസത്ത. അതിൻപ്രകാരം വചനമല്ല ആദ്യമുണ്ടായത് കർമമാണ്. കർമമാണ് ബോധം സൃഷ്ടിച്ചതും ബോധം തെളിച്ചതും. കർമം വസ്തുനിഷ്ഠമായും വചനം അഥവാ ബോധം ആത്മവത്തയുമാകുന്നു.

ശാസ്ത്രസത്യന്വേഷണത്തിന്റെ പരിമിതിയെക്കുറിച്ചുള്ള അറിവ് ഉൾപ്പെടെ, ശാസ്ത്രത്തിന്റെ ഏതു പുരോഗതിയും അവബോധമേഖലയും അതിനഭിഗമ്യമാകുന്ന ഇതരമേഖലയും തമ്മിലുള്ള ബന്ധം അംഗീകരിക്കുകയും പ്രപഞ്ചൈക്യത്തെ അവബോധവും അവബോധേതര യാഥാർഥ്യവും തമ്മിലുള്ള ഐക്യമായി കാണുകയും ചെയ്താൽ അത് ഭൗതികവാദ സമർഥനം തന്നെയാകും.

അതുകൊണ്ട് ഉള്ളതെന്ത് എന്നു ചോദിച്ചാൽ "ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് ഞാനുണ്ട്" എന്നു പറഞ്ഞ റെനി ദെക്കാർത്ത് പറഞ്ഞുനിർത്തിയിടത്തു നിന്നാൽ പോരാ. ഞാൻ ചിന്തിക്കുന്നുവെങ്കിൽ എന്തിനെയെങ്കിലും കുറിച്ചായിരിക്കുമല്ലോ അത്. അതുകൂടി ചിന്തയോടു ചേർന്നാൽ സത്യമായി, ഉണ്മയായി. വിഷയിയും വിഷയവും സബ്ജക്ടിവിറ്റിയും ഓബ്ജക്ടിവിറ്റിയും അങ്ങനെയെങ്കിൽ ധ്യാനനിരതനായ യോഗിക്ക് ധ്യാനത്തിലൂടെ തെളിയുന്നതും മറ്റുമാർഗങ്ങളിൽ തെളിയിക്കാനാവാത്തതുമായ ഉൾക്കാഴ്ച കിട്ടിയാൽ അതുസത്യമല്ലേ? ഉണ്മയല്ലേ? സത്യവാചകം, ഉണ്മയാകാം അതൊരനുഭൂതിയാകാം. അനിതരസാധാരണമായ അനുഭൂതി. എന്നാൽ, അറിവ് എന്നത് ഒരു സാമൂഹ്യപ്രതിഭാസമാണ്. ഒന്നിലേറെയാളുകൾക്ക് അനുഭവവേദ്യമാകണം, അല്ലെങ്കിൽ അനുഭവവേദ്യമാകാനുള്ള സാധ്യതയുണ്ടാകണം. ഐൻസ്റ്റൈന്റെ സവിശേഷാപേക്ഷിക സിദ്ധാന്തം 1905ൽ ആവിഷ്കരിച്ച് അനേകദശകങ്ങളിലേക്ക് അത് ഗ്രഹിച്ചവർ കൈവിരലിൽ എണ്ണാവുന്നവരേ ഉണ്ടായിരുന്നു

ള്ളുവെന്ന് പറയപ്പെടുന്നു. എങ്കിലും അന്നും അതിന് സാർവത്രികവും സാമൂഹ്യവുമാകാനുള്ള സാധ്യത (പൊട്ടേൻഷ്യൽ) ഉണ്ടായിരുന്നു. അതുകൊണ്ട് ഏകാന്തധ്യാനനിരതനായ യോഗിയുടെ ആത്മജ്ഞാനത്തെ നാം അവഗണിക്കുന്നില്ല, ആക്ഷേപിക്കുന്നില്ല. പക്ഷേ മറ്റുള്ളവർക്ക് അത് അനഭിഗമ്യമാകയാൽ സാമൂഹ്യജ്ഞാനപദവി നൽകുന്നില്ലന്നേയുള്ളു.

സാമൂഹ്യംഗീകാരം ലഭിക്കുന്ന ശാസ്ത്രസത്യങ്ങളും കാലഹരണപ്പെടാറില്ലേ? അരിസ്റ്റോട്ടിലിന്റെ ലോകവീക്ഷണം തിരസ്കരിച്ച് കോപ്പർനിക്കസ്-ഗലീലിയോ-ന്യൂട്ടൺ പ്രഭൃതികൾ മറ്റൊരു ലോകവീക്ഷണം അവതരിപ്പിച്ചില്ലേ? ആ ഒന്നാം വൈജ്ഞാനികവിപ്ലവത്തിന്റെ യാന്ത്രികലോക സിദ്ധാന്തം അട്ടിമറിച്ചുകൊണ്ടല്ലേ ഐൻസ്റ്റൈൻ ആപേക്ഷിക സിദ്ധാന്തം അവതരിപ്പിച്ച് രണ്ടാം വൈജ്ഞാനിക വിപ്ലവത്തിന് ഈ നൂറ്റാണ്ടിന്റെ ആദ്യം തിരികൊളുത്തിയത്? ഐൻസ്റ്റൈൻ വിപ്ലവത്തെ തകിടം മറിച്ചല്ലേ ഐൻസ്റ്റൈനു പോലും അംഗീകരിക്കാനാവാത്ത "ക്വാണ്ടം ബലതന്ത്രവും" അനിശ്ചിതത്വ സിദ്ധാന്തവും ഹൈസൻബുർഗും ഷ്രോഡിങ്കറും കൊണ്ടുവന്നത്? അതൊക്കെ ശരിതന്നെ. മനുഷ്യവിജ്ഞാനം കാല-ദേശ-സാമൂഹ്യ പരിമിതിക്ക് വിധേയമാണ്. പരിണാമവും പുരോഗതിയും മനുഷ്യയത്നങ്ങൾക്കെല്ലാമെന്ന പോലെ അറിവിനും ബാധകമാണ്. ഓരോ കാലത്തേയും അറിവിന്റെ വിശ്വാസ്യത ആ കാലഘട്ടത്തിലെ കർമത്തെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു. ന്യൂട്ടന്റെ പ്രപഞ്ചവീക്ഷണം അന്നത്തെ മാനുഷിക കർമങ്ങളും ത്വരകളും ശരിവച്ചു. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് വ്യവസായ വിപ്ലവവും ആഗോളയാത്രകളും ഊർജ സംഭരണ-വിനിയോഗങ്ങളും തരമായി. ന്യൂട്ടന്റെ സിദ്ധാന്തങ്ങളുടെ പോരായ്മകൾ വ്യക്തമായപ്പോഴും ഈ പ്രവർത്തനമേഖലകളിൽ അവ സാധ്യമായി തുടരുന്നു.

പക്ഷേ, നമ്മുടെ അന്വേഷണം ബഹിരാകാശത്തെയും ബ്രഹ്മാണ്ഡമേഖലകളിലെയും സമൂലമാനങ്ങൾ തേടുകയും പരമാണുക്കളുടെ അന്തർഭാഗത്തെ സൂക്ഷ്മ യാഥാർഥ്യത്തിലേക്ക് ചൂഴിഞ്ഞു ചെല്ലുകയും ചെയ്തപ്പോൾ ന്യൂട്ടനിസം ഐൻസ്റ്റൈനിസത്തിനു വഴിമാറി. അത് തെറ്റിൽനിന്ന് തെറ്റിലേക്കുള്ള മാറ്റമായിരുന്നില്ല, ശരിയിൽനിന്ന് കൂടുതൽ ശരിയിലേക്കുള്ള പുരോഗതിയായിരുന്നു എന്ന് സങ്കൽപ്പിക്കുകയാകും യുക്തിയുക്തം.

പൗലോസ് മാർ ഗ്രിഗോറിയോസിന്റെ മൗലികവും ശ്രദ്ധേയവുമായ *സയൻസ് ഫോർ സെയിൻ സൊസൈറ്റീസ്* (ന്യൂയോർക്ക്, 1987)

ആരംഭിക്കുന്നത് "ശാസ്ത്രത്തിന്റെയും വിശ്വാസത്തിന്റെയും ഭക്ഷണശീലങ്ങൾ" എന്ന രസകരമായ അധ്യായത്തോടുകൂടിയാണ്. ചെന്നായ്ക്കളെക്കുറിച്ച് അറിയാൻ ചെന്നായ്ക്കളോടല്ല അവയുടെ ഇരായാകുന്ന ആട്ടിൻകുട്ടികളോടാണ് ചോദിക്കേണ്ടത് എന്നദ്ദേഹം പറയുന്നു. അതുപോലെ ശാസ്ത്രത്തെക്കുറിച്ച് ശാസ്ത്രജ്ഞൻമാർ പറഞ്ഞാലുംപോരാ മതത്തെക്കുറിച്ച് മതപണ്ഡിതന്മാർ മാത്രം പറഞ്ഞാൽ പോരാ. അതുകൊണ്ട് എന്തു സംഭവിക്കുന്നു. എന്താണ് അവ രണ്ടിൽനിന്നും ലഭിക്കുന്ന അനുഭവം എന്നു കാണാൻ അവ അനുഭവിക്കുന്നവർ പറയട്ടെ എന്നാണ് ഗ്രിഗോറിയോസ് സമർഥിക്കുന്നത്.

മേൽപ്പറഞ്ഞതുപോലെ കർമമാണ് സത്യത്തിന്റെ ഉരകല്ല് എന്നദ്ദേഹം വെട്ടിമുറിച്ചു പറയുന്നില്ലെങ്കിലും കർമത്തിന്റെയും അനുഭവത്തിന്റെയും പ്രസക്തി തിരുമേനിയുടെ വാദത്തിൽ കലർന്നിട്ടുണ്ട് എന്ന് സ്പഷ്ടം. അതിൽനിന്ന് സത്യവും ഉൺമയും ആപേക്ഷികമാണെന്നല്ല, സിദ്ധിക്കുന്നത്. സത്യവും ഉൺമയും കർമബദ്ധമാണ് എന്നത്രെ. മാനവകർമത്തിന്റെ വ്യാപ്തിക്കൊപ്പം സത്യത്തിന്റെ മേഖലയും വ്യാപിക്കും, ഗഹനമാകും.

മേൽപ്പറഞ്ഞ പുസ്തകം ഉപസംഹരിക്കുന്നത് ഇന്നത്തെ അവസ്ഥയിൽ മതനിരപേക്ഷവിജ്ഞാനത്തിന് മതവിജ്ഞാനീയത്തേക്കാൾ മേന്മ കൈവന്നിട്ടുണ്ട് എന്നു സമ്മതിച്ചുകൊണ്ടാണ്. മേന്മ എന്നാൽ നന്മ എന്നോ ശരിമ എന്നോ തിരുമേനി കരുതുന്നില്ല. മതനിരപേക്ഷ വിജ്ഞാനത്തിൽ മുറുകെ പിടിക്കുന്നവർ മതവിജ്ഞാനീയത്തോട് കുറെകൂടി ക്ഷമ പ്രകടിപ്പിക്കണമെന്നും അവർ പറയുന്നത് ശ്രദ്ധാപൂവം ചെവിക്കൊള്ളാൻ മതനിരപേക്ഷചിന്തകർ തയ്യാറാവണമെന്നും അദ്ദേഹം നിർദ്ദേശിക്കുന്നു. തീർച്ചയായും ഇക്കാര്യം തന്നെയാണ് ഡോ പൗലോസ് മാർ ഗ്രിഗോറിയോസിന്റെ കോഴിക്കോട് പ്രബന്ധത്തെക്കുറിച്ചുള്ള പ്രതികരണത്തിൽ ഇ എം എസ് നമ്പൂതിരിപ്പാടും അംഗീകരിച്ചത്. എളിയവനായ ഈ ലേഖകനും തിരുമേനിയുടെ നിർദ്ദേശം സ്വീകരിക്കുന്നു. ●

അധ്യായം 28

മാർക്സിസം, മതനിരപേക്ഷത, മതം ചില പുതുപരാമർശങ്ങൾ

മാർ ഗ്രിഗോറിയോസിന്റെ മറുപടി

പ്രഗത്ഭമതികളായ എന്റെ സുഹൃത്തുക്കൾ ഇ എം എസ്, പി ഗോവിന്ദപ്പിള്ള തുടങ്ങിയവർ *ദേശാഭിമാനി*യുടെയും *ചിന്ത*യുടെയും *ഫ്രണ്ട്‌ലൈനി*ന്റെയും പംക്തികളിൽ എന്റെ കോഴിക്കോട്ട് സെമിനാർ പ്രബന്ധത്തെക്കുറിച്ച് എഴുതിയ ലേഖനങ്ങളെക്കുറിച്ച് പൂർണമായ ഒരു പ്രതികരണം എഴുതാൻ എന്റെ ഇന്നത്തെ ആരോഗ്യനില അനുവദിക്കുന്നില്ല. അതിനാവശ്യമായ റഫറൻസ് കൃതികളെല്ലാം കണ്ടെടുക്കാൻ ഇപ്പോൾ എനിക്ക് കഴിയുന്നുമില്ല. എന്റെ കമ്പ്യൂട്ടറിൽ പ്രവർത്തനക്ഷമമായ ഒരു കൈ ബാക്കിയുള്ളതുകൊണ്ടാണ് ഞാൻ ഈ വരികൾ രേഖപ്പെടുത്തുന്നത്.

ഈ കാലിക പ്രസിദ്ധീകരണങ്ങളിൽ എന്റെ വാദമുഖങ്ങളെ നേരിടാൻ ഇത്രയേറെ പംക്തികൾ ചെലവഴിച്ചതിനും എന്റെ വാദമുഖങ്ങളെ ഗൗരവപൂർവം പരിഗണിച്ചതിനും മാത്രമല്ല എനിക്കവരോട് കൃതജ്ഞതയുള്ളത്. ഈ വാദവിവാദങ്ങളിലെല്ലാം അവരെന്നോടു പ്രകടിപ്പിച്ച അങ്ങേയറ്റത്തെ ബഹുമാനാദരങ്ങൾക്കും ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു. എന്റെ വ്യക്തിപരമായ മതവിശ്വാസത്തെക്കുറിച്ച് സ്വന്തമായ കാഴ്ചപ്പാടിലൂടെ വിലയിരുത്തൽ നടത്താൻ

മതനിരപേക്ഷത സെമിനാർ പ്രബന്ധ വിവാദത്തിന് മാർ ഗ്രിഗോറിയോസ് നൽകിയ മറുപടി

ഇ എം എസ് ഒരു പൂർണലേഖനം പോലും എഴുതുകയുണ്ടായി. പി ഗോവിന്ദപ്പിള്ളയാകട്ടെ ഞാൻ അർഹിക്കുന്നതിലേറെ ആദരവോടെ എന്റെ അറിവിനെയും നേട്ടങ്ങളെയും കുറിച്ച് വിലയിരുത്തുകയും അദ്ദേഹത്തിനെന്നോടുള്ള ബൗദ്ധികമായ കടപ്പാടുകളെ അതിശയോക്തിയോടെ അംഗീകരിക്കുകയും ചെയ്യുന്നു. അതദ്ദേഹം ഇതിനു മുമ്പും ചെയ്തുകേട്ടിട്ടുണ്ട്.

ഈ ലേഖനത്തിൽ മൂന്നു കാര്യങ്ങളാണ് ഞാൻ ഊന്നിപ്പറയാൻ ശ്രമിക്കുന്നത്. ഒന്നാമതായി മതനിരപേക്ഷതയെക്കുറിച്ച് ഞാൻ നേരത്തേതന്നെ പറഞ്ഞ കാര്യങ്ങൾ ചുരുക്കമായി സംഗ്രഹിക്കാം. രണ്ടാമതായി ഒരു പ്രത്യയശാസ്ത്രമെന്ന നിലയിലും കർമ്മ പരിപാടി എന്ന നിലയിലും മാർക്സിസം ഇന്നു നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ് എന്നതിനെക്കുറിച്ചുള്ള എന്റെ ധാരണകൾ വളരെ ചുരുക്കി വിവരിക്കാം. മൂന്നാമതായി സമൂഹത്തിലും സംസ്കാരത്തിലും മതത്തിനുള്ള സ്ഥാനത്തെക്കുറിച്ച് എനിക്കുള്ള അഭിപ്രായങ്ങൾ ചുരുക്കി പുനരവതരിപ്പിക്കാം. അത് ഉപസംഹരിക്കുമ്പോൾ എന്റെ വ്യക്തിപരമായ മതവിശ്വാസത്തിന്റെ സത്തയും കാരണങ്ങളും ചുരുക്കമായി വിവരിക്കുകയും ചെയ്യാം. ഈ വിവാദത്തിൽ ഉയർന്നുവന്ന മറ്റ് പ്രശ്നങ്ങൾ സംബന്ധിച്ച് എഴുതിപ്പോകുന്നതോടൊപ്പം കഴിയുന്നത്ര പരാമർശിക്കുകയും ചെയ്യാം.

മതനിരപേക്ഷം, മതനിരപേക്ഷതാവാദം ആധുനിക ശാസ്ത്രം

നിഘണ്ടുവിൽ കാണുന്ന അർഥത്തിൽനിന്നും തികച്ചും വ്യത്യസ്തമായ അർഥമാണ് "ഇന്ത്യൻ ബുദ്ധിജീവികൾ മതനിരപേക്ഷം" എന്നതിനും "മതനിരപേക്ഷതാവാദം" (സെക്കുലർ, സെക്കുലറിസം) എന്നതിനും നൽകുന്നതെന്ന വസ്തുത ഞാൻ അംഗീകരിക്കുന്നു. നമ്മുടെ സർക്കാരും ഭരണകക്ഷിയായ കോൺഗ്രസും ഇടതുപക്ഷ പ്രസ്ഥാനങ്ങളും മതനിരപേക്ഷതാവാദത്തെ ഏകദേശം താഴെ പറയുംപോലെയാണ് നിർവചിക്കുന്നത്. മതനിരപേക്ഷതയുടെ ഇന്ത്യൻ രൂപത്തിന്റെ മുഖ്യതത്വങ്ങൾ ഇവയാണ്:

(i) മതവും രാഷ്ട്രീയവും തമ്മിലുള്ള പൂർണ വിഭജനം.

(ii) എല്ലാ മതങ്ങളോടും ഒരേപോലെ പെരുമാറണം. ഗവൺമെന്റ് ഇവയിൽനിന്നെല്ലാം സമദൂരത്തിൽ വർത്തിക്കും.

(iii) ഭരണകൂടത്തിൽനിന്നോ ഭരണകൂടത്തിന്റെ പിന്തുണയുള്ള സ്ഥാപനങ്ങളിൽനിന്നോ ഒരു മതത്തിനും സവിശേഷ പരിഗണനകൾ ലഭിക്കുന്നതല്ല.

(iv) സ്വയം തെരഞ്ഞെടുക്കുന്ന ഏതു മതത്തിൽ ചേർന്നു

പ്രവർത്തിക്കാനും ഒന്നിലും ചേരാതെ കഴിയുവാനും എല്ലാ ഭാരതീയർക്കും സ്വാതന്ത്ര്യമുണ്ടായിരിക്കും. (തീർച്ചയായും നിലവിലുള്ള നിയമങ്ങൾക്കു വിധേയമായി വേണം വിശ്വാസാചാരങ്ങൾ.)

(v) മതം തികച്ചും ഒരു സ്വകാര്യ ഏർപ്പാടായിരിക്കണം. വിദ്യാഭ്യാസം, വൈദ്യസേവനം, രാഷ്ട്രീയ സ്ഥാപനങ്ങൾ, മാധ്യമപ്രവർത്തനം എന്നിവ ഉൾപ്പെടെ പൊതുജീവിതത്തിൽ അതിനൊരു സ്ഥാനവും ഉണ്ടായിരിക്കരുത്.

ഓക്സ്ഫോർഡ് അഡ്വാൻസ് ലേണേഴ്സ് ഡിക്ഷ്ണറി സെക്കുലർ എന്നതിനു നൽകുന്ന അർഥം ഇതാണ്: ലൗകികം; ആത്മീയമോ മതപരമോ ആയ ഏർപ്പാടുകളുമായി ബന്ധമില്ലാത്തത് (പുറം 1143). മതനിരപേക്ഷതാവാദത്തെപ്പറ്റി അതിൽ പറയുന്നത് സന്മാർഗം വിദ്യാഭ്യാസം മുതലായ കാര്യങ്ങൾ മതത്തെ ആധാരമാക്കി അരുത് എന്ന വിശ്വാസം. സെക്കുലറിസ്റ്റ് അഥവാ മതനിരപേക്ഷതാവാദി എന്നതിന്റെ നിർവചനം; 'മതനിരപേക്ഷതയിൽ വിശ്വസിക്കുന്നയാളോ അതിനെ അനുകൂലിക്കുന്ന ആളോ'. ഇതിൽനിന്നു സിദ്ധിക്കുന്നത് മതനിരപേക്ഷതാവാദവും ഒരു പ്രത്യയശാസ്ത്രമാണ്, ഒരു വീക്ഷണകോൺ ആണ്, ഒരു മതരൂപമാണ് എന്നത്രെ! ചരിത്രപരമായി പറഞ്ഞാൽ ജി ജെ ഹോളിയോക്ക് (1817-1907) കഴിഞ്ഞ നൂറ്റാണ്ടിൽ സൃഷ്ടിച്ച ഒരു അർധമത പ്രത്യയശാസ്ത്രമാണ് സെക്കുലറിസം. ആധുനിക ശാസ്ത്രവുമായി പൊരുത്തപ്പെടാത്തതിനാൽ എല്ലാ പരമ്പരാഗത മതങ്ങളും അപ്രസക്തമാവുകയും അതുകൊണ്ട് ആധുനിക മാനവരാശിക്ക് അസ്വീകാര്യം ആവുകയും ചെയ്യുന്ന ശാസ്ത്രയുഗത്തിൽ സെക്കുലറിസം മാത്രമാണ് പ്രായോഗികമായ ഏകമതം എന്നദ്ദേഹം സിദ്ധാന്തിച്ചു.

വെളിപാടുകളോ വിശുദ്ധ ഗ്രന്ഥങ്ങളോ പൗരോഹിത്യമോ ഇല്ലാത്ത ഒരു മതം. ഇംഗ്ലണ്ടിൽ ഇതാദ്യം ശാസ്ത്രജ്ഞരുടെ ഇടയിൽ പ്രചരിച്ചു. പിന്നീടത് അമേരിക്കയിലും വ്യാപിച്ചു. രണ്ടു തലമുറക്കാലത്ത് ഈ രണ്ടു രാജ്യങ്ങളിലും അതു വളർന്നു വ്യാപിച്ചു. മാത്രമല്ല അവർ സ്വന്തമായി സണ്ടേ സ്കൂളുകളും ചോദ്യോത്തര രൂപത്തിലുള്ള ഉപദേശ വിധികളും വികസിപ്പിച്ചെടുത്തു. രണ്ടാം ലോകമഹായുദ്ധാനന്തരം ഒരു സംഘടിത മതമെന്ന നിലയിൽ അത് അലസിപ്പോയി. പിന്നീടത് ശാന്തമായി ആധുനിക ലിബറലിസത്തിൽ ലയിച്ചു. നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥയിലൂടെ ഈ മതം നമ്മുടെ ചിന്താധാരയിൽ ഇഴുകിച്ചേർന്നു. ആധുനിക ലിബറലിസം പൊതുവേ ഈ മതനിരപേക്ഷ പാരമ്പര്യം പിൻതുടരുന്നു. മാർക്സിസ്റ്റ് പൈതൃകവും അങ്ങനെ തന്നെ. പതിനേഴാം നൂറ്റാണ്ടുമുതൽ പത്തൊമ്പതാം നൂറ്റാണ്ടുവ

രെയുള്ള കാലയളവിൽ യൂറോപ്പിൽ വളർന്നുവന്ന എൻലൈറ്റൻമെന്റ് (പ്രബുദ്ധത) പ്രസ്ഥാനത്തിന്റെ സന്തതികളാണ് ലിബറലിസവും മാർക്സിസവുമെന്ന് ഞാൻ കരുതുന്നു.

വൈരുധ്യാത്മക ഭൗതികവാദത്തിന് മാർക്സിസം ഒരു ദാർശനികാടിത്തറ നൽകാൻ ശ്രമിച്ചു. വൈരുധ്യാത്മക ഭൗതികവാദമാണ്, മാർക്സിസത്തിന്റെ സെക്കുലറിസത്തിന്റെ രൂപം. ഈ നൂറ്റാണ്ടിന്റെ ആദ്യം ശാസ്ത്രത്തിൽ ഉണ്ടായ പുതിയ ഉൾക്കാഴ്ചകളെ ഉൾക്കൊണ്ടുകൊണ്ട് ഭൗതികവാദത്തെ പുനർനിർവചിക്കാൻ ലെനിൻ നടത്തിയ ശ്രമത്തെക്കുറിച്ച് പി ഗോവിന്ദപ്പിള്ള പറയുന്നുണ്ട്. ദ്രവ്യവും ഊർജവും പരസ്പരം മാറ്റിത്തീർക്കാവുന്നതാണ്. ഒരേ യാഥാർഥ്യത്തിന്റെ രണ്ടു രൂപങ്ങൾ മാത്രമാണെന്നായിരുന്നു ശാസ്ത്രത്തിലെ പുതിയ ഉൾക്കാഴ്ച. ഇതുപ്രകാരം മനുഷ്യന്റെ ആത്മനിഷ്ഠമായ ഗ്രഹണ പ്രക്രിയയ്ക്ക് വിധേയമാകുന്ന എന്തും, ഖരമായാലും ദ്രവമായാലും, വാതകമായാലും ഊർജമായാലും പദാർഥം തന്നെ എന്നാണ് ലെനിൻ പുനർനിർവചിക്കാൻ ശ്രമിച്ചത്. ബാഹ്യലോകത്തെ മനുഷ്യാവബോധം സത്യസന്ധമായി പ്രതിഫലിപ്പിക്കുന്നു. പരിണാമത്തിന്റെ അന്ത്യദശയിൽ സൃഷ്ടിക്കപ്പെട്ട ഭൗതിക യാഥാർഥ്യം സംബന്ധിച്ച ഒരു സമവർത്തിയായ പ്രതിഭാസമാണ് ആ അവബോധം. അല്ലാതെ അതിനുമുമ്പ് രൂപംകൊണ്ടതല്ല. ദ്രവ്യോൽപ്പാദനത്തിനുമുമ്പ് അവബോധം നിലവിലിരുന്നു എന്ന ആശയവാദത്തിലെ സങ്കൽപ്പത്തെയാണ് മാർക്സിസം വിമർശിക്കുന്നത്. അവബോധമുൾപ്പെടെയുള്ള സകലമാന വൈരുധ്യാത്മക വികാസത്തിന്റെയും സാധ്യത ഭൗതിക യാഥാർഥ്യമാണ് പ്രാഥമികം (അവബോധം അതിനെ തുടർന്ന്) എന്നതത്രെ.

കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകാലത്ത് പാശ്ചാത്യരാഷ്ട്രങ്ങളിൽ ഉണ്ടായ ശാസ്ത്രദർശനവികാസം മേൽചേർത്ത വാദത്തിനെതിരെ ചില പുതിയ ചോദ്യങ്ങൾ ഉയർത്തുന്നു. ബാഹ്യയാഥാർഥ്യം സത്യസന്ധമായി മനുഷ്യാവബോധത്തിൽ പ്രതിഫലിക്കുന്നുവെന്നു കരുതാൻ വേണ്ട ദാർശനികമോ ശാസ്ത്രീയമോ ആയ തെളിവുകളൊന്നും ഇന്നില്ല എന്നത് ആണ് ആദ്യത്തെ കാര്യം. യാഥാർഥ്യത്തെ എങ്ങനെയോ അങ്ങനെ മനസിലാക്കാൻ ആധുനികശാസ്ത്രത്തിന് കഴിയുമെന്ന് ഏതാനും പതിറ്റാണ്ടുകൾ മുമ്പുവരെ നിലനിന്നിരുന്ന ധാരണ ഇനിമേൽ നിലനിൽക്കുന്നതല്ല. മനുഷ്യന്റെ ആത്മവത്ത എല്ലാ ഗ്രഹണ പ്രക്രിയയുടെയും അവിഭാജ്യഘടകമാണെന്ന് മാത്രമല്ല ഗ്രഹണത്തിൽനിന്നും ആത്മവത്തയിൽനിന്നും വ്യതിരിക്തമായി യാഥാർഥ്യത്തെ അറിയാൻ നമുക്കാവുകയുമില്ല. ഗ്രഹണകർമ്മ

ത്തിനു നാം ഉപയോഗപ്പെടുത്തുന്ന ഐന്ദ്രികവും മാനസികവും ആയ ഉപാധികൾ നാം ഗ്രഹിക്കുന്ന യാഥാർഥ്യത്തെ രൂപപ്പെടുത്തുകയും ചെയ്യുന്നു. നിരീക്ഷകന്റെ അഥവാ നിരീക്ഷകയുടെ ഗ്രഹണോപാധി ഗ്രഹിത യാഥാർഥ്യത്തിന്റെ അവിഭാജ്യ ഘടകമായിത്തീരുകയും ചെയ്യുന്നു. നമ്മുടെ ഗ്രഹണാതീതമായ യാഥാർഥ്യം എന്തെന്ന് ഒരിക്കലും കണ്ടുപിടിക്കാനാവുകയുമില്ല, ബുദ്ധൻ ചൂണ്ടിക്കാട്ടിയപോലെ നാം ഗ്രഹിക്കുന്ന ലോകം *പ്രതിത്യ സമുൽപ്പന്ന*മാണ്. അതായത് സോപാധികമായി സഹജാതം, നമ്മുടെ മാതിരിയുള്ള മനസായിരിക്കെ, അതിനു ബാഹ്യമായി സ്ഥിതിചെയ്യുന്ന ലോകം. മനുഷ്യ മനസിൽ അത് ഏറ്റുമുട്ടുമ്പോൾ സിദ്ധിക്കുന്ന ഉൽപ്പന്നം മാത്രമാണ്. അതുപോലെതന്നെ ആ ലോകം യാഥാർഥ്യമെന്നും മറ്റേ ലോകം അയഥാർഥ്യമെന്നും പറയുന്നതും യാഥാർഥ്യായഥാർഥ്യങ്ങളെ സമന്വയിക്കുന്നതും അസത്യമായിരിക്കുമെന്നും ബുദ്ധമതക്കാർ പറയുന്നു. അത്തരം ഒരു ലോകം നമ്മുടെ അവബോധത്തിൽ ചില സവിശേഷ സാഹചര്യങ്ങളിൽ ഉയർന്നുകാണുന്നു എന്നേ പറയാനാവൂ.

ഏറെക്കുറെ ഇതുതന്നെയാണ് ആധുനിക ശാസ്ത്ര ദാർശനികർ പറയുന്നതും. ഒരുപക്ഷേ കുറെ എന്നതിനെക്കാൾ ഏറെ എന്നു പറയാം. അനാത്മനിഷ്ഠമായ വസ്തുനിഷ്ഠത എന്നൊന്നില്ല. എന്തുകൊണ്ടെന്നാൽ എല്ലാ ഗ്രഹണപ്രക്രിയയും സ്വഭാവേന തന്നെ ആത്മനിഷ്ഠമാണ്. 'ശാസ്ത്രത്തിൽ തെളിയിക്കപ്പെട്ട സത്യം' എന്നൊന്നില്ല. എന്തുകൊണ്ടെന്നാൽ എല്ലാ ശാസ്ത്രീയ തെളിവുകളും ആഗമികമായേ പറ്റൂ. പരിമിതമായ ഏതാനും അനുഭവങ്ങളിൽനിന്നുള്ള സാമാന്യവൽക്കരണം. അവ ഭാവി അനുഭവങ്ങളുടെ വെളിച്ചത്തിൽ തെളിവിനു വിധേയവുമാണ്. വസ്തുനിഷ്ഠ യാഥാർഥ്യത്തിൽനിന്നും ഉരുത്തിരിയുന്നതല്ല ശാസ്ത്രസിദ്ധാന്തം; മനുഷ്യഭാഷയിലും സംവർഗങ്ങളിലും മനുഷ്യൻ സൃഷ്ടിക്കുന്നതു മാത്രമാണ്. പ്രയോഗത്തിനു പ്രയോജനപ്രദവും പൊതുവെ പരസ്പരം പൊരുത്തപ്പെടുന്നതുമായി കാണപ്പെടുന്ന മനുഷ്യനിർമിതികൾ എന്നുമാത്രമേ ശാസ്ത്രസിദ്ധാന്തങ്ങളെക്കുറിച്ച് അങ്ങേയറ്റം പോയാൽ നമുക്കു പറയാനാവൂ. അതുകൊണ്ട് സത്യത്തിലേക്ക് ശാസ്ത്രത്തിന്റെ പാത മാത്രമേയുള്ളൂവെന്നും അതുകൊണ്ട് ശാസ്ത്രരീത്യാ തെളിയിക്കപ്പെടാൻ കഴിയാത്ത ഒന്നും ശാസ്ത്രമല്ലെന്നും മറ്റുമുള്ള പഴയ അവകാശവാദങ്ങൾ വിവരമുള്ള ശാസ്ത്രജ്ഞരോ ശാസ്ത്രദാർശനികരോ ഇനി മേൽ ഉന്നയിക്കുകയില്ല. ശാസ്ത്രസാങ്കേതികവിദ്യ മനുഷ്യരാശിയുടെ മഹത്തായ നേട്ടങ്ങളിലൊന്നാണെന്നും അതിന്റെ സഹായം കൂടാതെ ഇന്നത്തെ സാഹചര്യങ്ങളിൽ മനുഷ്യജീവിതം അസാധ്യമാകുമെന്നും

ഇനിയും പറയാവുന്നതാണ്. എന്നാൽ വിജ്ഞാനത്തിന്റെ മേലുള്ള കുത്തകാവകാശവാദങ്ങൾ ശാസ്ത്രം കൈവെടിഞ്ഞേ മതിയാകൂ.

പത്തൊമ്പതാം നൂറ്റാണ്ടിലെ ശാസ്ത്രധാരണയേയും വിജ്ഞാനത്തിന്റെമേൽ അതുന്നയിച്ച കുത്തകാവകാശവാദത്തെയും ആധാരമാക്കിയാണ് മതനിരപേക്ഷതാ പ്രത്യയശാസ്ത്രം പടുത്തുയർത്തിയത്. ആധുനിക ശാസ്ത്രത്തിൽ വേരോട്ടമില്ലാത്ത കാലഹരണപ്പെട്ട ഒരു വിശ്വാസവ്യവസ്ഥയാണ് മതനിരപേക്ഷതാ പ്രത്യയശാസ്ത്രം. എല്ലാ മതങ്ങളുടെയും പാരമ്പര്യങ്ങളുടെയും ചങ്ങലക്കെട്ടുകളിൽനിന്ന് മനുഷ്യരാശിയെ മോചിപ്പിക്കാനുതകുന്നതായ മതനിരപേക്ഷതാ പ്രത്യയശാസ്ത്രം വിമോചിത മാനവരാശിയുടെ വിലപ്പെട്ട നേട്ടമായി ഒരുകാലത്ത് അവകാശപ്പെട്ടിരുന്നു. പ്രായപൂർത്തിയെത്തിയ മാനവരാശിയുടെ 'പോസിറ്റീവ്' (വാസ്തവികവും അനുഭവൈകവേദ്യവും) വിജ്ഞാനമാണ് ശാസ്ത്രം എന്നു കരുതപ്പെട്ടു. മതവും മെറ്റാഫിസിക്സും (അധ്യാത്മജ്ഞാനം, സത്താമീമാംസ മുതലായവ) മറ്റും മനുഷ്യരാശിയുടെ ബാല്യത്തിലെയും കൗമാരത്തിലെയും ചിന്തയാണെന്നു വിധിക്കപ്പെട്ടു. ശാസ്ത്രത്തെക്കുറിച്ചുള്ള ഈ ലാഘവശുഭ ചിന്തയെയാണ് ഇപ്പോൾ ശാസ്ത്രദർശനം തന്നെ തകർത്തുകളഞ്ഞിരിക്കുന്നത്.

യാഥാർഥ്യം എങ്ങനെയാണോ അങ്ങനെ തന്നെ നാമവയെ ഗ്രഹിക്കുന്നു എന്നും നമ്മുടെ ഇന്ദ്രിയങ്ങൾക്ക് ഗോചരമായ ലോകം മാത്രമേ നിലവിലുള്ളൂ എന്നും മറ്റുമുള്ള സെക്കുലർ സമർഥനങ്ങൾക്ക് ആധുനിക ശാസ്ത്രത്തിൽ അടിസ്ഥാനമില്ലെന്നു പറയേണ്ടി വന്നത് ഈ പശ്ചാത്തലത്തിലാണ്. ദൈവാസ്തിത്വത്തെ നിഷേധിക്കാനോ സമർഥിക്കാനോ ശാസ്ത്രത്തിനു കഴിവില്ല. അതു ശാസ്ത്രത്തിന്റെ മേഖലയല്ല. അതുപോലെ തന്നെ മാനവികാസ്തിത്വത്തിന്റെ അർഥവും പ്രാധാന്യവും സംബന്ധിച്ച സർവ പ്രധാന കാര്യങ്ങളും ശാസ്ത്രത്തിന്റെ അന്വേഷണരീതികൾക്കും പ്രവർത്തനമേഖലയ്ക്കും പുറത്താണ്. നാസ്തികവാദത്തെയോ ആസ്തികവാദത്തെയോ ന്യായീകരിക്കാനോ തെളിയിക്കാനോ ആധുനിക ശാസ്ത്രത്തിനാവില്ല,

ദ്രവ്യ(പദാർഥ)മാണോ അവബോധമാണോ ആദ്യം പ്രത്യക്ഷപ്പെട്ടത് എന്ന വാദം ഇപ്പോൾ തികച്ചും നിരർഥകമായിരിക്കുന്നു. പരിണാമത്തെയും പ്രപഞ്ചോൽപ്പത്തിയെയും കുറിച്ചുള്ള സമകാലിക സിദ്ധാന്തങ്ങൾ നാം ഗൗരവപൂർവം കണക്കിലെടുത്താൽ എന്താണ് മനസിലാകുന്നത്. 'ബൃഹദ്സ്ഫോടന'ത്തെ (ബിഗ്ബാങ്) തുടർന്ന് അത്യുഗ്രനിലവാരത്തിലുള്ള ഊർജം മാത്രമാണ് പ്രത്യക്ഷപ്പെട്ടത്. അത് ഖരമായോ ദ്രവമായോ വാതകമായോ പ്ലാസ്മയായോ രൂപാന്തര

പ്പെട്ടിരുന്നില്ല. പരിണാമത്തിലെ 'മാനവകേന്ദ്രീകൃത തത്വം' (ആന്ത്രോപിക് പ്രിൻസിപ്പിൾ) അംഗീകരിക്കുന്നവരെ സംബന്ധിച്ചിടത്തോളം പരിണാമ പ്രക്രിയയുടെ തുടക്കംതൊട്ടേ മാനവോദയത്തിലേക്കുള്ള ബോധപൂർവമായ ചായ്വോടുകൂടിയ നീക്കം ഉണ്ടായിരുന്നതായി മനസിലാക്കാം. ആകസ്മികമായ ചേരുവകളുടെയും പരിവർത്തനങ്ങളുടെയും ഫലമായി അത് സംഭവിക്കുമായിരുന്നില്ല. ആശയവാദവും ഭൗതികവാദവും തമ്മിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ നടന്ന വിവാദം അപ്പാടെ നിരർഥകങ്ങളായ പൂർവപക്ഷങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു എന്നിപ്പോൾ തോന്നുന്നു.

നമ്മുടെ ഇന്ദ്രിയങ്ങൾക്ക് ഗോചരമായ ലോകം മാത്രമേയുള്ളൂ എന്നും അതുകൊണ്ട് അതു മാത്രമേ നാം പരിഗണിക്കേണ്ടതുള്ളൂ എന്നും ഉള്ള അശാസ്ത്രീയവാദം ചില അന്യായമായ ആവശ്യങ്ങൾ ഉന്നയിക്കുന്നതിലേക്കാണ് ചെന്നെത്തുന്നത്. വിദ്യാഭ്യാസം, ചികിത്സ, സർക്കാർ, സംവേദന മാധ്യമങ്ങൾ തുടങ്ങിയവയെല്ലാം മനുഷ്യരുടെ മതവിശ്വാസങ്ങളിൽനിന്ന് വേർതിരിച്ചു നടത്തണമെന്നതാണ് ഈ ആവശ്യങ്ങൾ. ശാസ്ത്രീയാടിത്തറയില്ലാത്ത ഈ ആവശ്യങ്ങൾ തിരസ്കരിച്ചേ മതിയാവൂ. മാർക്സിസ്റ്റുകാർ ഉൾപ്പെടെയുള്ള നമ്മുടെ ബുദ്ധിജീവികൾ പടിഞ്ഞാറുനിന്നും ഇറക്കുമതി ചെയ്ത ഈ കാലഹരണപ്പെട്ട പ്രത്യയശാസ്ത്രത്തിൽ കടിച്ചുതൂങ്ങിക്കിടക്കുന്നതും ഖേദകരം തന്നെ. നമ്മുടെ ഭരണകൂടത്തിന്റെയും സംസ്കാരത്തിന്റെയും അടിത്തറയ്ക്ക് രൂപകൽപ്പന ചെയ്യാൻ നാം നമ്മുടെ സ്വന്തം സർഗശക്തിയും ഭാവനയുമാണ് ഉപയോഗിക്കേണ്ടത്. അവശ്യ സന്ദർഭങ്ങളിൽ പടിഞ്ഞാറുനിന്നും പഠിക്കേണ്ടതു പഠിക്കാം. എന്നാൽ നമ്മുടെ സ്വന്തം സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെ വിഭവങ്ങളെ പൂർണമായി ഉപയോഗപ്പെടുത്തണം.

മാർക്സിസം ഇന്നു നേരിടുന്ന വെല്ലുവിളികൾ

കഴിഞ്ഞ നൂറുവർഷത്തിനിടയിൽ രണ്ടാമത്തെ വൻ പരാജയത്തെയാണ് ഇപ്പോൾ മാർക്സിസം തരണം ചെയ്തുകൊണ്ടിരിക്കുന്നത്. ആദ്യത്തെ പരാജയം കഴിഞ്ഞ നൂറ്റാണ്ട് സമാപിക്കുന്ന സന്ദർഭത്തിലായിരുന്നു. എഡ്വേർഡ് ബേൺസ്റ്റൈനിന്റെയും പിന്നീട് ലിയോൺ ട്രോത്സ്കിയുടെയും നേതൃത്വത്തിൽ രണ്ടാം ഇന്റർനാഷണലിലെ സോഷ്യൽ ഡെമോക്രാറ്റിക് കക്ഷികളാണ് ഈ പരാജയം ഏൽപ്പിച്ചത്. ഈ യൂറോപ്യൻ പരിഷ്കരണവാദികളിൽ നിന്നു കമ്യൂണിസത്തെ രക്ഷിച്ചത് ലെനിനായിരുന്നു. ശിൽപ്പിയും നിർമാതാവുമെന്ന നിലയിൽ ലെനിൻ പടുത്തുയർത്തിയ പുതിയ സോഷ്യലിസ്റ്റ് വ്യവസ്ഥയാണിപ്പോൾ ഈ നൂറ്റാണ്ടിന്റെ സമാപനവേളയിൽ

തകർക്കപ്പെട്ടിരിക്കുന്നത്. ഗോർബച്ചേവിനെപ്പോലുള്ള ലാഘവബുദ്ധികളും വഴിതെറ്റിയവരുമായ സോവിയറ്റ് നേതാക്കളുടെ ഒത്താശയോടെ വികസിത മുതലാളിത്ത രാഷ്ട്രങ്ങളിലെ ഏജൻസികൾ ശ്രദ്ധാപൂർവം ആസൂത്രണം ചെയ്തു നടപ്പിലാക്കിയ അട്ടിമറിയിലൂടെയാണ് ഈ കൃത്യം നിർവഹിച്ചത്.

എന്നാൽ മാർക്സിസത്തിന്റെ അന്ത്യം കുറിക്കുന്നതിന്റെ അടുത്തൊന്നും അവർക്കെത്താനായിട്ടില്ല. ഇതിനകംതന്നെ റഷ്യയിലും പോളണ്ടിലും നവശക്തിയാർജിച്ച് അത് ഉയർന്നു തുടങ്ങിയിരിക്കുന്നു. അവിടങ്ങളിൽ ലക്ഷോപലക്ഷം ജനങ്ങൾ ഇപ്പോഴും ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥയിലാണ് പ്രതീക്ഷകൾ അർപ്പിച്ചിരിക്കുന്നത്. സകലർക്കും തൊഴിലുള്ള ഒരു സമ്പദ്വ്യവസ്ഥ, സാമൂഹ്യ ധനസഹായത്തോടെയുള്ള വിദ്യാഭ്യാസവും സാമൂഹ്യരക്ഷയും ഭവനസംവിധാനവും ഗതാഗതസൗകര്യവും ആരോഗ്യപരിപാലനവും ലഭിക്കുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥയിലാണവർ കണ്ണുനട്ടിരിക്കുന്നത്. ഭൂഗർഭ കൊള്ളസംഘമായ മാഫിയയ്ക്കും സമ്പദ്വ്യവസ്ഥയുടെ ക്രിമിനൽവൽക്കരണത്തിനും എതിരേ നിർണായക നടപടികൾ അവരാവശ്യപ്പെടുന്നു. മുതലാളിത്തത്തിന്റെ തിരിച്ചുവരവിന്റെ ആദ്യഘട്ടത്തിലെ ഉൽസാഹത്തിമർപ്പിൽ പ്രത്യക്ഷപ്പെട്ട സ്വാർഥതയും അത്യാഗ്രഹവും മുറ്റിയ സാമൂഹ്യവിരുദ്ധ വ്യക്തിത്വത്തിനെതിരെ പടിപടിയായുള്ള സോഷ്യലിസ്റ്റ് വ്യക്തിത്വവികസനത്തിനവർ വെമ്പൽ കൊള്ളുന്നു. കമ്യൂണിസ്റ്റ് പാർട്ടികൾ അധികാരത്തിലെത്തിയാലും ഇല്ലെങ്കിലും ഈ പ്രവണത പല രാഷ്ട്രങ്ങളിലും തീർച്ചയായും വളർന്നുവരും. തൽക്കാലം മുതലാളിത്തവുമായി ഏറ്റുമുട്ടുന്ന നടപടിക്കവർ അത്ര പ്രാധാന്യം കൽപ്പിച്ചെന്നുവരില്ല. എന്നാൽ മുതലാളിത്തത്തിന്റെ അപമാനവീകരണ സ്വഭാവത്തിന്റെ അനുഭവം വർധിച്ചുവരുന്നതോടെ ആ സംഘട്ടനവും അനിവാര്യമാകും.

കഴിഞ്ഞ കാലത്തെ തെറ്റുകളിൽനിന്നു കമ്യൂണിസം പാഠങ്ങൾ പഠിക്കും. തൊഴിലാളിവർഗ സർവാധിപത്യമെന്നത് പാർട്ടിയുടെയോ പാർട്ടിയുടെ തലപ്പത്തിരിക്കുന്ന ചിലരുടെയോ സർവാധിപത്യമല്ലെന്നവർ പഠിക്കും. ജനാധിപത്യപരവും പരസ്പര പരിഗണനയോടുകൂടിയതുമായ ബന്ധങ്ങൾ അത് മനുഷ്യൻ സംഘടനയുടെ സത്തയാണെന്നും പരസ്പര വിശ്വാസം നശിച്ചാൽ പിന്നെ ആളുകളെ ഒരുമിച്ചു നിർത്താൻ ഭീതി മാത്രമേ അവശേഷിക്കൂ എന്നും അതു തന്നെ നീണ്ടനാൾ നിലനിൽക്കില്ലെന്നും അവർ മനസിലാക്കും. നേതാക്കൾക്ക് അധികാരം കൈയാളാൻ കഴിയണമെങ്കിൽ സ്വന്തം താൽപര്യങ്ങളെക്കാൾ കൂടുതൽ ജനകീയ താൽപര്യങ്ങൾക്ക് മുൻഗണന

നൽകുകയും ജീവിതശൈലിയിൽ സന്യാസതുല്യമായ ലാളിത്യവും വൈയക്തികവും സാമൂഹ്യവും ആയ അച്ചടക്കവും പുലർത്തണമെന്നും അവർ മനസിലാക്കും. പാർട്ടിയുടെ താൽക്കാലിക താൽപ്പര്യങ്ങൾക്കുതകുന്നവയെല്ലാം ജനതാൽപ്പര്യവുമായി പൊരുത്തപ്പെടുന്നതായിരിക്കണമെന്നില്ല. പാർട്ടിയുടെ ഹ്രസ്വകാല താൽപ്പര്യത്തിന്റെ ബലിപീഠത്തിൽ സത്യസന്ധതയും ആത്മാർഥതയും അത്ര അനായാസമായി ഹോമിച്ചുകൂട. നേതാക്കൾ വിധിക്കുന്നതെല്ലാം അടിമകളെപ്പോലെ ജനങ്ങളും കേഡർമാരും അനുസരിച്ചുകൊള്ളുമെന്നും കരുതിക്കൂട. സത്യസന്ധമായ തീരുമാനങ്ങൾ ഉത്തമബോധ്യത്തോടെ കൈക്കൊള്ളാൻ നേതാക്കൾ തങ്ങളുടെ ഉചിതജ്ഞത പ്രകടിപ്പിക്കണം. ജനങ്ങൾക്കും പൊതുസ്ഥാപനങ്ങളുടെ നടത്തിപ്പിനും വേണ്ടി തീരുമാനങ്ങൾ കൈക്കൊള്ളുന്ന രീതി ജനാധിപത്യപരവും വികേന്ദ്രീകൃതവും ആയിരിക്കണം എന്നിങ്ങനെയുള്ള പാഠങ്ങളാണ് കമ്യൂണിസ്റ്റുകാർ അനുഭവത്തിൽനിന്നും പഠിക്കേണ്ടതും പഠിച്ചുകൊണ്ടിരിക്കുന്നതും.

മാർക്സിസ്റ്റുകാർ അല്ലെങ്കിൽ കമ്യൂണിസ്റ്റുകാർ ആത്മപരിശോധന നടത്തി മുൻകാലത്തെ പരാജയങ്ങളിൽനിന്ന് പാഠങ്ങൾ പഠിക്കാൻ വളരെയേറെ ശ്രമിക്കേണ്ട ഒരു കാലമാണിത്. സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്ക് അകത്തുനിന്നും ജീർണത സംഭവിക്കാത്ത ഒരു വ്യവസ്ഥയ്ക്ക് അവർ രൂപകൽപ്പന ചെയ്യേണ്ടിയിരിക്കുന്നു. മാർക്സിസത്തിന് ഇന്ന് ലെനിന്റെ കഴിവും പദവിയുമുള്ള ഒരാളെ വേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മാർക്സിസത്തിനുവേണ്ടി ലെനിൻ ചെയ്ത കാര്യങ്ങൾ ചെയ്യാൻ കഴിവുള്ള ഒരു സാർവദേശീയ നേതൃസംഘം. ആ നേതൃസംഘം ചെയ്യേണ്ട കാര്യങ്ങൾ: വികസിത അല്ലെങ്കിൽ പിൽക്കാല മുതലാളിത്തത്തിന്റെ സ്വഭാവവിശേഷങ്ങൾ പൂർണമായി കണക്കിലെടുക്കണം. പുത്തൻ കൊളോണിയലിസാനന്തര സാമ്രാജ്യത്വത്തിന്റെ പുതിയ രൂപഭേദങ്ങളും വ്യാപാരബന്ധങ്ങളും വിപണിയുടെ ആഗോളവൽക്കരണവും ലോക വ്യാപാരസംഘടനയുടെ രൂപീകരണവും ഐക്യരാഷ്ട്രസഭ അമേരിക്കയുടെയും കൂട്ടരുടെയും ചൊൽപ്പടിയിലായ അവസ്ഥയും ദേശീയവും സാർവദേശീയവുമായ വ്യവസായ വ്യാപാര കോർപ്പറേഷനുകൾക്ക് കുറെക്കൂടി സാമൂഹ്യ ഉത്തരവാദിത്വബോധം നിർബന്ധിച്ചോ പ്രേരിപ്പിച്ചോ നൽകേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് വിലയിരുത്തി പോംവഴികൾ ആരായണം.

പാക്കേജിംഗ്, പരസ്യം, വിൽപ്പന, അനാവശ്യവും കൃത്രിമവുമായ ആവശ്യങ്ങൾ ഉപഭോക്താക്കളിൽ സൃഷ്ടിക്കുന്ന സമ്പ്രദായം തുടങ്ങി

ഉപഭോക്തൃ പ്രശ്നത്തിന്റെ അനാരോഗ്യവശങ്ങൾ അവർ പരിശോധിക്കണം. ഒരു ആഗോള ധനകാര്യ വ്യവസ്ഥയുടെ കൈവശം ചെന്നു ചേർന്നിരിക്കുന്ന ദുഷ്ടവും അന്യായവും ചൂഷണാത്മകവും മർദ്ദകവും ആയ അധികാരകേന്ദ്രീകരണത്തിന്റെ പ്രശ്നങ്ങൾ; വികസ്വരരാജ്യങ്ങളുടെ മേലുള്ള ദുർവഹമായ കടഭാരം; കമ്പോളശക്തികളുടെ താൽപര്യസംരക്ഷണത്തിനുതകുന്ന സാർവദേശീയ വികസന പ്രത്യയശാസ്ത്രത്തെ വെല്ലുവിളിക്കൽ; വാർത്താവിതരണവും സാങ്കേതികവിജ്ഞാനവും വിൽപ്പനച്ചരക്കുകളായി മാറ്റുന്ന നടപടികൾ; മിക്ക രാഷ്ട്രങ്ങളുടെയും സമ്പദ്വ്യവസ്ഥയുടെമേൽ അട്ടയെപ്പോലെ കടിച്ചുപിടിച്ചു ചോരയൂറ്റുന്ന സൈനികപ്രവണത; ഉഗ്രവാദത്തിന്റെയും ഹിംസയുടെയും വ്യാപകമായ വർധനവ്; മയക്കുമരുന്നു സേവയുടെയും എയ്ഡ്സ് പോലുള്ള മാരകരോഗങ്ങളുടെയും വ്യാപനം; ഇങ്ങനെ പലതും മേൽപ്പറഞ്ഞ ആധുനിക നേതൃക്കൂട്ടായ്മ കണക്കിലെടുത്ത് ഭാവിപരിപാടികൾ ആസൂത്രണം ചെയ്യണം. ആവശ്യമായ ഇടങ്ങളിൽ പ്രാദേശികമായ വ്യത്യാസങ്ങൾക്ക് സൗകര്യം നൽകുന്നവിധം ജനങ്ങളുടെ പിന്തുണയോടെ ഒരു പുതിയ സാമൂഹ്യ രാഷ്ട്രീയ പരിപാടി അവർ ആവിഷ്കരിക്കണം.

ഇപ്പോൾ യാതൊരു പ്രയോജനവും ചെയ്യാത്ത പഴയ ചില വരട്ടുവാദ നിലപാടുകൾ പുനഃപരിശോധനയ്ക്കു വിധേയമാക്കുക എന്നത് ഒരുപക്ഷേ ഇതിനേക്കാളെല്ലാം പ്രാധാന്യമർഹിക്കുന്ന നടപടിയാണ്. ഉദാഹരണത്തിന്: ശാസ്ത്രീയമായ പിൻബലമില്ലാത്ത നിരീശ്വര ഭൗതികവാദ ദാർശനികാടിത്തറ ആഴത്തിൽ പഠിച്ചു മനസിലാക്കാൻ ശ്രമിക്കാതെ എല്ലാവിധ മത സാംസ്കാരിക പൈതൃകങ്ങളോടും കൈക്കൊണ്ടുവരുന്ന അന്ധമായ എതിർപ്പ്; ആദിവാസികളും ഗോത്രവർഗക്കാരുമുൾപ്പെടെയുള്ള ലോകജനതയുടെ സമ്പന്നമായ പൈതൃകത്തെ അവഗണിച്ചുകൊണ്ട് പടിഞ്ഞാറൻ മതനിരപേക്ഷ പ്രത്യയശാസ്ത്രം പോലുള്ളവയോടുള്ള മമത-എന്നിങ്ങനെ വീണ്ടുവിചാരത്തിന് വിധേയമാക്കേണ്ട കാര്യങ്ങൾ പലതുണ്ട്. വംശീയ സംഘട്ടനം, ജാതി രാഷ്ട്രീയം, ഉഗ്രവാദത്തിന്റെ വളർച്ച, സൈനിക രാഷ്ട്രീയത്തിന്റെ നിരന്തരമായ മുന്നേറ്റം, നിഷ്കണ്ടകമായ ഹിംസ എന്ന വ്യാപക പ്രതിഭാസം തുടങ്ങി സകലമാന പ്രശ്നങ്ങളെയും വർഗസമരസിദ്ധാന്തംകൊണ്ടു മാത്രം വിലയിരുത്തുന്ന ശീലം പുനഃപരിശോധിക്കേണ്ടത് ഒട്ടും കുറയാത്ത പ്രാധാന്യമർഹിക്കുന്നു.

മാർക്സിസ്റ്റുകാരേയും മറ്റും പോലെ നീതി, സമാധാനം, ആരോഗ്യകരമായ ജീവിത പരിസ്ഥിതി, ഒരു പ്രാപഞ്ചിക സാമൂഹ്യ ജീവി എന്ന നിലയിലുള്ള മനുഷ്യവംശ പുരോഗതി മുതലായവയോട്

പ്രതിബദ്ധതയുള്ളയാളെന്ന നിലയിൽ ഞാൻ നിർദേശിക്കുകയാണ്- സമാന പ്രതിബദ്ധതയുള്ളവരുമായി സോഷ്യലിസ്റ്റുകാരും കമ്യൂണിസ്റ്റുകാരും സംവാദങ്ങളിലേർപ്പെടേണ്ടിയിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസ ചികിത്സാ വ്യവസ്ഥകൾ അഴിച്ചുപണിയുന്ന കാര്യത്തെപ്പറ്റി, നമ്മുടെ രാഷ്ട്രീയ സ്ഥാപനങ്ങൾ നവീകരിക്കുന്നതിനെപ്പറ്റി, നമ്മുടെ സംവേദന മാധ്യമങ്ങളുടെ മേൽ ജനകീയ നിയന്ത്രണം ഏർപ്പെടുത്തുന്നതിനെപ്പറ്റി; എല്ലാം ഒരു പുതിയ മാനവികതയുടെ വികാസത്തിനുവേണ്ടി കൂടുതൽ സ്വതന്ത്രവും കൂടുതൽ സഹകരണാത്മകവുമായി ഏകീകൃതവും അർഥവത്തുമായ സാക്ഷാൽക്കാരം നേടാൻ കൂടുതൽ സമർഥവും ഇന്നത്തെക്കാൾ കുറഞ്ഞ അമാനവികതയോടു കൂടിയതുമായ ഒരു വ്യവസ്ഥയ്ക്കുവേണ്ടി വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി.

മതം സമൂഹത്തിലും സംസ്കാരത്തിലും

ഒന്നാം നൂറ്റാണ്ടിലെ മതനിരപേക്ഷതാവാദവും യൂറോപ്യൻ പ്രബുദ്ധയുഗവും മതവിശ്വാസങ്ങളുടെയൊന്നും സഹായമില്ലാതെ മനുഷ്യന്റെ ശുദ്ധമായ യുക്തിബോധത്തിന്റെ പ്രവർത്തനത്തിലൂടെ യാഥാർഥ്യത്തെ മനസിലാക്കാൻ കഴിയുമെന്ന് നിശ്ചയിച്ചതോടെ 'മതം' എന്ന പദത്തിന് ഒരു പുതിയ അർഥം കൈവന്നു. ഒരു കാലത്ത് മതത്തിൽ അധിഷ്ഠിതമായ ഒരു ലോകവീക്ഷണമാണ് ക്രിസ്ത്യാനികൾക്കും യഹൂദർക്കും തങ്ങളുടെ ജീവിതവും ചിന്തയും ഉൾപ്പെടെ എല്ലാ അനുഭവങ്ങളെയും ഏകീകരിച്ച് രൂപപ്പെടുത്താൻ ഒരു ചട്ടക്കൂട് നൽകിയത്. എന്നാൽ യൂറോപ്യൻ പ്രബുദ്ധതയാകട്ടെ പകരം മറ്റൊരു ചട്ടക്കൂടു നൽകി-മാനവയുക്തി. അങ്ങനെ പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ ശാസ്ത്രമോ യുക്തിയോ കൊണ്ടു തെളിയിക്കാൻ കഴിയാത്ത വിശ്വാസങ്ങളുടെ പിൻബലം മാത്രമുള്ള മതം ജീവിതത്തിന്റെ അത്ര അത്യാവശ്യമല്ലാത്ത അറകളിലേക്കു തള്ളപ്പെട്ടു.

ഞങ്ങളേപ്പോലുള്ള ചിലർക്കാകട്ടെ മതം ജീവിതത്തിന്റെ ഏതെങ്കിലും ഒരറയിൽ ഒതുങ്ങുന്ന കാര്യമല്ല. ഞങ്ങൾക്കത് ഇപ്പോഴും എല്ലാ അനുഭവങ്ങളെയും അറിവിനെയും ഏകീകരിക്കാനുതകുന്ന ഒരു ചട്ടക്കൂടുതന്നെയാണ്. ആ ചട്ടക്കൂട് നൽകുന്ന അന്തർഘടനയ്ക്കു കീഴിലാണ് ഞങ്ങൾ അറിവും അനുഭവവും ഏകീകരിച്ച് ക്രമപ്പെടുത്താൻ യത്നിക്കുന്നത്. ഞങ്ങളുടെ യത്നം എപ്പോഴും വിജയിക്കാറില്ല. പരിഹൃതമല്ലാത്ത പല വൈരുധ്യങ്ങളും അവശേഷിക്കുന്നു. എന്നിട്ടും യാഥാർഥ്യത്തെക്കുറിച്ചുള്ള മതാധിഷ്ഠിത വീക്ഷണം മുറുകെ പിടിച്ചുകൊണ്ട് മുന്നോട്ടു പോവുകയാണ്. പരസ്പരം പൊരുത്തപ്പെടാത്ത പല മതാധിഷ്ഠിത ലോകവീക്ഷണങ്ങളും നിലവിലുണ്ട്

എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. സാർവലൗകികമായ പൊതുശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രജ്ഞർക്ക് നേടാൻ കഴിഞ്ഞ നിലവാരത്തിലുള്ള വീക്ഷണൈക്യം നേടാൻ ഞങ്ങൾക്കു കഴിയുന്നില്ല.

എന്നാൽ ഇ എം എസ് നിർദേശിക്കുന്നതായി തോന്നുന്നതു പോലെ ഞങ്ങളുടേത് 'വിടവുകളുടെ ദൈവമല്ല'. ഞങ്ങളുടെ അറിവിലെ വിടവുകൾ അടയ്ക്കാൻ ദൈവത്തെ ഉപയോഗപ്പെടുത്താറില്ല. ശാസ്ത്രജ്ഞൻ പഠനവിഷയമാക്കുന്ന യാഥാർഥ്യത്തിന്റെ സ്രഷ്ടാവും ദൈവം തന്നെയാണ് എന്ന സങ്കൽപ്പത്തെ അടിസ്ഥാനമാക്കിയാണ് ഞങ്ങളുടെ ശാസ്ത്രജ്ഞാനം. അതുപോലെ ശാസ്ത്ര ഗവേഷണം നടത്താനും ശാസ്ത്രജ്ഞാനം നേടാനുമുള്ള കഴിവ് ദൈവാനുഗ്രഹം തന്നെ. ശാസ്ത്രം ദൈവത്തിനു പുറത്തല്ല. അതുപോലെ ദൈവം ശാസ്ത്രവിജ്ഞാനമേഖലയെന്ന് അറിയപ്പെടുന്നതിനു പുറത്തല്ലതാനും. ശാസ്ത്രത്തിന് പരിമിതികൾ ഉണ്ടെന്നും ശാസ്ത്രത്തിന് കൈകാര്യം ചെയ്യാൻ കഴിവില്ലാത്ത ചില കാര്യങ്ങളുണ്ടെന്നും ഞങ്ങൾ വിശ്വസിക്കുന്നു. മിക്ക ധാർമ്മിക പ്രശ്നങ്ങൾക്കുമുള്ള മറുപടി, മനുഷ്യജീവിതത്തിന്റെ അർഥവും പ്രാധാന്യവും മനുഷ്യാസ്തിത്വത്തിന്റെ ലക്ഷ്യം എന്നിങ്ങനെ പോകുന്നു ശാസ്ത്രത്തിന് കൈകാര്യം ചെയ്യാൻ കഴിവില്ലാത്ത കാര്യങ്ങളുടെ പട്ടിക. ശാസ്ത്രം പലപ്പോഴും അതിനറിയാൻ പ്രാപ്തിയില്ലാത്ത കാര്യങ്ങൾ അറിയുമെന്ന് നടിക്കുന്നതായി എനിക്കു തോന്നുന്നു. ഉദാഹരണത്തിന് പ്രപഞ്ചത്തിന്റെ ഉൽപ്പത്തിയും ഉറവിടവും. പ്രപഞ്ചത്തെ ഉദ്ഗ്രഥിച്ചു നിർത്തുന്ന ഘടകം, പ്രപഞ്ചത്തിന്റെയും മാനവരാശിയുടെയും ആത്യന്തികവിധി എന്നിങ്ങനെയുള്ള കാര്യങ്ങൾ. ഇവയെക്കുറിച്ചെല്ലാം വളരെയേറെ പുസ്തകങ്ങൾ വരുന്നുണ്ട് എന്നത് നേര്. അവയിൽ ചിലവ ഉത്തമരായ ശാസ്ത്രജ്ഞർ എഴുതിയതാണുതാനും. ശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ പ്രശ്നങ്ങൾക്കവർ ഉത്തരം എഴുതുന്നത് എന്നാണ് നാട്യം. പക്ഷേ അവയിൽ പലതിലും സത്യത്തെക്കാൾ കൂടുതലുള്ളത് തട്ടിപ്പാണ്.

എന്റെ വ്യക്തിപരമായ വിശ്വാസം അനുഭവത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. എന്റെ സ്വന്തം അനുഭവവും എന്റെ വിശ്വാസസമൂഹത്തിന്റെ അനുഭവവും. ചില കാര്യങ്ങളറിയാനായി ഞാൻ സയൻസിനെ സമീപിക്കുകയും സയൻസിനു പറയാൻ കഴിയാത്ത കാര്യങ്ങൾ അറിയാൻ ഞാൻ മതത്തെ സമീപിക്കുകയുമല്ല ചെയ്യുന്നത്. സയൻസ് പറയുന്ന കാര്യങ്ങൾ ഞാൻ കേൾക്കുന്നതുതന്നെ ദൈവത്തിൽ വിശ്വസിക്കുന്ന ഒരാളെന്ന നിലയിലാണ്. ദൈവത്തെ

വിശ്വസിക്കുന്ന രീതിയിലല്ല ഞാൻ സയൻസിനെ വിശ്വസിക്കുന്നത്. ശാസ്ത്രം പറയുന്ന കാര്യങ്ങൾ തെറ്റും വഴിതെറ്റിക്കുന്നതുമാകാൻ ഇടയുണ്ട് എന്നറിയാൻ മാത്രം ശാസ്ത്രചരിത്രം ഞാൻ പഠിച്ചിട്ടുണ്ട്. എനിക്കേറ്റവും ബോധ്യമുള്ള കാര്യങ്ങൾ ശാസ്ത്രത്തിൽ നിന്നല്ല ലഭിച്ചത്-എല്ലാ മനുഷ്യരോടും സ്നേഹവും കാരുണ്യവും, നീതിയോടൊപ്പം സമാധാനത്തിനുവേണ്ടിയുള്ള തീവ്രാഭിലാഷം, എല്ലാ മനുഷ്യർക്കും സ്വാതന്ത്ര്യത്തോടെയും അന്തസ്സോടെയും ജീവിക്കാൻ കഴിയുന്ന ലോകത്തിൽ അനേകർ വിശപ്പിലും ദാഹത്തിലും കഴിയുന്നതിനെ അനീതി ഇങ്ങനെ പോകുന്നു അത്തരം ഉത്തമ ബോധ്യങ്ങൾ. അവയെല്ലാം എന്റെ മതവിശ്വാസത്തിൽനിന്നും ദൈവവിശ്വാസത്തിൽനിന്നും ലഭിച്ചതാണ്.

ഇപ്പോൾ നിലവിലുള്ള മതനിരപേക്ഷ സംസ്കാരത്തെ കഴിച്ചാൽ ലോകചരിത്രത്തിലെ നാഗരികതകൾക്കെല്ലാം പ്രചോദനമായതും അവയെ നിലനിൽത്തിയതും മതമാണ്. ഇന്ത്യയിൽ ചാർവാക ദർശനം സ്വന്തമായ ഒരു സംസ്കാരത്തിന് ജന്മം നൽകുകയോ നിലനിർത്തുകയോ ചെയ്തില്ല. സെക്കുലർ പാത വിനാശകരവും അപമാനവീകരണത്തിന് വഴിവെക്കുന്നതുമാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. അതിൽനിന്നു പിൻവാങ്ങുകയും മറ്റു വഴികൾ തേടുകയുമല്ലാതെ ഗത്യന്തരമില്ല.

മാർക്സിസ്റ്റ് ഫണ്ടമെന്റലിസം എന്ന എന്റെ പരാമർശം ഇ എം എസിൽ വളരെ നിഷേധാത്മകമായ പ്രതികരണങ്ങൾ സൃഷ്ടിച്ചതായി ഞാൻ കാണുന്നു. അങ്ങനെയൊന്നുണ്ട് എന്നതേ അദ്ദേഹം അപ്പാടെ നിഷേധിക്കുന്നു. ഞാനും ഒന്നു വ്യക്തമാക്കിക്കൊള്ളട്ടെ. മതം ബഹുജനങ്ങൾക്കു കറുപ്പായി (അവീൻ) അനുഭവപ്പെടുന്നു എന്നു മതത്തെക്കുറിച്ചുള്ള മാർക്സിന്റെയും എംഗൽസിന്റെയും അഭിപ്രായത്തെക്കുറിച്ചു പരാമർശിച്ചപ്പോൾ അവർ പറഞ്ഞത് അതു മാത്രമാണ് എന്നു ഞാൻ വാദിച്ചിരുന്നില്ല. മാർക്സ് തന്നെ ഒരു ലൂഥറൻ പുരോഹിതന്റെ പുത്രനായിരുന്നു. ഒരു ബാലനായിരുന്നപ്പോൾ അദ്ദേഹത്തിന് ഒരു ലൂഥറൻ പള്ളിയിൽ മാമൂദിസ ചടങ്ങും നടത്തിയിരുന്നു.അദ്ദേഹത്തിന് യഹൂദമതത്തെയും ലൂഥറൻ വിശ്വാസത്തെയും കുറിച്ച് നേരിട്ടറിവുണ്ടായിരുന്നു. എംഗൽസ് വളരെ മിഴിവും പകയും ഉള്ള ഒരു ചിന്തകനായിരുന്നു. അദ്ദേഹം മതമെന്ന പ്രതിഭാസത്തെ അത്ര ലളിതമായി കണ്ടിരുന്നില്ല. എന്നാൽ അവരിരുവരും പത്തൊമ്പതാം നൂറ്റാണ്ടിലെ ലിബറൽ (ഉൽപ്പതിഷ്ണു) വീക്ഷണം കൈക്കൊണ്ടിരുന്നു- മതം പുരോഗതിക്ക് പ്രതിബന്ധം സൃഷ്ടിക്കുന്ന ഒരു പിന്തിരിപ്പൻ ശക്തിയാണെന്ന്. നെഹ്രുവും അതേ അഭിപ്രായ

ക്കാരനായിരുന്നു.

മാർക്സിസ്റ്റുകാർ മതത്തെക്കുറിച്ച് ഒരു ശാസ്ത്രീയ വീക്ഷണമാണ് കൈക്കൊള്ളുന്നതെന്നും മാർക്സും എംഗൽസും അതേക്കുറിച്ചു പറഞ്ഞതെല്ലാം അന്ധമായി അനുസരിക്കുകയല്ല ചെയ്തത് എന്നും ഇ എം എസ് പറഞ്ഞത് തികച്ചും ശരി. കുറെയേറെ മാർക്സിസ്റ്റുകാർ കൂടി ഈ നിലപാട് കൈക്കൊണ്ടിരുന്നെങ്കിൽ നന്നായിരുന്നു എന്നു ഞാനാശിച്ചുപോകുന്നു.

യൂറോപ്യൻ മതത്തെക്കുറിച്ചുള്ള പരിമിതമായ അറിവിനെ ആസ്പദമാക്കി പത്തൊമ്പതാം നൂറ്റാണ്ടിലെ മതത്തെപ്പറ്റി മാർക്സും എംഗൽസും പറഞ്ഞുവച്ചതിനെ മാത്രം ആശ്രയിക്കാതെ മതമെന്ന ആഗോള പ്രതിഭാസത്തെ അതിന്റെ ഇന്നത്തെ അവസ്ഥയിൽ പാലിക്കേണ്ട കടമ ഒരു ശാസ്ത്രീയ പ്രത്യയശാസ്ത്രമായ മാർക്സിസത്തിനുണ്ട് എന്നു ഞാൻ നിർദേശിക്കുകയുണ്ടായി. ഇ എം എസും ഗോവിന്ദപ്പിള്ളയും ഇക്കാര്യത്തിൽ സാമാന്യമായി എന്നോടു യോജിക്കും എന്നെനിക്കുറപ്പുണ്ട്.

ഭൗതികവാദം, നിരീശ്വരവാദം തുടങ്ങി അശാസ്ത്രീയവും കാലഹരണപ്പെട്ടതുമായ വരട്ടുതത്വങ്ങൾ മുറുകെപ്പിടിക്കുന്നതുവഴി പല മാർക്സിസ്റ്റു നിലപാടുകളും ഫണ്ടമെന്റലിസ്റ്റുകളുടേതുപോലെതന്നെ കാണപ്പെടുന്നു എന്ന് എന്നെപ്പോലുള്ള ഒരു ബാഹ്യവ്യക്തിക്ക് തോന്നിപ്പോകുന്നു. ഇവ വരട്ടുതത്വങ്ങളാണെന്നും കാലഹരണപ്പെട്ടതും അശാസ്ത്രീയവും ആണെന്ന ആരോപണം അവർ നിഷേധിച്ചേക്കാം. ദാർശനിക ലോകത്തെക്കുറിച്ച് പരിമിതമായ അറിവുമാത്രമുള്ള എന്നെപ്പോലുള്ളവർക്കു തോന്നുന്നത് ഭൗതികവാദവും നിരീശ്വരവാദവും വ്യക്തമായും അശാസ്ത്രീയമാണന്നത്രെ. അവയുടെ വിപരീതങ്ങളും അങ്ങനെതന്നെ. സത്യസന്ധരായ മാർക്സിസ്റ്റുകാർക്ക് വൈരുധ്യാത്മക ഭൗതികവാദം പോലുള്ള ഒരു നിലപാടിനെപ്പോലും ചോദ്യം ചെയ്യാനനുവാദം വേണമെന്ന് നിർദേശിക്കുക മാത്രമാണ് ഞാൻ ചെയ്തത്.

ഇതെല്ലാം ഒരു ലേഖനപരമ്പരയിലെന്നതിനെക്കാൾ കൂടുതൽ വ്യക്തമാക്കാൻ കഴിയുക മുഖാമുഖമായിട്ടുള്ള സംവാദത്തിലായിരിക്കും.

മതനിരപേക്ഷത പോലുള്ള ഒരു സങ്കുചിത പ്രത്യയശാസ്ത്രത്തെക്കാൾ ഞാനനുകൂലിക്കുക "കോസ്മോ പൊളിറ്റൻ ഡെമോക്രാറ്റിക് പ്ലൂറലിസ"ത്തെയാണെന്ന എന്റെ നിലപാടിൽ മാറ്റമില്ല, അപ്രകാരമുള്ള ഒരു പ്ലൂറൽ (ബഹുത്വ) വ്യവസ്ഥയിൽ മാനവവംശത്തിന്റെ മത പൈതൃകത്തിന് വലിയൊരു പങ്കു വഹിക്കാനുണ്ട്.

മത നേതാക്കളായതുകൊണ്ടുമാത്രം രാഷ്ട്രീയത്തിൽ പങ്കെടുക്കാനവകാശമുണ്ട് എന്ന മട്ടിൽ അവർ രാഷ്ട്രീയത്തിൽ ഇടപെടുന്നതിനെ എതിർക്കണമെന്ന വാദത്തോട് എനിക്കു യോജിപ്പാണ്. എന്നാൽ പക്വതയും തുറന്ന മനോഭാവവുമുള്ള മതവിശ്വാസികൾക്ക് രാഷ്ട്രീയത്തിൽ വലിയ ഒരു പങ്കു നൽകുന്നത് ഇന്നത്തെ രാഷ്ട്രീയ രംഗത്തെ അപചയങ്ങൾ പലതിനും പരിഹാരം കാണാൻ സഹായിച്ചേക്കുമെന്ന് എനിക്കു തോന്നുന്നു. രാഷ്ട്രീയത്തെ ഇന്നത്തെ ജീർണതയിൽനിന്നും അഴിമതിയിൽനിന്നും രക്ഷിക്കാനും സെക്കുലറിസത്തെ ലക്ഷ്യമാക്കിയുള്ള വഴിതെറ്റിയ പോക്കു തടയാനും രാഷ്ട്രീയ സാമ്പത്തിക തലത്തിൽനിന്ന് നമ്മുടെ മഹത്തായ മത സാംസ്കാരിക പൈതൃകത്തിന്റെ മൂല്യങ്ങളെ ഒഴിച്ചുനിർത്താനുമുള്ള ശ്രമങ്ങളെ തടയാനും മറ്റും അത് ഉപകരിച്ചേക്കും.

കുറെക്കൂടി മനുഷ്യപ്പറ്റുള്ള പുതിയ രാഷ്ട്രീയ സ്ഥാപനങ്ങൾ നമുക്കാവശ്യമായിരിക്കുന്നു. ചരക്കുകളുടെ ഉൽപ്പാദന വിതരണങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കാതെ മനുഷ്യബന്ധങ്ങളെയും മനോഭാവങ്ങളെയും സ്പർശിക്കുന്ന തികച്ചും നവീനമായ ഒരു ധാരണ സാമ്പത്തിക ശാസ്ത്രത്തെക്കുറിച്ച് നമുക്കുണ്ടാവേണ്ടിയിരിക്കുന്നു. യാഥാർഥ്യവുമായി കൂടുതൽ ക്രിയാത്മകമായി പ്രതികരിക്കാനുതകുന്ന ഒരു പുതിയ വിദ്യാഭ്യാസ വ്യവസ്ഥയും വിഷാംശങ്ങൾ കുറഞ്ഞതും ജനങ്ങൾക്കു താങ്ങാനാവുന്നതുമായ ഒരു ചികിത്സാ സമ്പ്രദായവും നമുക്കാവശ്യമായിരിക്കുന്നു. ഇന്നത്തെപ്പോലെ ജനങ്ങളെ വഞ്ചിക്കുന്നതും അമാനവീകരിക്കുന്നതുമായ വാർത്താ വിതരണ മാധ്യമ വ്യവസ്ഥയിൽനിന്നുള്ള മോചനവും ആവശ്യമായിരിക്കുന്നു. ഈ രംഗങ്ങളിലാണ് നമ്മുടെ മതപൈതൃകത്തിന് പുതിയ ഉൾക്കാഴ്ചകൾ നൽകാനും മനുഷ്യജീവിതത്തിനും ത്വരയ്ക്കും പുതിയ കാഴ്ചപ്പാടു നൽകാനും കഴിയുക.

ഈ സംവാദം ഗൗരവബോധത്തോടെ ആരംഭിച്ചു എന്നതിൽ ഞാൻ സന്തുഷ്ടനാണ്. വിദ്വേഷമോ ശത്രുതയോ കൂടാതെ മാനവരാശിയുടെ നന്മയ്ക്കായി നമുക്കിതു തുടരാം. ●

അധ്യായം 29

മതം യുക്തിവാദം മാർക്സിസം

ഇ എം എസ് നമ്പൂതിരിപ്പാട്

എ കെ ജി പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ "മതനിരപേക്ഷ കേരളത്തിലേക്ക്" എന്ന ഒരു സെമിനാർ കോഴിക്കോട്ടുവച്ച് നടക്കുകയുണ്ടായല്ലോ. അതിൽ ഡോക്ടർ പൗലോസ് മാർ ഗ്രിഗോറിയോസ് നടത്തിയ ഉദ്ഘാടനപ്രസംഗം *ചിന്ത*യുടെ പംക്തികളിൽ ചർച്ചാ വിഷയമാവുകയുണ്ടായി. ചർച്ചയ്ക്കു മറുപടി പറഞ്ഞുകൊണ്ട് മാർ ഗ്രിഗോറിയോസ് ഒരു ലേഖനമെഴുതിയത് *ചിന്ത*യുടെ രണ്ടു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചിരുന്നു. ഈ അവസാന ലേഖനത്തിനുള്ള എന്റെ പ്രതികരണമാണ് ഇവിടെ കൊടുക്കുന്നത്.

മാർ ഗ്രിഗോറിയോസിന്റെ ആദ്യലേഖനവും അവസാന ലേഖനവും തമ്മിൽ പ്രകടമായ വ്യത്യാസമുണ്ട്. ആദ്യത്തേതിൽ ഇങ്ങനെ പറഞ്ഞിരുന്നു. "മതവിരോധത്തിന് അതായത് സെക്കുലറിസത്തിന് ഒരു മതത്തിന്റെ എല്ലാ ലക്ഷണങ്ങളുമുണ്ട്." ഈ നിരീക്ഷണം അവസാന ലേഖനത്തിലില്ലെന്നു മാത്രമല്ല, ഇന്ത്യൻ മതനിരപേക്ഷതയെ കൂടുതൽ സമതുലിതമായി നിർവചിച്ചിട്ടുണ്ട്. അതിലദ്ദേഹം പറയുന്നു, "മതനിരപേക്ഷതയുടെ ഇന്ത്യൻ രൂപത്തിന്റെ മുഖ്യ തത്വങ്ങൾ ഇവയാണ്.

മാർ ഗ്രിഗോറിയോസിന്റെ മറുപടി പ്രബന്ധത്തിന് ഇ എം എസ് നൽകിയ മറുപടി

1. മതവും രാഷ്ട്രീയവും തമ്മിലുള്ള പൂർണവിഭജനം.

2. എല്ലാ മതങ്ങളോടും ഒരേപോലെ പെരുമാറണം. ഗവൺമെന്റ് ഇവയിൽനിന്നെല്ലാം സമദൂരത്തിൽ വർത്തിക്കും.

3. ഭരണകൂടത്തിൽനിന്നോ ഭരണകൂടത്തിന്റെ പിന്തുണയുള്ള സ്ഥാപനങ്ങളിൽനിന്നോ ഒരു മതത്തിനും സവിശേഷ പരിഗണന ലഭിക്കുന്നതല്ല.

4. സ്വയം തെരഞ്ഞെടുക്കുന്ന ഏതു മതത്തിൽ ചേർന്നു പ്രവർത്തിക്കാനും ഒന്നിലും ചേരാതെ കഴിയാനും എല്ലാ ഭാരതീയർക്കും സ്വാതന്ത്ര്യമുണ്ടായിരിക്കും.

5. മതം തികച്ചും സ്വകാര്യമായ ഏർപ്പാടായിരിക്കണം. വിദ്യാഭ്യാസം, വൈദ്യസേവനം, രാഷ്ട്രീയ സ്ഥാപനങ്ങൾ, മാധ്യമപ്രവർത്തനം എന്നിവ ഉൾപ്പെടെ പൊതുജീവിതത്തിൽ അതിനൊരു സ്ഥാനവും ഉണ്ടായിരിക്കരുത്.''

ഈ തത്വങ്ങൾ പ്രയോഗത്തിൽ വരുത്തിക്കൊണ്ടാണ് ഇന്ത്യൻ ഭരണഘടന രൂപീകരിച്ചിട്ടുള്ളത്. മന്ത്രിമാർ, എം പി മാർ, എം എൽ എ മാർ മുതലായവർ സ്ഥാനമേറ്റെടുക്കുമ്പോൾ ചൊല്ലേണ്ട പ്രതിജ്ഞാവാചക ത്തിനു ഭരണഘടന രൂപം നൽകിയിട്ടുണ്ട്. എല്ലാ മതവിശ്വാസികൾക്കും ''ദൈവത്തിന്റെ പേരിലും'' മതവിശ്വാസികളല്ലാത്തവർക്കു ദൈവത്തിന്റെ പേരിലല്ലാതെയും പ്രതിജ്ഞ എടുക്കാനുള്ള വാചകങ്ങൾ എഴുതിച്ചേർത്തിട്ടുണ്ട്. എല്ലാ മതങ്ങൾക്കുമെന്നപോലെ മതരഹിതത്വത്തിനും തുല്യമായ പദവിയാണ് ഭരണഘടന നൽകിയിട്ടുള്ളതെന്നർഥം. ഇതാണ് യഥാർഥ മത നിരപേക്ഷത.

എന്നാൽ ഇന്ത്യൻ മതനിരപേക്ഷതയെക്കുറിച്ച് മാർ ഗ്രിഗോറിയോസിനുള്ള ധാരണ വികലമാണ്. ഉദാഹരണത്തിന് അദ്ദേഹം ഇങ്ങനെ പറയുന്നു: ''വൈരുധ്യാത്മക ഭൗതികവാദമാണ് മാർക്സിസത്തിന്റെയും സെക്കുലറിസത്തിന്റെയും രൂപം.'' ഇതു സത്യമല്ല. സെക്കുലറിസം അംഗീകരിക്കുന്നവരിൽത്തന്നെ വൈരുധ്യാത്മക ഭൗതികവാദം അംഗീകരിക്കാത്തവരുണ്ട്. അവരിലൊരാളായിരുന്നു ഇന്ത്യയുടെ പ്രഥമപ്രധാനമന്ത്രിയായ പണ്ഡിറ്റ് ജവാഹർലാൽ നെഹ്രു. അദ്ദേഹം വൈരുധ്യാത്മക ഭൗതികവാദത്തിനെതിരായിരുന്നു. അദ്ദേഹത്തെപ്പോലെതന്നെ മതനിരപേക്ഷതയംഗീകരിക്കുന്നവരും വൈരുധ്യാത്മക ഭൗതികവാദം അംഗീകരിക്കാത്തവരും ലക്ഷക്കണക്കിനുണ്ട്. നേരേമറിച്ച് വൈരുധ്യാത്മക ഭൗതികവാദത്തിൽ വിശ്വസിക്കുന്ന മതനിരപേക്ഷകരുമുണ്ട്. രണ്ടു കൂട്ടരേയും തമ്മിൽ കൂട്ടിക്കുഴയ്ക്കുകയാണ് ലേഖകൻ ചെയ്തിട്ടുള്ളത്.

വൈരുധ്യാത്മക ഭൗതികവാദത്തിന്റെ അടിസ്ഥാനമാണ് വർഗ

സമര സിദ്ധാന്തവും ചൂഷകവർഗങ്ങളോടു കൂറുള്ള സമീപനവും. അത് പണ്ഡിറ്റ് നെഹ്രുവിനോ അദ്ദേഹത്തെപ്പോലെ ചിന്തിച്ചിരുന്ന ലക്ഷക്കണക്കിനാളുകൾക്കോ ഉണ്ടായിരുന്നില്ല. "മാർക്സിസ്റ്റു കാർ"ക്കു മാത്രമാണ് അതുള്ളത്.

ഈ രണ്ടു വിഭാഗങ്ങളിലുംപെട്ട മതനിരപേക്ഷകർ തമ്മിലുള്ള പ്രധാന വ്യത്യാസം ഇതാണ്. മാർക്സിസ്റ്റുകാരല്ലാത്ത മതനിരപേക്ഷ കർക്ക് മതമെന്നത് ഒരന്ധവിശ്വാസം മാത്രമാണ്, അത് എന്തുകൊണ്ടുണ്ടായി എന്നും ഉണ്ടായതിൽപ്പിന്നീട് അതിനെ ചൂഷകവർഗം എങ്ങനെ ഉപയോഗിച്ചുവെന്നും അവർക്കറിയുകയില്ല. അറിയാനുള്ള ശ്രമവും അവർ നടത്തുന്നില്ല.

മാർക്സിസ്റ്റുകാരാകട്ടെ, മതത്തിന്റെ ഉദ്ഭവം, വളർച്ച, ഭാവിയിൽ ഉണ്ടാകാൻ പോകുന്ന അന്തർധാനം എന്നിവയെ ചരിത്രശാസ്ത്രത്തിന്റെ സഹായത്തോടെ അപഗ്രഥിക്കുന്നു. അതുകൊണ്ട് മതവിശ്വാസികളുടെ വികാരവിചാരങ്ങൾ പൂർണമായി മാനിച്ചുകൊണ്ടുതന്നെ മതത്തെ വിമർശിക്കാനും മതമില്ലാതെ ജീവിക്കാൻ ജനങ്ങളെ പഠിപ്പിക്കാനും അവർക്കു കഴിയുന്നു. പരലോകത്തു കിട്ടാൻ പോകുന്ന സ്വർഗത്തെക്കുറിച്ച് സ്വപ്നം കാണുന്നതിനു പകരം ഇഹലോകത്ത് സ്വർഗം പണിയാനുള്ള സംഘടിതപ്രവർത്തനം നടത്താൻ മാർക്സിസം ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നു.

അപ്പോൾ വൈരുധ്യാത്മക ഭൗതികവാദമംഗീകരിക്കാത്ത മതനിരപേക്ഷകർക്ക് മതവിശ്വാസികളോടും അവരുടെ നേതാക്കളോടും സഹകരിക്കാൻ കഴിയുകയില്ല. മാർക്സിസ്റ്റുകാർക്കാകട്ടെ, മതത്തിനെതിരെ ആശയസമരം നടത്തിക്കൊണ്ടുതന്നെ മതവിശ്വാസികളുമായി സഹകരിക്കാൻ കഴിയുന്നു. എംഗൽസ് ചൂണ്ടിക്കാണിച്ചതുപോലെ, "ആദ്യകാല ക്രിസ്തുമതത്തിന്റെ തത്വങ്ങളും ആധുനിക തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റേതും തമ്മിൽ ധാരാളം പൊരുത്തങ്ങളുണ്ട്."

ഇതുതന്നെ മറ്റൊരു രൂപത്തിൽ പറയാം. മതത്തെ ഉന്മൂലനം ചെയ്യലാണ് വൈരുധ്യാത്മകവാദം സ്വീകരിക്കാത്ത മതനിരപേക്ഷകരുടെ ലക്ഷ്യം. അവർക്കു മതവുമായി യാതൊരു വിട്ടുവീഴ്ചയുമില്ല. വൈരുധ്യാത്മക ഭൗതികവാദികൾക്കാകട്ടെ, മുഖ്യശത്രു ചൂഷകവർഗങ്ങളാണ്, അവയ്ക്കെതിരായ സമരത്തിൽ മതവിശ്വാസികളായ ജനലക്ഷങ്ങളുടെയും ആത്മീയ ഗുരുക്കന്മാരുടെയും വികാരവിചാരങ്ങളോടു സന്ധിചെയ്യണം.

ഇങ്ങനെ വൈരുധ്യാത്മകവാദികളായ മാർക്സിസ്റ്റുകാരും മതവിശ്വാസികളായ ബഹുജനങ്ങളും അവരുടെ ആത്മീയ ഗുരുക്ക

ന്മാരും തമ്മിൽ സഹകരണാത്മകമായ ബന്ധം വളർന്നുവരികയാണിന്ന്. പക്ഷേ മൗലിക പ്രശ്നങ്ങളിൽ പലതിലും അവർ തമ്മിൽ വിയോജിപ്പുണ്ടെന്ന സത്യം മറന്നുകൂടാ. വിയോജിപ്പുള്ള പ്രശ്നങ്ങളിൽ താന്താങ്ങളുടെ നിലപാടിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ യോജിപ്പുള്ള പ്രശ്നങ്ങളിൽ ഒരുവശത്ത് മതവിശ്വാസികളായ ബഹുജനങ്ങളും അവരുടെ ആത്മീയ ഗുരുക്കന്മാരും, മറുവശത്ത് മാർക്സിസ്റ്റുകാരും തമ്മിൽ സഹകരിക്കാൻ കഴിയും.

ഉദാഹരണത്തിന് മാർ ഗ്രിഗോറിയോസിന്റെ അഭിപ്രായത്തിൽ ബാഹ്യയാഥാർഥ്യം സത്യസന്ധമായി മനുഷ്യാവബോധത്തിൽ പ്രതിഫലിക്കുന്നുവെന്നു കരുതാൻവേണ്ട ദാർശനികമോ ശാസ്ത്രീയമോ ആയ തെളിവുകളൊന്നുമില്ല. ഇതിനോടു മാർക്സിസ്റ്റുകാർ വിയോജിക്കുന്നു.

മനുഷ്യചരിത്രത്തിന്റെ ആദ്യകാലത്ത് കാട്ടുതീ, മലവെള്ളപ്പാച്ചിൽ, നരഭോജികളായ ജീവികൾ എന്നിവരിൽനിന്നു രക്ഷപ്പെടുന്നതിന് അന്നത്തെ മനുഷ്യൻ ഉപയോഗിച്ച മാർഗങ്ങൾതൊട്ട് ഇന്നത്തെ പരിഷ്കൃത മനുഷ്യൻ ആണവോർജം ഉപയോഗിക്കുന്നതുവരെ പല ഘട്ടങ്ങളിലും ബാഹ്യപ്രകൃതിയോടു പ്രതികരിച്ചിട്ടുണ്ട്.

ബാഹ്യപ്രകൃതിയിൽ മാറ്റങ്ങൾ തന്നെ മനുഷ്യൻ വരുത്തിയിട്ടുണ്ട്. ഇതാണ് ഭൗതികവാദത്തിനുള്ള ഏറ്റവും നല്ല തെളിവെന്ന് എംഗൽസും ലെനിനും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

അവരുടെ കാലശേഷം ഉണ്ടായ കണ്ടുപിടിത്തങ്ങളും അതിന്റെ ഫലമായ ശാസ്ത്രസാങ്കേതിക വിപ്ലവവും തെളിയിക്കുന്നതെന്താണ്? "ബാഹ്യയാഥാർഥ്യം സത്യസന്ധമായി മനുഷ്യാവബോധത്തിൽ പ്രതിഫലിക്കുന്നുവെന്നു മാത്രമല്ല ആ ബാഹ്യ യാഥാർഥ്യത്തിൽ മാറ്റം വരുത്താനും മനുഷ്യാവബോധത്തിനു കഴിയുന്നുവെന്നല്ലേ?"

ഇതിൽ മാർക്സിസ്റ്റുകാരെടുക്കുന്ന നിലപാട് മാർ ഗ്രിഗോറിയോസും സുഹൃത്തുക്കളും എടുക്കണമെന്നില്ല. അവരുടെ നിലപാട് മാർക്സിസ്റ്റുകാരും എടുക്കണമെന്നില്ല. എങ്കിലും ആശയവാദികളായ അവരും വൈരുദ്ധ്യാത്മക ഭൗതികവാദികളായ മാർക്സിസ്റ്റുകാരും തമ്മിൽ സഹകരിക്കുന്നതിനു വിരോധമില്ലല്ലോ. അങ്ങനെ സഹകരിക്കുന്നതിന്റെ ഉത്തമോദാഹരണമാണ് മാർ ഗ്രിഗോറിയോസിന്റെ ജീവിതവും പ്രവർത്തനവും തന്നെ.

മാർ ഗ്രിഗോറിയോസിന്റെ മറ്റൊരു നിരീക്ഷണവും എടുത്തുപറയേണ്ടതുണ്ട്. "നാസ്തികവാദത്തെയോ ആസ്തികവാദത്തെയോ ന്യായീകരിക്കാനോ തെളിയിക്കാനോ ആധുനിക ശാസ്ത്രത്തിനാവില്ല." ദൈവമുണ്ടെന്നു തെളിയിക്കാൻ ആധുനികശാസ്ത്രത്തിനാ

വില്ലെന്നാണല്ലോ ഈ പറഞ്ഞതിനർഥം. എങ്കിൽ ദൈവമുണ്ടെന്ന അടിസ്ഥാനത്തിൽ മതസംഘടനകളും അവയുടെ ആത്മീയാചാര്യന്മാരും പ്രവർത്തിക്കുന്നതു യുക്തിഹീനമല്ലേ?

അല്ലെന്നു മാർ ഗ്രിഗോറിയോസും സുഹൃത്തുക്കളും കരുതുന്നു. അവർക്ക് ദൈവം യുക്തിയുടെ പ്രശ്നമല്ല, വിശ്വാസത്തിന്റേതാണ്. അവരുടെ വിശ്വാസത്തെ വൈരുധ്യാത്മകവാദികളായ മാർക്സിസ്റ്റുകാർ ബഹുമാനിക്കുന്നു. ഞങ്ങളുടെ വൈരുധ്യാത്മകഭൗതികവാദത്തെ അവരും ബഹുമാനിക്കുന്നു. ഇതാണ് അന്യോന്യ സംവാദത്തിന്റേയും പരസ്പര സഹകരണത്തിന്റേയും അടിസ്ഥാനം.

അവസാനമായി മാർക്സിസം ഇന്നു നേരിടുന്ന വെല്ലുവിളികളെപ്പറ്റി മാർ ഗ്രിഗോറിയോസ് വാചാലനാണ്. മാർക്സിസ്റ്റുകാർ അല്ലെങ്കിൽ കമ്യൂണിസ്റ്റുകാർ ആത്മപരിശോധന നടത്തുകയും മുൻകാലത്തെ പരാജയങ്ങളിൽനിന്നു പാഠങ്ങൾ പഠിക്കുകയും ചെയ്യാൻ വളരെയേറെ ശ്രമിക്കേണ്ട കാലമാണിതെന്ന് അദ്ദേഹം ഉപദേശിക്കുന്നു.

ആ ഉപദേശമനുസരിച്ച് ആത്മപരിശോധന ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

പക്ഷേ, ആത്മപരിശോധന ഞങ്ങളുടെ അടിസ്ഥാന തത്വങ്ങളുടെ അടിസ്ഥാനത്തിലാണ്. മാർക്സിസമല്ല പരാജയപ്പെട്ടത്, മാർക്സിസം നടപ്പിലാക്കുന്നതിനുവേണ്ടി അംഗീകരിച്ച മാർഗങ്ങളാണ് എന്ന് ഞങ്ങൾ കരുതുന്നു. ആ അടിസ്ഥാനത്തിൽ വ്യാപകമായ ഒരു തെറ്റുതിരുത്തൽ പ്രക്രിയ ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

അതിനു മാർ ഗ്രിഗോറിയോസിനെപ്പോലുള്ളവരുടെ അനുഗ്രഹമുണ്ടാവുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. ●

അധ്യായം 30

അഭികാമ്യം വിശ്വനാഗരികത തന്നെ

മാർ ഗ്രിഗോറിയോസ്

കോഴിക്കോട്ടു നടന്ന "മതനിരപേക്ഷ കേരളത്തിലേക്ക്" എന്ന സെമിനാറിൽ വായിക്കാൻ വേണ്ടി ഞാൻ തയ്യാറാക്കിയിരുന്ന ഉദ്ഘാടന പ്രസംഗത്തിന്റെ ഒരുഭാഗത്ത് മാർക്സിസ്റ്റ് ഫണ്ടമെന്റലിസം എന്ന വിഷയത്തെക്കുറിച്ച് എന്റെ പരാമർശത്തിന് ഇ എം എസ് തന്റെ മറുപടി *ദേശാഭിമാനി*യിൽ എഴുതിയിരുന്നല്ലോ.

> യഥാർഥത്തിൽ മാർക്സിസ്റ്റ് ഫണ്ടമെന്റലിസം എന്നൊന്നില്ല. ക്രിസ്തീയരും അല്ലാത്തവരുമായ മതപണ്ഡിതന്മാർ സ്വപ്നം കാണുന്ന 'സ്വർഗരാജ്യം' (കമ്യൂണിസ്റ്റ് സമൂഹം) കെട്ടിപ്പടുക്കാനുള്ള പ്രവർത്തനമാണ് മാർക്സിസത്തിന്റെ അന്തഃസത്ത. അതിന്റെ പ്രയോഗം ഓരോ രാജ്യത്തും ഓരോ കാലത്തും ഓരോ തരത്തിലായിരിക്കും.

മാർക്സിസം എങ്ങനെയാണ് ആയിരിക്കേണ്ടത് എന്നുള്ള ഇ എം എസിന്റെ അഭിപ്രായത്തോട് ഞാൻ പൂർണമായി യോജിക്കുന്നു. നീതിയും ശാന്തിയുമുള്ള ഒരു നല്ല മനുഷ്യസമൂഹം ഓരോ രാജ്യത്തും സൃഷ്ടിക്കപ്പെടുവാൻ വേണ്ടി മതവിശ്വാസികളും മതവിരോധികളും ഒരുമിച്ച് സഹകരിക്കണമെന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തോടും ഞാൻ പൂർണമായും യോജിക്കുന്നു.

മതനിരപേക്ഷത വിവാദത്തിന് അവസാനം കുറിച്ച മാർ ഗ്രിഗോറിയോസിന്റെ ലേഖനം

ഞാൻ മാർക്സിസ്റ്റ് ഫണ്ടമെന്റലിസം എന്ന പദപ്രയോഗത്തെക്കുറിച്ച് വിവക്ഷിച്ചിരുന്നത് പ്രത്യേകിച്ചും ഫണ്ടമെന്റൽ ഓണ്ടോളജിയുടെ പശ്ചാത്തലത്തിലാണ്. ഫണ്ടമെന്റൽ ഓണ്ടോളജിയിലെ പ്രധാന ചോദ്യം "എന്താണ് ഉള്ളത്" എന്നാണ്. ചലനാത്മകമായ പദാർഥം (Matter in Motion) മാത്രമേയുള്ളൂവെന്ന് ഒരുകാലത്ത് മാർക്സിസ്റ്റുകാർ വാദിക്കുമായിരുന്നു. എന്നാൽ പദാർഥവും ഊർജവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് ആധുനികശാസ്ത്രം നമുക്ക് നൽകുന്ന ഉൾക്കാഴ്ചകളിൽ പദാർഥവും ഊർജവും ഒരേ യാഥാർഥ്യത്തിന്റെ രണ്ട് മുഖങ്ങൾ മാത്രമാണ് എന്ന് ബോധ്യമായിരിക്കുകയാണ്. അതുകൊണ്ട് അടുത്തകാലത്ത് സോവിയറ്റ് യൂണിയനിലെ അക്കാദമികളിലും മറ്റും എന്താണുള്ളത് എന്ന ചോദ്യത്തിനുള്ള സമാധാനം "വൈരുധ്യാത്മകമായി വികസിക്കുന്ന" പദാർഥ-ഊർജം (Matter-energy in process of dialectical development) എന്നായിരുന്നു.

എന്താണുള്ളത് എന്ന ചോദ്യത്തിന്റെ ഒരു ഉപചോദ്യമായി പാൻ ഉന്നയിക്കുന്ന ചോദ്യം "ഇന്ദ്രിയഗോചരമായിട്ടുള്ളതു മാത്രമേ ഉള്ളോ" എന്നതാണ്. സെക്കുലർ ചിന്താഗതിയിൽ ഇന്ദ്രിയഗോചരമായിട്ടുള്ളതിനെ വിശകലനം ചെയ്യുവാനുള്ള ഉപാധി മാത്രം ആധുനികശാസ്ത്രത്തിൽ ഉള്ളൂ എന്നും അതിനപ്പുറത്തുള്ളതിനെക്കുറിച്ചു ചിന്തിക്കാനുള്ള ഉപാധി ഇല്ലാത്തതുകൊണ്ട് അങ്ങനെ ചിന്തിക്കേണ്ട ആവശ്യമേ ഇല്ലായെന്നുമായിരുന്നു വാദം. എനിക്ക് എന്റെ മാർക്സിസ്റ്റ് സുഹൃത്തുക്കളോട് ചോദിക്കാനുള്ളത്, നിങ്ങളുടെയും വിശ്വാസം ഇതുതന്നെയോ, എന്നാണ്?

മനുഷ്യന്റെ യുക്തിചിന്ത ബാഹ്യലോകത്തിലെ വസ്തുക്കളെ പഠിക്കാനും അവയുടെ പരസ്പരബന്ധങ്ങളെ മനുഷ്യപ്രയോജനത്തിനായി ഉപയോഗിക്കുവാനും ഉതകുന്നതാണ്. എന്നാൽ മനുഷ്യചിന്തയിൽ ഈ ഉപകരണചിന്ത മാത്രമാണുള്ളതെന്നു തോന്നുന്നില്ല. മനുഷ്യാനുഭവത്തിന്റെയും മനുഷ്യാവസ്ഥയുടെയും അർഥമെന്താണ് എന്ന് ചിന്തിക്കുവാൻ കൂടെ മനുഷ്യയുക്തിക്ക് സാധിക്കണം. അക്കാര്യത്തിൽ ആധുനികശാസ്ത്രം നമ്മെ വളരെയൊന്നും സഹായിക്കുകയില്ല. മനുഷ്യാവസ്ഥയുടെയും മനുഷ്യാനുഭവത്തിന്റെയും അർഥം തേടുവാനുള്ള ഉപകരണം മാർക്സിസത്തിൽ 'ഐഡിയോളജി' അഥവാ പ്രത്യയശാസ്ത്രം ആണെന്നു തോന്നുന്നു. ഈ പ്രത്യയശാസ്ത്രം ആധുനികശാസ്ത്രത്തിൽ അധിഷ്ഠിതമാണെന്ന് മാർക്സിസം പലപ്പോഴും വാദിക്കുന്നുണ്ടെങ്കിലും ആധുനികശാസ്ത്രത്തിന്റെ നിഗമനങ്ങളിൽ നിന്ന് പ്രത്യയശാസ്ത്രത്തിലേക്കുള്ള വഴി അത്രതന്നെ തെളിഞ്ഞല്ല കിടക്കുന്നത്.

ഈ പ്രത്യയശാസ്ത്രത്തിന്റെ ആവിഷ്കരണത്തിൽശാസ്ത്രവും യുക്തിയും മാത്രമല്ല, മനുഷ്യരാശിയുടെ അഭിനിവേശങ്ങൾ കൂടെ വലിയ ഒരു പങ്കു വഹിക്കുന്നുണ്ട്. ചൂഷണവും മർദനവുമില്ലാത്ത, നീതിയിൽ അധിഷ്ഠിതമായ ഒരു മനുഷ്യസമൂഹത്തെ നമുക്ക് ലക്ഷ്യമായി കാണിച്ചുതരുന്നത് യുക്തിയും ശാസ്ത്രവും മാത്രമല്ല മനുഷ്യ മനസ്സിൽ അന്തർലീനമായി കിടക്കുന്ന ചില മൗലിക അഭിനിവേശങ്ങളാണ്. ഈ മൗലിക അഭിനിവേശങ്ങളുടെ ഉത്ഭവം മതത്തിലാണെന്ന് ഞാൻ വാദിച്ചാൽ ഇ എം എസ് അത് സമ്മതിച്ചുകൊള്ളണമെന്നില്ല.

മനുഷ്യരാശിയുടെ സാമൂഹ്യലക്ഷ്യത്തെപ്പറ്റി മാർക്സിസ്റ്റുകാരും ക്രിസ്ത്യാനികളും തമ്മിൽ അൽപ്പമൊരു അഭിപ്രായവ്യത്യാസമുള്ളത് ഭാവിയിൽ ഒരു ക്രിസ്ത്യൻ-മാർക്സിസ്റ്റ് ഡയലോഗിന് വിഷയമാക്കേണ്ടതാണ്. വർഗസമരമില്ലാത്ത, അനീതിയും അക്രമവുമില്ലാത്ത, നീതിയിലും സമാധാനത്തിലും അധിഷ്ഠിതമായ എല്ലാ മനുഷ്യന്റെയും അന്തഃസിനെ പാലിക്കുന്ന ഒരു സമൂഹം ചരിത്രത്തിൽ തന്നെ കെട്ടിപ്പടുക്കാമെന്ന് മാർക്സിസ്റ്റുകാർ വാദിക്കുന്നു.

ക്രിസ്ത്യാനികളാകട്ടെ ചരിത്രമുള്ളിടത്തെല്ലാം മനുഷ്യനുള്ള നിഷേധാത്മക പ്രവണതകളും നിലനിൽക്കുമെന്നുള്ളതുകൊണ്ട് എല്ലാം തികഞ്ഞ ഒരു സമൂഹം ചരിത്രത്തിന് അപ്പുറത്തു മാത്രമേ സാധിക്കുകയുള്ളൂ എന്നും ചരിത്രത്തിൽ നമുക്ക് ലക്ഷ്യമാക്കാവുന്നതും ചരിത്രാതീത സമൂഹത്തോട് എത്രമാത്രം അടുത്തുവരാമോ അത്രയും അടുത്തുവരുക എന്നുമാണ്.

മനുഷ്യനിലുള്ള സ്വാർഥപ്രവണതകളെ പരിപൂർണമായി അതിജീവിക്കുവാൻ ചരിത്രത്തിൽതന്നെ മനുഷ്യന് സാധിക്കുമെന്ന് ഒരു ശുഭപ്രതീക്ഷ മാർക്സിസത്തിനുള്ളതിനോട് ക്രിസ്ത്യാനികൾക്ക് പൂർണമായി യോജിക്കുക സാധ്യമല്ല. മധ്യപൗരസ്ത്യ യൂറോപ്പിലെ സോഷ്യലിസ്റ്റ് എക്സ്പരിമെന്റ് പരാജയമടഞ്ഞതിന്റെ പിറകിൽ പ്രധാനമായുള്ളത് മനുഷ്യസ്വഭാവത്തിലെ ഈ വൈകല്യങ്ങളും മനുഷ്യസ്വാർഥതയുടെ പ്രകടനവുമാണെന്ന് ക്രിസ്ത്യാനികൾ പറയുന്നു. ഏതായിരുന്നാലും ഈ വിഷയം ഭാവിയിൽ ഒരു ഡയലോഗിന് വിഷയമാക്കുകയല്ലാതെ ഇവിടെ പൂർണമായി വിഷയമാക്കുവാൻ സാധ്യമല്ല.

"എന്താണുള്ളത്?" "ഇന്ദ്രിയഗോചരമായതു മാത്രമേയുള്ളോ?" "ഇന്ദ്രിയഗോചരമായതിനപ്പുറത്ത് ഒരു യാഥാർഥ്യമുണ്ടെങ്കിൽ അതിനെ കണ്ടുപിടിക്കുവാൻ പാശ്ചാത്യരീതിയിലുള്ള പ്രത്യയശാസ്ത്രമേ ഉപാധിയായിട്ടുള്ളോ?" അതോ, ഒരു വിശ്വനാഗരികതയിലെ ബഹുവിധപാരമ്പര്യങ്ങളിൽ "ഉള്ളതെന്താണ്?" എന്ന ചോദ്യത്തിന് നൽ

കപ്പെട്ടിട്ടുള്ള ബഹുവിധ സമാധാനങ്ങളെ ഗാഢമായി ഒന്ന് പരിശോധിക്കുന്നത് പ്രയോജനകരമാവില്ലേ? ഇന്ദ്രിയഗോചരമാകുന്നതിനെ മാത്രം അടിസ്ഥാനമാക്കിയുള്ള സെക്കുലർ ചിന്താഗതിയെക്കാൾ വിശ്വനാഗരികതയിലെ ബഹുവിധ പാരമ്പര്യങ്ങളുടെ പരസ്പര സമ്പർക്കവും ആഴത്തിലുള്ള ആരായലും നമ്മെ കൂടെക്കൂടെ സഹായിക്കുകയില്ലേ? സഹായിക്കും എന്നാണ് എന്റെ പക്ഷം. അതുകൊണ്ടാണ് മതനിരപേക്ഷതയെക്കാൾ വിശ്വനാഗരികതയാണ് അഭികാമ്യം എന്ന് ഞാൻ വാദിച്ചത്. ●

അനുബന്ധം 1

ജീവിതരേഖ

1922 ആഗസ്റ്റ് 9
തൃപ്പൂണിത്തുറയിലെ തടിക്കൽ കുടുംബത്തിൽ ടി പി പൈലിയുടെയും ഏലിയുടെയും അഞ്ചുമക്കളിൽ മൂന്നാമത്തെ മകനായി ജനിച്ചു.

1937 തൃപ്പൂണിത്തുറ സർക്കാർ ഹൈസ്കൂളിൽനിന്നും സ്കൂൾ ഫൈനൽ (മെട്രിക്കുലേഷൻ) പാസായി. പഠനം നിർത്തി.

1937–42 *ഗോമതി, മലബാർ മെയിൽ*, പത്രങ്ങളിൽ ലേഖകൻ.

1942–47 സ്വകാര്യ ട്രാൻസ്പോർട്ട് കമ്പനിയിൽ ഗുമസ്തൻ, കമ്പി തപാൽ വകുപ്പിൽ ജീവനക്കാരൻ.
കമ്പി തപാൽ ജീവനക്കാരുടെ യൂണിയൻ തിരു-കൊച്ചി അസോസിയേറ്റ് സെക്രട്ടറി

1947–50 എത്യോപ്യൻ സർക്കാർ സ്കൂളുകളിൽ അധ്യാപകൻ. സെലാസി ഹയർ സെക്കണ്ടറി സ്കൂളിൽ എത്യോപ്യൻ ഭാഷാ വിഭാഗത്തിന്റെ തലവൻ.

1950–52 അമേരിക്കൻ ഐക്യനാട്ടിലെ ഇന്ത്യാനാ സർവകലാശാലയിൽ ബിരുദപഠനം

1952–54 ഒക്കലാഹാമ, പ്രിൻസ്റ്റൺ സർവകലാശാലകളിൽ ദൈവവിജ്ഞാനീയ പഠനം

1954 കേരളത്തിൽ തിരിച്ചെത്തി ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിൽ അധ്യാപകൻ

1956 ഹെയ്‌ലി സെലാസി ഇന്ത്യ സന്ദർശിച്ചു.

1956–58 എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിയുടെ പേഴ്സണൽ അസിസ്റ്റന്റും ഉപദേശകനും.

1959 ശെമ്മാശപ്പട്ടം ലഭിച്ചു.

1960 ഗവേഷണ ബിരുദത്തിനായി ഓക്സ്ഫോർഡ് സർവകലാശാലയിൽ.

1961 നവംബർ 2
ഡീക്കൻ പോൾ വർഗീസ് ഫാദർ പോൾ വർഗീസായി.

1962–67 അന്താരാഷ്ട്ര സഭാസമിതിയുടെ അസോസിയേറ്റ് ജനറൽ സെക്രട്ടറി.

1967 വീണ്ടും കേരളത്തിലെത്തി. കോട്ടയത്തെ ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ അധ്യാപകാധ്യക്ഷനായി.

1968–75 അന്താരാഷ്ട്ര സഭാസമിതിയുടെ ഫെയ്ത്ത് ആന്റ് ഓർഡർ കമ്മീഷൻ അംഗം

1972–76 കേരള സർവകലാശാല സെനറ്റ് മെംബർ

1975 ഡോക്ടർ ഓഫ് തിയോളജി എന്ന ഡോക്ടർ ബിരുദം നേടി

1975 ഫെബ്രുവരി 16

നിരണം വലിയ പള്ളിയിൽ മെത്രാപ്പോലീത്തയായി പൗലോസ് മാർഗ്രിഗോറിയോസ് എന്ന പേരിൽ അഭിഷിക്തനായി.

1976 ജൂലായ് 11

ദില്ലി ഭദ്രാസന മെത്രാപ്പോലീത്തയായി.

1978 മേയ്–ജൂൺ

ഐക്യരാഷ്ട്രസഭയുടെ നിരായുധീകരണത്തിനുള്ള സ്പെഷ്യൻ അസംബ്ലിയിൽ ക്രിസ്ത്യൻ സമാധാന സമ്മേളനത്തിൽ പ്രതിനിധി നേതാവായി പങ്കെടുത്തു

1984 മാർച്ച്

മോസ്കോയിൽ ചേർന്ന ലോകസമാധന ചർച്ചാ സമ്മേളനത്തിൽ അധ്യക്ഷൻ.

1988 സോവിയറ്റ്ലാന്റ് നെഹ്രു അവാർഡ് ലഭിച്ചു

1993 ഏപ്രിൽ

യു എ ഇ മുതലായ ഗൾഫ് രാജ്യങ്ങളിൽ പള്ളി പണിയാൻ സന്ദർശനം

1993 ഏപ്രിൽ 18

ഓക്സ്ഫോർഡിൽനിന്ന് കൊളോണിലേക്ക് വിമാനത്തിൽ യാത്ര ചെയ്യുമ്പോൾ പക്ഷാഘാതം. ആത്മകഥ എഴുതാനാരംഭിച്ചു

1994 ആഗസ്റ്റ 22–27

എ കെ ജി പഠന ഗവേഷണ കേന്ദ്രം തിരുവനന്തപുരത്ത് നടത്തിയ അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിൽ പങ്കെടുത്തു

1998 നവംബർ 24

ദില്ലിയിൽ വച്ച് അന്തരിച്ചു

അനുബന്ധം 2

മാർ ഗ്രിഗോറിയോസിന്റെ പുസ്തകങ്ങൾ
മാർ ഗ്രിഗോറിയോസിനെപ്പറ്റിയുള്ള പുസ്തകങ്ങൾ

ഡോ പൗലോസ് മാർ ഗ്രിഗോറിയോസിന്റെ പുസ്തകങ്ങളുടെയും പ്രബന്ധങ്ങളുടെയും പട്ടിക വളരെ നീണ്ടതാണ്. അവയിൽ അദ്ദേഹം മെത്രാൻ പദവി ഏറ്റതിന് മുമ്പും പിമ്പും ഉള്ളവ ഉൾപ്പെടുന്നു. അവയിൽ ഇംഗ്ലീഷിലും മലയാളത്തിലും എഴുതിയവ ഉണ്ട്. മലയാളത്തിൽ ഉള്ളവയിൽ ചിലത് ഇദ്ദേഹത്തിന്റെ തന്നെ ഇംഗ്ലീഷ് മൂലത്തിൽനിന്നുള്ള തർജമകളാണ്. ഇവിടെ ചേർക്കുന്നത് അദ്ദേഹം എഴുതിയതും അദ്ദേഹത്തെപ്പറ്റി എഴുതിയതും ആയ കൃതികളുടെ പട്ടിക ആണ്. ഇംഗ്ലീഷിലും മലയാളത്തിലുമായി ആയിരത്തോളം ലേഖനങ്ങളും പ്രബന്ധങ്ങളും ശേഖരിക്കപ്പെട്ടിട്ടുണ്ട്.

മാർ ഗ്രിഗോറിയോസിന്റെ കൃതികൾ

1. *The Joy of Freedom: Eastern Worship and Modern Man*. London: Luttrworth Press/Richmond, Virginia: John Knox Press, 1967.
2. *The Gospel of the Kingdom*. Madras: CLS, 1968
3. *Date of Easter and Calendar Revision of the Orthodox Churches:* A Preliminary Study, Addis Ababa, 1968.
4. *The Faith of Our Fathers*. Kottayam: MGOCSM, 1969.
5. *The Freedom of Man*. Philadelphia: Westminster, 1972.
6. *Be still and know*. Madras: The Lucknow Publishing House, 1974.
7. *Freedom and Authority*. Madras: CLS/Delhi, 1974.
8. *Quest for Certainty: Philosophical Trends in the West: A Sample Survey of Later Twentieth Century Western Thought for the Average Indian Reader*. Kottayam: Orthodox Seminary, 1976.
9. *The Human Presence*: An Orthodox View of Nature.WCC, 1978
10. *Truth without Tradition? Tirupathi*: Venkateswara University, 1978.
11. *Science for Sane Societies: Reflections of Faith, Science and the Future in the Indian Context*. Madras: CLS, 1980
12. *Cosmic Man. The Divine Presence: An Analysis of the Place and Role of the Human Race in the Cosmos, in relation to God and the*

Historical World, in the thought of St. Gregory of Nyssa (ca 330 to ca 395 A.D). New Delhi/Kottayam: Sophia Publications, 1982.

13. *The Indian Orthodox Church: An Overview*. New Delhi/Kottayam: Sophia Publications, 1982.
14. *The meaning and Nature of Diakonia*. Geneva: WCC, 1988.
15. *Enlightenment East and West: Pointers in the Quest for India's Secular Identity*. Shimla: Indian Institute of Advanced Study/New Delhi" B.R. Publishing Corporation, 1989.
16. *A Light Too Bright*. Albany, New York, 1992.
17. A Human God. Kottayam: MGF, 1992.
18. *Healing: A Holistic Approach*. Kottayam: Current Books 1995.
19. *Love's Freedom The Grand Mystery: A Spiritual Auto-Biography; All Uniting Love with Creative Freedom in the Spirit, As the Grand Mystery at the Heart of Reality - One Man's Vision*. Kottayam: MGF, 1997.
20. *The Secular Ideology: An Important Remedy for India's Communal Problem*. Kottayam MGF/New Delhi: ISPCK, 1998.
21. *Global Peace and Common Security*. Kottayam 1998.
22. *Disarmament and Nuclear Weapons*. Kottayam 1998.
23. *Introducing the Orthodox Churches*. Kottayam 1999.
24. *Religion and Dialogue. Kottayam* : MGF/New Delhi: ISPCK, 2000.
25. *The Church and Authority*. Kottaym: MGF/New Delhi: ISPCK, 2001.
26. *Worship in a Secular Age*. Kottayam: MGF/Thiruvalla: CSS, 2003.


27. *വി. കന്യകമറിയം*. കോട്ടയം, 1959.
28. *സ്വാതന്ത്ര്യദീപ്തി: പൗരസ്ത്യ ക്രൈസ്തവദർശനത്തിന്റെ വെളിച്ചത്തിൽ ആരാധനയെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള പഠനം*. തിരുവല്ല: സി.എൽ.എസ്.,1972.
29. *ദർശനത്തിന്റെ പുക്കൾ*. കോട്ടയം: കറന്റ് ബുക്സ്, 1992
30. *ദർശനം, മതം, ശാസ്ത്രം*. കോട്ടയം: കറന്റ് ബുക്സ്/എം.ജി.എഫ്, 1995.
31. *പാശ്ചാത്യപ്രബുദ്ധതയും ആധുനികോത്തരതയും*. കോട്ടയം, 1995.
32. *മതനിരപേക്ഷത ഒരു സംവാദം; ഇ എം എസിന്റെ പ്രതികണത്തോടുകൂടി*. കോട്ടയം: കറന്റ് ബുക്സ്/എം.ജി.എഫ്, 1996.
33. *പൗരസ്ത്യ ക്രൈസ്തവദർശനം*, കോട്ടയം: ദിവ്യബോധനം, 1998.
34. *മതം, മാർക്സിസം, മതനിരപേക്ഷത*. കോട്ടയം 1998.
35. *മാർ ഗ്രിഗോറിയോസ് മറുപടി പറയുന്നു*. ആലുവ, 1999.
36. *മാർ ഗ്രിഗോറിയോസ് പഠിപ്പിക്കുന്നു*. ആലുവ, 1999.
37. *സ്നേഹത്തിന്റെ സ്വാതന്ത്ര്യം*. കോട്ടയം, 1999.

7600

മാർ ഗ്രിഗോറിയോസിനെപ്പറ്റിയുള്ള പുസ്തകങ്ങൾ

1. George K.M, ed. *Freedom, Love, Community*, Madras:CLS, 1985.
2. George K.M. and Gabriel K.J, eds. *Towards A New Humanity*. New Delhi: ISPCK, 1992.
3. Jose Kurian Puliyeril, ed. *Dr. Paulose Mar Gregorios: The Shining Star of the East*. Kottayam: Puliyeril Publications, 1997.
4. തരകൻ കെ.എം, *പൗലോസ് മാർ ഗ്രിഗോറിയോസ്: മനുഷ്യനും ചിന്തകനും*. കോട്ടയം: ഓർത്തഡോക്സ് സെമിനാരി, 1982.
5. ജോയ്സ് തോട്ടയ്ക്കാട്, എഡി.*ദാർശനികന്റെ വിചാരലോകം*. കോട്ടയം: കറന്റ് ബുക്സ്, 1994.
6. ചെറിയാൻ സി.സി, *ഓർമ്മയുടെ തീരങ്ങളിൽ*. കോട്ടയം: സി.സി ബുക്സ്, 1996.
7. ജോയ്സ് തോട്ടയ്ക്കാട്, *പ്രകാശത്തിലേക്ക് ഒരു തീർഥയാത്ര*. കോട്ടയം: സോഫിയാ ബുക്സ്, 1997.
8. തോമസ് നീലാർമഠം, എഡി. *വിശ്വമാനവികതയുടെ വിശുദ്ധപ്രവാചകൻ*. മാവേലിക്കര: ധിഷണാ ബുക്സ്, 1997.
9. *മതനിരപേക്ഷതയും വിശ്വനാഗരികതയും. ഇ എം എസ്-മാർ ഗ്രിഗോറിയോസ് സംവാദം*, തിരുവനന്തപുരം: ചിന്താ പബ്ലിഷേഴ്സ്, 1995.
10. *ധിഷണാസംഘർഷം: ഗ്രിഗോറിയോസും നിരൂപകന്മാരും*. തിരുവനന്തപുരം: ചിന്താ പബ്ലിഷേഴ്സ്, 1996.
11. ഗബ്രിയേൽ കെ.ജെ, *ഗുരുമുഖത്തുനിന്നും, ഒന്നാം ഭാഗം*. കോട്ടയം: എം.ജി.എഫ്, 1998.
12. ഏലിയാസ് ടി.പി, എഡി. *ജ്ഞാനത്തിന്റെ ഗ്രിഗോറിയൻ പർവം*. കോട്ടയം: സോഫിയാ ബുക്സ്, 2000.
13. Elias T.P , ed. *New Vision New Humanity*. Kottayam: Sophia Books, 2000.
14. സിദ്ധാർഥൻ, *കുട്ടികളുടെ തിരുമേനി*. കോട്ടയം: സോഫിയാ ബുക്സ്, 2000.
15. Joseph. E. Thomas, *Paulose Mar Gregirios: A Personal Reminiscence*, Kottayam: Roy International Providential Foundation, 2001.
16. ഗബ്രിയേൽ.കെ.ജെ, *ഗുരുമുഖത്തുനിന്നും, രണ്ടാം ഭാഗം*. കോട്ടയം, സോഫിയാ ബുക്സ്, 2004.





പി ഗോവിന്ദപ്പിള്ള

മാർ ഗ്രിഗോറിയോസിന്റെ മതവും മാർക്സിസവും

ഓർത്തഡോക്സ് മലങ്കരസഭയുടെ ദില്ലിയിലെ മെത്രോപ്പോലീത്ത ആയിരുന്ന മാർ ഗ്രിഗോറിയോസ് ഇന്ത്യയിലെതന്നെ പ്രമുഖ ചിന്തകരുടെ നിരയിൽപെട്ടിരുന്നു. മതവൈജ്ഞാനികൻ മാത്രമല്ല, പ്രഖ്യാതനായ ഇടതുപക്ഷ ചിന്തകനുമായിരുന്നു ബഹുഭാഷാ പണ്ഡിതനായ ഈ തൃപ്പൂണിത്തുറക്കാരൻ. അദ്ദേഹത്തിന്റെ ജീവിതത്തെയും ബൗദ്ധികവികാസത്തെയും സിദ്ധാന്തങ്ങളെയും കുറിച്ച് ആരാധനാപൂർവം പഠിക്കുകയും വിമർശിക്കുകയും ചെയ്യുകയാണ് മാർക്സിസ്റ്റ് സൈദ്ധാന്തികനായ പി ഗോവിന്ദപ്പിള്ള. ആഴമേറിയ ഈ പഠനം മതവിശ്വാസികൾക്കും മതനിരപേക്ഷചിന്താഗതിക്കാർക്കും ഒരുപോലെ പുതിയൊരു വായനാനുഭവം പകരും.

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം